# പാർവണം

## Parvanam | Author : Mayakannan | www.kkstories.com

---

..ചുറ്റും കാടുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു അതിനു നടക്കുകൂടി എങ്ങോട്ടോ ഒരു വഴി നീണ്ടു കിടക്കുന്നു. ആ വഴിയുടെ തുടക്കത്തിൽ ഞാൻ നിൽക്കുന്നു ...

വഴിയുടെ അങ്ങേയറ്റത്തിൽ നിന്നും ആരോ എന്റെ അടുത്ത് നടന്ന് അടുക്കുന്നു... എന്റെ അടുത്തേക്ക് എത്തുംതോറും ആളുടെ മുഖവും ശരീരവും വ്യക്തമായി എനിക്ക് കാണാം.

 കൂടുതൽ അടുത്ത് വന്നപ്പോൾ ആണ് അതൊരു പെൺകുട്ടിയാണെന്ന് മനസ്സിലായത്. അവൾ നടന്ന് എന്റെ അടുത്തേക്കാണ് വരുന്നത്...

" വൃത്താകൃതിയിലുള്ള മുഖമായിരുന്നു അവൾക്ക് രാത്രിയിൽ ആകാശത്ത് നിൽക്കുന്ന ചന്ദ്രനെക്കാൾ തിളക്കം ആയിരുന്നു അവളുടെ മുഖത്തിന്. കുഞ്ഞി കണ്ണുകൾ കണ്ണിൽ കണ്മഷി കൊണ്ടു വരച്ചിട്ടുണ്ടായിരുന്നു.

അവൾ ചിരിക്കുമ്പോൾ ആ കണ്ണുകൾ കൂടുതൽ ചെറുതായിവന്നിരുന്നു. എന്നാൽ കൃഷ്ണമണിക്കോ അത് ഇളം നീല നിറം ആയിരുന്നു. കാതുകളിൽ അധികം വലിപ്പമില്ലാത്ത ചെറിയ ജിമിക്കി കമ്മലുകൾ ഇട്ടിട്ടുണ്ടായിരുന്നു.

മൂക്കിൽ ചെറിയ വൈരക്കല്ല് പോലത്തെ മൂക്കുത്തി ധരിച്ചിട്ടുണ്ടായിരുന്നു. സൂര്യപ്രകാശം ആ മൂക്കുത്തിയിലെ ചെറിയ വൈരക്കല്ലിൽ തട്ടി തിളങ്ങുന്നുണ്ടായിരുന്നു. അവളുടെ അധരങ്ങളിൽ ചായങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു.

എന്നാലും അതിനു ചെറിയ ചുവപ്പ് നിറം ഉണ്ടായിരുന്നു......

'

 കാർകുന്തലിനു അവളുടെ ഇടുപ്പ് വരെ നീളമുണ്ടായിരുന്നു. ചെറിയ ചെമ്പ് നിറമായിരുന്നു മുടികൾക്ക്. പിന്നെ കളഭം ചാർത്തിയ നെറ്റിയും. ഒതുങ്ങിയ ശരീരം ആയിരുന്നു. ശരീരത്തിൽ ചുറ്റിക്കിടക്കുന്ന പട്ട് നിറമുള്ള ധാവണിയും.

 രണ്ട് കൈയിലും കരി വള ഇട്ടിട്ടുണ്ടായിരുന്നു. എന്റെ അരികിലേക്ക് ഓടിവരുമ്പോൾ അവളുടെ കരിവളകളുടെ താളം എന്റെ ചെവികളിൽ കേൾക്കാമായിരുന്നു. എന്റെ അരികിൽ ഓടിയെത്തിയ അവൾ എന്റെ കണ്ണുകളിൽ നോക്കിക്കൊണ്ട് അൽപനേരം നിന്നു.

അവളുടെ ശ്വാസത്തിന്റെ ചെറു ചൂട് പോലും എനിക്ക് അനുഭവിക്കാമായിരുന്നു.

കാടിന്റെ നടുവിലൂടെ വീശിയെത്തിയ തണുത്ത കാറ്റിൽ അവളുടെ മുടിയിഴകൾ പതിയെ പറന്നു എന്റെ മുഖത്തെ തഴുകി.

ആ നിമിഷം വരെ ചുറ്റും കേട്ടിരുന്ന പക്ഷികളുടെ ശബ്ദവും ഇലകളുടെ അനക്കവും എല്ലാം എവിടെയോ അപ്രത്യക്ഷമായതുപോലെ തോന്നി.

എന്റെ കണ്ണുകൾ അവളുടെ കണ്ണുകളിൽ തന്നെ കുടുങ്ങിക്കിടന്നു.

അവൾ പതിയെ ചിരിച്ചു.

ആ ചിരിയിൽ എവിടെയോ ഒരു പരിചിതത്വം ഉണ്ടായിരുന്നു...

ആദ്യമായി കാണുന്ന ആളല്ല എന്നൊരു തോന്നൽ.

പക്ഷേ എവിടെ കണ്ടു... എപ്പോഴാണ് കണ്ടത്... ഒന്നും ഓർമ്മയില്ല.അവൾ ഒരു വാക്ക് മാത്രം ആണ് പറഞ്ഞത്....

" എപ്പോഴോ എന്നെ കാണാൻ വരുന്നേ... ഞാൻ കാത്തിരിക്കും ട്ടോ..... ""   

             ************* **************   

 ഞാൻ പെട്ടെന്ന് ഉറക്കത്തിൽ നിന്നും ഞെട്ടി ഉണർന്നു. എനിക്ക് ഇത് എന്താണ് ഈ ഇടയായി സംഭവിക്കുന്നത് തുടരെത്തുടരെ കാണുന്നത് ഈ സ്വപ്നം തന്നെയാണ്.ആരാണ് ആ പെൺകുട്ടി എന്തിനാണ് ഞാൻ അവളെ തന്നെ ഇങ്ങനെ സ്വപ്നം കാണുന്നത്.

" ഓ പള്ളിയുറക്കം കഴിഞ്ഞ് എണീറ്റോ പുത്രൻ".

ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ അമ്മ എന്റെ തുണികൾ അലക്കാൻ വേണ്ടി മാറ്റിവെക്കുകയാണ്...

അതാണ് എന്റെ അമ്മ, ഭാമ. അച്ഛൻ രാജേഷ് ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് ഇപ്പോൾ കുറച്ചുവർഷങ്ങളായി. അതിനുശേഷം ഈ കുടുംബത്തിന്റെ എല്ലാമെല്ലാം അമ്മയാണ്. അമ്മയ്ക്ക് വേറെ ജോലിയൊന്നുമില്ല, വീട്ടുചുമതലകൾ നോക്കി എനിക്കൊപ്പം എപ്പോഴും ഒരു തണലായി ഇവിടെയുണ്ട്.

എനിക്കൊരു ചേച്ചിയുണ്ട്, അനഘ. അവൾ ബാംഗ്ലൂരിൽ ഒരു ഐ.ടി കമ്പനിയിൽ ജോലി ചെയ്യുകയാണ്.

എന്റെ പേര് ആദിത്യനാഥ്. എല്ലാവരും ആദി എന്ന് വിളിക്കും. എനിക്ക് 21 വയസ്സേ ഉള്ളൂ എങ്കിലും, അച്ഛന്റെ മരണം എന്നെ ഒരുപാട് കാര്യങ്ങൾ നേരത്തെ പഠിപ്പിച്ചു.

സിവിൽ എഞ്ചിനീയറിംഗ് കഴിഞ്ഞ ഉടനെ ഞാൻ നാട്ടിൽ തന്നെ സ്വന്തമായി ഡിസൈനിങ്ങും കോൺട്രാക്ട് വർക്കുകളും ചെയ്യാൻ തുടങ്ങി. ഈ ചെറുപ്രായത്തിൽ തന്നെ എന്റെ വീടിന്റെ പ്ലാനുകൾക്കും ഡിസൈനുകൾക്കും നാട്ടിൽ നല്ല പേരുണ്ട്.

ഒരു എഞ്ചിനീയർ എന്ന നിലയിൽ എന്റെ ജോലി എനിക്ക് വലിയ അഭിമാനമാണ്.

 സ്വപ്നത്തിൽ കണ്ട ആ സുന്ദരിക്കുട്ടി. ആരാണ് അവൾ. എവിടെയോ കണ്ടു മറന്ന മുഖം പോലെ തോന്നി.അവളുടെ ചിരി കണ്ട നിമിഷം എന്റെ ശ്വാസം പോലും ഒരു നിമിഷം നിശ്ചലമായെന്നു തോന്നിപോയി ...അത്രയ്ക്കും ഐശ്വര്യമായിരുന്നു അവളുടെ മുഖത്തിന്.

"നീ ഇത് എന്ത് ചിന്തിച്ചു കൊണ്ട് ഇരിക്കിയ ചെക്കാ രാവിലെതന്നെ.."

 വീണ്ടും അമ്മയുടെ വിളിയാണ് എന്ന ചിന്തയിൽ നിന്ന് ഉണർത്തിയത് . അമ്മയോട് പറഞ്ഞാലോ എന്ന് ഞാൻ ആലോചിച്ചു..

" അമ്മ ഞാൻ ഒരു സ്വപ്നം കണ്ടു ഒരു പെൺകുട്ടിയെ..."

 ഞാൻ അമ്മയുടെ കയ്യിൽ പിടിച്ച് എന്റെ ബെഡിൽ ഇരുത്തിക്കൊണ്ട് പറഞ്ഞു..

" അത് പിന്നെ രാത്രി പലരെയും ഓർത്തു കിടന്നാൽ പലതും കണ്ടെന്നു തോന്നും കേട്ടോ.."" 

അമ്മ എന്റെ കൈയിൽ ഒന്ന് ചെറുതായി തല്ലി കൊണ്ട് ഒരു തമാശരൂപണ പറഞ്ഞു...

" നേയ് കിളവി ഇത് ഞാൻ ഇന്ന് മാത്രം അല്ല കുറച്ചു ദിവസമായി ഇവളെ തന്നെയാണ് കാണുന്നത് അതും ഈ same സ്വപ്നം... ""

ഞാൻ സീരിയസ് ആയി പറഞ്ഞു....

"എവിടെങ്കിലും നിനക്ക് വേണ്ടി ഏതെങ്കിലും പെണ്ണ് കാത്തിരിക്കുന്നുണ്ടാകും അതായിരിക്കും നിന്നക് തുടാരത്തുടരേ ഈ സ്വപനം തന്നെ കാണുന്നത്...."

അമ്മ കളിയാക്കി ചിരിച്ചുകൊണ്ട് റൂമിനു പുറത്തേക്ക് നടന്നു.

"ഡാ വേഗം എണീറ്റോ ഇന്ന് കല്യാണത്തിന് പോകേണ്ടതാണ്. നീ മറന്നോ അത്.. ഹാ..അതെങ്ങനെയാ രാത്രി ഓരോ പെൺപിള്ളേരെ ആലോചിച് സ്വപ്നം കണ്ടു കിടന്നാൽ ഇതൊക്കെ എങ്ങനെ ഓർമ്മവരാനാണ്....." 

അമ്മ ചെറിയ ഗൗരവത്തോടെ പറഞ്ഞുകൊണ്ട് റൂമിനു പുറത്ത് പോയി. അപ്പോഴാണ് ഞാൻ കല്യാണത്തിന്റെ കാര്യം ഓർത്തത്. ഇന്ന് ദിനേശൻ മാമന്റെ മോന്റെ കല്യണം ആണ് അമ്മയുടെ ഏക സഹോദരൻ പുള്ളി ഇപ്പൊ ഗൾഫിലാണ് കല്യണം കഴിഞ്ഞ സച്ചു ചേട്ടനും ഗൾഫിൽ പോകും.സച്ചു ചേട്ടൻ ഈ പറഞ്ഞ

മാമന്റെ ഏക ഒരു സന്തതിയാണ്. സച്ചു ചേട്ടന്റെ കല്യാണത്തിന് ആണ് ഈ പോകാൻ പോകുന്നത്.എനിക്ക് ഒരു വിസയും ഒപ്പിച്ചു തരാം എന്ന് പറഞ്ഞിട്ടുണ്ട് അവിടെ ഒരു ജോലിയും.

അമ്മ കുറെ ആയ്യി പറയുകയാണ് മാമനോട് ഗൾഫിൽ എന്നയും കൊണ്ട് പോയി എന്തങ്കിലും ജോലി ഒപ്പിച് കൊടുക്കാൻ. പാസ്പോർട്ട് ഇല്ലാതെ എനിക്ക് എങ്ങനാണ് ഗൾഫ്യിൽ പോകാൻ പറ്റുക.

അങ്ങനെ അമ്മ പറഞ്ഞു പറഞ്ഞു ഞാൻ തന്നെ പാസ്പോർട്ട് അപേക്ഷിച്ചു ഇന്നലെ സാധനം കൈയിൽ കിട്ടിയാതെ ഉള്ളു.ഇനി വിസയും കൂടെ കിട്ടിയാൽ എനിക്ക് അബുദാബിയിലോട്ട് പറക്കാം......

എന്തായാലും ആദ്യം കല്യാണത്തിന് പോകാം... സ്വപ്നത്തെക്കുറിച്ച് പിന്നെ ആലോചിക്കാം എന്ന് മനസ്സിൽ പറഞ്ഞുകൊണ്ട് ഞാൻ കുളിക്കാൻ ബാത്ത്റൂമിലേക്ക് നടന്നു. പക്ഷേ ആ നീലക്കണ്ണുകൾ മാത്രം മനസ്സിൽ നിന്ന് മായുന്നില്ലായിരുന്നു......

കുളി കഴിഞ്ഞ് വേഗം തന്നെ പുതിയൊരു ഷർട്ടും മുണ്ടും എടുത്തിട്ടു. കണ്ണാടിയിൽ നോക്കി മുടി ചീകുമ്പോഴും ആ നീലക്കണ്ണുകൾ മനസ്സിൽ ഒരു മായാജാലം പോലെ നിറഞ്ഞുനിന്നു...

"ഡാ, വേഗം ഇറങ്ങ്!"

 താഴെ നിന്ന് അമ്മയുടെ നീട്ടിയുള്ള വിളി കേട്ടപ്പോഴാണ് ഞാൻ വീണ്ടും ആ സ്വപ്നലോകത്തുനിന്ന് പുറത്തുവന്നത്...

ദിനേശൻ മാമന്റെ തറവാട്ടിലെത്തുമ്പോൾ വലിയ തിരക്കായിരുന്നു. വിശാലമായ മുറ്റത്ത് വലിയൊരു പന്തൽ ഇട്ടിട്ടുണ്ട്. നാദസ്വരത്തിന്റെ മംഗളകരമായ ശബ്ദവും, കുട്ടികളുടെ ഓട്ടവും, ദൂരെ നിന്ന് വരുന്ന ബന്ധുക്കളുടെ കുശലാന്വേഷണങ്ങളും ഒക്കെയായി കല്യാണവീടിന്റെ എല്ലാവിധ ബഹളങ്ങളും അവിടെ നിറഞ്ഞുനിന്നിരുന്നു.

ഗേറ്റിനരികിൽ തന്നെ നിന്നു വരുന്നവരെ സ്വീകരിക്കുന്ന മാമനെ കണ്ട് ഞാൻ ചിരിച്ചുകൊണ്ട് അടുത്തേക്ക് ചെന്നു...

"ആഹ്, എത്തിയോ... സച്ചു അകത്തുണ്ട്, നീ ചെന്ന് നോക്ക്,".

മാമൻ തിരക്കിനിടയിൽ എന്നോട് പറഞ്ഞു.

ഞാൻ പതിയെ പന്തലിലൂടെ അകത്തേക്ക് നടന്നു. സച്ചുച്ചേട്ടനെ കണ്ട് ഒരു ആശംസ പറഞ്ഞ്, ഗൾഫ് വിസയുടെ കാര്യവുമൊക്കെ ഒന്ന് ഓർമ്മിപ്പിച്ച് ഞാൻ തിരികെ പന്തലിലേക്ക് തന്നെ ഇറങ്ങി.

അവിടെ കണ്ട പഴയ കൂട്ടുകാരോടും ബന്ധുക്കളോടും സംസാരിച്ച് കുറച്ചു സമയം ചിലവഴിച്ചു. അതിനിടയിൽ എപ്പോഴോ സദ്യയുടെ ഒരുക്കങ്ങൾ നടക്കുന്ന ഭാഗത്തേക്കും ഒന്ന് പോയി നോക്കി. സമയം പതിയെ കടന്നുപോയിക്കൊണ്ടിരുന്നു.

പന്തലിലെ ബഹളവും ചൂടും കൂടിയപ്പോൾ എനിക്ക് ചെറിയൊരു മടുപ്പ് തോന്നി. അല്പം ശാന്തത കിട്ടാനായി ഞാൻ പതിയെ ആ വലിയ നാലുകെട്ട് തറവാടിന്റെ ഉള്ളറകളിലേക്ക് നടന്നു.

അവിടെ ആളുകളുടെ തിരക്ക് കുറവായിരുന്നു. നടുമുറ്റത്ത് ഒരു വലിയ തുളസിത്തറയുണ്ട്. അതിനുമപ്പുറം ആ തറവാട്ടിലെ വിശാലമായ കുളപ്പുരയിലേക്കുള്ള വഴിയാണ്.

നടുമുറ്റത്തെ ഒരു തടിത്തൂണിൽ ചാരിനിന്ന്, ചുറ്റുമുള്ള പഴയ ചിത്രപ്പണികൾ നോക്കിക്കാണുകയായിരുന്നു ഞാൻ. മനസ്സിൽ അപ്പോഴും രാവിലത്തെ സ്വപ്നം ഒരു നേർത്ത ഓർമ്മയായി തങ്ങിനിൽപ്പുണ്ടായിരുന്നു.

പെട്ടെന്നാണ് പടിക്കെട്ടുകൾക്കപ്പുറത്തുനിന്ന് ആ പഴയ കുളപ്പുരയുടെ ഭാഗത്തേക്ക് ആരോ നടന്നുപോകുന്നതായി എനിക്ക് തോന്നിയത്. ഇടുപ്പുവരെ നീളമുള്ള മുടിയും ഒരു കസവ് ദാവണിയുടെ തുമ്പും മാത്രം ഒരു നിമിഷം എന്റെ കണ്ണിൽപ്പെട്ടു....

ഒരു കാറ്റ് വീശിയപ്പോൾ, എവിടുന്നോ നേരിയ ഒരു ചന്ദനത്തിന്റെ സുഗന്ധം എന്റെ മൂക്കിലേക്കെത്തി. ഒരു അദൃശ്യ ശക്തി വലിക്കുന്നതുപോലെ ഞാൻ പതിയെ ആ കുളപ്പുരയുടെ അടുത്തേക്ക് നടന്നു.

കൽപ്പടവുകൾക്ക് താഴെ വിശാലമായ തറവാട്ടു കുളം. അവിടെ ആരുമില്ലായിരുന്നു, കാറ്റിൽ ഇളകുന്ന മരച്ചില്ലകൾ മാത്രം. 'എനിക്ക് തോന്നിയതാകും' എന്ന് കരുതി ഞാൻ തിരികെ നടക്കാൻ തുടങ്ങുമ്പോഴാണ് എന്റെ പുറകിൽ നിന്നും ആ ശബ്ദം ഉയർന്നത്...

'ക്ലിങ്... ക്ലിങ്...'.

ഒരു നിമിഷം എന്റെ നെഞ്ചിടിപ്പ് നിലച്ചുപോയതുപോലെ തോന്നി. ചുറ്റുമുള്ള പക്ഷികളുടെ ശബ്ദവും കാറ്റിന്റെ മൂളലും പെട്ടെന്ന് എവിടെയോ മാഞ്ഞുപോയി. കാതുകളിൽ ആ ഒരൊറ്റ ശബ്ദം മാത്രം.

സ്വപ്നത്തിൽ എന്റെ കാതുകളെ തലോടിയ അതേ കരിവളകളുടെ താളം!

ഞാൻ വരണ്ടുപോയ ചുണ്ടുകൾ ഒന്ന് നനച്ച്, പതിയെ പുറകിലേക്ക് തിരിഞ്ഞു നോക്കി.

കുളപ്പുരയുടെ മുകളിലത്തെ കൽപ്പടവുകൾക്കരികിലായി അവൾ നിൽക്കുന്നു!.

എന്റെ ശ്വാസം തൊണ്ടയിൽ കുരുങ്ങി. ഇത്രയും നേരം ഞാൻ മനസ്സിൽ കണ്ട അതേ മുഖം... രാത്രിയിലെ ചന്ദ്രനെക്കാൾ തിളക്കമുള്ള അതേ മുഖം!

കുഞ്ഞിക്കണ്ണുകളിൽ കണ്മഷി എഴുതിയിട്ടുണ്ട്. കാതുകളിൽ ആ ചെറിയ ജിമിക്കി കമ്മലുകൾ. സ്വപ്നത്തിൽ കണ്ട പട്ട് വസ്ത്രത്തിന് പകരം, ഇപ്പോൾ മനോഹരമായ ആ കസവ് ദാവണിയാണ് വേഷം.

മരച്ചില്ലകൾക്കിടയിലൂടെ വന്ന സൂര്യപ്രകാശം അവളുടെ മൂക്കുത്തിയിലെ വൈരക്കല്ലിൽ തട്ടിത്തിളങ്ങുന്നുണ്ടായിരുന്നു.

ഞാൻ സ്വപ്നം കാണുകയാണോ എന്ന് സംശയിച്ച് ഒരടി മുന്നോട്ടുവെച്ചു. എന്റെ കണ്ണുകൾ അവളിൽ തന്നെ കുടുങ്ങിക്കിടക്കുകയായിരുന്നു. പെട്ടെന്ന്, എന്നെ നോക്കി അവളുടെ ചുണ്ടുകളിൽ ഞാൻ സ്വപ്നത്തിൽ കണ്ട ആ പരിചിതമായ ചെറുപുഞ്ചിരി വിടർന്നു.

ആ ഇളം നീല നിറമുള്ള കൃഷ്ണമണികൾ എന്നെ തന്നെ നോക്കി എന്തോ പറയാൻ ശ്രമിക്കുന്നതുപോലെ........

ഞാൻ സ്വപ്നം കാണുകയാണോ എന്ന് സംശയിച്ച് ഒരടി മുന്നോട്ടുവെച്ചു. എന്റെ കണ്ണുകൾ അവളിൽ തന്നെ കുടുങ്ങിക്കിടക്കുകയായിരുന്നു. ഞാൻ അങ്ങനെ തന്നെ നോക്കി നിൽക്കുന്നത് കണ്ടപ്പോൾ അവൾക്ക് ചെറിയൊരു ചമ്മൽ തോന്നിയെന്ന് തോന്നുന്നു.

അവൾ ചുറ്റും ഒന്ന് കണ്ണോടിച്ചു, അവിടെ വേറെ ആരുമില്ലായിരുന്നു.

ഒട്ടും പ്രതീക്ഷിക്കാതെ അവൾ എന്നോട് ചോദിച്ചു:.

"എന്താ... എന്താ ഇങ്ങനെ നോക്കുന്നത്?"".

 സംശയവും ചെറിയൊരു ഗൗരവവും കലർന്ന ശബ്ദമായിരുന്നു അവൾക്ക്.

പെട്ടെന്നുള്ള അവളുടെ ചോദ്യം കേട്ട് ഞാൻ ആ സ്വപ്നലോകത്തുനിന്ന് ഞെട്ടിയുണർന്നു. ഞാൻ വല്ലാതെ പതറിപ്പോയി..

"ഏഹ്?... അല്ല... സോറി. ഞാൻ... ഞാൻ വേറെ ഏതോ ആളാണെന്ന് കരുതി..."

 എന്ത് പറയണമെന്നറിയാതെ ഞാൻ തപ്പിത്തടഞ്ഞു.

എന്റെ പരിഭ്രമം കണ്ടപ്പോൾ അവളുടെ മുഖത്തെ ആ ഗൗരവം പതിയെ മാറി. ചുണ്ടിൽ നേരിയ ഒരു പുഞ്ചിരി വിടർന്നു..

"ഓ... ഞാൻ വിചാരിച്ചു ഞാൻ അറിയാത്ത എന്റെ ഏതെങ്കിലും ബന്ധു ആയിരിക്കുമെന്ന്," അവൾ കൽപ്പടവുകളിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു. "ഞാൻ പാർവണ. വധുവിന്റെ കുടുംബത്തിൽ നിന്നാ. ആദ്യമായിട്ടാ ഇങ്ങോട്ട് വരുന്നത്.."

"പാർവണ..." അറിയാതെ എന്റെ ചുണ്ടിൽ നിന്ന് ആ പേര് വീണുപോയി..

"എന്താ?"

 അവൾ തിരിഞ്ഞു നോക്കി..

"ഒന്നുമില്ല... ഞാൻ സച്ചുച്ചേട്ടന്റെ അമ്മായിയുടെ മോനാ." 

ഞാൻ പറഞ്ഞു 

.

"ആഹ്... കേട്ടിട്ടുണ്ട്. കല്യാണത്തിന്റെ തിരക്ക് കാരണം ആരെയും അങ്ങോട്ട് പരിചയപ്പെടാൻ പറ്റിയില്ല. പുറത്ത് നല്ല ബഹളവും ചൂടുമല്ലേ, അതാ ഇങ്ങോട്ട് പോന്നത്."

 അവൾ കുളത്തിലെ വെള്ളത്തിലേക്ക് നോക്കി വളരെ സാധാരണയായി പറഞ്ഞു.

"അതെ... ഞാനും അത് കാരണം ഇങ്ങോട്ട് വന്നതാ." 

ഞാൻ പതിയെ അവളുടെ അടുത്തേക്ക് നടന്നു, കുറച്ചകലത്തിൽ ആ പടവുകളിൽ ഇരുന്നു.

പെട്ടെന്ന് അവൾ എന്നെ ഒന്നുകൂടി സൂക്ഷിച്ചു നോക്കി. അവളുടെ ആ ഇളം നീലക്കണ്ണുകൾ എന്റെ കണ്ണുകളുമായി ഉടക്കി.

"അല്ല, എന്താ മുഖത്തൊരു വല്ലായ്മ? എന്നെ ഇതിനു മുൻപ് എവിടെയെങ്കിലും കണ്ടിട്ടുണ്ടോ?".

അവൾ വളരെ സ്വാഭാവികമായി ചോദിച്ചു.

എന്റെ ഹൃദയമിടിപ്പ് വീണ്ടും കൂടി. എന്റെ ഓരോ രാത്രികളിലും ഞാൻ കാണുന്നതാണ് ഈ മുഖമെന്ന് എങ്ങനെ ഞാൻ അവളോട് പറയും?

"ഇല്ല... ഇല്ല, എവിടെയോ കണ്ടു മറന്ന ഒരു മുഖം പോലെ തോന്നി. അത്രേ ഉള്ളു..." 

ഞാൻ എന്റെ നോട്ടം മാറ്റി കുളത്തിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു.

"ചിലപ്പോ ഏതെങ്കിലും മുൻജന്മത്തിൽ കണ്ടിട്ടുണ്ടാകും!"

 ഒരു തമാശരൂപേണ അത് പറഞ്ഞുകൊണ്ട് അവൾ ചെറുതായി ഒന്ന് ചിരിച്ചു.

അവൾ വെറുതെ പറഞ്ഞതാണെങ്കിലും, ആ കരിവളകളുടെ കിലുക്കവും കാറ്റിൽ പാറിവന്ന ആ ചന്ദനഗന്ധവും എന്റെ ഉള്ളിൽ വലിയൊരു കൊടുങ്കാറ്റുണ്ടാക്കുകയായിരുന്നു. ആ നിമിഷം കാറ്റിൽ പറന്നുവന്ന അവളുടെ മുടിയിഴകൾ എന്റെ മുഖത്ത് തഴുകി.

ഈ സമയം എങ്ങനെയെങ്കിലും ഇവിടെയൊന്ന് നിശ്ചലമായി നിന്നിരുന്നെങ്കിൽ എന്ന് ഞാൻ വെറുതെ ആഗ്രഹിച്ചുപോയി..

കുറച്ചുനേരം അവിടെ ഒരു നിശബ്ദതയായിരുന്നു. കാറ്റിന്റെ മൂളലും കുളത്തിലെ വെള്ളത്തിൽ ഇലകൾ വീഴുന്ന ശബ്ദവും മാത്രം. പെട്ടെന്ന് ആ നിശബ്ദത ഭേദിച്ച് അവൾ വീണ്ടും ചോദിച്ചു.

"അല്ല, ഇത്രയൊക്കെ സംസാരിച്ചിട്ടും സ്വന്തം പേരെന്താണെന്ന് പറഞ്ഞില്ലല്ലോ?"

 അവൾ പുരികം ഉയർത്തിക്കൊണ്ട് ചോദിച്ചു.

"ആദിത്യനാഥ്.. എല്ലാവരും ആദി എന്ന് വിളിക്കും," ഞാൻ പെട്ടെന്ന് മറുപടി നൽകി.

"ആദിത്യനാഥ്.."

 അവൾ ആ പേര് ഒന്നുകൂടി പതിയെ ഉരുവിട്ടു.

 

"കൊള്ളാം, നല്ല പേര്."

ആ നിമിഷം ഞാൻ എന്തെങ്കിലും മറുപടി പറയുന്നതിന് മുൻപ്, പന്തലിൽ നിന്നുള്ള നാദസ്വരത്തിന്റെ ശബ്ദം ഉച്ചത്തിലായി. അതോടൊപ്പം ആരോ അവളെ തിരയുന്ന ശബ്ദവും കേട്ടു.

"പാർവണേ... എവിടെയാ കുട്ടി നീ? .

മുഹൂർത്തത്തിന് സമയമായി, വേഗം ഇങ്ങോട്ട് വാ..." 

നാലുകെട്ടിന്റെ ഉള്ളിൽ നിന്നും പ്രായമുള്ള ഒരു സ്ത്രീയുടെ ശബ്ദം മുഴങ്ങി.

"അയ്യോ, മുത്തശ്ശി അന്വേഷിക്കുന്നുണ്ട്. ഞാൻ ചെല്ലട്ടെ.. "

 അവൾ വേഗം എഴുന്നേറ്റു. അവളുടെ കരിവളകൾ വീണ്ടും കിലുങ്ങി. പടവുകൾ കയറി മുകളിലെത്തിയ ശേഷം അവൾ പെട്ടെന്ന് തിരിഞ്ഞുനിന്നു.

"പിന്നെ കാണാം..."

 എന്ന് പറഞ്ഞ് അവൾ ആ നാലുകെട്ടിന്റെ ഇരുളിലേക്ക് നടന്നു മറഞ്ഞു..

ഞാൻ തിരികെ പന്തലിലേക്ക് ചെല്ലുമ്പോൾ താലികെട്ടിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിരുന്നു.. സച്ചുച്ചേട്ടനും വധുവും മണ്ഡപത്തിൽ ഇരിപ്പുണ്ട്. ചുറ്റും വലിയ തിരക്കാണ്. എന്റെ കണ്ണുകൾ ആ ബഹളങ്ങൾക്കിടയിലും തിരഞ്ഞത് അവളെയാണ്..

പെട്ടെന്നാണ് വധുവിന്റെ ബന്ധുക്കൾ നിൽക്കുന്ന കൂട്ടത്തിൽ ഞാൻ അവളെ കണ്ടത്. ആ കസവ് ദാവണിയിൽ അവൾ കൂടുതൽ സുന്ദരിയായി തോന്നി. താലികെട്ടുന്ന ആ നിമിഷത്തിൽ, ആളുകളുടെ കയ്യടികൾക്കിടയിൽ യാദൃശ്ചികമായി അവളുടെ കണ്ണുകൾ എന്റെ നേരെ പാറിവീണു.

ഒരുപാട് ആളുകൾക്കിടയിൽ നിന്ന് ഞങ്ങളുടെ കണ്ണുകൾ പരസ്പരം ഉടക്കി. ആ നോട്ടത്തിൽ വല്ലാത്തൊരു ശാന്തത ഉണ്ടായിരുന്നു. അവൾ വളരെ നേർത്തതൊന്ന് പുഞ്ചിരിച്ചു, ഞാനും..

ചടങ്ങുകളെല്ലാം കഴിഞ്ഞ് സച്ചുച്ചേട്ടനും വധുവും തറവാട്ടിലേക്ക് വലതുകാൽ വെച്ച് കയറി. കല്യാണം തറവാട്ടിൽ വെച്ചുതന്നെയായതുകൊണ്ട് അവർക്ക് വേറെ എങ്ങോട്ടും പോകാനില്ലല്ലോ. ഇനി സദ്യയുടെ തിരക്കാണ്..

ഞാനും കൂട്ടുകാരും കൂടി സദ്യ വിളമ്പാൻ ഇറങ്ങി. ഓരോ പന്തിയിലും വിളമ്പി നടക്കുമ്പോഴാണ്, പന്തലിന്റെ ഒരറ്റത്ത് വധുവിന്റെ വീട്ടുകാർക്കൊപ്പമിരിക്കുന്ന അവളെ ഞാൻ കണ്ടത്.

ഞാൻ പായസവുമായി അവളുടെ ഇലയുടെ മുൻപിൽ ചെന്നു നിന്നു.

അവൾ മുഖമുയർത്തി എന്നെ നോക്കി.

"മതി..."

 ഞാൻ വിളമ്പാൻ തുടങ്ങിയപ്പോൾ അവൾ പതുക്കെ പറഞ്ഞു.

"കുറച്ചുകൂടി ഒഴിക്കട്ടെ?"

 ഞാൻ വളരെ സ്വാഭാവികമായി ചോദിച്ചു.

"വേണ്ട... എനിക്ക് മധുരം അത്രക്ക് ഇഷ്ടല്യാട്ടോ,"

 അവൾ മൃദുവായി പറഞ്ഞു. എന്നിട്ട് എന്നെ നോക്കി ചോദിച്ചു, 

"തിരക്കൊക്കെ കഴിഞ്ഞോ അവിടെ?"

"ഇല്ല, ഇനി കുറച്ചു പന്തി കൂടി ഉണ്ട്. നിങ്ങളിപ്പോ ഇറങ്ങുമോ?"

"ഉം... സദ്യ കഴിഞ്ഞ ഉടനെ ഞങ്ങൾ അങ്ങട് തിരിക്കും."

 അവളുടെ വാക്കുകളിലെ ആ പ്രത്യേക ശൈലിയും താളവും ഞാൻ അപ്പോഴാണ് ശ്രദ്ധിച്ചത്. കേൾക്കാൻ വല്ലാത്തൊരു ഭംഗിയുള്ള സംസാരം. കൂടുതൽ സംസാരിക്കാൻ അവിടെ നിൽക്കാൻ കഴിയുമായിരുന്നില്ല. ഞാൻ വേഗം അടുത്തേക്ക് നടന്നു..

വൈകുന്നേരം. വധുവിന്റെ വീട്ടുകാരൊക്കെ തിരികെ പോകാൻ തുടങ്ങുകയാണ്. മുറ്റത്ത് വാഹനങ്ങൾ തയ്യാറായി കിടക്കുന്നുണ്ട്. ഞാൻ ഗേറ്റിനടുത്തേക്ക് നടന്നു. അവിടെ വണ്ടിയിൽ കയറാൻ നിൽക്കുകയായിരുന്നു അവൾ. എന്നെ കണ്ടതും അവൾ ഒന്നു നിന്നു.

ഞാൻ അടുത്തേക്ക് ചെന്നു. എന്ത് പറയണമെന്നറിയാത്ത ഒരു വല്ലായ്മ രണ്ടുപേർക്കും ഉണ്ടായിരുന്നു..

"അപ്പൊ... പോവുകയാണ് അല്ലെ.?" ഞാൻ ചോദിച്ചു.

"അതെ... അങ്ങട് എത്തുമ്പോഴേക്കും സന്ധ്യയാകും,"

 അവൾ പറഞ്ഞു. പിന്നെ ഒരു നിമിഷം മൗനമായി നിന്നിട്ട് എന്നെ നോക്കി ചോദിച്ചു

, "ആദിത്യനാഥ് ന്നല്ലേ പേര്?".

"അതെ,"

 ഞാൻ മറുപടി നൽകി.

 "പക്ഷേ, ആദി എന്ന് വിളിച്ചാൽ മതി. എന്നെ എല്ലാവരും അങ്ങനെയാ വിളിക്കുന്നത്."

അവളുടെ ചുണ്ടിൽ വീണ്ടും ആ പുഞ്ചിരി വിടർന്നു.

 "ശരി... ആദി."

ആ പേര് അവളുടെ ചുണ്ടുകളിൽ നിന്ന് കേട്ടപ്പോൾ എനിക്കെന്തോ വല്ലാത്തൊരു സന്തോഷം തോന്നി.

"യാത്രയൊക്കെ സുരക്ഷിതമായിരിക്കട്ടെ," 

ഞാൻ പറഞ്ഞു.

"ഉം..."

 അവൾ തലയാട്ടി. പിന്നെ വണ്ടിയിലേക്ക് 

കയറാൻ തുടങ്ങവേ ഒന്നുകൂടി തിരിഞ്ഞു നിന്നു.

"ന്നാ ശരി... പിന്നെ കാണാട്ടോ..." 

ഇത്രയും പറഞ്ഞ് അവൾ വണ്ടിയിലേക്ക് കയറി.

വണ്ടി പതിയെ മുന്നോട്ട് പോകുമ്പോൾ, വിൻഡോയികൂടെ അവൾ എന്നെത്തന്നെ നോക്കുന്നുണ്ടായിരുന്നു. ആ കാറ്റ് വീശിയപ്പോൾ എനിക്ക് വീണ്ടും സ്വപ്നത്തിൽ അനുഭവിച്ച അതേ ചന്ദനഗന്ധം അനുഭവപ്പെടുന്നതുപോലെ തോന്നി.

വണ്ടി കണ്ണിൽനിന്നു മറയുന്നതുവരെ ഞാൻ അവിടെത്തന്നെ നിന്നു...

വണ്ടി കണ്ണിൽനിന്നു മറഞ്ഞതിന് ശേഷവും ഞാൻ കുറച്ചുനേരം ആ ശൂന്യതയിലേക്ക് നോക്കി അവിടെത്തന്നെ നിന്നു. അവളുടെ ആ അവസാനത്തെ വാക്കും ആ നോട്ടവും എന്നെ വല്ലാത്തൊരു ലോകത്ത് എത്തിച്ചിരുന്നു..

"ഡാ ആദി... നീയെന്താ അവിടെത്തന്നെ നിൽക്കുന്നത്? നേരം ഇരുട്ടി, നമുക്ക് പോകണ്ടേ?".

അമ്മയുടെ ശബ്ദമാണ് എന്നെ തിരികെ യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവന്നത്. ഞാൻ വേഗം തിരിഞ്ഞു നോക്കുമ്പോൾ അമ്മ കയ്യിലൊരു കവറുമൊക്കെയായി ഗേറ്റിനടുത്തേക്ക് വരികയായിരുന്നു.

"ഏയ്... ഒന്നുമില്ല, വണ്ടി പോയപ്പോ വെറുതെ നോക്കി നിന്നതാ. നമുക്ക് ഇറങ്ങാം,"

 ഞാൻ പെട്ടെന്ന് മുഖത്തെ ഭാവം മാറ്റിക്കൊണ്ട് പറഞ്ഞു.

അമ്മയെയും കൂട്ടി ബൈക്കിൽ വീട്ടിലേക്ക് മടങ്ങുമ്പോൾ എന്റെ മനസ്സ് മുഴുവൻ ആ നാലുകെട്ട് തറവാടും അവിടുത്തെ കുളക്കടവും മാത്രമായിരുന്നു. റോഡിലൂടെയുള്ള യാത്രയിൽ മുഖത്തടിക്കുന്ന തണുത്ത കാറ്റിലും എനിക്ക് ആ ചന്ദനഗന്ധം അനുഭവപ്പെടുന്നുണ്ടായിരുന്നു.

അവൾക്ക് പാലക്കാടൻ ശൈലിയിലുള്ള ആ സംസാരവും ആ ചിരിയും എന്റെ ഉള്ളിൽ വല്ലാത്തൊരു സന്തോഷം നിറച്ചു.

വീട്ടിലെത്തി വേഷം മാറി ഹാളിലേക്ക് വരുമ്പോൾ അമ്മ ഇന്നത്തെ കല്യാണവിശേഷങ്ങളുടെ കെട്ടഴിക്കാൻ തുടങ്ങിയിരുന്നു.

"കല്യാണം എന്തായാലും കേമമായി. സദ്യ ഉഷാറായിരുന്നു അല്ലെടാ? പിന്നെ സച്ചുവിന്റെ പെണ്ണിനും നല്ല ഐശ്വര്യമുള്ള മുഖം... എന്തായാലും എല്ലാം ഭംഗിയായി നടന്നു,"

 അമ്മ സോഫയിലിരുന്ന് തളർച്ചയോടെ പറഞ്ഞു.

ഞാൻ വെറുതെ ഒന്ന് മൂളി. 

"ഉം... അതെ."

എന്റെ മൂളലിൽ ഒരു ജീവനില്ലെന്ന് തോന്നിയിട്ടാകണം അമ്മ എന്നെ ഒന്ന് സൂക്ഷിച്ചു നോക്കി.

"നിനക്കെന്താടാ ഒരു വല്ലായ്മ? അവിടെ കുറെ ഓടിനടന്ന് പണിയെടുത്തതിന്റെ ക്ഷീണമാണോ അതോ തലവേദനയുണ്ടോ? സദ്യ വിളമ്പാനൊക്കെ നീ മുൻപന്തിയിൽ ഉണ്ടായിരുന്നല്ലോ," 

അമ്മ സ്നേഹത്തോടെ ചോദിച്ചു.

"ഏയ്, അതൊന്നുമില്ല അമ്മേ. കല്യാണപ്പന്തലിലെ ചൂടും ബഹളവും ഒക്കെ കാരണം ചെറുതായിട്ട് ഒരു ക്ഷീണം. ഞാൻ കിടന്നോളാം," 

ഞാൻ വളരെ സ്വാഭാവികമായി പറഞ്ഞു ഒപ്പിച്ചു.

രാവിലെ അമ്മയോട് പറഞ്ഞ ആ സ്വപ്നത്തിലെ പെൺകുട്ടിയെയാണ് ഞാൻ നേരിൽ കണ്ടതെന്ന് പറയാൻ ഒരു നിമിഷം എന്റെ നാവ് തരിച്ചതാണ്. പക്ഷേ, ഞാനത് മനപ്പൂർവ്വം മറച്ചുവെച്ചു.

ആ നീലക്കണ്ണുകളും കരിവളകളുടെ കിലുക്കവും കുറച്ചുനാൾ കൂടി എനിക്ക് മാത്രം അവകാശപ്പെട്ട ഒരു രഹസ്യമായി എന്റെ മനസ്സിൽ തന്നെ ഇരിക്കട്ടെ എന്ന് ഞാൻ തീരുമാനിച്ചു.

"ന്നാ നീ പോയി കിടന്നുറങ്ങിക്കോ... രാവിലെ എഴുന്നേറ്റ് പോയതല്ലേ,"

 അമ്മ പറഞ്ഞു..

ഞാൻ തലയാട്ടിയിട്ട് എന്റെ മുറിയിലേക്ക് നടന്നു. വാതിലടച്ച് കട്ടിലിലേക്ക് വീഴുമ്പോൾ എന്റെ ചുണ്ടിൽ അറിയാതെ ഒരു പുഞ്ചിരി വിടർന്നു. കണ്ണുകൾ അടച്ചതും ഇരുട്ടിൽ ആ മുഖം വീണ്ടും തെളിഞ്ഞുവന്നു.

"ന്നാ ശരി... പിന്നെ കാണാട്ടോ..."

 അവളുടെ ആ വാക്കുകൾ വീണ്ടും വീണ്ടും എന്റെ കാതിൽ മുഴങ്ങുന്നുണ്ടായിരുന്നു.

ഇനി എങ്ങനെ അവളെ വീണ്ടും കാണും? പാലക്കാട് എവിടെയാണ് അവളുടെ വീട് എന്ന് പോലും എനിക്കറിയില്ലല്ലോ. സച്ചുച്ചേട്ടനോട് ചോദിച്ചാൽ ചിലപ്പോൾ നമ്പർ കിട്ടുമായിരിക്കും, പക്ഷേ അത് എങ്ങനെ ചോദിക്കും?

ഒരുപാട് ചോദ്യങ്ങൾ മനസ്സിൽ കിടന്ന് തിളച്ചുമറിയുന്നുണ്ടായിരുന്നു. എങ്കിലും, ഒരു കാര്യം എനിക്കുറപ്പായിരുന്നു—ഈ പ്രണയം ഇവിടെ അവസാനിക്കാൻ പോകുന്നില്ല. അടുത്ത ദിവസം അവളെ കണ്ടെത്താൻ എന്ത് ചെയ്യണം എന്ന ചിന്തയോടെ ഞാൻ ഉറക്കത്തിലേക്ക് വീണു...........

പിറ്റേന്ന് രാവിലെ ഉണർന്നപ്പോഴും എന്റെ മനസ്സിൽ ആ പാലക്കാടൻ ശൈലിയിലുള്ള യാത്രയപ്പ് മാത്രമായിരുന്നു. അവളെ ഒന്നുകൂടി കാണണം, സംസാരിക്കണം. ഫോൺ നമ്പർ സച്ചുച്ചേട്ടനോട് എങ്ങനെ ചോദിക്കും എന്ന് കുറെ ആലോചിച്ചു.

അവസാനം എന്തെങ്കിലും ഒരു കള്ളം പറയാൻ മനസ്സിൽ ഉറപ്പിച്ച് ഞാൻ സച്ചുച്ചേട്ടനെ വിളിച്ചു.

രണ്ടു റിങ്ങിനുള്ളിൽ തന്നെ ചേട്ടൻ ഫോണെടുത്തു..

"ഹലോ ആദി... എന്താടാ രാവിലെ തന്നെ?"

"ഏയ്, ഇന്നലത്തെ ക്ഷീണമൊക്കെ മാറിയോ എന്ന് ചോദിക്കാൻ വിളിച്ചതാ ചേട്ടാ..."

 ഞാൻ പതിയെ തുടങ്ങി. കുറച്ചുനേരം കല്യാണവിശേഷങ്ങൾ പറഞ്ഞതിന് ശേഷം ഞാൻ കാര്യം അവതരിപ്പിച്ചു.

"അല്ല ചേട്ടാ... ഇന്നലെ എന്റെ ഫോണിൽ എടുത്ത കുറച്ചു നല്ല ഫോട്ടോസ് ഞാൻ സ്റ്റുഡിയോയിൽ പ്രിന്റ് ചെയ്യാൻ കൊടുത്തിട്ടുണ്ടായിരുന്നു. അതിൽ ഏടത്തിയുടെ കൂടെ വന്ന ആ കുട്ടിഇല്ലേ പാർവണ അവളുടെ കുറച്ചു പടങ്ങളുമുണ്ട്.

ഞാൻ അത് അയച്ചുകൊടുക്കാം എന്ന് കരുതി, ചേട്ടന്റെ കയ്യിൽ അവളുടെ നമ്പർ ഉണ്ടോ?" 

ഞാൻ വളരെ സ്വാഭാവികമായി ചോദിച്ചു.

ഫോണിന്റെ അങ്ങേത്തലക്കൽ സച്ചുച്ചേട്ടൻ ഒന്ന് ചിരിച്ചു..

"എടാ, അവൾക്ക് സ്വന്തമായിട്ട് ഫോണില്ല. അമ്മാവന്റെ വീട്ടിൽ എല്ലാവർക്കും കൂടി ഒരു ലാൻഡ്‌ലൈൻ മാത്രമേ ഉള്ളു. അവളിങ്ങനത്തെ ഈ വാട്സ്ആപ്പും ഫോണും ഒന്നുമില്ലാതെ നടക്കുന്ന പഴയ ടൈപ്പ് ഒരു കുട്ടിയാ.".

അത് കേട്ടപ്പോൾ എനിക്ക് ചെറിയൊരു നിരാശ തോന്നിയെങ്കിലും, അവളോടുള്ള ഇഷ്ടം ഒന്നുകൂടി കൂടുകയാണ് ചെയ്തത്. ഇന്നത്തെ കാലത്തും ഇങ്ങനെ ഒരു കുട്ടിയോ?..

"ഓ... അങ്ങനെയാണോ. അല്ല, എന്തായാലും ഞാൻ അടുത്ത ആഴ്ച ഒരു വർക്കിന്റെ ആവശ്യത്തിന് പാലക്കാട്ടേക്ക് പോകുന്നുണ്ട്. ഒരു പഴയ തറവാട് മോഡൽ വീടിന്റെ ഡിസൈനിങ്ങിന് വേണ്ടിയിട്ട് കുറച്ചു തടികൾ നോക്കാൻ.

ചേട്ടൻ ആ വീടിന്റെ അഡ്രസ്സ് ഒന്ന് തന്നാൽ ഞാൻ പോകുന്ന വഴിക്ക് ആ ഫോട്ടോസ് ഒരു കവറിലാക്കി അവിടെ കൊടുത്തേക്കാം,".

 ഞാൻ വളരെ ബുദ്ധിപരമായി എന്റെ പ്ലാൻ മാറ്റി.

"അതിനെന്താടാ, നീ പോകുന്ന വഴിക്ക് അവിടെയൊന്ന് കയറിക്കോ. അവർക്കും സന്തോഷമാകും. അവളുടെ അച്ഛൻ കുറച്ചു നാൾ മുൻപ് മരിച്ചുപോയതാ, പിന്നെ അമ്മയും കുറച്ചു ബന്ധുക്കളും ഉള്ളു അവിടെ. ഞാൻ അഡ്രസ്സ് നിനക്ക് മെസ്സേജ് ചെയ്യാം."

ഫോൺ കട്ട് ചെയ്തതും ഞാൻ വലിയൊരു ആശ്വാസത്തോടെ കട്ടിലിലേക്ക് വീണു. വിസ വരുന്നതിന് മുൻപുള്ള എന്റെ ആദ്യത്തെ യാത്ര ഗൾഫിലേക്കല്ല, പാലക്കാട്ടേക്കായിരിക്കും.

പ്രിന്റ് ചെയ്ത ആ ഫോട്ടോകൾ അവൾ കയ്യിൽ വാങ്ങുമ്പോൾ ആ നീലക്കണ്ണുകളിൽ ഉണ്ടാകുന്ന തിളക്കം ഞാൻ മനസ്സിൽ കണ്ടു....

സച്ചുച്ചേട്ടനുമായി സംസാരിച്ച് ഫോൺ വെച്ചതിന് ശേഷം വല്ലാത്തൊരു സന്തോഷത്തോടെയാണ് ഞാൻ താഴേക്ക് നടന്നുപോയത്. അടുക്കളയിൽ ചെന്നപ്പോൾ അമ്മ ഉച്ചക്കത്തേക്കുള്ള കറികൾ അരിയുന്ന തിരക്കിലായിരുന്നു.

ഞാൻ പതിയെ പോയി സ്ലാബിന്റെ മുകളിലിരുന്നു...

"അമ്മേ... രാവിലെ തന്നെ വലിയ തിരക്കിലാണല്ലോ,".

 ഞാൻ ഒരു ആപ്പിൾ എടുത്തു കടിച്ചുകൊണ്ട് ചോദിച്ചു..

"പിന്നല്ലാതെ, ഇന്നലെ അവിടെ നിന്നതുകൊണ്ട് ഇവിടുത്തെ പണിയൊന്നും നടന്നിട്ടില്ല. നിന്റെ ക്ഷീണം ഒക്കെ മാറിയോടാ?".

അമ്മ എന്നെ നോക്കാതെ തന്നെ ചോദിച്ചു..

"മാറി അമ്മേ. അല്ല, ഞാൻ അടുത്ത ആഴ്ച ഒരു വർക്കിന്റെ ആവശ്യത്തിന് പാലക്കാട് വരെ ഒന്ന് പോകുന്നുണ്ട്.".

ഞാൻ വളരെ ക്യാഷ്വൽ ആയി കാര്യം അവതരിപ്പിച്ചു..

അമ്മ കത്തി താഴെ വെച്ച് എന്നെ നോക്കി. "പാലക്കാടോ? അതെന്തിനാ ഇപ്പൊ പെട്ടെന്ന്?".

"അത്... എനിക്കൊരു പഴയ തറവാട് മോഡൽ വീടിന്റെ പണി കിട്ടിയിട്ടുണ്ട്. അവിടുത്തെ പഴയ മോഡൽ തടികളും ഡിസൈനും ഒക്കെ നേരിട്ട് പോയി കാണാൻ കോൺട്രാക്ടർ പറഞ്ഞിരുന്നു.

രണ്ടു ദിവസം കഴിഞ്ഞു ഞാൻ ഇങ്ങ് വരും."..

ഞാൻ നേരത്തെ മനസ്സിൽ കരുതിവെച്ച കള്ളം വളരെ വിശ്വസനീയമായി തന്നെ പറഞ്ഞു..

"ഉം... പോയിട്ട് വാ. വിസ വരുന്നതിന് മുൻപ് നീ ഈ വർക്ക് ഒക്കെ തീർക്കാൻ നോക്ക്,".

അമ്മ വീണ്ടും പണിയിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു..

പെട്ടെന്നാണ് എന്റെ കയ്യിലിരുന്ന ഫോൺ റിങ് ചെയ്തത്. സ്ക്രീനിൽ നോക്കിയപ്പോൾ 'അനഘ ചേച്ചി' എന്നായിരുന്നു. ബാംഗ്ലൂരിൽ നിന്നാണ് വിളി. ഞാൻ ഒരു ചിരിയോടെ കാൾ അറ്റൻഡ് ചെയ്തു..

"ഹലോ, എന്താ മേഡം രാവിലെ തന്നെ? ഇന്നലെ വിളിച്ച് ശല്യം ചെയ്യാഞ്ഞത് നന്നായി,".

 ഞാൻ അവളെ കളിയാക്കിക്കൊണ്ട് പറഞ്ഞു.

"പോടാ അവിടുന്ന്. എനിക്ക് ലീവ് കിട്ടാത്തത് കൊണ്ടല്ലേടാ കല്യാണത്തിന് വരാൻ പറ്റാഞ്ഞത്. അതിനല്ലേലും നിനക്ക് ഭയങ്കര സന്തോഷമായിരിക്കും. കല്യാണം ഒക്കെ എങ്ങനെ ഉണ്ടായിരുന്നു? സദ്യ ഗംഭീരമായിരുന്നോ?".

ചേച്ചിയുടെ ശബ്ദത്തിൽ വരാൻ കഴിയാത്തതിന്റെ ചെറിയൊരു സങ്കടമുണ്ടായിരുന്നു..

"ഓ, പിന്നെ... സദ്യയൊക്കെ സൂപ്പർ ആയിരുന്നു. നീ വരാത്തതുകൊണ്ട് നിന്റെ പങ്കും കൂടെ ഞാൻ കഴിച്ചു."

"അസൂയപ്പെടുത്താതെടാ! സച്ചുച്ചേട്ടന്റെ പെണ്ണ് കാണാൻ എങ്ങനെയുണ്ട്? നീ ഫോട്ടോസ് വല്ലതും എടുത്തോ?".

ചേച്ചി ആകാംക്ഷയോടെ ചോദിച്ചു.

"എടുത്തു എടുത്തു. ഞാൻ കുറച്ചു കഴിഞ്ഞു നിനക്ക് വാട്സ്ആപ്പ് ചെയ്തു തരാം."

ഞാൻ സംസാരിക്കുന്നത് കേട്ടുകൊണ്ടുനിന്ന അമ്മ പെട്ടെന്ന് എന്റെ അടുത്തേക്ക് വന്നു.

"ഇങ്ങു താടാ, ഞാൻ അവളോട് ഒന്ന് സംസാരിക്കട്ടെ,"

എന്ന് പറഞ്ഞ് അമ്മ എന്റെ കയ്യിൽ നിന്നും ഫോൺ വാങ്ങി..

"ഹലോ, അനഘേ... നീയെന്താ ഇന്നലെ രാത്രി വിളിക്കാഞ്ഞത്?" 

അമ്മ ചോദിച്ചു. ഫോണിന്റെ അങ്ങേത്തലക്കൽ നിന്ന് ചേച്ചി എന്തോ മറുപടി പറയുന്നുണ്ടായിരുന്നു.

ഓ, ജോലിത്തിരക്കായിരിക്കും എന്ന് ഞാൻ വിചാരിച്ചു. കല്യാണം ഒക്കെ നല്ല ഭംഗിയായി നടന്നു. സച്ചുവിന്റെ പെണ്ണ് നല്ല ഐശ്വര്യമുള്ള കുട്ടിയാ. പിന്നെ അവിടെ വന്നവരൊക്കെ നിന്റെ കാര്യമാ ചോദിച്ചത്.

സച്ചുവിന്റെ കഴിഞ്ഞില്ലേ, ഇനി അടുത്തത് അനഘയുടെ കല്യാണം അല്ലെ എന്ന്... നീ അവിടുത്തെ പണിയൊക്കെ തീർത്ത് വേഗം ഇങ്ങോട്ട് വരാൻ നോക്ക്.

എന്നിട്ട് വേണം നിനക്കൊരു പയ്യനെ നോക്കാൻ." അമ്മ സ്ഥിരം പല്ലവി തുടങ്ങി...

പിന്നെ അമ്മയും ചേച്ചിയും കൂടി കല്യാണക്കഥകളും ബന്ധുക്കളുടെ വിശേഷങ്ങളും പങ്കുവെക്കുന്ന തിരക്കിലായി. ഞാൻ പതിയെ അടുക്കളയിൽ നിന്ന് ഉമ്മറത്തേക്ക് നടന്നു. പുറത്ത് നല്ല വെയിലുണ്ടായിരുന്നു.

ആ വെയിലിലേക്ക് നോക്കി നിൽക്കുമ്പോഴും എന്റെ ഉള്ളിൽ കാറ്റ് വീശുന്ന പാലക്കാടൻ വഴികളായിരുന്നു. പ്രിന്റ് എടുത്ത ഫോട്ടോയുമായി അവളുടെ വീടിന്റെ പടിപ്പുര കടന്നുചെല്ലുന്ന ആ നിമിഷം ഞാൻ വെറുതെ മനസ്സിൽ കണ്ടു......

"ഇതാ നിന്റെ ഫോൺ..."

അമ്മയുടെ ശബ്ദം കേട്ടാണ് ഞാൻ തിരിഞ്ഞു നോക്കിയത്. അമ്മ ഉമ്മറത്തേക്ക് വന്ന് ഫോൺ എന്റെ നേരെ നീട്ടി...

"അവൾക്ക് അവിടെ ഭയങ്കര തിരക്കാണെന്നാ പറയുന്നേ. എപ്പോഴും ആ ലാപ്ടോപ്പിന്റെ മുൻപിൽ തന്നെയാത്രേ ഇരുപ്പ്,".

അമ്മ ചെറിയൊരു പരിഭവത്തോടെ പറഞ്ഞു.

"അവളവിടെ ജോലിയെടുക്കാൻ പോയതല്ലേ അമ്മേ, അല്ലാതെ വെറുതെ ഇരിക്കാൻ അല്ലല്ലോ," 

ഞാൻ ചിരിച്ചുകൊണ്ട് ഫോൺ വാങ്ങി.

പോക്കറ്റിലിടാൻ തുടങ്ങിയെങ്കിലും, പെട്ടെന്ന് എന്തോ ഓർത്ത് ഞാൻ സ്ക്രീനിലേക്ക് നോക്കി. സച്ചുച്ചേട്ടന്റെ മെസ്സേജ് വന്നിട്ടുണ്ട്!.

നെഞ്ചിടിപ്പോടെ ഞാൻ വാട്സ്ആപ്പ് തുറന്നു. ഞാൻ കാത്തിരുന്ന ആ അഡ്രസ്സ് ആണ്.

പാർവണ

C/o രാമനാഥൻ 

ഇന്ദ്രനീലം തറവാട്

കരിമ്പനക്കാവ് ക്ഷേത്രത്തിന് സമീപം,

കൊല്ലങ്കോട് പി.ഒ, പാലക്കാട് - 678506

'ഇന്ദ്രനീലം...' ആ പേര് ഞാൻ ഒന്നുകൂടി മനസ്സിൽ ഉരുവിട്ടു. എത്ര മനോഹരമായ പേര്! അവളുടെ ആ ഇളം നീലക്കണ്ണുകൾക്ക് ഏറ്റവും അനുയോജ്യമായ പേര്.

കുടുംബ കാരണവരായ മുത്തശ്ശൻ രാമനാഥന്റെ പേരിലാണ് ആ വലിയ തറവാട് ഇപ്പോഴും അറിയപ്പെടുന്നത്.

സച്ചുച്ചേട്ടൻ പറഞ്ഞതനുസരിച്ച് അവളുടെ അച്ഛൻ കൃഷ്ണമൂർത്തി കുറച്ചു നാൾ മുൻപ് മരിച്ചുപോയി. എങ്കിലും അവൾ ഒറ്റയ്ക്കല്ല, ആ നാലുകെട്ടിൽ മുത്തശ്ശനും മുത്തശ്ശിയും മാമനും മാമിയും ഒക്കെയായി വലിയൊരു കൂട്ടുകുടുംബമാണ് അവരുടേത്.

ആളും ബഹളവുമുള്ള ആ വലിയ തറവാട്ടിൽ, സ്വന്തമായി ഒരു ഫോൺ പോലുമില്ലാതെ നടക്കുന്ന ആ പഴയകാല പെൺകുട്ടിയെ ഞാൻ ഒന്നുകൂടി മനസ്സിൽ സങ്കൽപ്പിച്ചു നോക്കി.

പിന്നെ എന്റെ ശ്രദ്ധ ആ സ്ഥലത്തിന്റെ പേരിലായിരുന്നു—കൊല്ലങ്കോട്. അതിരുകളില്ലാത്ത നെൽപ്പാടങ്ങളും, ഇടവഴികളിൽ കാവൽ നിൽക്കുന്ന കരിമ്പനകളും, പഴയ തറവാടുകൾ ഉറങ്ങുന്ന പാലക്കാടിന്റെ സ്വന്തം ഗ്രാമം.

സിനിമകളിലും മറ്റും കണ്ടിട്ടുള്ള ആ മനോഹരമായ ഗ്രാമത്തിലേക്കാണ് എന്റെ യാത്ര എന്നോർത്തപ്പോൾ മനസ്സിൽ വല്ലാത്തൊരു സന്തോഷം തോന്നി. അവിടെ, ആ പച്ചപ്പിന് നടുവിലുള്ള 'ഇന്ദ്രനീലം' എന്ന തറവാട്ടിൽ അവളെ വീണ്ടും കാണാമല്ലോ..

"നീ ഇതെന്താടാ ഫോണിലും നോക്കി ഇങ്ങനെ പകച്ചുനിൽക്കുന്നത്?" 

അമ്മയുടെ ചോദ്യം എന്നെ വീണ്ടും ചിന്തകളിൽ നിന്ന് പുറത്തുകൊണ്ടുവന്നു.

"ഏയ്... ഒന്നുമില്ല അമ്മേ, ഞാൻ ആ പാലക്കാട്ടുള്ള വർക്കിന്റെ അഡ്രസ്സ് ഒന്ന് നോക്കിയതാ,"

 ഞാൻ വേഗം ഫോൺ പോക്കറ്റിലിട്ടുകൊണ്ട് പറഞ്ഞു..

"ഉം... ന്നാ നീ പോയി മുഖമൊക്കെ ഒന്നൂടെ കഴുകി വാ. സമയം ഒൻപതര കഴിഞ്ഞു. ഞാൻ ചൂട് ദോശയും ചമ്മന്തിയും എടുത്തുവെക്കാം.

കാലത്തേ ഒന്നും കഴിക്കാതെ ഓരോരോ ചിന്തകളുമായി ഇരുന്നോളും..."

അമ്മ വാത്സല്യത്തോടെ ശാസിച്ചുകൊണ്ട് തിരികെ അടുക്കളയിലേക്ക് നടന്നു.

ഞാൻ വീണ്ടും ആ മുറ്റത്തേക്ക് നോക്കി നിന്നു. ഇന്ദ്രനീലത്തിലെ ആ നീലക്കണ്ണുകളെ തേടിയുള്ള എന്റെ യാത്ര അക്ഷരാർത്ഥത്തിൽ ഇവിടെ തുടങ്ങുകയാണ്. ഇന്ന് തന്നെ ആ ഫോട്ടോകൾ കൊണ്ടുപോയി സ്റ്റുഡിയോയിൽ കൊടുക്കണം, നല്ല കട്ടിയുള്ള പേപ്പറിൽ തന്നെ പ്രിന്റ് എടുക്കണം.

അങ്ങനെ ഓരോ കാര്യങ്ങളും പ്ലാൻ ചെയ്ത് ഞാൻ പതിയെ അകത്തേക്ക് നടന്നു....

രണ്ടു ദിവസത്തെ യാത്രയ്ക്കുള്ള

ഉടുപ്പുകളെല്ലാം ബാഗിലെടുത്ത് വെച്ച് ഞാൻ താഴേക്ക് ഇറങ്ങി. അമ്മ ഉമ്മറത്ത് തന്നെ നിൽപ്പുണ്ടായിരുന്നു.

"അമ്മേ, ഞാൻ ഇറങ്ങുവാ..."

ഞാൻ ബാഗ് തോളിലിട്ടുകൊണ്ട് പറഞ്ഞു.

"സൂക്ഷിച്ചു പോയിട്ട് വാടാ. അവിടെ പാലക്കാട് ചെന്നിട്ട് എന്നെ വിളിക്കാൻ മറക്കണ്ട.പിന്നെ വർക്ക് ഒക്കെ കഴിഞ്ഞ് സമയത്തിന് ഭക്ഷണം കഴിക്കണം..."

അമ്മയുടെ സ്ഥിരം ഉപദേശങ്ങൾ തുടർന്നു.

"എല്ലാം ഞാൻ നോക്കിക്കോളാം അമ്മേ,"

ഞാൻ ചിരിച്ചുകൊണ്ട് അമ്മയോട് യാത്ര പറഞ്ഞു ഗേറ്റ് കടന്ന് പുറത്തിറങ്ങി.

കഴക്കൂട്ടത്തെ വീട്ടിൽ നിന്നും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലേക്കുള്ള യാത്രയിലുടനീളം വല്ലാത്തൊരു ആകാംക്ഷയായിരുന്നു മനസ്സിൽ. വഴിക്ക് ടൗണിലെ സ്റ്റുഡിയോയിൽ കയറി, ഞാൻ നേരത്തെ പ്രിന്റ് ചെയ്യാൻ ഏൽപ്പിച്ചിരുന്ന ആ ഫോട്ടോകളുടെ കവർ വാങ്ങി ബാഗിൽ ഭദ്രമായി വെച്ചു..

സ്റ്റേഷനിൽ എത്തുമ്പോൾ അത്യാവശ്യം നല്ല തിരക്കുണ്ടായിരുന്നു. ഞാൻ പ്ലാറ്റ്ഫോമിലേക്ക് നടക്കുമ്പോഴേക്കും സ്പീക്കറിലൂടെ ആ മുഴങ്ങുന്ന ശബ്ദം കേട്ടു..

"യാത്രക്കാരുടെ ശ്രദ്ധയ്ക്ക്...

തിരുവനന്തപുരത്തുനിന്നും കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് വഴി സെക്കന്തരാബാദിലേക്ക് പോകുന്ന വണ്ടി നമ്പർ ഒന്ന് ആറ് മൂന്ന് പൂജ്യം രണ്ട് (16302) ശബരി എക്സ്പ്രസ്സ് പ്ലാറ്റ്ഫോം നമ്പർ ഒന്നിൽ എത്തിച്ചേരുന്നതാണ്..."

"May I have your attention please... Train number One Six Three Zero Two, Sabari Express from Thiruvananthapuram Central to Secunderabad via Palakkad, is arriving on platform number one."

ആ കൃത്യമായ അനൗൺസ്മെന്റ് തീരുന്നതിന് മുൻപ് തന്നെ ദൂരെ നിന്നും നീളത്തിലൊരു ഹോൺ മുഴക്കിക്കൊണ്ട് ട്രെയിൻ പ്ലാറ്റ്ഫോമിലേക്ക് പതിയെ വന്നുകയറി. എന്റെ നെഞ്ചിടിപ്പ് കൂടാൻ തുടങ്ങി.

ബാഗും പിടിച്ച് ട്രെയിനിലേക്ക് കയറി, ജനാലയ്ക്കരികിലെ ആ സീറ്റിലിരിക്കുമ്പോൾ എന്റെ യാത്ര അക്ഷരാർത്ഥത്തിൽ തുടങ്ങുകയായിരുന്നു.

പാലക്കാട് എത്താറായപ്പോൾ തന്നെ പ്രകൃതിയുടെ ഭാവം മാറിത്തുടങ്ങി. ജനാലയിലൂടെ അടിച്ചുവീശുന്ന കാറ്റിന് വല്ലാത്തൊരു ശക്തിയും

കുളിർമയുമുണ്ടായിരുന്നു. ഉച്ചകഴിഞ്ഞ നേരത്താണ് ഞാൻ കൊല്ലങ്കോട് വണ്ടി ഇറങ്ങിയത്. സഹ്യപർവ്വതത്തിന്റെ മടിത്തട്ടിൽ പച്ചപ്പുതച്ചു കിടക്കുന്ന സുന്ദരമായ ഗ്രാമം. ദൂരെ കോടമഞ്ഞണിഞ്ഞ മലനിരകൾ.

എങ്ങോട്ട് തിരിഞ്ഞാലും കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന നെൽപ്പാടങ്ങൾ.ആ നെൽച്ചെടികൾക്കിടയിലൂടെ കാറ്റ്

കടന്നുപോകുമ്പോൾ ഉണ്ടാകുന്ന നേർത്ത ശബ്ദം ഒരു സംഗീതം പോലെ തോന്നി. മണ്ണും പച്ചപ്പും കലർന്ന ആ നാട്ടിൻപുറത്തിന്റെ ഗന്ധം ശ്വസിച്ച് ഞാൻ അവിടുത്തെ ചെറിയൊരു ചായക്കടയിൽ കയറി വഴി ചോദിച്ചു..

"ചേട്ടാ, ഈ കരിമ്പനക്കാവ് അമ്പലത്തിന് അടുത്തുള്ള ഇന്ദ്രനീലം തറവാട്ടിലേക്ക് ഏതാ വഴി?"

ചായ അടിക്കുന്നതിനിടയിൽ കടക്കാരൻ തലയുയർത്തി നോക്കി.

"ഇന്ദ്രനീലത്തിലേക്കാ? രാമനാഥൻ നമ്പൂതിരിയുടെ തറവാട്... ദാ ഈ വഴി നേരെ പോയാൽ മതി. ആ വളവ് തിരിയുമ്പോൾ കാണുന്ന വലിയ പടിപ്പുരയാ ഇന്ദ്രനീലം."

കടക്കാരൻ വിരൽചൂണ്ടി കാണിച്ചുതന്നു.

ബാഗും തോളിലിട്ട് ഞാൻ ആ ഇടവഴിയിലൂടെ നടന്നു. ഇരുവശത്തും വലിയ മരങ്ങൾ അതിരിട്ട മൺവഴി. കാറ്റടിക്കുമ്പോൾ കരിമ്പനയോലകൾ ഉരയുന്ന ശബ്ദം മാത്രം കേൾക്കാം.

കുറച്ചു നടന്നപ്പോൾ തന്നെ എന്റെ കാഴ്ച്ചയിൽ ആ വലിയ പടിപ്പുര വന്നു. പഴയകാല പ്രൗഢി വിളിച്ചോതുന്ന വലിയ തടിപ്പണികളുള്ള, ഓടുമേഞ്ഞ പടിപ്പുര.

അതിന്റെ മുകളിൽ 'ഇന്ദ്രനീലം' എന്ന് മനോഹരമായി കൊത്തിവെച്ചിട്ടുണ്ട്..

ഗേറ്റ് തുറന്നുതന്നെയാണ് കിടന്നിരുന്നത്. ഞാൻ പടിപ്പുര കടന്ന് മെല്ലെ അകത്തേക്ക് കാലെടുത്തുവെച്ചു. വിശാലമായ മുറ്റം. നടുക്കായി വളരെ ഭംഗിയിൽ കെട്ടിയുണ്ടാക്കിയ വലിയൊരു തുളസിത്തറ.

പഴമയുടെ ഗാംഭീര്യം വിളിച്ചോതുന്ന ആ വലിയ നാലുകെട്ടിന്റെ ഉമ്മറത്ത് ആരുമുണ്ടായിരുന്നില്ല. വീടിന് ചുറ്റും വലിയ മാവുകളും പ്ലാവുകളും നിൽപ്പുണ്ട്. വളരെ ശാന്തമായ അന്തരീക്ഷം.

എന്റെ കണ്ണുകൾ ആ മുറ്റത്തും വലിയ തൂണുകളുള്ള വരാന്തയിലും അവളെ തിരഞ്ഞു. ആരെങ്കിലും ചോദിച്ചാൽ എന്ത് പറയണം എന്ന ചിന്തയോടെ ഞാൻ മുറ്റത്തിന്റെ നടുവിലേക്ക് നടന്നു.

പെട്ടെന്നാണ് വീടിന്റെ അകത്തളത്തിൽ നിന്നും വരാന്തയിലേക്ക് ആ കാലൊച്ച കേട്ടത്... എനിക്ക് വളരെ പരിചിതമായ ആ കരിവളകളുടെ കിലുക്കം! എന്റെ ഹൃദയമിടിപ്പ് ഒന്നുകൂടി വേഗത്തിലായി.

ഉമ്മറപ്പടി കടന്ന് പുറത്തേക്ക് വന്ന അവൾ, മുറ്റത്ത് നിൽക്കുന്ന എന്നെക്കണ്ട് ഒരു നിമിഷം അക്ഷരത്തിൽ തറഞ്ഞുനിന്നു...

ആ ഇളം നീലക്കണ്ണുകളിൽ അത്ഭുതവും പരുങ്ങലും ഒരുപോലെ മിന്നിമറയുന്നത് ഞാൻ കണ്ടു..

"ആദി...? ഇതെന്താപ്പൊ ഇങ്ങ്ട്?.

അവളുടെ ശബ്ദത്തിൽ ചെറിയൊരു വിറയലുണ്ടായിരുന്നു. പാലക്കാടൻ ശൈലിയിലുള്ള ആ നിഷ്കളങ്കമായ ചോദ്യം കേട്ടപ്പോൾ എനിക്ക് വല്ലാത്തൊരു സന്തോഷം തോന്നി..

"സച്ചുച്ചേട്ടന്റെ കല്യാണത്തിന് എടുത്ത കുറച്ചു ഫോട്ടോസ് ഉണ്ടായിരുന്നു എന്റെ കയ്യിൽ. ഞാൻ പ്രിന്റ് ചെയ്യാൻ കൊടുത്തതിൽ നിന്റെ കുറച്ചു പടങ്ങളും ഉണ്ട്.

ഞാൻ ഒരു വർക്കിന്റെ ആവശ്യത്തിന് ഈ വഴി വന്നതാ, അപ്പൊ സച്ചുച്ചേട്ടൻ പറഞ്ഞിരുന്നു ഇവിടെയൊന്ന് കയറാൻ. ആ ഫോട്ടോസ് തരാമെന്ന് വെച്ചു."

ഞാൻ ബാഗിൽ നിന്നും ആ ബ്രൗൺ കവർ എടുത്ത് അവളുടെ നേരെ നീട്ടി.

വളരെ മടിയോടെയാണ് അവൾ അത് കയ്യിൽ വാങ്ങിയത്. ആ വിരലുകൾ ചെറുതായി വിറയ്ക്കുന്നുണ്ടായിരുന്നു.

"ഇതിപ്പൊ ഇത്രക്കും ബുദ്ധിമുട്ടി ഇങ്ങ്ട് കൊണ്ടരണമായിരുന്നോ? സച്ചുവേട്ടന്റെ കയ്യില് കൊടുത്താ മതിയായിരുന്നല്ലോ..."

അവൾ മുഖം കുനിച്ചു കൊണ്ടു പറഞ്ഞു.

"സച്ചുച്ചേട്ടൻ വൈകാതെ ഗൾഫിലേക്ക്

തിരിച്ചുപോകില്ലേ. പിന്നെ..ഞാൻ പാലക്കാടുള്ള പഴയ തറവാടുകളുടെ തടിപ്പണികൾ നേരിട്ട് കണ്ട് പഠിക്കാനും ആണ് വന്നത്.ഞാൻ സിവി എഞ്ചിനീയർ ആണ്. എനിക്ക് ഒരു പുതിയ വർക്ക് കിട്ടിയിരുന്നു..

ഞാൻ വളരെ ആത്മവിശ്വാസത്തോടെ കള്ളം പറഞ്ഞു.

അവൾ ഒളിക്കണ്ണാൽ എന്നെ ഒന്ന് നോക്കി. ആ നോട്ടത്തിൽ 'പറയുന്നതൊക്കെ എനിക്ക് മനസ്സിലാകുന്നുണ്ട്' എന്നൊരു കുസൃതി ഒളിച്ചിരിപ്പുണ്ടായിരുന്നോ എന്ന് ഞാൻ സംശയിച്ചു.

പെട്ടെന്നാണ് അകത്തളത്തിൽ നിന്നും ഗാംഭീര്യമുള്ള ഒരു ശബ്ദം കേട്ടത്. കട്ടിയുള്ള ഒരു വടിയും കുത്തിപ്പിടിച്ച് ഒരാൾ ഉമ്മറത്തേക്ക് വരികയാണ്.

"ആരാപ്പൊ കുട്ട്യേ മുറ്റത്ത്? എന്താ അവിടെയൊരു വർത്താനം?"

ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് അങ്ങോട്ട് നോക്കി. കഴുത്തിലൊരു രുദ്രാക്ഷമാലയും ഭസ്മക്കുറിയും തൊട്ട്, വെളുത്ത മുണ്ടും പുതച്ചൊരു കാരണവർ. മുഖത്ത് നല്ല ഗൗരവമുണ്ട്. രാമനാഥൻ നമ്പൂതിരി!

"അത്... മുത്തശ്ശനാ,"

അവൾ എന്നോട് പതുക്കെ പറഞ്ഞു. എന്നിട്ട് കുറച്ചുറക്കെ വിളിച്ചു പറഞ്ഞു,

"ഇത് സച്ചുവേട്ടന്റെ അപ്പച്ചിയുടെ മോനാ മുത്തശ്ശ... കല്യാണത്തിന്റെ ഫോട്ടോസ് തരാൻ വേണ്ടി വന്നതാ."

മുത്തശ്ശൻ ഉമ്മറത്തെ തൂണിൽ പിടിച്ച് എന്നെ ഒന്ന് സൂക്ഷിച്ചു നോക്കി.

"ആരായാലും ആ കുട്ടീനെ അങ്ങനെ വെയിലത്ത് നിർത്തുവാണോ? ഉമ്മറത്തേക്ക് കയറി ഇരിക്കാൻ പറയ് കുട്ട്യേ... ഉണ്ണീ, നീ ഇങ്ങ്ട് കയറി ഇരിക്ക്."

പഴയകാലത്തെ ആ അധികാരവും വാത്സല്യവും കലർന്ന സംസാരം.

"വരൂ..."

അവൾ എന്നെ നോക്കി ഒന്ന് പുഞ്ചിരിച്ചിട്ട് ഉമ്മറത്തേക്ക് നടന്നു.

അവൾക്ക് പിന്നാലെ ആ പഴയ നാലുകെട്ടിന്റെ പടി കയറുമ്പോൾ എന്റെ ഉള്ളിൽ ഒരുപാട്

സന്തോഷം തോന്നി. ഒരു ഫോട്ടോ കൊടുക്കാൻ വേണ്ടി മാത്രം വന്ന ഞാൻ, ഇപ്പോൾ ആ വലിയ തറവാട്ടിലെ അതിഥിയായി മാറിയിരിക്കുകയാണ്. എന്റെ കള്ളം പിടിക്കപ്പെടുമോ എന്നൊരു ചെറിയ പേടിയുണ്ടായിരുന്നെങ്കിലും, ആ നീലക്കണ്ണുകൾക്ക് മുന്നിൽ പിടിക്കപ്പെടുന്നതിൽ എനിക്ക് യാതൊരു പരാതിയുമില്ലായിരുന്നു...

ഞാൻ ചെരിപ്പഴിച്ച് ആ വലിയ ഉമ്മറത്തേക്ക് കയറി. തടിയുടെ തണുപ്പും പഴയൊരു കുന്തിരിക്കത്തിന്റെ ഗന്ധവും അവിടെയാകെ നിറഞ്ഞുനിന്നിരുന്നു..

"മുത്തശ്ശാ, സച്ചുച്ചേട്ടൻ എന്റെ അമ്മാവന്റെ മോനാ. ഞാൻ തിരുവനന്തപുരത്തുനിന്നാ വരുന്നേ. പേര് ആദിത്യനാഥ്,"

ഞാൻ വളരെ വിനയത്തോടെ പറഞ്ഞു.

"ഞാനൊരു സിവിൽ എഞ്ചിനീയറാ. ഇവിടെ

പാലക്കാടുള്ള കുറച്ചു പഴയ തറവാടുകളുടെ നിർമ്മാണരീതിയും തച്ചുശാസ്ത്രവും ഒന്ന് നോക്കിപ്പഠിക്കാൻ വന്നതാ. അപ്പൊ സച്ചുച്ചേട്ടനാ പറഞ്ഞത്, കൊല്ലങ്കോട് വന്നാൽ ഇന്ദ്രനീലം തറവാട് തീർച്ചയായും കാണണമെന്ന്.

അത്രയ്ക്ക് പ്രശസ്തമാണല്ലോ ഈ വീട്. അങ്ങനെ വീട് കാണാൻ വന്ന വഴിക്ക് സച്ചുച്ചേട്ടന്റെ കല്യാണ ഫോട്ടോസ് കൂടി ഏൽപ്പിക്കാമെന്ന് വെച്ചു."

എന്റെ കള്ളത്തിന് ഞാൻ നല്ലൊരു ആമുഖം നൽകി. അത് കേട്ടതും മുത്തശ്ശന്റെ മുഖത്തൊരു വല്ലാത്ത അഭിമാനം വിടരുന്നത് ഞാൻ കണ്ടു.

"ഓ... അപ്പൊ സച്ചൂന്റെ അപ്പച്ചീടെ മോനാണല്ലേ. അത് സച്ചു പറഞ്ഞത് നേരാ. ഈ ഇന്ദ്രനീലത്തിന്റെ തച്ചുശാസ്ത്രം പഠിക്കാൻ പണ്ടും ഒരുപാട് ആൾക്കാര് ഇങ്ങ്ട് വന്നിട്ടുണ്ട്.

ഈ നാലുകെട്ടും എട്ടുകെട്ടും ഒക്കെ എന്റെ വല്യമുത്തശ്ശന്മാരുടെ കാലത്ത് ഉണ്ടാക്കിയതാ..."

മുത്തശ്ശൻ വാചാലനായി.

"എന്നാപ്പിന്നെ കുട്ടി ഈ വീടൊക്കെ നല്ലോണം കണ്ട് പഠിച്ചോളൂ. എന്തായാലും തിരോന്തോരത്തുനിന്ന് ഇത്രേം ദൂരം വന്നതല്ലേ, ഇനിയിപ്പൊ വീട് പഠിക്കാൻ വേറെ എവിടേക്കും പോണ്ട.

കുറച്ചു ദിവസം ഈ തറവാട്ടിൽ തന്നെ നിന്നോളൂ."

ഞാൻ ശരിക്കും ഞെട്ടിപ്പോയി! എന്റെ ആ ചെറിയ കള്ളം എന്നെ കൊണ്ടുചെന്നെത്തിച്ചത് എന്തുവലിയൊരു ഭാഗ്യത്തിലേക്കാണ്. ഞാൻ വേഗം പാർവണയെ നോക്കി. അവളും ഈ അപ്രതീക്ഷിത ക്ഷണം കേട്ട് അത്ഭുതത്തോടെ എന്നെ നോക്കി നിൽക്കുകയാണ്.

"അത്... മുത്തശ്ശ , ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല. ഞാൻ ടൗണിൽ വല്ല ലോഡ്ജും..."

"അതൊന്നും പറഞ്ഞാ പറ്റ്ല,"

മുത്തശ്ശൻ എന്റെ വാക്കുകൾ തടഞ്ഞു.

"ഇന്ദ്രനീലത്തില് വന്നവരോട് ലോഡ്ജിൽ പോയി നിക്കാൻ പറയാൻ ഈ രാമനാഥന് കഴിയില്ല. കുട്ടി ഇവിടുത്തെ തെക്കിനിയില് നിന്നോട്ടെ."

അപ്പോഴേക്കും അകത്തുനിന്നും വാർദ്ധക്യത്തിന്റെ അവശതകളുള്ള ഒരു മുത്തശ്ശി ഉമ്മറത്തേക്ക് വന്നു. പാർവണയുടെ മുത്തശ്ശി, കല്യാണിയമ്മ.

"ആരാ ഏട്ടാ ഉമ്മറത്ത്? എന്താപ്പൊ ഒരു പുതിയ ശബ്ദം?"

മുത്തശ്ശി കണ്ണട നേരെയാക്കിക്കൊണ്ട് ചോദിച്ചു.

"ഇതൊരു എഞ്ചിനീയർ കുട്ട്യാ കല്യാണീ... നമ്മുടെ വീടൊക്കെ കണ്ട് പഠിക്കാൻ തിരോന്തോരത്തുന്ന് വന്നതാ. അഞ്ജലിയെ കെട്ടിയെ ചെറുക്കാനില്ലേ സച്ചു അവന്റെ അപ്പച്ചീടെ മോനാ.

കുട്ടി ഇവിടുത്തെ തെക്കിനിയില് നിന്നോട്ടെ ന്ന് ഞാൻ പറഞ്ഞു,"

മുത്തശ്ശൻ മറുപടി നൽകി.

"ഓ... അതാണോ. സച്ചൂന്റെ ആളാകുമ്പോ നമ്മടെ സ്വന്തം കുട്ടി തന്നെയാണല്ലോ. വന്ന് കയറിയതേ ഉള്ളൂലേ ഉണ്ണീ, നല്ല ക്ഷീണണ്ടാവും,"

മുത്തശ്ശി വാത്സല്യത്തോടെ പറഞ്ഞു. എന്നിട്ട് അകത്തേക്ക് നോക്കി വിളിച്ചു,

"ഭദ്രേ... ദാ, ഇവിടെ കുട്ടിക്ക് കുടിക്കാൻ കുറച്ചു തണുത്ത സംഭാരം എടുത്തോണ്ട് വായോ."

വിളികേട്ട് ഉമ്മറപ്പടിയിലേക്ക് വന്നത് പാർവണയുടെ അമ്മ ഭദ്രയാണ്. മുഖത്ത് അപ്പോഴും ഒരു വിഷാദം നിഴലിച്ചുനിൽക്കുന്ന, എന്നാൽ പാർവണയുടെ അതേ ഛായയുള്ള ഒരു സ്ത്രീ.

ഭർത്താവ് മരിച്ചതിന്റെ സങ്കടം ആ മുഖത്ത് ഇപ്പോഴുമുണ്ട്. അവരുടെ പിന്നിലായി കുസൃതിച്ചിരിയോടെ രണ്ട് ചെറിയ കുട്ടികളും, കുട്ടികളുടെ അമ്മയായ സാവിത്രി അമ്മായിയും നിൽപ്പുണ്ടായിരുന്നു. കൂടെ നിൽക്കുന്നത് മക്കളായ കേശുവും ഗായത്രിയും.

"ഇതാരാ പാർവണേ?"

സാവിത്രിയമ്മായി പതുക്കെ പാർവണയോട് ചോദിക്കുന്നത് ഞാൻ കേട്ടു.

"സച്ചുവേട്ടന്റെ അപ്പച്ചിയുടെ മോനാ സാവിത്രിയമ്മായി... വീട് കണ്ട് പഠിക്കാൻ വന്നതാത്രേ,പിന്നെ അന്ന് കല്യാണത്തിന് എടുത്ത കുറച്ചു ഫോട്ടോസ് താരനും “”

അവൾ എന്നെ ഒന്ന് നോക്കിയിട്ട് പതിയെ മറുപടി പറഞ്ഞു. ആ വാക്കുകളിൽ ചെറിയൊരു കുസൃതിയും പരിഹാസവും ഒളിച്ചിരിപ്പുണ്ടായിരുന്നോ എന്ന് എനിക്ക് സംശയം തോന്നി.

ഭദ്രാമ്മ കൊണ്ടുവന്ന തണുത്ത സംഭാരം കുടിക്കുമ്പോൾ എന്റെ കണ്ണുകൾ വീണ്ടും പാർവണയെ തിരഞ്ഞു. അവൾ കേശുവിനെയും ഗായത്രിയെയും കൂട്ടി അകത്തേക്ക് പോകാൻ തുടങ്ങുകയായിരുന്നു.

പോകുന്നതിന് മുൻപായി എന്നെ നോക്കി, ആരും കാണാതെ അവളൊന്ന് ചിരിച്ചു. കാറ്റത്ത് ഉലയുന്ന ആ കരിമ്പനയോലകൾ പോലെ എന്റെ ഉള്ളും അപ്പോൾ സന്തോഷം കൊണ്ട് ഇളകുന്നുണ്ടായിരുന്നു.

ഇന്ദ്രനീലത്തിലെ ഒരു അതിഥിയായി ഞാൻ മാറിയെന്ന സത്യം വിശ്വസിക്കാൻ എനിക്ക് പിന്നെയും കുറച്ചു സമയം വേണ്ടിവന്നു...

"പാർവണേ... നീ ഈ കുട്ടിക്ക് നമ്മുടെ തെക്കിനിയിലുള്ള മുറി തുറന്നുകൊടുക്ക്. പിന്നെ, കുറച്ചു കഴിഞ്ഞാൽ അവന് ഈ നാലുകെട്ടും വടക്കിനിയും എട്ടുകെട്ടും ഒക്കെ ഒന്ന് ചുറ്റിക്കാണിച്ചു കൊടുക്കണം.

അവൻ തിരോന്തോരത്തുന്ന് ഇതൊക്കെ പഠിക്കാൻ വേണ്ടി വന്നതാ. ഒന്നും വിട്ടുപോകരുത്."

"ശരി മുത്തശ്ശ,"

അവൾ വളരെ അനുസരണയുള്ള കുട്ടിയായി തലകുലുക്കി. എന്നിട്ട് എന്നോട് വരാൻ ആംഗ്യം കാണിച്ച് അകത്തേക്ക് നടന്നു. ഞാൻ എന്റെ ബാഗുമെടുത്ത് അവളുടെ പിന്നാലെ നടന്നു.

മരക്കോണി കയറി മുകളിലത്തെ നിലയിലെ വിശാലമായ ഒരു മുറി അവൾ എനിക്ക് തുറന്നുതന്നു. തടിയിൽ തീർത്ത ഭിത്തികളും, വലിയ ജനലുകളുമുള്ള മനോഹരമായ മുറി.

ജനലുകൾ തള്ളിതുറന്നപ്പോൾ പുറത്തെ കരിമ്പനയിൽ നിന്ന് വീശിയെത്തിയ കാറ്റ് ആ മുറിയിലാകെ പരന്നു..

"കുളിച്ച് ഫ്രഷ് ആയി താഴേക്ക് വായോ, ഞാൻ വീടൊക്കെ കാണിച്ചു തരാം... 'എഞ്ചിനീയർ സാറിന്',"

കുസൃതിയോടെ എന്നെ ഒന്ന് നോക്കിയിട്ട് അവൾ താഴേക്ക് പോയി..

കുളി കഴിഞ്ഞ് ഉടുപ്പൊക്കെ മാറി ഞാൻ താഴേക്ക് ചെന്നപ്പോൾ അവൾ എനിക്കായി കാത്തുനിൽപ്പുണ്ടായിരുന്നു. ഞങ്ങൾ ആ വലിയ തറവാട് ചുറ്റിക്കാണാൻ തുടങ്ങി.

വലിയ അറകളും നിരയറകളും, മച്ചും, നടുമുറ്റവും എല്ലാം അവൾ എനിക്ക് പരിചയപ്പെടുത്തിത്തന്നു. ഞാൻ ഇതൊക്കെ ശ്രദ്ധിക്കുന്നതിനേക്കാൾ കൂടുതൽ അവളുടെ സംസാരവും ആ നീലക്കണ്ണുകളുമാണ് ശ്രദ്ധിച്ചിരുന്നത്.

നടുമുറ്റത്തെ മനോഹരമായ മരത്തൂണുകൾക്ക് സമീപം നിൽക്കുമ്പോൾ അവൾ പെട്ടെന്ന് നടത്തം നിർത്തി, തിരിഞ്ഞ് എന്റെ മുഖത്തേക്ക് നോക്കി. അവളുടെ കണ്ണുകളിൽ ആ പഴയ കുസൃതിച്ചിരിയുണ്ടായിരുന്നു.

"അല്ല എഞ്ചിനീയർ സാറേ... ഈ തറവാടിന്റെ തച്ചുശാസ്ത്രം പഠിക്കാനാ വന്നതെന്ന് പറഞ്ഞിട്ട് സാറിന്റെ കയ്യില് ഇതിന്റെയൊക്കെ പടം വരച്ചെടുക്കാൻ ഒരു ബുക്കോ പേനയോ ഒന്നുമില്ലലോ?

അളവെടുക്കാൻ ടേപ്പില്ല, ഫോട്ടോ എടുക്കാൻ ക്യാമറയുമില്ല... ഇങ്ങനെ പോക്കറ്റിലും കൈയിട്ട് നോക്കിനിൽക്കുകയാണോ""

അവളുടെ ആ ചോദ്യം കേട്ട് ഞാൻ ശരിക്കും ഞെട്ടിപ്പോയി! എന്റെ ബുദ്ധി അവിടെ വരെ എത്തിയിരുന്നില്ല. ഞാൻ ആകെ ചമ്മി പരുങ്ങാൻ തുടങ്ങി.

"അത്... പിന്നെ... ഞാൻ മെയിൻ ആയിട്ട് ഈ ഡിസൈൻ മനസ്സിൽ ഓർത്തു വെക്കുകയാ..."

ഞാൻ എന്തൊക്കെയോ ന്യായീകരിക്കാൻ ശ്രമിച്ചു.

"ഉവ്വ്, മനസ്സിലായി..."

അവൾ ചിരിയമർത്തിക്കൊണ്ട് ചോദിച്ചു.

"സത്യം പറയ്, ആദി എന്തിനാ ഇങ്ങ്ട് വന്നേ? ഈ തറവാട് കാണാനല്ലെന്ന് എനിക്ക് മനസ്സിലായി."

ഞാൻ ഒന്ന് നെടുവീർപ്പിട്ടു. ഇനി കള്ളം പറഞ്ഞിട്ട് കാര്യമില്ല. എന്നെക്കാൾ ബുദ്ധിമതിയാണ് അവൾ.

"നിന്നെ കാണാൻ..."

ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

"സച്ചുച്ചേട്ടന്റെ കല്യാണത്തിന് കണ്ടതിന് ശേഷം എനിക്ക് നിന്നെ മറക്കാൻ പറ്റിയില്ല. നിന്നെ ഒന്നുകൂടി കാണണം, നിന്നോട് സംസാരിക്കണം എന്ന് തോന്നി. അതുകൊണ്ടാ ആ ഫോട്ടോസ് ഒക്കെ പ്രിന്റ് എടുത്ത് ഇവിടെ വരെ വന്നത്.

ഇങ്ങനെയൊരു കള്ളം പറഞ്ഞില്ലെങ്കിൽ ഒരുപക്ഷെ നിന്റെ മുത്തശ്ശൻ എന്നെ അപ്പോൾ തന്നെ പറഞ്ഞയച്ചേനെ."

അത് കേട്ടപ്പോൾ അവളുടെ മുഖത്തെ ആ കുസൃതിച്ചിരി മാറി, പകരം ചെറിയൊരു നാണം മിന്നിമറയുന്നത് ഞാൻ കണ്ടു. അവൾ പെട്ടെന്ന് നോട്ടം മാറ്റി നടുമുറ്റത്തെ തുളസിത്തറയിലേക്ക് നോക്കി നിന്നു. കുറച്ചുനേരം ആരും ഒന്നും മിണ്ടിയില്ല.

"സത്യം പറഞ്ഞത് നന്നായി. എന്തായാലും മുത്തശ്ശനോട് ഈ കള്ളം പൊളിക്കാൻ നിക്കണ്ട. അദ്ദേഹത്തിന് ഈ തറവാടിനോടും ഇത് പഠിക്കാൻ വരുന്നവരോടും വലിയ ഇഷ്ടമാ.

അതുകൊണ്ടാ ആദിക്ക് ഇവിടെ നിൽക്കാൻ സമ്മതം തന്നത്,"

അവൾ പതുക്കെ പറഞ്ഞു.

സന്ധ്യ മയങ്ങിയപ്പോൾ ഞങ്ങൾ തിരികെ ഉമ്മറത്തേക്ക് നടന്നു.

രാത്രി അത്താഴത്തിന് വലിയൊരു പന്തിഭോജനം തന്നെ ഉണ്ടായിരുന്നു തറവാട്ടിൽ. അപ്പോഴാണ് ഞാൻ ബാക്കിയുള്ളവരെ പരിചയപ്പെടുന്നത്. പകൽ സമയത്ത് വീട്ടിലില്ലാതിരുന്ന പുരുഷന്മാരെല്ലാം അപ്പോഴാണ് ജോലി കഴിഞ്ഞെത്തിയത്. പാർവണയുടെ വലിയമ്മാവൻ ഹരിനാരായണൻ.

കുറച്ചു ഗൗരവക്കാരനായ ഒരു സ്കൂൾ മാഷ്. സാവിത്രി അമ്മായിയുടെ ഭർത്താവാണ് അദ്ദേഹം. പിന്നെ ചെറിയമ്മാവൻ ശ്രീനാരായണൻ. അദ്ദേഹത്തിന് ടൗണിൽ ഒരു തുണിക്കടയാണ്.

വളരെ രസികനായ പ്രകൃതം. അദ്ദേഹത്തിന്റെ ഭാര്യയാണ് രമ അമ്മായി. വളരെ ശാന്തപ്രകൃതയായ ഒരമ്മ. വലിയമ്മാവന്റെ ഗൗരവവും ചെറിയമ്മാവന്റെ തമാശകളും കേട്ട്

ആ വലിയ ഡൈനിങ്ങ് ടേബിളിലിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ, ഞാനും ആ വലിയ കുടുംബത്തിലെ ഒരംഗത്തെപ്പോലെയായി മാറിയിരുന്നു...

അത്താഴമെല്ലാം കഴിഞ്ഞ് എല്ലാവരും ഉറങ്ങാൻ പോയി. അവൾക്ക് ഫോൺ ഇല്ലാത്തതുകൊണ്ട് ഒന്ന് വിളിച്ച് സംസാരിക്കാനും വഴിയില്ലല്ലോ എന്നോർത്ത് ഞാൻ തെക്കിനിയിലെ എന്റെ മുറിയിലെ ജനാലയിലൂടെ പുറത്തെ നിലാവും നോക്കി കിടക്കുകയായിരുന്നു.

പെട്ടെന്നാണ് മുറിയുടെ വാതിലിൽ ചെറിയൊരു മുട്ട് കേട്ടത്. ഇത്ര രാത്രി ആരായിരിക്കും എന്ന ചിന്തയോടെ ഞാൻ പതുക്കെ എഴുന്നേറ്റ് ചെന്ന് വാതിൽ തുറന്നു.

മുൻപിൽ പാർവണ! അവളുടെ കയ്യിൽ കുടിക്കാൻ വെള്ളമുള്ള ഒരു ചെറിയ മൺകൂജയും ഗ്ലാസ്സും ഉണ്ടായിരുന്നു. എന്നെ കണ്ടതും അവൾ ആരും കേൾക്കാതെ പതുക്കെ ചോദിച്ചു:

"ഉറങ്ങിയില്ലേ...?"

അവൾ ശബ്ദം താഴ്ത്തി ചോദിച്ചു.

"ഇല്ല... ഉറക്കം വന്നില്ല,"

ഞാൻ പതുക്കെ പറഞ്ഞു.

"രാത്രി കുടിക്കാൻ വെള്ളം വേണോന്ന് വെച്ചിട്ടാ... മുത്തശ്ശൻ പറഞ്ഞിരുന്നു ആദിക്ക്യ് കുടിക്കാൻ കൂജയിൽ വെള്ളം വെച്ചുകൊടുക്കാൻ,"

അവളുടെ ചുണ്ടിൽ ആ കുസൃതിച്ചിരി വീണ്ടും വിരിഞ്ഞു. മൺകൂജയും ഗ്ലാസ്സും അവൾ മുറിയിലെ ചെറിയ മേശപ്പുറത്ത് വെച്ചു.

"മുത്തശ്ശൻ പറഞ്ഞിട്ടാണോ... അതോ..."

ഞാൻ വാക്കുകൾ മുഴുമിപ്പിക്കാതെ ചിരിച്ചുകൊണ്ട് ചോദിച്ചു.

അവളൊന്ന് നാണിച്ചെങ്കിലും പെട്ടെന്ന് മുഖത്ത് ഗൗരവം വരുത്തി.

"അതൊക്കെ പോട്ടെ, ഇങ്ങ്ട് വന്ന് മുത്തശ്ശനോട് കള്ളം പറഞ്ഞതൊക്കെ ശരി... എന്നാലും എത്ര ദിവസാ ഇപ്പൊ ഇവിടെ നിക്കാൻ ഉദ്ദേശിക്ക്ണ്?"

തനി പാലക്കാടൻ ശൈലിയിലുള്ള ആ ചോദ്യം കേട്ടപ്പോൾ എനിക്ക് വല്ലാത്തൊരു സന്തോഷം തോന്നി.

"അത്... ഒരു രണ്ടാഴ്ചത്തെ ലീവ് എടുത്താ ഞാൻ തിരുവനന്തപുരത്തുന്ന് പോന്നത്. എന്നെ ഈ തറവാട്ടിൽ നിന്ന് അടിച്ചിറക്കുന്നത് വരെ ഞാൻ ഇവിടെ എന്തായാലും ഉണ്ടാവും,"

ഞാൻ അവളെ നോക്കി കണ്ണിറുക്കി.

"ഓഹോ... എന്നാപ്പിന്നെ സാറ് സൂക്ഷിച്ചോ. ഈ രാമനാഥൻ നമ്പൂതിരിക്ക് പഴയ തറവാട് മാത്രല്ല, മനുഷ്യന്മാരെയും നന്നായിട്ട് വായിക്കാനറിയാം. എന്തെങ്കിലും സംശയം തോന്നിയാ പിന്നെ ഈ പടിപ്പുര കേറ്റില്ലാട്ടോ,"

അവൾ വലിയൊരു മുന്നറിയിപ്പ് തരുന്നതുപോലെ പറഞ്ഞു.

"അത് സാരമില്ല. ഇത്രയും വലിയൊരു തറവാട്ടിൽ എന്റെ കള്ളം പിടിക്കപ്പെടാതിരിക്കാൻ കൂട്ടുനിൽക്കാൻ നീ ഉണ്ടല്ലോ, പിന്നെ എനിക്കെന്താ പേടി?"

ഞാൻ വളരെ ആത്മവിശ്വാസത്തോടെ പറഞ്ഞു.

അതുകേട്ട് അവൾ മുഖം കുനിച്ച് ശബ്ദമുണ്ടാക്കാതെ ഒന്നു ചിരിച്ചു. ആ ചിരിയിൽ എനിക്കുള്ള മറുപടിയുണ്ടായിരുന്നു. എന്റെ ഈ വരവിലും കള്ളത്തിലും അവൾക്കും ഒരിഷ്ടമുണ്ടെന്ന് എനിക്ക് പൂർണ്ണമായും ഉറപ്പായി. കുറച്ചുനേരം ഞങ്ങൾക്കിടയിൽ വല്ലാത്തൊരു നിശബ്ദത നിറഞ്ഞുനിന്നു.

പുറത്ത് വീശുന്ന കാറ്റിൽ മുറ്റത്തെ മാവിലകൾ അനങ്ങുന്ന ശബ്ദം മാത്രം കേൾക്കാം

"ന്നാ ശരി... കിടന്നുറങ്ങിക്കോ. രാവിലെ

എഴുന്നേറ്റ് ഈ നാലുകെട്ടൊക്കെ ഒന്ന് അളന്ന് തിട്ടപ്പെടുത്തണ്ടേ എഞ്ചിനീയർ സാറിന്,"

അവൾ വീണ്ടും എന്നെ കളിയാക്കിക്കൊണ്ട്

വാതിൽക്കലേക്ക് നടന്നു.

"good night"

ഞാൻ പറഞ്ഞു

"മ്മ്..."

എന്ന് മാത്രം മൂളിക്കൊണ്ട് അവൾ എന്നെയൊന്ന് തിരിഞ്ഞുനോക്കി പുറത്തേക്ക് നടന്നു.

ഇരുണ്ട ഇടനാഴിയിലൂടെ പോകുമ്പോൾ അവളുടെ കാൽപ്പാദങ്ങളിലെ പാദസരം പതുക്കെ കിലുങ്ങുന്നത് ഞാൻ കേട്ടു. ആ ശബ്ദം അകന്നുപോയെങ്കിലും, എന്റെ കാതുകളിൽ അതൊരു സംഗീതം പോലെ തങ്ങിനിന്നു.

ഞാൻ വാതിലടച്ച് തിരികെ വന്ന് കട്ടിലിലേക്ക് കിടന്നു. ജനലിലൂടെ വരുന്ന ഇളംകാറ്റിന് ഇപ്പോൾ കരിമ്പനകളുടെ മാത്രമല്ല, അവളുടെ ആ ചിരിയുടെ കുളിർമ കൂടിയുണ്ടായിരുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ രാത്രികളിലൊന്ന്..

പിറ്റേന്ന് രാവിലെ ഉണരുമ്പോൾ തന്നെ വീടിന്റെ പല ഭാഗത്തുനിന്നും പലവിധ ശബ്ദങ്ങൾ കേൾക്കാമായിരുന്നു. പശുവിനെ കറക്കുന്ന ശബ്ദം, അടുക്കളയിൽ പാത്രങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദം, തറവാട്ടിലെ സ്ത്രീകളുടെ സംസാരം.

ഞാൻ വേഗം എഴുന്നേറ്റ് കുളിച്ച് റെഡിയായി താഴേക്ക് ചെന്നു.

ഉമ്മറത്തേക്ക് ചെന്നപ്പോൾ മുത്തശ്ശൻ വലിയൊരു ചാരുകസേരയിലിരുന്ന് പത്രം വായിക്കുന്നുണ്ടായിരുന്നു. വലിയമ്മാവൻ ഹരിനാരായണൻ മാഷ് സ്കൂളിലേക്ക് പോകാനുള്ള തയ്യാറെടുപ്പിലാണ്. ഞാൻ പതിയെ അങ്ങോട്ടേക്ക് ചെന്നു.

"ആഹാ, എഞ്ചിനീയർ എഴുന്നേറ്റോ. ഉറക്കമൊക്കെ എങ്ങനെയുണ്ടായിരുന്നു ഉണ്ണീ?"

മുത്തശ്ശൻ പത്രം മടക്കിവെച്ചുകൊണ്ട് ചോദിച്ചു.

"നല്ല ഉറക്കമായിരുന്നു മുത്തസ്സാ,"

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഇന്ന് എന്തൊക്കെയാ പ്ലാൻ? ഈ വടക്കിനിയുടെ ഭാഗത്തൊക്കെ ഒരുപാട് തടിപ്പണികളുണ്ട്. അതൊക്കെ നോക്കിപ്പഠിച്ചോളൂ,"

ഹരിനാരായണൻ മാഷ് വളരെ കാര്യമായിട്ടുതന്നെ പറഞ്ഞു. വലിയ ഗൗരവക്കാരനാണെങ്കിലും എന്നോട് വലിയ സ്നേഹമുള്ളതുപോലെ തോന്നി.

"തീർച്ചയായും നോക്കണം അമ്മാവാ. ഞാൻ കുറച്ചുദിവസം ഇവിടെ ഉണ്ടാകും. എല്ലാം സാവകാശം പഠിക്കണം,"

ഞാൻ എന്റെ താമസം നീട്ടാൻ പോകുന്ന കാര്യം അവിടെ വെച്ചുതന്നെ ഉറപ്പിച്ചു പറഞ്ഞു.

മുത്തശ്ശനും മാഷും അത് കേട്ട് സന്തോഷത്തോടെ തലകുലുക്കി.

ഞാൻ മെല്ലെ അടുക്കള ഭാഗത്തേക്ക് നടന്നു. വലിയൊരു അടുക്കള. അവിടെ ഭദ്രാമ്മയും സാവിത്രി അമ്മായിയും, ഇന്നലെ രാത്രി പരിചയപ്പെട്ട രമ ഇളയമ്മായിയും രാവിലത്തെ പ്രഭാതഭക്ഷണം ഉണ്ടാക്കുന്ന തിരക്കിലാണ്.

അവരെ സഹായിക്കാനായി കയ്യിലൊരു വലിയ പാത്രവുമായി പാർവണയും അവിടെ നിൽപ്പുണ്ടായിരുന്നു.

എന്നെ കണ്ടതും അവൾ പെട്ടെന്ന് നോട്ടം മാറ്റി, ഒന്നും അറിയാത്തപോലെ ജോലി തുടർന്നു.

"ആദി മോനെ, ദാ കുറച്ചു ചൂട് ചായ കുടിക്ക്,"

രമ ഇളയമ്മായി ഒരു ഗ്ലാസ്സിൽ ചായ എനിക്ക് നീട്ടി.

"ചായ കുടിച്ചിട്ട് മോൻ ഈ തറവാടിന്റെ . വടക്കിനിയുടെ അപ്പുറത്ത് ഒരു പഴയ പത്തായപ്പുരയുണ്ട്. അതൊക്കെ ഒന്ന് ചുറ്റി കണ്ടോളു.""

ഭദ്രാമ്മയും പറഞ്ഞു.

"അതൊക്കെ ഞാൻ കാണിച്ചുകൊടുത്തോളാം അമ്മേ,"

പാർവണ പെട്ടെന്ന് ഇട കയറി പറഞ്ഞു. അവൾ എന്നെയൊന്ന് പാളിനോക്കി.

"അതെന്തായാലും നന്നായി പാർവണേ. അവന് ഈ വീടിന്റെ വഴിയൊന്നും അറിയില്ലല്ലോ,"

സാവിത്രി അമ്മായി പറഞ്ഞു.

എന്നിട്ട് എന്നെ നോക്കി ചോദിച്ചു,

"അല്ല മോനേ, അളവെടുക്കാൻ ടേപ്പും ബുക്കും ഒന്നും ഞാൻ കണ്ടില്ലല്ലോ. അതൊക്കെ ബാഗിലാണോ വെച്ചേക്കുന്നത്?"

പെട്ടെന്നുള്ള ആ ചോദ്യം കേട്ട് എന്റെ തൊണ്ടയിൽ ചായ കുടുങ്ങി. ഞാൻ ചുമച്ചുപോയി. പാർവണ വായ പൊത്തി ചിരിക്കുന്നത് ഞാൻ കണ്ടു.

"അത്... അമ്മായി... ഞാൻ,"

ഞാൻ എന്ത് പറയണമെന്നറിയാതെ വിക്കി.

മുത്തശ്ശനും അമ്മാവന്മാർക്കും മുന്നിൽ രക്ഷപ്പെട്ടെങ്കിലും, ഈ തറവാട്ടിലെ സ്ത്രീകൾ എന്നെക്കൊണ്ട് വെള്ളം കുടിപ്പിക്കും എന്ന് എനിക്ക് ഉറപ്പായി. കള്ളം പറഞ്ഞ് പിടിച്ചുനിൽക്കാൻ ഞാൻ ഒരുപാട് കഷ്ടപ്പെടേണ്ടി വരും..

സാവിത്രി അമ്മായിയുടെ ആ ചോദ്യത്തിന് മുന്നിൽ എന്ത് മറുപടി പറയണമെന്നറിയാതെ ഞാൻ വിയർത്തു..

അപ്പോഴാണ് എന്റെ രക്ഷകയായി അവൾ അവതരിച്ചത്.

"അതൊക്കെ ആദിയുടെ ബാഗിൽ ഭദ്രമായിരിപ്പുണ്ട് സാവിത്രിയമ്മായി..."

പാർവണ ചിരിയമർത്തിക്കൊണ്ട് പറഞ്ഞു.

"ആദ്യം ഈ തറവാടിന്റെ ഒരു രൂപം മനസ്സിൽ കണ്ടിട്ട് പിന്നെ അളവെടുക്കാം എന്നാ ഈ എഞ്ചിനീയർ പറയുന്നേ. അല്ലേ ആദി?"

അവൾ എന്നെ നോക്കി കണ്ണിറുക്കി. ഞാൻ വേഗം തലകുലുക്കി സമ്മതിച്ചു.

അമ്മായിമാർക്ക് അതോടെ സമാധാനമായി. ചായ കുടിച്ചുതീർത്ത് ഞാൻ വേഗം അവിടെ നിന്നും തടിയൂരി.

ഞങ്ങൾ വടക്കിനിയുടെ മുറ്റത്തൂടെ പത്തായപ്പുരയിലേക്ക് നടന്നു. അവിടെ നിൽക്കുന്ന വലിയൊരു ഇലഞ്ഞിമരത്തിൽ നിന്നും കൊഴിഞ്ഞുവീണ പൂക്കളുടെ നേർത്ത ഗന്ധം ആ മുറ്റത്താകെ നിറഞ്ഞുനിന്നിരുന്നു.

മുറ്റത്തിന്റെ അറ്റത്തായി പഴയകാലത്തെ പ്രൗഢി വിളിച്ചോതുന്ന വലിയൊരു കെട്ടിടം. പത്തായപ്പുര!..

അതിന്റെ കനത്ത മരവാതിൽ അവൾ പതുക്കെ തള്ളിത്തുറന്നു. കാലപ്പഴക്കം ചെന്ന വിജാഗിരികൾ ചെറിയൊരു ഞരക്കത്തോടെ വഴിമാറിക്കൊടുത്തു. അകത്തേക്ക് കയറിയതും മറ്റൊരു ലോകത്തേക്ക് എത്തിയതുപോലെ എനിക്ക് തോന്നി.

പഴകിയ തടിയുടെയും, ഉണങ്ങിയ നെല്ലിന്റെയും, എങ്ങോ ഒളിച്ചിരിക്കുന്ന കർപ്പൂരത്തിന്റെയും ഗന്ധങ്ങൾ കലർന്ന വല്ലാത്തൊരു സുഗന്ധം എന്റെ മൂക്കിലേക്കടിച്ചു.

അവിടെ നേരിയ ഇരുട്ടായിരുന്നു. മുകളിലെ ഓടുകൾക്കിടയിലെ വിടവിലൂടെ അരിച്ചിറങ്ങിയ സൂര്യകിരണങ്ങൾ നിലത്ത് വീണുകിടന്നു. ആ പ്രകാശദണ്ഡുകളിലൂടെ പൊടിപടലങ്ങൾ ഒരു സ്വർണ്ണമഴ പോലെ നൃത്തം വെക്കുന്നുണ്ടായിരുന്നു.

ഈട്ടിത്തടിയിൽ തീർത്ത കൂറ്റൻ തൂണുകളിൽ അതിസൂക്ഷ്മമായ കൊത്തുപണികൾ വിരിഞ്ഞുനിൽക്കുന്നു.

തലമുറകളുടെ കഥകൾ ഉറങ്ങിക്കിടക്കുന്ന ഭീമാകാരനായ കുറെ പത്തായങ്ങൾ അവിടെ നിരന്നുകിടപ്പുണ്ട്. പുറത്തെ കാറ്റിന്റെ ഇരമ്പൽ പോലും ആ പത്തായപ്പുരയുടെ കട്ടി കൂടിയ ഭിത്തികൾക്കുള്ളിൽ വെറുമൊരു നേർത്ത മൂളലായി മാറിയിരുന്നു.വല്ലാത്തൊരു ശാന്തത.

"എങ്ങനെയുണ്ട് നമ്മുടെ പത്തായപ്പുര?"

അവൾ പതുക്കെ ചോദിച്ചു.

ആ വലിയ നിശബ്ദതയിൽ അവളുടെ ശബ്ദത്തിന് വല്ലാത്തൊരു മുഴക്കമുണ്ടായിരുന്നു.

"മനോഹരം..."

ഞാൻ സത്യം പറഞ്ഞു.

"ഇതൊരു എഞ്ചിനീയറുടെ കണ്ണുകൊണ്ട് കാണേണ്ട കാഴ്ചയല്ല. ഇതിനൊരു കവിതയുടെ ഭംഗിയുണ്ട്."

അവൾ എന്നെ നോക്കി ഒന്ന് പുഞ്ചിരിച്ചിട്ട് അവിടെയുണ്ടായിരുന്ന ചെറിയ മരജ്ജനാലകൾ ഓരോന്നായി തുറന്നിട്ടു. കരിമ്പനകളെ തഴുകിവന്ന കാറ്റ് ആ ജനാലകളിലൂടെ ഉള്ളിലേക്ക് ഇരച്ചുകയറി.

കാറ്റിൽ അവളുടെ മുടിയിഴകൾ പാറിപ്പറന്നു. ആ പഴയ പത്തായപ്പുരയുടെ പശ്ചാത്തലത്തിൽ, ജനാലയിലൂടെ വന്ന സൂര്യപ്രകാശത്തിൽ തിളങ്ങുന്ന അവളുടെ മുഖം കണ്ടപ്പോൾ ഞാൻ അറിയാതെ നോക്കിനിന്നുപോയി.

ചന്ദനപ്പൊട്ടും, ആ വലിയ നീലക്കണ്ണുകളും, കുറുമ്പുള്ള ആ ചിരിയും... കവിത അവിടെ പത്തായപ്പുരയായിരുന്നില്ല, അവളായിരുന്നു!

ഞാൻ പതുക്കെ അവളുടെ അടുത്തേക്ക് നടന്നു. കാറ്റിന്റെ ശീൽക്കാരമല്ലാതെ വേറെയൊരു ശബ്ദവും അവിടെ ഉണ്ടായിരുന്നില്ല. പത്തായപ്പുരയുടെ ആ ഏകാന്തതയിൽ, അവൾക്കും എനിക്കും ഇടയിലെ ദൂരം കുറഞ്ഞുവരികയായിരുന്നു.

അവളുടെ കണ്ണുകളിൽ എന്റെ കള്ളം പിടിച്ച ആ പഴയ കുസൃതിയല്ല, പകരം മറ്റെന്തോ ഭാവം നിറയുന്നത് ഞാൻ കണ്ടു..

ഒന്നും മിണ്ടാതെ ഞാൻ അവളുടെ അടുത്തേക്ക് ഒരടി കൂടി വെച്ചു. ലോകം മുഴുവൻ ആ നിമിഷത്തിൽ നിശ്ചലമായതുപോലെ.

പക്ഷെ, പെട്ടെന്നാണ് ആ വലിയ നിശബ്ദതയെ കീറിമുറിച്ചുകൊണ്ട് എന്റെ പോക്കറ്റിൽ കിടന്ന ഫോൺ ഉച്ചത്തിൽ ശബ്ദിച്ചത്!.

ഞങ്ങൾ രണ്ടുപേരും പെട്ടെന്ന് ഞെട്ടി പിന്നോട്ട് മാറി. ആ റൊമാന്റിക് മൂഡ് ഒറ്റ നിമിഷം കൊണ്ട് ഇല്ലാതായി. ഫോണെടുത്ത് സ്ക്രീനിലേക്ക് നോക്കിയപ്പോൾ എന്റെ കിളി പോയി—'അമ്മ കോളിംഗ്'.

പാലക്കാട് എത്തിയിട്ട് വിളിക്കാമെന്ന് പറഞ്ഞ് ഇറങ്ങിയ ഞാൻ, ഇന്ദ്രനീലത്തിലെ ആവേശത്തിൽ ആ കാര്യം പാടേ മറന്നിരുന്നു!.

പാർവണ സംശയത്തോടെ എന്നെ നോക്കി,

"ആരാപ്പൊ?" എന്ന് പുരികമുയർത്തി ചോദിച്ചു ഞാൻ ഫോൺ കാണിച്ച് 'അമ്മയാ' എന്ന് ചുണ്ടനക്കി കാണിച്ചു. അവളുടെ മുഖത്ത് വീണ്ടും ആ കുസൃതിച്ചിരി വിടർന്നു.

ഞാൻ വേഗം ഫോൺ അറ്റൻഡ് ചെയ്തു.

"ഹലോ അമ്മേ..."

"എന്താടാ നിന്റെ വിചാരം? ഇന്നലെ ഉച്ചയ്ക്ക് പാലക്കാട് എത്തിയതല്ലേ നീ? അവിടെ എത്തിയാലുടനെ എന്നെ വിളിക്കണം എന്ന് ഞാൻ പറഞ്ഞിരുന്നില്ലേ നിന്നോട്? എന്റെ നെഞ്ചിടിപ്പ് കൂട്ടാനായിട്ട് ഓരോന്ന് ഇറങ്ങിക്കോളും..."

മറുതലക്കൽ അമ്മയുടെ ശകാരം തുടങ്ങി. ആ വഴക്ക് കേട്ട് ഞാൻ ഫോൺ ചെവിയിൽ നിന്ന് കുറച്ചൊന്ന് മാറ്റിപ്പിടിച്ചു. പാർവണ ഇതുകണ്ട് വായപൊത്തി ചിരിക്കുകയാണ്..

"അത്... അമ്മേ, ഞാൻ ഇന്നലെ ഇവിടെ എത്തിയപ്പോഴേക്കും കുറച്ചു വൈകി. പിന്നെ ഈ ഇന്ദ്രനീലം തറവാട് അങ്ങോട്ട് കണ്ടപ്പോൾ... അതിലെ തടിപ്പണികളും ഡിസൈനുമൊക്കെ നോക്കി നിന്നപ്പോ സമയം പോയതറിഞ്ഞില്ല. ശരിക്കും വിളിക്കാൻ വിട്ടുപോയതാ..."

ഞാൻ എങ്ങനെയൊക്കെയോ ന്യായീകരിച്ചു.

"എന്തെങ്കിലും പുതിയത് കണ്ടാൽ പിന്നെ ചുറ്റുമുള്ളതൊക്കെ മറക്കുന്ന നിന്റെ ഈ സ്വഭാവം ഇനിയും മാറിയില്ലല്ലോ! അവിടെ എങ്ങനെയുണ്ട് കാര്യങ്ങൾ? നീ എവിടെയാ ഇപ്പൊ നിൽക്കുന്നെ? അവിടെ അടുത്തു വല്ല ലോഡ്ജിലും ആണോ?"

അമ്മയുടെ സ്വരം കുറച്ചൊന്ന് മയങ്ങി.

"അല്ലമ്മേ, ഇന്ദ്രനീലത്തിൽ തന്നെയാ. സച്ചുച്ചേട്ടന്റെ ഭാര്യ അഞ്ജലിയേടത്തിയുടെ കസിൻ ഇല്ലേ പാർവണ, അവളുടെ തറവാടാ ഇത്. ഇവിടുത്തുകാർക്ക് വലിയ സ്നേഹമാ. മുത്തശ്ശനും അമ്മാവന്മാരും ഒക്കെ എന്നെ ഇവിടെ നിർത്തി.

എനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. ഞാൻ നല്ല അടിപൊളിയായിട്ടാ നിൽക്കുന്നെ."

"മ്മ്... എന്തായാലും അവിടെ ചെന്ന് ആർക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കരുത്. എഴുന്നേറ്റ് കാപ്പിയൊക്കെ കുടിച്ചോ? സമയത്തിന് ഭക്ഷണം കഴിക്കണം. ഞാൻ വെക്കുവാ."

"ശരി അമ്മ .."

ഫോൺ കട്ട് ചെയ്ത് ഞാൻ ദീർഘമായി ഒന്ന് നെടുവീർപ്പിട്ടു. എന്റെ അവസ്ഥ കണ്ട് പാർവണ ചിരി അടക്കാൻ പാടുപെടുന്നുണ്ടായിരുന്നു.

"എന്താപ്പൊ എഞ്ചിനീയർ സാറേ, അമ്മേടെ കയ്യീന്ന് നല്ല ഡോസ് കിട്ടീല്ലേ?.

"എന്റെ പാർവണേ, ഞാൻ ഇവിടെ വന്നിട്ട് നിന്നെ നോക്കുന്ന തിരക്കിൽ പാവം എന്റെ അമ്മയെപ്പോലും മറന്നുപോയി. വാ, നമുക്ക് എന്തായാലും പോയി കാപ്പി കുടിക്കാം, അല്ലെങ്കിൽ നിന്റെ അമ്മായിമാര് അടുത്ത ചോദ്യവുമായി വരും."

ഞാൻ പറഞ്ഞതുകേട്ട് അവൾ കുസൃതിയോടെ എന്നെ നോക്കി കണ്ണിറുക്കി. പിന്നെ പത്തായപ്പുരയുടെ വലിയ വാതിലടച്ച് ഞങ്ങൾ വീണ്ടും ആ വടക്കിനിയുടെ മുറ്റത്തൂടെ അടുക്കള ഭാഗത്തേക്ക് നടന്നു...

പത്തായപ്പുരയിൽ നിന്നും ഞങ്ങൾ നേരെ ചെന്നത് വലിയ ഊണുമുറിയിലേക്കാണ്. വലിയൊരു മരമേശയ്ക്ക് ചുറ്റും എല്ലാവരും ഇരിക്കാൻ തുടങ്ങുകയായിരുന്നു. മുത്തശ്ശനും, സ്കൂളിലേക്ക് പോകാൻ തയ്യാറായിവന്ന ഹരിനാരായണൻ മാഷും അവിടെയുണ്ടായിരുന്നു.

രമ ഇളയമ്മായി ചൂട് ഇഡ്ഡലിയും സാമ്പാറും മേശപ്പുറത്ത് വിളമ്പിവെച്ചു.

"വാ ഉണ്ണീ, വന്നിരുന്ന് കാപ്പി കുടിക്ക്. പത്തായപ്പുരയൊക്കെ കണ്ടോ? ആ തടിപ്പണികളൊക്കെ ഇഷ്ടായോ കുട്ടിക്ക്?"

മുത്തശ്ശൻ ചോദിച്ചു

.

"കണ്ടു മുത്തശ്ശ. വളരെ മനോഹരമായ പണികളാണ്. ഇപ്പോഴത്തെ വീടുകൾക്കൊന്നും ആ ഒരു ഗാംഭീര്യം കിട്ടില്ല,"

ഞാൻ വളരെ ആവേശത്തോടെ പറഞ്ഞു.

"അതെ... അത് തന്നെയാ ഈ രാമനാഥനും പറയുന്നേ,"

എന്റെ മറുപടി കേട്ട് മുത്തശ്ശൻ സന്തോഷത്തോടെ തലയാട്ടി.

ഇഡ്ഡലി കഴിക്കുന്നതിനിടയിൽ വലിയമ്മാവൻ ഹരിനാരായണൻ മാഷ് എന്നെ നോക്കി ചോദിച്ചു.

"അല്ല ആദി, തിരോന്തോരത്ത് വീട്ടിൽ ആരൊക്കെയുണ്ട്? അച്ഛനെന്താ ചെയ്യുന്നേ?"

ഞാൻ കഴിക്കുന്നത് നിർത്തി അമ്മാവനെ ഒന്ന് നോക്കി, പിന്നെ പതുക്കെ പറഞ്ഞു:

"വീട്ടിൽ അമ്മയും ഞാനും മാത്രമേയുള്ളൂ അമ്മാവാ. എനിക്കൊരു ചേച്ചിയുണ്ട്, ബാംഗ്ലൂരിൽ ഒരു ഐ.ടി കമ്പനിയിലാണ് ജോലി. ചേച്ചിയുടെ കല്യാണം കഴിഞ്ഞിട്ടില്ല. അച്ഛൻ ഞാൻ പഠിക്കുന്ന കാലത്തേ മരിച്ചുപോയി.

പിന്നെ അമ്മയാ ഒത്തിരി കഷ്ടപ്പെട്ട് ഞങ്ങളെ വളർത്തിയതും പഠിപ്പിച്ചതുമൊക്കെ. ഇപ്പോ എന്റെ ഈ ജോലി കിട്ടിയതിന് ശേഷമാ അമ്മയ്ക്കൊന്ന് സമാധാനമായത്."

അതുകേട്ടപ്പോൾ ആ വലിയ ഊണുമുറിയിൽ പെട്ടെന്നൊരു നിശബ്ദത പരന്നു. ഭദ്രാമ്മയുടെ മുഖത്ത് വല്ലാത്തൊരു വാത്സല്യം നിറയുന്നത് ഞാൻ കണ്ടു. ഭർത്താവ് മരിച്ചതിന്റെ സങ്കടം അനുഭവിക്കുന്ന അവർക്ക്, അമ്മ ഒറ്റയ്ക്ക് മക്കളെ വളർത്തി വലുതാക്കിയതിന്റെ ബുദ്ധിമുട്ടുകൾ വേഗം മനസ്സിലായിക്കാണും.

"സാരല്യ ഉണ്ണീ, സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന ഒരു മോനെ കിട്ടിയല്ലോ, അതുമതിയാവും ആ അമ്മയ്ക്ക് സമാധാനായിട്ട് ഇരിക്കാൻ,"

മുത്തശ്ശൻ വളരെ വാത്സല്യത്തോടെ പറഞ്ഞു.

അതുകേട്ട് ഞാൻ മൂളിക്കൊണ്ട് പതിയെ തലയുയർത്തുമ്പോൾ അവിടെ നിൽക്കുകയായിരുന്ന പാർവണ എന്നെത്തന്നെ നോക്കി നിൽക്കുകയായിരുന്നു. അവളുടെ മുഖത്തെ ആ കുസൃതിച്ചിരിയൊക്കെ അപ്പോഴേക്കും മാറിയിരുന്നു.

പകരം, എന്നോട് വല്ലാത്തൊരു സ്നേഹവും അനുകമ്പയും നിറഞ്ഞ ആ നീലക്കണ്ണുകൾ... എന്റെ കള്ളങ്ങൾക്കപ്പുറം എന്റെ ജീവിതത്തിലെ യഥാർത്ഥ അവസ്ഥ അവൾ മനസ്സിലാക്കിയ ആ നിമിഷം, ഞങ്ങൾക്കിടയിലെ ആത്മബന്ധം ഒന്നുകൂടി ദൃഢമായതുപോലെ എനിക്ക് തോന്നി.....

കാപ്പികുടി കഴിഞ്ഞ് മുത്തശ്ശനും മാഷും തങ്ങളുടെ തിരക്കുകളിലേക്ക് മാറിയപ്പോൾ, തറവാടിന്റെ തെക്കേത്തൊടിയിലുള്ള വലിയ കുളപ്പുര കാണാനായി ഞങ്ങൾ നടന്നു. തെങ്ങിൻതോപ്പുകൾക്കും കവുങ്ങിൻതോട്ടങ്ങൾക്കും നടുവിലൂടെയുള്ള ചെറിയ ഇടവഴി അവസാനിക്കുന്നത് ആ വലിയ കുളപ്പുരയുടെ കരിങ്കൽപ്പടവുകളിലാണ്.

അങ്ങോട്ട് കാലെടുത്തുവെച്ചപ്പോൾ തന്നെ പ്രകൃതി കാത്തുവെച്ച ഒരു രഹസ്യസങ്കേതത്തിലേക്ക് എത്തിയതുപോലെ എനിക്ക് തോന്നി. പായൽ പിടിച്ച കറുത്ത

കരിങ്കൽപ്പടവുകൾ ചെന്നവസാനിക്കുന്നത് വിസ്താരമേറിയ ഒരു വലിയ കുളത്തിലേക്കാണ്.

കരയിൽ നിൽക്കുന്ന ഇലഞ്ഞിമരത്തിന്റെയും വലിയൊരു കാഞ്ഞിരത്തിന്റെയും നിഴൽപ്പാടുകൾ കുളത്തിലെ പച്ചവെള്ളത്തിൽ ഒരു മനോഹരമായ ചിത്രം വരച്ചിട്ടിരുന്നു. കുളപ്പുരയുടെ പഴക്കമുള്ള ഓടുമേഞ്ഞ മേൽക്കൂരയിൽ തട്ടി പ്രതിഫലിക്കുന്ന പ്രഭാതസൂര്യന്റെ വെളിച്ചം വെള്ളത്തിൽ സ്വർണ്ണത്തരികൾ പോലെ തിളങ്ങിനിന്നു.

എങ്ങും വല്ലാത്തൊരു ശാന്തത. ഇടയ്ക്ക് വെള്ളത്തിൽ വട്ടമിട്ടു പറക്കുന്ന നീലപ്പൊന്മാന്റെ ചിറകടിയൊച്ചയും, കാറ്റിൽ ഉലയുന്ന മുളങ്കൂട്ടങ്ങളുടെ ശബ്ദവും മാത്രം. അക്ഷരങ്ങളിലേക്ക് പകർത്താൻ കഴിയാത്തത്ര മനോഹരമായ ഒരു കവിത പോലെ ആ കുളപ്പുര എന്റെ കണ്ണിനും മനസ്സിനും കുളിർമ നൽകി.

അവൾ പടവുകളിൽ ഒന്നിൽ, വെള്ളത്തിലേക്ക് കാലുകൾ നീട്ടി ഇരുന്നു. ഞാനും കുറച്ചുമാറി അവൾക്കരികിലായി ഇരുന്നു. എന്റെ കണ്ണുകൾ ആ പ്രകൃതിഭംഗിയിൽ നിന്ന് മെല്ലെ അവളിലേക്ക് നീണ്ടു.

അവളിൽ എന്തൊക്കെയോ മാറ്റങ്ങൾ സംഭവിച്ചതുപോലെ എനിക്ക് തോന്നി. ഇന്നലെവരെ എന്നെ കളിയാക്കിയിരുന്ന, എന്റെ കള്ളം പിടിച്ചുനടന്നിരുന്ന ആ പഴയ കുസൃതിക്കാരിയായിരുന്നില്ല ഇപ്പോൾ എന്റെയടുത്ത് ഇരിക്കുന്നത്.

വളരെ ശാന്തയായിരുന്നു അവൾ. കാറ്റിൽ പാറിവന്ന മുടിയിഴകൾ അവൾ മെല്ലെ വിരലുകൾ കൊണ്ട് ചെവിയ്ക്കുപിന്നിലേക്ക് ഒതുക്കിവെച്ചു. ആ മുഖത്ത് ഒരു നേർത്ത പുഞ്ചിരി തങ്ങിനിൽപ്പുണ്ടായിരുന്നു.

പെട്ടെന്ന് അവൾ മുഖമുയർത്തി എന്നെ നോക്കി. ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഉടക്കി. ഞാൻ വേഗം നോട്ടം മാറ്റുമെന്ന് അവൾ കരുതിയെങ്കിലും ഞാൻ അവളെത്തന്നെ നോക്കിയിരിക്കുകയായിരുന്നു.

ആ നോട്ടത്തിൽ അവളൊന്ന് പതറി, പിന്നെ പെട്ടെന്ന് കണ്ണുകൾ പിൻവലിച്ച് വെള്ളത്തിലേക്ക് നോക്കി. അവളുടെ കവിളുകളിൽ ചെറിയൊരു ചുവപ്പ് പടരുന്നത് ഞാൻ ശ്രദ്ധിച്ചു.

എന്റെ അച്ഛന്റെ മരണവും അമ്മയുടെ കഷ്ടപ്പാടും കേട്ടതുമുതൽ അവളുടെ എന്നോടുള്ള സമീപനം മാറിയിട്ടുണ്ടെന്ന് എനിക്ക് തീർച്ചയായിരുന്നു. ആ വലിയ നീലക്കണ്ണുകളിൽ ഇപ്പോൾ കളിയാക്കലുകളില്ല, പകരം പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരുതരം ആർദ്രതയാണ്.

എന്റെ ഈ വികൃതികൾക്കും കള്ളത്തരങ്ങൾക്കും അപ്പുറം, ഉത്തരവാദിത്തങ്ങളുള്ള ഒരു സാധാരണക്കാരനായി അവൾ എന്നെ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു.

ഒരക്ഷരം പോലും അവൾ പറഞ്ഞില്ല. പക്ഷേ, ആ മൗനത്തിന് ആയിരം അർത്ഥങ്ങളുണ്ടായിരുന്നു.

ഇടയ്ക്കിടെയുള്ള അവളുടെ ആ പാളിനോട്ടത്തിലും, ചുണ്ടിലെ ആ ചെറിയ നാണത്തിലും, കുളത്തിലെ വെള്ളത്തിൽ അവൾ വെറുതെ വരച്ചുകൊണ്ടിരുന്ന വിരലുകളിലും എല്ലാം എനിക്കുള്ള മറുപടിയുണ്ടായിരുന്നു.

കുളത്തിലെ ശാന്തമായ വെള്ളത്തിൽ വീഴുന്ന ചെറിയ ഇലകൾ ഓളങ്ങൾ തീർക്കുന്നതുപോലെ, അവളുടെ മനസ്സിലും എനിക്കായി ഒരു പ്രണയം ജനിച്ചുതുടങ്ങിയെന്ന് എന്റെ ഹൃദയം എന്നോട് മന്ത്രിക്കുന്നുണ്ടായിരുന്നു.

പരസ്പരം ഒന്നും പറഞ്ഞില്ലെങ്കിലും, ഞങ്ങൾക്കിടയിലെ ആ നിശബ്ദത അന്നത്തെ ആ കുളിർകാറ്റിനേക്കാൾ മനോഹരമായിരുന്നു..

കുളത്തിലെ വെള്ളത്തിൽ വെറുതെ വിരലുകൾ കൊണ്ട് വരഞ്ഞുകൊണ്ടിരുന്ന അവളുടെ മൗനം ഞാൻ തന്നെയാണ് ആദ്യം ഭേദിച്ചത്.

"ഇത്രയും നേരം എന്റെ കഥകളല്ലേ കേട്ടത്... നിന്നെക്കുറിച്ച് ഒന്നും പറഞ്ഞില്ലല്ലോ. എന്താ പഠിക്കുന്നേ? ഇനി എന്താ പ്ലാൻ?"

ഞാൻ പതുക്കെ ചോദിച്ചു.

അവൾ വെള്ളത്തിൽ നിന്നുമെടുത്ത് നനഞ്ഞ വിരലുകൾ പാവാടത്തുമ്പിൽ തുടച്ചുകൊണ്ട് എന്നെ നോക്കി.

"ഞാനിപ്പോ ഡിഗ്രി കഴിഞ്ഞു നിക്കാണ്. ബി.എ ഇംഗ്ലീഷ്. റിസൾട്ട് വരാൻ കാത്തിരിക്കാ. അത് കഴിഞ്ഞിട്ട് വേണം പി.ജിക്ക് ചേരാൻ,"

അവൾ പറഞ്ഞു.

"ഓഹോ, അപ്പൊ ഭാവിയില് ആരാകാനാ പ്ലാൻ? വലിയൊരു ഇംഗ്ലീഷ് പ്രൊഫസർ ആവാനാണോ?"

ഞാൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

"ഏയ്, അത്ര വലിയ മോഹമൊന്നുമില്ല,"

അവൾ ചെറുതായൊന്ന് ചിരിച്ചു.

"വലിയമ്മാവനെപ്പോലെ ഒരു സ്കൂൾ ടീച്ചർ ആവണം. കുട്ടികളെ പഠിപ്പിച്ച്, അവരുടെ കൂടെ ഇങ്ങനെ സന്തോഷായിട്ട് നടക്കണം. അതാണെനിക്കിഷ്ടം."

"ടീച്ചറോ?"

ഞാൻ കളിയാക്കുന്ന രൂപത്തിൽ അവളെ നോക്കി.

"ഈ കുസൃതിക്കാരി ടീച്ചറായാൽ കുട്ടികളെ എങ്ങനെയാ അടക്കി നിർത്തുക? വഴക്ക് പറയാൻ ഈ മുഖത്തിന് തീരെ ഗൗരവം പോരല്ലോ."

"അതെന്താപ്പൊ അങ്ങനെ പറഞ്ഞേ? എനിക്ക് നല്ല ഗൗരവത്തിലൊക്കെ നിൽക്കാൻ അറിയാം ട്ടോ,"

അവൾ കണ്ണുരുട്ടി കാണിച്ചുകൊണ്ട് ചോദിച്ചു.

"ഉവ്വ്... ഭയങ്കര ഗൗരവം തന്നെ. ഏത് കുരുത്തംകെട്ട കുട്ടിയായാലും നിന്റെ ഈ നീലക്കണ്ണുകളിലേക്ക് നോക്കിയാൽ അവരുടെ പേടിയൊക്കെ അപ്പൊത്തന്നെ തീരും. പിന്നെ അവരും നിന്റെ കൂടെ കളിക്കാൻ കൂടും,"

ഞാൻ അവളെ നോക്കി കണ്ണെടുക്കാതെ പറഞ്ഞു.

ആ വാക്ക് കേട്ടതും അവളുടെ കള്ളഗൗരവം അലിഞ്ഞില്ലാതായി. മുഖത്ത് വീണ്ടും നാണത്തിന്റെ ചുവപ്പ് പടർന്നു. അവൾ പെട്ടെന്ന് നോട്ടം മാറ്റി വീണ്ടും കുളത്തിലേക്ക് തന്നെ നോക്കിയിരുന്നു.

"അല്ല... ഈ എഞ്ചിനീയർ സാറിന് വേറെ പണിയൊന്നുമില്ലേ? വീട് മുഴുവൻ നോക്കിപ്പഠിക്കാനുണ്ടെന്ന് പറഞ്ഞിട്ട് ഇപ്പൊ കുളപ്പുരയിലെ പടവണ്ണാനാണോ ഉദ്ദേശം?"

അവൾ വിഷയം മാറ്റാനായി ചോദിച്ചു.

"അതിന് ഞാൻ പഠിക്കാൻ വന്ന വീടിനേക്കാൾ ഭംഗി ആ വീട്ടിലെ ഈ കുട്ടിക്കല്ലേ..."

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

അവൾ അത്ഭുതത്തോടെ എന്നെ നോക്കിയപ്പോൾ ഞാൻ കുറച്ചുകൂടി ഗൗരവത്തിൽ തുടർന്നു:

"സത്യമാ പാർവണേ... സച്ചുച്ചേട്ടന്റെ കല്യാണത്തിന് പോകുന്നതിന് കുറച്ചുനാൾ മുൻപ് ഞാൻ ഒരു സ്വപ്നം കണ്ടിരുന്നു. ചുറ്റും കാടുകൾ കൊണ്ട് നിറഞ്ഞ ഏതോ ഒരു മനോഹരമായ സ്ഥലം...

ആ പച്ചപ്പിന് നടുവിൽ, കാറ്റിൽ പാറുന്ന മുടിയിഴകളും ഈ നീലക്കണ്ണുകളുമായി നിൽക്കുന്ന ഒരു പെൺകുട്ടി...പട്ട് നിറമുള്ള ധവണിയായിരുന്നു വേഷം.പിന്നീട്

സച്ചുച്ചേട്ടന്റെ കല്യാണപ്പന്തലിൽ വെച്ച് ആദ്യമായി നിന്നെ കണ്ടപ്പോൾ ഞാൻ ശരിക്കും ഞെട്ടിപ്പോയി!

എന്റെ സ്വപ്നത്തിൽ കണ്ട അതേ പെൺകുട്ടിയാണ് എന്റെ മുന്നിൽ നിൽക്കുന്നത്! എപ്പോഴെങ്കിലും നിന്നെ ഞാൻ നേരിൽ കാണുമെന്നും, നിന്റെ കൂടെ ഇങ്ങനെ വന്നിരിക്കുമെന്നും കാലം എനിക്ക് മുൻപേ നൽകിയ സൂചനയായിരുന്നോ ആ സ്വപ്നം എന്ന് തോന്നിപ്പോകുന്നു."

എന്റെ ആ വാക്കുകൾ കേട്ട് അവൾ ശരിക്കും അമ്പരന്നുപോയി.

ആ വലിയ നീലക്കണ്ണുകളിൽ വിസ്മയവും ഒപ്പം പറഞ്ഞറിയിക്കാൻ കഴിയാത്ത നാണവും നിറഞ്ഞുനിന്നു. സ്വപ്നത്തിലെ പെൺകുട്ടി താനാണെന്നറിഞ്ഞതിന്റെ ഒരത്ഭുതം ആ മുഖത്തുണ്ടായിരുന്നു.

എങ്കിലും അതൊന്നും പുറത്തുകാണിക്കാതെ അവൾ പെട്ടെന്ന് മുഖത്ത് കള്ളഗൗരവം വരുത്തി.

"ഓ... മതി മതി... ഈ എഞ്ചിനീയർ സാറിന്റെ ഒരു തള്ള്! എന്നെ വീഴ്ത്താൻ വേണ്ടി ചുമ്മാ ഓരോ കഥകൾ ഉണ്ടാക്കി പറയുകയാ അല്ലെ?.""

ചുണ്ടിലെ ചിരി മറച്ചുപിടിച്ച് ഇത്രയും പറഞ്ഞിട്ട് അവൾ വേഗം പാവാടത്തുമ്പ് പിടിച്ചുയർത്തി പടവുകൾ കയറി തറവാട്ടിലേക്ക് നടന്നു.

'ചുമ്മാ പറയുകയാ' എന്ന് പറയുമ്പോഴും ആ മുഖത്തുണ്ടായിരുന്ന നാണവും, തിരിഞ്ഞുനടക്കുമ്പോഴുള്ള അവളുടെ ആ കുസൃതിയും കണ്ട് ഞാൻ അവിടെത്തന്നെ ഇരുന്നു. എന്റെ ചുണ്ടിലും വല്ലാത്തൊരു ചിരിയുണ്ടായിരുന്നു.

അവൾക്കും എന്നെ ഇഷ്ടമായിത്തുടങ്ങി എന്ന് എനിക്ക് പൂർണ്ണമായും ഉറപ്പായ നിമിഷം.....

ഉച്ചഭക്ഷണവും കഴിഞ്ഞ് വിശ്രമിച്ചതിനു ശേഷം, വെയിൽ താഴ്ന്ന് പകൽ പതുക്കെ സന്ധ്യയ്ക്ക് വഴിമാറാൻ തുടങ്ങിയിരുന്നു..

തറവാട്ടിന്റെ പടിഞ്ഞാറേ മൂലയിലുള്ള സർപ്പക്കാവിലേക്ക് സന്ധ്യാദീപം തെളിയിക്കാൻ പോവുകയായിരുന്നു പാർവണ. കുളിച്ചു വേഷം മാറി,ഒരു  പച്ചകളർ ദവാണിയും അണിഞ്ഞു കയ്യിലൊരു ചെറിയ ഓട്ടുവിളക്കും തിരിയുമായി പോകുന്ന അവളെ കണ്ടപ്പോൾ വെറുതെ തറവാട്ടിലെ കാഴ്ചകൾ കണ്ടുനടക്കുകയായിരുന്ന ഞാനും അവളുടെ പിന്നാലെ കൂടി.

കരിയിലകൾ വീണുകിടക്കുന്ന ചെറിയ ഇടവഴി ചെന്നവസാനിക്കുന്നത് വലിയൊരു സർപ്പക്കാവിലേക്കാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള കൂറ്റൻ മരങ്ങളും, അവയിൽ

ചുറ്റിപ്പടർന്നു കിടക്കുന്ന വള്ളിച്ചെടികളും ആ സ്ഥലത്തിന് വല്ലാത്തൊരു വന്യത നൽകിയിരുന്നു..

സന്ധ്യ മയങ്ങിത്തുടങ്ങിയതുകൊണ്ട് കാവിനുള്ളിൽ നല്ല ഇരുട്ടുണ്ടായിരുന്നു. പകലിലെ ചൂടൊന്നും ആ കാവിനുള്ളിൽ ഇല്ല, പകരം നേരിയൊരു തണുപ്പ് അവിടെ തങ്ങിനിൽപ്പുണ്ട്. ചീവീടുകളുടെ കരച്ചിൽ കാവിൻറെ നിശബ്ദതയെ കൂടുതൽ ഭയാനകമാക്കി

കാവിലെ കരിങ്കൽത്തറയിൽ വെച്ച നാഗവിഗ്രഹങ്ങൾക്ക് മുന്നിലായി അവൾ വിളക്കുവെച്ചു. ആ ചെറിയ വിളക്കിന്റെ വെളിച്ചത്തിൽ, കണ്ണടച്ചു പ്രാർത്ഥിക്കുന്ന അവളുടെ മുഖം ഒരു ദേവിയെപ്പോലെ തിളങ്ങുന്നുണ്ടായിരുന്നു.

പ്രാർത്ഥന കഴിഞ്ഞ് കണ്ണുതുറന്നപ്പോൾ പിന്നിൽ നിൽക്കുന്ന എന്നെ കണ്ട് അവളൊന്ന് ഞെട്ടി...

"ഈശ്വരാ... ഞാൻ പേടിച്ചുപോയി! ആദിയെന്താപ്പൊ ഈ കാവിലേക്കൊക്കെ? വല്ല പാമ്പോ മറ്റോ വന്നാ എഞ്ചിനീയറുടെ പണി തീരും ട്ടോ,"

അവൾ കണ്ണുരുട്ടി പേടിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് തനി പാലക്കാടൻ ശൈലിയിൽ പറഞ്ഞു.

"അതൊന്നും സാരമില്ല... ഈ കാവിനുള്ളിലെ ഏത് പാമ്പിനേക്കാളും എന്നെ കൊത്തിയത് ഇപ്പൊ എന്റെ മുന്നിൽ നിൽക്കുന്ന ഈ നാഗമാണിക്യമാ,"

ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി ചിരിയോടെ പറഞ്ഞു.

അതുകേട്ട് അവൾ മുഖം ചുളിച്ചു, പക്ഷെ ആ ചുണ്ടുകളിൽ ഒരു കള്ളച്ചിരി ഒളിച്ചിരിപ്പുണ്ടായിരുന്നു..

"ഓ... ഈ കാവില് വന്നാലും ആദിയുടെ ഈ തള്ളിനൊരു കുറവുമില്ല്യാലോ. വേഗം ഇങ്ങ്ട് നടന്നോ, ഇരുട്ടാൻ തുടങ്ങി..."

അവൾ വേഗം നടക്കാൻ തുടങ്ങിയെങ്കിലും കരിയിലകളിൽ ചവിട്ടി അവളുടെ കാലൊന്ന് വഴുതി. പെട്ടെന്ന് താഴേക്ക് വീഴാൻ പോയ അവളെ ഞാൻ വലംകൈ കൊണ്ട് അരയിലൂടെ ചുറ്റിപ്പിടിച്ചു.

എന്റെ നെഞ്ചിലേക്ക് വീണ അവൾ ഭയം കൊണ്ട് കണ്ണുകൾ ഇറുകെയടച്ചിരുന്നു. കാവിലെ ആ മങ്ങിയ വെളിച്ചത്തിൽ, അവളുടെ ശ്വാസത്തിന്റെ ചൂട് എന്റെ നെഞ്ചിൽ തട്ടുന്നുണ്ടായിരുന്നു.

ഒരു നിമിഷം ചുറ്റുമുള്ള ചീവീടുകളുടെ ശബ്ദവും കാറ്റിന്റെ ഇരമ്പലും നിലച്ചതുപോലെ...

പതുക്കെ കണ്ണുകൾ തുറന്ന അവൾ എന്റെ മുഖത്തേക്ക് നോക്കി. ആ നോട്ടത്തിൽ പേടിയായിരുന്നില്ല, പകരം വല്ലാത്തൊരു പ്രണയമായിരുന്നു. എന്നിൽ നിന്ന് കുതറിമാറാൻ ശ്രമിക്കാതെ അവൾ എന്റെ നെഞ്ചോട് ചേർന്ന് അങ്ങനെതന്നെ നിന്നു.

കാവിലെ വിളക്കിന്റെ വെളിച്ചം അവളുടെ നീലക്കണ്ണുകളിൽ തിളങ്ങുന്നുണ്ടായിരുന്നു. പാതിവിടർന്ന റോസാപ്പൂവിതൾ പോലെ മൃദുവായ അവളുടെ അധരങ്ങൾ നേരിയതായി വിറയ്ക്കുന്നുണ്ടായിരുന്നു. ഒന്നും ഉരിയാടാതെ തന്നെ ആ ചുവന്ന അധരങ്ങൾ എന്നോട് ആയിരം പ്രണയകാവ്യങ്ങൾ മന്ത്രിക്കുന്നതുപോലെ എനിക്ക് തോന്നി.

ആ മങ്ങിയ വെളിച്ചത്തിൽ, അവളുടെ കണ്ണുകളിലെ പ്രണയവും വിറയാർന്ന ആ അധരങ്ങളും എന്നിൽ വല്ലാത്തൊരു ലഹരി പടർത്തി. അവളുടെ ഹൃദയമിടിപ്പിന്റെ താളം എന്റെ നെഞ്ചിലുമറിയാമായിരുന്നു.

കുറച്ചുനേരം ആ കാവിലെ നിശബ്ദതയിൽ ഞങ്ങൾ അങ്ങനെതന്നെ നിന്നുപോയി. പിന്നെ വല്ലാത്തൊരു നാണത്തോടെ, എന്റെ നെഞ്ചിൽ നിന്നും പതുക്കെ അടർന്നുമാറി അവൾ താഴേക്ക് നോക്കി.

ചുവന്നുതുടുത്ത മുഖത്തേക്ക് വീണ മുടിയിഴകൾ വിറയ്ക്കുന്ന വിരലുകളോടെ ചെവിയ്ക്കുപിന്നിലേക്ക് ഒതുക്കിവെച്ചുകൊണ്ട്, എന്നെയൊന്ന് പാളിനോക്കി അവൾ ഒരക്ഷരം പോലും മിണ്ടാതെ വേഗത്തിൽ തറവാട്ടിലേക്ക് നടന്നുപോയി.

അവളുടെ ആ പോക്കും നോക്കി, അടങ്ങാത്ത നെഞ്ചിടിപ്പോടെ ഞാനും ആ കാവിൻറെ പരിസരത്ത് കുറച്ചുനേരം കൂടി നിന്നുപോയി...

രാത്രിഭക്ഷണമെല്ലാം കഴിഞ്ഞ് ആ വലിയ തറവാട് പതിയെ ഉറക്കത്തിലേക്ക് വീണുതുടങ്ങിയിരുന്നു. സർപ്പക്കാവിലെ ആ നിമിഷങ്ങൾ തന്ന വല്ലാത്തൊരു ലഹരിയിൽ എന്റെ കണ്ണുകളിൽ നിന്നും ഉറക്കം എങ്ങോട്ടോ ഓടിയൊളിച്ചിരുന്നു.

ഞാൻ പതുക്കെ മുറിയിൽ നിന്നിറങ്ങി നാലുകെട്ടിലെ നടുമുറ്റത്തേക്ക് വന്നു...

നടുമുറ്റത്തെ തുറന്ന മേൽക്കൂരയിലൂടെ ഒരു വസന്തം പോലെ നിലാവ് താഴേക്ക് ഒഴുകിയിറങ്ങുന്നുണ്ടായിരുന്നു. കരിങ്കല്ല് പാകിയ മുറ്റത്ത് ആ വെള്ളിനിലാവ് സ്ഫടികം പോലെ തിളങ്ങി.

ആ ഏകാന്തതയിൽ, നിലാവിന്റെ കുളിർമയേറ്റ് ഞാൻ അങ്ങനെ നിൽക്കുമ്പോഴാണ്, തെക്കിനിയിലെ ജനലുകൾ അടക്കാനായി അവൾ അങ്ങോട്ട് വന്നത്.

നിലാവിന്റെ ഇളംവെളിച്ചത്തിൽ അവളെ കണ്ടപ്പോൾ ഒരു കവിത നേരിൽ വന്ന് നിൽക്കുന്നതുപോലെയാണ് എനിക്ക് തോന്നിയത്. കാവിലെ ആ മങ്ങിയ വെളിച്ചത്തിൽ വിറയാർന്ന ആ അധരങ്ങൾ ഇപ്പോൾ നിലാവിൽ കൂടുതൽ ചുവന്നുതുടുത്തിരുന്നു.

എന്നെ അവിടെ അപ്രതീക്ഷിതമായി കണ്ടപ്പോൾ അവളുടെ കാലടികൾ ഒന്ന് നിശ്ചലമായി. ആ വലിയ നീലക്കണ്ണുകളിൽ എന്നെ കണ്ടതിലെ അത്ഭുതവും, ഒപ്പം സർപ്പക്കാവിലെ ഓർമ്മകൾ തന്ന നാണവും നിറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു...

ഞാൻ പതുക്കെ അവളുടെ അടുത്തേക്ക് നടന്നു. ഞങ്ങൾക്കിടയിൽ ഇപ്പോൾ നിലാവിന്റെ നേർത്ത മൂടുപടം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ചുറ്റുമുള്ള ലോകം മുഴുവൻ ഉറങ്ങിക്കിടക്കുമ്പോൾ, ആ വലിയ തറവാട്ടിലെ നടുമുറ്റത്ത് ഞങ്ങൾ രണ്ടുപേരും മാത്രം.

അവൾ ഒന്നും മിണ്ടാതെ മുഖം കുനിച്ച് നിൽക്കുകയായിരുന്നു.

ഞാൻ അവളെത്തന്നെ നോക്കി വളരെ പതുക്കെ, എന്നാൽ ആർദ്രമായി പറഞ്ഞു തുടങ്ങി.www.kkstories.com

"പാർവണേ... ഈ തറവാടിന്റെ തടിപ്പണികളിലല്ല, നിന്റെ ഈ നീലക്കണ്ണുകളുടെ ആഴങ്ങളിലാണ് ഞാൻ എന്നെത്തന്നെ തിരയുന്നത്. സച്ചുച്ചേട്ടന്റെ കല്യാണപ്പന്തലിൽ വെച്ച് നിന്നെ ആദ്യമായി കണ്ട ആ നിമിഷം മുതൽ എന്റെ ഹൃദയത്തിന്റെ താളം എനിക്കപകടമായ രീതിയിൽ മാറിത്തുടങ്ങിയിരുന്നു.

എന്റെ സ്വപ്നങ്ങളിൽ പെയ്ത ആ മഴയ്ക്ക് ഇപ്പോൾ നിന്റെ ഗന്ധമാണ്. നീലക്കണ്ണുകളുള്ള ആ പെൺകുട്ടിയെത്തേടി ഞാൻ നടത്തിയ യാത്ര അവസാനിക്കുന്നത് ഈ നടുമുറ്റത്തെ നിലാവിലാണ്."..

ഞാൻ പറയുന്നത് കേട്ട് അവൾ പതിയെ മുഖമുയർത്തി എന്റെ കണ്ണുകളിലേക്ക് നോക്കി.

"എന്റെ കള്ളത്തരങ്ങളെല്ലാം പൊളിഞ്ഞിട്ടും നീ എന്നെ വെറുത്തില്ല. എന്റെ അമ്മയെക്കുറിച്ചും എന്റെ ജീവിതത്തെക്കുറിച്ചും അറിഞ്ഞപ്പോൾ നിന്റെ കണ്ണുകളിൽ ഞാൻ കണ്ട ആ നനവില്ലേ...

അത് മതി പാർവണേ എനിക്ക്, ഈ ജന്മം മുഴുവൻ നിന്നെ പ്രണയിക്കാൻ. എന്റെ സ്വപ്നങ്ങളിൽ നിനക്കായി ഞാൻ പണിതുയർത്തിയ ഒരു സ്വർഗ്ഗമുണ്ട്.

അവിടെ, ഈ നിലാവിൽ സാക്ഷിയായി ഞാൻ ചോദിക്കുകയാണ്... എന്റെ പാതിയായി എനിക്കൊപ്പമുണ്ടാകുമോ നീ?"

എന്റെ വാക്കുകൾ ആ നിശബ്ദതയിൽ അലിഞ്ഞുചേർന്നു. അവൾ ഒരക്ഷരം പോലും മറുപടി പറഞ്ഞില്ല. പക്ഷേ, അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങിയിരുന്നു. നിലാവെളിച്ചത്തിൽ ആ കണ്ണുനീർത്തുള്ളികൾ മുത്തുകൾ പോലെ തിളങ്ങി.

സർപ്പക്കാവിൽ വെച്ച് ഞാൻ കണ്ട അതേ വിറയലോടെ ആ ചുവന്ന അധരങ്ങൾ എന്തോ പറയാൻ വെമ്പി, പക്ഷെ ശബ്ദം പുറത്തുവന്നില്ല.

പകരം, അടക്കാനാവാത്ത പ്രണയത്തോടെ അവൾ എന്നെ നോക്കി ഒന്ന് പുഞ്ചിരിച്ചു. ആ ഒരൊറ്റ ചിരിയിലുണ്ടായിരുന്നു എന്റെ പ്രണയത്തിനുള്ള മുഴുവൻ സമ്മതവും.

പിന്നെ വല്ലാത്തൊരു നാണത്തോടെ തലവെട്ടിച്ച് അവൾ തിരിഞ്ഞുനടന്നു. അകത്തെ ഇരുട്ടിലേക്ക് മറയുന്നതിന് മുൻപ്, വാതിൽക്കൽ നിന്ന് അവൾ ഒന്നുമാത്രം തിരിഞ്ഞുനോക്കി. ആയിരം വാക്കുകളേക്കാൾ വാചാലമായ ആ ഒറ്റ നോട്ടം എനിക്ക് നൽകി അവൾ വേഗം നടന്നുപോയി.

നടുമുറ്റത്ത് പെയ്യുന്ന ആ നിലാവിനേക്കാൾ വലിയൊരു കുളിർമ എന്റെ ഹൃദയത്തിലേക്ക് അപ്പോൾ പെയ്തിറങ്ങുന്നുണ്ടായിരുന്നു. അവളുടെ ആ മൗനത്തിന് ലോകത്തിലെ ഏത് പ്രണയകാവ്യത്തേക്കാളും സൗന്ദര്യമുണ്ടായിരുന്നു...

രാത്രിയിലെ ആ നിലാവിന്റെ ലഹരിയിൽ നിന്നുണർന്ന പ്രഭാതത്തിന് വല്ലാത്തൊരു കുളിർമയുണ്ടായിരുന്നു. കിഴക്ക് വെള്ളകീറിത്തുടങ്ങുന്നതേയുള്ളൂ. പാലക്കാടൻ കാറ്റിന് ഇന്ന് എന്നത്തേക്കാളും സൗരഭ്യമുണ്ടെന്ന് എനിക്ക് തോന്നി.

എന്റെ ഹൃദയത്തിലെ പ്രണയം മുഴുവൻ ഏറ്റുവാങ്ങി, മൗനം കൊണ്ട് വാചാലയായവളെ വീണ്ടും കാണാനുള്ള തിടുക്കത്തിൽ ഞാൻ വേഗം മുറിയിൽ നിന്നിറങ്ങി ഉമ്മറത്തേക്ക് നടന്നു..

മുറ്റത്തെ പവിഴമല്ലിമരത്തിൽ നിന്നും മഞ്ഞുകലർന്ന പൂക്കൾ താഴേക്ക് കൊഴിഞ്ഞുവീഴുന്നുണ്ടായിരുന്നു. ആ പുലർകാല വെളിച്ചത്തിൽ, ചാണകം മെഴുകിയ മുറ്റത്ത് തുളസിത്തറയ്ക്ക് മുന്നിലായി അരിപ്പൊടികൊണ്ട് കോലം വരയ്ക്കുകയായിരുന്നു അവൾ.

നനഞ്ഞ മുടിത്തുമ്പിൽ നിന്നടർന്നു വീഴുന്ന ജലകണങ്ങൾ അവളുടെ കഴുത്തിലെ നേർത്ത സ്വർണ്ണമാലയിൽ തട്ടിത്തെറിക്കുന്നത് ഞാൻ നോക്കിനിന്നു. കണ്ണിലെ മഷിയും നെറ്റിയിലെ ചെറിയ കുങ്കുമപ്പൊട്ടും ആ മുഖത്തിന് ഒരു കാവ്യത്തിന്റെ പൂർണ്ണത നൽകിയിരുന്നു.

എന്റെ കാൽപ്പെരുമാറ്റം കേട്ടാകണം അവൾ പതുക്കെ തലയുയർത്തി നോക്കി. ഞങ്ങളുടെ കണ്ണുകൾ വീണ്ടും ഇടഞ്ഞപ്പോൾ, ഇന്നലത്തെ ആ നിലാവ് ഞങ്ങൾക്ക് നടുവിലേക്ക് ഒരിക്കൽക്കൂടി പെയ്തിറങ്ങിയതുപോലെ.

ആ നോട്ടത്തിൽ അവളുടെ കവിളുകളിൽ പ്രഭാതസൂര്യനേക്കാൾ ശോഭയുള്ള ഒരു നാണം വിരിഞ്ഞു. വേഗം നോട്ടം മാറ്റി, അവൾ കോലം വരച്ചുതീർത്ത് എഴുന്നേറ്റു....

"എന്താപ്പൊ അതിരാവിലേ തന്നെ ആദിക്ക് ഉറക്കം വന്ന്യാ? ഇന്നലെ രാത്രി മുഴുവൻ മുറ്റത്ത് വന്ന് നിന്ന് കാവ്യം പറഞ്ഞതിന്റെ ക്ഷീണം ഒന്നും ഇല്ല്യേ?"

അവൾ ചുണ്ടിലെ കള്ളച്ചിരി ഒളിപ്പിച്ചുപിടിച്ച്, ആ തനി പാലക്കാടൻ ശൈലിയിൽ എന്നോട് ചോദിച്ചു..

ഞാൻ ഒരു ചെറുചിരിയോടെ അവളുടെ അടുത്തേക്ക് നടന്നു.

"ഇന്നലെ രാത്രി ആ നിലാവത്ത് എന്റെ ഹൃദയവും കവർന്നെടുത്ത ആ കള്ളിയെ തിരക്കിയിറങ്ങിയതാ ഞാൻ... എന്റെ ഉറക്കം മുഴുവൻ ആ നീലക്കണ്ണുകളിലല്ലേ.".

ഞാൻ പറയുന്നത് കേട്ട് അവൾ വീണ്ടും നാണത്താൽ മുഖം കുനിച്ചു. ആ ചുവന്ന അധരങ്ങളിൽ വിടർന്ന പുഞ്ചിരിക്ക് ആ മുറ്റത്ത് പൂത്തുനിൽക്കുന്ന പവിഴമല്ലിയേക്കാൾ ഭംഗിയുണ്ടായിരുന്നു.

പിന്നെ പെട്ടെന്ന് ചുറ്റുമൊന്ന് നോക്കിയിട്ട് അവൾ പതുക്കെ പറഞ്ഞു.

"ഓ... വലിയൊരു കാമുകൻ! എന്റെ ആദി... ഇങ്ങനെ കാവ്യം പറയാൻ നിന്നാ, മാമനോ മുത്തശ്ശനോങ്ങാനും ഇങ്ങോട്ട് വന്നാൽ എന്റെ ശ്വാസം അപ്പൊത്തന്നെ നിക്കും. വേഗം പോയി മുഖം കഴുകി വാ..."

അവൾ അത് പറഞ്ഞുതീരുന്നതും, ഉമ്മറത്തെ വലിയ തടിവാതിൽ തുറന്ന് മുത്തശ്ശനും പിന്നാലെ സാവിത്രി അമ്മായിയും അങ്ങോട്ട് വന്നതും ഒരുമിച്ചായിരുന്നു. അവരെ കണ്ടതും പാർവണ പെട്ടെന്ന് മുഖത്ത് വല്ലാത്തൊരു ഗൗരവം വരുത്തി, കോലത്തിലെ പൊടി തട്ടിമാറ്റുന്നതിൽ ശ്രദ്ധിച്ചു.

ഞാനും പെട്ടെന്ന് വീടും മുറ്റവുമൊക്കെ നോക്കിപ്പഠിക്കുന്ന ആ പഴയ സിവിൽ എഞ്ചിനീയറുടെ വേഷം എടുത്തണിഞ്ഞു!..

"എന്താ ഉണ്ണീ... അതിരാവിലെ എഴുന്നേറ്റോ? നമ്മുടെ മുറ്റത്തെ കാറ്റൊക്കെ കൊള്ളാൻ നല്ല സുഖമല്ലേ?"

മുത്തശ്ശൻ ഉമ്മറത്തിണ്ണയിലേക്ക് ഇരുന്നുകൊണ്ട് ചോദിച്ചു..

"അതെ മുത്തശ്ശ... നല്ല ശുദ്ധമായ കാറ്റാ. പിന്നെ ഈ മുറ്റവും തുളസിത്തറയുമൊക്കെ കാണാൻ നല്ല ഭംഗിയുണ്ട്, അതിന്റെ ഒരു അളവൊക്കെ നോക്കാനായിട്ട് ഞാൻ ഇറങ്ങി നിന്നതാ,"

ഞാൻ വളരെ ഗൗരവത്തിൽ കള്ളം പറഞ്ഞു.

അതുകേട്ട്, മുത്തശ്ശൻ കാണാതെ ചിരിയമർത്തിക്കൊണ്ട് പാർവണ എന്നെയൊന്ന് പാളിനോക്കി...

"പാർവണേ... കോലം വരച്ച് കഴിഞ്ഞെങ്കിൽ നീ പോയി ആദിക്കുള്ള കാപ്പി എടുക്ക്," സാവിത്രി അമ്മായി പറഞ്ഞു...

"ശരി അമ്മായി..."

എന്ന് പറഞ്ഞ് അവൾ വേഗം എഴുന്നേറ്റു. അകത്തേക്ക് പോകുന്നതിന് മുൻപ്, മറ്റാരും കാണാതെ ആ കുസൃതിക്കണ്ണുകൾ കൊണ്ട് എന്നെയൊന്ന് നോക്കി അവൾ കണ്ണിറുക്കി കാണിച്ചു.

പാവാടത്തുമ്പ് പാറിച്ചുള്ള അവളുടെ ആ പോക്കിൽ, കാലിലെ കൊലുസിന്റെ കിലുക്കം എന്റെ ഹൃദയത്തിലാണ് ചെന്നടിച്ചത്. അവർക്കിടയിൽ ഞാൻ വെറുമൊരു എഞ്ചിനീയറാണെങ്കിലും, അവൾക്ക് ഞാൻ അവളുടെ സ്വന്തം ആദിയായി മാറിയെന്ന് ആ കണ്ണിറുക്കലിൽ എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നു.......

പ്രഭാതഭക്ഷണം കഴിഞ്ഞ്, ഉമ്മറത്തെ കൊത്തുപണികൾ നിറഞ്ഞ ചാരുപടിയിൽ പാലക്കാടൻ കാറ്റുമേറ്റ് വെറുതെ ഇരിക്കുകയായിരുന്നു ഞാൻ. എന്റെ കണ്ണുകൾ ഇടയ്ക്കിടെ വീടിനുള്ളിലേക്ക് അവളെ തിരഞ്ഞു പോയിക്കൊണ്ടിരുന്നു.

അപ്പോഴാണ് പോക്കറ്റിൽ കിടന്ന ഫോൺ ശബ്ദിച്ചത്. സ്ക്രീനിൽ നോക്കിയപ്പോൾ 'അമ്മ'യാണ്.

"ഹലോ..."

"എന്താടാ, നീ പോയിട്ട് ഇപ്പൊ രണ്ടു ദിവസമായില്ലേ, വീട് പഠിത്തം കഴിഞ്ഞില്ലേ? ഇനി എപ്പോഴാ തിരിച്ചു വരുന്നേ?"

അമ്മയുടെ ചോദ്യത്തിൽ ചെറിയൊരു

പരിഭവമുണ്ടായിരുന്നു.

"അത്... അമ്മേ, ഇവിടുത്തെ പണികൾ ഞാൻ വിചാരിച്ചതിനേക്കാൾ വലുതാ. കുറച്ചു ദിവസം കൂടി വേണ്ടിവരും എല്ലാം ഒന്ന് കണ്ടുപഠിക്കാൻ... ഞാനൊരു രണ്ടു മൂന്നു ദിവസം കൂടി കഴിഞ്ഞിട്ട് വരാം,"

ഞാൻ വളരെ തന്മയത്വത്തോടെ കള്ളം പറഞ്ഞു.

സത്യത്തിൽ ഞാൻ പഠിച്ചുകൊണ്ടിരിക്കുന്നത് ആ വലിയ തറവാടിന്റെ വാസ്തുവിദ്യയായിരുന്നില്ല, മറിച്ച് ഒരു പാലക്കാടൻ കാറ്റിന്റെ കുസൃതിയും ആ വലിയ നീലക്കണ്ണുകളുടെ ആഴങ്ങളുമായിരുന്നു എന്ന് പാവം അമ്മയ്ക്ക് അറിയില്ലല്ലോ.

കുറച്ചുനേരം കൂടി അവിടുത്തെ വിശേഷങ്ങൾ പറഞ്ഞ് ഞാൻ ഫോൺ വെച്ചു.

അപ്പോഴാണ് അകത്തുനിന്നും പാർവണയുടെ അമ്മ ഉമ്മറത്തേക്ക് വന്നത്. കൂടെ എന്തൊക്കെയോ സാധനങ്ങളുടെ പേരെഴുതിയ ഒരു കടലാസുമായി പാർവണയുമുണ്ട്. യാത്ര പോകാനായി ഒരു ഇളംനീല ചുരിദാറായിരുന്നു അവളുടെ വേഷം.

ആ വേഷത്തിൽ അവൾ കൂടുതൽ സുന്ദരിയായിട്ടുണ്ടെന്ന് എനിക്ക് തോന്നി. വിടർന്നുനിൽക്കുന്ന ഒരു കാട്ടുനീലത്താമര പോലെ അവൾ തിളങ്ങുന്നുണ്ടായിരുന്നു.

"പാർവണേ, പോയിവരാൻ നേരം വൈകരുത്. വൈകുന്നേരം കാവിലേക്ക് ദീപം വെക്കാനുള്ള എണ്ണയും ബാക്കി സാധനങ്ങളും വേഗം വാങ്ങിക്കൊണ്ടു വരണം,"

അമ്മ അവളോട് പറയുന്നുണ്ടായിരുന്നു.

ചാരുപടിയിൽ ഇരിക്കുന്ന എന്നെ കണ്ടതും അമ്മ എന്റെ അടുത്തേക്ക് വന്നു.

"ഉണ്ണീ... ആദിക്ക് വണ്ടിയോടിക്കാൻ അറിയാലോ അല്ലെ?"

അമ്മ ചോദിച്ചു.

"അറിയാം ആന്റി എന്താ കാര്യം?"

ഞാൻ എഴുന്നേറ്റുനിന്നുകൊണ്ട് ചോദിച്ചു.

"നമ്മുടെ പത്തായപ്പുരയുടെ സൈഡിലെ ചായ്പ്പിൽ ഇവളുടെ മുത്തശ്ശന്റെ ഒരു പഴയ ബുള്ളറ്റ് ഇരിപ്പുണ്ട്. ഇവൾക്ക് ടൗൺ വരെ പോയി കുറച്ചു സാധനങ്ങൾ വാങ്ങാനുണ്ട്.

ബസ്സിന് പോയി വരാൻ ഒരുപാട് വൈകും. ആദിക്ക് ബുദ്ധിമുട്ടില്ലെങ്കിൽ ഇവളെ ആ വണ്ടിയിൽ ടൗൺ വരെ ഒന്ന് കൊണ്ടുപോയിക്കാമോ?"

അമ്മയുടെ ചോദ്യം കേട്ട് എന്റെ ഉള്ളിലൊരു വെടിക്കെട്ട് തന്നെ നടന്നു! എന്റെ പ്രണയത്തെ പിന്നിലിരുത്തി ഈ മനോഹരമായ ഗ്രാമവഴികളിലൂടെ ഒരു യാത്ര...

എന്റെ ഹൃദയമിടിപ്പ് കൂടി. ഞാൻ വേഗം പാർവണയെ നോക്കി.

അമ്മ കാണാതെ ചുണ്ടുകടിച്ച് ചിരിയമർത്തുകയായിരുന്നു അവൾ. ആ കണ്ണുകളിൽ എന്നോടൊപ്പം യാത്ര പോകുന്നതിലുള്ള വല്ലാത്തൊരു സന്തോഷം തിളങ്ങുന്നുണ്ടായിരുന്നു.

"അതിനെന്താ അമ്മേ, എനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. ഞാൻ കൊണ്ടുപോകാമല്ലോ,"

ഉള്ളിലെ ആവേശം പുറത്തുകാണിക്കാതെ ഞാൻ പറഞ്ഞു.

"എന്നാ ശരി, ആ താക്കോൽ അവിടെ ഉമ്മറത്തെ മേശപ്പുറത്തുണ്ട്,"

ഇത്രയും പറഞ്ഞ് അമ്മ അകത്തേക്ക് പോയി.

അമ്മ പോയതും അവൾ എന്റെ അടുത്തേക്ക് വന്നു. അവളുടെ മുഖത്ത് ആ പഴയ കുസൃതിച്ചിരി തിരികെ വന്നിരുന്നു.

"ഓ... ആദിക്കിപ്പോ ലോട്ടറി അടിച്ച സന്തോഷായിരിക്കും ല്യേ? ആ പഴയ ബുള്ളറ്റ് വഴിയിൽ എങ്ങാനും കേടായാൽ ഞാൻ ആദിയെക്കൊണ്ട് ഉന്തിക്കും പറഞ്ഞേക്കാം... പോയി വണ്ടി എടുത്തോണ്ട് വാ..."

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

"വഴിയിൽ വണ്ടി കേടായാൽ ഞാൻ സന്തോഷമായി ഉന്താലോ പാർവണേ, നിന്റെ കൂടെ ഈ വഴികളിലൂടെ കുറച്ചുദൂരം കൂടി നടക്കാമല്ലോ എന്നോർക്കുമ്പോഴാ എനിക്ക് സന്തോഷം,"

ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

ആ വാക്കുകൾ കേട്ടതും അവളുടെ കവിളുകളിൽ വീണ്ടും നാണം പൂത്തു. ഒന്നും മിണ്ടാതെ അവൾ മുഖം വെട്ടിത്തിരിച്ചു.

താക്കോലെടുത്ത് പത്തായപ്പുരയുടെ ചായ്പ്പിലേക്ക് നടക്കുമ്പോൾ എന്റെ മനസ്സിൽ നിറയെ അവളുടെ ആ ചിരിയായിരുന്നു. വർഷങ്ങളായി അവിടെ വിശ്രമിക്കുന്ന മുത്തശ്ശന്റെ ആ പഴയ ബുള്ളറ്റിന് ജീവൻ വെക്കുമ്പോൾ, എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ ഒരു യാത്രയ്ക്കാണ് തുടക്കമാകുന്നത്.

പ്രണയം പൂത്തുനിൽക്കുന്ന ആ നാട്ടിടവഴികളിലൂടെ, അവളെയും പിന്നിലിരുത്തിയുള്ള ആ യാത്രയെക്കുറിച്ചോർത്തപ്പോൾ പാലക്കാടൻ കാറ്റിന് പോലും പ്രണയത്തിന്റെ ഗന്ധമുള്ളതുപോലെ എനിക്ക് തോന്നി..

മുത്തശ്ശന്റെ ആ പഴയ ബുള്ളറ്റിന്റെ ഗാംഭീര്യമുള്ള ശബ്ദം പത്തായപ്പുരയുടെ ചായ്പ്പിൽ മുഴങ്ങി. പതുക്കെ വണ്ടിയെടുത്ത് ഞാൻ ഉമ്മറത്തേക്ക് ചെന്നു. ഇളംനീല ചുരിദാറണിഞ്ഞ്, ചുണ്ടിലൊരു കള്ളച്ചിരിയോടെ അവൾ പിന്നിൽ കയറി ഇരുന്നു..

പാലക്കാടൻ ഗ്രാമവഴികളിലൂടെ ആ പഴയ ബുള്ളറ്റ് മുന്നോട്ട് കുതിച്ചു. ഇരുവശത്തും പച്ചപ്പണിഞ്ഞു നിൽക്കുന്ന വിശാലമായ പാടശേഖരങ്ങൾ. അതിനു നടുവിലൂടെ നീളുന്ന കറുത്ത ടാർ റോഡ്.

പാടവരമ്പുകളെ തഴുകി വരുന്ന ഇളംകാറ്റിൽ അവളുടെ ഷാൾ പാറിപ്പറക്കുന്നുണ്ടായിരുന്നു. കാറ്റിന്റെ കുസൃതിയിൽ അഴിഞ്ഞുവീണ അവളുടെ മുടിയിഴകൾ ഇടയ്ക്കിടെ എന്റെ കവിളുകളിൽ വന്നു തഴുകി.

ആ മുടിയിഴകൾക്കൊരു പ്രത്യേക ഗന്ധമുണ്ടായിരുന്നു; എന്നെ വല്ലാതെ മത്തുപിടിപ്പിക്കുന്ന ഏതോ കാട്ടുപൂക്കളുടെ ഗന്ധം.....

'ചില യാത്രാവഴികൾ അങ്ങനെയാണ്... കൂട്ടിനുള്ളത് നമ്മൾ ഏറ്റവും കൂടുതൽ ആഗ്രഹിച്ചവരാകുമ്പോൾ, താണ്ടുന്ന ദൂരങ്ങൾക്കല്ല, കൊഴിഞ്ഞുപോയ നിമിഷങ്ങൾക്കാണ് കൂടുതൽ സൗന്ദര്യം.'

വഴിയിലെ ചെറിയ കുഴികളിൽ വണ്ടി ചാടുമ്പോൾ, ഒരു നിമിഷത്തെ പേടിയിൽ അറിയാതെ അവളുടെ രണ്ടു കൈകളും എന്റെ അരയിലൂടെ ചുറ്റിവരിഞ്ഞുമുറുക്കുന്നുണ്ടായിരുന്നു.

എന്റെ വയറിൽ ആ മൃദുവായ വിരലുകൾ അമരുമ്പോൾ, ഒരു മിന്നൽപ്പിണർ പോലെ എന്തോ ഒന്ന് എന്റെ സിരകളിലൂടെ പാഞ്ഞുപോകുന്നത് ഞാനറിഞ്ഞു.

ബുള്ളറ്റിന്റെ ഗർജ്ജനത്തിനിടയിലും, കാറ്റിനെ തോൽപ്പിച്ചുകൊണ്ട് അവൾ ഓരോ കാര്യങ്ങൾ വിളിച്ചുപറഞ്ഞും ചിരിച്ചും കൊണ്ടിരുന്നു. ആ യാത്ര ഒരിക്കലും അവസാനിക്കരുതേ എന്ന് എന്റെ ഹൃദയം കൊതിച്ചുപോയി.

കുറച്ചു കഴിഞ്ഞപ്പോൾ ഞങ്ങൾ ടൗണിലെത്തി. ഗ്രാമത്തിലെ ശാന്തതയിൽ നിന്ന് മാറി വല്ലാത്തൊരു തിരക്കായിരുന്നു അവിടെ. വണ്ടി ഒതുക്കിവെച്ച് ഞങ്ങൾ മാർക്കറ്റിലേക്ക് നടന്നു. സാധനങ്ങൾ വാങ്ങുന്നതിനിടയിൽ ആൾക്കൂട്ടത്തിന്റെ തിരക്ക് കൂടിവന്നു.

വണ്ടികളുടെ ശബ്ദവും ആളുകളുടെ ബഹളവും

അവളെ വല്ലാതെ

അലോസരപ്പെടുത്തുന്നുണ്ടായിരുന്നു.

തിരക്കിനിടയിലൂടെ ആരെങ്കിലും അവളെ തട്ടിമാറ്റി പോകുമോ എന്നൊരു ഭയം എനിക്കുണ്ടായി. പെട്ടെന്ന്, തിക്കിത്തിരക്കി വരുന്ന ഒരാൾക്കൂട്ടത്തിനിടയിലൂടെ നടക്കുമ്പോൾ, അവൾക്ക് ഒരു സുരക്ഷയെന്നോണം ഞാൻ എന്റെ വലംകൈ നീട്ടി അവളുടെ ഇടതുകൈയ്യുടെ വിരലുകളോട് കോർത്തുപിടിച്ചു.

പെട്ടെന്നുള്ള എന്റെ ആ സ്പർശനത്തിൽ അവളൊന്ന് ഞെട്ടി. ആ വലിയ നീലക്കണ്ണുകൾ വിടർത്തി അവളെന്നെ നോക്കി. പക്ഷേ ഞാൻ പിടി വിട്ടില്ല, കൂടുതൽ കരുതലോടെ ആ വിരലുകൾ എന്റെ ഉള്ളംകൈയ്യിൽ ചേർത്തുപിടിച്ചു.

ഒരക്ഷരം പോലും മിണ്ടാതെ അവൾ എന്നെത്തന്നെ നോക്കി നിന്നു. സ്വന്തം ഇഷ്ടം ഇതുവരെ അവൾ വാക്കാൽ തുറന്നുപറഞ്ഞിട്ടില്ലെങ്കിലും, ആ നിമിഷം അവൾ ആ കൈകൾ പിൻവലിക്കാൻ ശ്രമിച്ചില്ല.

പകരം വല്ലാത്തൊരു നാണത്തോടെ തലകുനിച്ച് എന്റെ ചുവടുകൾക്കൊപ്പം അവളും നടന്നു.

അവളുടെ വിരൽത്തുമ്പിലെ തണുപ്പ് എന്റെ ഹൃദയത്തിന്റെ ആഴങ്ങളിലേക്കാണ് അരിച്ചിറങ്ങിയത്.

വാക്കുകൾ കൊണ്ട് തീർക്കുന്ന ആയിരം പ്രണയകാവ്യങ്ങളേക്കാൾ അർത്ഥമുണ്ട്, ആൾക്കൂട്ടങ്ങൾക്കിടയിൽ എനിക്കായി നീളുന്ന നിന്റെ ഈ വിരൽത്തുമ്പുകളുടെ മൗനത്തിന്.

തിരക്കിൽ നിന്ന് മാറി അല്പം ശാന്തമായ ഒരിടത്ത് എത്തിയപ്പോൾ, അവൾ പതുക്കെ ആ കൈ വിടുവിച്ചു. നെഞ്ചിടിപ്പ് മാറാതെ, കവിളിലെ ആ ചുവപ്പ് മറച്ചുപിടിക്കാൻ ശ്രമിച്ച് അവൾ മുഖത്തൊരു കള്ളഗൗരവം വരുത്തി.

"എന്താപ്പൊ ഈ കാണിച്ചേ? തിരക്കാണെന്നും പറഞ്ഞിട്ട് ആളുകളുടെ ഇടയിൽ കൂടെ ഇങ്ങനെ കൈ പിടിച്ചു നടക്ക്യാ... നാട്ടുകാരിൽ ആരെങ്കിലും ഇത് കണ്ടിരുന്നെങ്കില് എന്താവും എന്റെ ഗതി? ആദിക്ക് ഇതൊന്നും ഒരു പേടിയും ഇല്ല്യാലോ..."

ഉള്ളിലെ ഇഷ്ടം പുറത്തുകാണിക്കാതെ, തനി പാലക്കാടൻ ശൈലിയിൽ അവൾ കണ്ണുരുട്ടി ചോദിച്ചു..

"ആരെങ്കിലും കണ്ടാലും എനിക്കെന്താ പാർവണേ? ഞാൻ എന്റെ കുട്ടീടെ കൈയല്ലേ പിടിച്ചേ..."

എന്ന് ഞാൻ ചിരിയോടെ ചോദിച്ചപ്പോൾ, അതിന് മറുപടിയൊന്നും പറയാതെ അവൾ വേഗം മുഖം വെട്ടിത്തിരിച്ചു. പക്ഷെ തിരിഞ്ഞുനടക്കുമ്പോൾ ആ ചുണ്ടുകളിൽ വിരിഞ്ഞ നാണം കലർന്ന പുഞ്ചിരി അവൾക്ക് മറച്ചുപിടിക്കാനായില്ല.

വാക്കാൽ ഒന്നും പറഞ്ഞില്ലെങ്കിലും അവളുടെ ആ പരിഭവവും ചിരിയും നോക്കി, കൈകളിൽ ബാക്കിയായ അവളുടെ മൃദുവായ സ്പർശനത്തിന്റെ ഓർമ്മകളുമായി ഞാനും അവളുടെ പിന്നാലെ

നടന്നു...

സാധനങ്ങളെല്ലാം വാങ്ങി തിരികെ ആ പഴയ ബുള്ളറ്റിൽ കയറുമ്പോൾ അവളിൽ വല്ലാത്തൊരു മൗനം നിറഞ്ഞിരുന്നു. ടൗണിലെ തിരക്കുകൾ പിന്നിട്ട് വണ്ടി വീണ്ടും

ഗ്രാമത്തിന്റെ ശാന്തതയിലേക്ക് കടന്നു. ഉച്ചയോടടുക്കുന്ന സമയമായതുകൊണ്ട് വെയിലിന് കാഠിന്യം വെച്ചിരുന്നു.

ടൗണിലേക്ക് പോകുമ്പോഴുണ്ടായിരുന്ന ആ ചെറിയ അകലം ഇപ്പോൾ ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നില്ല. പാടവരമ്പത്തൂടെയുള്ള മടക്കയാത്രയിൽ, കാറ്റിനെ തടഞ്ഞുനിർത്താനെന്നോണം അവൾ എന്റെ മുതുകിലേക്ക് കൂടുതൽ ചേർന്നിരുന്നു.

കാറ്റ് വന്ന് തഴുകുമ്പോൾ, അവളുടെ മൃദുവായ കുഞ്ഞി മുലയിൽ നിന്നും എന്റെ മുതുകിലേക്ക് പടരുന്ന ഒരു ഇളംചൂടുണ്ടായിരുന്നു. എന്റെ ഷർട്ടിനുള്ളിലൂടെ അരിച്ചിറങ്ങുന്ന ആ ചൂടിന്, ലോകത്തിലെ ഏത് അഗ്നിയേക്കാളും തീവ്രതയുണ്ടായിരുന്നു.

ഓരോ തവണ വണ്ടി കുലുങ്ങുമ്പോഴും, എന്റെ പുറത്ത് അമരുന്ന അവളുടെ ശരീരത്തിന്റെ മൃദുവായ സ്പർശനം എന്നിൽ വല്ലാത്തൊരു ലഹരി പടർത്തി. എന്റെ ഹൃദയമിടിപ്പിനേക്കാൾ വ്യക്തമായി ഞാൻ അപ്പോൾ അറിഞ്ഞിരുന്നത്, എന്റെ മുതുകിൽ ചേർന്നിരിക്കുന്ന അവളുടെ ഹൃദയത്തിന്റെ താളമായിരുന്നു.

ഉച്ചവെയിൽ മുറ്റത്ത് വീണുതുടങ്ങിയ സമയത്താണ് ഞങ്ങൾ തറവാടിന്റെ പടിപ്പുര കടന്നത്. തറവാട്ടുമുറ്റത്ത് വണ്ടി നിർത്തിയതും, എന്റെ മുതുകിൽ നിന്നുമടർന്നുമാറി അവൾ വേഗം താഴേക്കിറങ്ങി.

യാത്രയിലുടനീളം എന്നോട് ചേർന്നിരുന്നതിന്റെ നാണം ആ കവിളുകളിൽ അപ്പോഴും ബാക്കിയുണ്ടായിരുന്നു. ആ ചുവപ്പ് മറച്ചുപിടിക്കാൻ ശ്രമിച്ച് അവൾ വേഗം സാധനങ്ങൾ അടങ്ങിയ സഞ്ചി എന്റെ കയ്യിൽ നിന്നും വാങ്ങി.

"ആദിയോട് ഞാൻ പറഞ്ഞതാ പതുക്കെ പോയാൽ മതിന്ന്... ഇതിപ്പോ ബുള്ളറ്റാണോ വിമാനമാണോ ന്ന് സംശയം തോന്നും. എന്റെ നടുവൊടിഞ്ഞു... ഇനിയെങ്ങാനും എന്നെ ഈ വണ്ടീൽ കേറ്റ്യാൽ അപ്പൊ കാണിച്ചുതരാം..."

നാണം മറയ്ക്കാൻ വേണ്ടി തനി പാലക്കാടൻ ശൈലിയിൽ ചുണ്ടുകോട്ടി പരിഭവം പറഞ്ഞുകൊണ്ട്, മറ്റാരും കാണാതെ എന്നെ നോക്കി കണ്ണിറുക്കി അവൾ വേഗം ഉമ്മറത്തേക്ക് നടന്നു.

അവളുടെ ആ കുസൃതി കേട്ട് ഞാൻ ചിരിയമർത്തിക്കൊണ്ട് ബുള്ളറ്റിൽ നിന്നിറങ്ങി. പിന്നീട് ഊണുമുറിയിൽ എല്ലാവരും ഒരുമിച്ച് ഇലയിട്ട് കഴിച്ച ആ ഉച്ചഭക്ഷണത്തിന്റെ രുചിയേക്കാൾ എന്റെ നാവിൽ അപ്പോൾ നിറഞ്ഞുനിന്നത്, മടക്കയാത്രയിൽ അവളുടെ സാമീപ്യം എനിക്ക് തന്ന ആ പ്രണയത്തിന്റെ മധുരമായിരുന്നു.

ഉച്ചയൂണിനു ശേഷം ഉമ്മറത്തെ ചാരുപടിയിൽ വെറുതെയൊന്ന് മയങ്ങിപ്പോയി ഞാൻ. തറവാടിന്റെ കുളിർമയും ഊണിനുശേഷമുള്ള ആ ചെറിയ മയക്കവും മനസ്സിനെ വല്ലാതെ ശാന്തമാക്കിയിരുന്നു. അതിൽ നിന്നും എന്നെ ഉണർത്തിയത് പാർവണയുടെ

അമ്മയായിരുന്നു.

"ആദി മയങ്ങുവാണോ... സന്ധ്യക്ക് കരിമ്പനക്കാവിൽ നട അടയ്ക്കുന്നതിന് മുൻപ് ഇവളെയൊന്ന് അമ്പലത്തിൽ കൊണ്ടുപോകാമോ? ഇരുട്ടായാൽ ഒറ്റയ്ക്ക് വിടാൻ ഒരു പേടി..."

അമ്മ ചോദിച്ചു.

വാതിൽക്കൽ പതുങ്ങി നിൽക്കുന്ന പാർവണയെ അപ്പോഴാണ് ഞാൻ കണ്ടത്. എന്നോടൊപ്പം വരാനുള്ള വല്ലാത്തൊരു കൊതി ആ മുഖത്തുണ്ടായിരുന്നു.

"അതിനെന്താ ആന്റി, ഞാൻ കൊണ്ടുപോകാമല്ലോ,"

വേഗം എഴുന്നേറ്റുകൊണ്ട് ഞാൻ പറഞ്ഞു.

സന്ധ്യ മയങ്ങിയ നേരത്താണ് ഞങ്ങൾ കരിമ്പനക്കാവിലെ ക്ഷേത്രത്തിലേക്ക് എത്തിയത്. കാവിൽ അധികം ആളുകളുണ്ടായിരുന്നില്ല. വലിയ കരിമ്പനകൾക്കിടയിലൂടെ കാറ്റ് വീശുമ്പോഴുണ്ടാകുന്ന ഒരുതരം മൂളൽ മാത്രം.

അവളെ ക്ഷേത്രനടയിലേക്ക് വിട്ടിട്ട്, ഞാൻ പുറത്തുള്ള ആൽത്തറയിൽ കാത്തുനിന്നു. അപ്പോഴാണ് ഓഫീസിൽ നിന്നും അടിയന്തിരമായൊരു ഫോൺ വന്നത്.

കുറച്ചു ദൂരേക്ക് മാറിനിന്ന് ഞാൻ സംസാരിക്കാൻ തുടങ്ങി.

പെട്ടെന്നാണ് അമ്പലത്തിന്റെ പിൻഭാഗത്തുള്ള ഇരുണ്ട വഴിയിൽ നിന്നും അവളുടെ ശബ്ദം ഉയർന്നുകേട്ടത്. ആ സ്വരത്തിൽ വല്ലാത്തൊരു ഭയമുണ്ടായിരുന്നു. കാൾ കട്ട് ചെയ്ത് ഞാൻ അങ്ങോട്ടേക്ക് ഓടി.

അവിടെ കണ്ട കാഴ്ച എന്റെ സിരകളിലെ രക്തം തിളപ്പിച്ചു.

മുൻപ് കണ്ടിട്ടുപോലുമില്ലാത്ത ഏതോ ഒരുത്തൻ! അലക്ഷ്യമായി വളർത്തിയ താടിയും, കഴുത്തിൽ കിടക്കുന്ന കട്ടിയുള്ള വെള്ളിചെയിനും, പകുതി തുറന്നിട്ട ഇരുണ്ട ഷർട്ടും.

കാഴ്ചയിൽത്തന്നെ വല്ലാത്തൊരു അഹങ്കാരം ആ മുഖത്തുണ്ടായിരുന്നു. അവൻ അവളുടെ വലതുകൈയിൽ ബലമായി പിടിച്ചുവെച്ചിരിക്കുന്നു. പാർവണ പേടിച്ച് ആകെ വിറയ്ക്കുന്നുണ്ടായിരുന്നു. അവളുടെ കണ്ണുകളിൽ ഭയവും നിസ്സഹായതയും നിഴലിച്ചു.

ഞാൻ വേഗത്തിൽ അവർക്കടുത്തേക്ക് നടന്നുചെന്നു.

യാതൊരു ബഹളവുമുണ്ടാക്കാതെ, അവളുടെ കയ്യിൽ അമർന്നിരുന്ന അവന്റെ കൈത്തണ്ടയിൽ ഞാൻ സർവ്വശക്തിയുമെടുത്ത് മുറുകെ പിടിച്ചു. എന്റെ പിടിയിലെ ഇറുക്കം കൊണ്ടാവണം, അവൻ ഞെട്ടിപ്പിടഞ്ഞുകൊണ്ട് അവളിൽ നിന്ന് പിടിവിട്ടു.

"നീ ഏതാടാ?"

അവനെന്നെ നോക്കി ഈർഷ്യയോടെ ചോദിച്ചു. അവൻ എന്നെ ആദ്യമായി കാണുകയായിരുന്നു.

"ഏതാണെന്ന് അറിയാനുള്ള യോഗ്യതയൊന്നും നിനക്കില്ല. കൈ വിടാൻ പറഞ്ഞാൽ വിടണം,"

തീരെ ശബ്ദമുയർത്താതെ, വളരെ തണുത്ത സ്വരത്തിൽ ഞാൻ പറഞ്ഞു. ഞാൻ അവനും അവൾക്കും നടുവിലായി ഒരു മതിൽ പോലെ നിന്നു.

"മാറി നിക്കെടാ... എനിക്ക് ഇവളോട് സംസാരിക്കണം. അതിന് ഞാൻ ആരുടേം അനുവാദം ചോദിക്കാറില്ല,"

ധാർഷ്ട്യത്തോടെ അവൻ വീണ്ടും അവൾക്ക് നേരെ വരാൻ ശ്രമിച്ചു.

ഞാൻ അവന്റെ നെഞ്ചിൽ കൈവെച്ച് ഒറ്റത്തള്ള് വെച്ചുകൊടുത്തു. അവൻ രണ്ട് ചുവട് പുറകോട്ട് വേച്ചുപോയി.

"ചോദിക്കണം...”

ഞാൻ അവന്റെ കണ്ണുകളിലേക്ക് നോക്കി ശബ്ദം താഴ്ത്തി പറഞ്ഞു.

"ഇവൾക്ക് നിന്നോട് സംസാരിക്കാൻ താല്പര്യമില്ലെന്ന് ആ മുഖം കണ്ടാൽ നിനക്കറിയില്ലേ? ഇന്നലെ വരെ ഇവൾക്ക് കാവലായി ഇവളുടെ വീട്ടുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പക്ഷെ ഇപ്പൊ ഞാനുമുണ്ട്. ഒരു വട്ടം കൂടി ഇവളുടെ നേരെ നിന്റെ കൈ ഉയർന്നാൽ... പിന്നെ നീ ജീവനോടെ തിരിച്ചുപോകില്ല. പോയിക്കോ ഇവിടുന്ന്."

എന്റെ കണ്ണുകളിലെ പകയും ആ നിൽപ്പും അവനിൽ നേരിയൊരു ഭയം ഉണ്ടാക്കിയിട്ടുണ്ടായിരുന്നു.

"നിന്നെ ഞാൻ കണ്ടോളാമെടാ."

എന്ന് പല്ലിറുമ്മിക്കൊണ്ട് എന്നെയൊന്ന് നോക്കിയിട്ട്, അവൻ ഇരുട്ടിലേക്ക് നടന്നു മറഞ്ഞു.

അവൻ പോയശേഷവും പാർവണയുടെ വിറയൽ അടങ്ങിയിരുന്നില്ല. ശ്വാസം കിട്ടാതെ അവൾ കിതയ്ക്കുന്നുണ്ടായിരുന്നു.

"ആദി... അവൻ... പണ്ടുമുതലേ എന്നെ..."

അവളുടെ വാക്കുകൾ മുറിഞ്ഞുപോയി. ഭയം കൊണ്ട് ആ നീലക്കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

കൂടുതലൊന്നും പറയാൻ ഞാൻ അവളെ അനുവദിച്ചില്ല. ഞാൻ അവളെ എന്റെ നെഞ്ചോട് ചേർത്തുപിടിച്ചു. യാതൊരു എതിർപ്പുമില്ലാതെ, വലിയൊരു കൊടുങ്കാറ്റിൽ നിന്നും പറന്നുവന്ന ഒരു കൊച്ചുപക്ഷിയെപ്പോലെ അവൾ എന്റെ നെഞ്ചിലേക്ക് ചാഞ്ഞു.

അവളുടെ കണ്ണുനീർ എന്റെ ഷർട്ടിനെ നനയ്ക്കുന്നുണ്ടായിരുന്നു. അവൾക്ക് ചുറ്റും ഒരു കോട്ട പോലെ എന്റെ കൈകൾ മുറുകി.

കരിമ്പനക്കാവിലെ ഇരുട്ടിനെ വകഞ്ഞുമാറ്റി ഞങ്ങൾ തറവാട്ടിലേക്ക് നടക്കുമ്പോഴും അവളുടെ വിറയൽ പൂർണ്ണമായി മാറിയിരുന്നില്ല.

എന്റെ വലംകൈ അവളുടെ തോളിലൂടെ ചുറ്റിപ്പിടിച്ചിരുന്നു. ആ ഇരുട്ടിലും ഒരു കൊച്ചുകുട്ടിയെപ്പോലെ അവൾ എന്നോട് കൂടുതൽ ചേർന്നു നടക്കാൻ ശ്രമിച്ചു. കാറ്റിൽ കരിമ്പനയോലകൾ ഉരയുന്ന ശബ്ദം കേൾക്കുമ്പോൾ പോലും അവൾ പെട്ടെന്ന് ഞെട്ടി എന്റെ നെഞ്ചിലേക്ക് വീണ്ടും വീണ്ടും ഒതുങ്ങി.

"ആദീ..."

നടപ്പിനിടയിൽ ഇടറിയ ശബ്ദത്തിൽ അവൾ വിളിച്ചു. ആ സ്വരത്തിൽ അപ്പോഴും വല്ലാത്തൊരു ഭയമുണ്ടായിരുന്നു.

"ഒന്നുമില്ല പാർവണേ... കഴിഞ്ഞില്ലേ എല്ലാം. ഞാനില്ലേ നിന്റെ കൂടെ,"

ഞാൻ അവളെ ഒന്നുകൂടി ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു.

"ആദിക്ക് അവനെ അറിയില്ല..."

എന്ന് പറയുമ്പോൾ അവളുടെ ശബ്ദം വല്ലാതെ വിറച്ചു.

"ദേവൻ... ദേവനാ അത്.ഡിഗ്രിക്ക് പഠിക്കണ കാലം തൊട്ട് എന്റെ പിന്നാലെ നടന്ന് ശല്യം ചെയ്യണതാ. ഇവിടുത്തെ വലിയൊരു പ്രമാണീടെ മോനാ... അവനോട് ആദി കേറി വഴക്കിന് പോയത് ശരിയായില്ല.വല്ലാത്തൊരു പകയുള്ള കൂട്ടത്തിലാ അവൻ...

എന്റെ ആദിയെ അവൻ എന്തെങ്കിലും ചെയ്യുമോന്ന് ഓർക്കുമ്പോഴാ എനിക്ക് നെഞ്ചിടിപ്പേറണത്... വേണ്ടായിരുന്നു ആദീ..."

അത്രയും പറഞ്ഞപ്പോഴേക്കും അവളുടെ നിയന്ത്രണം നഷ്ടപ്പെട്ടിരുന്നു. ആ കണ്ണുകൾ നിറഞ്ഞു തുളുമ്പി. എന്റെ ജീവന് എന്തെങ്കിലും ആപത്ത് വരുമോ എന്ന ആധി ആ മുഖത്ത് വല്ലാതെ നിഴലിച്ചു നിന്നു.

ഞാൻ പതുക്കെ നടത്തം നിറുത്തി. അവളുടെ നേരെ തിരിഞ്ഞുനിന്നു. എന്റെ ഇരു കൈകൾ കൊണ്ടും ആ മുഖം മൃദുവായി ചേർത്തുപിടിച്ചു. ആ വലിയ നീലക്കണ്ണുകളിൽ നിറഞ്ഞ കണ്ണുനീർ എന്റെ പെരുവിരൽ കൊണ്ട് പതുക്കെ തുടച്ചുമാറ്റി.

"എന്താ ചെയ്യുക അവൻ? എന്നെ കൊല്ലുമോ?"

എന്റെ ശബ്ദം വളരെ ശാന്തമായിരുന്നു.

"അതിന് അവനെക്കൊണ്ടാവില്ല പാർവണേ... കാരണം എന്റെ ജീവൻ ഇപ്പൊ ഈ നെഞ്ചിലല്ലല്ലോ, എന്റെ മുന്നിൽ നിൽക്കുന്ന ഈ പെണ്ണിലല്ലേ..."

അത് കേട്ടതും അവളെന്നെ നോക്കി. ആ നോട്ടത്തിൽ എനിക്കുവേണ്ടി തുടിക്കുന്ന ഒരു പ്രണയമുണ്ടായിരുന്നു.

"ഇത്രയും കാലം നീ ഒറ്റയ്ക്കായിരുന്നു ഇതൊക്കെ സഹിച്ചത്. പക്ഷെ ഇനി അങ്ങനെയല്ല. ഇനിയുള്ള നിന്റെ യാത്രകളിൽ നിനക്കൊരു കാവലായിട്ട്, നിന്റെയൊരു നിഴലായിട്ട് ഏതു നിമിഷവും ഞാനുണ്ടാകും കൂടെ.

ആരുടെയെങ്കിലും മുന്നിൽ ഈ ആദി തോൽക്കുന്നുണ്ടെങ്കിൽ അത് നിന്നോടുള്ള ഇഷ്ടത്തിന്റെ മുന്നിൽ മാത്രമായിരിക്കും. അല്ലാതെ അവനെക്കൊണ്ട് എന്നെ ഒന്നും ചെയ്യാൻ കഴിയില്ല.

ഈ ഭയം ഇനി എന്റെ കുട്ടിക്ക് വേണ്ട."

എന്റെ വാക്കുകളിലെ ആ ഉറപ്പ് കേട്ടതും, ഇതുവരെ അടക്കിപ്പിടിച്ച ഭയവും എന്നോടുള്ള സ്നേഹവും മുഴുവൻ അലിഞ്ഞുചേർന്ന് അവൾ എന്റെ നെഞ്ചിലേക്ക് വീണ്ടും മുഖമമർത്തി.

എന്റെ ഷർട്ടിന്റെ കോളറിൽ അവളുടെ വിറയ്ക്കുന്ന വിരലുകൾ മുറുകെ പിടിച്ചിരുന്നു. യാതൊരു കൃത്രിമത്വവുമില്ലാത്ത, പരസ്പരം ജീവനായി മാറിയ രണ്ടുപേരുടെ മനോഹരമായ കാവ്യം പോലെയായിരുന്നു ആ നിമിഷം.

കാവിലെ ഇരുട്ടിനെ സാക്ഷിയാക്കി, അവളുടെ ഓരോ നെഞ്ചിടിപ്പിലും ഞാൻ കേട്ടത് എന്നോടുള്ള അവളുടെ ആഴമേറിയ പ്രണയം മാത്രമായിരുന്നു.

പതുക്കെ അവളെയും നെഞ്ചോട് ചേർത്തുപിടിച്ച് തറവാട്ടിലേക്കുള്ള ഇടവഴിയിലൂടെ നടക്കുമ്പോൾ,എനിക്ക് നഷ്ടപ്പെടാൻ പാടില്ലാത്ത എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്താണ് ഈ ചേർത്തുപിടിക്കൽ എന്ന് ഞാൻ പൂർണ്ണമായും തിരിച്ചറിയുകയായിരുന്നു.

എന്റെ നെഞ്ചിലേക്ക് ചേർന്നുനടക്കുന്ന അവളുടെ ഹൃദയമിടിപ്പ് എനിക്ക് വ്യക്തമായി കേൾക്കാമായിരുന്നു. തറവാടിന്റെ പടിപ്പുര എത്തുന്നതിന് കുറച്ചുമുൻപ്, വലിയൊരു ഇലഞ്ഞിമരത്തിന്റെ ചുവട്ടിലെത്തിയപ്പോൾ പെട്ടെന്ന് അവൾ എന്റെ നെഞ്ചിൽ നിന്നും തലയുയർത്തി. അവളുടെ ചുവടുകൾ നിശ്ചലമായി.

ഞാൻ എന്തെങ്കിലും ചോദിക്കുന്നതിന് മുൻപ്, എന്റെ പ്രതീക്ഷകളെ മുഴുവൻ കാറ്റിൽ പറത്തിക്കൊണ്ട് അവൾ എന്റെ ഷർട്ടിന്റെ കോളറിൽ ഇറുകെ പിടിച്ചു. ഇരുട്ടിലും തിളങ്ങുന്ന ആ നീലക്കണ്ണുകൾ എന്നെത്തന്നെ നോക്കുന്നുണ്ടായിരുന്നു.

അടുത്ത നിമിഷം, അവൾ കാൽവിരലുകളിൽ അല്പമൊന്നുയർന്ന് എന്റെ മുഖം അവളിലേക്ക് അടുപ്പിച്ചു. പിന്നെ, എന്റെ അധരങ്ങളിൽ അവളുടെ മൃദുവായ ചുണ്ടുകൾ അമർന്നു.

ഒരു നിമിഷം ലോകം നിശ്ചലമായതുപോലെ എനിക്ക് തോന്നി. കാറ്റിന്റെ മൂളലില്ല, കരിമ്പനകളുടെ ഇലയനക്കമില്ല. എന്റെ ചുണ്ടുകളിൽ പടർന്ന ആ ഇളംചൂടിൽ അവളുടെ പ്രണയത്തിന്റെ മുഴുവൻ ആഴവുമുണ്ടായിരുന്നു.

അവളെന്നെ കൂടുതൽ ചേര്ത്തുപിടിച്ചു, എന്റെ കൈകളും അവളുടെ അരക്കെട്ടിലൂടെ വരിഞ്ഞുമുറുകി.പ്രപഞ്ചം മുഴുവൻ ഞങ്ങൾക്കിടയിൽ മാത്രം ഒതുങ്ങിയതുപോലെ, ആ കൊടുംമൗനത്തിൽ ഞങ്ങൾ അങ്ങനെ നിന്നു.

അവളുടെ ചുണ്ടുകളിലെ വിറയൽ എന്റെ സിരകളിലേക്ക് ഒരു ലഹരിയായി പടരുകയായിരുന്നു.

കുറച്ചുനേരം അങ്ങനെ നിന്ന ശേഷം, കിതപ്പോടെ അവൾ പതുക്കെ ചുണ്ടുകൾ വേർപെടുത്തി.പക്ഷെ എന്റെ നെഞ്ചിൽ നിന്നും മാറിയില്ല. എന്റെ കണ്ണുകളിലേക്ക് നോക്കുമ്പോൾ അവളുടെ മുഖത്ത് ഭയമായിരുന്നില്ല, മറിച്ച് എല്ലാം സ്വന്തമാക്കിയവളുടെ വല്ലാത്തൊരു പ്രണയമായിരുന്നു.

"എനിക്കറിയില്ല്യ ആദീ... എന്റെ ഈ ഉള്ളില് ഇപ്പൊ എന്താന്ന്..."

അവളുടെ സ്വരം കാറ്റുപോലെ മൃദുവായിരുന്നു.

"ഇത്രേം കാലം ഈ തറവാടും കാവും മാത്രമായിരുന്നു എന്റെ ലോകം.

വേറൊന്നിനോടും എനിക്ക് ഇത്രക്ക് ഇഷ്ടം തോന്നിയിട്ടില്ല്യ. പക്ഷെ ഇപ്പൊ... ഇപ്പൊ എന്റെ ഓരോ ശ്വാസത്തിലും ആദിയാ... ആദി ഇല്ലാണ്ട് ഒരു നിമിഷം പോലും എനിക്കിപ്പൊ വയ്യ്യാതായിരിക്കുണു.

ആരും കാണാണ്ട്, ആരും അറിയാണ്ട് ഇത്രേം നാൾ ഈ നെഞ്ചില് ഒരുപാട് പേടിയോടെ ഞാൻ ഒളിപ്പിച്ചു വെച്ചതാ ഈ ഇഷ്ടം. പക്ഷെ ഇപ്പൊ, ആർക്കും വിട്ടുകൊടുക്കാതെ എന്നെ ചേർത്തുപിടിച്ച ഈ നെഞ്ചിൽ എനിക്ക് ജീവൻ പോണ വരെ ഇങ്ങനെ തലചായ്ച്ചു കിടക്കണം.

അത്രയ്ക്ക് ഇഷ്ടാ എനിക്ക് എന്റെ ആദിയെ... എന്റെ ജീവനാ..."

വിതുമ്പലോടെ അവൾ പറഞ്ഞ ആ വാക്കുകൾ ഒരു മഹാകാവ്യം പോലെയാണ് എന്റെ കാതുകളിലേക്ക് പെയ്തിറങ്ങിയത്. കാലങ്ങളായി ഞാൻ കേൾക്കാൻ കൊതിച്ച ആ പ്രണയസമ്മതം!

വാക്കുകൾ കൊണ്ട് മറുപടി പറയാൻ കഴിയാത്തത്ര സന്തോഷം എന്റെ ഹൃദയത്തിൽ നിറഞ്ഞു തുളുമ്പി.

ഞാൻ ഒന്നും മിണ്ടാതെ, അവളുടെ നെറുകയിൽ പതുക്കെ ചുംബിച്ചു. പിന്നെ അവളെ ഒന്നുകൂടി എന്റെ നെഞ്ചിലേക്ക് അമർത്തിപ്പിടിച്ചു. തറവാട്ടിലെ വെളിച്ചം ദൂരെ കാണാമായിരുന്നിട്ടും, ആ ഇലഞ്ഞിമരച്ചുവട്ടിലെ ഇരുട്ടിന്റെ മറവിൽ, സ്നേഹത്തിന്റെ അനന്തമായ വെളിച്ചത്തിലേക്ക് ഞങ്ങൾ പരസ്പരം അലിഞ്ഞുചേരുകയായിരുന്നു.

ഇലഞ്ഞിപ്പൂമണമുള്ള ആ ചുംബനത്തിന്റെ ലഹരിയിൽ തറവാട്ടിൽ തിരിച്ചെത്തിയ ഞങ്ങളുടെ അത്താഴവും ഉറക്കവും, വാക്കുകൾക്കും സ്വപ്നങ്ങൾക്കും അതീതമായൊരു മനോഹരമായ പ്രണയലോകത്തായിരുന്നു.

പിറ്റേന്ന് നേരം വെളുത്തത് നല്ല തണുപ്പുള്ളൊരു പാലക്കാടൻ പ്രഭാതത്തിലേക്കാണ്. കിണറ്റിൻകരയിൽ നിന്നും വെള്ളം കോരുന്ന കപ്പിയുടെ ശബ്ദം കേട്ടാണ് ഞാൻ മുറ്റത്തേക്ക് ഇറങ്ങിയത്.

നേരിയ മഞ്ഞുപെയ്യുന്ന ആ പുലരിയിൽ, തുളസിത്തറയ്ക്കും അപ്പുറമുള്ള കിണറ്റിൻകരയിൽ അവളുണ്ടായിരുന്നു.

കുളിച്ച് ഈറൻമാറി, തുളസിക്കതിർ ചൂടി നിൽക്കുന്ന എന്റെ പാർവണ! കുളികഴിഞ്ഞ് കോടിയുടുത്ത അവളുടെ കാർമേഘം പോലെയുള്ള മുടിയിഴകളിൽ നിന്നും അപ്പോഴും വെള്ളം ഇറ്റുവീഴുന്നുണ്ടായിരുന്നു.

കിണറ്റിലേക്ക് കയർ ഇറക്കുമ്പോൾ, അവളുടെ കൈകളിലെ കുപ്പിവളകൾ തമ്മിലുരസി മനോഹരമായൊരു സംഗീതം പൊഴിയുന്നുണ്ട്.

ചുറ്റും മറ്റാരുമില്ലെന്ന് ഉറപ്പുവരുത്തി, ശബ്ദമുണ്ടാക്കാതെ ഒരു കാറ്റുപോലെ ഞാൻ അവളുടെ പിന്നിലൂടെ ചെന്നു. പെട്ടെന്ന് എന്റെ ഇരുകൈകളും അവളുടെ നേർത്ത അരക്കെട്ടിലൂടെ ചുറ്റി ഞാൻ അവളെ എന്റെ നെഞ്ചിലേക്ക് വലിച്ചുചേർത്തു.

അപ്രതീക്ഷിതമായ ആ സ്പർശനത്തിൽ അവളൊന്ന് ഞെട്ടി. കയ്യിലിരുന്ന കയർ കിണറ്റിലേക്ക് വഴുതിവീണു. പക്ഷെ ഞാനാണെന്നു തിരിച്ചറിഞ്ഞ നിമിഷം, അവളൊന്ന് കുതറിമാറാൻ പോലും ശ്രമിക്കാതെ ആ കൈകൾക്കുള്ളിൽ ഒരു കൊച്ചു പക്ഷിയെപ്പോലെ ഒതുങ്ങിനിന്നു.

അവളുടെ കഴുത്തിടുക്കിലെ നനഞ്ഞ മുടിയിഴകളിൽ മുഖമമർത്തിയപ്പോൾ, ഈറൻമണ്ണിന്റെയും തുളസിയുടെയും ഗന്ധമുള്ള വല്ലാത്തൊരു കുളിർമ എന്റെ സിരകളിലേക്ക് പടർന്നു. എന്റെ നെഞ്ചിൽ അമർന്നിരിക്കുന്ന അവളുടെ മുതുകിലൂടെ, ആ ഹൃദയത്തിന്റെ ഭ്രാന്തമായ താളം എനിക്ക് വ്യക്തമായി കേൾക്കാമായിരുന്നു.

"ആദീ... വിട്... അമ്മയോ അമ്മായിയോ എങ്ങാനും ഇങ്ങോട്ട് വരും...”

എന്റെ കൈത്തണ്ടയിൽ അവളുടെ മൃദുവായ വിരലുകൾ അമർത്തിപ്പിടിച്ചുകൊണ്ട് കിതപ്പോടെ അവൾ പറഞ്ഞു.

"വന്നാൽ എന്താ പാർവണേ? ഇന്നലെ കാവിലെ ഇരുട്ടിൽ വെച്ച് നീയെനിക്ക് തന്ന ആ അവകാശമുണ്ടല്ലോ, അതിനുമുന്നിൽ ഈ ലോകം മുഴുവൻ എതിര് നിന്നാലും എന്റെ ഈ കൈകൾക്ക് ഇനി ഒരു വിറയലുമുണ്ടാകില്ല..."

ഞാൻ അവളുടെ കാതോരം പതുക്കെ മന്ത്രിച്ചു.

എന്റെ വാക്കുകൾ കേട്ടതും, എന്നിൽ നിന്നുമടർന്നുമാറി അവൾ പെട്ടെന്ന് എന്റെ നേരെ തിരിഞ്ഞുനിന്നു.

ഇന്നലെ രാത്രിയിലെ ആ ഭയമൊന്നും ഇപ്പോൾ ആ മുഖത്തില്ലായിരുന്നു. പകരം, സ്വന്തം പ്രണയനായകനെ ആദ്യമായി പകൽവെളിച്ചത്തിൽ ഇത്രയടുത്തു കാണുന്നതിന്റെ നാണം ആ വലിയ നീലക്കണ്ണുകളിൽ നിറഞ്ഞുതുളുമ്പി.

അവളുടെ നനഞ്ഞ കുറുനിരകളിൽ നിന്നും ഒരു മഞ്ഞുകണം എന്റെ കവിളിലേക്ക് വീണു.

"ആദിക്കൊരു പേടിയും ഇല്ല്യാലോ...

ആരെങ്കിലും കണ്ടാൽ എന്റെ കാര്യാണ് കഷ്ടാവുക. മാറി നിക്ക് മനുഷ്യ..."

നാണം മറച്ചുപിടിക്കാൻ വേണ്ടി തനി

കള്ളഗൗരവം നടിച്ച് അവളെന്നെ നോക്കി കണ്ണുരുട്ടി.

ഞാൻ ചിരിയോടെ രണ്ട് ചുവട് പിന്നോട്ട് മാറിയതും, വെള്ളം നിറഞ്ഞ തൊട്ടി വേഗം വലിച്ചെടുത്ത് അവൾ അടുക്കളയിലേക്ക് നടന്നു. തിരിഞ്ഞുനടക്കുമ്പോൾ അവളെന്നെ നോക്കിയ ആ നോട്ടമുണ്ടല്ലോ, അതിൽ ഉദിച്ചുനിൽക്കുന്ന സൂര്യനേക്കാൾ വലിയൊരു പ്രകാശമുണ്ടായിരുന്നു.

എന്റെ നെഞ്ചിൽ അവൾ ബാക്കിവെച്ചുപോയ ആ ഈറൻചൂടും പേറി കുറച്ചുനേരം കൂടി ഞാൻ ആ കിണറ്റിൻകരയിൽ അങ്ങനെ നിന്നു...

കിണറ്റിൻകരയിലെ ആ മനോഹരമായ നിമിഷങ്ങളുടെ മാധുര്യം മനസ്സിൽ നിറഞ്ഞുനിൽക്കുമ്പോഴാണ് എന്റെ ഫോൺ ശബ്ദിച്ചത്.അമ്മയായിരുന്നു.

ഫോണെടുത്തതും അമ്മയുടെ വിതുമ്പലാണ് ഞാൻ കേട്ടത്.

"ആദീ... നീ എത്രയും വേഗം ഇങ്ങോട്ട് പോരെ... നമ്മുടെ മാധവൻ മാഷ്... മാഷ് നമ്മളെ വിട്ടുപോയി മോനെ. പെട്ടെന്നായിരുന്നു... നീ വേഗം വാ..."

അമ്മയുടെ വാക്കുകൾ മുറിയുന്നുണ്ടായിരുന്നു.

കുട്ടിക്കാലം മുതൽ എന്റെ വിരൽത്തുമ്പുപിടിച്ച് അക്ഷരങ്ങൾ പഠിപ്പിച്ച മാധവൻ മാഷ്!

സന്തോഷത്തിന്റെ കൊടുമുടിയിൽ നിന്നും വല്ലാത്തൊരു ശൂന്യതയിലേക്ക് വീണതുപോലെ എനിക്ക് തോന്നി.ജീവനുതുല്യം സ്നേഹിക്കുന്നവളെ സ്വന്തമാക്കിയതിന്റെ പിറ്റേന്ന് തന്നെ അവളിൽ നിന്നകന്നു പോകേണ്ടി വരിക!

മനസ്സില്ലാമനസ്സോടെ ഞാൻ സാധനങ്ങളെല്ലാം ബാഗിലാക്കി ഉമ്മറത്തേക്ക് വന്നു. വിവരമറിഞ്ഞ് മുത്തശ്ശനും മുത്തശ്ശിയും പാർവണയുടെ അമ്മയും, പിന്നെ രമ അമ്മായിയും സാവിത്രി അമ്മായിയും

അവിടെ നിൽപ്പുമുണ്ടായിരുന്നു.

എല്ലാവരുടെയും മുഖത്ത് വല്ലാത്തൊരു സങ്കടം.

"അയ്യോ, വല്ലാത്ത കഷ്ടമായിപ്പോയല്ലോ കുട്ടീ... ഈ മരണമൊക്കെ ആർക്കാ എപ്പഴാ വരിക എന്ന് പറയാൻ പറ്റില്ലല്ലോ. നീ ധൈര്യമായിട്ട് പോയിട്ട് വാ..."

മുത്തശ്ശി സങ്കടത്തോടെ പറഞ്ഞു.

"ഉച്ചക്കത്തെ ഊണെങ്കിലും കഴിച്ചിട്ട് പോകാമായിരുന്നു ആദീ... സങ്കടം കൊണ്ടാണെങ്കിലും യാത്ര ചെയ്യുമ്പോ വയറ്റിൽ എന്തെങ്കിലും കിടക്കണ്ടേ."

പാർവണയുടെ അമ്മയുടെ വാക്കുകളിൽ സ്വന്തം മകനോടുള്ളതുപോലെയുള്ള വാത്സല്യമുണ്ടായിരുന്നു.

"പെട്ടെന്നിങ്ങനെ പോവേണ്ടി വന്നല്ലോ കുട്ടിക്ക്... എപ്പോഴായാലും വാസ്തു പഠിക്കാൻ ഇനിയും ഇങ്ങോട്ട് തന്നെ വരണം ട്ടോ..." സാവിത്രി അമ്മായിയും രമ അമ്മായിയും ഒരേ സ്വരത്തിൽ പറഞ്ഞു.

"ഇനി എപ്പഴാ ആദി ഇങ്ങോട്ട് തിരിച്ചു വരിക? അതോ പഠിത്തം ഒക്കെ ഇതോടെ കഴിഞ്ഞോ?"

മുത്തശ്ശൻ വലിയൊരു സ്നേഹത്തോടെ ചോദിച്ചു.

ഇത്രയും പേർക്കിടയിലും എന്റെ കണ്ണുകൾ തിരഞ്ഞത് അവളെയാണ്. വാതിൽപ്പടിക്ക് മറവിൽ, എന്നെത്തന്നെ നോക്കി നിൽക്കുന്ന ആ നീലക്കണ്ണുകൾ അപ്പോഴേക്കും നിറഞ്ഞുതുളുമ്പാൻ തുടങ്ങിയിരുന്നു.

ആൾക്കൂട്ടത്തിനിടയിൽ വെച്ച് കരയാതിരിക്കാൻ അവൾ വല്ലാതെ പാടുപെടുന്നുണ്ടായിരുന്നു. ഞാൻ പതുക്കെ തലയുയർത്തി വാതിൽപ്പടിയിലെ ആ നനഞ്ഞ കണ്ണുകളിലേക്ക് ഒന്ന് നോക്കി. എന്നിട്ട് മുത്തശ്ശന് മറുപടി നൽകി.

"ഇല്ല മുത്തശ്ശാ... എന്റെ പഠിത്തം ഇവിടെ കഴിഞ്ഞിട്ടില്ലല്ലോ. ഈ തറവാടിനെക്കുറിച്ചും ഇവിടുത്തെ വാസ്തുവിദ്യയെക്കുറിച്ചും എനിക്ക് ഇനിയും ഒരുപാട് കാര്യങ്ങൾ പഠിക്കാനുണ്ട്. അതുകൊണ്ട് ഞാൻ എന്തായാലും തിരിച്ചു വരും.ചിലപ്പോൾ എല്ലാവരും സന്തോഷിക്കുന്ന, ഇതിലും മനോഹരമായ മറ്റൊരു മുഹൂർത്തത്തിന് വേണ്ടിയായിരിക്കും ഞാൻ ഇനി ഇങ്ങോട്ട് വരിക..."

എന്റെ ആ വാക്കുകളിലെ ഒളിയർത്ഥം പാർവണയ്ക്ക് കൃത്യമായി മനസ്സിലായിരുന്നു. സങ്കടത്തിനിടയിലും അവളുടെ മുഖത്ത് ചെറിയൊരു ആശ്വാസവും നാണവും മിന്നിമറഞ്ഞു.

റെയിൽവേ സ്റ്റേഷനിലേക്ക് പോകാനുള്ള ഓട്ടോ വരാൻ ഇനിയും അല്പം സമയമുണ്ട്.കുടിക്കാൻ കുറച്ചു വെള്ളം എടുക്കാനെന്ന വ്യാജേന ഞാൻ അകത്തെ ഇടനാഴിയിലേക്ക് മാറി.

പ്രതീക്ഷിച്ചതുപോലെ അവൾ അവിടെ നിൽപ്പുണ്ടായിരുന്നു. ആരും കാണുന്നില്ലെന്ന് ഉറപ്പായപ്പോൾ അവൾ വേഗത്തിൽ എന്റെ അടുത്തേക്ക് വന്ന് എന്റെ ഷർട്ടിന്റെ കൈകളിൽ മുറുകെ പിടിച്ചു. ആ വിരലുകൾ വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു.

"എനിക്ക്... എനിക്ക് പേടിയാവാ ആദീ... പെട്ടെന്ന് ഇങ്ങനെ പോവുമ്പോ... ഇനി എന്നാ വരിക..."

അവളുടെ ശബ്ദം തൊണ്ടയിൽ കുരുങ്ങി. രണ്ട് തുള്ളി കണ്ണുനീർ ആ കവിളിലൂടെ താഴേക്ക് വീണു.

ഞാൻ ചുറ്റുമൊന്ന് നോക്കിയിട്ട്, പെട്ടെന്ന് അവളുടെ ആ നനഞ്ഞ കവിളിൽ എന്റെ ചുണ്ടുകൾ അമർത്തി. പിന്നെ ആ കാതോരം പതുക്കെ പറഞ്ഞു.

"കരയാതിരിക്ക് എന്റെ പെണ്ണെ... ഈ പോക്ക് നിന്നെ എന്നെന്നേക്കുമായി എനിക്ക് സ്വന്തമാക്കാൻ വേണ്ടിയിട്ടുള്ളതാ.നമ്മുടെ ഇഷ്ടം വീട്ടുകാരെ അറിയിക്കാൻ ഞാൻ വേഗം വരും.

ഈ തറവാടിന്റെ പടിയിറങ്ങി പോവുന്നത് ഒരു ഡിസൈൻ നോക്കാൻ വന്ന എഞ്ചിനീയർ ആണെങ്കിൽ, ഇനി ഈ പടികയറി വരുന്നത്

നിന്നെ സ്വന്തമാക്കാൻ വരുന്ന നിന്റെ സ്വന്തം ആദിയായിരിക്കും.എന്റെ കുട്ടി ധൈര്യമായിട്ടിരിക്ക്."

അതുകേട്ടപ്പോൾ കണ്ണീരോടെ അവളൊന്ന് പുഞ്ചിരിക്കാൻ ശ്രമിച്ചു.

"വേഗം വരണേ...നിന്റെ ജീവൻ ഇവിടെയാന്ന് ഓർമ്മ വേണം..."

അവൾ പതുക്കെ മന്ത്രിച്ചു.

പുറത്ത് ഗേറ്റിൽ ഓട്ടോ വന്ന് നിന്ന ശബ്ദം കേട്ടു. ഞാൻ ബാഗുമെടുത്ത് ഉമ്മറത്തുള്ള എല്ലാവരോടും ഒരിക്കൽക്കൂടി യാത്രപറഞ്ഞ് പടിപ്പുര കടക്കുമ്പോൾ, തിരിഞ്ഞൊന്ന് നോക്കി.

ഉമ്മറത്തെ വലിയ തൂണും ചാരി, കണ്ണീരോടെ, എന്നാൽ വലിയൊരു പ്രതീക്ഷയോടെ എന്നെത്തന്നെ നോക്കിനിൽക്കുന്ന എന്റെ പ്രാണനെ ഞാൻ കണ്ടു. റെയിൽവേ സ്റ്റേഷനിലെത്തി തിരികെയുള്ള ട്രെയിനിലിരുന്ന് ദൂരേക്ക് യാത്രയാകുമ്പോഴും, വിരഹത്തിന്റെ വേദനയ്ക്കുള്ളിൽ വീണ്ടും കാണാമെന്ന വലിയൊരു വാഗ്ദാനമായിരുന്നു എന്റെ മനസ്സിൽ..

ട്രെയിൻ യാത്രക്കൊടുവിൽ നാട്ടിലെത്തുമ്പോൾ സന്ധ്യയുടെ ചുവപ്പ് ആകാശത്ത് പടർന്നിരുന്നു

മുറ്റത്തേക്ക് കയറിയ പാടെ അമ്മ പറഞ്ഞു,

"ആദീ..നീ വേഗം അങ്ങോട്ട് ചെല്ല്."

സങ്കടമുണ്ടായിരുന്നെങ്കിലും അമ്മ അത് വല്ലാതെ പുറത്തുകാണിച്ചില്ല.

കുട്ടിക്കാലം മുതൽ എനിക്ക് വഴികാട്ടിയായിരുന്ന ആ മനുഷ്യന് അന്ത്യാഞ്ജലി അർപ്പിച്ച്, മനസ്സിലെ വലിയൊരു ശൂന്യതയോടെ ആ മരണവീട്ടിൽ നിന്നും ഞാൻ വേഗം തന്നെ വീട്ടിലേക്ക് മടങ്ങി.

രാത്രി ഏറെ വൈകിയിരുന്നു. മുറിയിലെ ഇരുട്ടിൽ ഒറ്റയ്ക്ക് കിടക്കുമ്പോഴാണ് എന്റെ

ഫോൺ പെട്ടെന്ന് ശബ്ദിച്ചത്. ഫോണെടുത്ത് സ്ക്രീനിലേക്ക് നോക്കിയപ്പോൾ തിളങ്ങുന്നത് പരിചയമില്ലാത്ത ഒരു ലാൻഡ്‌ലൈൻ നമ്പറാണ്. പാലക്കാടൻ കോഡ് കണ്ടപ്പോൾത്തന്നെ എന്റെ ഹൃദയമിടിപ്പ് കൂടി.

രാത്രിയിലെ ഈ സമയത്ത് ആരായിരിക്കും എന്ന ആകാംക്ഷയോടെ ഞാൻ കാൾ അറ്റൻഡ് ചെയ്ത് കാതിൽ വെച്ചു.

മറുതലയ്ക്കൽ നിന്നും ഒരു വിറയാർന്ന ശ്വാസനിശ്വാസമാണ് ആദ്യം കേട്ടത്. പിന്നെ, എന്റെ ജീവന്റെ പാതിയായ ആ സ്വരമെത്തി...

"ആദീ... എത്തിയോ അവിടെ?"

പാർവണ! ഈ സങ്കടങ്ങൾക്കിടയിലും ആ സ്വരം കേട്ടപ്പോൾ നിലയില്ലാക്കയത്തിൽ നിന്നും കിട്ടിയ വലിയൊരു പിടിവള്ളി പോലെ എനിക്ക് തോന്നി. സ്വന്തമായി ഒരു മൊബൈൽ ഫോൺ പോലുമില്ലാത്ത അവൾ, എല്ലാവരും ഉറങ്ങിയെന്ന് ഉറപ്പുവരുത്തിയ ശേഷം തറവാട്ടിലെ വലിയ ഹാളിലിരിക്കുന്ന ആ പഴയ ലാൻഡ്‌ലൈൻ ഫോണിൽ നിന്നുമാണ് വിളിക്കുന്നത്.

അന്ന് എന്റെ ഡയറിത്താളിൽ നിന്നും കീറി, ഞാൻ അവൾക്കായി മാത്രം കുറിച്ചിട്ട് കൊടുത്ത ആ പത്തക്ക നമ്പറിലേക്ക് തന്റെ വിറയ്ക്കുന്ന വിരലുകൾ കൊണ്ട് അവൾ രഹസ്യമായി ഡയൽ ചെയ്തിരിക്കുന്നു!

"ഞാൻ എത്തി പാർവണേ..."

എന്ന് പറയുമ്പോൾ എന്റെ ശബ്ദം നേരിയ തോതിൽ ഇടറുന്നുണ്ടായിരുന്നു. മാഷിനെ നഷ്ടപ്പെട്ട സങ്കടവും അവളെ കാണാതെയുള്ള വിരഹവും ഒരുമിച്ചെത്തിയപ്പോൾ അവളോട് സംസാരിക്കാൻ എനിക്ക് വാക്കുകൾ കിട്ടുന്നുണ്ടായിരുന്നില്ല.

"എന്താ ആദീ... ശബ്ദത്തിലൊരു വല്ലായ്മ? ആദി കരയുകയാണോ?"

ആ വലിയ ഹാളിലെ ഇരുട്ടിൽ, ആരും ഉണരാതിരിക്കാൻ വളരെ പതുക്കെയാണ് അവൾ ചോദിച്ചത്.

എന്റെ തൊണ്ടയിലെ കുരുക്ക് പൊട്ടി. മാഷ് മരിച്ച വിവരവും എന്റെ സങ്കടവും ഞാൻ പറഞ്ഞപ്പോൾ, ഒരു നനുത്ത കാറ്റുപോലെ അവളുടെ വാക്കുകൾ എന്നെ തഴുകി.

"സങ്കടപ്പെടല്ലേ എന്റെ ആദീ... ഈ ഭൂമിയിൽ എല്ലാവരും ആദിയെ വിട്ടുപോയാലും, ജീവൻ പോകുന്നതുവരെ ആദിയുടെ നെഞ്ചിൽ ഈ പാർവണ ഉണ്ടാകില്ലേ..."

സ്വന്തമായി ഫോൺ പോലുമില്ലാത്ത, ലോകപരിചയം കുറഞ്ഞ ആ പെൺകുട്ടി വളരെ പക്വതയോടെ എനിക്ക്

താങ്ങാകുകയായിരുന്നു. അവളുടെ ആ വാക്കുകളിൽ എന്റെ സങ്കടങ്ങളെല്ലാം അലിഞ്ഞില്ലാതാകുന്നത് ഞാൻ അറിഞ്ഞു.

പെട്ടെന്നാണ് ഫോണിലൂടെ ആ ശബ്ദം ഞാൻ കേട്ടത്. തറവാടിന്റെ മുറ്റത്ത് ഉണങ്ങിയ കരിയിലകൾക്കിടയിലൂടെ പതുങ്ങിയുള്ളൊരു കാൽപ്പെരുമാറ്റം! തൊട്ടുപിന്നാലെ വേട്ടനായ്ക്കളുടെ നിർത്താതെയുള്ള കുരയും.

മറുതലയ്ക്കൽ അവളുടെ ശ്വാസോച്ഛ്വാസം വല്ലാതെ വേഗത്തിലാകുന്നത് എനിക്ക് കേൾക്കാമായിരുന്നു.

"ആദീ..." അവളുടെ ശബ്ദം വിറച്ചു. "മുറ്റത്ത് ആരോ ഉണ്ട്... എനിക്ക് പേടിയാവാ... ആ ദേവനാണോ?"

എന്റെ സിരകളിലെ രക്തം തണുത്തുറയുന്നതുപോലെ തോന്നി. ഇത്രയും ദൂരെ, ഈ പാതിരാത്രിയിൽ അവൾക്ക് ഒരു ആപത്തുവന്നാൽ ഓടിയെത്താൻ എനിക്കാവില്ലല്ലോ എന്ന നിസ്സഹായത എന്നെ ശ്വാസംമുട്ടിച്ചു.

തറവാട്ടിലെ ആ വലിയ ഇരുണ്ട മുറിയിൽ അവൾ ഇപ്പോൾ ഒറ്റയ്ക്കാണെന്ന ചിന്ത എന്റെ നെഞ്ചിടിപ്പ് കൂട്ടി.

"പാർവണേ..."

ഞാൻ ശബ്ദം താഴ്ത്തി, എന്നാൽ വലിയൊരു ഉറപ്പോടെ പറഞ്ഞു.

"നീ ഒട്ടും പേടിക്കരുത്. മുറ്റത്ത് നായ കുരയ്ക്കുന്നത് കേട്ട് അമ്മാവനോ മറ്റോ ഇപ്പോൾ ഉണരും. ഫോൺ പതുക്കെ അവിടെ വെച്ചിട്ട്, ഒട്ടും ശബ്ദമുണ്ടാക്കാതെ നീ വേഗം നിന്റെ മുറിയിലേക്ക് പോയി വാതിലടച്ച് കുറ്റിയിട്.

ആരും വരില്ല, എന്റെ കുട്ടി ധൈര്യമായിട്ട് പോ..."

"മ്മ്..."

വിറയ്ക്കുന്ന ഒരു മൂളലോടെ അവൾ റിസീവർ താഴെ വെച്ചു. കാൾ കട്ടായ ശബ്ദം കേട്ടെങ്കിലും, ഫോൺ കാതിൽ നിന്നും മാറ്റാൻ എനിക്ക് തോന്നിയില്ല.

ആ രാത്രിയുടെ ബാക്കി സമയം എനിക്ക് ഉറങ്ങാനായില്ല. ഇരുളിൽ പതുങ്ങിനിൽക്കുന്ന ആ അദൃശ്യരൂപം ദേവനായിരിക്കുമോ എന്ന ചിന്ത എന്റെ സമാധാനം കെടുത്തി.

തറവാട്ടിൽ അവൾ സുരക്ഷിതയാണോ എന്നറിയാൻ നേരം വെളുക്കുന്നതുവരെ ഒരു ഭ്രാന്തനെപ്പോലെ ഞാൻ ആ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു...

നേരം വെളുത്തത് എപ്പോഴാണെന്ന് ഞാൻ അറിഞ്ഞില്ല. രാവിലത്തെ ഇളംവെയിൽ ജനാലയിലൂടെ മുഖത്ത് വന്ന് വീണപ്പോഴും എന്റെ മനസ്സുനിറയെ പാർവണയായിരുന്നു. കാവലില്ലാതെ ഇരുളിൽ ഒറ്റപ്പെട്ടവളുടെ പേടി എന്റെ നെഞ്ചിനെയും വല്ലാതെ പൊള്ളിച്ചിരുന്നു.

മാഷ് മരിച്ച സങ്കടം ഒരു വശത്ത്, അവളുടെ ജീവനെക്കുറിച്ചുള്ള ആധി മറുവശത്ത്.

എന്റെ ഉള്ളിലെ പ്രാണന്റെ ഈ പിടച്ചിൽ ആരോടെങ്കിലും എനിക്ക് പങ്കുവെക്കണമെന്നുണ്ടായിരുന്നു. അമ്മയോട് പറയാം... പക്ഷെ ഈ മരണവീടിന്റെ പശ്ചാത്തലത്തിൽ അത് പറയണോ?

അതോ കുറച്ചുകൂടി കഴിഞ്ഞിട്ട് മതിയോ? ഒരുപാട് നേരം ഞാൻ ചിന്തിച്ചു. ഒടുവിൽ, നെഞ്ചിലെ ഈ വലിയ ഭാരം ഇറക്കിവെക്കാൻ എനിക്ക് എന്റെ അമ്മയെ അല്ലാതെ മറ്റാരെയും ആശ്രയിക്കാൻ കഴിയില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു.

അടുക്കളയിൽ എന്തോ ജോലിയിലായിരുന്ന അമ്മയുടെ അടുത്തേക്ക് ഞാൻ ചെന്നു.

"നെയ് അമ്മ..."

എന്റെ വിളിയിൽ പതിവില്ലാത്ത ഒരു വല്ലായ്മ ഉണ്ടായിരുന്നു.

അമ്മ തിരിഞ്ഞുനോക്കി. എന്റെ മുഖത്തെ വാട്ടം കണ്ടിട്ടാകണം, അമ്മയുടെ കണ്ണുകളിൽ ഒരു ചോദ്യമുണ്ടായിരുന്നു.

"എനിക്ക് അമ്മയോട് ഒരു കാര്യം പറയാനുണ്ട്..."

ഞാൻ പതുക്കെ തുടങ്ങി.

"അമ്മയ്ക്ക് ഓർമ്മയുണ്ടോ... സച്ചുച്ചേട്ടന്റെ കല്യാണത്തിന് മുൻപ് ഞാനൊരു സ്വപ്നം കണ്ട കാര്യം അമ്മയോട് പറഞ്ഞിരുന്നത്?"

അമ്മ ഒന്നമ്പരന്നു, പിന്നെ പതുക്കെ തലകുലുക്കി.

"സച്ചുച്ചേട്ടന്റെ കല്യാണത്തിന് പോയപ്പോൾ ഞാൻ അവളെ കണ്ടു അമ്മേ. എന്റെ സ്വപ്നത്തിൽ വന്ന അതേ മുഖം... അതെ കണ്ണുകൾ. ആദ്യമായിട്ട് കണ്ടപ്പോൾ തന്നെ എന്റെ ജീവൻ അവളിലാണെന്ന് എനിക്ക് തോന്നിപ്പോയി..."

ഞാൻ അല്പം നിർത്തി, അമ്മയുടെ മുഖത്തേക്ക് നോക്കി.

"പിന്നെ ഡിസൈൻ നോക്കി പഠിക്കാൻ പോയതൊന്നും ആയിരുന്നില്ല ഞാൻ. അവളെ തേടി പോയതായിരുന്നു. പാലക്കാടാ അവളുടെ വീട്... അവളില്ലാതെ ഇനി ഈ ആദിക്ക് ഒരു ജീവിതമില്ല അമ്മേ."

അമ്മയുടെ കൈകളിലെ ജോലി നിശ്ചലമായി.

തീരെ പ്രതീക്ഷിക്കാത്ത ആ വാക്കുകൾ കേട്ട് അമ്മ എന്നെത്തന്നെ കുറച്ചുനേരം നോക്കിനിന്നു. പിന്നെ ആ മുഖത്ത് നേരിയൊരു പരിഭവം പടർന്നു. സ്നേഹവും സങ്കടവും കലർന്ന ഒരു അമ്മയുടെ പരിഭവം.

"നിനക്ക് ഇതൊക്കെ പോകുന്നതിന് മുൻപ് ഈ അമ്മയോട് ഒന്ന് പറയാമായിരുന്നില്ലേടാ?"

അമ്മയുടെ ശബ്ദത്തിൽ ചെറിയൊരു ഇടർച്ചയുണ്ടായിരുന്നു.

"എന്നിട്ട് ഇതിനായിരുന്നോ നീ എന്നോട് കള്ളം പറഞ്ഞ് പാലക്കാട്ടേക്ക് വണ്ടി കയറിയത്? എന്നോട് പറഞ്ഞിരുന്നെങ്കിൽ ഞാൻ നിന്നെ തടയുമായിരുന്നോ ആദീ? ഇത്ര വലിയൊരു കാര്യം മനസ്സിൽ വെച്ചുകൊണ്ടാണോ നീ ഇത്രയും ദിവസം അവിടെ നിന്നത്..."

അമ്മയുടെ ആ ചോദ്യത്തിന് മുന്നിൽ എനിക്ക് മറുപടി ഉണ്ടായിരുന്നില്ല. ഞാൻ ഒന്നും മിണ്ടാതെ നിന്നു.

"എന്തായാലും പോയി മുഖം കഴുകി വാ... ബാക്കി നമുക്ക് പിന്നെ സംസാരിക്കാം,"

എന്ന് പറഞ്ഞ് അമ്മ വേഗം തിരിഞ്ഞുനിന്ന് അടുപ്പിലെ തീ ഊതിക്കത്തിക്കാൻ തുടങ്ങി. ആ തീയുടെ വെളിച്ചത്തിൽ, മകന്റെ വലിയൊരു രഹസ്യം വൈകി അറിഞ്ഞതിന്റെ ചെറിയൊരു സങ്കടം അമ്മയുടെ കണ്ണുകളിൽ തിളങ്ങുന്നുണ്ടായിരുന്നു.

പക്ഷെ അതിനുമപ്പുറം, എന്റെ ഇഷ്ടത്തെ തള്ളിക്കളയാത്ത ഒരു അമ്മമനസ്സിന്റെ ആശ്വാസം എനിക്കവിടെ കാണാമായിരുന്നു...

മുഖം കഴുകി വന്നപ്പോഴേക്കും അടുക്കളയിലെ മേശപ്പുറത്ത് ആവി പറക്കുന്ന കാപ്പിയുമായി അമ്മ കാത്തുനിൽപ്പുണ്ടായിരുന്നു. അമ്മയുടെ മുഖത്ത് അപ്പോഴും ആ പഴയ പരിഭവമുണ്ടായിരുന്നെങ്കിലും, എന്റെ സങ്കടങ്ങൾ കേൾക്കാനുള്ള ഒരു അമ്മമനസ്സിന്റെ വെപ്രാളം ആ കണ്ണുകളിൽ എനിക്ക് കാണാമായിരുന്നു.

ഞാൻ കസേരയിലേക്ക് ഇരുന്നു. ചൂട് കാപ്പിയിൽ നിന്നും ഒരു സിപ്പ് എടുത്ത ശേഷം ഞാൻ പതുക്കെ അമ്മയെ നോക്കി.

"അമ്മ..."

"മ്മ്... പറയ്. അവിടെ പോയിട്ട് പിന്നെ എന്തൊക്കെയാ ഉണ്ടായേ? ഈ കാര്യങ്ങളൊന്നും അവളോ അവളുടെ വീട്ടുകാരോ അറിഞ്ഞിട്ടില്ലല്ലോ അല്ലെ?"

അമ്മ ആകാംക്ഷയോടെ ചോദിച്ചു.

"വീട്ടുകാർ അറിഞ്ഞിട്ടില്ല... പക്ഷെ, അവൾക്കറിയാം അമ്മേ."

ഞാൻ കാപ്പിക്കോപ്പ മേശപ്പുറത്തുവെച്ചു.

"ആദ്യം അവൾക്കെന്നെ വല്ലാത്തൊരു പേടിയായിരുന്നു. പക്ഷെ... ഈ മൂന്നു ദിവസം കൊണ്ട് എല്ലാം മാറി. ഞാൻ ഇങ്ങോട്ട് പോരുന്നതിന്റെ തലേദിവസം അവൾ എന്നോട് പറഞ്ഞു, അവൾക്കിപ്പോ എന്നെ ജീവനാണെന്ന്.w w w .kkst ories. com

ഈ ആദി ഇല്ലാതെ ഇനി അവൾക്കൊരു ലോകമില്ലെന്ന്. ഇത്രയും കാലം ഒറ്റയ്ക്കായിരുന്ന അവളുടെ ജീവിതത്തിലേക്ക് ഒരു കാവലായി ഞാൻ ചെന്നപ്പോൾ, ആ മൂന്ന് ദിവസം കൊണ്ട് അവളുടെ ജീവൻ തന്നെ അവൾ എനിക്ക് പകുത്തു തരികയായിരുന്നു അമ്മേ..."

എന്റെ ചുണ്ടുകളിൽ അറിയാതെ ഒരു ചിരി വിടർന്നു.

അതുകേട്ടപ്പോൾ അമ്മയുടെ മുഖത്തെ പരിഭവം മാറി അവിടെ ചെറിയൊരു ആശ്വാസം പടരുന്നത് ഞാൻ കണ്ടു. സ്വന്തം മകനെ ജീവനുതുല്യം സ്നേഹിക്കുന്ന ഒരു പെൺകുട്ടിയുണ്ടെന്ന തിരിച്ചറിവ് ഏത് അമ്മയെയാണ് സന്തോഷിപ്പിക്കാത്തത്!

"പക്ഷെ അമ്മേ... അവിടെ മറ്റൊരു പ്രശ്നമുണ്ട്. അവൾ അവിടെ ഒട്ടും സുരക്ഷിതയല്ല..."

എന്റെ സ്വരം പെട്ടെന്ന് ഗൗരവമുള്ളതായി മാറി.

അമ്മ ഒന്നമ്പരന്നു.

"എന്ത് പ്രശ്നം? നീ എന്താ ഈ പറയുന്നേ?"

"ദേവൻ... അവിടുത്തെ വലിയൊരു പ്രമാണിയുടെ മകനാ അവൻ. അവൾ ഡിഗ്രിക്ക് പഠിക്കുന്ന കാലം തൊട്ട് അവളുടെ പിന്നാലെ നടന്ന് ശല്യം ചെയ്യുകയാണ്.

ആർക്കും അവനെ എതിർക്കാൻ ധൈര്യമില്ല. ഞാൻ അങ്ങോട്ട് പോരുന്നതിന്റെ തലേദിവസം, കരിമ്പനക്കാവിലെ അമ്പലത്തിൽ വെച്ച് അവൻ അവളുടെ കയ്യിൽ കയറിപിടിച്ചു. ഭയം കൊണ്ട് വിറയ്ക്കുകയായിരുന്നു എന്റെ പാർവണ.

എനിക്കത് നോക്കിനിൽക്കാൻ കഴിഞ്ഞില്ല അമ്മേ... ഞാൻ അവനെ തടഞ്ഞു. ഇനി അവളുടെ നേരെ വിരലുയർത്തിയാൽ ജീവനോടെ ബാക്കിവെക്കില്ലെന്ന് ഞാൻ അവന് താക്കീതും കൊടുത്തു."

അതുകേട്ടതും അമ്മയുടെ മുഖം വിളറിവെളുത്തു. പേടിയോടെ അമ്മ എന്റെ അടുത്തേക്ക് വന്ന് എന്റെ തോളിൽ പിടിച്ചു.

"എന്റെ ഈശ്വരാ... നീ അവിടെ പോയി വലിയ ആൾക്കാരോടൊക്കെ വഴക്കിനു പോയോ ആദീ?

നിനക്കവന്മാർ എന്തെങ്കിലും അപായം വരുത്തിയാലോ? എന്നിട്ട് ഈ പ്രശ്നത്തിന്റെ നടുവിലാണോ നീ ആ കുട്ടിയെ തനിച്ചാക്കിയിട്ട് പോന്നത്?"

അമ്മയുടെ ശബ്ദം വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു.

"എനിക്ക് വരാതിരിക്കാൻ കഴിയില്ലായിരുന്നല്ലോ അമ്മേ... മാഷിന്റെ കാര്യം അറിഞ്ഞപ്പോൾ..."

ഞാൻ നിസ്സഹായതയോടെ പറഞ്ഞു.

"ഇന്നലെ രാത്രി അവൾ എന്നെ ലാൻഡ്‌ലൈനിൽ നിന്നും രഹസ്യമായി ഫോൺ ചെയ്തിരുന്നു. അപ്പോഴും മുറ്റത്ത് ആരോ നടക്കുന്നതുപോലെ തോന്നിയെന്ന് പറഞ്ഞ് അവൾ വല്ലാതെ പേടിച്ചിട്ടുണ്ടായിരുന്നു.

അവളുടെ ആ പേടിയും വെപ്രാളവും ഓർക്കുമ്പോൾ എന്റെ നെഞ്ചിൽ തീയാണ് അമ്മേ... എനിക്ക് എത്രയും വേഗം തിരിച്ച് അവിടെ എത്തണം. അവളെ എനിക്ക് സ്വന്തമാക്കണം."

ഒരു നിമിഷം അടുക്കളയിൽ വലിയൊരു നിശബ്ദത നിറഞ്ഞു. എന്റെ കണ്ണുകളിലെ പ്രാണന്റെ പിടച്ചിൽ അമ്മ പൂർണ്ണമായും തിരിച്ചറിയുകയായിരുന്നു. എന്റെ തലമുടിയിൽ പതുക്കെ തലോടിക്കൊണ്ട് അമ്മ പറഞ്ഞു

"നീ ഒന്നും പേടിക്കണ്ട ആദീ... നിന്റെ കൂടെ ഈ അമ്മയുണ്ട്."

അമ്മയുടെ ആ വാക്കുകൾ എന്റെ നെഞ്ചിലെ തീ അല്പമൊന്ന് കെടുത്തി.

"എന്തായാലും ഈ വെപ്രാളത്തിൽ നീ ഇപ്പോൾ പകൽ തന്നെ അങ്ങോട്ട് പോകണ്ട. ഇന്ന് രാത്രി ഇവിടെ നിൽക്ക്. നാളെ രാവിലെത്തന്നെ നിനക്ക് പാലക്കാട്ടേക്ക് വണ്ടി കയറാം.

അതുവരെ ആ മനസ്സ് ഒന്ന് ശാന്തമാക്കാൻ നോക്ക്,"

അമ്മ സ്നേഹത്തോടെ എന്നെ ഉപദേശിച്ചു.

അമ്മ പറഞ്ഞതാണ് ശരിയെന്ന് എനിക്കും തോന്നി.

മുറിയിലേക്ക് തിരികെ നടക്കുമ്പോഴാണ് ഫോൺ ശബ്ദിച്ചത്. ഓഫീസിൽ നിന്നായിരുന്നു വിളി. പാലക്കാട്ടേക്ക് പോകുന്നതിന് മുൻപ് ഞാൻ തീർക്കാനായി വെച്ചിരുന്ന ഒരു വലിയ ഡിസൈനിങ് പ്രൊജക്റ്റിന്റെ ഫയൽ പെൻഡിങ് ആണെന്നും, അത് ഇന്ന് തന്നെ സബ്മിറ്റ് ചെയ്യണമെന്നും മാനേജർ ഓർമ്മിപ്പിച്ചു.

എന്റെ പ്രാണന്റെ പാതിക്ക് കാവലിരിക്കാൻ പോകുന്നതിനിടയിൽ ഈ ജോലി ഒരു തടസ്സമാകാൻ ഞാൻ ആഗ്രഹിച്ചില്ല.

വേഗം ലാപ്ടോപ്പ് തുറന്ന് ആ ഫയലിലെ ബാക്കി ജോലികൾ തീർക്കാൻ തുടങ്ങി. ചിന്തകൾ മുഴുവൻ കരിമ്പനക്കാവിലെ ആ പഴയ തറവാട്ടിലായിരുന്നെങ്കിലും, മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിൽ ഉച്ചയോടെ ഞാൻ ആ വർക്കുകൾ പൂർത്തിയാക്കി ഓഫീസിലേക്ക് അയച്ചു കൊടുത്തു.

ഒപ്പം, ഒഴിവാക്കാനാവാത്ത ചില വ്യക്തിപരമായ ആവശ്യങ്ങൾ ഉണ്ടെന്ന് കാണിച്ച് ഒരാഴ്ചത്തെ ലീവിനുള്ള അപേക്ഷയും ഞാൻ മാനേജർക്ക് മെയിൽ ചെയ്തു. കുറച്ചുകഴിഞ്ഞപ്പോൾ ലീവ് അനുവദിച്ചുകൊണ്ടുള്ള മറുപടിയും വന്നു. ഇനി ഞാൻ സ്വതന്ത്രനാണ്.

വൈകുന്നേരമായപ്പോഴേക്കും വീട്ടിൽ വല്ലാത്തൊരു മൂകത പടർന്നിരുന്നു. മാഷിന്റെ മരണവും എന്റെയുള്ളിലെ ആധിയും കാരണം ആകെ ഒരു മരവിപ്പായിരുന്നു അവിടെ. ഉമ്മറത്തെ തിണ്ണയിൽ ശൂന്യതയിലേക്ക് നോക്കി ഇരിക്കുമ്പോഴാണ് ഉള്ളിൽ നിന്നും ഫോൺ അടിക്കുന്ന ശബ്ദം കേട്ടത്. ചേച്ചിയായിരുന്നു. അമ്മയാണ് ഫോണെടുത്തത്.

തുടക്കത്തിൽ മാഷിന്റെ മരണത്തെക്കുറിച്ചാണ് അവർ സംസാരിച്ചതെങ്കിലും, പെട്ടെന്ന് അമ്മയുടെ ശബ്ദം വല്ലാതെ താഴ്ന്നു. ഞാൻ പതുക്കെ വാതിൽക്കലേക്ക് നടന്നു. എന്റെ കാര്യം അമ്മ ചേച്ചിയോട് പറയുകയായിരുന്നു.

"അവനാകെ തകർന്നിരിക്കുവാ മോളെ..." അമ്മയുടെ ശബ്ദത്തിൽ വലിയൊരു ഭാരമുണ്ടായിരുന്നു. "അവന്റെ മനസ്സിൽ ഒരു കുട്ടിയുണ്ട്. സച്ചുന്റെ കല്യാണത്തിന് വെച്ച് അവൻ കണ്ടതാ...

പാലക്കാട്ടാ അവളുടെ വീട്. അതൊക്കെ വലിയൊരു കഥയാ. അവളില്ലാതെ അവന് പറ്റില്ലാന്ന്..."

മറുതലയ്ക്കൽ നിന്നും ചേച്ചി എന്തോ ചോദിച്ചപ്പോൾ അമ്മ ഒരു നെടുവീർപ്പോടെ ബാക്കി പറഞ്ഞു

"അവൾക്കും നമ്മുടെ ആദിയെ ജീവനാ. പക്ഷെ ആ കുട്ടി അവിടെ ഒട്ടും സുരക്ഷിതയല്ല. അവിടുത്തെ ഏതോ ഒരു വലിയ പ്രമാണിയുടെ മകൻ ആ കുട്ടീടെ പിന്നാലെ നടന്ന് ശല്യം ചെയ്യുകയാത്രേ.

നമ്മുടെ ആദി അവനുമായിട്ട് അവിടെ പ്രശ്നമുണ്ടാക്കിയിട്ടാ ഇങ്ങോട്ട് പോന്നത്. ഇന്നലെ രാത്രി ആ കുട്ടി പേടിച്ച് അവനെ വിളിച്ചിരുന്നു. എന്റെ നെഞ്ചിൽ ഒരു തീയാ മോളെ...

എന്തൊക്കെയോ വലിയ കുഴപ്പങ്ങൾ അവിടെ നടക്കുന്നുണ്ട്. അവനാണെങ്കിൽ നാളെ രാവിലെത്തന്നെ അങ്ങോട്ട് പോകാൻ നിൽക്കുവാ..."

അമ്മയുടെ വാക്കുകൾ കേട്ട് മറുതലയ്ക്കൽ ചേച്ചി കുറച്ചുനേരം ഒന്നും മിണ്ടിയില്ല. ആ വലിയ നിശബ്ദതയ്ക്ക് ശേഷം ചേച്ചി പറഞ്ഞു,

"അമ്മ ഫോൺ ആദിക്കൊന്ന് കൊടുത്തേ..."

അമ്മ എന്റെ നേരെ ഫോൺ നീട്ടി. ഞാൻ ഫോൺ കാതിലേക്ക് വെച്ചു.

"ചേച്ചീ..." എന്റെ ശബ്ദം വല്ലാതെ നേർത്തിരുന്നു.

"എന്തൊക്കെയാടാ ആദീ ഈ കേൾക്കുന്നേ?"

ചേച്ചിയുടെ ശബ്ദത്തിൽ വല്ലാത്തൊരു വിഷാദമുണ്ടായിരുന്നു. ഒരുപാട് സങ്കടവും അതിലേറെ പേടിയും കലർന്ന ഒരു സ്വരം.

"ഒറ്റയ്ക്ക് നീ ഇത്ര വലിയൊരു കാര്യം മനസ്സിൽ കൊണ്ടുനടക്കുകയായിരുന്നോ? എന്നിട്ട് അവിടെപ്പോയി വഴക്കും ഉണ്ടാക്കി... നിനക്കെന്തെങ്കിലും പറ്റിയിരുന്നെങ്കിലോ?"

"എനിക്ക്... എനിക്ക് അവളെ ജീവനാ ചേച്ചീ. കൺമുന്നിൽ വെച്ച് അവനവളുടെ കയ്യിൽ കേറി പിടിച്ചപ്പോൾ എനിക്ക് നോക്കി നിൽക്കാൻ കഴിഞ്ഞില്ല..."

തൊണ്ടയിലെ കുരുക്ക് കാരണം എനിക്ക് കൂടുതൽ സംസാരിക്കാൻ കഴിഞ്ഞില്ല.

ചേച്ചി ഒരു വലിയ ശ്വാസമെടുക്കുന്നത് എനിക്ക് കേൾക്കാമായിരുന്നു.

"നീ നാളെ രാവിലെത്തന്നെ അങ്ങോട്ട് പോകുന്നുണ്ടല്ലോ അല്ലെ?"

കുറച്ചു നേരത്തെ മൗനത്തിന് ശേഷം ചേച്ചി ചോദിച്ചു.

"ഉം..." ഞാൻ മൂളി.

"ആ പെൺകുട്ടിക്ക് നിന്നെ അത്രയ്ക്ക് ഇഷ്ടമാണെങ്കിൽ, നമ്മളായിട്ട് അവളെ കൈവിടില്ല ആദീ. നീ ഒന്നിനും പേടിക്കണ്ട. ഞാൻ നാളെത്തന്നെ ഓഫീസിൽ നിന്നും ലീവെടുത്ത് നാട്ടിലേക്ക് തിരിക്കുന്നുണ്ട്."

ആ വാക്കുകളിൽ ഒരു ചേച്ചിയുടെ വലിയൊരു കരുതലുണ്ടായിരുന്നു. "നീ എന്തായാലും നാളെ രാവിലെ ആദ്യം അങ്ങോട്ട് ചെല്ല്. ചെന്നിട്ട് അവിടുത്തെ കാര്യങ്ങളൊക്കെ എന്താണെന്ന് മനസ്സിലാക്കിയിട്ട് എന്നെ വിളിക്കണം.

അത് കഴിഞ്ഞാൽ ഉടനെ ഞാനും അമ്മയും കൂടി പാലക്കാട്ടേക്ക് വരും... നിന്റെ പെണ്ണിനെ നമ്മൾക്ക് അവിടെനിന്ന് കൂട്ടിക്കൊണ്ട് വരണം. പക്ഷെ അതിനുമുൻപ് നീ അവിടെച്ചെന്ന് എടുത്തുചാടി പ്രശ്നമൊന്നും ഉണ്ടാക്കരുത്... കേട്ടല്ലോ?"

ചേച്ചിയുടെ ആ വാക്കുകൾ കേട്ടപ്പോൾ അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞുപോയി. വലിയൊരു ആശ്വാസം എനിക്ക് തോന്നി.

ആ രാത്രി വളരെ നീളമേറിയതായിരുന്നു. ഉറങ്ങാൻ ശ്രമിച്ചെങ്കിലും, ജനാലയ്ക്കപ്പുറത്തെ ഇരുട്ടിൽ പാർവണയുടെ ഭയന്ന മുഖം മാത്രമായിരുന്നു എന്റെ മനസ്സിൽ. നാളത്തെ പ്രഭാതത്തിനായി എന്റെ ഹൃദയം വല്ലാതെ തുടിക്കുന്നുണ്ടായിരുന്നു.

അവളെ എന്റെ നെഞ്ചോട് ചേർക്കാൻ, ആ കാവൽക്കാരനായി ഞാൻ നാളെ രാവിലെത്തന്നെ യാത്ര തിരിക്കും.

രാവിലെ പാലക്കാട്ടേക്കുള്ള ട്രെയിനിറങ്ങി നേരെ തറവാട്ടിലേക്ക് നടക്കുമ്പോൾ എന്റെ നെഞ്ചിടിപ്പ് വല്ലാതെ കൂടിയിരുന്നു. പടിപ്പുരയ്ക്ക് പുറത്ത് കിടക്കുന്ന ആ വിലകൂടിയ ജീപ്പ് കണ്ടപ്പോൾ തന്നെ എനിക്ക് കാര്യം മനസ്സിലായി - ദേവൻ!

പടിപ്പുര കടന്ന് മുറ്റത്തേക്ക് കയറിയപ്പോൾ ഉമ്മറത്തെ കാഴ്ച എന്റെ സിരകളിലെ ചോര തിളപ്പിച്ചു. വലിയ ചാരുകസേരയിൽ ദേവന്റെ അച്ഛൻ അഹങ്കാരത്തോടെ ഇരിപ്പുണ്ട്.

തൊട്ടടുത്ത് വല്ലാത്തൊരു പുച്ഛച്ചിരിയോടെ ദേവനും. അമ്മാവൻ അവർക്ക് മുന്നിൽ തീരെ നിസ്സഹായനായി, ഒന്നും പറയാനാകാതെ തലകുനിച്ചു നിൽക്കുകയാണ്. വാതിൽക്കൽ പകുതി മറഞ്ഞ്, പേടിച്ചരണ്ട് കണ്ണീരൊലിപ്പിച്ച് നിൽക്കുന്ന എന്റെ പാർവണയെ കണ്ടപ്പോൾ എന്റെ സമനില തെറ്റി.

"എന്തായാലും ഈ ആഴ്ച തന്നെ നിശ്ചയം നടത്താം. എന്റെ മോന് ഇവളെയാ ഇഷ്ടം, പിന്നെ നമ്മൾ തമ്മിൽ വേറെ ആലോചനയുടെ ആവശ്യമില്ലല്ലോ..."

ദേവന്റെ അച്ഛൻ ഗാംഭീര്യത്തോടെ അമ്മാവനോട് പറയുകയായിരുന്നു.

"അത്... കുട്ടിക്ക് പഠിത്തം കഴിഞ്ഞിട്ട് പോരേ..."

അമ്മാവൻ പേടിയോടെ പരുങ്ങി.

"അതൊക്കെ ഞങ്ങൾ തീരുമാനിച്ചോളാം.'

എന്ന് പറഞ്ഞ് ദേവൻ അഹങ്കാരത്തോടെ എഴുന്നേറ്റ് വാതിൽക്കൽ നിൽക്കുന്ന പാർവണയുടെ അടുത്തേക്ക് നടന്നു.

ദേവന്റെ കൈ പാർവണയുടെ നേരെ നീണ്ടതും, ഒരു കൊടുങ്കാറ്റുപോലെ ഞാൻ പടവുകൾ കയറി ഉമ്മറത്തേക്ക് ചെന്നതും ഒപ്പമായിരുന്നു. എന്റെ കയ്യിലിരുന്ന യാത്രാബാഗ് വലിയ ശബ്ദത്തോടെ ഞാൻ തറയിലേക്ക് ഇട്ടു. ആ ശബ്ദത്തിൽ ഉമ്മറത്തുള്ളവരെല്ലാം ഞെട്ടിത്തിരിഞ്ഞു നോക്കി.

എന്നെ കണ്ടതും ദേവന്റെ മുഖത്തെ ചിരി മാറി അവിടെ ദേഷ്യം നിറഞ്ഞു.

"നീ വീണ്ടും വന്നോടാ ഇങ്ങോട്ട്? അന്ന് കാവിൽ വെച്ച് വെറുതെ വിട്ടതാ നിന്നെ... ഇന്ന് നിന്നെ ഞാൻ..."

എന്ന് ആക്രോശിച്ചുകൊണ്ട് അവൻ എന്റെ നേരെ പാഞ്ഞടുത്തു. അവൻ എന്നെ അടിക്കാനായി ഓങ്ങിയ ആ വലംകൈ ഞാൻ വായുവിൽ വെച്ച് തന്നെ ഒറ്റപ്പിടുത്തത്തിന് തടഞ്ഞുനിർത്തി.

എന്റെ മുറുകിയ വിരലുകൾക്കിടയിൽ കിടന്ന് അവന്റെ കൈത്തണ്ട വേദനകൊണ്ട് ഞെരിഞ്ഞു. എന്റെ കണ്ണുകളിലെ തീ കണ്ട് അവന്റെ അഹങ്കാരം പെട്ടെന്ന് ഭയത്തിന് വഴിമാറുന്നത് ഞാൻ അറിഞ്ഞു.

"അന്ന് കാവിൽ വെച്ച് ഞാൻ നിന്നോട് പറഞ്ഞതാ ദേവാ... ഇവളുടെ നേരെ ഒരു വിരലുയർത്തിയാൽ പിന്നെ നീ ബാക്കിയുണ്ടാവില്ല എന്ന്!"

എന്റെ ശബ്ദം ആ ഉമ്മറത്ത് വലിയൊരു ഇടിമുഴക്കം പോലെയാണ് മുഴങ്ങിയത്.

"ഈ തറവാട്ടിൽ ഇവൾക്ക് ആരുമില്ലെന്ന് നീ കരുതിയോ? ഇവളുടെ കഴുത്തിൽ മിന്നുചാർത്താനും, ജീവൻ കൊടുത്ത് ഇവൾക്ക് കാവലായി നിൽക്കാനും ഇവിടെയൊരുത്തനുണ്ട്... ഈ ആദി!"

ഞാൻ അവന്റെ കൈ ഒറ്റക്കുടയലിന് താഴേക്ക് എറിഞ്ഞു. വല്ലാത്തൊരു വേദനയോടെ ദേവൻ രണ്ടടി പിന്നോട്ട് മാറി. ഉമ്മറത്ത് നിന്നിരുന്ന അമ്മാവനും ദേവന്റെ അച്ഛനും ആരെയും ഭയമില്ലാതെയുള്ള എന്റെ ഈ അപ്രതീക്ഷിത വരവിൽ പകച്ചുനിൽക്കുകയായിരുന്നു.

ഞാൻ തിരിഞ്ഞ് വാതിൽക്കൽ നിൽക്കുന്ന പാർവണയെ നോക്കി. എന്റെ വരവ് കണ്ട്, ഇത്രയും നേരം അടക്കിപ്പിടിച്ച ഭയവും സങ്കടങ്ങളും ഒരു വലിയ പൊട്ടിക്കരച്ചിലായി അവളിൽ നിന്നും പുറത്തുവന്നു.

ഞാൻ അവളുടെ അടുത്തേക്ക് ചെന്ന്, എല്ലാവരും നോക്കിനിൽക്കെത്തന്നെ അവളുടെ ആ വിറയ്ക്കുന്ന കൈകൾ എന്റെ നെഞ്ചോട് ചേർത്തുപിടിച്ചു. ആ തറവാട്ടിലെ എല്ലാവർക്കും മുന്നിൽ, എന്റെ പ്രാണന്റെ പാതിക്ക് ഞാൻ നൽകുന്ന ഏറ്റവും വലിയ ഉറപ്പായിരുന്നു അത്.

എന്റെ നെഞ്ചോട് ചേർന്നുനിൽക്കുന്ന പാർവണയെ കണ്ട് ഉമ്മറത്തുള്ളവരെല്ലാം ഒരു നിമിഷം സ്തംഭിച്ചുപോയി. ആ വലിയ നിശബ്ദതയെ കീറിമുറിച്ചുകൊണ്ട് ദേവന്റെ അച്ഛന്റെ ശബ്ദം ഉയർന്നു.

മുൻപുണ്ടായിരുന്ന ഗാംഭീര്യത്തേക്കാൾ, അപമാനിക്കപ്പെട്ടതിന്റെ ഈഗോ ആയിരുന്നു ആ വാക്കുകളിൽ.

"ഹരിനാരായണാ... എന്താടോ ഇത്?" അമ്മാവനുനേരെ തിരിഞ്ഞ് അയാൾ അലറി. "പെണ്ണുകാണാൻ വന്ന ഞങ്ങളുടെ മുന്നിലിട്ട് എവനോ ഒരുത്തൻ വന്ന് അവളെ കേറിപ്പിടിക്കുന്നു. ഇതാണോ തങ്ങളുടെയൊക്കെ തറവാടിന്റെ ലക്ഷണം?"

മുത്തശ്ശനും അമ്മാവനും ഭയം കൊണ്ടും നാണക്കേട് കൊണ്ടും വിയർത്തു.

"അത്... ആ കുട്ടി വാസ്തു പഠിക്കാൻ വന്നതാ..."

അമ്മാവന് വാക്കുകൾ കിട്ടുന്നുണ്ടായിരുന്നില്ല.

"മതി നിർത്ത്!" ദേവന്റെ അച്ഛൻ

കൈയുയർത്തി. "ഇനി ഇതിലെന്തായാലും ഒരു തീരുമാനമായി. എന്റെ മോന് ഇവളെ വേണ്ട. പക്ഷെ, എന്റെ മുഖത്ത് നോക്കി ഇവൻ കാണിച്ച ഈ ഹീറോയിസത്തിന്...

അതിന് ഞാൻ പകരം ചോദിച്ചിരിക്കും. വാടാ ദേവാ."

അയാൾ ദേഷ്യത്തോടെ മുറ്റത്തേക്ക് ഇറങ്ങി.

പോവുന്നതിന് മുൻപ് ദേവൻ എന്റെ മുഖത്തേക്ക് പകയോടെ ഒന്ന് നോക്കി. നേരെ ജീപ്പിലേക്ക് കയറാൻ പോയവൻ പെട്ടെന്ന് തിരിഞ്ഞുനിന്നു.

"എന്റെ കൈ തടഞ്ഞില്ലേ നീ... ഈ കൈ കൊണ്ട് തന്നെ അവളെ ഞാൻ കൊണ്ടുപോകും. ഇത് ദേവനാ പറയുന്നത്. നീ നോക്കിക്കോടാ."

എന്ന് ചിരിക്കൊണ്ട് അവൻ ജീപ്പിലേക്ക് കയറി. ജീപ്പ് വലിയ ശബ്ദത്തോടെ പടിപ്പുര കടന്നുപോയി.

അവർ പോയതും അമ്മാവനും മുത്തശ്ശനും എന്റെ നേരെ തിരിഞ്ഞു. ആ മുഖങ്ങളിൽ സങ്കടവും ദേഷ്യവും ഒരുമിച്ചുണ്ടായിരുന്നു. ശബ്ദം കേട്ട് അകത്തുനിന്നും രമ അമ്മായിയും സാവിത്രി അമ്മായിയും, പിന്നെ പാർവണയുടെ അമ്മയും പേടിയോടെ ഉമ്മറത്തേക്ക് വന്നിരുന്നു.

"നീ എന്താ ആദീ ഈ കാണിച്ചേ?"

അമ്മാവന്റെ ശബ്ദം വിറയ്ക്കുന്നുണ്ടായിരുന്നു.

"വാസ്തു പഠിക്കാനും അളവെടുക്കാനും വന്ന നീയാണോ ഇതൊക്കെ ചെയ്യുന്നത്? ആ ദേവനോടാണോ നീ കേറി ചൊറിഞ്ഞത്? ഇനി ഈ തറവാട്ടിൽ ഞങ്ങൾ എങ്ങനെ സ്വസ്ഥമായിട്ട് കിടന്നുറങ്ങും?"

ഞാൻ പതുക്കെ പാർവണയെ എന്നിൽ നിന്നുമടർത്തി മാറ്റി. വളരെ ശാന്തനായി മുത്തശ്ശന്റെയും അമ്മാവന്റെയും നേരെ കൈകൂപ്പി. അനാവശ്യമായ നാടകീയതകൾ ഒഴിവാക്കി, ഉള്ളിലുള്ള സത്യം മാത്രം എനിക്ക് അവരോട് പറയണമായിരുന്നു.

"എന്നോട് ക്ഷമിക്കണം മുത്തശ്ശാ... വാസ്തു പഠിക്കാനായിരുന്നില്ല ഞാൻ വന്നത്."

ഞാൻ ഒരു നിമിഷം നിർത്തി. ആ ഉമ്മറത്തെ നിശബ്ദതയിൽ എല്ലാവരും എന്നെത്തന്നെ നോക്കുകയായിരുന്നു.

"സച്ചുച്ചേട്ടന്റെ കല്യാണത്തിന് വെച്ച് ഇവളെ കണ്ടതാ ഞാൻ. അന്ന് മുതൽ എന്റെ മനസ്സിൽ ഇവളാണ്. അതൊന്ന് തുറന്നുപറയാൻ വേണ്ടി മാത്രമാ ഞാൻ ആ കള്ളം പറഞ്ഞ് ഇങ്ങോട്ട് വന്നത്."

പിന്നെ ഞാൻ പാർവണയുടെ അമ്മയുടെ മുഖത്തേക്ക് നോക്കി. എന്റെ വാക്കുകൾ കേട്ട് അവർ തരിച്ചിരിക്കുകയായിരുന്നു.

ഞാൻ എല്ലാവരെയും നോക്കി തുടർന്നു. ആ വാക്കുകളിൽ വലിയൊരു ഉറപ്പുണ്ടായിരുന്നു.

"മുത്തശ്ശനും അമ്മാവനും ഒന്നും പേടിക്കണ്ട. ഇവളെ ഞാൻ ഒളിച്ചോടി

കൊണ്ടുപോകാനൊന്നും വന്നതല്ല. എന്റെ വീട്ടിൽ എല്ലാവർക്കും ഈ കാര്യങ്ങൾ അറിയാം. എന്റെ അമ്മയും ചേച്ചിയും നാളെയോ മറ്റന്നാളോ ഇങ്ങോട്ട് വരും... നിങ്ങളുടെ സ്വന്തം കുട്ടിയായിട്ട്, ഒരു കുറവും വരുത്താതെ അവളെ ഞാൻ എന്റെ വീട്ടിലേക്ക് കൊണ്ടുപോകും.

അതുവരെ അവനല്ല, ആര് വന്നാലും ഇവളുടെ ദേഹത്ത് ഒരു പോറൽ പോലും ഏൽക്കാൻ ഞാൻ സമ്മതിക്കില്ല."

എന്റെ ആ വാക്കുകളിലെ സത്യസന്ധതയും ഉറപ്പും കണ്ട് അമ്മാവനും മുത്തശ്ശനും മറുത്തൊന്നും പറയാൻ കഴിഞ്ഞില്ല. അമ്മായിമാരുടെ മുഖത്തെ അമ്പരപ്പ് അപ്പോഴും മാറിയിരുന്നില്ല.

എന്നാൽ പാർവണയുടെ അമ്മയുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. ഞാൻ തിരിഞ്ഞ് പാർവണയെ നോക്കി. അവളുടെ ആ വലിയ നീലക്കണ്ണുകളിൽ അതുവരെ ഉണ്ടായിരുന്ന ഭയം മുഴുവൻ മാറി, പകരം ലോകം മുഴുവൻ കീഴടക്കിയ ഒരു വലിയ സന്തോഷവും എന്നോടുള്ള പ്രണയവും നിറഞ്ഞുനിൽക്കുന്നത് ഞാൻ കണ്ടു..

പകലിന്റെ കോലാഹലങ്ങൾക്കും പേടിപ്പെടുത്തുന്ന ബഹളങ്ങൾക്കും ശേഷം കരിമ്പനക്കാവിൽ രാത്രിയുടെ കനത്ത നിശബ്ദത പടർന്നു. തറവാട്ടിലെ ഇരുണ്ട മുറികളിൽ എല്ലാവരും ഉറക്കത്തിലേക്ക് വീണിരുന്നെങ്കിലും, എന്റെ കണ്ണുകളിൽ ഉറക്കത്തിന്റെ ലാഞ്ചന പോലുമുണ്ടായിരുന്നില്ല.

ഉമ്മറത്തെ മരത്തൂണുംചാരി, പുറത്തെ നിലാവിലേക്ക് നോക്കി ഞാൻ ഇരുന്നു. എന്റെ പെണ്ണിന് ആരും കാണാത്തൊരു കാവലാളായി.

വാതിൽക്കൽ ഒരു കാൽപ്പെരുമാറ്റം കേട്ടാണ് ഞാൻ തിരിഞ്ഞുനോക്കിയത്. പാർവണയുടെ അമ്മ, ഭദ്ര ആന്റിയായിരുന്നു അത്. ആ മുഖത്ത് ഒരുപാട് നാളായി അടക്കിവെച്ച സങ്കടങ്ങളുടെ നനവുണ്ടായിരുന്നു. അവർ എന്റെ അടുത്തേക്ക്

വന്ന്, ആരും കേൾക്കാതെ പതുക്കെ പറഞ്ഞു

"എന്റെ കുട്ടീടെ ഭാഗ്യമാ നീ... ഈ വലിയ തറവാട്ടിൽ അവൾക്ക് വേണ്ടി ഒരക്ഷരം സംസാരിക്കാൻ ആരുമില്ലാതെ പോയല്ലോ എന്ന് ഓർത്ത് ഞാൻ ഈ ഭിത്തികൾക്കുള്ളിലിരുന്ന് ഒരുപാട് കരഞ്ഞിട്ടുണ്ട്.

പക്ഷെ, ഇന്ന് ഉമ്മറത്തുവെച്ച് ആ അഹങ്കാരികളുടെ മുന്നിൽ നീ എന്റെ മോളെ നെഞ്ചോട് ചേർത്തപ്പോൾ... ഈ അമ്മയുടെ പാതിജീവൻ തിരിച്ചുകിട്ടിയതാ ആദീ..."

അവരുടെ കണ്ണുനീർ എന്റെ കൈത്തണ്ടയിൽ വീണു.

"ആന്റി ഒന്നുംകൊണ്ടും പേടിക്കണ്ട..."

ഞാൻ അവരുടെ കൈകൾ ചേർത്തുപിടിച്ചു.

"നാളെ എന്റെ അമ്മയും ചേച്ചിയും വരും. ദേവന്റെയല്ല, ലോകത്ത് ആരുടെ മുന്നിലും എന്റെ പാർവണയെ ഞാൻ തനിച്ചാക്കില്ല."

ആ അമ്മയുടെ മുഖത്ത് വലിയൊരു ആശ്വാസം വിടരുന്നത് ആ ഇരുട്ടിലും എനിക്ക്

കാണാമായിരുന്നു. എന്നെ വാത്സല്യത്തോടെ ഒന്ന് തലോടിയിട്ട് അവർ അകത്തേക്ക് പോയി.

രാത്രിക്ക് വല്ലാതെ തണുപ്പേറുന്നുണ്ടായിരുന്നു. പെട്ടെന്നാണ് പടിവാതിൽക്കൽ പതുങ്ങിയുള്ള ആ കാൽപ്പെരുമാറ്റം ഞാൻ കേട്ടത്. പാവാടത്തുമ്പും പിടിച്ച്, വാതിൽക്കൽ പകുതി മറഞ്ഞ് അവൾ നിൽക്കുന്നു.

പാൽനിലാവിന്റെ വെളിച്ചത്തിൽ, മഞ്ഞേറ്റു നിൽക്കുന്ന ഒരു പിച്ചകപ്പൂവ് പോലെ തോന്നി എന്റെ പാർവണയെ. ഞാൻ ചിരിച്ചുകൊണ്ട് അവളുടെ അടുത്തേക്ക് ചെന്നു.

"ഉറങ്ങീലെ ആദീ..."

അവളുടെ സ്വരം നേർത്തിരുന്നു.

"എന്റെ പെണ്ണിന് കാവലിരിക്കുമ്പോൾ എനിക്ക് എങ്ങനെയാ ഉറക്കം വരിക?"

ഞാൻ കുസൃതിയോടെ ചോദിച്ചു.

അവൾ പതുക്കെ ഉമ്മറത്തെ തിണ്ണയിലേക്ക് ഇരുന്നു. ഞാൻ അവളുടെ അടുത്തായി ഇരുന്നപ്പോൾ, ആ നനുത്ത വിരലുകൾ എന്റെ കൈകളെ മുറുകെ പൊതിഞ്ഞു. ആ കൈകൾ വല്ലാതെ തണുത്തിരുന്നു.

"എനിക്ക് വല്ലാണ്ട് പേടിയാവ്ണ് ട്ടോ ആദീ..."

അവൾ എന്റെ തോളിലേക്ക് ചാഞ്ഞു.

"ആ ദേവനെ എനിക്ക് ജീവൻ പോണ പേടിയാ... അവനെന്തെങ്കിലും ചെയ്യോ? എന്റെ ആദീനെ അവന്മാരെങ്ങാനും ഉപദ്രവിക്കോന്ന് ഓർക്കുമ്പോ എന്റെ നെഞ്ചിടിപ്പ് കൂട്വാ..."

ഞാൻ അവളെ എന്റെ നെഞ്ചോട് ചേർത്തുപിടിച്ചു.

"ഒന്നും ചെയ്യില്ലെന്റെ പാർവണേ... ഈ നെഞ്ചിടിപ്പ് കേൾക്കുന്നുണ്ടോ നീ? ഇത് നിലയ്ക്കുന്നതുവരെ ഒരുത്തനും നിന്നെ തൊടില്ല."

അവൾ മുഖമുയർത്തി എന്നെ നോക്കി. ആ വലിയ നീലക്കണ്ണുകളിൽ നിലാവിന്റെ വെളിച്ചം പ്രതിഫലിക്കുന്നുണ്ടായിരുന്നു.

"ഇന്ന് പകല് ആദീടെ നെഞ്ചിലേക്ക് ഞാൻ ചാഞ്ഞീലേ... അപ്പഴാ എന്റെ ശ്വാസം ഒന്ന് നേരെ വീണത്. ഈ ഭൂമീല് എനിക്കേറ്റവും സുരക്ഷിതമായ ഇടം ഇതാണെന്ന് എനിക്കപ്പഴാ

തോന്നീത്..."

അവൾ വീണ്ടും എന്റെ നെഞ്ചിലേക്ക് മുഖം ചേർത്തു. മുറ്റത്തെ കരിമ്പനകളുടെ തലപ്പുകളിലൂടെ ഒരു ഇളംകാറ്റ് ഞങ്ങളെ തഴുകിക്കടന്നുപോയി. അവളുടെ മുടിയിഴകളിലെ തുളസിക്കതിരിന്റെ ഗന്ധം എന്നിലേക്ക് പടർന്നു.

ഭയത്തിന്റെ വലിയൊരു പകലിൽ നിന്നും, പ്രണയത്തിന്റെ ആശ്വാസം നിറഞ്ഞ ഒരു രാത്രിയിലേക്ക് ഞങ്ങൾ പതുക്കെ ഒഴുകുകയായിരുന്നു. നാളത്തെ പ്രഭാതത്തിൽ എന്റെ അമ്മയും ചേച്ചിയും അവളെ തേടി ഈ പടിപ്പുര കടന്നുവരുമെന്ന വലിയൊരു പ്രതീക്ഷയോടെ, ആ നിലാവിനെ സാക്ഷിയാക്കി ഞാൻ അവൾക്ക് കാവലിരുന്നു..

കരിമ്പനകളുടെ തലപ്പുകളിലൂടെ പ്രഭാതത്തിന്റെ പൊൻവെയിൽ തറവാട്ടു മുറ്റത്തേക്ക് അരിച്ചിറങ്ങിത്തുടങ്ങിയിരുന്നു. ഉറക്കമൊഴിഞ്ഞുള്ള കാവൽ കാരണം കണ്ണുകളിൽ നേർത്തൊരു മയക്കം തങ്ങിനിന്നിരുന്നെങ്കിലും, എന്റെ ഉള്ളിൽ വലിയൊരു ഊർജ്ജം അലയടിക്കുന്നുണ്ടായിരുന്നു.

എന്റെ പ്രാണനെ സ്വന്തമാക്കാൻ എന്റെ കുടുംബം ഈ പടിപ്പുര കടന്നുവരുന്ന ദിവസമാണ്.

പോക്കറ്റിൽ നിന്നും ഫോണെടുത്ത് ഞാൻ ചേച്ചിയുടെ നമ്പറിലേക്ക് തറവാട്ടിന്റെ കൃത്യം ലൊക്കേഷൻ അയച്ചുകൊടുത്തു. നിമിഷങ്ങൾക്കകം ചേച്ചിയുടെ മറുപടി വന്നു.

"ഞങ്ങൾ പാലക്കാട് സ്റ്റേഷനിൽ ഇറങ്ങി. ടാക്സി വിളിച്ചിട്ടുണ്ട്, അധികം വൈകാതെ അവിടെയെത്തും."

ആ വരികൾ വായിച്ചപ്പോൾ എന്റെ നെഞ്ചിലെ വലിയൊരു ഭാരമാണ് ഒഴിഞ്ഞുപോയത്. ഞാൻ വേഗം പോയി മുഖം കഴുകി വേഷം മാറി വന്നു.

ഉമ്മറത്ത് അപ്പോഴും വലിയൊരു ഭയത്തിന്റെ നിഴൽ തങ്ങിനിന്നിരുന്നു. തലേദിവസം നടന്ന സംഭവങ്ങളുടെ ഞെട്ടലിൽ നിന്നും ആരും പൂർണ്ണമായും മുക്തരായിരുന്നില്ല. എപ്പോഴാണ് ദേവൻ ഗുണ്ടകളുമായി വരിക എന്ന പേടി അവരുടെ മുഖത്തുണ്ടായിരുന്നു.

മുത്തശ്ശനും, ഹരിനാരായണൻ അമ്മാവനും, ഇളയ അമ്മാവനായ ശ്രീനാരായണനും ഉമ്മറത്തെ തൂണുകൾക്കരികിൽ പരസ്പരം മിണ്ടാതെ നിൽപ്പുണ്ടായിരുന്നു. അവർക്കല്പം പിന്നിലായി നരച്ച മുടിയിഴകൾ ഒതുക്കിവെച്ച് ആധിയോടെ മുത്തശ്ശിയുമുണ്ട്.

എന്നെ കണ്ടതും ഹരിനാരായണൻ അമ്മാവൻ എന്തോ ചോദിക്കാൻ തുടങ്ങിയെങ്കിലും, പടിപ്പുരയ്ക്ക് പുറത്ത് ഒരു വാഹനം വന്നുനിൽക്കുന്ന ശബ്ദം കേട്ട് ഞങ്ങൾ എല്ലാവരും അങ്ങോട്ടേക്ക് നോക്കി.

ഒരു വെളുത്ത ടാക്സി കാർ പടിപ്പുരയ്ക്ക് മുന്നിൽ വന്നുനിന്നു. അതിൽ നിന്നും ആദ്യം ചേച്ചിയും, പിന്നാലെ അമ്മയും പുറത്തേക്കിറങ്ങി. ആ നിമിഷം, സകലതും മറന്ന് ഓടിച്ചെന്ന് ആ നെഞ്ചിലേക്ക് വീഴാനാണ് എനിക്ക് തോന്നിയത്.

ഇത്രയും നേരം ആർക്കും മുന്നിലും തളരാതെ ഞാൻ പിടിച്ചുനിന്ന എന്റെ ധൈര്യം മുഴുവൻ ആ വരവിലായിരുന്നു. ഞാൻ വേഗം പടിപ്പുര കടന്ന് അവരുടെ അടുത്തേക്ക് ചെന്ന.

"ആദീ..."

അമ്മ എന്റെ തോളിൽ കൈവെച്ചു.ആ മുഖത്ത് ഒരുപാട് നാളുകൾക്ക് ശേഷം വലിയൊരു ഗാംഭീര്യം ഞാൻ കണ്ടു.

"നീ വല്ലാതെ ക്ഷീണിച്ചല്ലോടാ..."

ചേച്ചി എന്റെ കയ്യിൽ മുറുകെ പിടിച്ചു. ഞാൻ ചിരിച്ചുകൊണ്ട് ഇല്ലെന്ന് തലയാട്ടി അവരെയും കൂട്ടി മുറ്റത്തേക്ക് നടന്നു.

പടി കടന്ന് വരുന്ന അമ്മയെയും ചേച്ചിയെയും കണ്ട് ഉമ്മറത്ത് നിന്നിരുന്ന മുത്തശ്ശനും അമ്മാവൻമാരും പരസ്പരം നോക്കി. മുറ്റത്തെ കാൽപ്പെരുമാറ്റം കേട്ട് ഭദ്ര ആന്റിക്കൊപ്പം സാവിത്രി അമ്മായിയും വാതിൽക്കലേക്ക് വന്നിരുന്നു.

അവരുടെയൊക്കെ പിന്നിലായി, പ്രതീക്ഷയും നാണവും കലർന്ന മുഖത്തോടെ എന്റെ പാർവണയും നിൽപ്പുണ്ട്.

ഉമ്മറത്തേക്ക് കയറിയ അമ്മ ആദ്യം തന്നെ മുത്തശ്ശന്റെയും അമ്മാവൻമാരുടെയും നേരെ കൈകൂപ്പി.

"നമസ്കാരം. ഞാൻ ആദിയുടെ അമ്മയാണ്. ഇത് അവന്റെ ചേച്ചി."

അമ്മ വളരെ ശാന്തമായി, എന്നാൽ വലിയൊരു ആത്മവിശ്വാസത്തോടെ പറഞ്ഞു തുടങ്ങി.

"ഇന്നലെ ഇവിടെ നടന്ന കാര്യങ്ങളൊക്കെ അവൻ ഞങ്ങളെ വിളിച്ചറിയിച്ചിരുന്നു. പെട്ടെന്നൊരു ദിവസം ഇവിടെ വന്ന് അവൻ അങ്ങനെ ചിലതൊക്കെ ചെയ്തതിൽ നിങ്ങൾക്ക് വിഷമമുണ്ടായിരിക്കും.

പക്ഷെ, ഒരു അമ്മ എന്ന നിലയിൽ എനിക്കവനെ തെറ്റുപറയാൻ കഴിയില്ല..."

ഹരിനാരായണൻ അമ്മാവനും ശ്രീനാരായണൻ അമ്മാവനും പരസ്പരം നോക്കി. ഒടുവിൽ ഹരിനാരായണൻ അമ്മാവൻ മുന്നോട്ട് വന്നു.

"വരൂ, വന്നിരിക്ക്..."

അമ്മാവൻ ഉമ്മറത്തെ കസേരകൾ ചൂണ്ടിക്കാണിച്ചു.

അമ്മയും ചേച്ചിയും കസേരകളിലേക്ക് ഇരുന്നു. ഞാൻ ഉമ്മറത്തെ മരത്തൂണും ചാരി നിന്നു.

"ഞങ്ങൾക്ക് ആരെയും ഭയപ്പെടുത്തി ഇതൊന്നും നേടിയെടുക്കണമെന്ന് യാതൊരു ആഗ്രഹവുമില്ല,"

അമ്മ മുത്തശ്ശനെ നോക്കിത്തന്നെ പറഞ്ഞു.

"പക്ഷെ, എന്റെ മോന് നിങ്ങളുടെ കുട്ടിയെ അത്രയ്ക്ക് ഇഷ്ടമാണ്. അവൾക്ക് അവനെയും. പിന്നെ ആ ദേവന്റെ കാര്യം... അവൻ വലിയ പ്രമാണിയായിരിക്കും, പക്ഷെ പെൺകുട്ടികളെ ബലമായി പിടിച്ചുകൊണ്ടുപോയി സ്വന്തമാക്കാൻ ഇത് പഴയ കാലമൊന്നുമല്ലല്ലോ.

എന്റെ മോന്റെ കൂടെ ഈ ഞാനുണ്ട് പിന്നെ എന്തിനാ നിങ്ങൾ ഭയക്കുന്നത്?"

അമ്മയുടെ ആ വാക്കുകളിലെ ഉറപ്പ് അവിടെ നിന്നിരുന്ന ഓരോരുത്തരിലേക്കും പടരുന്നത് ഞാൻ കണ്ടു. മുത്തശ്ശന്റെയും മുത്തശ്ശിയുടെയും മുഖത്തെ ആധി മാറി അവിടെ ചെറിയൊരു ആശ്വാസം തെളിഞ്ഞു.

ശ്രീനാരായണൻ അമ്മാവൻ അത് ശരിയാണെന്ന മട്ടിൽ തലകുലുക്കി.

അമ്മ പതിയെ എഴുന്നേറ്റ് വാതിൽക്കൽ നിൽക്കുന്ന ഭദ്ര ആന്റിയെ നോക്കി. ഒരമ്മയ്ക്ക് മറ്റൊരു അമ്മയുടെ സങ്കടങ്ങൾ തിരിച്ചറിയാൻ ഒരു നോട്ടം മതിയല്ലോ.

സാവിത്രി അമ്മായി പതുക്കെ വഴിമാറിക്കൊടുത്തതും, അമ്മ ഭദ്ര ആന്റിയുടെ അടുത്തേക്ക് നടന്നുചെന്നു. അവരുടെ കൈകൾ കൂട്ടിപ്പിടിച്ചുകൊണ്ട് അമ്മ പറഞ്ഞു

"ഭദ്രയല്ലേ...? ഒന്നും കൊണ്ടും പേടിക്കണ്ട. ഭദ്രയുടെ മകളെ ഈ വീട്ടിൽ നിന്നും എന്റെ സ്വന്തം മകളായിട്ട് തന്നെ ഞാൻ കൊണ്ടുപോകും. അതിനൊരു മാറ്റവുമില്ല."

അത് കേട്ടതും ഭദ്ര ആന്റിയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. അവർ നിറഞ്ഞ കണ്ണുകളോടെ എന്നെ നോക്കി ഒന്ന് ചിരിച്ചു. അമ്മയുടെ നോട്ടം പിന്നെ പോയത് ഭദ്ര ആന്റിയുടെ പിന്നിലൊളിച്ചു നിൽക്കുന്ന പാർവണയിലേക്കാണ്.

നിലംപറ്റി നിൽക്കുന്ന ആ വലിയ നീലക്കണ്ണുകളിലേക്ക് അമ്മ വാത്സല്യത്തോടെ നോക്കി.

"മോളെ... ഇങ്ങോട്ട് വന്നേ..."

അമ്മയുടെ വിളി കേട്ട് അവൾ പതുക്കെ മുന്നോട്ട് വന്നു.

ഒരുപാട് കാലമായി താൻ ആഗ്രഹിച്ച ആ സുരക്ഷിതത്വം ആ അമ്മയുടെ മുഖത്ത് കണ്ടതുപോലെ, അവൾ അമ്മയുടെ നെഞ്ചിലേക്ക് ചാഞ്ഞു. അമ്മ അവളെ ചേർത്തുപിടിച്ച് നെറുകയിൽ തലോടുമ്പോൾ, ചേച്ചി എന്റെ അരികിൽ വന്ന് നിശബ്ദമായി എന്റെ തോളിൽ തട്ടി.

ഇരുണ്ടുനിന്നിരുന്ന ആ തറവാട്ടിലെ മുറ്റത്തേക്ക് വലിയൊരു പ്രകാശം പരക്കുന്നതുപോലെ എനിക്ക് തോന്നി.

അമ്മയുടെ നെഞ്ചിലേക്ക് ചാഞ്ഞുനിൽക്കുന്ന പാർവണയെ കണ്ട് ഉമ്മറത്തുള്ള എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. ആ ഒരു നിമിഷം കൊണ്ട് ആ തറവാട്ടിൽ തളംകെട്ടി നിന്നിരുന്ന ഭയത്തിന്റെ കാർമേഘങ്ങൾ പതുക്കെ ഒഴിഞ്ഞുമാറുന്നത് എനിക്ക് കാണാമായിരുന്നു.

എന്റെ തോളിൽ തട്ടിയിട്ട്, ചേച്ചി പതുക്കെ മുറ്റത്തുനിന്നും ഉമ്മറത്തേക്ക് കയറി മുത്തശ്ശന്റെയും അമ്മാവൻമാരുടെയും അടുത്തേക്ക് ചെന്നു.

"മുത്തശ്ശനും അമ്മാവൻമാരും ഒന്നും വിചാരിക്കരുത്..."

ചേച്ചി വളരെ വിനയത്തോടെ, എന്നാൽ എല്ലാവർക്കും കേൾക്കാൻ പാകത്തിൽ ഉറച്ച ശബ്ദത്തിൽ പറഞ്ഞു തുടങ്ങി.

"ഇന്നലെ ആദി പെട്ടെന്ന് വന്ന് ഇവിടെ പ്രശ്നങ്ങളുണ്ടാക്കിയപ്പോൾ നിങ്ങളെല്ലാവരും വല്ലാതെ ഭയന്നിട്ടുണ്ടാകും. അവൻ കുറച്ചു മുൻകോപിയാ... പക്ഷെ, അവന് ഈ കുട്ടിയോടുള്ള ഇഷ്ടം സത്യമാണ്.

ഇവളെ അവന് അത്രയ്ക്ക് ജീവനാണ്. അതുകൊണ്ടാ അവൻ എടുത്തുചാടി ഓരോന്ന് ചെയ്തത്."

ഹരിനാരായണൻ അമ്മാവൻ ഒരു വലിയ നെടുവീർപ്പോടെ ചേച്ചിയെ നോക്കി.

"അതല്ല മോളെ..."

അമ്മാവന്റെ ശബ്ദത്തിൽ വലിയൊരു നിസ്സഹായത ഉണ്ടായിരുന്നു.

"ഈ നാട്ടിലെ കാര്യങ്ങൾ നിങ്ങൾക്ക് മുഴുവനായും അറിയില്ല. ആ ദേവന്റെ അച്ഛൻ ഇവിടുത്തെ വലിയൊരു പ്രമാണിയാണ്. അവൻ വലിയൊരു ഗുണ്ടയും. അവർ വിചാരിച്ചാൽ ഇവിടെ എന്തും നടക്കും.

രാഷ്ട്രീയത്തിലും പോലീസിലുമൊക്കെ അവർക്ക് വലിയ സ്വാധീനമുണ്ട്. ഇന്നലെ ഇവിടെ നടന്നതൊന്നും അവൻ അങ്ങനെ എളുപ്പം മറക്കില്ല. എപ്പോഴാ അവർ വണ്ടി കയറി വരിക എന്നോർത്ത് ഈ തറവാട്ടിലുള്ളവർക്ക് ഇന്നലെ രാത്രി ഒരു തുള്ളി വെള്ളം ഇറക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള അവന്മാരോടാ ഈ മോൻ..."

അമ്മാവൻ എന്നെ നോക്കി വാചകം പൂർത്തിയാക്കാതെ നിർത്തി.

ചേച്ചി വളരെ ശാന്തമായി ഒന്ന് ചിരിച്ചു. ആ ചിരിയിൽ വലിയൊരു ആത്മവിശ്വാസമുണ്ടായിരുന്നു.

"അതൊക്കെ ഞങ്ങൾക്കറിയാം അമ്മാവാ. അവൻ ഗുണ്ടയാണെന്നും പറഞ്ഞ്, പേടിച്ച് ഒരു പെൺകുട്ടിയെ അവരുടെ മുന്നിൽ ബലിക്കല്ലിൽ വെച്ചുകൊടുക്കാൻ പറ്റില്ലല്ലോ"

ചേച്ചിയുടെ വാക്കുകൾക്ക് നല്ല മൂർച്ചയുണ്ടായിരുന്നു.

"ഞങ്ങൾ തിരുവനന്തപുരത്തുനിന്നും ഇത്രയും ദൂരം വണ്ടി കയറി വന്നത് ഈ പറഞ്ഞ ഗുണ്ടകളെ പേടിച്ചിട്ടല്ല. നിയമവും പോലീസും അവർക്ക് മാത്രമുള്ളതൊന്നും അല്ലല്ലോ.

അവൻ ഗുണ്ടയാണെങ്കിൽ, നമ്മൾക്ക് നമ്മുടേതായ രീതിയിൽ അവനെ നേരിടാം. പക്ഷെ അതിന്റെ പേരിൽ ഈ കുട്ടിയെ നമ്മൾക്ക് കൈവിടാൻ കഴിയില്ല. ഇവളെ ഞങ്ങളുടെ കുട്ടിയായിട്ട് കൊണ്ടുപോകാൻ തന്നെയാണ് ഞങ്ങൾ വന്നത്."

ചേച്ചിയുടെ ആ വാക്കുകൾ ആ ഉമ്മറത്ത് വലിയൊരു മാറ്റമാണ് ഉണ്ടാക്കിയത്. അതുവരെ ഒന്നും മിണ്ടാതെ നിന്നിരുന്ന ഇളയ അമ്മാവൻ ശ്രീനാരായണൻ പെട്ടെന്ന് മുന്നോട്ട് വന്നു.

"മോളെന്തായാലും പറഞ്ഞത് നന്നായി. ഈ തറവാട്ടിലെ ആണുങ്ങൾക്ക് ചെയ്യാൻ കഴിയാത്ത കാര്യമാ ആദി ഇന്നലെ ചെയ്തത്."

ശ്രീനാരായണൻ അമ്മാവന്റെ ശബ്ദത്തിൽ എന്നോടുള്ള വലിയൊരു ബഹുമാനം നിറഞ്ഞുനിന്നിരുന്നു.

"എന്നെക്കൊണ്ടൊന്നും ഒന്നിനും കഴിഞ്ഞില്ലല്ലോ എന്നോർത്ത് ഇന്നലെ രാത്രി മുഴുവൻ ഞാൻ നീറിപ്പുകയുകയായിരുന്നു. ഇനി എന്തൊക്കെ സംഭവിച്ചാലും ഞങ്ങൾ ആദിയുടെ കൂടെയുണ്ട്."

അത് കേട്ടതും മുത്തശ്ശന്റെ കണ്ണുകൾ നിറഞ്ഞു. വിറയ്ക്കുന്ന കാലുകളോടെ മുത്തശ്ശി പതുക്കെ ഉമ്മറത്തേക്ക് വന്നു. സാവിത്രി അമ്മായി മുത്തശ്ശിയെ താങ്ങിപ്പിടിച്ചിരുന്നു.

"എന്റെ കുട്ടീടെ തലവര മാറ്റിയെഴുതിയത് ഈശ്വരനാ... നിങ്ങടെ രൂപത്തിൽ..."

മുത്തശ്ശി നിറഞ്ഞ കണ്ണുകളോടെ അമ്മയുടെയും ചേച്ചിയുടെയും നേരെ കൈകൂപ്പി.

"ഇനിയെങ്കിലും എന്റെ കുട്ടിക്ക് സമാധാനമായിട്ട് ഒന്ന് ജീവിക്കാമല്ലോ."

അമ്മ ചിരിച്ചുകൊണ്ട് മുത്തശ്ശിയുടെ അടുത്തേക്ക് ചെന്ന് ആ കൈകളിൽ പിടിച്ചു.

"അതൊക്കെ ഞാൻ നോക്കിക്കോളാം. എന്റെ മരുമകളായിട്ടല്ല, എന്റെ സ്വന്തം മകളായിട്ട് തന്നെ ഞാൻ ഇവളെ നോക്കും."

പിന്നെ ചേച്ചി പതുക്കെ പാർവണയുടെ അടുത്തേക്ക് ചെന്നു. അവളുടെ താടിത്തുമ്പിൽ പിടിച്ച് മുഖം ഉയർത്തി.

"എന്താ മോളെ... നിനക്കിപ്പോഴും പേടിയുണ്ടോ?"

ചേച്ചി സ്നേഹത്തോടെ ചോദിച്ചു.

പാർവണ മെല്ലെ ഇല്ലെന്ന് തലയാട്ടി. അവൾ എന്നെ നോക്കി പതുക്കെ ഒന്ന് ചിരിച്ചു. അവളുടെ ആ ചിരിയിൽ എന്റെ ലോകം മുഴുവനുമുണ്ടായിരുന്നു.

"എങ്കിൽ പിന്നെ ഈ സങ്കടമൊക്കെ ഒന്ന് മാറ്റി വെച്ച്, എല്ലാവർക്കും സന്തോഷമായിട്ട് ഇരിക്കാൻ നോക്ക്.അമ്മാവൻ ആ ജാതകമൊക്കെ ഒന്ന് എടുത്തു വെച്ചേ...

നമ്മൾക്കിന്ന് തന്നെ കാര്യങ്ങളൊക്കെ ഒന്ന് തീരുമാനിക്കാം. എത്രയും പെട്ടെന്ന് ഇവളെ ഞങ്ങൾക്ക് വീട്ടിൽ കൊണ്ടുപോകണം."

ചേച്ചി പറഞ്ഞു നിർത്തിയപ്പോൾ ആ തറവാട്ടിൽ വർഷങ്ങൾക്ക് ശേഷം വലിയൊരു സന്തോഷം പൊട്ടിവിടരുകയായിരുന്നു. ഭദ്ര ആന്റിയുടെയും സാവിത്രി അമ്മായിയുടെയും മുഖത്ത് വലിയൊരു ആശ്വാസം പടർന്നു.

ഒരു വശത്ത് വിവാഹാലോചനയുടെ വലിയൊരു സന്തോഷം നടക്കുമ്പോഴും, മറുവശത്ത് പടിപ്പുരയ്ക്ക് പുറത്തെ വഴിയിലേക്ക് എന്റെ കണ്ണുകൾ നീളുന്നുണ്ടായിരുന്നു. ദേവൻ, അവൻ കൊടുത്തിട്ടുള്ള വാക്ക് പാലിക്കാൻ ഏത് നിമിഷവും വരാം.

എന്റെ പെണ്ണിനെ കൊണ്ടുപോകാൻ അവനെത്തുമ്പോൾ, അവന് നൽകാനുള്ള അവസാനത്തെ മറുപടിയും എന്റെ മനസ്സിൽ തയ്യാറായിരുന്നു..

പകൽ പതുക്കെ സന്ധ്യയ്ക്ക് വഴിമാറുകയായിരുന്നു. കഴിഞ്ഞ കുറേ നാളുകളായി ആ തറവാട്ടിൽ തളംകെട്ടി നിന്നിരുന്ന മൂകതയും ഭയവും എങ്ങോട്ടോ പോയ്മറഞ്ഞിരിക്കുന്നു. പകരം ഉമ്മറത്തുനിന്നും ഇടനാഴികളിൽ നിന്നും പതിഞ്ഞ സംസാരങ്ങളും ചിരികളും കേട്ടുതുടങ്ങി.

ഭദ്ര ആന്റിയുടെയും സാവിത്രി അമ്മായിയുടെയും മുഖത്തെ സങ്കടങ്ങൾ മാറി അവിടെ വലിയൊരു ആശ്വാസം വന്നിട്ടുണ്ടായിരുന്നു.

വൈകുന്നേരത്തെ ദീപാരാധന തൊഴാൻ അമ്പലത്തിലേക്ക് പോകാനുള്ള ഒരുക്കത്തിലായിരുന്നു എല്ലാവരും. ഞാൻ ഉമ്മറത്തെ തിണ്ണയിലിരുന്ന് ഫോൺ നോക്കുമ്പോഴാണ് അകത്തുനിന്നും അവർ ഇറങ്ങിവന്നത്.

ചേച്ചിയുടെ കയ്യും പിടിച്ച്, കസവുപാവാടയും ബ്ലൗസും ധരിച്ച്, മുടിയിൽ കുറച്ചു തുളസിക്കതിരും ചൂടി വരുന്ന എന്റെ പാർവണ. എന്റെ കണ്ണുകൾ അവളിൽ തന്നെ ഉടക്കിനിന്നു.

ചേച്ചിയുടെ മുഖത്ത് അവളെ സ്വന്തം അനിയത്തിയായി കിട്ടിയതിന്റെ വലിയൊരു സന്തോഷമുണ്ടായിരുന്നു.

"എന്താടാ നോക്കി പേടിപ്പിക്കുന്നത്?"

ചേച്ചി എന്റെ അടുത്തേക്ക് വന്ന് ചിരിച്ചുകൊണ്ട് ചോദിച്ചു.

"ഇവളെ ഞാൻ എന്റെ കൂടെ കൊണ്ടുപോകുവാ... എന്റെ അനിയത്തിയായിട്ട്. അല്ലേ മോളെ?"

പാർവണ നാണത്തോടെ ഒന്ന് ചിരിച്ചു. അവളുടെ ആ ചിരിയിൽ എന്റെ നെഞ്ചിടിപ്പ് വീണ്ടും കൂടുകയായിരുന്നു. പിന്നാലെ അമ്മയും ഭദ്ര ആന്റിയും സാവിത്രി അമ്മായിയും ഉമ്മറത്തേക്ക് വന്നു.

മുറ്റത്തെ കരിമ്പനകൾക്കിടയിലൂടെ അമ്പലത്തിലേക്കുള്ള ഇടവഴിയിലേക്ക് ഞങ്ങൾ നടന്നിറങ്ങി. അമ്പലമുറ്റത്ത് എത്തുമ്പോഴേക്കും ദീപാരാധന തുടങ്ങിയിരുന്നു.

കൽവിളക്കുകളിൽ മുഴുവൻ ദീപം തെളിയിച്ചിട്ടുണ്ട്. ചെണ്ടമേളത്തിന്റെയും ശംഖ് വിളിയുടെയും ശബ്ദങ്ങൾക്കിടയിൽ ആ അന്തരീക്ഷത്തിന് വല്ലാത്തൊരു പരിശുദ്ധിയുണ്ടായിരുന്നു.

ദീപാരാധന തൊഴുതു കഴിഞ്ഞപ്പോൾ, ഹരിനാരായണൻ അമ്മാവനും ശ്രീനാരായണൻ അമ്മാവനും ചേർന്ന് അമ്പലത്തിലെ ജ്യോത്സ്യന്റെ അടുത്തേക്ക് പോയി. അമ്മാവന്റെ കയ്യിൽ ഞങ്ങളുടെ രണ്ടുപേരുടെയും ജാതകക്കുറിപ്പുകൾ ഉണ്ടായിരുന്നു.

മുറ്റത്തെ ആൽത്തറയിലിരുന്ന് ജ്യോത്സ്യൻ കവടി നിരത്തി ജാതകം നോക്കാൻ തുടങ്ങി. അമ്മയും ചേച്ചിയും അമ്മായിമാരും വലിയ പ്രതീക്ഷയോടെ അതിന് ചുറ്റും നിന്നു.

പാർവണ എന്റെ പിന്നിലായി, ചെറിയൊരു നെഞ്ചിടിപ്പോടെ നിൽപ്പുണ്ടായിരുന്നു.

ജാതകം നോക്കിക്കഴിഞ്ഞതും ജ്യോത്സ്യന്റെ മുഖത്ത് വലിയൊരു വിസ്മയം വിടർന്നു. അദ്ദേഹം ചിരിച്ചുകൊണ്ട് അമ്മാവനെ നോക്കി പറഞ്ഞു.

"എന്താ ഹരിനാരായണാ ഇതിൽ നോക്കാൻ ഇരിക്കുന്നത്? പത്തിൽ പത്തു പൊരുത്തം! ഇത് ഈശ്വരൻ നേരത്തെ നിശ്ചയിച്ചതാ... ഇവരെ തമ്മിൽ പിരിക്കാൻ ഈ ഭൂമിയിൽ ആർക്കും കഴിയില്ല.

ഈ പെൺകുട്ടിക്ക് ഏറ്റവും വലിയ കാവൽ ഈ ചെറുപ്പക്കാരനാണ്. എത്രയും വേഗം മംഗല്യം നടത്താം."

ജ്യോത്സ്യന്റെ ആ വാക്കുകൾ കേട്ടപ്പോൾ അമ്മയുടെയും ഭദ്ര ആന്റിയുടെയും കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞു. മുത്തശ്ശനും അമ്മാവൻമാരും വലിയൊരു ആശ്വാസത്തോടെ പരസ്പരം നോക്കി.

ആൾത്തിരക്കിൽ നിന്നും മാറി, ഞാൻ പാർവണയെയും കൂട്ടി അമ്പലമുറ്റത്തെ ആൽമരച്ചുവട്ടിലേക്ക് നടന്നു. അവളുടെ മുഖത്ത് ലോകം മുഴുവൻ കീഴടക്കിയ സന്തോഷമുണ്ടായിരുന്നു.

"എനിക്കിപ്പൊ പേടിയൊന്നുല്ല്യ ട്ടോ ആദീ..."

അവൾ നിറകണ്ണുകളോടെ എന്നെ നോക്കി ചിരിച്ചു.

ആ പാലക്കാടൻ മൊഴിയുടെ നിഷ്കളങ്കത അവിടെ നിറഞ്ഞുനിന്നു.

"ആ തിരുമേനി പറഞ്ഞത് കേട്ടപ്പഴാ എന്റെ നെഞ്ചിടിപ്പൊന്ന് നിന്നത്... ഈ ജന്മത്തിൽ എനിക്ക് കിട്ടാവുന്നതിൽ വെച്ച് ഏറ്റവും വലിയ ഭാഗ്യമാ ആദിയുടെ അമ്മയും ചേച്ചിയും.

എന്നെ അവര് നെഞ്ചോട് ചേർത്തപ്പോ... എനിക്കെന്റെ ജീവൻ തിരിച്ചു കിട്ടിയത് പോലെയാ തോന്നീത്."

ഞാൻ അവളുടെ അടുത്തേക്ക് അല്പം കൂടി ചേർന്നു നിന്നു. ദീപാരാധനയുടെ മണിനാദങ്ങൾ അപ്പോഴും മുഴങ്ങുന്നുണ്ടായിരുന്നു.

"ഇനി നീ ഇതൊന്നും ഓർത്ത് പേടിക്കണ്ട,"

ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

"പെട്ടെന്നൊരു ദിവസം നിന്നെ ഇവിടുന്ന് വിളിച്ചു

ഒളിച്ചോടി പോകാനൊന്നും ഞാൻ ഉദ്ദേശിച്ചിട്ടില്ല.നിന്റെ വീട്ടുകാരുടെ എല്ലാവരുടെയും അനുഗ്രഹത്തോടെ, ഈ അമ്പലനടയിൽ വെച്ച് നിന്റെ കഴുത്തിൽ ഈ ആദി ഒരു താലി ചാർത്തും.

എന്റെ സ്വന്തം പെണ്ണായിട്ട്... എന്റെ ഭാര്യയായിട്ട് മാത്രമേ നിന്നെ ഞാൻ തിരുവനന്തപുരത്തേക്ക് കൊണ്ടുപോകൂ.""

അവൾ എന്റെ മുഖത്തേക്ക് തന്നെ നോക്കി നിന്നു. ആ വലിയ നീലക്കണ്ണുകളിൽ നിറഞ്ഞൊഴുകാൻ വെമ്പുന്ന പ്രണയമായിരുന്നു. അമ്പലമുറ്റത്തെ കാറ്റിൽ അവളുടെ മുടിയിഴകൾ പാറിപ്പറന്നു.

ഭയത്തിന്റെ ഇരുളിൽ നിന്നും, എല്ലാവരുടെയും അനുഗ്രഹത്തോടെ അവൾ എന്റെ വെളിച്ചത്തിലേക്ക് പൂർണ്ണമായും നടന്നുകയറുകയായിരുന്നു..

അമ്പലത്തിൽ നിന്നുള്ള മടക്കയാത്ര പതിവിലും മനോഹരമായിരുന്നു. ഇത്രയും നാൾ ആ തറവാട്ടിൽ തളംകെട്ടി നിന്നിരുന്ന ഭയം പൂർണ്ണമായും മാറി, പകരം എല്ലാവരുടെയും മുഖത്ത് വലിയൊരു പ്രകാശവും സമാധാനവും വന്നിട്ടുണ്ടായിരുന്നു.

രാത്രി ഭക്ഷണമെല്ലാം കഴിഞ്ഞ് ഉമ്മറത്തെ തിണ്ണയിൽ എല്ലാവരും വട്ടംകൂടിയിരുന്ന് സംസാരിക്കുകയാണ്. അമ്മയും ഭദ്ര ആന്റിയും സാവിത്രി അമ്മായിയും പിന്നെ രമ അമ്മായിയും കൂടി കല്യാണത്തിന്റെ കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്.

മുത്തശ്ശനും അമ്മാവൻമാരും അതിൽ അഭിപ്രായങ്ങൾ പറയുന്നുണ്ട്. ഞാൻ ചേച്ചിയോടും പാർവണയോടും സംസാരിച്ചിരിക്കുമ്പോഴാണ് എന്റെ ഫോൺ ശബ്ദിച്ചത്.

സ്ക്രീനിൽ തെളിഞ്ഞ പേര് കണ്ട് ഞാൻ പതുക്കെ എഴുന്നേറ്റ് മുറ്റത്തേക്ക് ഇറങ്ങി. സച്ചുച്ചേട്ടനാണ്. ഫോൺ എടുത്തപാടെ അങ്ങേത്തലക്കൽ നിന്നും സച്ചുച്ചേട്ടന്റെ ഒരു പൊട്ടിച്ചിരിയാണ് ഞാൻ കേട്ടത്.

"ഹലോ സച്ചുച്ചേട്ടാ..." ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"എന്താടാ വലിയ വാസ്തുവിദ്യാ വിദഗ്ദ്ധാ... തറവാടിന്റെ അളവെടുപ്പൊക്കെ കഴിഞ്ഞോ? അതോ പ്ലാൻ വരയ്ക്കൽ ഇപ്പോഴും തുടരുകയാണോ?"

സച്ചുച്ചേട്ടന്റെ ചോദ്യം കേട്ട് ഞാൻ അറിയാതെ ചിരിച്ചുപോയി.

"എടാ കള്ളാ..."

ചേട്ടൻ കളിയാക്കിക്കൊണ്ട് തുടർന്നു.

"കഴിഞ്ഞ മാസം എന്റെ കല്യാണത്തിന് വന്നപ്പോൾ നീ പാർവണയെ വട്ടം ചുറ്റുന്നത് ഞാൻ ശ്രദ്ധിച്ചതാ. കല്യാണത്തിരക്കിനിടയിലും എന്റെയൊരു കണ്ണ് നിന്റെയൊക്കെ മേലായിരുന്നു.

പക്ഷെ എന്റെ അപ്പച്ചീടെ മോൻ ഇത്ര വലിയൊരു പ്ലാനിങ്ങിലാണെന്ന് ഞാൻ അറിഞ്ഞില്ലല്ലോടാ."

"അത് പിന്നെ..." ഞാൻ ചമ്മലോടെ തല ചൊറിഞ്ഞു.

"നീ ഒന്നും പറയണ്ട. കുറച്ചുമുൻപ് അപ്പച്ചി എന്നെ വിളിച്ചിരുന്നു. നിനക്ക് അവളെ അത്രയ്ക്ക് ഇഷ്ടമാണെന്നും, അവിടെ നടന്ന കാര്യങ്ങളും, ജാതകം നോക്കിയതുമൊക്കെ അപ്പച്ചി പറഞ്ഞെടാ."

സച്ചുച്ചേട്ടന്റെ ശബ്ദത്തിൽ വലിയൊരു സ്നേഹമുണ്ടായിരുന്നു.

"സത്യം പറയാലോ ആദീ, അപ്പച്ചി ഇത് പറഞ്ഞപ്പോൾ എനിക്ക് വലിയ സന്തോഷമായി. പാർവണയെ പൊന്നുപോലെ നോക്കാൻ നിന്നെക്കൊണ്ടല്ലാതെ വേറെ ആരെക്കൊണ്ടും കഴിയില്ലെന്ന് എനിക്ക് നന്നായിട്ട് അറിയാം."

"അതിനെക്കുറിച്ച് സച്ചുച്ചേട്ടൻ ഒരുപാട് ടെൻഷൻ അടിക്കണ്ട, എന്റെ ജീവൻ പോയാലും ഞാൻ അവളെ കൈവിടില്ല,"

ഞാൻ മുറ്റത്തുനിന്നും ഉമ്മറത്തേക്ക് നോക്കിക്കൊണ്ട് പറഞ്ഞു.

അവിടെ ചേച്ചിയോട് സംസാരിച്ചിരുന്ന് ഇടയ്ക്ക് എന്നെ ഒളികണ്ണിട്ട് നോക്കുന്നുണ്ടായിരുന്നു എന്റെ പാർവണ.

"അതൊക്കെ എനിക്കറിയാം. പിന്നെയൊരു കാര്യമുണ്ട്, എന്റെ ലീവ് തീരാറായി. അടുത്ത മാസം ഞാൻ ഗൾഫിലേക്ക് മടങ്ങുവാ. അതിനുമുന്നേ നിന്റെയും പാർവണയുടെയും കല്യണം കൂടി കഴിഞ്ഞിട്ടേ ഞാൻ വണ്ടി കയറുന്നുള്ളൂ.

അതുകൊണ്ട് ഡേറ്റ് വേഗം ഫിക്സ് ചെയ്യാൻ ഞാൻ അപ്പച്ചിയോട് പറഞ്ഞിട്ടുണ്ട്."

"അതിനെന്താ സച്ചുച്ചേട്ടാ, നമുക്ക് ഗംഭീരമായിട്ട് തന്നെ നടത്താം,"

ഞാൻ ആവേശത്തോടെ പറഞ്ഞു.

"അത് നമ്മൾ നടത്തും. നീ ആ ഫോൺ പാർവണയുടെ കയ്യിൽ ഒന്ന് കൊടുത്തേ, ഞാൻ അവളോടൊന്ന് സംസാരിക്കട്ടെ."

ഞാൻ ഫോണുമായി ഉമ്മറത്തേക്ക് കയറി ചെന്നു. സച്ചുച്ചേട്ടനാണെന്ന് പറഞ്ഞ് ഫോൺ പാർവണയ്ക്ക് നീട്ടിയപ്പോൾ, അവൾ ഒരു ചെറിയ നാണത്തോടെ ഫോൺ വാങ്ങി ചെവിയിൽ വെച്ചു.

സച്ചുച്ചേട്ടൻ അപ്പുറത്തുനിന്ന് അവളെ കളിയാക്കുകയാണെന്ന് അവളുടെ മുഖഭാവങ്ങളിൽ നിന്നും എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നു.

"അതൊന്നുല്ല്യ സച്ചുച്ചേട്ടാ... ഞാൻ പിന്നെ വിളിക്കാം..."

അവൾ നാണത്തോടെ നിലത്ത് കാലുകൊണ്ട് കളംവരച്ചു. എന്നെ നോക്കി കള്ളച്ചിരിയോടെ അവൾ സംസാരിക്കുന്നത് കണ്ടപ്പോൾ, എന്റെ അമ്മയും ചേച്ചിയും രമ അമ്മായിയുമൊക്കെ പരസ്പരം നോക്കി ചിരിക്കുന്നുണ്ടായിരുന്നു.

കുറച്ചുനേരം സംസാരിച്ച ശേഷം അവൾ വേഗം ഫോൺ എനിക്ക് തിരികെ തന്നു.

"എന്താ സച്ചുച്ചേട്ടൻ പറഞ്ഞത്?"

ഞാൻ കുസൃതിയോടെ അവളുടെ അടുത്തേക്ക് ചെന്നു ചോദിച്ചു.

"ഒന്നുല്ല്യ... ചുമ്മാ കളിയാക്കിയതാ..."

അവൾ മുഖം കുനിച്ച് നാണത്തോടെ അകത്തേക്ക് ഓടി. അവളുടെ ആ ഓട്ടം കണ്ട് ഉമ്മറത്തിരുന്ന എല്ലാവരും ഉറക്കെ ചിരിച്ചു. ആ രാത്രിയിലെ ആ തറവാട്ടുമുറ്റത്തെ തണുത്ത കാറ്റിനുപോലും, വല്ലാത്തൊരു സന്തോഷത്തിന്റെ ഗന്ധമുണ്ടായിരുന്നു..

സച്ചുച്ചേട്ടന്റെ കോൾ കൂടി വന്നതോടെ കല്യാണം എത്രയും പെട്ടെന്ന് നടത്താനായിരുന്നു എല്ലാവരുടെയും തീരുമാനം.

പിറ്റേന്ന് രാവിലെ തന്നെ പാലക്കാട് ടൗണിലേക്ക് ഞങ്ങൾ കല്യാണപ്പർച്ചേസിനായി തിരിച്ചു. അമ്മയും ചേച്ചിയും ഭദ്ര ആന്റിയും സാവിത്രി അമ്മായിയും രമ അമ്മായിയും പിന്നെ എന്റെ പാർവണയും എന്നോടൊപ്പം ഉണ്ടായിരുന്നു.

വലിയൊരു ടെക്സ്റ്റൈൽ ഷോപ്പിൽ നിന്നും കല്യാണപ്പുടവകളെല്ലാം എടുത്ത് വലിയ സന്തോഷത്തോടെ ഞങ്ങൾ പുറത്തേക്ക് ഇറങ്ങുകയായിരുന്നു. ചേച്ചിയുടെ കയ്യും പിടിച്ച്, ചിരിച്ചുകൊണ്ട് പടികൾ ഇറങ്ങി വരുന്ന പാർവണയെ നോക്കി ഞാൻ വണ്ടിയുടെ താക്കോൽ എടുക്കാൻ പോക്കറ്റിലേക്ക് കൈയിട്ടു.

പെട്ടെന്നാണ് വലിയ ശബ്ദത്തിൽ രണ്ട് ജീപ്പുകൾ ഞങ്ങളുടെ മുന്നിലേക്ക് വന്ന് ബ്രേക്ക് ഇട്ടത്. ചുറ്റും നിൽക്കുന്ന ആളുകൾ എന്താണെന്ന് അറിയാതെ മാറിനിന്നു.

ജീപ്പിൽ നിന്നും ആദ്യം ഇറങ്ങിയത് ദേവനായിരുന്നു. കൂടെ കുറച്ച് ഗുണ്ടകളും. അവന്റെ മുഖത്ത് വല്ലാത്തൊരു പകയുണ്ടായിരുന്നു.

ദേവനെ കണ്ടതും പാർവണ പേടിച്ച് ചേച്ചിയുടെ പിന്നിലേക്ക് മാറിനിന്നു. അമ്മയും അമ്മായിമാരും ആകെ ഭയന്നുപോയി. ഞാൻ വേഗം പടികളിറങ്ങി അവർക്ക് മുന്നിലായി കയറി നിന്നു.

"എന്റെ മുന്നിൽ വെച്ച് എന്നെ തല്ലിയിട്ട്, എന്റെ പെണ്ണിനെയും കൊണ്ട് നീ സുഖമായിട്ട് പോകാമെന്നാണോ നീ വിചാരിച്ചത്?"

ദേവൻ പല്ലിറുമ്മിക്കൊണ്ട് എന്റെ നേരെ വന്നു.

ഒരൊറ്റ നിമിഷം. അവന് മറുപടി കൊടുക്കുന്നതിന് പകരം എന്റെ കൈ അവനുനേരെ പാഞ്ഞുചെന്നു. പ്രതീക്ഷിക്കാതെ മുഖത്ത് കിട്ടിയ ആ വലിയ ഇടിയിൽ ദേവൻ പിന്നിലേക്ക് തെറിച്ചുവീണു.

അത് കണ്ടതും കൂടെയുണ്ടായിരുന്ന ഗുണ്ടകൾ എന്റെ നേരെ പാഞ്ഞടുത്തു. ടൗണിന്റെ നടുവിലാണെന്നോ, ചുറ്റും ആളുകളുണ്ടെന്നോ ഞാൻ നോക്കിയില്ല.

എന്റെ കുടുംബത്തിന്റെ മുന്നിൽ വെച്ച് അവന്മാരെ നേരിടുമ്പോൾ എന്റെ ഉള്ളിൽ വലിയൊരു മൃഗം ഉണർന്നിരുന്നു.

ഓരോരുത്തരെയും ഞാൻ തിരഞ്ഞുപിടിച്ച് അടിച്ചു വീഴ്ത്തി. നിലത്തുവീണ ഗുണ്ടകൾ വേദനകൊണ്ട് പിടഞ്ഞപ്പോൾ, എന്റെ ശ്വാസം വേഗത്തിലായിരുന്നു.

എല്ലാവരെയും വീഴ്ത്തിയെന്ന ആശ്വാസത്തിൽ, പേടിച്ചുനിൽക്കുന്ന അമ്മയെയും പാർവണയെയും നോക്കി ഞാൻ തിരിഞ്ഞു നടക്കാൻ തുടങ്ങുകയായിരുന്നു.

"ആദീ... പിന്നിൽ...!"

ചേച്ചിയുടെ അലർച്ച കേട്ടാണ് ഞാൻ തിരിഞ്ഞുനോക്കിയത്.

പക്ഷെ അതിനുമുൻപേ വലിയൊരു ചൂട് എന്റെ നെഞ്ചിലേക്ക് ഇറങ്ങിപ്പോയിരുന്നു. പിന്നിലൂടെ വന്ന ദേവൻ ആഞ്ഞുകുത്തിയ കഠാര എന്റെ വയറ്റിൽ ആഴത്തിൽ ഇറങ്ങിയിരുന്നു.

വേദനയേക്കാൾ വലിയൊരു മരവിപ്പാണ് എനിക്ക് തോന്നിയത്. കുത്തിയ വേഗത്തിൽ തന്നെ കത്തി വലിച്ചൂരി ദേവൻ ജീപ്പിലേക്ക് ഓടിക്കയറി. ചുറ്റും കൂടിയ ആളുകൾ പിടിക്കാൻ വരുന്നതിന് മുൻപ് തന്നെ ജീപ്പ് വലിയ ശബ്ദത്തോടെ അവിടെനിന്നും പാഞ്ഞുപോയി.

എന്റെ ഷർട്ടിലൂടെ ചോര കുതിച്ചൊഴുകാൻ തുടങ്ങി. എന്റെ കാലുകൾക്ക് ബലം നഷ്ടപ്പെടുന്നതുപോലെ. ഞാൻ പതുക്കെ മുട്ടുകുത്തി നിലത്തേക്ക് വീണു.

"ആദീ...!"

ലോകം മുഴുവൻ തകർന്നുപോകുന്നതുപോലെയുള്ള പാർവണയുടെ വലിയൊരു അലർച്ച ആ തെരുവിൽ മുഴങ്ങി.

എന്റെ വലിയ വീഴ്ചയും രക്തവും കണ്ട് ഒന്നുറക്കെ കരയാൻ പോലും കഴിയാതെ ഒരു നിമിഷം തരിച്ചുനിൽക്കുകയായിരുന്നു അമ്മയും അമ്മായിമാരും. ഭദ്ര ആന്റിയും രമ അമ്മായിയും ഞെട്ടലോടെ വായ് പൊത്തി വിറച്ചുപോയി.

പെട്ടെന്ന് ആ മരവിപ്പിൽ നിന്നും ഉണർന്ന അമ്മ വലിയൊരു അലർച്ചയോടെ എന്റെ അടുത്തേക്ക് ഓടിവന്നു.

"എന്റെ ഈശ്വരാ... എന്റെ മോനേ..."

അമ്മ എന്റെ ചോരവഴിയുന്ന വയറ്റിൽ പിടിച്ച് പൊട്ടിക്കരഞ്ഞു. ആ കൈകൾ വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു. ചുറ്റും നിൽക്കുന്നവരെ നോക്കി വലിയ വെപ്രാളത്തോടെ അമ്മ അലറി,

"ആരെങ്കിലും ഒന്ന് വണ്ടിയെടുക്കണേ...""

പാർവണ ഓടിവന്ന് എന്നെ താങ്ങി, ആ മടിയിലേക്ക് എന്റെ തല വെച്ചു. അവൾ എന്റെ ചോരവഴിയുന്ന വയറ്റിൽ രണ്ടു കൈകളും വെച്ച് അമർത്തിപ്പിടിച്ചു.

അവളുടെ പുതിയ ഉടുപ്പിൽ മുഴുവൻ എന്റെ ചോര പടർന്നിരുന്നു.

ചേച്ചി എന്റെ മുഖത്ത് തട്ടിക്കൊണ്ട് കരഞ്ഞു വിളിച്ചു,

"ആദീ... കണ്ണ് തുറക്കെടാ..."

"ആദീ... കണ്ണ് തുറക്ക് ആദീ... എന്നെ തനിച്ചാക്കല്ലേ..."

പാർവണയുടെ കണ്ണീർ എന്റെ മുഖത്തേക്ക് വീണുകൊണ്ടിരുന്നു.

അപ്പോഴേക്കും ആകെ ഭയന്നുപോയ സാവിത്രി അമ്മായിയും ഭദ്ര ആന്റിയും ചുറ്റുമുള്ള ആളുകളെ കൂട്ടി വണ്ടി വിളിക്കാൻ നെട്ടോട്ടമോടുകയായിരുന്നു. ഹരിനാരായണൻ അമ്മാവനും ശ്രീനാരായണൻ അമ്മാവനും ഒരു വണ്ടി വിളിച്ചുകൊണ്ടുവന്ന് എന്റെ അടുത്തേക്ക് ഓടിയെത്തുന്നത് ഞാൻ അവ്യക്തമായി കണ്ടു.

എന്നെ താങ്ങിയെടുത്ത് വണ്ടിയിലേക്ക് കയറ്റുമ്പോഴും അമ്മയും പാർവണയും എന്റെ കൈകളിൽ മുറുകെ പിടിച്ചിട്ടുണ്ടായിരുന്നു.

ജീവന് വേണ്ടി വണ്ടി വേഗത്തിൽ ആശുപത്രിയിലേക്ക് കുതിക്കുമ്പോൾ, വെപ്രാളത്തോടെ എന്റെ മുഖത്ത് തട്ടി വിളിക്കുന്ന അമ്മയുടെയും, കരഞ്ഞുകലങ്ങിയ പാർവണയുടെയും മുഖം എന്റെ കാഴ്ചയിൽ നിന്നും പതുക്കെ ഇരുളിലേക്ക് മാഞ്ഞുതുടങ്ങിയിരുന്നു....

ആശുപത്രിയിലെ നീളൻ ഇടനാഴിയിൽ മരുന്നുകളുടെ മണമുള്ള കനത്ത നിശബ്ദത തളംകെട്ടിനിന്നു. ഐ.സി.യുവിന് മുകളിൽ കത്തുന്ന ചുവന്ന ലൈറ്റിലേക്കും നോക്കി തളർന്നിരിക്കുകയാണ് എല്ലാവരും.

ഇടവിട്ടുള്ള അമ്മയുടെ തേങ്ങലുകൾ മാത്രമാണ് ആ നിശബ്ദതയെ മുറിക്കുന്നത്. അമ്മയെ നെഞ്ചോട് ചേർത്ത് പിടിച്ച് സമാധാനിപ്പിക്കാൻ ശ്രമിക്കുകയാണ് ചേച്ചി. ഭദ്ര ആന്റിയും അമ്മായിമാരും പ്രാർത്ഥനയോടെ അവർക്ക് ചുറ്റുമുണ്ട്.

ഹരിനാരായണൻ അമ്മാവനും ശ്രീനാരായണൻ അമ്മാവനും ടെൻഷനോടെ ഇടനാഴിയിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.

എന്നാൽ ഐ.സി.യുവിന്റെ അടഞ്ഞ വാതിലിന് നേരെ മുന്നിലായി, പുറത്തെ ലോകം ഒന്നും അറിയാതെ നിൽക്കുകയായിരുന്നു പാർവണ. എന്റെ ചോര പടർന്ന ആ പുതിയ ഉടുപ്പ് അവളപ്പോഴും മാറ്റിയിരുന്നില്ല.

അവളുടെ ഇരുകൈകളും കൂപ്പിപ്പിടിച്ചിരുന്നു. ആ വലിയ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നുണ്ടെങ്കിലും, അവളുടെ ചുണ്ടുകൾ എന്റെ ജീവനുവേണ്ടി ഭഗവാനോട് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു.

പെട്ടെന്നാണ് ഐ.സി.യുവിന്റെ വാതിൽ തുറന്നത്. എല്ലാവരും ഒരുമിച്ച് അങ്ങോട്ടേക്ക് പാഞ്ഞടുത്തു. പുറത്തേക്ക് വന്ന ഡോക്ടർ മുഖത്തെ മാസ്ക് താഴ്ത്തി, എല്ലാവരെയും ഗൗരവത്തിൽ ഒന്ന് നോക്കി.

"പേഷ്യന്റിന്റെ ആളുകളാണോ?" ഡോക്ടർ ചോദിച്ചു.

"അതേ ഡോക്ടർ... എന്റെ മോനാ... എന്റെ കുട്ടിക്ക് ഇപ്പോ എങ്ങനെയുണ്ട്?"

അമ്മ വിറയ്ക്കുന്ന ശബ്ദത്തോടെ ചോദിച്ചു.

ഡോക്ടറുടെ മുഖത്ത് ചെറിയൊരു ആശങ്കയുണ്ടായിരുന്നു.

"മുറിവ് അത്യാവശ്യം ഡീപ്പാണ്. ലിവറിന് ചെറിയൊരു ഡാമേജ് ഉണ്ട്. ബ്ലഡ് ഒരുപാട് പോയി. അതാണ് ഇപ്പോഴത്തെ പ്രശ്നം. പേഷ്യന്റ് കുറച്ചു ക്രിട്ടിക്കൽ ആണ്..."

അത് കേട്ട് അമ്മ തളർന്നു വീഴാൻ പോയി.

ചേച്ചിയും ഭദ്ര ആന്റിയും കൂടിയാണ് അമ്മയെ താങ്ങിപ്പിടിച്ചത്.

"നിങ്ങളിങ്ങനെ പാനിക്ക് ആവാതെ,"

ഡോക്ടർ വേഗത്തിൽ പറഞ്ഞു.

"നമുക്ക് അത്യാവശ്യമായിട്ട് ബ്ലഡ് വേണം. 'A Positive' ആണ് ഗ്രൂപ്പ്. ബ്ലഡ് ബാങ്കിൽ ഇപ്പോൾ സ്റ്റോക്കില്ല. പുറത്ത് അന്വേഷിക്കാൻ നിന്നാൽ സമയം പോകും.

നിങ്ങളുടെ കൂട്ടത്തിൽ ആർക്കെങ്കിലും 'A Positive' ഉണ്ടോ?"

ഡോക്ടറുടെ ചോദ്യം കേട്ട് അമ്മാവൻമാരും ചേച്ചിയും പരസ്പരം നോക്കി. ആർക്കും ആ ഗ്രൂപ്പ് അല്ലായിരുന്നു. അമ്മയുടെ മുഖത്ത് ഭയം വീണ്ടും ഉരുണ്ടുകൂടി.

"ഞാൻ തരാം ഡോക്ടർ..."

ആൾക്കൂട്ടത്തിന് പിന്നിൽ നിന്നും പാർവണ

മുന്നോട്ടുവന്നു. അവളുടെ ശബ്ദത്തിൽ ഒട്ടും ഇടർച്ചയുണ്ടായിരുന്നില്ല. കണ്ണുനീർ തുടച്ചുമാറ്റി, വലിയൊരു ഉറപ്പോടെ അവൾ ഡോക്ടർക്ക് മുന്നിൽ വന്നുനിന്നു.

"എന്റേത് 'എ പോസിറ്റീവ്' ആണ് ഡോക്ടർ. വേറെങ്ങും അന്വേഷിക്കണ്ട. എന്റെ ആദിക്ക് എത്ര ബ്ലഡ് വേണമെങ്കിലും ഞാൻ തരാം."

അവൾ സ്വന്തം കൈപ്പത്തി മുറുകെ പിടിച്ചുകൊണ്ട് പറഞ്ഞു.

ആ നിമിഷം അമ്മയും ചേച്ചിയും അവളെ നോക്കി. ഭയന്ന് മാറിനിന്നിരുന്ന ഒരു സാധാരണ പെൺകുട്ടിയിൽ നിന്നും, സ്വന്തം പ്രാണനെ തിരികെ പിടിക്കാൻ ഏതറ്റം വരെയും പോകാൻ തയ്യാറായി നിൽക്കുന്ന ധൈര്യമുള്ളവളായി അവൾ മാറിയിരുന്നു.

ഡോക്ടർ അവളെ ഒന്ന് അടിമുടി നോക്കി. ചോരപുരണ്ട വസ്ത്രവും അവളുടെ മുഖത്തെ നിശ്ചയദാർഢ്യവും കണ്ടപ്പോൾ ഡോക്ടർക്കും കാര്യം മനസ്സിലായി.

"കുട്ടിക്ക് വേറെ ഹെൽത്ത് ഇഷ്യൂസ് ഒന്നുമില്ലല്ലോ? എങ്കിൽ വാ, വേഗം ടെസ്റ്റ് ചെയ്തിട്ട് എടുക്കാം..."

ഡോക്ടർ പറഞ്ഞു.

പാർവണ ഡോക്ടറുടെ പിന്നാലെ നടക്കാൻ തുടങ്ങിയതും, അമ്മ അവളുടെ കൈകളിൽ കയറിപ്പിടിച്ചു. അമ്മയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നുണ്ടായിരുന്നു. തന്റെ മകന് ജീവൻ നൽകാൻ പോകുന്നവളോട് എന്ത് പറയണമെന്നറിയാതെ അമ്മ നിന്നു. പാർവണ അമ്മയുടെ കൈകളിൽ മുറുകെ പിടിച്ചു.

"അമ്മയൊന്നും പേടിക്കണ്ട... എന്റെ ആദിക്ക് ഒന്നും സംഭവിക്കില്ല.""

അത്രയും പറഞ്ഞ് അവൾ ഡോക്ടറുടെ ഒപ്പം ഐ.സി.യുവിന്റെ ഉള്ളിലേക്ക് നടന്നു കയറി.

പകുതി അടഞ്ഞ വാതിലിലൂടെ അകത്തേക്ക് പോകുന്നവളെ നോക്കി അമ്മയും ചേച്ചിയും കൈകൾ കൂപ്പി. അവളുടെ സിരകളിലെ രക്തം എന്റെ ജീവന്റെ തുടിപ്പായി മാറാൻ പോകുന്ന ആ നിമിഷത്തിൽ, അവിടെ കൂടിനിന്ന എല്ലാവരുടെയും ഉള്ളിലെ പ്രാർത്ഥനകൾക്ക് വലിയൊരു ഉത്തരമായി അവൾ മാറുകയായിരുന്നു.

ഐ.സി.യുവിന്റെ തണുത്ത മുറിക്കുള്ളിൽ, എന്റെ സിരകളിലേക്ക് അവളുടെ ജീവന്റെ പാതി ഇറ്റിറ്റുവീഴുമ്പോൾ പുറത്ത് ശ്വാസമടക്കിപ്പിടിച്ച് കാത്തുനിൽക്കുകയായിരുന്നു എല്ലാവരും. സ്വന്തം ജീവൻ പകുത്തുനൽകി എന്നെ മരണത്തിൽ നിന്നും അവൾ തിരികെ വിളിക്കുകയായിരുന്നു.

മരുന്നുകളുടെ രൂക്ഷഗന്ധവും ഐ.സി.യു മോണിറ്ററിന്റെ ഇടവിട്ടുള്ള ശബ്ദവും മാത്രമാണ് എന്റെ ഓർമ്മകളിലേക്ക് ആദ്യം കടന്നുവന്നത്. കണ്ണുകൾക്ക് മുകളിൽ വലിയൊരു ഭാരം തോന്നി.

പതുക്കെ കൺപോളകൾ തുറക്കുമ്പോൾ, കാഴ്ചകൾ വല്ലാതെ മങ്ങിക്കിടക്കുകയായിരുന്നു. കുത്തേറ്റ ഭാഗത്തും വയറ്റിലുമായി വലിയൊരു വിങ്ങൽ.

കാഴ്ചകൾക്ക് വ്യക്തത വന്നപ്പോൾ ഞാൻ ആദ്യം കണ്ടത് എന്റെ വലതുകൈ നെഞ്ചോട് ചേർത്തുപിടിച്ച്, കട്ടിലിന്റെ അരികിലായി തലവെച്ചുറങ്ങുന്ന പാർവണയെയാണ്. ആ മുഖം വല്ലാതെ വിളറിയിരുന്നു.

എന്റെ ശരീരത്തിലേക്ക് ഒഴുകിയിറങ്ങിയത് അവളുടെ ചോരയാണെന്ന് ആ വിളർച്ച എന്നോട് പറയുന്നുണ്ടായിരുന്നു. എന്റെ വിരലുകൾ ഒന്നനങ്ങിയതും, വലിയൊരു ഞെട്ടലോടെ അവൾ തലയുയർത്തി.

എന്റെ തുറന്ന കണ്ണുകൾ കണ്ടതും ആ വലിയ നീലക്കണ്ണുകളിൽ നിന്നും കണ്ണുനീർ അണപൊട്ടിയൊഴുകി. അവൾ വേഗം എന്റെ മുഖത്തേക്ക് ചേർന്നു.

"ആദീ..."

അവളുടെ ചുണ്ടുകൾ വിറച്ചു.

"എന്റെ കൃഷ്ണാ... കണ്ണ് തുറന്നല്ലോ... എനിക്ക് വല്ലാണ്ട് പേടിയായി ട്ടോ ആദീ... ദേഹത്തീന്ന് ആ ചോര വാർന്നു പോണത് കണ്ടപ്പോ എന്റെ ജീവൻ പോണ പോലാ എനിക്ക് തോന്നീത്..."

അവൾ വിതുമ്പിക്കരഞ്ഞു.

മറുപടി പറയാൻ ശ്രമിച്ചെങ്കിലും ശബ്ദം പുറത്തേക്ക് വന്നില്ല.പകരം ഞാൻ അവളുടെ കൈകളിൽ ഒന്നുകൂടി മുറുകെ പിടിച്ചു. എന്റെ ശരീരത്തിൽ ഇപ്പോൾ ഓടുന്നത് അവളുടെ കൂടി ചോരയാണെന്ന തിരിച്ചറിവ്, ഞാനുമവളും തമ്മിലുള്ള ബന്ധത്തെ വെറുമൊരു പ്രണയത്തിനപ്പുറം വേർപിരിക്കാനാവാത്ത എന്തോ ഒന്നാക്കി മാറ്റിയിരുന്നു.

അവളുടെ ശബ്ദം കേട്ട് മുറിക്ക് പുറത്തുനിന്നും അമ്മയും ചേച്ചിയും ഓടിവന്നു. പിന്നാലെ മുത്തശ്ശനും മുത്തശ്ശിയും അമ്മാവൻമാരും അമ്മായിമാരുമെല്ലാം ആ മുറിക്കുള്ളിലേക്ക് വന്നു.

എന്നെ ബോധത്തോടെ കണ്ടതും അമ്മ പൊട്ടിക്കരഞ്ഞുകൊണ്ട് എന്റെ നെറുകയിൽ ഉമ്മവെച്ചു.

"എന്റെ ആദി കണ്ണ് തുറന്നല്ലോ ഭഗവാനേ..."

അമ്മയുടെ കണ്ണീർ കവിളിലൂടെ ഒലിച്ചിറങ്ങി. ചേച്ചി എന്റെ തലമുടിയിലൂടെ വാത്സല്യത്തോടെ തലോടി.

"ഇവൾക്ക് നന്ദി പറയണം ആദീ നീ..."

അമ്മ നിറഞ്ഞ കണ്ണുകളോടെ പാർവണയെ നോക്കി പറഞ്ഞു.

"അവളുടെ ചോരയാ നിന്റെ ദേഹത്ത് ഓടുന്നത്. നിന്നെ രക്ഷിക്കാൻ സ്വന്തം ജീവൻ കൊടുക്കാനും എന്റെ കുട്ടി രണ്ടാമതൊന്ന് ആലോചിച്ചില്ല..."

പാർവണ വേഗം കണ്ണുനീർ തുടച്ചുമാറ്റി അമ്മയുടെ തോളിലേക്ക് ചാഞ്ഞു. വിറയ്ക്കുന്ന കാലുകളോടെ അടുത്തേക്ക് വന്ന മുത്തശ്ശിയും മുത്തശ്ശനും നിറഞ്ഞ കണ്ണുകളോടെ എന്റെ കവിളിൽ പതുക്കെ തലോടി, വലിയൊരു ആശ്വാസത്തോടെ അവർ എന്നെ നോക്കി നിന്നു.

അമ്മാവൻമാർ പതിയെ എന്റെ അരികിലേക്ക് വന്നു. ഹരിനാരായണൻ അമ്മാവൻ എന്റെ കാലിനരികിലായി പതുക്കെ തൊട്ടു.

"ഇനി നീയും ഈ കുടുംബവും ഒന്നുംകൊണ്ടും പേടിക്കണ്ട ആദീ..."

അമ്മാവന്റെ ശബ്ദത്തിൽ വലിയൊരു ഗാംഭീര്യം ഉണ്ടായിരുന്നു.

"പട്ടപ്പകൽ ടൗണിന്റെ നടുവിൽ വെച്ചാണ് അവൻ നിന്നെ പിന്നിൽ നിന്ന് കുത്തിയത്. ചോര വാർന്നു കിടക്കുന്ന നിന്നെ കണ്ടിട്ടും പോലീസിൽ പരാതി കൊടുക്കാൻ ഞങ്ങൾക്ക് ആദ്യം പേടിയായിരുന്നു.

പക്ഷെ പിന്നെ തോന്നി, നിന്നെപ്പോലൊരു ചെറുപ്പക്കാരൻ ഞങ്ങളുടെ കുട്ടിക്ക് വേണ്ടി ഇത്രയും ചെയ്തപ്പോൾ മാറിനിൽക്കുന്നത് ആണുങ്ങൾക്ക് ചേർന്ന പണിയല്ല എന്ന്. ഞങ്ങൾ നേരെ സ്റ്റേഷനിൽ പോയി പരാതി കൊടുത്തു."

ശ്രീനാരായണൻ അമ്മാവൻ ചിരിച്ചുകൊണ്ട് കൂട്ടിച്ചേർത്തു,"കണ്ടുനിന്നവരും ഒപ്പം നിന്നതോടെ അവനെ പോലീസുകാർ പൊക്കി. വധശ്രമത്തിനാ കേസ്. ആ പ്രമാണിയായ അച്ഛന്റെ സ്വാധീനമൊന്നും ഇത്തവണ വിലപ്പോയില്ല.

എല്ലാത്തിനും കൂട്ടുനിന്ന ഗുണ്ടകളെയും പോലീസ് പിടിച്ചിട്ടുണ്ട്. ഇനി അവൻ ആ ജയിലിൽ നിന്നും പുറത്തിറങ്ങാൻ ഒരുപാട് കാലമെടുക്കും. എന്റെ കുട്ടികളെ സംരക്ഷിക്കാൻ എനിക്കിനി ആരെയും പേടിക്കേണ്ട ആവശ്യമില്ല. ആ ധൈര്യം ഞങ്ങൾക്ക് തന്നത് നീയാ..."

ആ വാക്കുകൾ കേട്ടപ്പോൾ വേദനകൾക്കിടയിലും എന്റെ ചുണ്ടിൽ നേരിയൊരു ചിരി വിടർന്നു. എന്നെയും എന്റെ പെണ്ണിനെയും കാർന്നുതിന്നാൻ വന്ന ഇരുട്ട് എന്നെന്നേക്കുമായി ഒഴിഞ്ഞുപോയിരിക്കുന്നു.

അമ്മയുടെ നെഞ്ചോട് ചേർന്നുനിന്ന് എന്നെത്തന്നെ നോക്കുന്ന എന്റെ പാർവണയുടെ കണ്ണുകളിൽ, പുതിയൊരു പ്രഭാതത്തിന്റെ എല്ലാ പ്രകാശവും എനിക്ക് കാണാമായിരുന്നു. മരുന്നുകളുടെ മണമുള്ള ആ ആശുപത്രി മുറിക്കുള്ളിലും വല്ലാത്തൊരു സമാധാനം പൂത്തുനിൽക്കുന്നുണ്ടായിരുന്നു...

ഐ.സി.യുവിന്റെ തണുപ്പിൽ നിന്നും എന്നെ വാർഡിലേക്ക് മാറ്റിയിട്ട് രണ്ടു ദിവസമായിരുന്നു. ജനാലയ്ക്കപ്പുറം പാലക്കാടൻ കാറ്റിനൊപ്പം മരച്ചില്ലകൾ ഇളകുന്ന ശബ്ദം മുറിയിലേക്ക് വരുന്നുണ്ട്.

കുത്തേറ്റ ഭാഗത്തെ വേദനയ്ക്ക് ചെറിയ ശമനമുണ്ടെങ്കിലും, അനങ്ങുമ്പോൾ നെഞ്ചിലൊരു പിടുത്തമുണ്ട്.

വാതിൽക്കൽ ചെറിയൊരു കാൽപ്പെരുമാറ്റം കേട്ട് ഞാൻ കണ്ണുകൾ പതുക്കെ തുറന്നു. കയ്യിലൊരു സ്റ്റീൽ പാത്രവുമായി എന്റെ പാർവണ നിൽക്കുന്നു. ഉറക്കമൊഴിഞ്ഞുള്ള കാവൽ കാരണം ആ കണ്ണുകൾ വല്ലാതെ ക്ഷീണിച്ചിരുന്നെങ്കിലും, ചുണ്ടിൽ എന്നെ നോക്കിയുള്ള ആ പഴയ കുസൃതിച്ചിരി തിരികെ വന്നിരുന്നു.

കട്ടിലിൽ നിന്നും എഴുന്നേറ്റിരിക്കാൻ ഞാൻ പതുക്കെ ഒന്ന് ശ്രമിച്ചതും, പാത്രം മേശപ്പുറത്ത് വെച്ച് അവൾ വേഗം എന്റെ അടുത്തേക്ക് ഓടിവന്നു.

"അനങ്ങല്ലേ ട്ടോ... ഞാൻ പിടിക്കാം..."

എന്ന് പറഞ്ഞ് അവൾ വളരെ പതുക്കെ എന്റെ തോളിലൂടെ കൈയിട്ട് എന്നെ എഴുന്നേൽപ്പിച്ച് തലയിണ ചാരി ഇരുത്തി.

അവളുടെ മുഖം എന്റെ മുഖത്തിനോട് ചേർന്നുനിന്ന ആ നിമിഷം, ആ ശ്വാസത്തിന്റെ ചൂട് എന്റെ മുഖത്തേക്കാണ് വീണത്.

"എന്താ അതിൽ?"

മേശപ്പുറത്തെ പാത്രത്തിലേക്ക് നോക്കി ഞാൻ ചോദിച്ചു.

"കഞ്ഞിയാ... അമ്മേണ്ടാക്കിയതാ... ഈ മുറിവൊക്കെ വേഗം കരിയാൻ ഇതാ നല്ലത്ന്ന് അമ്മ പറഞ്ഞൂ..."

അവൾ പാത്രത്തിന്റെ മൂടി തുറന്നുകൊണ്ട് പറഞ്ഞു. അതിൽ നിന്നും നല്ല ചൂട് ആവിയും ജീരകം വറുത്തിട്ടതിന്റെ മണവും മുറിയിലേക്ക് പടർന്നു.

"കഞ്ഞീടെ കൂടെ വേറെന്താ? അച്ചാറുണ്ടോ?"

ഞാൻ വെറുതെ ചോദിച്ചു.

അവൾ എന്നെ നോക്കി കള്ളച്ചിരിയോടെ കണ്ണുരുട്ടി.

"ഏയ് അച്ചാറൊന്നും ഇല്ല്യ, ആദിക്ക് അച്ചാർ ഇഷ്ടല്ല്യല്ലോ... പിന്നെ ഇപ്പൊ എവിടുന്നാ ഒരു അച്ചാർ പ്രേമം? അതൊന്നും ഇപ്പൊ കഴിക്ക്യേം വേണ്ട..."

അവൾ കസേര വലിച്ച് എന്റെ കട്ടിലിനോട് ചേർന്നിരുന്ന്, കപ്പിലേക്ക് കഞ്ഞി പകർന്നു. എന്നിട്ട് സ്പൂണിൽ കോരി, ചൂടാറാൻ വേണ്ടി പതുക്കെ ഊതി എന്റെ ചുണ്ടിലേക്ക് നീട്ടി.

ഞാൻ അവളെത്തന്നെ നോക്കി കിടക്കുകയായിരുന്നു. ആ കണ്ണുകളിൽ എന്നെ നഷ്ടപ്പെടുമോ എന്ന ഭയമില്ല ഇപ്പോൾ, പകരം എന്നെ അവൾക്ക് തിരികെ കിട്ടിയതിന്റെ വലിയൊരു ആശ്വാസമാണ്.

"നീ വല്ലാതെ ക്ഷീണിച്ചെടീ..."

ഞാൻ കഞ്ഞി കുടിക്കുന്നതിനിടയിൽ അവളുടെ മുഖത്തേക്ക് നോക്കി പറഞ്ഞു.

സ്പൂണിലെ കഞ്ഞി പതുക്കെ ഊതുന്നതിനിടയിൽ അവൾ എന്നെ നോക്കി. ആ നീലക്കണ്ണുകളിൽ പെട്ടെന്ന് ചെറിയൊരു നനവ് പടർന്നു.

"ഒന്നുല്ല്യ... ആദിയൊന്ന് കണ്ണ് തുറന്ന് കാണാൻ വേണ്ടി കാത്തിരുന്നതാ ഞാൻ... ആ ടൗണിന്റെ നടുവില് ചോരയിൽ കുളിച്ച് കിടക്കണ കണ്ടപ്പോ... എന്റെ ഉള്ള് പിടഞ്ഞത് ആദിക്കറിയില്ല..."

അവളുടെ ശബ്ദം നേരിയ തോതിൽ വിറച്ചു. ആ മൊഴിയിൽ ഒരുപാട് സങ്കടം ഒളിഞ്ഞിരിപ്പുണ്ടായിരുന്നു.

"ഇനി എനിക്കിതൊന്നും താങ്ങാൻ പറ്റില്ല്യ ട്ടോ ആദീ..."

ഞാൻ എന്റെ വലതുകൈ പതുക്കെ ഉയർത്തി അവളുടെ വിറയ്ക്കുന്ന വിരലുകളിൽ പിടിച്ചു.

"ഇനി ഞാൻ എങ്ങോട്ടും പോവില്ല... നിന്നെ തനിച്ചാക്കിയിട്ട്,"

ഞാൻ വളരെ ശാന്തമായി പറഞ്ഞു. വലിയ ഡയലോഗുകളൊന്നും അവിടെ വേണ്ടിയിരുന്നില്ല.

പരസ്പരം കോർത്തുപിടിച്ച ആ വിരലുകളിലുണ്ടായിരുന്നു ഞങ്ങൾ തമ്മിലുള്ള സകല ഉത്തരങ്ങളും.പെട്ടെന്നാണ് വാതിൽ തുറന്ന് അമ്മയും ചേച്ചിയും അകത്തേക്ക് വന്നത്. ചേച്ചിയുടെ കയ്യിൽ മരുന്നുകളുടെ കവറുണ്ടായിരുന്നു.

അവരെ കണ്ടതും പാർവണ വേഗം എന്റെ കൈവിട്ട് പതുക്കെ എഴുന്നേറ്റു നിന്നു. അവളുടെ മുഖത്ത് ചെറിയൊരു നാണം വന്നുനിറഞ്ഞു.

"ആഹാ... ഞങ്ങൾ പുറത്തുപോയ ഗ്യാപ്പിൽ നഴ്സിങ് ഡ്യൂട്ടി തുടങ്ങിയോ?"

ചേച്ചി ചിരിച്ചുകൊണ്ട് പാർവണയെ നോക്കി ചോദിച്ചു.

"അതവൾ കൊടുത്താലേ അവന് ഇപ്പൊ ഇറങ്ങൂ..."

അമ്മയും ചേച്ചിയുടെ കൂടെക്കൂടി

കള്ളച്ചിരിയോടെ പറഞ്ഞു.

പാർവണ നാണത്തോടെ മുഖം കുനിച്ച്, പാത്രം മേശപ്പുറത്ത് വെച്ച് അമ്മയുടെ പിന്നിലേക്ക് മാറിനിന്നു. അവിടെയാകെ വലിയൊരു ചിരി പടർന്നു.ആശുപത്രിയുടെ മരുന്നുഗന്ധമുള്ള ഈ മുറിയിൽ, മരുന്നിനേക്കാൾ വലിയൊരു മരുന്നായി ആ സ്നേഹം അവിടെ നിറഞ്ഞുനിന്നിരുന്നു..

ആശുപത്രിയിലെ ഒരാഴ്ചത്തെ വാസത്തിന് ശേഷം തറവാട്ടിലേക്കുള്ള മടക്കം വലിയൊരു ഉത്സവത്തിന് സമാനമായിരുന്നു.

കാർ മുറ്റത്തേക്ക് കയറിയപ്പോൾ തന്നെ ഉമ്മറത്ത് എല്ലാവരും കാത്തുനിൽപ്പുണ്ടായിരുന്നു. വയറ്റിലെ തുന്നൽ കാരണം വളരെ പതുക്കെയാണ് ഞാൻ കാറിൽ നിന്നിറങ്ങിയത്. അമ്മയുടെയും ചേച്ചിയുടെയും സഹായത്തോടെ തിണ്ണയിലേക്ക് കയറുമ്പോൾ, തൂണിനോട് ചേർന്ന് വലിയൊരു ചിരിയോടെ എന്നെത്തന്നെ നോക്കി നിൽക്കുന്നുണ്ടായിരുന്നു പാർവണ.

ഞങ്ങൾ ഉമ്മറത്ത് വന്നിരുന്നതും, മുറ്റത്തേക്ക് മറ്റൊരു കാർ കൂടി വന്നു നിന്നു. വണ്ടിയുടെ ഡോർ തുറന്ന് പുറത്തേക്ക് വന്ന ആളെ കണ്ട് എന്റെ മുഖത്ത് വലിയൊരു ചിരി വിടർന്നു—സച്ചുച്ചേട്ടനും ഭാര്യ അഞ്ജലിയും!

കഴിഞ്ഞ മാസം നടന്ന ഇവരുടെ കല്യാണത്തിനിടയിലായിരുന്നല്ലോ ഞാൻ പാർവണയെ കാണുന്നതും ശ്രദ്ധിക്കുന്നതും. അഞ്ജലിയുടെ കസിൻ ആണ് പാർവണ. ഗൾഫിലേക്ക് പോകുന്നതിന് മുൻപ് ഞങ്ങളെ കാണാനും കല്യാണക്കാര്യം സംസാരിക്കാനും വന്നതാണ് രണ്ടുപേരും.

"എന്താടാ ഹീറോ... ആകെ മൊത്തം ഒരു സിനിമാറ്റിക് എൻഡിങ് ആണല്ലോ. ഞാൻ വിചാരിച്ചു നീ സൈലന്റ് ആയിട്ട് വന്ന് വീടിന്റെ പ്ലാനും വരച്ച് തിരിച്ചുപോകുമെന്ന്.

ഇതിപ്പോ വലിയൊരു പ്ലാൻ തന്നെ വർക്കൗട്ട് ആക്കിയല്ലോ,"

ഉമ്മറത്തേക്ക് കയറുന്നതിനിടയിൽ സച്ചുച്ചേട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

അത് കേട്ടതും ഉമ്മറത്തുണ്ടായിരുന്ന അമ്മാവൻമാരും അമ്മായിമാരുമൊക്കെ ഉറക്കെ ചിരിച്ചു. പാർവണ ചമ്മലോടെ മുഖം കുനിച്ച് അഞ്ജലിയുടെ പിന്നിലേക്ക് മാറിനിന്നു. ഞാൻ പതിയെ ചെന്ന് ഉമ്മറത്തെ ചാരുകസേരയിൽ ഇരുന്നു.

അഞ്ജലി ചിരിച്ചുകൊണ്ട് പാർവണയുടെ തോളിൽ കയ്യിട്ടു.

"ഞാൻ വിചാരിച്ചു നീ ആരെങ്കിലും വരുന്നത് കണ്ടാൽ പഴയതുപോലെ എവിടെയെങ്കിലും ഒളിച്ചിരിക്കുകയാണെന്ന്. ഇതിപ്പോ നീ ആളാകെ മാറിയല്ലോ പാർവണേ."

"അതവൾ ഹോസ്പിറ്റലിൽ ഡ്യൂട്ടി എടുത്ത് മാറിയതാ അഞ്ജലീ,"

ചേച്ചി കള്ളച്ചിരിയോടെ പറഞ്ഞു.

"ഞങ്ങളെയൊന്നും അങ്ങോട്ട് അടുപ്പിച്ചിട്ടുപോലുമില്ല."

അമ്മ ചിരിച്ചുകൊണ്ട് സച്ചുച്ചേട്ടന്റെ അടുത്തേക്ക് വന്നു.

"നീ വന്നത് നന്നായി സച്ചു. ഇവനിപ്പോ വലിയ കുഴപ്പമൊന്നുമില്ല. ഇനി നമുക്ക് ആ കാര്യം വേഗം അങ്ങ് നടത്തണം."

സച്ചുച്ചേട്ടൻ എന്റെ അടുത്തേക്ക് വന്ന്,

ചാരുകസേരയുടെ കൈവരിയിൽ ഇരുന്നു.

"എന്റെ ലീവ് തീരാറായി ആദീ. അടുത്തയാഴ്ച ഞാൻ ഗൾഫിലേക്ക് മടങ്ങുവാ. അതിനുമുന്നേ നിങ്ങളുടെ കല്യാണം നടക്കണം. അത് സംസാരിച്ച് ഉറപ്പിക്കാനാ ഞാൻ അപ്പച്ചിയോടും അമ്മാവൻമാരോടും കൂടെ ഇപ്പൊത്തന്നെ ഇങ്ങോട്ട് വന്നത്."

സച്ചുച്ചേട്ടൻ അത് പറയുമ്പോൾ എല്ലാവരുടെയും മുഖത്ത് വലിയൊരു സന്തോഷമുണ്ടായിരുന്നു.

ഞാൻ ചിരിച്ചുകൊണ്ട് തലയാട്ടി.

"അതിനെന്താ സച്ചുച്ചേട്ടാ... നമുക്ക് ഗംഭീരമായിട്ട് തന്നെ നടത്താം."

"അത് നമ്മൾ നടത്തും. പക്ഷെ വേറൊരു കാര്യമുണ്ട്,"

സച്ചുച്ചേട്ടൻ പെട്ടെന്ന് ഗൗരവം നടിച്ച് പാർവണയെ നോക്കി പറഞ്ഞു.

"കല്യാണം കഴിഞ്ഞെന്ന് കരുതി ഉടനെ ഇവനെ നിനക്ക് വിട്ടുതരാനൊന്നും പറ്റില്ല. ഇവന്റെ തുന്നലൊക്കെ മാറി പഴയതുപോലെ ആകുന്നതുവരെ, പാർവണയെ ഞങ്ങൾ അങ്ങോട്ട് കൊണ്ടുപോകുവാ.

എന്താ അഞ്ജലീ, നിന്റെ കസിനെ കുറച്ചു ദിവസം നമുക്ക് അങ്ങോട്ട് കൂട്ടാം അല്ലെ?"

അത് കേട്ടതും പാർവണയുടെ മുഖം പെട്ടെന്ന് മങ്ങി. അവൾ ഒരു നിമിഷം എന്നെയും പിന്നെ അഞ്ജലിയെയും നോക്കി.

"അത്... അത് പറ്റില്ല്യ..."

അവൾ പെട്ടെന്ന് പറഞ്ഞുപോയി.

"അതെന്താടീ?"

അഞ്ജലി ചിരിയമർത്തിക്കൊണ്ട് ചോദിച്ചു.

പാർവണ എല്ലാവരെയും ഒന്ന് നോക്കിയിട്ട് നാണത്തോടെ പറഞ്ഞു,

"അത്... ഇപ്പൊ ആദിക്ക് കൃത്യമായിട്ട് മരുന്നൊക്കെ കൊടുക്കാൻ ഒരാൾ വേണ്ടേ... അമ്മയ്ക്കാണേൽ വേറെം പണികളില്ലേ..."

വളരെ സീരിയസ് ആയിട്ട് അവൾ പറഞ്ഞ ആ ന്യായം കേട്ടതും തിണ്ണയിലുണ്ടായിരുന്ന എല്ലാവരും കൂട്ടത്തോടെ പൊട്ടിച്ചിരിച്ചു. അഞ്ജലി ചിരിച്ചുകൊണ്ട് അവളെ ചേർത്തുപിടിച്ചു.

സച്ചുച്ചേട്ടൻ എന്റെ തോളിൽ ഒന്നുകൂടി തട്ടി. വരാൻ പോകുന്ന ഒരു വലിയ മംഗല്യത്തിന്റെ സന്തോഷം ആ തറവാട്ടുമുറ്റത്തെ കാറ്റിൽ അലയടിക്കുന്നുണ്ടായിരുന്നു. തുന്നലിന്റെ ചെറിയ വേദനയുണ്ടായിരുന്നെങ്കിലും, ആൾക്കൂട്ടത്തിനിടയിൽ നിന്നും എന്നെത്തന്നെ നോക്കുന്ന എന്റെ പാർവണയുടെ മുഖം കണ്ടപ്പോൾ ആ ലോകത്തെ ഏറ്റവും ഭാഗ്യവാൻ ഞാൻ തന്നെയാണെന്ന് എനിക്ക് തോന്നി....

രാത്രിയുടെ യാമങ്ങളിൽ ആ വലിയ വീട് പൂർണ്ണമായും ഉറക്കത്തിലേക്ക് വീണു. സച്ചുച്ചേട്ടനും അഞ്ജലിയും അതിഥിമുറിയിലും, മറ്റുള്ളവർ അവരവരുടെ മുറികളിലുമായി ഉറങ്ങാൻ കിടന്നതോടെ തറവാട്ടിലെ ബഹളങ്ങളൊക്കെ പതിയെ കെട്ടടങ്ങി.

എന്റെ മുറിയിലെ ജനാലയിലൂടെ പുറത്തെ നിലാവ് പകുതിയോളം ഉള്ളിലേക്ക് അടിക്കുന്നുണ്ട്. മുറിവിലെ ചെറിയൊരു വിങ്ങൽ കാരണം ഉറക്കം വരാതെ ഞാൻ കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുകയായിരുന്നു.

പെട്ടെന്നാണ് വാതിലിൽ വളരെ പതുക്കെയുള്ള ഒരു മുട്ട് കേട്ടത്. പിന്നാലെ വാതിൽക്കൽ ഒരു നിഴൽ അനങ്ങി.

"ആദീ..."

വളരെ നേർത്ത ശബ്ദത്തിൽ പാർവണയുടെ വിളിയായിരുന്നു അത്.

ഞാൻ മെല്ലെ എഴുന്നേറ്റിരുന്നു. വാതിൽ പാതി തുറന്ന് അവൾ അകത്തേക്ക് വന്നു. കയ്യിൽ ഒരു ഗ്ലാസ് വെള്ളവും മരുന്നുമുണ്ട്.

നിലാവെളിച്ചത്തിൽ അവളുടെ മുഖത്തെ ആ പഴയ കുസൃതിച്ചിരി മാഞ്ഞ്, വല്ലാത്തൊരു നാണം വന്നുനിറഞ്ഞിട്ടുണ്ടായിരുന്നു. പകൽ എല്ലാവരുടെയും മുന്നിൽ വെച്ച് സച്ചുച്ചേട്ടൻ പറഞ്ഞ ആ 'നഴ്സിങ് ഡ്യൂട്ടി' അവൾ അക്ഷരംപ്രതി അനുസരിക്കുകയാണെന്ന് എനിക്ക് മനസ്സിലായി.

"ഉറങ്ങീല്ലേ... ഈ ഗുളിക കൂടി കഴിക്കാനുണ്ട്ട്ടോ..."

അവൾ എന്റെ അരികിലേക്ക് വന്ന് മരുന്നും വെള്ളവും നീട്ടി.

മരുന്ന് വാങ്ങി കഴിച്ച ശേഷം, ഞാൻ ഗ്ലാസ് അവളുടെ കയ്യിലേക്ക് തന്നെ തിരികെ കൊടുത്തു. അവൾ ഗ്ലാസ് തിരികെ മേശപ്പുറത്ത് വെച്ച് പോകാൻ തിരിഞ്ഞതും, ഞാൻ പതുക്കെ അവളുടെ ഇടതുകയ്യിൽ പിടിച്ചുവലിച്ചു.

പ്രതീക്ഷിക്കാത്ത ആ വലിയിൽ അവൾ നേരെ എന്റെ നെഞ്ചിലേക്കാണ് വീണത്. എന്റെ വയറ്റിലെ തുന്നലിൽ കൊള്ളാതിരിക്കാൻ അവൾ വളരെ ശ്രദ്ധയോടെ ഇരുകൈകളും എന്റെ നെഞ്ചിൽ കുത്തിനിന്നു.

"ആദീ... എന്ത്നാ ഈ കാണിക്കണേ... ആരെങ്കിലും ഉണരും... സച്ചുച്ചേട്ടനും അഞ്ജലിയേടത്തീം ഒക്കെ തൊട്ടപ്പുറത്തെ മുറിയിലാ ഉള്ളത്..."

അവൾ പരിഭ്രമത്തോടെ ചുറ്റും നോക്കി. അവളുടെ ആ വലിയ നീലക്കണ്ണുകളിൽ നിലാവിന്റെ തിളക്കമുണ്ടായിരുന്നു. ശ്വാസമിടിപ്പ് പെട്ടെന്ന് വേഗത്തിലായി.

"ആരും ഉണരില്ല... നീ കുറച്ചുനേരം ഇവിടെ ഇരിക്ക്..."

ഞാൻ അവളെ മെല്ലെ കട്ടിലിലേക്ക്, എന്റെ അരികിലായി ഇരുത്തി.

ഞാൻ അവളുടെ മുഖത്തേക്ക് നോക്കി. ആ നെറ്റിയിലേക്ക് വീണുകിടന്ന കുറുനിരകളെ ഞാൻ വിരലുകൾ കൊണ്ട് പതുക്കെ ഒതുക്കിവെച്ചു. എന്റെ വിരലുകൾ അവളുടെ കവിളിലൂടെ താഴേക്ക് വന്നപ്പോൾ അവൾ കണ്ണുകൾ ഇറുക്കിയടച്ചു. അവളുടെ ശരീരം നേരിയ തോതിൽ വിറയ്ക്കുന്നുണ്ടായിരുന്നു.

"എന്റെ സിരകളിൽ ഇപ്പോൾ ഒഴുകുന്നത് നിന്റെ ചോരയാ പാർവണേ... എന്നെക്കാൾ കൂടുതൽ എന്റെ ശരീരത്തിന് ഇപ്പോൾ അറിയാവുന്നത് നിന്നെയാണ്,"

ഞാൻ വളരെ പതുക്കെ അവളുടെ കാതിൽ പറഞ്ഞു.

അവൾ നാണത്തോടെ എന്റെ നെഞ്ചിലേക്ക് മുഖം ചേർത്തു. അവളുടെ ഹൃദയമിടിപ്പ് എനിക്ക് കൃത്യമായി കേൾക്കാമായിരുന്നു. എന്റെ കൈകൾ അവളുടെ ഇടുപ്പിലൂടെ ചുറ്റിപ്പിടിച്ചു.

ആ തണുത്ത രാത്രിയിലും ഞങ്ങൾക്കിടയിൽ വല്ലാത്തൊരു ചൂടുണ്ടായിരുന്നു.

ഞാൻ പതുക്കെ അവളുടെ മുഖം ഉയർത്തി. ആ കണ്ണുകൾ പാതി അടഞ്ഞിരുന്നു. ചുണ്ടുകൾ വിറയ്ക്കുന്നുണ്ട്. ഞാൻ പതിയെ അവളുടെ നെറുകയിൽ ഒരു ചുംബനം നൽകി.

പിന്നീട്, സകല പ്രണയവും ആവാഹിച്ച് എന്റെ ചുണ്ടുകൾ അവളുടെ ചുണ്ടുകളോട് ചേർത്തു. ആദ്യമൊന്ന് പകച്ചെങ്കിലും, പിന്നെ അവൾ തന്റെ ഇരുകൈകൾകൊണ്ടും എന്റെ കഴുത്തിൽ വട്ടംപിടിച്ച് ആ ചുംബനത്തിന്റെ ആഴങ്ങളിലേക്ക് അലിഞ്ഞുചേർന്നു.

മറ്റെല്ലാ ലോകവും ഞങ്ങൾക്കിടയിൽ നിന്നും മാഞ്ഞുപോകുന്നതുപോലെ തോന്നി. അവളുടെ അധരങ്ങളിലെ മധുരം എന്റെ സിരകളിലേക്ക് പടർന്നുകയറി. എന്റെ ചുടുനിശ്വാസങ്ങൾ അവളുടെ കഴുത്തിലേക്ക് പടർന്നു.

അമ്മാവനോട് യാത്ര പറഞ്ഞ് ഞങ്ങൾ മുറ്റത്തേക്കിറങ്ങി. മുത്തശ്ശന്റെ ആ പഴയ റോയൽ എൻഫീൽഡ് ബുള്ളറ്റിലായിരുന്നു ടൗണിലേക്കുള്ള ഞങ്ങളുടെ യാത്ര. അന്ന് പാർവണയെയും കയറ്റി ഈ നാട്ടുതൊടികളിലൂടെ പോയ ഓർമ്മകൾ ആ വണ്ടിയുടെ ശബ്ദത്തിനൊപ്പം എന്റെ മനസ്സിലൂടെ കടന്നുപോയി.

സച്ചുച്ചേട്ടനായിരുന്നു വണ്ടി ഓടിച്ചിരുന്നത്. ഞാൻ പിന്നിലിരുന്ന് ആ കാറ്റും വെയിലും ആസ്വദിച്ച് വരാനിരിക്കുന്ന ദിവസങ്ങളെക്കുറിച്ച് സ്വപ്നം കാണുകയായിരുന്നു.

ടൗണിലെത്തി പ്രസ്സിൽ കയറി ലിസ്റ്റ് പ്രകാരം കത്തടിക്കാൻ ഏൽപ്പിച്ച് ഞങ്ങൾ പുറത്തേക്ക് ഇറങ്ങി. വണ്ടിയുടെ അടുത്തേക്ക് നടക്കുന്നതിനിടയിലാണ് എതിർവശത്തുനിന്ന് ഒരാൾ ഞങ്ങളെ കടന്നുപോയത്.

അയാളുടെ കണ്ണുകൾ എന്റെ നേരെയായിരുന്നു. ഒരു നിമിഷം ആ നോട്ടം എന്നിൽ ഉടക്കി നിന്നു. അതിൽ വല്ലാത്തൊരു പകയും വെറുപ്പും എരിഞ്ഞുനിൽപ്പുണ്ടായിരുന്നു.

ഒരു ചിരി പോലുമില്ലാതെ, എന്നെത്തന്നെ രൂക്ഷമായി നോക്കിക്കൊണ്ട് അയാൾ ഞങ്ങളെ കടന്നുപോയി.

അയാളുടെ ആ പോക്കും നോട്ടവും കണ്ട് സച്ചുച്ചേട്ടൻ സംശയത്തോടെ ചോദിച്ചു

"എടാ ആദീ... അതാരടാ ആ പോയത്? അയാളുടെ നോട്ടം അത്ര ശരിയല്ലല്ലോ..."

ഞാൻ ആ പോകുന്നയാളെ തന്നെ നോക്കി നിന്നു. എന്റെ ശബ്ദം അല്പം ഗൗരവത്തിലായി.

"അത്... സച്ചുച്ചേട്ടാ, ഞാൻ അന്ന് പറഞ്ഞില്ലേ... പാർവണയുടെ പുറകെ നടന്ന് അവളെ ശല്യം ചെയ്യുകയും, പിന്നെ എന്നെ കത്തിക്കൊണ്ട് കുത്തുകയും ചെയ്ത ആ ദേവൻ... അവന്റെ അച്ഛനാ ആ പോയത്."

അതുകേട്ടതും സച്ചുച്ചേട്ടന്റെ മുഖത്തെ സംശയം മാറി അവിടെ ചെറിയൊരു ആശങ്ക നിറഞ്ഞു.

"എടാ അയാളുടെ നോട്ടം വല്ലാത്തൊരു നോട്ടമായിരുന്നല്ലോ... ഒരുമാതിരി പകയോടെയല്ലേ അയാൾ നമ്മളെ നോക്കിപ്പോയത്. കല്യാണത്തിന്റെ ഈ സമയത്ത് ഇനി അയാൾ എന്തെങ്കിലും പ്രശ്നം ഉണ്ടാക്കുമോ?"

സച്ചുച്ചേട്ടൻ ചോദിച്ചു.

സച്ചുച്ചേട്ടന്റെ ആ ചോദ്യത്തിന് മറുപടിയായി എന്റെ പക്കൽ ഒന്നുമുണ്ടായിരുന്നില്ല. ഞാൻ വെറുതെ ഒരു മൗനം മാത്രം പാലിച്ചു. കാറ്റിൽ പൊടിപറത്തിക്കൊണ്ട് അയാൾ ടൗണിലെ ആൾക്കൂട്ടത്തിനിടയിലൂടെ നടന്നു മറയുന്നത് ഞാൻ നോക്കിനിന്നു.

എന്റെ മനസ്സിൽ അപ്പോൾ ഒരായിരം ചിന്തകൾ ഒരുമിച്ചു കൂടുകയായിരുന്നു.

പ്രണയവും സന്തോഷവും പൂത്തുനിൽക്കുന്ന ആ തറവാട്ടിലേക്ക്, പകയുടെയും പ്രതികാരത്തിന്റെയും എന്തോ ഒരു കരിനിഴൽ പതുങ്ങി വരുന്നുണ്ടോ എന്ന് എന്റെ മനസ്സ് വല്ലാതെ ഭയപ്പെട്ടു.

വരാനിരിക്കുന്ന ആ വലിയ ദിവസത്തിന് മുൻപുള്ള ഒരു കൊടുങ്കാറ്റിന്റെ സൂചനയായിരുന്നോ ആ മൗനമെന്ന് എനിക്കറിയില്ലായിരുന്നു. എങ്കിലും, എന്റെ പെണ്ണിനെ സ്വന്തമാക്കാൻ ഏതൊരു വലിയ കൊടുങ്കാറ്റിനെയും നേരിടാൻ എന്റെ ഹൃദയം അപ്പോൾ തയ്യാറെടുക്കുന്നുണ്ടായിരുന്നു.

ടൗണിൽ നിന്നുള്ള ആ മടക്കയാത്രയിൽ ബുള്ളറ്റിന്റെ ഇരമ്പൽ മാത്രമായിരുന്നു എനിക്ക് ചുറ്റും. പക്ഷേ, എന്റെ ഉള്ളിൽ അതിനേക്കാൾ വലിയൊരു കൊടുങ്കാറ്റ് അടിക്കുന്നുണ്ടായിരുന്നു.സച്ചുച്ചേട്ടന്റെ പിന്നിലിരുന്ന് കാറ്റും വെയിലും കൊള്ളുമ്പോഴും എന്റെ ചിന്തകൾ മുഴുവൻ ദേവന്റെ അച്ഛന്റെ ആ പക നിറഞ്ഞ നോട്ടത്തിലായിരുന്നു.

കല്യാണപ്പന്തലിലെ ആ വലിയ സന്തോഷത്തിലേക്ക് അയാൾ എന്തെങ്കിലും പ്രശ്നവുമായി കടന്നുവരുമോ എന്ന ഭയം എന്റെ ഉള്ളിൽ ഒരു കാർമേഘം പോലെ ഉരുണ്ടുകൂടി.

എന്റെ പാർവണ... ആ വലിയ തറവാടിന്റെ സ്നേഹത്തിൽ നാളെയെക്കുറിച്ചുള്ള മനോഹരമായ സ്വപ്നങ്ങൾ കണ്ട് കഴിയുന്നവളാണ്.

അവളുടെ ആ നീലക്കണ്ണുകളിലെ തിളക്കം കെടുത്താൻ ആ പകയ്ക്ക് കഴിയുമോ? അതോ തറവാട്ടിലെ മറ്റാർക്കെങ്കിലും അയാൾ കാരണം എന്തെങ്കിലും ആപത്ത് സംഭവിക്കുമോ?

ആശങ്കകളുടെ വലിയൊരു തിരമാല തന്നെയാണ് ആ സമയം എന്റെ നെഞ്ചിലേക്ക് അടിച്ചുകയറിക്കൊണ്ടിരുന്നത്. വരാനിരിക്കുന്ന വസന്തത്തെ കാർന്നുതിന്നാൻ എത്തുന്നൊരു വേനൽത്തീ പോലെ ആ നോട്ടം എന്നെ വല്ലാതെ പൊള്ളിച്ചു.

പെട്ടെന്ന് ഞാൻ സച്ചുച്ചേട്ടന്റെ തോളിൽ ഒന്ന് തട്ടി.

"സച്ചുച്ചേട്ടാ..."

"എന്താടാ ആദീ?"

വണ്ടിയുടെ വേഗത അല്പം കുറച്ചുകൊണ്ട് സച്ചുച്ചേട്ടൻ ചോദിച്ചു.

"അയാളെ ടൗണിൽ വെച്ച് കണ്ട കാര്യം നമ്മൾ തറവാട്ടിൽ വേറെ ആരോടും പോയി പറയണ്ട കേട്ടോ. വെറുതെ എന്തിനാ ബാക്കിയുള്ളവർക്കും കൂടി ഒരു ടെൻഷൻ ഉണ്ടാക്കുന്നേ... അവരൊക്കെ കല്യാണത്തിന്റെ വലിയ സന്തോഷത്തിലല്ലേ നിൽക്കുന്നത്."

അതുകേട്ട് വണ്ടി ഓടിക്കുന്നതിനിടയിൽ സച്ചുച്ചേട്ടൻ ഒന്ന് മൂളി.

"ഉം... അതെ, ഞാനും ഇപ്പൊ നിന്നോട് അത് തന്നെ പറയാൻ വന്നതാ. ആരും ഇതറിയണ്ട. പിന്നെ നീ അത് ഓർത്ത് വല്ലാതെ പേടിച്ച് മുഖം വീർപ്പിച്ചൊന്നും നടക്കരുത്.

എന്തായാലും നോക്കാം ആദീ... അയാൾ എന്തെങ്കിലും പ്രശ്നത്തിന് വന്നാൽ ഒരു കൈ നമുക്കും നോക്കാം. ആണുങ്ങളായിട്ട് നമ്മളും ഇവിടെത്തന്നെ ഉണ്ടല്ലോ."

സച്ചുച്ചേട്ടന്റെ ആ വാക്കുകൾ എനിക്ക് വല്ലാത്തൊരു ധൈര്യമാണ് നൽകിയത്. ഉള്ളിലെ ഭയത്തെ ആ വാക്കുകളിലൂടെ ഞാൻ പതിയെ അടക്കിനിർത്തി. ആ സംസാരം കഴിയുമ്പോഴേക്കും, സ്നേഹവും സന്തോഷവും പൂത്തുനിൽക്കുന്ന ഞങ്ങളുടെ തറവാടിന്റെ കൊത്തുപണികളുള്ള പടിപ്പുര ദൂരെ കണ്ടുതുടങ്ങിയിരുന്നു.

ബുള്ളറ്റ് തറവാടിന്റെ മുറ്റത്ത് കൊണ്ടുപോയി നിർത്തുമ്പോൾ, അവിടെ ഉമ്മറത്ത് വലിയൊരു സദസ്സ് തന്നെ ഉണ്ടായിരുന്നു. ഉച്ചയൂണൊക്കെ കഴിഞ്ഞ് എല്ലാവരും കൂടിയിരുന്ന് എന്തൊക്കെയോ സംസാരിച്ച് കൂട്ടച്ചിരിയിലാണ്.

മുത്തശ്ശനും അമ്മാവന്മാരും ഒക്കെ അവിടെയുണ്ട്. ആ വലിയ തറവാടിന്റെ പൂമുഖത്ത് അലയടിക്കുന്ന ആ സന്തോഷവും തമാശകളും കേട്ടപ്പോൾ, ടൗണിൽ വെച്ചുണ്ടായ ആ പകയുടെ ഓർമ്മകളെല്ലാം എന്റെ മനസ്സിൽ നിന്നും എങ്ങോട്ടോ മാഞ്ഞുപോയി.

വല്ലാത്തൊരു ശാന്തത എന്നെ പൊതിഞ്ഞു.

സ്നേഹം മാത്രം നിറഞ്ഞ ഈ മുഖങ്ങൾക്കിടയിൽ, അവരെല്ലാവരും എനിക്കൊപ്പം ഉള്ളപ്പോൾ ഏത് കൊടുങ്കാറ്റിനെയാണ് ഞാൻ ഭയക്കേണ്ടത്!

ഞാനും സച്ചുച്ചേട്ടനും വണ്ടിയിൽ നിന്നിറങ്ങി ഉമ്മറത്തേക്ക് കയറുന്നത് കണ്ടതും അമ്മ ചോദിച്ചു

"എന്തായി ആദീ... കല്യാണക്കത്ത് എപ്പോഴത്തേക്ക് കിട്ടുംന്നാ അവർ പറഞ്ഞത്?"

"നാളെ ഉച്ചയ്ക്ക് തന്നെ തരാം എന്നാ അമ്മേ പ്രസ്സിൽ നിന്ന് പറഞ്ഞിട്ടുള്ളത്,"

വലിയൊരു ആശ്വാസത്തോടെ ഞാൻ മറുപടി പറഞ്ഞു.

ഇതുകേട്ടതും തൂണിൽ ചാരിയിരിക്കുകയായിരുന്ന ഭദ്ര ആന്റി പറഞ്ഞു

"അപ്പൊ പിന്നെ നാളെ വൈകുന്നേരം തന്നെ ഇവിടെ അടുത്തുള്ളവരെ ഒക്കെ പോയി വിളിച്ചു തുടങ്ങാം. ബാക്കിയുള്ളവരെ മറ്റന്നാൾ തൊട്ടും വിളിക്കാലോ... അല്ലേ ഭാമേ?"

ഭദ്ര ആന്റി അമ്മയെ നോക്കി ചോദിച്ചു.

"അതെന്നെ.”

അമ്മ തലകുലുക്കി.

"പിന്നെ നമ്മ്ടെ ദൂരെയുള്ള ബന്ധുക്കളെ മുഴുവൻ നേരിൽ പോയി വിളിക്കാൻ ഇത്തിരി പാടാ ഭദ്രേ. എല്ലാവരെയും വിളിക്കാൻ ഇനി തിരുവനന്തപുരം വരെ പോവണ്ടേ...

സമയം തീരെ ഇല്ലല്ലോ. അതുകൊണ്ട് അവർക്കൊക്കെ കല്യാണക്കത്ത് വാട്സാപ്പ് വഴി അങ്ങോട്ട് അയച്ചുകൊടുക്കാം എന്നാ ഞാൻ വിചാരിക്കുന്നത്."

അമ്മ അത് പറഞ്ഞുതീർന്നതും അനഘ ചേച്ചി വേഗം ഏറ്റുപിടിച്ചു

"അതൊക്കെ ഞാൻ നോക്കിക്കോളാം അമ്മേ... അമ്മ ആരുടേയൊക്കെയാണെന്ന് പറഞ്ഞാ മതി, ദൂരെയുള്ള എല്ലാവർക്കും കത്ത് ഞാൻ വാട്സാപ്പ് ചെയ്തോളാം."

ആ വലിയ കുടുംബത്തിലെ ഓരോരുത്തരും എന്റെ കല്യാണത്തിന്റെ ഉത്തരവാദിത്തങ്ങൾ അങ്ങനെ സന്തോഷത്തോടെ ഏറ്റെടുക്കുന്നത് കണ്ട് നിറഞ്ഞ മനസ്സോടെ ഞാൻ ഉമ്മറത്തെ ആ തിണ്ണയിൽ പോയിയിരുന്നു.

ആ സന്തോഷങ്ങൾക്കിടയിലും എന്റെ കണ്ണുകൾ അറിയാതെ അകത്തേക്ക് നീണ്ടു, അവിടെയെങ്ങാനും എന്റെ പാതി ജീവൻ എന്നെയും കാത്ത് നിൽപ്പുണ്ടോ എന്നറിയാൻ.

ഉമ്മറത്തെ ആ വലിയ ബഹളങ്ങൾക്കും കൂട്ടച്ചിരികൾക്കും ഇടയിൽ നിന്നും ഞാൻ പതിയെ അകത്തേക്ക് നടന്നു. എന്റെ കണ്ണുകൾ അവളെയാണ് തിരഞ്ഞത്. അകത്തെ മുറികളിലും, അടുക്കളഭാഗത്തും ഞാൻ നോക്കി.

അവിടെയെങ്ങുമില്ല. പിന്നെ പത്തായപ്പുരയുടെ പിന്നിലും, സർപ്പക്കാവിലേക്കുള്ള വഴിയിലുമൊക്കെ നോക്കിയിട്ടും അവളെ കണ്ടില്ല. ഒടുവിൽ കുളക്കടവിലേക്ക് ഒന്ന് പോയി നോക്കാം എന്ന് കരുതി അങ്ങോട്ട് നടന്നപ്പോഴാണ്, ആ കൽപ്പടവുകളിൽ തനിച്ചിരിക്കുന്ന അവളെ ഞാൻ കണ്ടത്.

ചുറ്റും വലിയൊരു ശാന്തതയായിരുന്നു. താഴെ നിന്നും ഓരോ ചെറിയ കല്ലുകളെടുത്ത് കുളത്തിലെ വെള്ളത്തിലേക്ക് എറിയുകയാണവൾ. ഓരോ കല്ല് വീഴുമ്പോഴും വെള്ളത്തിലുണ്ടാകുന്ന ആ ഓളങ്ങളെ നോക്കി എന്തോ വലിയ ചിന്തയിലാണെന്ന് തോന്നി.

ഞാൻ പതുക്കെ നടന്ന് അവളുടെ തൊട്ടടുത്തായി, ആ കൽപ്പടവിൽ അവളോട് ചേർന്നിരുന്നു.

"എന്താ പെണ്ണേ... ഒറ്റയ്ക്ക് ഇവിടെ വന്നിരിക്കുന്നത്?"

ഞാൻ ചോദിച്ചു.

എന്റെ ശബ്ദം കേട്ടതും അവൾ മുഖമുയർത്തി. ആ വലിയ നീലക്കണ്ണുകൾ കൊണ്ട് അവൾ കുറച്ചുനേരം എന്റെ കണ്ണുകളിലേക്ക് തന്നെ നോക്കിയിരുന്നു. എന്നിട്ട് വളരെ പതുക്കെ അവൾ ചോദിച്ചു

"ആദീ... ഞാൻ ഒരു കാര്യം ചോദിക്കട്ടെ?"

അവളുടെ ആ ചോദ്യം കേട്ട് ഞാൻ ചിരിച്ചുകൊണ്ട് അവളുടെ മുടിയിഴകളിൽ ഒന്ന് തലോടി.

"നമുക്കിടയിൽ ഇപ്പൊ ഇങ്ങനെ ഒരു മുഖവുരയുടെ ആവശ്യമുണ്ടോ പെണ്ണേ... നിനക്ക് ചോദിക്കാനുള്ളത് എന്താന്ന് വെച്ചാ നീ ചോദിക്ക്."

അവൾ മുഖം താഴ്ത്തി, വിരലുകൾ പരസ്പരം കോർത്തുപിടിച്ചുകൊണ്ട് പതിയെ ചോദിച്ചു.

"ആദീക്ക്... ഇതിനുമുൻപ് ആരോടെങ്കിലും ഇഷ്ടം ണ്ടായിരുന്നോ?"

ആ ഈണത്തിലുള്ള കുസൃതിച്ചോദ്യം കേട്ട് ഞാൻ ഒരല്പം അമ്പരന്നെങ്കിലും, വലിയൊരു ചിരിയോടെ തന്നെ മറുപടി പറഞ്ഞു.

"ഉണ്ടായിരുന്നോ എന്ന് ചോദിച്ചാൽ... ഉണ്ടായിരുന്നു. പണ്ട് പഠിക്കുന്ന കാലത്തുള്ള ഒരു ചെറിയ ക്രഷ്. അതൊരു വൺ സൈഡ് ആയിരുന്നു. അല്ലാതെ രണ്ടുപേരും തമ്മിൽ അറിഞ്ഞുകൊണ്ടുള്ള ഒരു പ്രേമമൊന്നും ഈ ആദിയുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല...

എന്താ ഇപ്പൊ എന്റെ പെണ്ണിന് പെട്ടെന്ന് അങ്ങനെ ചോദിക്കാൻ തോന്നിയത്?"

"അല്ല... ഞാൻ വെറുതെ... ഒന്നറിയാൻ വേണ്ടി ചോദിച്ചതാ..."

അവൾ ചിരിയമർത്തിക്കൊണ്ട് പറഞ്ഞു.

"ഉം... നിനക്കുണ്ടായിരുന്നോ ആരോടെങ്കിലും ഇതുപോലെ?"

ഞാൻ കുസൃതിയോടെ അവളുടെ മുഖത്തേക്ക് നോക്കി ചോദിച്ചു.

"എനിക്ക്... എന്റെ ജീവിതത്തിൽ ഇതുവരെ അങ്ങനെ ആരോടും തോന്നിയിട്ടില്ല്യ ആദീ..."

അവൾ വളരെ സത്യസന്ധമായി, എന്റെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

"ഓഹോ... അപ്പൊ എന്നോട് തോന്നിയതോ?"

ഞാൻ ഒട്ടും വിട്ടുകൊടുക്കാതെ കള്ളച്ചിരിയോടെ ചോദിച്ചു.

അതുകേട്ടതും അവളുടെ കവിളുകൾ തുടുത്തു. അവൾ എന്റെ വലതുകൈയെടുത്ത് അവളുടെ രണ്ട് കൈകൾകൊണ്ടും വലിയൊരു സ്നേഹത്തോടെ നെഞ്ചോട് ചേർത്തുപിടിച്ചു. എന്നിട്ട് ആ വിരലുകളിൽ പതുക്കെ തലോടിക്കൊണ്ട് അവൾ പറഞ്ഞു.

"അതെന്താന്ന് എനിക്കറിയില്ല്യ... പക്ഷേ, ആദീടെ ഈ കൈകളിൽ എന്തോ ഒരു മാജിക് ണ്ട് കേട്ടോ..."

അവളുടെ ആ നിഷ്കളങ്കമായ വാക്കുകൾ കേട്ടപ്പോൾ എന്റെ ഹൃദയം വല്ലാതെ നിറഞ്ഞുപോയി. ആ കൽപ്പടവിലിരുന്ന് അവൾ എന്റെ തോളിനേക്ക് ചാഞ്ഞു. ഇളംകാറ്റിൽ കുളത്തിലെ വെള്ളത്തിൽ അപ്പോഴും ചെറിയ ഓളങ്ങൾ ഇളകുന്നുണ്ടായിരുന്നു.

അവളുടെ കൈകളിലെ ആ ഇളംചൂടിൽ, ആ വലിയ തറവാട്ടിലെ ഏറ്റവും മനോഹരമായ നിമിഷങ്ങൾ ഞങ്ങൾക്കായി അവിടെ പൂത്തുനിൽക്കുകയായിരുന്നു.

കുളക്കടവിലെ ആ മനോഹരമായ നിമിഷങ്ങൾക്ക് ശേഷം, കല്യാണത്തിരക്കുകളിൽ നിന്നൊന്ന് മാറി ഇത്തിരി നേരം മയങ്ങാമെന്ന് കരുതിയാണ് ഞാൻ മുറിയിലേക്ക് വന്നത്. ജനാലയിലൂടെ വരുന്ന ഇളംകാറ്റേറ്റ് കട്ടിലിലേക്ക് വീണ് കണ്ണൊന്ന് അടച്ചതും ഫോൺ ശബ്ദിച്ചു.

എടുത്തു നോക്കുമ്പോൾ വിഷ്ണുവാ...

കോൾ എടുത്തയുടനെ അവന്റെ ചോദ്യം വന്നു.

"എന്താടാ കല്യാണച്ചെക്കാ, അവിടെ വലിയ തിരക്കിലാണോ നീ? അതോ ഉറങ്ങുവാണോ?"

"ഏയ് അല്ലടാ... കാലത്തെ തുടങ്ങിയ ഓട്ടമല്ലേ, ഒന്ന് നടുനിവർത്താൻ കിടന്നതാ. ഇവിടെ മുറ്റത്ത് പന്തൽ പണിയൊക്കെ ഉഷാറായി നടക്കുന്നുണ്ട്. കല്യാണക്കത്ത് പ്രസ്സിൽ കൊടുത്തു, നാളെ ഉച്ചയോടെ കിട്ടും,"

ഞാൻ കിടന്ന കിടപ്പിൽ തന്നെ മറുപടി പറഞ്ഞു.

"ആഹ് പൊളി! എന്നാ പിന്നെ കേട്ടോ, ഇരുപത്തേഴാം തീയതി വെളുപ്പിന് തന്നെ ഞാൻ അവിടെ എത്തും. കൂടെ നമ്മുടെ രോഹിത്തും, വിശാഖ്,അശ്വിൻ, മാളവിക, ദേവിക, കാവ്യ[കാലഭ്രംശം] reference ]എല്ലാവരും ഉണ്ടാവും.

അവിടെ വന്നിട്ട് വേണം നമുക്ക് ബാക്കി പരിപാടികളൊക്കെ പ്ലാൻ ചെയ്യാൻ. നീയിപ്പോ വേറെ ടെൻഷനൊന്നും അടിക്കാതെ പോയി കിടന്നുറങ്ങ്."

"ശരിയെടാ... നിങ്ങളൊക്കെ നേരത്തെ തന്നെ എത്തണം. ഞാൻ ഫോൺ വെക്കുവാ..."

അവനോട് യാത്ര പറഞ്ഞ് ഞാൻ കാൾ കട്ട് ചെയ്തു.

ഫോൺ മേശപ്പുറത്തേക്ക് വെച്ച് തിരിഞ്ഞു കിടക്കാൻ തുടങ്ങുമ്പോഴാണ് വാതിൽക്കൽ ഒരു കാൽപ്പെരുമാറ്റം കേട്ടത്. പാതി ചാരിയ വാതിൽ ശബ്ദമുണ്ടാക്കാതെ പതുക്കെ തുറന്ന് അകത്തേക്ക് വരുന്നത് അവളാണ്... എന്റെ

പാതി.തറവാട്ടിലെ ആ വലിയ ബഹളങ്ങൾക്കിടയിൽ നിന്നും ആരുടെയും കണ്ണിൽപ്പെടാതെ എന്നെ അന്വേഷിച്ച് വന്നതാണ് അവൾ. പുറകിൽ ആരും കാണുന്നില്ലെന്ന് ഉറപ്പുവരുത്തി, വളരെ പതുക്കെ അവൾ ആ വാതിലടച്ച് കുറ്റിയിട്ടു.

ഉച്ചമയക്കത്തിന്റെ ആലസ്യത്തിലായിരുന്ന ആ മുറിയിലേക്ക്, പെട്ടെന്നൊരു നിലാവ് പൂത്തതുപോലെയായിരുന്നു അവളുടെ ആ നിൽപ്പ്. കാറ്റിൽ പാറിവീണ മുൻമുടിയിഴകളെ വെളുത്ത വിരലുകൾ കൊണ്ട് ചെവിയുടെ പിന്നിലേക്ക് വകഞ്ഞുമാറ്റി, വലിയൊരു കുസൃതിയോടെ അവൾ എന്നെ നോക്കി.

ആ നീലക്കണ്ണുകളിലെ തിളക്കവും, എന്നെ കണ്ടതും ആ കവിളിൽ വിരിഞ്ഞ കൊച്ചു ചിരിയും കണ്ടപ്പോൾ തന്നെ എന്റെ ഉറക്കമെല്ലാം പമ്പകടന്നിരുന്നു. ഇളം ചുവപ്പ് നിറമുള്ള ആ ദാവണിയിൽ കറുത്ത ബ്ലൗസിൽ പൊതിഞ്ഞ മുലകൾ കൂർത്തുനിൽക്കുന്നുണ്ടായിരുന്നു.അവൾ കൂടുതൽ സുന്ദരിയായി തോന്നി.

പാദസരങ്ങൾ കിലുങ്ങാതെ, വളരെ പതുക്കെ ഒളിച്ചുകടക്കുന്നതുപോലെ അവൾ എന്റെ കട്ടിലിനരികിലേക്ക് നടന്നു വന്നു.

എന്റെ തൊട്ടടുത്തായി കട്ടിലിലേക്ക് ഇരുന്നുകൊണ്ട്, എന്റെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി ആ പാലക്കാടൻ ഈണത്തിൽ അവൾ വളരെ പതുക്കെ ചോദിച്ചു

"ആദീ... ആള് ഉറങ്ങാൻ പോവാർന്നോ? ഞാൻ വന്ന് ശല്യപ്പെടുത്തിയോ?"

അവളുടെ ആ ചോദ്യം കേട്ട് ഞാൻ കട്ടിലിൽ നിന്നെഴുന്നേറ്റ് അവൾക്കഭിമുഖമായി ഇരുന്നു. എന്നിട്ട് വലിയൊരു കള്ളച്ചിരിയോടെ പറഞ്ഞു.

"ഉറങ്ങാൻ കിടന്നതാ... പക്ഷേ, ഈ മുറിക്കുള്ളിലേക്ക് ഇങ്ങനെ ഒരു ദേവത വന്ന് കേറിയാ പിന്നെ ഏത് ചെക്കനാടീ ഉറങ്ങാൻ പറ്റുക?"

അതുകേട്ടതും ആ കവിളുകൾ നാണം കൊണ്ട് ഒന്നുകൂടി ചുവന്നു. എന്റെ കണ്ണുകളിൽ നിന്നും നോട്ടം മാറ്റി, ചുണ്ട് കടിച്ചുപിടിച്ച് ഒരു ചെറിയ ചിരിയോടെ അവൾ തലതാഴ്ത്തി ഇരുന്നു.

ആ മുറിക്കുള്ളിലെ നിശബ്ദതയിൽ ഞങ്ങളുടെ പ്രണയത്തിന് അപ്പോൾ വല്ലാത്തൊരു ആഴമുണ്ടായിരുന്നു.

കട്ടിലിൽ തലതാഴ്ത്തി നാണിച്ചിരിക്കുന്ന അവളുടെ അടുത്തേക്ക് ഞാൻ കുറച്ചുകൂടി നീങ്ങിയിരുന്നു. ആ ജനാലപ്പടിയിലൂടെ വന്ന കാറ്റിൽ അവളുടെ ദാവണിത്തുമ്പ് അല്പം മാറിയിരുന്നു.

ഞാൻ എന്റെ വലതുകൈ പതുക്കെ അവളുടെ ഇടുപ്പിലൂടെ ചുറ്റി. വെണ്ണ പോലെയുള്ള ആ മൃദുവായ വയറിലൂടെയും പൊക്കിൾ ചുഴിയിലൂടെയും എന്റെ വിരലുകൾ മെല്ലെ ഇഴഞ്ഞുനീങ്ങി.അവളുടെ കൊഴുത്ത പഞ്ഞിപോലത്തെ കുഞ്ഞിമുലകളിൽ ഞാനൊന്നമർത്തിയപ്പോൾ കുളിരുകോരിയതുപോലെ അവളൊന്ന് വിറച്ചു.

ആ വിറയലിൽ അവൾ പെട്ടെന്ന് എന്റെ നെഞ്ചിലേക്ക് ചേർന്നു.

"ആദീ... വെറുതെ ഇരിക്ക്..."

വല്ലാത്തൊരു കുറുമ്പോടെ അവൾ പതുക്കെ കുറുകി.

അവളെ ഒന്നുകൂടി എന്നിലേക്ക് ചേർത്തുപിടിച്ചുകൊണ്ട് ആ മുടിയിഴകളിൽ തലോടി ഞാൻ മന്ത്രിച്ചു

"എന്ത് സോഫ്റ്റാ പെണ്ണേ നീ..."

എന്റെ ആ വാക്കുകളും സ്പർശനവും അവളെ വല്ലാതെ പരിഭ്രമിപ്പിച്ചു. താഴെ തറവാട്ടിൽ നിറയെ ആളുകളുണ്ടെന്ന ചിന്ത ആ നീലക്കണ്ണുകളിൽ ചെറിയൊരു ഭയമായി മാറി.

അവൾ എന്റെ നെഞ്ചിൽ നിന്നും വേഗം അടർന്നുമാറി. ദാവണിത്തുമ്പ് നേരെയിട്ട് അവൾ പരിഭ്രമത്തോടെ പറഞ്ഞു.

"ഏയ്... എന്താ ആദീ ഈ കാണിക്കുന്നേ..."

വാതിലിന്റെ നേർക്കൊരു നോട്ടം എറിഞ്ഞ് അവൾ തുടർന്നു.

"താഴെ എല്ലാവരും ഉണ്ട് ട്ടോ... ഇത് രാത്രി പോലെയല്ല, പട്ടാപ്പകലാ..."

അവളുടെ ആ പേടികണ്ട് എനിക്ക് ചിരിവന്നു. ഞാൻ വീണ്ടും അവളുടെ കയ്യിൽ പിടിക്കാൻ നീങ്ങിക്കൊണ്ട് വലിയൊരു കുസൃതിയോടെ ചോദിച്ചു

"അതിനെന്താ... നീ എന്റെ പെണ്ണല്ലേ?"

"ഓഹോ..."

അവൾ പെട്ടെന്ന് മുഖത്തെ നാണം മാറ്റിവെച്ച്, അവളുടെ ആ പഴയ കുറുമ്പ് മുഖത്ത് വരുത്തി. എന്റെ നെഞ്ചിൽ ഇരു കൈകൾ കൊണ്ടും പതുക്കെ തള്ളിമാറ്റി അവൾ കട്ടിലിൽ നിന്നെഴുന്നേറ്റു.

"അതൊക്കെ നമ്മ്ടെ വേളി കഴിഞ്ഞിട്ട്... ഇപ്പൊ മോൻ അങ്ങോട്ട് മാറിക്കേ..."

വലിയൊരു കള്ളച്ചിരിയോടെ അത്രയും പറഞ്ഞിട്ട്, വാതിലിന്റെ കുറ്റി ശബ്ദമുണ്ടാക്കാതെ തുറന്ന് അവൾ പുറത്തേക്ക് ഒറ്റ ഓട്ടമായിരുന്നു. വാതിൽക്കൽ അവളുടെ പാദസരങ്ങളുടെ കിലുക്കം മാഞ്ഞുപോകുന്നതും നോക്കി, കട്ടിലിൽ ഇരുന്ന എന്റെ ചുണ്ടിൽ വലിയൊരു ചിരി മായാതെ കിടപ്പുണ്ടായിരുന്നു.

മുറിക്കുള്ളിൽ അപ്പോഴും അവളുടെ സാമീപ്യത്തിന്റെ വല്ലാത്തൊരു സുഗന്ധം തങ്ങിനിൽക്കുന്നുണ്ടായിരുന്നു.

ഉച്ചമയക്കത്തിന്റെ ആലസ്യത്തിലേക്ക് വീണുപോയ ഞാൻ കണ്ണുതുറക്കുമ്പോൾ സമയം സന്ധ്യ മയങ്ങാറായിരുന്നു. ഞാൻ വേഗം എഴുന്നേറ്റ് മുഖം കഴുകി ഫ്രഷായി താഴേക്ക് നടന്നു.

താഴെയെത്തിയപ്പോൾ ഉമ്മറത്ത് നിൽക്കുകയാണ് എന്റെ പാർവണ. കുളിച്ച്, ഈറനായ മുടിയൊക്കെ പിന്നിലേക്ക് വകഞ്ഞുമാറ്റി, കസവുകരയുള്ള ഒരു ഇളംമഞ്ഞ ദാവണിയാണ് വേഷം. കയ്യിൽ കത്തിക്കാനുള്ള സന്ധ്യാവിളക്കും എണ്ണയുമുണ്ട്. സർപ്പക്കാവിലേക്ക് പോവാനുള്ള ഒരുക്കത്തിലാണ് അവൾ.

ഞാൻ പതുക്കെ അവളുടെ അടുത്തേക്ക് ചെന്നു.

"പെണ്ണേ... ഞാനും വരുന്നുണ്ട് നിന്റെ കൂടെ കാവിലേക്ക്."

എന്റെ ശബ്ദം കേട്ടതും അവൾ തിരിഞ്ഞുനോക്കി, ആ മുഖത്തൊരു പുഞ്ചിരി വിടർന്നു.

"അതിനെന്താ ആദീ... പോരെ "

അവൾ പറഞ്ഞു.എന്നിട്ട് കയ്യിലിരുന്ന ചെറിയ എണ്ണക്കിണ്ണം എന്റെ നേർക്ക് നീട്ടി, അവളുടെ ആ പതിവ് കുറുമ്പോടെ പറഞ്ഞു.

"ദേ... വരുമ്പോ ഈ എണ്ണക്കിണ്ണവും കൂടി എടുത്തോ ട്ടോ..."

അവളുടെ കയ്യിൽ നിന്നും അതും വാങ്ങി ഞങ്ങൾ ഉമ്മറത്തുകൂടി ഇറങ്ങി. സന്ധ്യയുടെ ആ ഇളംകുളിരിൽ, അവളോട് ചേർന്ന് ഞാൻ ആ സർപ്പക്കാവിലേക്ക് നടന്നു.

പടവുകളിറങ്ങി കാവിനുള്ളിലെ ആ ശാന്തതയിലേക്ക് കടക്കുമ്പോൾ എങ്ങും കരിയിലകൾ വീണുകിടപ്പുണ്ടായിരുന്നു. കാറ്റ് വീശുമ്പോൾ മുളങ്കൂട്ടങ്ങൾ ഉരസുന്ന ശബ്ദം മാത്രം അവിടെ കേൾക്കാം.

കാവിലെ കൽവിളക്കിൽ അവൾ വളരെ ഭക്തിയോടെ തിരിതെളിച്ചു. ആ ദീപപ്രഭയിൽ അവളുടെ മുഖം വല്ലാതെ തിളങ്ങുന്നുണ്ടായിരുന്നു.

കണ്ണുകളടച്ച്, കൈകൂപ്പി പ്രാർത്ഥിച്ച ശേഷം അവൾ പതിയെ എന്റെ നേർക്ക് തിരിഞ്ഞു. ആ വലിയ നീലക്കണ്ണുകളിൽ പെട്ടെന്ന് വല്ലാത്തൊരു സങ്കടം വന്ന് നിറഞ്ഞതുപോലെ എനിക്ക് തോന്നി. അവളുടെ ആ കുറുമ്പൊക്കെ എങ്ങോട്ടോ മാഞ്ഞുപോയിരുന്നു.

"ആദീ..."

വളരെ പതുക്കെ ആ പാലക്കാടൻ ഈണത്തിൽ അവൾ വിളിച്ചു.

"ഇനി വേളി കഴിഞ്ഞിട്ട്... ആദീടെ കൂടെ തിരുവനന്തപുരത്തേക്ക് പോവുമ്പോ... എനിക്ക്

ഈ സർപ്പക്കാവില് വന്ന് സന്ധ്യാവിളക്ക് വെക്കാൻ കഴിയില്ല്യാലോ ആദീ..."

അവളുടെ ശബ്ദം നേരിയതായി ഇടറുന്നുണ്ടായിരുന്നു. ജനിച്ചുവളർന്ന ആ വലിയ തറവാടും, ദിവസവും തിരിതെളിയിക്കുന്ന ഈ കാവുമൊക്കെ വിട്ടുപോകുന്നതിന്റെ നൊമ്പരം മുഴുവൻ ആ വാക്കുകളിൽ ഉണ്ടായിരുന്നു. അത് കേട്ടപ്പോൾ എന്റെ ഹൃദയത്തിലൊന്ന് പിടഞ്ഞു.

ഞാൻ പതുക്കെ അവളുടെ തോളിൽ പിടിച്ച് എന്നിലേക്ക് അടുപ്പിച്ചു. ആ നെറ്റി എന്റെ നെഞ്ചിലേക്ക് ചേർത്ത് വെച്ചു. എന്റെ നെഞ്ചിലെ ചൂടിലേക്ക് അവൾ ഒരു കൊച്ചുകുട്ടിയെപ്പോലെ ചാഞ്ഞുനിന്നു.

ഈറനണിഞ്ഞ അവളുടെ ആ കാർമുകിൽ മുടിയിഴകളിൽ വിരലോടിച്ചുകൊണ്ട്, വലിയൊരു വാത്സല്യത്തോടെ ഞാൻ പറഞ്ഞു

"നമുക്ക് ഇടയ്ക്കൊക്കെ ഇങ്ങോട്ട് വരാം പെണ്ണേ... നീയിങ്ങനെ വെറുതെ വിഷമിക്കാതെ. ഇനിയിപ്പോ നിനക്ക് എപ്പോ നിന്റെ ഈ തറവാട്ടിലേക്ക് വരണം എന്ന് തോന്നിയാലും, ഒട്ടും മടിക്കാതെ എന്നോട് പറഞ്ഞാ മതി. അടുത്ത നിമിഷം നമ്മൾ ഇവിടെ എത്തിയിട്ടുണ്ടാവും."

എന്റെ ആ വാക്കുകൾ കേട്ടതും അവളുടെ സങ്കടം അണപൊട്ടി. എന്റെ ഷർട്ടിൽ മുഖമമർത്തി നിൽക്കുമ്പോൾ, അവളുടെ ആ വലിയ കണ്ണുകളിൽ നിന്നും ഇറ്റുവീണ രണ്ടുതുള്ളി കണ്ണുനീർ കാവിലെ ആ ഉണങ്ങിയ കരിയിലകൾക്കിടയിലേക്ക് വീണുടഞ്ഞു.

ഇരുൾ വീണുതുടങ്ങിയ ആ കാവിനുള്ളിൽ, പ്രകാശിച്ചുനിൽക്കുന്ന ആ കൽവിളക്കിനെ സാക്ഷിയാക്കി ഞാൻ അവളെ ഒന്നുകൂടി മുറുകെ എന്റെ നെഞ്ചോട് ചേർത്തുപിടിച്ചു. എന്ത് സങ്കടം വന്നാലും തണലായി ഞാനുണ്ടെന്ന വലിയൊരു ഉറപ്പ് അപ്പോൾ ആ കാറ്റിലൂടെ അവളിലേക്ക് പകർന്നു നൽകുകയായിരുന്നു ഞാൻ.

കാവിലെ ആ ശാന്തതയിൽ നിന്നും, എന്റെ നെഞ്ചിലെ ചൂടിൽ നിന്നും സങ്കടമെല്ലാം അലിഞ്ഞില്ലാതായപ്പോൾ അവൾ പതുക്കെ മുഖമുയർത്തി. ഈറനണിഞ്ഞ ആ നീലക്കണ്ണുകൾ കൊണ്ട് എന്റെ മുഖത്തേക്ക് നോക്കി അവളൊന്ന് പുഞ്ചിരിച്ചു.

എന്നിട്ട് കൽവിളക്കിലെ തിരി ഒന്നുകൂടി നേരെയാക്കി വെച്ച് ഞങ്ങൾ തിരികെ തറവാട്ടിലേക്ക് നടന്നു.

പടിപ്പുര കടന്ന് മുറ്റത്തെത്തിയപ്പോൾ തന്നെ അകത്തുനിന്നും വലിയൊരു സംസാരവും കൂട്ടച്ചിരിയും കേൾക്കാമായിരുന്നു. ഞങ്ങൾ ഉമ്മറത്തേക്ക് കയറി ഹാളിലേക്ക് ചെന്നപ്പോൾ അവിടെ വലിയൊരു സദസ്സ് തന്നെ നടക്കുകയാണ്.

ഹാളിലെ വലിയ മരക്കട്ടിലിൽ, എന്റെ അമ്മയും, ഭദ്ര ആന്റിയും, സാവിത്രി അമ്മായിയും, രമ അമ്മായിയും, പിന്നെ അനഘ ചേച്ചിയും അഞ്ജലി ചേച്ചിയും ഇരിപ്പുണ്ട്.

അവരുടെ നടുവിലായി ചുവപ്പും നീലയും നിറത്തിലുള്ള കുറെ വെൽവെറ്റ് പെട്ടികൾ തുറന്നുവെച്ചിരിക്കുന്നു. തറവാട്ടിലെ ആ വലിയ വിളക്കിന്റെ വെളിച്ചത്തിൽ ആ സ്വർണ്ണാഭരണങ്ങളെല്ലാം വല്ലാതെ തിളങ്ങുന്നുണ്ടായിരുന്നു.

കല്യാണദിവസം എന്റെ പാർവണയ്ക്ക് അണിയാനുള്ള ആഭരണങ്ങൾ ഒരുക്കിവെക്കുന്ന തിരക്കിലാണവർ.

ഹാളിലേക്ക് കയറിവരുന്ന ഞങ്ങളെ ആദ്യം കണ്ടത് ഭദ്ര ആന്റിയാണ്.

"ആഹ്... ദാ നമ്മ്ടെ വധൂവരന്മാർ വന്നല്ലോ... നീ ഇങ്ങോട്ട് വന്നേ പാർവണേ..."

ഭദ്ര ആന്റി വലിയൊരു സന്തോഷത്തോടെ അവളെ അടുത്തേക്ക് വിളിച്ചു. അവൾ എന്റെ മുഖത്തേക്കൊന്ന് നോക്കിയിട്ട് പതിയെ അവരുടെ അടുത്തേക്ക് ചെന്നിരുന്നു.

"നോക്കിക്കേ ഭാമേ... ഈ പാലക്കാമാല ഇവൾക്ക് നല്ല ചേർച്ചയുണ്ടാവും. കഴുത്തിനോട് ചേർന്ന് കിടക്കുന്ന ആദ്യത്തെ മാലയായിട്ട് ഇത് മതി,"

സാവിത്രി അമ്മായി വലിയൊരു പാലക്കാമാലയെടുത്ത് പാർവണയുടെ കഴുത്തിലേക്ക് വെച്ചുനോക്കിക്കൊണ്ട് പറഞ്ഞു.

"അതെന്നെ സാവിത്രീ... ആ പച്ചക്കല്ല് വെച്ച പാലക്കാമാലയും പിന്നെ ലക്ഷ്മി രൂപമുള്ള ഈ കാശുമാലയും ഒന്നിച്ചാകുമ്പോ നല്ല ഭംഗിയായിരിക്കും. എന്റെ കുട്ടീനെ അന്ന് കാണാൻ നല്ലോരു ഐശ്വര്യം വേണം,"

അമ്മ വലിയൊരു വാത്സല്യത്തോടെ അവളുടെ കവിളിൽ തലോടിക്കൊണ്ട് പറഞ്ഞു.

അമ്മയുടെ ആ സ്നേഹസ്പർശമേറ്റപ്പോൾ പാർവണയുടെ മുഖത്ത് വലിയൊരു സന്തോഷം വിരിഞ്ഞു. അല്പം മുൻപ് സർപ്പക്കാവിൽ വെച്ചുണ്ടായ സങ്കടങ്ങളും തറവാട് വിട്ടുപോകുന്നതിന്റെ നൊമ്പരവുമെല്ലാം എന്റെ അമ്മയുടെ ആ ഒരൊറ്റ തലോടലിൽ ഇല്ലാതാകുന്നത് ഞാൻ കാണുന്നുണ്ടായിരുന്നു.

അവൾ നിറഞ്ഞ ചിരിയോടെ അമ്മയെ നോക്കി.

"പിന്നെ ദാ... ഈ വലിയ മുല്ലമൊട്ടുമാല കൂടി ആകുമ്പോ സംഗതി ഉഷാറായി. തറവാട്ടിലെ പെണ്ണുങ്ങൾ കല്യാണത്തിന് മുല്ലമൊട്ടുമാല ഇട്ട് വരുന്നതാ എനിക്കേറ്റവും ഇഷ്ടം. നല്ല നാടൻ തനിമ തോന്നും,"

രമ അമ്മായി മറ്റൊരു നീണ്ട പെട്ടി തുറന്നുകൊണ്ട് പറഞ്ഞു.

അതുകേട്ടതും അനഘ ചേച്ചി വേഗം ഇടപെട്ടു.

"അമ്മായിമാരും അമ്മയും കൂടി മാലയുടെ കാര്യം മാത്രം നോക്കിയാ മതിയോ? ദാ ഈ വലിയ ജിമിക്കിയും, പിന്നെ ഈ നെറ്റിചുട്ടിയും വങ്കിയിലുമൊക്കെ ഞങ്ങളാ സെലക്ട് ചെയ്തത്.

ഇതൊക്കെ കൂടി ഇടുമ്പോഴുള്ള ആ ഒരു ഭംഗി നിങ്ങളൊന്ന് ആലോചിച്ചു നോക്കിക്കേ..."

"അതെ, നമ്മുടെ പാർവണയെ ഈ സ്വർണ്ണമൊക്കെ അണിയിച്ചൊരുക്കി മണ്ഡപത്തിലേക്ക് കൊണ്ടുവരുമ്പോഴേക്കും അവിടെയുള്ള എല്ലാവരുടെയും കണ്ണുതള്ളണം. എന്താ ആദീ... ഞാൻ പറഞ്ഞത് ശരിയല്ലേ?"

അഞ്ജലി ചേച്ചി എന്നെ നോക്കി കള്ളച്ചിരിയോടെ ചോദിച്ചു.

ചേച്ചിയുടെ ചോദ്യം കേട്ട് ഞാൻ പാർവണയെ ഒന്ന് നോക്കി. ഈ ആഭരണങ്ങളുടെ നടുവിലിരുന്ന്, എന്നെ നോക്കാൻ പോലും മടിച്ച് വലിയൊരു നാണത്തോടെ ഇരിക്കുകയാണവൾ. ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"അതിനിപ്പോ ഈ സ്വർണ്ണത്തിന്റെയൊന്നും ആവശ്യമില്ല ചേച്ചീ... എന്റെ പാർവണയെ കാണാൻ അല്ലാതെ തന്നെ നല്ല ഭംഗിയാ... പിന്നെ ഇതുകൂടി ആകുമ്പോ പറയണോ!"

ഞാൻ അത് പറഞ്ഞതും അവിടെ വലിയൊരു കൂട്ടച്ചിരി മുഴങ്ങി.

"ഹൊ! ഒന്ന് പതിയെ പിടി ചെറുക്കാ... കണ്ടാൽ തോന്നും ഇവനാ ലോകത്ത് ആദ്യമായിട്ട് പെണ്ണ് കെട്ടുന്നതെന്ന്!"

സാവിത്രി അമ്മായി വലിയൊരു പൊട്ടിച്ചിരിയോടെ എന്നെ കളിയാക്കി.

ആ കൂട്ടച്ചിരികൾക്കിടയിൽ പാർവണയുടെ മുഖം നാണം കൊണ്ട് വല്ലാതെ ചുവന്നിരുന്നു. അവൾ ദാവണിത്തുമ്പ് വിരലിലിട്ട് ചുറ്റി, തലകുനിച്ച് ചിരിയമർത്തി ഇരുന്നു. ആ വലിയ തറവാടിന്റെ ഹാളിൽ, നിലവിളക്കിന്റെ വെളിച്ചത്തിൽ, സ്വർണ്ണാഭരണങ്ങൾക്കിടയിൽ ഇരിക്കുന്ന അവളെ നോക്കി ഞാൻ അങ്ങനെ നിന്നു.

ഒരു പെണ്ണിന് ഇതിലും വലിയൊരു സ്നേഹം എവിടെനിന്നാണ് കിട്ടുക! എന്റെ അമ്മയും കുടുംബവും അവളെ സ്വന്തം മകളായി, ഹൃദയത്തോട് ചേർത്ത് സ്വീകരിക്കുന്ന ആ വലിയ കാഴ്ച എന്റെ മനസ്സിൽ വലിയൊരു ഉത്സവമാണ് തീർത്തത്.

വരാനിരിക്കുന്ന ആ മംഗളമുഹൂർത്തത്തിലേക്കുള്ള ഓരോ കാൽവെപ്പും വല്ലാതെ മനോഹരമാകുകയായിരുന്നു.

"മതി... മതി... മാലയും വളയും ഒക്കെ കണ്ടത് മതി. അവൾക്ക് വേണ്ടി എടുത്ത പുടവകൾ കൂടെ ഒന്ന് കാണട്ടെ."

അമ്മ അത് പറഞ്ഞതും അനഘ ചേച്ചി അടുത്തിരുന്ന വലിയൊരു കവർ പതുക്കെ തുറന്നു. അതിൽ നിന്നും വളരെ സൂക്ഷ്മതയോടെ ഒരു വലിയ പട്ടുസാരി അവൾ പുറത്തേക്ക് എടുത്തു.

നിലവിളക്കിന്റെ പ്രകാശത്തിൽ ആ സാരിയുടെ ഭംഗി ഒന്നുകൂടി തിളങ്ങി. കടും കുങ്കുമ നിറത്തിൽ, വീതിയുള്ള സ്വർണ്ണക്കസവ് കരയുള്ള അതിമനോഹരമായ ഒരു കാഞ്ചീപുരം പട്ടുസാരി.

സാരിയിലെ ആ വലിയ കസവുകളിൽ പ്രകാശം തട്ടി പ്രതിഫലിക്കുന്നുണ്ടായിരുന്നു.

"ദാ... ഇതാണ് നമ്മൾ മുഹൂർത്തത്തിന് ഉടുക്കാൻ വേണ്ടി എടുത്ത സാരി. എന്താ പാർവണേ... നിനക്കിത് ഇഷ്ടപ്പെട്ടോ?"

സാരിയുടെ ഒരറ്റം അവളുടെ നേർക്ക് നീട്ടിക്കൊണ്ട് അനഘ ചേച്ചി ചോദിച്ചു.

പാർവണ വലിയൊരു ആകാംക്ഷയോടെ ആ പട്ടുസാരിയിൽ പതുക്കെ തൊട്ടുനോക്കി. അവളുടെ വിരലുകൾ ആ കസവിലൂടെ നീങ്ങിയപ്പോൾ, അവളുടെ വലിയ നീലക്കണ്ണുകളിൽ ഒരായിരം നക്ഷത്രങ്ങൾ ഒരുമിച്ച് മിന്നുന്നതുപോലെ എനിക്ക് തോന്നി.

ഒരു പെൺകുട്ടി അവളുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വപ്നം കാണുന്ന ആ വിവാഹപ്പുടവ കയ്യിൽ കിട്ടുമ്പോഴുണ്ടാകുന്ന ആ വലിയ സന്തോഷം ആ മുഖത്ത് വ്യക്തമായിരുന്നു. അവൾ നിറഞ്ഞ ചിരിയോടെ തലകുലുക്കി.

"ഇതൊക്കെ ഉടുത്ത്, നമ്മൾ എടുത്ത ആഭരണങ്ങളും അണിഞ്ഞ് നമ്മ്ടെ വധു മണ്ഡപത്തിലേക്ക് വരുമ്പോഴേക്കും, അപ്പുറത്ത് നിൽക്കുന്ന ഞങ്ങടെ കല്യാണച്ചെക്കന്റെ ബോധം പോകും, നോക്കിക്കോ..."

അഞ്ജലി ചേച്ചി വീണ്ടും വലിയൊരു കള്ളച്ചിരിയോടെ എന്നെ നോക്കി പറഞ്ഞു.

അത് കേട്ടതും പാർവണ സാരിത്തലപ്പുകൊണ്ട് മുഖം പാതി മറച്ച് ചിരിയമർത്തി.

ഈ ബഹളങ്ങൾക്കും തമാശകൾക്കും ഇടയിലേക്കാണ്, ചാരുകസേരയിൽ ഇരിക്കുകയായിരുന്ന മുത്തശ്ശി പതുക്കെ എഴുന്നേറ്റ് വന്നത്. എല്ലാവരും പെട്ടെന്ന് മുത്തശ്ശിക്ക് വഴിയൊരുക്കി കൊടുത്തു. മുത്തശ്ശിയുടെ ചുളിവ് വീണ കൈകളിൽ പഴയൊരു മരപ്പെട്ടി ഉണ്ടായിരുന്നു.

നല്ല ഈട്ടിത്തടിയിൽ കൊത്തുപണികൾ ചെയ്ത ഒരു ചെറിയ പെട്ടി. മുത്തശ്ശി പതുക്കെ പാർവണയുടെ അടുത്തേക്ക് വന്നിരുന്നു. ഹാളിൽ പെട്ടെന്ന് വലിയൊരു നിശബ്ദത പരന്നു.

"സ്വർണ്ണവും പട്ടും ഒക്കെ നമ്മൾ പുതിയത് വാങ്ങിയെങ്കിലും... ഈ തറവാട്ടിലെ കാരണവത്തിമാർ തലമുറകളായി കൈമാറി വരുന്ന ഒരു സ്വർണ്ണമുണ്ട്..."

അത്രയും പറഞ്ഞുകൊണ്ട് മുത്തശ്ശി ആ ചെറിയ പെട്ടി പതുക്കെ തുറന്നു.

അതിനുള്ളിൽ ചുവന്ന പട്ടുതുണിക്ക് മുകളിലായി, പഴമയുടെ പ്രൗഢി വിളിച്ചോതുന്ന വലിയൊരു സ്വർണ്ണവള ഇരിപ്പുണ്ടായിരുന്നു. ഇന്നത്തെ കാലത്തെ പണിക്കാർക്ക് പോലും ചെയ്യാൻ കഴിയാത്തത്ര സൂക്ഷ്മമായ കൊത്തുപണികളുള്ള, ലക്ഷ്മി രൂപം പതിപ്പിച്ച ഒരു വലിയ കാപ്പുവള.

മുത്തശ്ശി ആ വള പുറത്തെടുത്ത് പാർവണയുടെ നേർക്ക് നീട്ടി.

"ഇത് എന്റെ അമ്മായിഅമ്മ ഈ തറവാട്ടിലേക്ക് ഞാൻ ആദ്യമായി വലതുകാൽ വെച്ച് കയറി വന്നപ്പോൾ എനിക്ക് തന്നതാ. വർഷങ്ങൾക്ക് ശേഷം നമ്മ്ടെ ഭദ്രയെ കല്യാണം കഴിച്ച് ഈ പടിപ്പുര കടത്തി കൊണ്ടുവന്നപ്പോൾ ഞാൻ ഇത് അവൾക്ക് കൈമാറി..."

മുത്തശ്ശി ഭദ്ര ആന്റിയെ നോക്കി ഒന്ന് പുഞ്ചിരിച്ചു.

"ഇനിയിപ്പോ ഈ തറവാടിന്റെ പടിയിറങ്ങി, നമ്മ്ടെ ആദിയുടെ പെണ്ണായിട്ട് അവന്റെ വീട്ടിലേക്ക് വലതുകാൽ വെച്ച് കയറാൻ പോകുന്നവൾക്ക് ഇത് അവകാശപ്പെട്ടതാ. ഇന്നാ മോളെ...

ഇതും കൂടി എന്റെ കുട്ടിയുടെ കൈയ്യിൽ കിടക്കട്ടെ."

വലിയൊരു വാത്സല്യത്തോടെ മുത്തശ്ശി ആ പൊന്നുവള പാർവണയുടെ വലതുകയ്യിലേക്ക് അണിയിച്ചു കൊടുത്തു.

അതുകേട്ടതും പാർവണയുടെ കണ്ണുകളിൽ നിന്നും രണ്ട് തുള്ളി കണ്ണുനീർ ആ പട്ടുസാരിയിലേക്ക് വീണു. തന്നെ ജീവനുതുല്യം സ്നേഹിക്കുന്ന ഈ വലിയ തറവാട് വിട്ട് എന്റെ വീട്ടിലേക്ക് വരാനിരിക്കുന്നവളുടെ നെഞ്ചിലെ വലിയൊരു നൊമ്പരമായിരുന്നു ആ കണ്ണുനീർ.

ആരും പറയാതെ തന്നെ അവൾ എഴുന്നേറ്റ്, മുത്തശ്ശിയുടെ കാൽത്തൊട്ട് വന്ദിച്ചു.

"ദീർഘസുമംഗലിയായിരിക്കട്ടെ..."

മുത്തശ്ശി അവളുടെ നെറുകയിൽ കൈവെച്ച് അനുഗ്രഹിച്ചു.

അതുകണ്ട് നിന്ന അമ്മയും അമ്മായിമാരും എല്ലാം വല്ലാതെ വികാരാധീനരായിരുന്നു. ഈ നിമിഷങ്ങളത്രയും ഒരു നോക്കുകുത്തിയെപ്പോലെ കണ്ടുനിൽക്കുകയായിരുന്നു ഞാൻ. ജനിച്ചുവളർന്ന വീടിന്റെ പടിയിറങ്ങി, എന്നെ മാത്രം വിശ്വസിച്ച് എന്റെ കൂടെ വരാൻ പോകുന്നവളാണ്...

അവൾക്ക് എന്ത് സങ്കടം വന്നാലും താങ്ങായി ഞാനുണ്ടാകുമെന്ന വലിയൊരു ഉറപ്പ് എന്റെ മനസ്സിൽ അപ്പോൾ ഒന്നുകൂടി ബലപ്പെടുകയായിരുന്നു. നിലവിളക്കിന്റെ ആ മഞ്ഞവെളിച്ചത്തിൽ, കണ്ണീർ നിറഞ്ഞ അവളുടെ ആ ചിരിക്ക് അന്ന് ആയിരം പൂർണ്ണചന്ദ്രന്മാരുടെ ഭംഗിയുണ്ടായിരുന്നു.

ഹാളിലെ ആ വലിയ ബഹളങ്ങൾക്കും സന്തോഷങ്ങൾക്കും ശേഷം, തറവാട്ടിലെ അത്താഴവും കഴിഞ്ഞ് ഞാൻ എന്റെ തെക്കിനി മുറിയിലേക്ക് നടന്നു. മുറ്റത്തെ കല്യാണപ്പന്തലിൽ അപ്പോഴും പണിക്കാർ എന്തൊക്കെയോ ചെയ്തു തീർക്കുന്നുണ്ട്.

രാത്രിയുടെ വല്ലാത്തൊരു ശാന്തത ആ തറവാടിനെ പതിയെ പൊതിഞ്ഞു തുടങ്ങിയിരുന്നു. മുറിയിലെ ജനാല തുറന്നിട്ട്, ആ ഇളം കാറ്റും കൊണ്ട് ഞാൻ പുറത്തെ നിലാവിലേക്ക് നോക്കി നിന്നു.

എന്റെ മനസ്സിൽ അപ്പോഴും ആ പൊന്നുവള കയ്യിലണിഞ്ഞ് നിറഞ്ഞ കണ്ണുകളോടെ നിന്ന എന്റെ പാർവണയായിരുന്നു.

പെട്ടെന്നാണ് വാതിലിൽ ചെറിയൊരു മുട്ട് കേട്ടത്. തിരിഞ്ഞുനോക്കുമ്പോൾ സച്ചുച്ചേട്ടനാണ്.

"എന്താടാ ആദീ... നീ ഉറങ്ങാൻ കിടന്നില്ലേ?"

സച്ചുച്ചേട്ടൻ മുറിയിലേക്ക് കയറിവന്നുകൊണ്ട് ചോദിച്ചു.

"ഇല്ല സച്ചുച്ചേട്ടാ... കിടക്കാൻ പോകുന്നേ ഉള്ളൂ. പുറത്ത് പണിക്കാർ പോയില്ലേ?"

"അവര് ദാ ഇപ്പൊ പണി നിർത്തി പോയതേ ഉള്ളൂ. എന്തായാലും നാളെ ഉച്ചയ്ക്ക് പ്രസ്സിൽ പോയി കല്യാണക്കത്ത് വാങ്ങണം. വൈകുന്നേരത്തോടെ കുറച്ചു പേർക്കെങ്കിലും കൊടുത്ത് തുടങ്ങണ്ടേ.

നീ വേഗം കിടന്നുറങ്ങാൻ നോക്ക്, നാളെ നല്ല ഓട്ടമുള്ളതാ,"

സച്ചുച്ചേട്ടൻ അത്രയും പറഞ്ഞു പുറത്തേക്ക് പോയി.

സച്ചുച്ചേട്ടൻ പോയിക്കഴിഞ്ഞ് ഞാൻ വാതിലടയ്ക്കാൻ തിരിഞ്ഞതും, പുറത്ത് കോറിഡോറിലെ ഇരുളിൽ നിന്നും പാദസരങ്ങളുടെ നേർത്ത കിലുക്കം കേട്ടു. പാതി ചാരിയ വാതിലിന്റെ വിടവിലൂടെ അവൾ പതുക്കെ അകത്തേക്ക് തലയിട്ടു.

എന്റെ പാർവണ! അവളുടെ മുഖത്ത് അപ്പോഴും ചെറിയൊരു സങ്കടം തങ്ങിനിൽപ്പുണ്ടായിരുന്നു.

"എന്താ പെണ്ണേ... എന്റെ കുട്ടിക്ക് ഉറക്കം വന്നില്ലേ?"

വാതിൽ മുഴുവനായി തുറന്ന് അവളെ അകത്തേക്ക് വിളിച്ചുകൊണ്ട് ഞാൻ ചോദിച്ചു.

അവൾ പതുക്കെ മുറിയിലേക്ക് കയറി. ആ തെക്കിനി മുറിയിലെ നേർത്ത വെളിച്ചത്തിൽ, മുത്തശ്ശി അണിയിച്ചുകൊടുത്ത ആ വലിയ കാപ്പുവള അവളുടെ വലതുകയ്യിൽ കിടന്ന് തിളങ്ങുന്നുണ്ടായിരുന്നു.

അവൾ ഒന്നും മിണ്ടാതെ എന്റെ അടുത്തേക്ക് വന്ന് ജനാലപ്പടിയിലൂടെ പുറത്തേക്ക് നോക്കി നിന്നു. അവളുടെ ആ മൗനം എനിക്ക് വല്ലാതെ നോവിച്ചു.

ഞാൻ അവളുടെ പിന്നിലൂടെ ചെന്ന് പതുക്കെ ആ തോളുകളിൽ പിടിച്ചു.

"എന്താ പാർവണേ... എന്താ എന്റെ പെണ്ണിന്റെ മനസ്സിൽ?"

ഞാൻ വളരെ പതുക്കെ അവളുടെ കാതോരം ചോദിച്ചു.

ആ ചോദ്യം കേട്ടതും അവൾ എന്റെ നേർക്ക് തിരിഞ്ഞു. ആ വലിയ നീലക്കണ്ണുകൾ അപ്പോഴും നിറഞ്ഞുനിൽപ്പുണ്ടായിരുന്നു. അവൾ എന്റെ ഷർട്ടിന്റെ കോളറിൽ വിരലുകൾ കുരുക്കിക്കൊണ്ട് ഈണത്തിൽ ചോദിച്ചു.

"ആദീ... എനിക്ക് വല്ലാത്തൊരു പേടി തോന്നുന്നു... വേളി കഴിഞ്ഞിട്ട് ആദീടെ കൂടെ തിരുവനന്തപുരത്തേക്ക് പോവുമ്പോ... എനിക്ക് ഈ തറവാട്ടിലെ എല്ലാവരെയും വിട്ടുനിൽക്കേണ്ടി വരുമല്ലോ എന്ന് ഓർക്കുമ്പോ..."

അവളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. ജനിച്ചുവളർന്ന തറവാടും, മുത്തശ്ശിയും അമ്മായിമാരും സർപ്പക്കാവുമെല്ലാം വിട്ട്, എന്റെ ലോകത്തേക്ക് കടന്നുവരാൻ പോകുന്ന ഒരു പെൺകുട്ടിയുടെ ഏറ്റവും സ്വാഭാവികമായ ആധിയായിരുന്നു അത്.

ഞാൻ വളരെ സ്നേഹത്തോടെ അവളുടെ രണ്ട് കവിളുകളിലും പിടിച്ച് എന്റെ മുഖത്തേക്ക് ഉയർത്തി. ആ കണ്ണുകളിലേക്ക് നേരെ നോക്കിക്കൊണ്ട് ഞാൻ പറഞ്ഞു.

"എന്റെ പെണ്ണേ... നീ ഈ തറവാടിന്റെ പടിയിറങ്ങുന്നത് ഒറ്റയ്ക്കല്ലല്ലോ... നിനക്ക് കാവലായിട്ട് ഈ ആദിയുണ്ടല്ലോ കൂടെ. തിരുവനന്തപുരത്തെ ആ വീട് നിനക്ക് അപരിചിതമായിരിക്കാം.

പക്ഷേ, അവിടെ നിന്നെ സ്വന്തം മോളെപ്പോലെ നോക്കാൻ എന്റെ അമ്മയില്ലേ... പിന്നെ നിനക്ക് കൂട്ടായിട്ട് അനഘ ചേച്ചീം. നിനക്ക് ഇവിടത്തെക്കാൾ വലിയൊരു സ്നേഹം അവിടെ ഞങ്ങൾ തരും..."

ഞാൻ ഒന്ന് നിർത്തി, അവളുടെ ആ പൊന്നുവളയണിഞ്ഞ കയ്യിൽ പിടിച്ചുകൊണ്ട് വലിയൊരു കുസൃതിയോടെ വീണ്ടും പറഞ്ഞു.

"പിന്നെ... നിനക്ക് എപ്പോ ഈ പാലക്കാടൻ കാറ്റുകൊള്ളണം എന്ന് തോന്നുന്നോ, അപ്പൊ ഒന്നും നോക്കണ്ട, എന്നോട് പറഞ്ഞാ മതി. അടുത്ത വണ്ടിക്ക് തന്നെ എന്റെ പെണ്ണിന്റെ കയ്യും പിടിച്ച് ഞാൻ ഈ പടിപ്പുര കടന്ന് ഇങ്ങോട്ട് വരും... പോരേ?"

എന്റെ ആ വാക്കുകൾ കേട്ടതും അവളുടെ കണ്ണുകളിലെ ആ ഭയമെല്ലാം പതുക്കെ അലിഞ്ഞില്ലാതായി. അവിടെ വീണ്ടും ആ പഴയ കുറുമ്പും പ്രണയവും പൂത്തുവിരിഞ്ഞു.

അവൾ വലിയൊരു പുഞ്ചിരിയോടെ എന്റെ നെഞ്ചിലേക്ക് ചാഞ്ഞു. ആ ജനാലപ്പടിയിലൂടെ വന്ന ഇളം കാറ്റിൽ അവളുടെ മുടിയിഴകൾ എന്റെ മുഖത്തേക്ക് പാറിവീഴുന്നുണ്ടായിരുന്നു.

എന്റെ ഇടതുകൈ അവളുടെ ഇടുപ്പിലൂടെ ചുറ്റി ഞാൻ അവളെ ഒന്നുകൂടി മുറുകെ പുണർന്നു. എന്റെ ഹൃദയമിടിപ്പുകൾക്കൊപ്പം അവളുടെ ഹൃദയവും താളം വെക്കുന്നത് ഞാൻ അറിയുന്നുണ്ടായിരുന്നു.

കിഴക്ക് വെള്ളകീറുന്നതേയുള്ളൂ... തെക്കിനി മുറിയിലെ തുറന്നിട്ട ജനാലയിലൂടെ പാലക്കാടൻ പാടങ്ങളെ തഴുകിവന്ന നേർത്തൊരു മഞ്ഞുകാറ്റ് എന്റെ മുഖത്തേക്ക് അടിച്ചുകയറി. മുറ്റത്ത് അപ്പോഴേക്കും വലിയൊരു ബഹളം തുടങ്ങിയിരുന്നു.

കല്യാണപ്പന്തലിൽ കാൽനാട്ടാനും മുളകൾ കെട്ടാനുമായി വന്ന പണിക്കാരുടെ വിളിയും, വലിയ ഇരുമ്പുകുഴലുകൾ താഴെയിടുന്ന ശബ്ദവുമാണ് എന്റെ ഉറക്കം കെടുത്തിയത്.

കരിമ്പടം വകഞ്ഞുമാറ്റി ഞാൻ പതിയെ കണ്ണുതുറന്നു. തെക്കിനി മുറിയുടെ ആ വലിയ തടിമച്ചിലേക്ക് നോക്കി കിടക്കുമ്പോഴും, ഇന്നലെ രാത്രിയിലെ അവളുടെ ആ നേർത്ത സുഗന്ധം ആ മുറിക്കുള്ളിൽ എവിടെയോ തങ്ങിനിൽക്കുന്നതുപോലെ എനിക്ക് തോന്നി.

വരാനിരിക്കുന്ന ആ വലിയ ദിവസത്തിന്റെ ആകാംക്ഷകളിലേക്കാണ് ഞാൻ അന്ന് ഉണർന്നെഴുന്നേറ്റത്.

കട്ടിലിൽ നിന്നെഴുന്നേറ്റ് ഞാൻ ജനാലപ്പടിയിലൂടെ പുറത്തേക്ക് നോക്കി. മുറ്റത്ത് വലിയൊരു ഉത്സവം നടക്കുകയാണ്. പണിക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ശ്രീനാരായണൻ അമ്മാവൻ അവിടെത്തന്നെയുണ്ട്.

പക്ഷേ എന്റെ കണ്ണുകൾ തിരഞ്ഞത് ആ വലിയ തറവാടിന്റെ മുറ്റത്തുള്ള തുളസിതറയിലേക്കാണ്.അവിടെ കുളിച്ചീറനണിഞ്ഞ മുടിയുമായി തുളസിതറയെ വലംവെക്കുകയാണ് എന്റെ പാർവണ.

ഇളം ചന്ദനനിറമുള്ള ഒരു കസവുമുണ്ടും നേര്യതുമാണ് വേഷം. അഴിഞ്ഞുകിടക്കുന്ന ആ കാർമുകിൽ മുടിയിഴകളിൽ നിന്നും ഇറ്റുവീഴുന്ന വെള്ളത്തുള്ളികളിൽ പ്രഭാതസൂര്യന്റെ കിരണങ്ങൾ തട്ടി വല്ലാതെ തിളങ്ങുന്നുണ്ടായിരുന്നു.

കൈകൂപ്പി കണ്ണുകളടച്ച് അവൾ പ്രാർത്ഥിച്ചു നിൽക്കുന്ന ആ നിൽപ്പിൽ തറവാടിന്റെ മുഴുവൻ ഐശ്വര്യവും നിറഞ്ഞുനിന്നിരുന്നു.

പ്രാർത്ഥന കഴിഞ്ഞ് കണ്ണുതുറന്ന അവൾ തിരിഞ്ഞത് എന്റെ തെക്കിനി മുറിയുടെ ജനാലയ്ക്ക് നേരെയാണ്. അവിടെ അവളെത്തന്നെ നോക്കിനിൽക്കുന്ന എന്നെ കണ്ടതും ആ വലിയ നീലക്കണ്ണുകളിൽ വല്ലാത്തൊരു തിളക്കം വന്നു.

ഇന്നലെ രാത്രിയിലെ ആ സങ്കടത്തിന്റെ കാർമേഘങ്ങളെല്ലാം പെയ്തൊഴിഞ്ഞിരുന്നു. പകരം, അവിടെ ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചതുപോലെയുള്ള പ്രണയം മാത്രം ബാക്കിയുണ്ടായിരുന്നു. ആരും കാണാതെ, ചുണ്ടിലൊരു വലിയ കള്ളച്ചിരി ഒളിപ്പിച്ച് അവൾ കണ്ണുകൾ കൊണ്ട് എനിക്ക് നേരെ എന്തോ കുറുമ്പ് കാട്ടിയിട്ട് വേഗം അകത്തേക്ക് നടന്നുമറഞ്ഞു.

ആ ചിരിയുടെ മാസ്മരികതയിൽ നിന്ന് ഉണർന്ന് ഞാൻ വേഗം മുറിക്ക് പുറത്തേക്കിറങ്ങി. ഉമ്മറത്ത് വലിയൊരു ചായഗ്ലാസുമായി നിൽക്കുന്നുണ്ട് സച്ചുച്ചേട്ടൻ. എന്നെ കണ്ടതും

ചിരിച്ചുകൊണ്ട് ചോദിച്ചു

"എന്താടാ കല്യാണച്ചെക്കാ... ഉറക്കമൊക്കെ മതിയായോ? അതോ ഇനി വേളിയുടെ അന്ന് വരെ ഇങ്ങനെ ഉറങ്ങാൻ തന്നെയാണോ ഭാവം?"

"ഏയ് അല്ല സച്ചുച്ചേട്ടാ... പുറത്തെ ബഹളം കേട്ടപ്പോ ഞാൻ എഴുന്നേറ്റു,"

ഞാൻ ചിരിയോടെ പറഞ്ഞു.

"എന്നാ നീ പോയി വേഗം മുഖം കഴുകി വാ. ചായ കുടിച്ചിട്ട് നമുക്ക് ടൗൺ വരെ ഒന്ന് പോണം. ഇന്നലെ കൊടുത്ത കല്യാണക്കത്ത് ഉച്ചയ്ക്ക് മുൻപേ കിട്ടുമോ എന്ന് നോക്കാം.

വൈകുന്നേരം അമ്മാവന്മാരുടെ കൂടെ നിനക്ക് കത്ത് കൊടുക്കാൻ ഇറങ്ങാനുള്ളതല്ലേ..."

സച്ചുച്ചേട്ടൻ കാര്യങ്ങളുടെ ഗൗരവം ഓർമ്മിപ്പിച്ചു.

അപ്പോഴേക്കും അടുക്കളയിൽ നിന്നും ചൂട് ചായയുമായി അമ്മ ഉമ്മറത്തേക്ക് വന്നു.

"ഡാ ആദീ, നീ എഴുന്നേറ്റോ? ഇന്നാ ഈ ചായ കുടിക്ക്. എന്നിട്ട് വേഗം പോയി കുളിക്കാൻ നോക്ക്. അമ്മാവന്മാർ ദാ ഇപ്പൊ കുളിച്ച് റെഡിയായി വരും.

ഇന്ന് പടിപ്പുര തൊട്ട് അങ്ങോട്ടുള്ള എല്ലാ വീടുകളിലും കത്ത് കൊടുത്ത് തുടങ്ങണം. മുഹൂർത്തം കുറിച്ച കാര്യങ്ങളൊക്കെ നാട്ടുകാരെയും സ്വന്തക്കാരെയും നമ്മളല്ലേ അറിയിക്കേണ്ടത്,"

ചായ എന്റെ കയ്യിലേക്ക് തന്നുകൊണ്ട് അമ്മ വലിയൊരു തിരക്കോടെ പറഞ്ഞു.

"ഞാൻ ദാ പോയി റെഡിയാവാം അമ്മേ. സച്ചുച്ചേട്ടൻ പറഞ്ഞപോലെ ഞങ്ങൾ പോയി ടൗണിൽ നിന്ന് കത്ത് വാങ്ങി വരാം,"

ചൂട് ചായയിൽ നിന്നൊരു സിപ്പെടുത്ത് ഞാൻ മറുപടി പറഞ്ഞു.

അമ്മ അകത്തേക്ക് പോയതും, സച്ചുച്ചേട്ടൻ എന്റെ തോളിൽ കയ്യിട്ട് മുറ്റത്തെ പന്തലിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു

"നോക്കടാ... നമ്മുടെ വീടുകളിൽ ഒരു കല്യാണം വരുമ്പോഴുള്ള ഈ ഒരു ബഹളം, ഇതിനൊരു പ്രത്യേക ഭംഗിയല്ലേ? ഇപ്പൊ ഈ പന്തൽ പണിയും, കത്ത് കൊടുക്കലും ഒക്കെ ആകുമ്പോഴാ നമുക്ക് കല്യാണത്തിന്റെ ശരിക്കുമുള്ള ആ ഒരു ഫീൽ കിട്ടുന്നത്."

"അതെ ചേട്ടാ..."

ഞാൻ അത് ശരിവെച്ചു. ചായ കുടിച്ചുകൊണ്ട് ഞാൻ ആ മുറ്റത്തേക്കും ചുറ്റുമുള്ള ആരവങ്ങളിലേക്കും നോക്കി നിന്നു.

ഉമ്മറത്തെ ആ ബഹളങ്ങൾക്കിടയിൽ നിന്നും കുടിച്ചുകൊണ്ടിരുന്ന ചായഗ്ലാസ് തിണ്ണയിൽ വെച്ച് ഞാൻ വേഗം കുളിക്കാനായി നടന്നു.

തണുത്ത വെള്ളത്തിൽ കുളിച്ച് മുറിയിലേക്ക് വരുമ്പോൾ മനസ്സിൽ വല്ലാത്തൊരു ഉന്മേഷമായിരുന്നു. അലമാരയിൽ നിന്നും ഒരിളം നീല ഷർട്ടും കസവുകരയുള്ള മുണ്ടും ഞാൻ എടുത്തുടുത്തു.

കണ്ണാടിക്ക് മുന്നിൽ നിന്ന് മുടി ചീകുമ്പോൾ എന്റെ മുഖത്ത് വല്ലാത്തൊരു തിളക്കമുള്ളതുപോലെ എനിക്ക് തോന്നി. വരാനിരിക്കുന്ന ആ വലിയ ദിവസത്തിന്റെ എല്ലാ സന്തോഷവും ആ ചിരിയിൽ പ്രതിഫലിക്കുന്നുണ്ടായിരുന്നു.

വാച്ചും കെട്ടി മുറിയിൽ നിന്നും പുറത്തേക്കിറങ്ങാൻ തുടങ്ങുമ്പോഴാണ് വാതിൽക്കൽ അവൾ വന്നുനിന്നത്. ആ പഴയ കള്ളച്ചിരിയോടെ എന്നെ ഒന്ന് അടിമുടി നോക്കി.

"എന്താ പെണ്ണേ... എന്റെ കൂടെ ടൗണിലേക്ക് പോരുന്നോ കത്ത് വാങ്ങാൻ?"

ഞാൻ കുസൃതിയോടെ ചോദിച്ചു.

അതുകേട്ട് അവൾ ആ വലിയ നീലക്കണ്ണുകൾ ഒന്ന് ഉരുട്ടി. എന്നിട്ട് ദാവണിത്തുമ്പ് വിരലിലിട്ട് ചുറ്റിക്കൊണ്ട് ചോദിച്ചു.

"ഏയ്... കല്യാണക്കത്ത് അച്ചടിച്ചത് വാങ്ങാൻ എവിടെയെങ്കിലും വധു പോവാറുണ്ടോ? അതൊക്കെ ചെക്കനും കൂട്ടുകാരും കൂടി പോയി വാങ്ങേണ്ടതാ... ആദി വേഗം പോയിട്ട് ആ കത്ത് വാങ്ങിക്കൊണ്ട് വാ.

എനിക്ക് ആദ്യമേ കാണണം നമ്മ്ടെ പേരുകൾ അതിൽ അച്ചടിച്ചുവന്നത്."

അവളുടെ ആ മറുപടി കേട്ട് എനിക്ക് ചിരിവന്നു.

"അതിനെന്താ... ഞാൻ വേഗം വാങ്ങി വരാം. നീ ഉമ്മറത്ത് തന്നെ നിന്നോ,"

അവളുടെ ആ കുറുമ്പ് നിറഞ്ഞ കണ്ണുകളിലേക്ക് നോക്കി ഒന്നുകൂടി ചിരിച്ചിട്ട് ഞാൻ വേഗം പുറത്തേക്കിറങ്ങി.

മുറ്റത്ത് സച്ചുച്ചേട്ടൻ ബുള്ളറ്റ് സ്റ്റാർട്ട് ചെയ്ത് കാത്തുനിൽപ്പുണ്ടായിരുന്നു. ഞാൻ വേഗം പിന്നിൽ കയറിയിരുന്നു. ബുള്ളറ്റിന്റെ വലിയ ശബ്ദം ആ മുറ്റത്തെ പണിക്കാർക്കിടയിലൂടെ കീറിമുറിച്ചുകൊണ്ട് മുന്നോട്ട് കുതിച്ചു.

ഇന്ദ്രനീലം തറവാടിന്റെ പടിപ്പുര കടന്ന് ടൗണിലേക്കുള്ള ആ യാത്രയിൽ സച്ചുച്ചേട്ടൻ വണ്ടിയിലിരുന്ന് സംസാരിക്കുന്നുണ്ടായിരുന്നു.

"എടാ ആദീ... ഇന്നലെ നമ്മൾ ടൗണിൽ വെച്ച് അയാളെ കണ്ട കാര്യം ഓർത്ത് നീയിപ്പോ പേടിക്കാനൊന്നും നിൽക്കണ്ട ട്ടോ. നമ്മൾ കൂടെയുണ്ടല്ലോ.

കല്യാണത്തിന്റെ ഈ സമയത്ത് അവൻ വല്ല പ്രശ്നത്തിനും വന്നാൽ അപ്പൊ കാണിച്ചുകൊടുക്കാം."

സച്ചുച്ചേട്ടൻ വണ്ടി ഓടിക്കുന്നതിനിടയിൽ ഗൗരവത്തോടെ പറഞ്ഞു.

"അതൊന്നും ഓർത്ത് ഞാനിപ്പോ വിഷമിക്കുന്നില്ല ചേട്ടാ... ഇപ്പൊ എന്റെ മനസ്സിൽ കത്ത് വാങ്ങണം, ഇന്നുതന്നെ എല്ലാവർക്കും കൊടുത്ത് തുടങ്ങണം എന്നുള്ള ചിന്ത മാത്രേ ഉള്ളൂ."

കാറ്റിലൂടെ എന്റെ ശബ്ദം ചേട്ടനിലേക്ക് എത്തി.

ടൗണിലെ തിരക്കുകൾക്കിടയിലൂടെ വണ്ടി ആ പഴയ പ്രസ്സിന്റെ മുന്നിൽ ചെന്നുനിന്നു. ഞങ്ങൾ അകത്തേക്ക് കയറുമ്പോൾ പ്രസ്സുടമ രാഘവേട്ടൻ അവിടെ വലിയൊരു കെട്ട് കത്തുകൾ അടുക്കിവെക്കുന്ന തിരക്കിലായിരുന്നു.

"ആഹ്... ആദി വന്നോ? ഞാൻ ഇപ്പൊ സച്ചുവിനെ വിളിക്കാൻ ഇരിക്കുവായിരുന്നു. നിങ്ങളുടെ കത്തുകൾ ഇപ്പൊ പ്രിന്റ് ചെയ്ത് കഴിഞ്ഞതേയുള്ളൂ, എല്ലാം അടുക്കി വെക്കുവാരുന്നു,"

രാഘവേട്ടൻ ഞങ്ങളെ കണ്ടതും വലിയ സന്തോഷത്തോടെ പറഞ്ഞു.

"എന്തായി രാഘവേട്ടാ... എല്ലാം നമ്മൾ പറഞ്ഞപോലെ തന്നെ ഭംഗിയായിട്ട് അടിച്ചില്ലേ?"

സച്ചുച്ചേട്ടൻ ഒരു കസേരയിലേക്ക് ഇരുന്നുകൊണ്ട് ചോദിച്ചു.

"പിന്നില്ലാതെ... ഇന്ദ്രനീലം തറവാട്ടിലെ പെൺകുട്ടിയുടെ കല്യാണമല്ലേ. നമ്മൾ അതിൽ കുറവൊന്നും വരുത്തിയിട്ടില്ല. ഇതൊന്ന് നോക്കിക്കേ..."

രാഘവേട്ടൻ ആ വലിയ കെട്ടിൽ നിന്നും ഒരെണ്ണം എടുത്ത് എന്റെ നേർക്ക് നീട്ടി.

ചുവപ്പും സ്വർണ്ണ നിറവും കലർന്ന ആ മനോഹരമായ കത്ത് ഞാൻ പതുക്കെ തുറന്നു.

അതിലെ സ്വർണ്ണലിപികളിൽ അച്ചടിച്ച ആ വരികളിൽ എന്റെ കണ്ണുകൾ ഉടക്കിനിന്നു.

'ഇന്ദ്രനീലം തറവാട്ടിലെ ശ്രീ. കൃഷ്ണമൂർത്തിയുടെയും ശ്രീമതി. ഭദ്രയുടെയും മകൾ പാർവണയും... ആദിത്യനാഥും തമ്മിലുള്ള വിവാഹം...'

അതിന് താഴെയായി വല്ലാതെ തിളങ്ങിനിൽക്കുന്ന ആ ഇംഗ്ലീഷ് അക്ഷരങ്ങൾ...

Parvana weds Adhithyanadh

എന്റെ പേരിനൊപ്പം അവളുടെ പേര് അങ്ങനെ അച്ചടിച്ചുവന്നത് കണ്ടപ്പോൾ എന്റെ നെഞ്ചിലൊരു കുളിര് കോരി. അതുവരെ കണ്ട സ്വപ്നങ്ങളെല്ലാം ആ ഒരൊറ്റ കടലാസ് തുണ്ടിൽ യാഥാർത്ഥ്യമായി മാറിയതുപോലെ എനിക്ക് തോന്നി.

ഒരു ക്ഷണക്കത്തിന് ഇത്രയും വലിയൊരു സന്തോഷം തരാൻ കഴിയുമെന്ന് ഞാനന്ന് തിരിച്ചറിയുകയായിരുന്നു.

"എങ്ങനെയുണ്ട് ആദീ? ഡിസൈൻ ഒക്കെ ഇഷ്ടപ്പെട്ടോ?"

രാഘവേട്ടന്റെ ചോദ്യം കേട്ടാണ് ഞാൻ ആ ചിന്തയിൽ നിന്നുണർന്നത്.

"വളരെ നന്നായിട്ടുണ്ട് രാഘവേട്ടാ... പറഞ്ഞതിനേക്കാൾ ഭംഗിയുണ്ട് കാണാൻ,"

ഞാൻ നിറഞ്ഞ ചിരിയോടെ പറഞ്ഞു. സച്ചുച്ചേട്ടനും കത്ത് നോക്കി സന്തോഷത്തോടെ തലകുലുക്കി.

കൊടുക്കാനുള്ള ബാക്കി പൈസയും കൊടുത്ത്, 800 കത്തുകളടങ്ങുന്ന ആ വലിയ കെട്ടുകളുമായി ഞങ്ങൾ പ്രസ്സിൽ നിന്നും പുറത്തേക്കിറങ്ങി. കനമുള്ള ആ പെട്ടികൾ ബുള്ളറ്റിന്റെ ടാങ്കിനു മുകളിലും എന്റെ മടിയിലുമായി വെച്ച് ഞങ്ങൾ തിരികെ യാത്ര തിരിച്ചു.

പടിപ്പുര കടന്ന് ബുള്ളറ്റ് മുറ്റത്തേക്ക് കയറുമ്പോൾ തന്നെ, വണ്ടിയുടെ ശബ്ദം കേട്ട് എല്ലാവരും ഉമ്മറത്തേക്ക് വന്നിരുന്നു. മുറ്റത്തെ പന്തലിന്റെ പണികൾക്കിടയിലൂടെ വണ്ടി നിർത്തിയതും, സച്ചുച്ചേട്ടൻ കനമുള്ള ആ പെട്ടികൾ ഇറക്കി ഉമ്മറത്തെ വലിയ തൂണിനരികിലേക്ക് കൊണ്ടുപോയി വെച്ചു.

എന്റെ കണ്ണുകൾ ആദ്യം തിരഞ്ഞത് അവളെയാണ്. ഉമ്മറപ്പടിയിൽ, ആ വാതിലിനോട് ചേർന്ന് എന്റെ വരവും കാത്ത് നിൽപ്പുണ്ടായിരുന്നു അവൾ. എന്നെ കണ്ടതും അവളുടെ ചുണ്ടിലൊരു വലിയ ചിരി വിടർന്നു, ഒപ്പം ആ നീലക്കണ്ണുകളിൽ വല്ലാത്തൊരു ആകാംക്ഷയും.

"എന്താടാ സച്ചു... കത്തൊക്കെ നമ്മൾ പറഞ്ഞപോലെ തന്നെ അച്ചടിച്ചു വന്നില്ലേ?"

മുത്തശ്ശന്റെ ചാരുകസേരയുടെ അരികിൽ നിന്നും അമ്മാവൻ ഇറങ്ങിവന്നുകൊണ്ട് ചോദിച്ചു.

"എല്ലാം ഗംഭീരമായിട്ട് തന്നെ വന്നിട്ടുണ്ട് അമ്മാവാ..."

എന്ന് പറഞ്ഞുകൊണ്ട് സച്ചുച്ചേട്ടൻ ആ പെട്ടിയുടെ മുകളിലെ കെട്ടഴിച്ചു. പെട്ടി തുറന്നപ്പോൾ തന്നെ അച്ചടിയുടേതായ ആ പുതിയ ഗന്ധം ഉമ്മറത്തേക്ക് പടർന്നു.

ഞാൻ അതിൽ നിന്നും ആദ്യത്തെ കത്തെടുത്ത് നേരെ പാർവണയുടെ അടുത്തേക്ക് നടന്നു. എല്ലാവരുടെയും മുന്നിൽ വെച്ച് അത് അവൾക്ക് നേരെ നീട്ടുമ്പോൾ എന്റെ ഹൃദയം വല്ലാതെ മിടിക്കുന്നുണ്ടായിരുന്നു.

അവൾ വലിയൊരു നാണത്തോടെ അത് വാങ്ങി പതുക്കെ തുറന്നു. ചുവപ്പും സ്വർണ്ണ നിറവും കലർന്ന ആ മനോഹരമായ കടലാസിലെ അക്ഷരങ്ങളിലൂടെ അവളുടെ കണ്ണുകൾ ഓടിനടന്നു.

ഒടുവിൽ, താഴെ സ്വർണ്ണലിപികളിൽ തിളങ്ങിനിൽക്കുന്ന ആ വാക്കുകളിൽ—'പാർവണ weds ആദിത്യനാഥ്'—അവളുടെ നോട്ടം ഉടക്കിനിന്നു.

അവളുടെ കവിളുകൾക്ക് അപ്പോൾ ആ ക്ഷണക്കത്തിലെ ചുവപ്പിനേക്കാൾ നിറമുണ്ടായിരുന്നു. സന്തോഷം കൊണ്ട് അവളുടെ കണ്ണുകൾ ചെറുതായി നിറയുന്നത് ഞാൻ കണ്ടു.

അപ്പോഴേക്കും പെട്ടിയിൽ നിന്ന് ഓരോരുത്തരും കത്തുകൾ എടുത്തു തുടങ്ങിയിരുന്നു.

"അച്ചടിച്ചത് വളരെ ഭംഗിയായിട്ടുണ്ട്. നമ്മൾ ഉദ്ദേശിച്ചതിനേക്കാൾ ഗാംഭീര്യം ഈ ഡിസൈനിനുണ്ട്,"

കത്ത് വായിച്ചുനോക്കിക്കൊണ്ട് അമ്മാവൻ പറഞ്ഞു.

"അതെ, ആ ചുവപ്പിൽ സ്വർണ്ണ ലിപികൾ കാണാൻ നല്ല ഐശ്വര്യമുണ്ട്,"

ഭദ്ര ആന്റിയും അത് ശരിവെച്ചു.

ഇതിനിടയിലാണ് അനഘ ചേച്ചി വലിയൊരു ആവേശത്തോടെ അങ്ങോട്ട് വന്നത്.

"എന്നാ പിന്നെ ഒരു കത്ത് വേഗം എനിക്ക് ഇങ്ങോട്ട് തന്നേ. ഞാൻ എന്റെ ഡ്യൂട്ടി അങ്ങ് തുടങ്ങട്ടെ,"

എന്ന് പറഞ്ഞ് ചേച്ചി ഒരു കത്ത് കയ്യിലെടുത്തു. എന്നിട്ട് നേരെ പൂമുഖത്തെ പടികളിലിരുന്ന് ഫോണെടുത്ത് അതിന്റെ നല്ലൊരു ഫോട്ടോ എടുത്തു.

"അമ്മേ... അപ്പൊ ഞാൻ ദൂരെയുള്ള ബന്ധുക്കൾക്കും, നമ്മ്ടെ സ്വന്തക്കാർക്കും എല്ലാവർക്കും കത്ത് വാട്സാപ്പിൽ അയക്കാൻ തുടങ്ങുവാണേ..."

ചേച്ചി ഫോണിൽ ടൈപ്പ് ചെയ്യുന്നതിനിടയിൽ പറഞ്ഞു.

"ആഹ്... എല്ലാവർക്കും അയച്ചോ. നമ്മ്ടെ കുടുംബത്തിലുള്ള ഗ്രൂപ്പിലേക്കും ഇട്ടേക്ക്. കൂടെ ഒരു കാര്യവും കൂടി പ്രത്യേകം വോയ്സ് മെസ്സേജ് ആയിട്ട് പറഞ്ഞോണം.

ദൂരെയുള്ളവരെ നേരിട്ട് വന്ന് വിളിക്കാൻ സമയം ഇല്ലാത്തതുകൊണ്ടാണ് വാട്സാപ്പിൽ കത്തയക്കുന്നതെന്നും, ഇതൊരു നേരിട്ടുള്ള വിളിയായി കരുതി എല്ലാവരും കല്യാണത്തിന് തലേദിവസം തന്നെ പാലക്കാട് ഇന്ദ്രനീലം തറവാട്ടിലേക്ക് എത്തണമെന്നും പറയണം കേട്ടോ,"

അമ്മ ഓർമ്മിപ്പിച്ചു.

"അതൊക്കെ ഞാൻ ഗംഭീരമായിട്ട് ഒരു വോയ്സ് ഇട്ട് വിട്ടിട്ടുണ്ട് അമ്മേ. ദാ, കട്ടാക്കടയിലുള്ള

രാജീവ് അങ്കിളിനും മീര ആന്റിക്കും ഒക്കെ ഇപ്പൊ മെസ്സേജ് പോയി. അവരൊക്കെ വോയിസ് കേട്ടിട്ട് വലിയ സന്തോഷത്തിലാ. എല്ലാവരും ഇരുപത്തേഴാം തീയതിക്ക് മുൻപ് തന്നെ ഇങ്ങെത്തും എന്ന് പറയുന്നുണ്ട്,"

ഫോണിൽ നിന്നും കണ്ണെടുക്കാതെ, എല്ലാവർക്കും കത്ത് ഫോർവേഡ് ചെയ്യുന്ന തിരക്കിൽ ചേച്ചി പറഞ്ഞു.

ചേച്ചി പറഞ്ഞതുകേട്ട് എല്ലാവരും വലിയ സന്തോഷത്തിലായി. ഡിജിറ്റൽ യുഗത്തിന്റെ ഈ വേഗതയിലും, ആ വലിയ തറവാടിന്റെ സ്നേഹവും ഊഷ്മളതയും ആ മെസ്സേജുകളിലൂടെ എല്ലാവരിലേക്കും എത്തുന്നുണ്ടായിരുന്നു.

"ശരി... ഫോണിലൂടെയുള്ള വിളി അനഘ ഗംഭീരമായിട്ട് നടത്തുന്നുണ്ട്. ഇനി നമുക്ക് നേരിട്ട് പോയി വിളിക്കാനുള്ളവരുണ്ടല്ലോ. സച്ചൂ... ആദീ... നിങ്ങൾ വേഗം പോയി ഭക്ഷണം കഴിക്ക്.

നമുക്ക് വേഗം ഇറങ്ങണം. ആദ്യം നമ്മുടെ പടിപ്പുര കടന്ന് ആ വല്ല്യേട്ടന്റെ വീട്ടിൽ പോയി കത്ത് കൊടുത്ത് തുടങ്ങാം. പിന്നെ അമ്പലത്തിലെ തിരുമേനിക്കും കൊടുക്കണം,"

അമ്മാവൻ പരിപാടികൾ കൃത്യമായി പ്ലാൻ ചെയ്തു.

ഞാൻ തലകുലുക്കി സമ്മതിച്ചു. എന്നിട്ട് പാർവണയെ ഒന്ന് നോക്കി. കയ്യിലിരുന്ന ആ ആദ്യത്തെ ക്ഷണക്കത്ത് അപ്പോഴും നെഞ്ചോട് ചേർത്തുപിടിച്ച്, ആ ഉമ്മറത്തെ തൂണിനരികിൽ തന്നെ നിൽക്കുകയായിരുന്നു അവൾ...

**

നാട്ടുകാരെയും സ്വന്തക്കാരെയുമെല്ലാം നേരിൽ കണ്ട് കല്യാണക്കത്ത് കൊടുക്കുന്ന വലിയ തിരക്കുകളിലായിരുന്നു പിന്നീടുള്ള ദിവസങ്ങൾ. സച്ചുച്ചേട്ടന്റെ ബുള്ളറ്റിന് പിന്നിലിരുന്നും അമ്മാവന്മാർക്കൊപ്പവും നാടുമുഴുവൻ ഓടിനടന്ന് എല്ലാവരെയും ക്ഷണിക്കുന്നതിനിടയിൽ, ആ ദിവസങ്ങൾ ഒരു കാറ്റുപോലെ കടന്നുപോയത് ഞാൻ അറിഞ്ഞതേയില്ല.

കല്യാണത്തിന് ഇനി വെറും രണ്ട് ദിവസങ്ങൾ മാത്രം ബാക്കി. ഇന്ദ്രനീലം തറവാടാകെ ഇപ്പോൾ വലിയൊരു ഉത്സവപ്പറമ്പ് പോലെയാണ്. മുറ്റത്തെ കൂറ്റൻ പന്തലിൽ മുഴുവൻ വർണ്ണവിളക്കുകൾ തെളിഞ്ഞു കഴിഞ്ഞു.

ബന്ധുക്കളും നാട്ടുകാരുമൊക്കെയായി തറവാട്ടിൽ എങ്ങും ആളുകളുടെ വലിയൊരു ബഹളമാണ്. അടുക്കളപ്പുറത്ത് നിന്നുള്ള പായസത്തിന്റെ മധുരഗന്ധം ആ രാത്രിയിലെ ഇളംകാറ്റിൽ മുറ്റത്താകെ ഒഴുകിനടക്കുന്നുണ്ടായിരുന്നു.

പന്തലിലെ വർണ്ണവിളക്കുകളുടെ ഭംഗി നോക്കി ഉമ്മറത്തെ തിണ്ണയിൽ നിൽക്കുമ്പോഴാണ്, ആ വലിയ ആൾക്കൂട്ടത്തിനിടയിൽ നിന്നും മാറി അവൾ എന്റെ അടുത്തേക്ക് വന്നത്.

കടും പച്ച നിറത്തിലുള്ള ഒരു പട്ടുപാവാടയായിരുന്നു വേഷം. അവൾ പതിയെ എന്റെ തൊട്ടടുത്തായി വന്ന് പന്തലിലെ തിരക്കുകളിലേക്ക് തന്നെ നോക്കി നിന്നു.

"എന്താ പെണ്ണേ... ആ വലിയ ബഹളങ്ങൾക്കിടയിൽ നിന്നും ഇങ്ങോട്ട് മാറിയത്?"

ഞാൻ അവളുടെ മുഖത്തേക്ക് നോക്കി ചോദിച്ചു.

"അത്... വെറുതെ..."

എന്നെ നോക്കാതെ തന്നെ അവൾ പറഞ്ഞു. എന്നിട്ട് വലിയൊരു നെടുവീർപ്പോടെ, പതുക്കെ ആ പാലക്കാടൻ ഈണത്തിൽ അവൾ കൂട്ടിച്ചേർത്തു.

"ആദീ... നമ്മ്ടെ വേളിക്ക് ഇനി വെറും രണ്ട് ദിവസങ്ങൾ കൂടിയല്ലേ ഉള്ളൂ..."

അവളുടെ ആ ചോദ്യത്തിൽ ചെറിയൊരു പരിഭ്രമവും ഒപ്പം വലിയൊരു സന്തോഷവും ഒളിഞ്ഞിരിക്കുന്നതുപോലെ എനിക്ക് തോന്നി. ഞാൻ വലിയൊരു ചിരിയോടെ അവളുടെ നേർക്ക് തിരിഞ്ഞുനിന്നു.

"അതെ പെണ്ണേ... ഇനി വെറും രണ്ട് ദിവസത്തെ കാത്തിരിപ്പ് മാത്രം. അത് കഴിഞ്ഞാൽ പിന്നെ ഈ ഇന്ദ്രനീലം തറവാട്ടിലെ പാർവണ, എന്റെ മാത്രമാവും."

അതുകേട്ട് അവൾ എന്നെ നോക്കി പതുക്കെ ചിരിച്ചു. അവളുടെ ആ വലിയ നീലക്കണ്ണുകളിൽ പന്തലിലെ വർണ്ണവിളക്കുകളുടെ വെളിച്ചം പ്രതിഫലിക്കുന്നുണ്ടായിരുന്നു.

"എനിക്ക് വല്ലാത്തൊരു നെഞ്ചിടിപ്പാ ആദീ... ദിവസങ്ങൾ ഇങ്ങനെ ഓടിപ്പോകുമ്പോ, ഉള്ളിലെന്തോ വലിയൊരു പേടിപോലെ..."

അവൾ വിരലുകൾ പരസ്പരം പിണച്ചുകൊണ്ട് പറഞ്ഞു.

"എന്തിനാ എന്റെ പെണ്ണ് പേടിക്കുന്നത്?"

മുറ്റത്ത് നിൽക്കുന്ന ആരും ശ്രദ്ധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തി, ഞാൻ അവളുടെ വിരലുകളിലേക്ക് എന്റെ കൈകൾ ചേർത്തുപിടിച്ചു.

"ഈ തറവാടിന്റെ പടിയിറങ്ങുന്നത് നീ ഒറ്റയ്ക്കല്ലല്ലോ... എന്റെ കൈപിടിച്ചല്ലേ. തിരുവനന്തപുരത്തെ നമ്മുടെ പുതിയ ലോകത്ത് നിനക്കായി എന്തൊക്കെ സന്തോഷങ്ങളാ കാത്തിരിക്കുന്നതെന്ന് അറിയാമോ?

പിന്നെ ഈ കല്യാണച്ചെക്കൻ കൂടെയുള്ളപ്പോ നിനക്കെന്താ ഇത്ര പേടി?"

എന്റെ ആ വാക്കുകളിൽ അവൾക്ക് വലിയൊരു ആശ്വാസം ലഭിച്ചതുപോലെ തോന്നി. എന്റെ കയ്യിലെ പിടി ഒന്നുകൂടി മുറുക്കി അവൾ എന്റെ നെഞ്ചോരം ചേർന്നുനിന്നു.

കല്യാണത്തലേന്നത്തെ സായാഹ്നം. ഇന്ദ്രനീലം തറവാട് അക്ഷരാർത്ഥത്തിൽ വലിയൊരു ഉത്സവപ്പറമ്പായി മാറിയിരുന്നു. മുറ്റത്ത് കെട്ടിയ വലിയ പന്തലിൽ അലങ്കാരപ്പണികളെല്ലാം പൂർത്തിയായി. കുരുത്തോലകളും വാഴപ്പിണ്ടിയും വെച്ചലങ്കരിച്ച പന്തലിലെ വർണ്ണവിളക്കുകൾ സന്ധ്യയുടെ വരവറിയിച്ചുകൊണ്ട് മിന്നിത്തിളങ്ങിത്തുടങ്ങിയിരുന്നു.

അടുക്കളപ്പുറത്ത് നിന്നുള്ള സദ്യവട്ടങ്ങളുടെയും പായസത്തിന്റെയും കൊതിയൂറുന്ന മണം ആ തറവാട്ടുമുറ്റത്താകെ ഒഴുകിനടക്കുന്നുണ്ട്. ഉമ്മറത്തും പന്തലിലുമായി ബന്ധുക്കളുടെയും നാട്ടുകാരുടെയും വലിയൊരു കടൽ തന്നെയുണ്ട്.

എങ്ങും കൂട്ടച്ചിരികളും, തമാശകളും, ഓടിനടക്കുന്ന കുട്ടികളുടെ കളിയാക്കലുകളും മാത്രം. വരാനിരിക്കുന്ന വലിയൊരു മംഗളമുഹൂർത്തത്തിന്റെ സന്തോഷം അവിടെയുള്ള ഓരോരുത്തരുടെയും മുഖത്ത് കാണാമായിരുന്നു.

പന്തലിലെ കാര്യങ്ങൾ നോക്കിനടക്കുന്നതിനിടയിലാണ്, പടിപ്പുര കടന്ന് മുറ്റത്തേക്ക് ഒരു വെളുത്ത കാർ വന്നുനിന്നത്. കാറിന്റെ ഡോർ തുറന്ന് പുറത്തേക്കിറങ്ങിയത് സച്ചുച്ചേട്ടന്റെ അച്ഛൻ ദിനേശൻ മാമനും ഭാര്യ രേവതി ആന്റിയുമാണ്.

സച്ചുച്ചേട്ടൻ അല്പം മുൻപ് ഏതോ സാധനം വാങ്ങാനായി ടൗണിലേക്ക് പോയതേയുള്ളൂ. ഞാൻ വേഗം ചിരിച്ചുകൊണ്ട് അവരുടെ അടുത്തേക്ക് ചെന്നു.

എന്നെ കണ്ടതും ദിനേശൻ മാമന്റെ മുഖത്ത് വലിയൊരു സന്തോഷം വിരിഞ്ഞു. കാറിന്റെ ഡിക്കിയിൽ നിന്നുള്ള സാധനങ്ങളെടുക്കാൻ വന്ന ഡ്രൈവറോട് അത് ഉമ്മറത്ത് വെക്കാൻ പറഞ്ഞിട്ട് മാമൻ എന്റെ നേർക്ക് നടന്നുവന്നു.

"ആഹാ! ഇതാരാ നിൽക്കുന്നത്! നമ്മുടെ കല്യാണച്ചെക്കൻ ഇന്ദ്രനീലം തറവാട്ടിലെ പന്തലിൽ വലിയ രാജാവിനെപ്പോലെ തിളങ്ങി നിൽക്കുവാണല്ലോ!"

മാമൻ വലിയൊരു പൊട്ടിച്ചിരിയോടെ എന്റെ തോളിൽ തട്ടിക്കൊണ്ട് പറഞ്ഞു.

അതുകേട്ട് രേവതി ആന്റി എന്റെ അടുത്തേക്ക് വന്ന് എന്റെ കവിളിൽ പതുക്കെ തലോടിക്കൊണ്ട് വലിയൊരു വാത്സല്യത്തോടെ പറഞ്ഞു.

"സത്യമായിട്ടും ആദീ... നിന്നെ കണ്ടിട്ട് എനിക്ക് പെട്ടെന്ന് മനസ്സിലായില്ല. ആകെ മാറിയല്ലോ. മുഖത്തൊക്കെ നല്ല കല്യാണത്തിളക്കം വന്നിട്ടുണ്ടല്ലോ... അല്ല, നമ്മുടെ സച്ചു എവിടെ?

അവൻ രാവിലെ മുതൽ ഇവിടെ ഓടിനടക്കുകയാണെന്ന് പറഞ്ഞിട്ട് ഇടയ്ക്ക് വിളിച്ചിരുന്നല്ലോ."

"സച്ചുച്ചേട്ടൻ ഇപ്പൊ ദാ ടൗൺ വരെ ഒന്ന് പോയതേയുള്ളൂ ആന്റീ... കുറച്ച് സാധനങ്ങൾ കൂടി വാങ്ങാൻ ഉണ്ടായിരുന്നു. എന്തായാലും നിങ്ങൾ വരാൻ ഇത്ര വൈകിയത് എന്താ? ഉച്ചയ്ക്ക് തന്നെ എത്തുമെന്നല്ലേ പറഞ്ഞിരുന്നത്?"

ഞാൻ അവരുടെ കയ്യിലുണ്ടായിരുന്ന ചെറിയ ബാഗുകൾ വാങ്ങിക്കൊണ്ട് ചോദിച്ചു.

"അത് പറയണ്ട ആദീ... തിരുവനന്തപുരത്ത് നിന്ന് ഇറങ്ങിയപ്പോൾ തന്നെ ലേറ്റായി. പിന്നെ വരുന്ന വഴിക്ക് ചെറിയൊരു ട്രാഫിക്കും. എന്തായാലും നമ്മൾ കൃത്യസമയത്ത് തന്നെ എത്തിയില്ലേ.

പിന്നെ നമ്മുടെ ചെക്കന്റെ കല്യാണമല്ലേ, അത്യാവശ്യം ഒരുക്കങ്ങളൊക്കെ ഞങ്ങൾക്കും വേണ്ടേ?"

ദിനേശൻ മാമൻ വീണ്ടും കുസൃതിയോടെ ചിരിച്ചു.

എന്നിട്ട് പന്തലിലേക്കും ഉമ്മറത്തെ തിരക്കുകളിലേക്കും ഒന്ന് കണ്ണോടിച്ചിട്ട് മാമൻ വളരെ ഗൗരവത്തിൽ പറഞ്ഞു.

"എന്തായാലും കാര്യങ്ങളൊക്കെ വളരെ ഗംഭീരമായിട്ട് തന്നെ നടക്കുന്നുണ്ടല്ലോ ആദീ. നിന്റെ കല്യാണം നമ്മൾ വിചാരിച്ചതിലും വലിയൊരു സംഭവമാകും. സച്ചുവും പിള്ളേരും ബാക്കി കാര്യങ്ങളൊക്കെ കൃത്യമായിട്ട് നോക്കുന്നുണ്ടല്ലോ അല്ലേ?"

"അതൊക്കെ സച്ചുച്ചേട്ടന്റെ കൺട്രോളിൽ തന്നെയാ മാമാ. ചേട്ടനുള്ളതുകൊണ്ട് എനിക്കിപ്പോ വേറെ ഒരു ടെൻഷനുമില്ല. നിങ്ങൾ എന്തായാലും വേഗം അകത്തേക്ക് നടക്ക്. അമ്മയും അമ്മായിമാരും എല്ലാവരും ഉമ്മറത്ത് തന്നെയുണ്ട്,"

ഞാൻ അവരെയും കൂട്ടി ഉമ്മറത്തേക്ക് നടന്നു.

ഉമ്മറത്തേക്ക് കയറുമ്പോൾ തന്നെ ബന്ധുക്കൾക്കൊപ്പം ചിരിച്ചുസംസാരിച്ചിരിക്കുന്ന പാർവണയെ അവർ കണ്ടു.

മൈലാഞ്ചിയിട്ട കൈകൾ കൊണ്ട് ദാവണിത്തുമ്പ് പിടിച്ച്, ആ വലിയ കൂട്ടച്ചിരികൾക്കിടയിൽ നാണത്തോടെ ഇരിക്കുന്ന അവളെ കണ്ടപ്പോൾ രേവതി ആന്റിയുടെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞു.

"നോക്കിക്കേ ദിനേശേട്ടാ... നമ്മുടെ ആദിയുടെ പെണ്ണിനെ കാണാൻ എന്തൊരു ഐശ്വര്യമാ,"

ആന്റി മാമനോട് പതുക്കെ പറയുന്നത് ഞാൻ കേട്ടു.

ആ വലിയ ജനക്കൂട്ടത്തിനിടയിലൂടെ അവരെയും കൂട്ടി ഞാൻ അകത്തേക്ക് കയറുമ്പോൾ, അവിടെയാകെ ഉയർന്നുകേൾക്കുന്ന ആ വലിയ ബഹളങ്ങൾക്കും മേലെ എന്റെ ഹൃദയത്തിൽ പ്രണയത്തിന്റെ വലിയൊരു ചെണ്ടമേളം മുഴങ്ങുന്നുണ്ടായിരുന്നു.

നാളെ ഈ നിമിഷം അവൾ എന്റേതായിരിക്കുമെന്ന ചിന്ത എന്റെ ഓരോ രക്തയോട്ടത്തിലും ഒരു പുതിയ താളമുണ്ടാക്കിയിരുന്നു.

ഹാളിലേക്ക് കയറിച്ചെല്ലുമ്പോൾ, അവിടെ കല്യാണത്തിനുള്ള എന്തൊക്കെയോ സാധനങ്ങൾ മാറ്റിവെക്കുന്ന തിരക്കിലായിരുന്നു അമ്മയും അനഘ ചേച്ചിയും. അപ്പോഴാണ് ജനക്കൂട്ടത്തിനിടയിലൂടെ വരുന്ന ഞങ്ങളെ അമ്മ കണ്ടത്.

കയ്യിലിരുന്ന സാധനങ്ങൾ താഴെ വെച്ച്, മുഖത്ത് വലിയൊരു സന്തോഷത്തോടെ, എന്നാൽ ചെറിയൊരു പരിഭവത്തിന്റെ സ്വരത്തിൽ അമ്മ ഞങ്ങൾക്ക് നേരെ നടന്നുവന്നു.

"ആഹാ... മുഖ്യാതിഥികൾ ഇപ്പോഴാണോ ഇങ്ങോട്ട് എഴുന്നള്ളുന്നത്?"

അമ്മ കുസൃതിയോടെ ചോദിച്ചു.

"ഉച്ചയ്ക്ക് ഇങ്ങെത്തുമെന്ന് പറഞ്ഞിട്ട്... ദാ, സച്ചു രാവിലെ തൊട്ട് ഇവിടെ കിടന്ന് ഓടുവാ. നിങ്ങളെയും നോക്കി വരാന്തയിലിരുന്ന് എന്റെ കണ്ണ് കഴച്ചു ദിനേശേട്ടാ."

അമ്മയുടെ ആ ഡയലോഗ് കേട്ടതും അനഘ ചേച്ചിയും വലിയ ആവേശത്തിൽ അങ്ങോട്ടേക്ക് വന്നു. രേവതി ആന്റിയുടെ കയ്യിൽ സ്നേഹത്തോടെ പിടിച്ചുകൊണ്ട് ചേച്ചി പറഞ്ഞു.

"അതെ... അമ്മ പറഞ്ഞതാ ശരി. ആന്റിയെയും കൂട്ടി ഇത്രയും ലേറ്റായി വന്നതിന് പിഴയായിട്ട് നാളത്തെ കല്യാണസദ്യയുടെയും പന്തലിലെയും മേൽനോട്ടം മുഴുവൻ അമ്മാവനാണ്.

എത്ര വലിയ കാരണവരായാലും ശരി, ആ ഡ്യൂട്ടി വേറെ ആർക്കും ഞാൻ വിട്ടുതരില്ല."

ചേച്ചിയുടെയും അമ്മയുടെയും ആ പരിഭവം കേട്ട് ദിനേശൻ മാമൻ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു. എന്നിട്ട് അമ്മയെ നോക്കി പറഞ്ഞു.

"പിന്നല്ലാതെ... കല്യാണച്ചെക്കന്റെ അമ്മയുടെയും പെങ്ങളുടെയും ഈ അധികാരവും ഗമയുമൊക്കെ ഒന്ന് മാറിനിന്ന് കാണാൻ വേണ്ടി മനപ്പൂർവ്വം ഞങ്ങൾ കുറച്ചൊന്ന് വൈകിയതാ ഭാമേ...

അല്ലെങ്കിലും ഇവന്റെ കല്യാണം ഉറപ്പിച്ച അന്ന് തൊട്ട്, ചടങ്ങുകൾ എങ്ങനെയൊക്കെ ഗംഭീരമാക്കണം എന്ന് പ്ലാൻ ചെയ്ത് വല്ലാത്തൊരു ഓട്ടത്തിലായിരുന്നല്ലോ നീ. ആ ആവേശമൊക്കെ അവസാനത്തെ ഈ നിമിഷങ്ങളിൽ എങ്ങനെയുണ്ടെന്ന് ഒന്ന് നേരിട്ട് കാണണമല്ലോ.

പിന്നെ അനഘക്കുട്ടി പറഞ്ഞ ആ പിഴ ഞാൻ അങ്ങോട്ട് സന്തോഷത്തോടെ ഏറ്റു. നാളത്തെ കാര്യങ്ങളൊക്കെ ഈ ദിനേശൻ നോക്കിക്കോളാം... പോരേ?"

രേവതി ആന്റി നിറഞ്ഞ ചിരിയോടെ അമ്മയെ കെട്ടിപ്പിടിച്ചു.

"വരുന്ന വഴിക്ക് വല്ലാത്ത ട്രാഫിക് ആയിരുന്നു ഭാമേ, അതാ ഇത്രയും വൈകിയത്. എന്തായാലും ഇന്ദ്രനീലം തറവാട്ടിലെ കാര്യങ്ങളൊക്കെ ഗംഭീരമായിട്ട് തന്നെ നടക്കുന്നുണ്ടല്ലോ."

"എല്ലാം ഒരുവിധം ഒതുങ്ങി രേവതീ... നിങ്ങളിങ്ങനെ നിൽക്കാതെ അകത്തേക്ക് വാ,"

അമ്മ അവരെ സ്നേഹത്തോടെ അകത്തേക്ക് ക്ഷണിച്ചു.അമ്മായിമാരും ഭദ്ര ആന്റിയുമൊക്കെ ബന്ധുക്കളോട് കുശലംപറഞ്ഞു ചിക്കുകയാണ്.

ആ വലിയ തറവാട്ടിലെ നിലവിളക്കിന്റെ വെളിച്ചത്തേക്കാൾ വലിയൊരു പ്രകാശം എന്റെ മനസ്സിൽ നിറയുന്നുണ്ടായിരുന്നു. വരാനിരിക്കുന്ന ആ മനോഹരമായ

ജീവിതത്തിലേക്കുള്ള വലിയൊരു അനുഗ്രഹമായാണ് ആ കൂട്ടിച്ചിരികളെ ഞാൻ അപ്പോൾ നോക്കിക്കണ്ടത്.

കിഴക്ക് വെള്ളകീറും മുൻപേ ഇന്ദ്രനീലം തറവാട് ഉണർന്നിരുന്നു. പന്തലിൽ നിന്നും ഉയർന്നുകേൾക്കുന്ന നാദസ്വരത്തിന്റെ മംഗളനാദവും, ഇടതടവില്ലാതെ വരുന്ന ബന്ധുക്കളുടെ സംസാരവും ആ വലിയ ദിവസത്തിന്റെ വരവറിയിച്ചു.

മുറ്റത്ത് വാഴപ്പിണ്ടിയും കുരുത്തോലയും കൊണ്ട് അലങ്കരിച്ച പന്തലിൽ വർണ്ണവിളക്കുകൾ പ്രകാശിച്ചുനിൽപ്പുണ്ട്. എല്ലാവർക്കും ഒരേയൊരു ചിന്ത മാത്രം—ഇന്ദ്രനീലത്തിലെ കുട്ടികളുടെ കല്യാണമാണ്, ഒരുക്കങ്ങളിൽ ഒട്ടും കുറവ് വരാൻ പാടില്ല.

രാവിലെ തന്നെ പടിപ്പുര കടന്ന് രണ്ട് കാറുകൾ മുറ്റത്തേക്ക് വന്നുനിന്നു. അതിരാവിലെ തന്നെ എത്തുമെന്ന് പറഞ്ഞ വാക്ക് തെറ്റിക്കാതെ എന്റെ ചങ്ങാതിമാർ എത്തിക്കഴിഞ്ഞിരുന്നു!

വിഷ്ണു, വിശാഖ്, അശ്വിൻ, രോഹിത്... ഒപ്പം മാളവികയും ദേവികയും കാവ്യയും. കല്യാണവീടിന്റെ എല്ലാ ആലസ്യവും മാറ്റി വലിയൊരു ആവേശത്തോടെയാണ് അവർ വന്നിറങ്ങിയത്.

ആൺപിള്ളേർ നേരെ എന്റെ തെക്കിനി മുറിയിലേക്കും, പെൺകുട്ടികൾ പാർവണ ഒരുങ്ങുന്ന വലിയ മുറിയിലേക്കും ഓടി.

എന്റെ തെക്കിനി മുറിയിൽ എന്നെ കല്യാണച്ചെക്കനായി അണിയിച്ചൊരുക്കാനുള്ള ചുമതല സച്ചുച്ചേട്ടനും അമ്മാവന്മാർക്കുമായിരുന്നു. കുളിച്ചുവന്ന എന്റെ കയ്യിലേക്ക് ഇളം കസവുള്ള മുണ്ടും പട്ടുഷർട്ടും വെച്ചുതന്നുകൊണ്ട് ദിനേശൻ മാമൻ പറഞ്ഞു.

"വേഗം ഉടുക്കാൻ നോക്ക് ചെറുക്കാ... അവിടെ മുഹൂർത്തത്തിന് സമയമാകാറായി. പെണ്ണുങ്ങളുടെ ഒരുക്കമൊക്കെ ഏതാണ്ട് കഴിയാറായിട്ടുണ്ടാവും."

സച്ചുച്ചേട്ടൻ എന്റെ മുടി ചീകിയൊതുക്കി, കയ്യിൽ വാച്ചും കെട്ടിത്തന്ന് പെർഫ്യൂം അടിക്കുന്നതിനിടയിലാണ് വലിയൊരു ബഹളത്തോടെ വിഷ്ണുവും കൂട്ടരും അങ്ങോട്ടേക്ക് കയറിവന്നത്.

"ഡാ അളിയാ...! എന്താ ഗ്ലാമർ! ഈ കസവുമുണ്ടും പട്ടുഷർട്ടും ഒക്കെ ഇട്ടപ്പോ നമ്മ്ടെ ആദി ശരിക്കുമൊരു തറവാട്ടു കാരണവരെപ്പോലെ ഉണ്ടല്ലോ!"

വിഷ്ണു വലിയൊരു പൊട്ടിച്ചിരിയോടെ എന്റെ തോളിൽ അടിച്ചു.

"പിന്നില്ലാതെ... ഇവനിപ്പോ വെറും ആദിയല്ല, ഇന്ദ്രനീലം തറവാട്ടിലെ മരുമകനാ... അപ്പൊ ആ ഒരു ഗമയൊക്കെ മുഖത്ത് കാണണം,"

അശ്വിൻ എന്നെ നോക്കി കള്ളച്ചിരിയോടെ പറഞ്ഞു. രോഹിത്തും വിശാഖും അത് ശരിവെച്ചു.

അവരുടെ ആ ബഹളം കേട്ട് ശ്രീനാരായണൻ അമ്മാവനും ഹരിനാരായാനാൻ അമ്മാവനും ചിരിച്ചുകൊണ്ട് പറഞ്ഞു.

"അതെന്തായാലും അശ്വിൻ പറഞ്ഞത് ശരിയാ. ഈ വേഷത്തിൽ ഇവനെ കാണാൻ നമ്മ്ടെ പഴയ കാരണവന്മാരുടെ ഒരു ഗാംഭീര്യം തന്നെയുണ്ട്. എന്തായാലും പാർവണക്കുട്ടി ഭാഗ്യം ചെയ്തവളാ..."

ചങ്ങാതിമാരുടെ ആ സ്നേഹവും തമാശകളും കേട്ട് എന്റെയുള്ളിലെ ടെൻഷൻ പതുക്കെ മാറുന്നുണ്ടായിരുന്നു.

അതേസമയം, അകത്തെ നടുമുറ്റത്തിന് അടുത്തുള്ള ആ വലിയ ഹാളിൽ പെണ്ണുങ്ങളുടെ വലിയൊരു ലോകം തന്നെയായിരുന്നു. അവിടെ വലിയൊരു നിലക്കണ്ണാടിക്ക് മുന്നിൽ ഇരിക്കുകയാണ് എന്റെ പാർവണ.

അനഘ ചേച്ചിയും അഞ്ജലി ചേച്ചിയും കൂടിയാണ് അവളുടെ മുടിയും മേക്കപ്പും ചെയ്യുന്നത്. ആ വലിയ കാർമുകിൽ മുടി പിന്നിക്കെട്ടി അതിൽ നിറയെ മുല്ലപ്പൂക്കൾ വെച്ചുകൊടുക്കുന്നതിനിടയിലാണ് മാളവികയും ദേവികയും കാവ്യയും അങ്ങോട്ടേക്ക് വന്നത്.

"ഹൊ! ഞങ്ങടെ കൂട്ടുകാരന്റെ പെണ്ണിനെ കാണാൻ എന്തൊരു ഭംഗിയാ..." കാവ്യ ഓടിച്ചെന്ന് പാർവണയുടെ കവിളിൽ പതുക്കെ തലോടി. മാളവികയും ദേവികയും അവളുടെ ചുറ്റും കൂടി.

"സത്യം പറയാലോ പാർവണേ... ഈ കുങ്കുമ നിറമുള്ള കാഞ്ചീപുരം പട്ടുസാരിയും ഉടുത്ത് നീ മണ്ഡപത്തിലേക്ക് വരുമ്പോഴേക്കും, അപ്പുറത്ത് നിൽക്കുന്ന നമ്മ്ടെ ആദിയുടെ ബോധം പോകും, നോക്കിക്കോ!"

ദേവിക അത് പറഞ്ഞതും, കണ്ണാടിയിലൂടെ അവരെ നോക്കി നാണത്തോടെ പാർവണ ഒന്നു ചിരിച്ചു.

അപ്പോഴേക്കും ആഭരണപ്പെട്ടികളുമായി സാവിത്രി അമ്മായിയും രമ അമ്മായിയും അങ്ങോട്ടേക്ക് വന്നു.

"ദേ... പെൺപിള്ളേരെ, അവൾക്കിനി സ്വർണ്ണമൊക്കെ ഇട്ടുകൊടുക്കട്ടെ. മുഹൂർത്തത്തിന് സമയമാകുന്നു,"

എന്ന് പറഞ്ഞുകൊണ്ട് സാവിത്രി അമ്മായി ആ വലിയ പാലക്കാമാല അവളുടെ കഴുത്തിലേക്ക് അണിയിച്ചു.

പിന്നാലെ രമ അമ്മായി ലക്ഷ്മിരൂപം പതിപ്പിച്ച കാശുമാലയും, നീളമുള്ള മുല്ലമൊട്ടുമാലയും ഇട്ടുകൊടുത്തു.

"ഈ നെറ്റിചുട്ടിയും ജിമിക്കിയും കൂടി വെക്കുമ്പോഴാ നമ്മ്ടെ കുട്ടിയുടെ മുഖത്തിന് ഒരു ഐശ്വര്യം വരുന്നത്,"

രമ അമ്മായി അവളുടെ കവിളിൽ പതുക്കെ തൊട്ടു.

മുത്തശ്ശി കൊടുത്ത ആ പഴയ കാപ്പുവള അവളുടെ വലതുകയ്യിൽ വല്ലാതെ തിളങ്ങുന്നുണ്ടായിരുന്നു. വങ്കിയിലകളും, പാദസരങ്ങളുമെല്ലാം അണിഞ്ഞ്, കുങ്കുമപ്പട്ടുടുത്ത് നിൽക്കുന്ന അവളെ കണ്ടപ്പോൾ രേവതി ആന്റി അത്ഭുതത്തോടെ പറഞ്ഞു.

"സാക്ഷാൽ ലക്ഷ്മിദേവി ഇന്ദ്രനീലം തറവാട്ടിലേക്ക് ഇറങ്ങിവന്നതുപോലെയുണ്ട് നമ്മുടെ കുട്ടിയെ കാണാൻ. കണ്ണുകിട്ടാതിരിക്കാൻ വേഗം ഒരു കറുത്ത പൊട്ട് വെച്ചുകൊടുക്ക് അനഘേ..."

അനഘ ചേച്ചി വേഗം ഒരു ചെറിയ കറുത്ത പൊട്ട് അവളുടെ ചെവിയുടെ പിന്നിലായി തൊട്ടുകൊടുത്തു.

ഇതെല്ലാം കണ്ടുകൊണ്ട് മുറിയുടെ വാതിൽക്കൽ നിറകണ്ണുകളോടെ നിൽക്കുകയായിരുന്നു ഭദ്ര ആന്റി. സ്വന്തം മകൾ സർവ്വാഭരണവിഭൂഷിതയായി മറ്റൊരു വീട്ടിലേക്ക് പോകാൻ ഒരുങ്ങിനിൽക്കുന്ന ആ വലിയ നിമിഷം ആ അമ്മയുടെ നെഞ്ചിൽ വല്ലാത്തൊരു സങ്കടവും അതിലേറെ സന്തോഷവും നിറച്ചിരുന്നു.

ഭദ്ര ആന്റിയുടെ കണ്ണുകൾ നിറഞ്ഞത് കണ്ട്, എന്റെ അമ്മ

ഓടിച്ചെന്ന് ആന്റിയുടെ തോളിലൂടെ കയ്യിട്ടു.

"കരയാതെ ഭദ്രേ... ഇന്ന് നമ്മുടെ കുട്ടിക്ക് ഏറ്റവും വലിയ സന്തോഷത്തിന്റെ ദിവസമാ. നീയിങ്ങനെ കണ്ണുനിറഞ്ഞാൽ അവൾക്കും സങ്കടമാകും. നോക്കിക്കേ അവളെ... എത്ര സുന്ദരിയായിട്ടാ നിൽക്കുന്നതെന്ന്,"

അമ്മ വലിയൊരു വാത്സല്യത്തോടെ ഭദ്ര ആന്റിയെ ആശ്വസിപ്പിച്ചു. എന്നിട്ട് പാർവണയുടെ അടുത്തേക്ക് ചെന്ന് അവളുടെ നെറുകയിൽ പതുക്കെ ചുംബിച്ചു. തനിക്ക് കിട്ടാൻ പോകുന്ന പുതിയ അമ്മയുടെ ആ സ്നേഹചുംബനത്തിൽ അവൾ അമ്മയെ ചേർത്തുപിടിച്ചു.

ഇതിനിടയിൽ പൂമുഖത്തെ വലിയ ചാരുകസേരകളിൽ ഇരിക്കുകയായിരുന്ന മുത്തശ്ശനും മുത്തശ്ശിയും ഈ ബഹളങ്ങളെല്ലാം നോക്കിക്കാണുന്നുണ്ടായിരുന്നു. പട്ടുസാരിയും

കസവുമുണ്ടും ഉടുത്ത് അങ്ങോട്ടും ഇങ്ങോട്ടും ഓടുന്ന ബന്ധുക്കളെ നോക്കി മുത്തശ്ശി ചോദിച്ചു.

"നമ്മുടെ കുട്ടികളുടെ ഒരുക്കങ്ങൾ ഒക്കെ എന്തായി? മുഹൂർത്തത്തിന് സമയമാകുന്നു..."

"രണ്ടാളും റെഡിയായി മുത്തശ്ശീ... ദേ ഞങ്ങളുടെ കല്യാണച്ചെക്കൻ അങ്ങ് ഉഷാറായിട്ട് വരുന്നുണ്ട്,"

സച്ചുച്ചേട്ടനും കൂട്ടുകാരും മാമന്മാരും ചേർന്ന് എന്നെ പൂമുഖത്തേക്ക് കൂട്ടിക്കൊണ്ടുവന്നു.

കസവണിഞ്ഞ്, കഴുത്തിൽ വലിയൊരു തുളസിമാലയുമിട്ട് പൂമുഖത്തേക്ക് വന്ന ഞാൻ നേരെ പോയി മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കാൽക്കൽ വീണ് നമസ്കരിച്ചു.

"ദീർഘായുസ്സായിരിക്കട്ടെ “

എന്ന് പറഞ്ഞ് മുത്തശ്ശി എന്നെ അനുഗ്രഹിച്ചു.

നാദസ്വരത്തിന്റെ ശബ്ദം അപ്പോൾ പന്തലിൽ ഉച്ചത്തിൽ മുഴങ്ങുന്നുണ്ടായിരുന്നു. അകത്തെ മുറിയിൽ, സർവ്വാഭരണവിഭൂഷിതയായി, നാണവും നെഞ്ചിടിപ്പുമായി എന്റെ വധു ആ വലിയ നിമിഷത്തിനായി കാത്തിരിക്കുന്നുണ്ടായിരുന്നു.

പ്രണയവും സൗഹൃദവും കുടുംബബന്ധങ്ങളുടെ സ്നേഹവുമെല്ലാം വല്ലാതെ പൂത്തുനിൽക്കുന്ന ആ മംഗളമുഹൂർത്തത്തിലേക്ക് ഇന്ദ്രനീലം തറവാട് അതിന്റെ പൂർണ്ണതയോടെ നടന്നടുക്കുകയായിരുന്നു....

മുറ്റത്തെ പന്തലിലേക്ക് ഞാൻ നടക്കുമ്പോൾ നാദസ്വരവും തകിലും അതിന്റെ ഏറ്റവും ഉയർന്ന ശ്രുതിയിലായിരുന്നു. സ്വർണ്ണവർണ്ണമുള്ള തോരണങ്ങളും, സുഗന്ധം പരത്തുന്ന ആയിരക്കണക്കിന് മുല്ലപ്പൂക്കളും കുരുത്തോലകളും കൊണ്ട് അലങ്കരിച്ച വലിയൊരു മണ്ഡപം.

നടുവിലായി എരിയുന്ന നിലവിളക്കും, അരികിലായി പൂജാദ്രവ്യങ്ങളും വെച്ചിട്ടുണ്ട്. മണ്ഡപത്തിലേക്ക് കയറി ഞാൻ ആ വലിയ പീഠത്തിൽ വന്നിരുന്നു.

എതിർവശത്തായി തിരുമേനി ഇരിപ്പുണ്ട്. എനിക്ക് ചുറ്റുമായി സച്ചുച്ചേട്ടനും, വിഷ്ണുവും കൂട്ടുകാരും, അമ്മാവന്മാരുമെല്ലാം വലിയൊരു കോട്ടപോലെ നിൽപ്പുണ്ട്. പൂജാരിയുടെ മന്ത്രോച്ചാരണങ്ങൾ ആ പന്തലാകെ മുഴങ്ങി കേൾക്കാം.

അല്പനേരത്തിനകം തറവാട്ടിന്റെ ഉമ്മറത്തുനിന്നും ആളുകൾ രണ്ടുവശത്തേക്കും മാറിവഴിമാറുന്നത് ഞാൻ കണ്ടു. എന്റെ ശ്വാസമൊന്ന് നിന്നു. തോഴിമാരുടെയും, അനഘ ചേച്ചിയുടെയും അഞ്ജലി ചേച്ചിയുടെയും നടുവിൽ, സാക്ഷാൽ ലക്ഷ്മിദേവിയെപ്പോലെ അവൾ നടന്നുവരികയാണ്.

കടും കുങ്കുമ നിറമുള്ള ആ കാഞ്ചീപുരം പട്ടുസാരിയിൽ, കഴുത്തിൽ നിറയെ സ്വർണ്ണാഭരണങ്ങളണിഞ്ഞ്, തലകുനിച്ച് വല്ലാത്തൊരു നാണത്തോടെ അവൾ നടന്നടുക്കുമ്പോൾ, ചിലമ്പുന്ന ആ പാദസരങ്ങളുടെ നാദം എന്റെ ഹൃദയമിടിപ്പിന്റെ താളമായിരുന്നു.

മണ്ഡപത്തിലേക്ക് കയറി അവൾ എന്റെ വലതുവശത്തായി വന്നിരുന്നു. നാണത്താൽ ചുവന്ന ആ മുഖത്ത് നിന്നും ഒരുനിമിഷം പോലും കണ്ണെടുക്കാൻ എനിക്ക് കഴിഞ്ഞില്ല.

എന്റെ സാമീപ്യം അറിഞ്ഞതുകൊണ്ടാകാം, അവളുടെ ശ്വാസത്തിന്റെ വേഗത കൂടിയിരിക്കുന്നത് എനിക്ക് കാണാമായിരുന്നു.

തിരുമേനിയുടെ മന്ത്രോച്ചാരണങ്ങൾക്കും പന്തലിലെ ബഹളങ്ങൾക്കുമിടയിൽ ഇന്ദ്രനീലം തറവാട് ആ വലിയ മുഹൂർത്തത്തിനായി കാത്തുനിന്നു.

നിലവിളക്കിലെ അഗ്നി സാക്ഷിയായി അദ്ദേഹം പൂജകൾ ഓരോന്നായി ചെയ്തുതീർത്തു. ഒടുവിൽ, മന്ത്രോച്ചാരണങ്ങൾ നിർത്തി പൂജാരി എന്നെ നോക്കി നിറഞ്ഞ പുഞ്ചിരിയോടെ പറഞ്ഞു.

"നല്ല മുഹൂർത്തമായി... ഇനി ഈ താലിയെടുത്ത് വധുവിന്റെ കഴുത്തിൽ അണിയിച്ചോളൂ..."

അത്രയും പറഞ്ഞ്, വെറ്റിലപ്പാക്കുകൾക്കും പൂക്കൾക്കും നടുവിലായി വെച്ച, മഞ്ഞച്ചരടിൽ കോർത്ത ആ താലിമാല തിരുമേനി വലിയൊരു അനുഗ്രഹത്തോടെ എന്റെ കയ്യിലേക്ക് വെച്ചുതന്നു.

പന്തലിലെ നാദസ്വരം പെട്ടെന്ന് കെട്ടിമേളത്തിലേക്ക് മാറി. നാലുപാടുനിന്നും കുരവകളും വായ്ക്കുരവകളും മുഴങ്ങി. ഞാൻ ആ താലിയുമായി ഇരിപ്പിടത്തിൽ നിന്നും പതുക്കെ എഴുന്നേറ്റ് അവളുടെ നേർക്ക് തിരിഞ്ഞുനിന്നു.

വരാനിരിക്കുന്ന ആ വലിയ നിമിഷത്തിന്റെ പൂർണ്ണതയിൽ അവൾ ഇരുകൈകളും നെഞ്ചോട് ചേർത്ത് കൂപ്പി, കണ്ണുകളടച്ച് വലിയൊരു പ്രാർത്ഥനയോടെ എന്റെ മുന്നിൽ ഇരുന്നു.

ആ നീലക്കണ്ണുകളുടെ കോണിൽ ഒരു തുള്ളി കണ്ണുനീർ വന്ന് തിളങ്ങുന്നുണ്ടായിരുന്നു; ജനിച്ചുവളർന്ന വീടുവിട്ട് എന്റെ ലോകത്തേക്ക് വരാൻ പോകുന്ന ഒരു പെൺകുട്ടിയുടെ സന്തോഷവും സങ്കടവും കലർന്ന കണ്ണുനീർ.

അനഘ ചേച്ചിയും അഞ്ജലി ചേച്ചിയും ഭദ്ര ആന്റിയും പതുക്കെ അവളുടെ പിന്നിലായി വന്ന് നിന്നു. അനഘ ചേച്ചി വളരെ സ്നേഹത്തോടെ, മുല്ലപ്പൂക്കൾ ചൂടിയ അവളുടെ ആ നീണ്ട കാർമുകിൽ മുടിയിഴകൾ പതുക്കെ രണ്ടുകൈകൾ കൊണ്ടും മുകളിലേക്ക് ഉയർത്തിപ്പിടിച്ചു തന്നു.

അവളുടെ ആ വെളുത്ത കഴുത്ത് എന്റെ മുന്നിൽ തെളിഞ്ഞുവന്നു.

വിറയ്ക്കുന്ന കൈകളോടെ, പ്രാർത്ഥനയോടെ കൂപ്പുകൈകളുമായി ഇരിക്കുന്ന എന്റെ പ്രാണന്റെ കഴുത്തിലേക്ക് ആ മഞ്ഞച്ചരടിൽ കോർത്ത താലി ഞാൻ അണിയിച്ചു. താലിച്ചരട് പിടിച്ച എന്റെ വിരലുകൾ അവളുടെ കഴുത്തിൽ പതുക്കെ സ്പർശിച്ചപ്പോൾ, വല്ലാത്തൊരു കുളിരോടെ ആ ദേഹമൊന്ന് പൂത്തുലയുന്നത് ഞാൻ അറിഞ്ഞു.

ആദ്യത്തെ കെട്ട് ഞാൻ പൂർത്തിയാക്കിയതും, പിന്നിൽ നിന്ന അനഘ ചേച്ചിയും ഭദ്ര ആന്റിയും ചേർന്ന് ബാക്കി കെട്ടുകളും ഭംഗിയായി പൂർത്തിയാക്കി.

ചുറ്റും നിന്ന ബന്ധുക്കളും എന്റെ സുഹൃത്തുക്കളും സ്നേഹത്തോടെയും വാത്സല്യത്തോടെയും ഞങ്ങൾക്കുമേൽ പൂക്കൾ വർഷിച്ചുകൊണ്ടിരുന്നു.

ഇന്ദ്രനീലം തറവാട്ടിലെ മുറ്റത്ത്, ആ വലിയ പന്തലിൽ വെച്ച് അവൾ പൂർണ്ണമായും എന്റേതായി മാറുകയായിരുന്നു. മന്ത്രകോടിയും പുടവയും കൈമാറി, അവളുടെ സീമന്തരേഖയിൽ ഞാൻ ചുവന്ന സിന്ദൂരം ചാർത്തുമ്പോൾ, അടഞ്ഞുകിടന്ന ആ കണ്ണുകൾ പതുക്കെ തുറന്ന് അവൾ ആദ്യമായി എന്നെ നോക്കി.

എന്റെ ജീവന്റെ പാതിയായി മാറിയതിന്റെ വലിയൊരു അവകാശവും പ്രണയവും ആ നോട്ടത്തിലുണ്ടായിരുന്നു. ഞാൻ ചിരിച്ചുകൊണ്ട് അവളുടെ നെറുകയിൽ പതിയെ ഒന്നു തലോടി.

പന്തലിലാകെ അപ്പോൾ അനുഗ്രഹങ്ങളുടെ വലിയൊരു പൂമഴ പെയ്യുന്നുണ്ടായിരുന്നു....

താലികെട്ടിന്റെ ആ വലിയ മുഹൂർത്തത്തിന് ശേഷം മണ്ഡപത്തിലെ പൂക്കളുടെയും ചന്ദനത്തിന്റെയും സുഗന്ധത്തിനിടയിൽ നിൽക്കുമ്പോൾ, എന്റെ കണ്ണുകൾ അവളിൽ തന്നെ തറഞ്ഞുനിന്നു. സിന്ദൂരം ചാർത്തിയ ആ സീമന്തരേഖയും, കഴുത്തിൽ കിടക്കുന്ന താലിച്ചരടും...

ഒരു നിമിഷം എന്റെ ഓർമ്മകൾ ആ പഴയ സ്വപ്നത്തിലേക്ക് പാറിപ്പോയി. ചുറ്റും കാടുകൾ കൊണ്ട് നിറഞ്ഞ ആ വഴിത്താരയിൽ, ഇളം നീലക്കണ്ണുകളും കരിവളകളുടെ കിലുക്കവുമായി ഓടിവന്ന ആ സുന്ദരിക്കുട്ടി!

അന്ന് എന്റെ മുഖത്തേക്ക് നോക്കി ആ ഇളം നീലക്കണ്ണുകളോടെ അവൾ പറഞ്ഞ വാക്കുകൾ എന്റെ കാതുകളിൽ വീണ്ടും മുഴങ്ങി

"എപ്പോഴോ എന്നെ കാണാൻ വരുന്നേ... ഞാൻ കാത്തിരിക്കും ട്ടോ...".

ആ സ്വപ്നത്തിൽ കണ്ട അതേ മുഖം, കാതുകളിൽ അന്ന് കണ്ട അതേ ചെറിയ ജിമിക്കി കമ്മലുകൾ... ഇന്നവൾ എന്റെ മാത്രം പാതിയായി, എന്റെ ഭാര്യയായി ഇതാ തൊട്ടുമുന്നിൽ നിൽക്കുന്നു.

കാലം എനിക്കായി കാത്തുവെച്ച ആ വലിയ അത്ഭുതം ഓർത്ത് എന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞുപോയി.

"എന്താ ആദീ... എന്താ ഇങ്ങനെ നോക്കണേ? കണ്ണെന്താ നിറഞ്ഞത്?"

മണ്ഡപത്തിലെ ബഹളങ്ങൾക്കിടയിലും എന്റെ മാറ്റം ശ്രദ്ധിച്ച അവൾ പതുക്കെ എന്റെ കൈത്തണ്ടയിൽ തൊട്ടുകൊണ്ട് ചോദിച്ചു.

ഞാൻ ചിരിച്ചുകൊണ്ട് അവളുടെ കയ്യിൽ മുറുകെ പിടിച്ചു.

"ഒന്നുമില്ല പെണ്ണേ... എന്റെ സ്വപ്നത്തിൽ വന്ന ആ കാട്ടുദേവതയെ എനിക്ക് സ്വന്തമായി കിട്ടിയല്ലോ എന്ന് ഓർത്തപ്പോൾ വെറുതെ..."

അതുകേട്ട് വല്ലാത്തൊരു നാണത്തോടെ അവൾ മുഖം താഴ്ത്തി. ആ വലിയ നീലക്കണ്ണുകളിൽ സന്തോഷം കൊണ്ട് ചെറിയൊരു നനവ് പടർന്നിട്ടുണ്ടായിരുന്നു.

"അല്ല... മണ്ഡപത്തിലുള്ളോരുടെ റൊമാൻസ് കഴിഞ്ഞെങ്കിൽ താഴേക്ക് ഇറങ്ങി വാ... കാരണവന്മാരുടെ അനുഗ്രഹം വാങ്ങണ്ടേ,"

സച്ചുച്ചേട്ടൻ താഴെ നിന്ന് വലിയൊരു ചിരിയോടെ വിളിച്ചുപറഞ്ഞപ്പോഴാണ് ഞങ്ങൾ യാഥാർത്ഥ്യത്തിലേക്ക് വന്നത്.

കൂടെനിന്ന വിഷ്ണുവും അശ്വിനും ബാക്കി കൂട്ടുകാരും അതേറ്റുപിടിച്ച് വലിയൊരു കൂട്ടച്ചിരി പാസാക്കി.

ഞങ്ങൾ പതുക്കെ മണ്ഡപത്തിൽ നിന്നും താഴേക്കിറങ്ങി. നേരെ പോയത് ഉമ്മറത്ത് വലിയൊരു സന്തോഷത്തോടെ ഇരിക്കുന്ന മുത്തശ്ശന്റെയും മുത്തശ്ശിയുടെയും അടുത്തേക്കാണ്. രണ്ടുപേരും ചേർന്ന് അവരുടെ കാലിൽ തൊട്ട് വന്ദിച്ചു.

"ദീർഘായുസ്സായിരിക്കട്ടെ എന്റെ കുട്ടികൾക്ക്... ആദിയുടെ കൂടെ എന്നും ഐശ്വര്യമായിട്ട് തന്നെയുണ്ടാകണം എന്റെ കുട്ടി..."

മുത്തശ്ശി പാർവണയുടെ നെറുകയിൽ തലോടിക്കൊണ്ട് നിറകണ്ണുകളോടെ പറഞ്ഞു.

മുത്തശ്ശനും നിറഞ്ഞ ചിരിയോടെ ഞങ്ങളെ അനുഗ്രഹിച്ചു.

അപ്പോഴേക്കും പന്തലിൽ നിന്നും വലിയൊരു ബഹളം കേട്ടുതുടങ്ങിയിരുന്നു. കല്യാണസദ്യ തുടങ്ങാനുള്ള ഒരുക്കമാണ്.

"എല്ലാവരും വേഗം പന്തിയിലേക്ക് ഇരിക്ക്... ആദ്യം തന്നെ വധൂവരന്മാർക്ക് ഇലയിട്,"

ചെറിയമ്മാവൻ ശ്രീനാരായണൻ പന്തലിലൂടെ ഓടിനടന്ന് വിളമ്പുകാർക്ക് നിർദ്ദേശം നൽകുന്നുണ്ടായിരുന്നു.

പന്തലിന്റെ നടുവിലായി ഇട്ടിരുന്ന വലിയൊരു മേശയ്ക്ക് മുന്നിൽ ഞങ്ങൾ രണ്ടുപേരും വന്നിരുന്നു. ഞങ്ങൾക്ക് ഇരുവശത്തുമായി സച്ചുച്ചേട്ടനും, അനഘ ചേച്ചിയും, അഞ്ജലി ചേച്ചിയും, പിന്നെ എന്റെ കൂട്ടുകാരും നിരന്നിരുന്നു.

വലിയ തൂശനിലയിൽ ചോറും കറികളും പലതരം പായസങ്ങളും വിളമ്പിക്കഴിഞ്ഞു.

"കഴിച്ചു തുടങ്ങിക്കോ ആദീ... രാവിലെ തൊട്ടുള്ള ഓട്ടവും ടെൻഷനുമല്ലേ, ഇനി വയറുനിറയെ സദ്യ കഴിക്ക്,"

വലിയമ്മാവൻ ഹരിനാരായണൻ വളരെ വാത്സല്യത്തോടെ എന്റെ അരികിൽ വന്ന് പറഞ്ഞു.

അപ്പോഴാണ് ഭദ്ര ആന്റിയും എന്റെ അമ്മയും അങ്ങോട്ടേക്ക് വന്നത്. രണ്ട് അമ്മമാരുടെയും മുഖത്ത് ജീവിതത്തിലെ ഏറ്റവും വലിയ സമാധാനം പൂത്തുനിൽക്കുന്നുണ്ടായിരുന്നു. അമ്മ വന്ന് പാർവണയുടെ തോളിൽ കയ്യിട്ടു.

"എന്താ മോളെ... നീ ഒന്നും കഴിക്കുന്നില്ലേ? ഇലയിൽ എല്ലാം അങ്ങനെ തന്നെ ഇരിക്കുന്നല്ലോ,"

അമ്മ സ്നേഹത്തോടെ ചോദിച്ചു.

"അവൾക്കെങ്ങനെ കഴിക്കാൻ പറ്റും അപ്പച്ചീ... ഇവൻ അവളുടെ മുഖത്തുനിന്ന് കണ്ണ് മാറ്റിയാലല്ലേ അവൾക്ക് ഇലയിലേക്ക് നോക്കാൻ പറ്റൂ..."

സച്ചുച്ചേട്ടൻ വീണ്ടും കുസൃതി ഒപ്പിച്ചു.

പാർവണ വല്ലാതെ ചമ്മിപ്പോയി. അവൾ വേഗം ചോറിലേക്ക് വിരലുകൾ വെച്ചു. കൂട്ടുകാരും ചേച്ചിമാരുമൊക്കെ വീണ്ടും ചിരി തുടങ്ങി.

"മതി സച്ചു... അവളെ കളിയാക്കാതെ. നീ കഴിക്ക് മോളെ,"

ഭദ്ര ആന്റി ചിരിച്ചുകൊണ്ട് സച്ചുച്ചേട്ടനെ വിലക്കി.

"അതെ ഭദ്രേ... ഇനിയിപ്പോ ഇവർ സദ്യ കഴിക്കട്ടെ. നമുക്കും പോയി കഴിക്കാം,"

എന്റെ അമ്മ ഭദ്ര ആന്റിയുടെ കൈപിടിച്ച് സ്നേഹത്തോടെ നടന്നുപോയി.

ഒരുപാട് സങ്കടങ്ങൾ അനുഭവിച്ച ആ രണ്ട് അമ്മമാരും തമ്മിലുള്ള ആ വലിയ ആത്മബന്ധം എന്റെ നെഞ്ചിൽ വല്ലാത്തൊരു കുളിർമ നിറച്ചു.

സദ്യയുടെ ബഹളങ്ങൾക്കും കൂട്ടുകാരുടെ കളിയാക്കലുകൾക്കും നടുവിൽ ഇരിക്കുമ്പോഴും, എന്റെ ഇടതുകൈ മേശയ്ക്കടിയിലൂടെ അവളുടെ വലതുകൈയുടെ വിരലുകളുമായി കോർത്തുപിടിച്ചിട്ടുണ്ടായിരുന്നു. അവളുടെ ആ സ്വർണ്ണവളകളുടെ നേർത്ത സ്പർശനം എന്റെ വിരലുകളിലറിയാം.

ഒരുപാട് നാളത്തെ കാത്തിരിപ്പിനും പ്രതിസന്ധികൾക്കുമൊടുവിൽ, ഇന്ദ്രനീലം തറവാട്ടിലെ ആ വലിയ പന്തലിൽ, എന്റെ സ്വപ്നത്തിലെ പെൺകുട്ടി എന്റെ സ്വന്തം പാർവണയായി മാറിയതിന്റെ വലിയൊരു ആഘോഷമായിരുന്നു ആ മംഗല്യസദ്യ.

കല്യാണസദ്യയുടെയും ബന്ധുക്കളുടെയും ആ വലിയ ബഹളങ്ങളെല്ലാം പതുക്കെ കെട്ടടങ്ങിത്തുടങ്ങിയിരുന്നു. ഉച്ചവെയിൽ ചരിഞ്ഞ് വൈകുന്നേരത്തിന്റെ നേർത്തൊരു സ്വർണ്ണനിറം ഇന്ദ്രനീലം തറവാടിന്റെ മുറ്റത്തേക്ക് വീണുതുടങ്ങി.

മംഗളകർമ്മങ്ങളെല്ലാം കഴിഞ്ഞ് തിരുവനന്തപുരത്തേക്ക് മടങ്ങാനുള്ള വാഹനങ്ങൾ പടിപ്പുരയ്ക്ക് പുറത്ത് തയ്യാറായി കിടപ്പുണ്ട്. പന്തലിലെ നാദസ്വരത്തിന്റെ സ്ഥാനത്ത് ഇപ്പോൾ വലിയൊരു മൂകതയാണ്. ജനിച്ചുവളർന്ന തറവാടും, സ്വന്തം ജീവനായ അമ്മയെയും അമ്മാവന്മാരെയും വിട്ട് അവൾ എന്റെ കൂടെ ഇറങ്ങാൻ പോകുന്ന ആ വലിയ നിമിഷത്തിന്റെ വല്ലാത്തൊരു മരവിപ്പ് അവിടെ നിൽക്കുന്ന ഓരോരുത്തരുടെ മുഖത്തുമുണ്ടായിരുന്നു.

വേഷമെല്ലാം മാറി, പോവാനായി ഉമ്മറത്തേക്ക് വന്ന പാർവണയുടെ കണ്ണുകൾ അപ്പോഴേക്കും നിറഞ്ഞുതുളുമ്പിയിരുന്നു. ഇതുവരെ പിടിച്ചുനിർത്തിയ സങ്കടങ്ങളെല്ലാം ഒറ്റയടിക്ക് അണപൊട്ടിയതുപോലെ, അവൾ നേരെ ഓടിച്ചെന്ന് ഭദ്ര ആന്റിയുടെ നെഞ്ചിലേക്ക് വീണ് പൊട്ടിക്കരഞ്ഞു.

"അമ്മേ..."

അവളുടെ ആ വിളിയിൽ ഒരു പെൺകുട്ടിക്ക് മാത്രം മനസ്സിലാകുന്ന വലിയൊരു നോവുണ്ടായിരുന്നു.

മകളുടെ ആ വിളി കേട്ടതും ഭദ്ര ആന്റിയുടെ സകല നിയന്ത്രണങ്ങളും നഷ്ടപ്പെട്ടു. അവർ ആ മകളെ ഇറുകെ കെട്ടിപ്പിടിച്ചു.

"എന്റെ കുട്ടി..... ഇത്രയും കാലം എന്റെ നിഴൽ പോലെ നടന്നവളല്ലേ നീ... ഇന്ന് നീ കൂടി ഈ പടിയിറങ്ങുമ്പോൾ ഈ തറവാട്ടിൽ അമ്മയ്ക്ക് ആരുണ്ടാവുമെടീ..."

ഭദ്ര ആന്റിയുടെ വാക്കുകൾ കണ്ണുനീരിൽ മുറിഞ്ഞുപോയി.

"ഇന്നെങ്കിലും ഈ കുങ്കുമപ്പട്ടുടുത്ത് എന്റെ കുട്ടി നിൽക്കുന്നത് കാണാൻ അവളുടെ അച്ഛൻ ഉണ്ടായിരുന്നെങ്കിൽ..."

ആ അമ്മയുടെ തേങ്ങൽ കേട്ട് ഉമ്മറത്തുനിന്ന എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞു. രമ അമ്മായിയും സാവിത്രി അമ്മായിയും സാരിത്തുമ്പുകൊണ്ട് കണ്ണുകൾ തുടച്ചു.

ഞാൻ വല്ലാതെ സങ്കടത്തോടെ എന്റെ അമ്മയെ നോക്കി.

അമ്മ പതുക്കെ മുന്നോട്ട് വന്ന് ഭദ്ര ആന്റിയുടെ തോളിലൂടെ കയ്യിട്ടു. വളരെ സ്നേഹത്തോടെ ആ അമ്മയെ തന്നിലേക്ക് ചേർത്തുപിടിച്ചു.

"കരയാതെ ഭദ്രേ... നീ ഇങ്ങനെ കണ്ണുനിറഞ്ഞാൽ ഇവൾ എങ്ങനെയാ സമാധാനമായിട്ട് എന്റെ കൂടെ വരിക?"

അമ്മ വളരെ വാത്സല്യത്തോടെ ഭദ്ര ആന്റിയുടെ കൈകളിൽ പിടിച്ചു.

"അവളുടെ അച്ഛന്റെ സ്ഥാനത്ത് നിന്ന് ഇത്രയും കാലം ഭദ്രയല്ലേ അവളെ പൊന്നുപോലെ നോക്കിയത്. എന്റെ മരുമകളായിട്ടല്ല ഭദ്രേ, എന്റെ അനഘയെപ്പോലെ സ്വന്തം മകളായിട്ട് തന്നെയാ ഞാൻ ഇവളെ കൊണ്ടുപോകുന്നത്.

എന്റെ ജീവനുള്ള കാലത്തോളം ഇവളുടെ കണ്ണ് നിറയാൻ ഞാൻ സമ്മതിക്കില്ല... നീ ധൈര്യമായിട്ട് അവളെ എന്റെ കയ്യിലേക്ക് താ."

അമ്മയുടെ ആ വാക്കുകളിലെ ആത്മാർത്ഥത ഭദ്ര ആന്റിക്ക് വലിയൊരു ആശ്വാസമായിരുന്നു. അവർ കണ്ണീരോടെ എന്റെ അമ്മയുടെ കൈകൾ കൂപ്പിപ്പിടിച്ചു.

പിന്നെ പാർവണ പതുക്കെ എഴുന്നേറ്റ്, ഉമ്മറത്തെ ചാരുകസേരയിൽ നിറകണ്ണുകളോടെ ഇരിക്കുന്ന മുത്തശ്ശന്റെയും മുത്തശ്ശിയുടെയും അടുത്തേക്ക് ചെന്നു.

രണ്ടുപേരുടെയും കാലിൽ തൊട്ട് അവൾ വന്ദിച്ചു.

"ഐശ്വര്യമായിട്ട് പോയിട്ട് വാ മോളെ... കുട്ടിയുടെ കൂടെ എന്നും നിനക്കൊരു തുണയായിട്ട് ഞങ്ങളുടെ പ്രാർത്ഥനയുണ്ടാവും,"

മുത്തശ്ശി വിറയ്ക്കുന്ന കൈകൾ കൊണ്ട് അവളുടെ നെറുകയിൽ തലോടി.

ഹരിനാരായണൻ അമ്മാവനും ശ്രീനാരായണൻ അമ്മാവനും എന്റെ അടുത്തേക്ക് വന്നു.

ഹരിനാരായണൻ അമ്മാവൻ എന്റെ തോളിൽ കൈവെച്ചു. ആ വലിയ ഗൗരവക്കാരന്റെ കണ്ണുകളും അപ്പോൾ ചുവന്നിരുന്നു.

"ഞങ്ങളുടെ ജീവനാ ആദീ അവൾ. അന്ന് ഈ ഉമ്മറത്തുവെച്ച് നീ അവൾക്ക് വേണ്ടി വാദിച്ച ആ ഒരൊറ്റ ഉറപ്പിലാ ഞങ്ങളിവളെ നിന്റെ കയ്യിൽ ഏൽപ്പിക്കുന്നത്. അവളെ നോക്കിക്കോണം..."

അമ്മാവന്റെ ശബ്ദം വല്ലാതെ ഇടറിയിരുന്നു.

"അമ്മാവാ, നിങ്ങളാരും ഒന്നിനെയും ഓർത്ത് പേടിക്കണ്ട. അവളെ എന്റെ ജീവനേക്കാൾ സ്നേഹിച്ച് ഞാൻ കൂടെ നിർത്തും. ഇതൊരു വാക്കാണ്,"

ഞാൻ അമ്മാവന്റെ കൈകളിൽ മുറുകെ പിടിച്ചുകൊണ്ട് പറഞ്ഞു.

"മ്മ്... ശരി, ഇനി അധികം നേരം നിന്ന് എല്ലാവരെയും കരയിപ്പിക്കണ്ട. നേരം വൈകുന്നു, നിങ്ങൾ ഇറങ്ങിക്കോ,"

ശ്രീനാരായണൻ അമ്മാവൻ സങ്കടം പുറത്തുകാണിക്കാതെ എല്ലാവരെയും യാത്രയാക്കാൻ ധൃതികൂട്ടി.

അനഘ ചേച്ചിയും സച്ചുച്ചേട്ടനും ചേർന്ന് പാർവണയെ പതുക്കെ പടിപ്പുരയിലേക്ക് കൂട്ടിക്കൊണ്ടുപോയി. പോകുന്ന വഴിയത്രയും അവൾ തിരിഞ്ഞുതിരിഞ്ഞ് ആ നാലുകെട്ടിലേക്കും, അവിടെ വിതുമ്പിനിൽക്കുന്ന അമ്മയിലേക്കും തന്നെ നോക്കുന്നുണ്ടായിരുന്നു.

പടിപ്പുര കടക്കുമ്പോൾ ഞാൻ അവളുടെ ആ തണുത്ത ഇടതുകൈകളിൽ എന്റെ വിരലുകൾ കോർത്തുപിടിച്ചു. ആ വലിയ സങ്കടത്തിനിടയിലും എന്റെ ആ സ്പർശനം അവൾക്കൊരു വലിയ ആശ്വാസമായിരുന്നു.

പടിപ്പുര കടന്ന് കാറിനടുത്തേക്ക് നടക്കുമ്പോൾ, കാറ്റിൽ അവളുടെ മുടിയിഴകൾ എന്റെ മുഖത്തേക്ക് പാറിവീണു. ഒരു നിമിഷം എന്റെ ഓർമ്മകൾ വീണ്ടും ആ പഴയ സ്വപ്നത്തിലേക്ക് പോയി.

കാടുകൾ നിറഞ്ഞ ആ വഴിത്താരയിൽ, ഇളകിയാടുന്ന മുടിയും ഇളം നീലക്കണ്ണുകളും കരിവളകളുടെ കിലുക്കവുമായി നിന്നിരുന്ന ആ അജ്ഞാത പെൺകുട്ടി!

അന്ന് എനിക്കായി കാത്തിരുന്ന എന്റെ കാട്ടുദേവത, ഇന്നിതാ പൂർണ്ണമായും എന്റേതായി, എന്റെ കൈപിടിച്ച് എന്റെ ലോകത്തേക്ക് നടന്നുവരികയാണ്. ഒരു സ്വപ്നം യാഥാർത്ഥ്യമാകുന്നതിന്റെ ഏറ്റവും വലിയ പൂർണ്ണത അവിടെയുണ്ടായിരുന്നു.

ഞങ്ങൾ കാറിലേക്ക് കയറി. വണ്ടി പതുക്കെ മുന്നോട്ട് നീങ്ങിത്തുടങ്ങിയപ്പോൾ അവൾ കാറിന്റെ ജനാലയിലൂടെ പുറത്തേക്ക് നോക്കി. പടിപ്പുരയ്ക്കൽ നിൽക്കുന്ന ഭദ്ര ആന്റിയും അമ്മായിമാരും പതുക്കെ ദൂരേക്ക് മാഞ്ഞുതുടങ്ങി.

അവൾ എന്റെ തോളിനടുത്തേക്ക് കൂടുതൽ ചേർന്നിരുന്നു. വിതുമ്പുന്ന ആ ചുണ്ടുകളെ എനിക്ക് കാണാമായിരുന്നു. ഞാൻ എന്റെ വലതുകൈ കൊണ്ട് അവളെ ഒന്നുകൂടി എന്റെ നെഞ്ചിലേക്ക് ചേർത്തുപിടിച്ചു.

കണ്ണീർപ്പൂക്കളുമായി ഇന്ദ്രനീലം തറവാട് പിന്നിലാവുമ്പോൾ, അവളുടെ ലോകം ഇനി എന്റെ നെഞ്ചിലെ ഈ ഇളം ചൂടിലേക്ക് പൂർണ്ണമായും പറിച്ചുനടപ്പെടുകയായിരുന്നു.....

പാലക്കാട് സ്റ്റേഷനിൽ നിന്നും തിരുവനന്തപുരത്തേക്കുള്ള ട്രെയിൻ പതുക്കെ നീങ്ങിത്തുടങ്ങി. സച്ചുച്ചേട്ടൻ ഞങ്ങൾ നാലുപേർക്കും കൂടി ഒരു എസി ക്യാബിനാണ് ബുക്ക് ചെയ്തിരുന്നത്.

ജനാലയ്ക്കരികിലിരുന്ന് പുറത്തെ ഇരുട്ടിലേക്ക് നോക്കിയിരിക്കുകയായിരുന്നു അവൾ. ജനിച്ചുവളർന്ന തറവാടും, സ്വന്തം അമ്മയെയും പ്രിയപ്പെട്ടവരെയും വിട്ടുപോന്നതിന്റെ സങ്കടം ആ മുഖത്ത് അപ്പോഴും ബാക്കിയുണ്ടായിരുന്നു.

ആ ഇളം നീലക്കണ്ണുകൾ നിറഞ്ഞിരിക്കുന്നത് കണ്ട് എന്റെ അമ്മ പതുക്കെ അവളുടെ അടുത്തേക്ക് വന്നിരുന്നു.

"കരയാതെ മോളെ..."

അമ്മ അവളുടെ കവിളിൽ വാത്സല്യത്തോടെ തലോടി.

"നിന്റെ അമ്മയേയും കുടുംബത്തെയും വിട്ടുപോരുന്നതിന്റെ സങ്കടം എനിക്ക് മനസ്സിലാവും. പക്ഷെ നിനക്ക് സ്വന്തമായിട്ട് ഇനി ഞങ്ങൾ കൂടെയില്ലേ. ഈ അമ്മയുള്ള കാലത്തോളം നിന്റെ കണ്ണ് നിറയാൻ ഞാൻ സമ്മതിക്കില്ല. ധൈര്യമായിട്ടിരിക്ക്."

അമ്മയുടെ ആ വാക്കുകളിൽ അവൾക്ക് വലിയൊരു ആശ്വാസം ലഭിച്ചതുപോലെ തോന്നി. അവൾ കണ്ണുനീർ തുടച്ചു.

"അമ്മേ, അവളിപ്പോ തന്നെ ഇന്നലത്തെയും ഇന്നത്തെയും ബഹളങ്ങൾ കാരണം ആകെ ക്ഷീണിച്ചു. നമ്മൾക്ക് മുകളിലത്തെ ബർത്തിലേക്ക് കിടക്കാം. ഇവര് താഴെ ഇരിക്കട്ടെ,"

എന്ന് പറഞ്ഞ് അനഘ ചേച്ചി അമ്മയെയും കൂട്ടി അപ്പർ ബർത്തിലേക്ക് കയറി.

കുറച്ചു കഴിഞ്ഞപ്പോൾ ക്യാബിനിലെ ലൈറ്റുകൾ അണഞ്ഞു. നീല നിറത്തിലുള്ള ചെറിയൊരു നൈറ്റ് ലാമ്പിന്റെ വെളിച്ചം മാത്രം. എസിയുടെ തണുപ്പും ഇരുട്ടിലൂടെ

പാഞ്ഞുപോകുന്ന ട്രെയിനിന്റെ താളവും ആ ചെറിയ മുറിക്കുള്ളിൽ വല്ലാത്തൊരു സിനിമാറ്റിക് ഫീൽ ഉണ്ടാക്കിയിരുന്നു.

മുകളിൽ അമ്മയും ചേച്ചിയും ഉറക്കത്തിലേക്ക് വീണു എന്ന് ഉറപ്പായപ്പോൾ, ഞാൻ പതുക്കെ അവളുടെ അടുത്തേക്ക് നീങ്ങിയിരുന്നു.

അവളുടെ ആ തണുത്ത ഇടതുകൈകൾ എന്റെ ഉള്ളംകയ്യിലെടുത്തു.

"ഇപ്പോഴും സങ്കടത്തിലാണോ എന്റെ പെണ്ണ്?"

ഞാൻ വളരെ പതുക്കെ ചോദിച്ചു.

അവൾ ഇല്ലെന്ന് തലയാട്ടി, എന്നിട്ട് എന്റെ തോളിലേക്ക് ചാഞ്ഞു. ആ മുഖം എന്റെ നെഞ്ചിലേക്ക് ഒതുക്കിവെച്ചു.

"അന്ന് നിന്നെത്തേടി ഞാൻ ആദ്യമായി പാലക്കാട്ടേക്ക് വന്നതും ഇതുപോലൊരു ട്രെയിനിലാ..."

അവളുടെ മുടിയിലൂടെ വിരലോടിച്ചുകൊണ്ട് ഞാൻ മന്ത്രിച്ചു.

"പക്ഷെ അന്ന് എന്റെ നെഞ്ചിൽ മുഴുവൻ, എന്റെ സ്വപ്നത്തിലെ ആ പെൺകുട്ടിയെ നേരിൽ കാണാൻ പറ്റുമോ എന്ന പേടിയും ആകാംക്ഷയുമായിരുന്നു. ഇന്നിപ്പോൾ നോക്കിക്കേ...

എന്റെ സ്വന്തം പാതിയായി അവൾ ദാ ഈ നെഞ്ചോരം ചേർന്നിരിപ്പുണ്ട്."

അത് കേട്ടപ്പോൾ അവളുടെ വിതുമ്പൽ പതുക്കെ മാറി അവിടെ ചെറിയൊരു ചിരി വിടർന്നു. എസിയുടെ തണുപ്പ് കൂടിയപ്പോൾ മുല്ലപ്പൂക്കളുടെയും അവളുടെ കുങ്കുമപ്പട്ടിന്റെയും ഗന്ധം എന്നിൽ വല്ലാത്തൊരു ലഹരിയുണ്ടാക്കി.

അവളുടെ ആ ഇളംചൂടുള്ള നിശ്വാസം എന്റെ കഴുത്തിൽ തട്ടുന്നുണ്ടായിരുന്നു. ഞാൻ പതുക്കെ എന്റെ വലംകൈ അവളുടെ അരക്കെട്ടിലൂടെ ചുറ്റി അവളെ എന്നിലേക്ക് ഒന്നുകൂടി അടുപ്പിച്ചു.ആ പഞ്ഞിമുലകൾ എന്റെ നെഞ്ചിൽ അമർന്നുഞ്ഞെരുങ്ങി.

എന്റെ വിരലുകൾ അവളുടെ കഴുത്തിലെ ആ മഞ്ഞച്ചരടിൽ കോർത്ത താലിയിൽ പതിയെ തലോടി.

എന്റെ സ്പർശനത്തിൽ അവളൊന്ന് ഞെട്ടി. ഞാൻ പതുക്കെ താടിയിൽ പിടിച്ച് അവളുടെ മുഖം എനിക്ക് നേരെ ഉയർത്തി. ആ നീലക്കണ്ണുകൾ പാതി അടഞ്ഞിരുന്നു.

ചുവന്ന അധരങ്ങൾ നേരിയ തോതിൽ വിറയ്ക്കുന്നുണ്ട്. എന്റെ അധരങ്ങൾ അവളുടെ ചുണ്ടുകളിലേക്ക് അമരാൻ പോയതും, പെട്ടെന്ന് അവൾ കണ്ണ് തുറന്നു. മുകളിലത്തെ ബർത്തിലേക്ക് ഒളിക്കണ്ണാൽ നോക്കി, അവളുടെ ഇരുകൈകളും എന്റെ നെഞ്ചിൽ പതിയെ വെച്ച് വല്ലാത്തൊരു നാണത്തോടെ അവളെന്നെ പുറകോട്ട് മാറ്റി.

"ആദീ..."

വളരെ നേർത്ത ശബ്ദത്തിൽ അവൾ വിളിച്ചു.

"എന്താ പെണ്ണേ...?"

ഞാൻ അവളുടെ കണ്ണുകളിലേക്ക് തന്നെ നോക്കി ചോദിച്ചു.

അവൾ മുഖം കുനിച്ച്, പതുക്കെ പറഞ്ഞു.

"ഇവിടെ വെച്ച് വേണ്ട ആദീ... അമ്മേം ചേച്ചീം ഉണരും... നമ്മ്ടെ വീട്ടിൽ ചെന്നിട്ട് മതി... നമ്മുടെ മണിയറയിൽ വെച്ച്..."

അവളുടെ ആ വാക്കും, മുഖത്തെ ആ കള്ളനാണവും കണ്ട് എന്റെ ഉള്ളിൽ വലിയൊരു സന്തോഷവും ചിരിയും വന്നു.

എത്ര മനോഹരമായാണ് അവൾ ആ കാര്യം പറയുന്നത്! ഒരു പെൺകുട്ടിയുടെ എല്ലാവിധ നാണവും ആ വാക്കുകളിലുണ്ടായിരുന്നു. എന്റെ നെഞ്ചിൽ നിന്നും അടർന്നുമാറാതെ തന്നെ, സ്വന്തം മണിയറയെക്കുറിച്ചുള്ള സ്വപ്നം അവളുടെ ചുണ്ടുകളിൽ വിരിഞ്ഞുനിന്നു.

"ഓഹോ... അപ്പൊ എന്നെ വീണ്ടും വെയിറ്റ് ചെയ്യിപ്പിക്കാൻ ആണോ തീരുമാനം? എങ്കിൽ പിന്നെ ഈ ട്രെയിൻ എത്രയും വേഗം തിരുവനന്തപുരത്ത് എത്താൻ ഞാൻ പ്രാർത്ഥിക്കാം,"

ഞാൻ വലിയൊരു കുസൃതിയോടെ അവളുടെ നെറുകയിൽ സ്നേഹം നിറഞ്ഞൊരു ചുംബനം നൽകി.

അതുകേട്ട് അവൾ ചിരിയമർത്തിക്കൊണ്ട് വീണ്ടും എന്റെ നെഞ്ചിലേക്ക് തന്നെ ഒതുങ്ങിക്കിടന്നു. എന്റെ നെഞ്ചിടിപ്പ് അവൾക്കും, അവളുടെ ശ്വാസോച്ഛ്വാസം എനിക്കും കൃത്യമായി കേൾക്കാമായിരുന്നു.

മുകളിൽ അമ്മയുടെയും ചേച്ചിയുടെയും സാന്നിധ്യമുണ്ടെങ്കിലും, ആ തീവണ്ടിയുടെ താളത്തിനൊപ്പം നാളത്തെ ആ മനോഹരമായ രാത്രിയെക്കുറിച്ചുള്ള സ്വപ്നങ്ങളും കണ്ട് ഞങ്ങൾ പുതിയൊരു ലോകത്തേക്ക് യാത്രയാവുകയായിരുന്നു.

ഒരുപാട് കടമ്പകൾ കടന്നെത്തിയ ഞങ്ങളുടെ പ്രണയം ആ കൂപ്പെയിലെ തണുപ്പിൽ വല്ലാതെ പൂത്തുനിൽക്കുന്നുണ്ടായിരുന്നു....

രാവിലെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ ട്രെയിൻ വന്നുനിൽക്കുമ്പോൾ, നഗരത്തിൽ വെയിൽ പരന്നുതുടങ്ങിയിട്ടേയുണ്ടായിരുന്നുള്ളൂ. പ്ലാറ്റ്ഫോമിലെ വലിയ തിരക്കുകളിലൂടെ ഒരു കയ്യിൽ ബാഗും മറുകയ്യിൽ പാർവണയെയും ചേർത്തുപിടിച്ചാണ് ഞാൻ പുറത്തേക്കിറങ്ങിയത്.

തൊട്ടുപിന്നാലെ അമ്മയും അനഘ ചേച്ചിയുമുണ്ട്. പുറത്തുനിന്ന് ഒരു ടാക്സി വിളിച്ച് ഞങ്ങൾ നേരെ കഴക്കൂട്ടത്തെ വീട്ടിലേക്ക് തിരിച്ചു.

യാത്രയിലുടനീളം കാറിന്റെ ജനാലയിലൂടെ പുറത്തെ തിരുവനന്തപുരത്തിന്റെ കാഴ്ചകൾ വല്ലാത്തൊരു കൗതുകത്തോടെ നോക്കിക്കാണുകയായിരുന്നു അവൾ. പാലക്കാടിന്റെ പച്ചപ്പും പാടങ്ങളും കണ്ട് വളർന്ന ആ നീലക്കണ്ണുകളിൽ, നഗരത്തിന്റെ വലിയ കെട്ടിടങ്ങളും തിരക്കും ചെറിയൊരു അത്ഭുതം നിറച്ചിരുന്നു.

ഇടയ്ക്ക് എന്നെ നോക്കി അവളൊന്ന് പുഞ്ചിരിച്ചു; താൻ ജീവിക്കാൻ പോകുന്ന പുതിയ ലോകത്തേക്കുള്ള യാത്രയുടെ ചെറിയൊരു ഭയവും ഒപ്പം വലിയൊരു പ്രതീക്ഷയും ആ ചിരിയിലുണ്ടായിരുന്നു.

കാർ വീടിന്റെ ഗേറ്റ് കടന്ന് മുറ്റത്ത് വന്നുനിന്നു. വണ്ടിയിൽ നിന്നിറങ്ങിയതും എന്റെ അമ്മ വലിയൊരു ധൃതിയോടെയും സന്തോഷത്തോടെയും പറഞ്ഞു.

"ആദീ... നീ അവളെയും കൂട്ടി ആ മുറ്റത്ത്

നിൽക്ക് ട്ടോ. ഞാൻ വേഗം പോയി വാതിൽ തുറന്ന് നിലവിളക്ക് കത്തിച്ചെടുക്കാം. അനഘേ, നീ വേഗം വാ..."

അത്രയും പറഞ്ഞ് അമ്മയും ചേച്ചിയും കൂടി ബാഗുകളുമെടുത്ത് വേഗം വീടിന്റെ പൂമുഖത്തേക്ക് നടന്നു. ഞാൻ മുറ്റത്തെ പവിഴമല്ലി മരത്തിന്റെ തണലിൽ അവളെയും ചേർത്തുപിടിച്ച് നിന്നു.

താൻ വലതുകാൽ വെച്ച് കയറാൻ പോകുന്ന വീടിനെ വലിയൊരു ആകാംക്ഷയോടെ അവൾ നോക്കിക്കാണുകയായിരുന്നു. അവളുടെ ശ്വാസത്തിന്റെ വേഗത കൂടിയിരിക്കുന്നത് എനിക്ക് കാണാമായിരുന്നു.

"ആദീ..."

എന്റെ കയ്യിലെ പിടി ഒന്നുകൂടി മുറുക്കി അവൾ പതുക്കെ വിളിച്ചു.

"എന്താ പെണ്ണേ..."

ഞാൻ അവളുടെ മുഖത്തേക്ക് നോക്കി.

"എനിക്കെന്തോ വല്ലാത്തൊരു നെഞ്ചിടിപ്പാവ്ണ് ട്ടോ... ആ തറവാടും വിട്ട് ഞാൻ ആദ്യായിട്ടല്ലേ ഇങ്ങട്... ഇവിടുള്ളോർക്കൊക്കെ എന്നെ..."

അവൾ ആ തനി പാലക്കാടൻ ശൈലിയിൽ പറഞ്ഞു നിർത്തി.

"എന്തിനാ എന്റെ കുട്ടി വെറുതെ പേടിക്കുന്നത്?"

ഞാൻ അവളുടെ തോളിലൂടെ കയ്യിട്ട് എന്നിലേക്ക് ഒന്നുകൂടി ചേർത്തുപിടിച്ചു.

"ഇതൊരു വലിയ തറവാടോ കൊട്ടാരമോ ഒന്നുമല്ല. പക്ഷെ ഈ ചുമരുകൾക്കുള്ളിലാ എന്റെ ജീവൻ. ആ ഇന്ദ്രനീലം തറവാട്ടിലെ ആളുകൾക്ക് നീ എത്രത്തോളം പ്രിയപ്പെട്ടവളായിരുന്നോ, അതിനേക്കാൾ നൂറിരട്ടി സ്നേഹം തരാൻ ഈ അമ്മയും ചേച്ചിയും പിന്നെ ഞാനും ഇല്ലേ നിനക്ക്? എന്റെ പെണ്ണ് ധൈര്യമായിട്ട് വാ."

എന്റെ വാക്കുകളിലെ സ്നേഹം അവളുടെ ആകുലതകളെയെല്ലാം അലിയിച്ചുകളഞ്ഞു. ആ വലിയ നീലക്കണ്ണുകളിൽ സമാധാനത്തിന്റെ പുതിയൊരു പ്രകാശം തിളങ്ങുന്നത് ഞാൻ കണ്ടു.

അപ്പോഴേക്കും വാതിൽ തുറന്ന്, പൂമുഖത്തെ നിലവിളക്കിൽ ദീപം തെളിയിച്ച് അമ്മ ഉമ്മറത്തേക്ക് വന്നു. കൂടെ വലിയൊരു പുഞ്ചിരിയോടെ ചേച്ചിയുമുണ്ട്. ദീപം തെളിയിച്ച ആ വലിയ നിലവിളക്കുമായി അമ്മ പടിപ്പുരയ്ക്ക് നേരെ വന്നു.

"വാ മോളെ..."

അമ്മ നിറഞ്ഞ വാത്സല്യത്തോടെ അവളെ വിളിച്ചു.

എന്റെ കയ്യിലെ പിടിവിട്ട് അവൾ പതുക്കെ പടികൾ കയറി ഉമ്മറത്തെത്തി. അമ്മ നീട്ടിയ നിലവിളക്ക് വല്ലാത്തൊരു പ്രാർത്ഥനയോടെ അവൾ ഇരുകൈകൾ കൊണ്ടും വാങ്ങി.

ആ വിളക്കിന്റെ വെളിച്ചം അവളുടെ ചുവന്ന കുങ്കുമപ്പട്ടിലും ആ മുഖത്തും സ്വർണ്ണവർണ്ണം പോലെ തിളങ്ങുന്നുണ്ടായിരുന്നു.

"വലതുകാൽ വെച്ച് കയറിക്കോ മോളെ..."

അനഘ ചേച്ചി സ്നേഹത്തോടെ പറഞ്ഞു.

കണ്ണുകളടച്ച് ഒരു നിമിഷം പ്രാർത്ഥിച്ച ശേഷം, വലതുകാൽ വെച്ച്, പാദസരങ്ങൾ കിലുക്കി അവൾ ഉമ്മറപ്പടി കടന്ന് എന്റെ വീട്ടിലേക്ക് കയറി. ആ നിമിഷം എന്റെ നെഞ്ചിൽ പറഞ്ഞറിയിക്കാൻ കഴിയാത്തത്ര സന്തോഷം നിറഞ്ഞുതുളുമ്പി.

ഇത്രയും കാലം ഞാൻ കണ്ട സ്വപ്നങ്ങളെല്ലാം ആ ഒരൊറ്റ നിമിഷത്തിൽ എന്റെ വീടിന്റെ പൂമുഖത്ത് പൂർണ്ണമാവുകയായിരുന്നു.

നിലവിളക്ക് പൂജാമുറിയിൽ വെച്ച് തൊഴുത് അവൾ തിരികെ ഹാളിലേക്ക് വന്നപ്പോൾ, ചേച്ചി ഓടിച്ചെന്ന് അവളെ ഇറുകെ കെട്ടിപ്പിടിച്ചു.

"ഇനിയിപ്പോ ഈ വീട്ടിലെ അധികാരമൊക്കെ ഞാൻ നിനക്ക് തരുവാട്ടോ. ഇവന്റെ കുരുത്തക്കേടുകളൊക്കെ ഇനി നീ തന്നെ സഹിച്ചോ,"

ചേച്ചി കളിയാക്കിക്കൊണ്ട് അവളുടെ കവിളിൽ പതുക്കെ തലോടി.

"വന്നയുടനെ എന്റെ കുട്ടിയെ കളിയാക്കാൻ നിൽക്കാതെ അവളെയൊന്ന് സമാധാനമായിട്ട് ഇരിക്കാൻ സമ്മതിക്ക് അനഘേ..."

എന്ന് പരിഭവിച്ചുകൊണ്ട് അമ്മ അടുക്കളയിൽ നിന്നും ചൂട് പാലുമായി വന്നു.

അമ്മ ആ പാൽഗ്ലാസ് അവളുടെ കയ്യിലേക്ക് കൊടുത്തു.

"കുടിക്ക് മോളെ... ഇന്നലെ തൊട്ടുള്ള ആ ഓട്ടവും ട്രെയിനിലെ യാത്രയും കാരണം നീ ആകെ ക്ഷീണിച്ചു. ഇതുകുടിച്ച് നീ വേഗം പോയി ആദിയുടെ മുറിയിൽ കിടന്ന് കുറച്ചുനേരം ഉറങ്ങിക്കോ.

ഉച്ചയാവുമ്പോഴേക്കും അമ്മ നല്ല ചൂട് ചോറും മീൻകറിയും ഉണ്ടാക്കി വെക്കാം."

ആ പാല് വാങ്ങി കുടിക്കുമ്പോൾ അവളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. സ്വന്തം അമ്മയെയും ജനിച്ച വീടും വിട്ടുപോന്നതിന്റെ സങ്കടമെല്ലാം, എന്റെ അമ്മയുടെയും ചേച്ചിയുടെയും സ്നേഹത്തിന് മുന്നിൽ അലിഞ്ഞില്ലാതാവുകയായിരുന്നു.

പാല് കുടിച്ച് കഴിഞ്ഞ് എന്റെ മുറിയിലേക്ക് നടക്കാൻ തുടങ്ങുമ്പോൾ അവൾ എന്നെ നോക്കി പതുക്കെ ഒന്ന് പുഞ്ചിരിച്ചു..

കഴിഞ്ഞ രണ്ടു ദിവസങ്ങളായുള്ള കല്യാണത്തിരക്കും, അതിനുശേഷമുള്ള ട്രെയിൻ യാത്രയുമെല്ലാം ആ ശരീരത്തെ വല്ലാതെ തളർത്തിയിരുന്നു.

മുറിയിലെ കട്ടിലിലേക്ക് വന്നിരുന്നതും അവൾ വലിയൊരു നെടുവീർപ്പിട്ടു..

"നല്ല ക്ഷീണമുണ്ടല്ലേ... നീ കിടന്നോ,"

ഞാൻ കട്ടിലിനരികിലെ ജനാലപ്പൊളികൾ പതുക്കെ അടച്ചുകൊണ്ട് പറഞ്ഞു.

"മ്മ്..."

എന്ന് മാത്രം മൂളി അവൾ പതുക്കെ കട്ടിലിലേക്ക് കിടന്നു. എസിയുടെ തണുപ്പിലേക്ക് കിടന്നതും, ആ വലിയ നീലക്കണ്ണുകൾ താനേ അടഞ്ഞുപോകുന്നുണ്ടായിരുന്നു. ഞാൻ പതുക്കെ അരികിൽച്ചെന്ന് ആ പുതപ്പെടുത്ത് അവളുടെ ദേഹത്തേക്ക് ഇട്ടുകൊടുത്തു.

ഉറക്കത്തിലേക്ക് വീഴുന്നതിനിടയിലും അവൾ ഒരു കള്ളച്ചിരിയോടെ എന്റെ കയ്യിൽ പതുക്കെ ഒന്നമർത്തിപ്പിടിച്ചു. കുറച്ചുനേരം ആ ഉറങ്ങുന്ന മുഖത്തേക്ക് തന്നെ നോക്കി നിന്നിട്ട്, ശല്യപ്പെടുത്തേണ്ട എന്ന് കരുതി ഞാൻ പതുക്കെ വാതിലടച്ച് പുറത്തേക്ക് പോയി.

ഉച്ചയായപ്പോഴേക്കും അടുക്കളയിൽ നിന്നും വറുത്ത മീനിന്റെയും മീൻകറിയുടെയും നല്ല മണം വീടാകെ പരന്നിരുന്നു. അമ്മയും അനഘ ചേച്ചിയും കൂടി വലിയൊരു പാചകത്തിലായിരുന്നു.

ഞാൻ ഹാളിലെ സോഫയിലിരുന്ന് ടിവി കാണുമ്പോഴാണ്, കുളിച്ച് മുടിയൊക്കെ കെട്ടിവെച്ച് വല്ലാത്തൊരു ചമ്മലോടെ പാർവണ അങ്ങോട്ടേക്ക് വന്നത്. ഉറങ്ങിപ്പോയതിന്റെ ചെറിയൊരു ജാള്യത ആ മുഖത്തുണ്ടായിരുന്നു.

അവളെ കണ്ടതും അമ്മ അടുക്കളയിൽ നിന്നും സന്തോഷത്തോടെ പുറത്തേക്ക് വന്നു.

"എഴുന്നേറ്റോ മോളെ... നല്ല ഉറക്കമായിരുന്നല്ലേ?"

"അറിയാണ്ട് ഉറങ്ങിപ്പോയി അമ്മേ... എന്നെ വിളിക്കാഞ്ഞതെന്താ? അമ്മേം ചേച്ചീം കൂടി ഒറ്റക്ക് പണിയെടുത്തീലേ..."

വലിയൊരു കുറ്റബോധത്തോടെ, ആ പാലക്കാടൻ ശൈലിയിൽ അവൾ അമ്മയോട് ചോദിച്ചു.

അത് കേട്ടതും കയ്യിലൊരു പാത്രവുമായി അനഘ ചേച്ചി ചിരിച്ചുകൊണ്ട് ഡൈനിങ് ടേബിളിനടുത്തേക്ക് വന്നു.

"അയ്യടാ... കല്യാണം കഴിഞ്ഞ് വന്നയുടനെ നിന്നെക്കൊണ്ട് പണിയെടുപ്പിക്കാനാ ഞങ്ങളിവിടെ നിൽക്കുന്നത്! പിന്നെ ഇവൻ സമ്മതിക്കണ്ടേ... നീ ഉറങ്ങുമ്പോ നിനക്ക് തണുക്കുന്നുണ്ടോ എന്നറിയാൻ രണ്ട് വട്ടം വന്ന് നോക്കിയിട്ടാ ഇവൻ പോയത്,"

ചേച്ചി എന്നെ നോക്കി കള്ളച്ചിരിയോടെ പറഞ്ഞു.

അതുകേട്ട് പാർവണ നാണത്തോടെ എന്നെ നോക്കി. ഞാൻ പെട്ടെന്ന് എഴുന്നേറ്റ് ടേബിളിനടുത്തേക്ക് നടന്നു.

"അത് ഞാൻ... ആ ജനൽ കാറ്റടിച്ച് തുറന്നപ്പോ അടക്കാൻ വേണ്ടി പോയതാ ചേച്ചീ, വെറുതെ ഓരോന്ന് പറയാതെ..."

ഞാൻ ചമ്മൽ മറയ്ക്കാൻ ശ്രമിച്ചു.

"ഉവ്വ്... ജനൽ അടക്കാൻ പോയതാത്രേ... ഈ തള്ളൊക്കെ ബാക്കിയുള്ളവരോട് മതിട്ടോ,"

ചേച്ചി വീണ്ടും കളിയാക്കി.

"മതി നിർത്ത് അനഘേ... വന്നിരുന്ന് കഴിക്കാൻ നോക്ക്,"

അമ്മ സ്നേഹത്തോടെ ശാസിച്ചുകൊണ്ട് എല്ലാവർക്കും പ്ലേറ്റുകൾ എടുത്തുവെച്ചു.

ഞങ്ങൾ നാലുപേരും ആ വലിയ ഡൈനിങ് ടേബിളിന് ചുറ്റുമിരുന്നു. അമ്മ നല്ല ചൂട് ചോറും, കൂടെ തേങ്ങയരച്ചുവെച്ച മീൻകറിയും മീൻ വറുത്തതും വിളമ്പി.

ഇന്ദ്രനീലം തറവാട്ടിൽ കൂടുതലും സസ്യഭക്ഷണമായതുകൊണ്ട് അവൾക്കിത് വലിയൊരു മാറ്റമായിരുന്നു.

ചോറിലേക്ക് മീൻകറി ഒഴിച്ച് ഒരു പിടി കഴിച്ചതും പാർവണയുടെ മുഖത്ത് വലിയൊരു സന്തോഷം വിടർന്നു.

"അടിപൊളി ആയിട്ടുണ്ട്ട്ടോ അമ്മേ മീൻകറി... തറവാട്ടിൽ കൂടുതലും സദ്യേം അങ്ങനത്തെ കറികളുമല്ലേ... ഇതിന്റെ ടേസ്റ്റ് വേറെ തന്നെയാ. എനിക്ക് ഭയങ്കരമായിട്ട് ഇഷ്ടായി..."

അവൾ ആവേശത്തോടെ പറഞ്ഞു.

അമ്മയുടെ മുഖത്ത് വലിയൊരു അഭിമാനം വിരിഞ്ഞു.

"മോളെ... നിനക്ക് ഇഷ്ടായെങ്കിൽ അമ്മ എന്നും ഉണ്ടാക്കിത്തരാം."

"എന്നാപ്പിന്നെ പകരത്തിന് നീയെനിക്ക് കുറച്ച് പാലക്കാടൻ വിഭവങ്ങൾ ഉണ്ടാക്കാൻ പഠിപ്പിച്ചു തരണം ട്ടോ പാർവണേ,"

അനഘ ചേച്ചി ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഇവന് പാലക്കാട്ന്ന് കിട്ടിയ ഈ പെണ്ണിനെ മാത്രമല്ല, അവിടുത്തെ കാറ്റും വെള്ളവും ഊണും ഒക്കെ ഭയങ്കര ഇഷ്ടാ... അല്ലേടാ ആദീ?"

"അത് പിന്നെ അങ്ങനെയാണല്ലോ... അല്ലേലും പാലക്കാട്ടുകാർക്ക് ഒരു പ്രത്യേക സ്നേഹമാണല്ലോ,"

ഞാൻ പാർവണയെ നോക്കി കണ്ണിറുക്കിക്കൊണ്ട് പറഞ്ഞു.

എന്റെ ആ ഡയലോഗ് കേട്ടതും മീൻകറി കൂട്ടി ചോറുണ്ണുകയായിരുന്ന പാർവണയുടെ തൊണ്ടയിൽ ചോറ് കുടുങ്ങി അവൾ ചുമയ്ക്കാൻ തുടങ്ങി. ഞാൻ വേഗം വെള്ളമെടുത്ത് അവളുടെ കയ്യിൽ കൊടുത്തു.

വെള്ളം കുടിക്കുന്നതിനിടയിലും, 'ചുമ്മാ ഇരിക്ക് മനുഷ്യ' എന്ന മട്ടിൽ അവളെന്നെ നോക്കി കണ്ണുരുട്ടി.

"അവളെയൊന്ന് സമാധാനമായിട്ട് ഭക്ഷണം കഴിക്കാൻ സമ്മതിക്കുമോ രണ്ടാളും..."

അമ്മ ഞങ്ങളെ വഴക്കുപറഞ്ഞെങ്കിലും ആ മുഖത്ത് വലിയൊരു ചിരിയുണ്ടായിരുന്നു.

ആ ഊണുമേശയിൽ അപ്പോൾ നിറഞ്ഞുനിന്നത് വിഭവങ്ങളുടെ രുചിയേക്കാൾ വലിയൊരു സ്നേഹമായിരുന്നു. അമ്മയുടെ വാത്സല്യവും, ചേച്ചിയുടെ കളിയാക്കലുകളും, പാർവണയുടെ കുസൃതി നിറഞ്ഞ ആ പാലക്കാടൻ ചിരിയും...

എല്ലാ അർത്ഥത്തിലും അവൾ എന്റെ കുടുംബത്തിന്റെ ഏറ്റവും മനോഹരമായ പാതിയായി മാറിക്കഴിഞ്ഞിരുന്നു.......

വൈകുന്നേരം വെയിൽ ചാഞ്ഞ് മുറ്റത്തെ പവിഴമല്ലിമരത്തിന്റെ നിഴൽ നീളാൻ തുടങ്ങിയിരുന്നു. ജനാലയിലൂടെ വരുന്ന ഇളംകാറ്റിന് നഗരത്തിന്റെ വൈകുന്നേരങ്ങളുടേതായ ഒരു നേർത്ത ചൂടുണ്ടായിരുന്നു.

ഞാൻ ഹാളിലേക്ക് ചെല്ലുമ്പോൾ, കുളിച്ച് ഈറൻമാറി കസവുകരയുള്ള ഒരു ഇളംചുവപ്പ് സാരിയുടുത്ത് നിൽക്കുകയായിരുന്നു എന്റെ പാർവണ. നനഞ്ഞ മുടിയിഴകളിൽ നിന്നും വെള്ളം ഇറ്റുവീഴുന്നുണ്ട്.

നെറ്റിയിൽ ചെറിയൊരു ചന്ദനപ്പൊട്ടും, നെറുകയിൽ ചുവന്നുതുടുത്ത സിന്ദൂരവും... ഒരുപാടൊന്നും അണിഞ്ഞൊരുങ്ങിയില്ലെങ്കിലും ആ വേഷത്തിൽ അവളെ കാണാൻ വല്ലാത്തൊരു ഐശ്വര്യമായിരുന്നു.

അമ്മ അപ്പോഴാണ് പൂമുഖത്തേക്ക് നിലവിളക്കുമായി വന്നത്.

"ആദീ... സന്ധ്യയാകുന്നു. ഇന്നലെ കല്യാണം കഴിഞ്ഞതല്ലേയുള്ളൂ, നിങ്ങൾ പോയി ആ ദേവീക്ഷേത്രത്തിൽ ഒന്ന് തൊഴുതിട്ട് വാ.,"

അമ്മ നിലവിളക്കിലെ തിരി നീട്ടിക്കൊണ്ട് പറഞ്ഞു.

"ശരി എന്റെ അമ്മക്കുട്ടി, ഞങ്ങൾ ദാ പോയിട്ട് വരാം,"

ഞാൻ അവളോട് വരാൻ ആംഗ്യം കാണിച്ചു.

വീട്ടിൽ നിന്നും നടക്കാനുള്ള ദൂരമേ ആ അമ്പലത്തിലേക്കുള്ളൂ. നഗരത്തിന്റെ തിരക്കുകളിൽ നിന്നും മാറി, വലിയ അരയാൽമരങ്ങൾ അതിരിട്ട ഒരു ചെറിയ അമ്പലം.

അവിടെയെത്തുമ്പോഴേക്കും ദീപാരാധന തുടങ്ങിയിരുന്നു. പടിപ്പുര കടന്ന് അകത്തേക്ക് കയറുമ്പോൾ, പാലക്കാട്ടെ ആ വലിയ തറവാട്ടിലെ സർപ്പക്കാവും അവിടെ അവൾ ദീപം തെളിയിച്ചതുമൊക്കെ എന്റെ ഓർമ്മകളിലേക്ക് ഓടിയെത്തി.

ഞാൻ അവളുടെ വിരലുകളോട് എന്റെ വിരലുകൾ കോർത്തുപിടിച്ചു. എന്റെ സ്പർശനത്തിൽ അവളൊന്ന് തിരിഞ്ഞുനോക്കി മനോഹരമായി ചിരിച്ചു.

ദീപാരാധന കഴിഞ്ഞ്, പ്രസാദവും വാങ്ങി ആൽത്തറയ്ക്ക് അടുത്തുള്ള വഴിയിലൂടെ പുറത്തേക്ക് നടക്കാൻ തുടങ്ങുമ്പോഴാണ് പെട്ടെന്ന് പുറകിൽ നിന്നും ആ വിളി വന്നത്.

"ആഹാ... ആദീ!"

ഞാൻ തിരിഞ്ഞുനോക്കി. ഗൗരിയാണ്! എന്റെ ഓഫീസിലെ സഹപ്രവർത്തക. നല്ല മോഡേൺ വേഷത്തിൽ, കയ്യിലൊരു കാർ കീയും പിടിച്ച് വലിയൊരു ചിരിയോടെ അവൾ ഞങ്ങളുടെ അടുത്തേക്ക് നടന്നു വരികയാണ്.

"ഗൗരീ... നീയെന്താ ഇവിടെ?"

ഞാൻ ചെറിയൊരു അത്ഭുതത്തോടെ ചോദിച്ചു.

"ഞാൻ ഈ വഴി പോയപ്പോ അമ്പലത്തിൽ ഒന്ന് കയറിയതാടാ,"

എന്ന് പറഞ്ഞ് ഗൗരി വളരെ കാഷ്വലായി എന്റെ വലതുതോളിൽ പതുക്കെ ഒന്ന് തട്ടി.

പിന്നെ ഗൗരി പാർവണയ്ക്ക് നേരെ തിരിഞ്ഞു.

"ഹലോ പാർവണ... ഞാൻ ഗൗരി. ആദിയുടെ കൂടെ വർക്ക് ചെയ്യുന്നതാ,"

ഗൗരി ചിരിച്ചുകൊണ്ട് പറഞ്ഞു.

"എനിക്ക് കല്യാണത്തിന് വരാൻ പറ്റിയില്ല, ലാസ്റ്റ് മിനിറ്റിൽ ഒരു വല്ലാത്ത ക്ലയന്റ് മീറ്റിംഗ് ആയിപ്പോയി. ഏതായാലും Happy Married Life കേട്ടോ...

എന്നാലും ആദീ, നീ ഞങ്ങളെ ശരിക്കും ഞെട്ടിച്ചു കളഞ്ഞല്ലോ..."

സംസാരിക്കുന്നതിനിടയിൽ അവൾ വളരെ കാഷ്വലായി വീണ്ടും എന്റെ തോളിലേക്ക് ഒന്ന് ചാഞ്ഞുനിന്നു. ഒരു സാധാരണ സൗഹൃദത്തിന്റെ പുറത്തുള്ള ആ പ്രവൃത്തി പക്ഷെ എന്റെ പെണ്ണിന് ഒട്ടും ദഹിച്ചിരുന്നില്ല എന്ന് ആ മുഖം വിളിച്ചുപറയുന്നുണ്ടായിരുന്നു.

പാർവണ നിർബന്ധിച്ച് വരുത്തിയ ഒരു ചിരിയോടെ വെറുതെ ഒന്ന് മൂളി.

"ഓക്കെടാ... ഞാൻ ഇറങ്ങുവാ. നീ ലീവ് കഴിഞ്ഞിട്ട് വാ, നമുക്ക് ബാക്കി അവിടെവെച്ച് സംസാരിക്കാം,"

എന്ന് പറഞ്ഞ് ഗൗരി പാർവണയോട് യാത്രയും പറഞ്ഞ് കാറിനടുത്തേക്ക് പോയി.

അവൾ പോയതും പാർവണയുടെ മുഖത്തെ ആ ചിരി പെട്ടെന്ന് മാഞ്ഞു. അവിടെ വല്ലാത്തൊരു ഗൗരവം വന്നുനിറഞ്ഞു. എന്നെയൊന്ന് നോക്കുകപോലും ചെയ്യാതെ അവൾ കരിവളകൾ കിലുക്കി വേഗം പടിപ്പുര കടന്ന് പുറത്തേക്കുള്ള ഇടവഴിയിലേക്ക് നടന്നു.

"എന്താടി മണ്ടിപ്പെണ്ണേ...പെട്ടന്നൊന്നു സൈലന്റ് ആയിപ്പോയത്?"

ഞാൻ അവളുടെ ഒപ്പമെത്താൻ വേഗം നടന്നു.

അവൾ മറുപടിയൊന്നും പറഞ്ഞില്ല. കുറച്ചുകൂടി വേഗത്തിൽ നടക്കാൻ തുടങ്ങി. ഞാൻ ഓടിച്ചെന്ന് അവളുടെ മുന്നിൽ കയറി നിന്നു.

"എന്താ പാർവണേ... മുഖത്തൊരു കാർമേഘം?"

ഞാൻ ചിരിയമർത്തിക്കൊണ്ട് ചോദിച്ചു.

അവൾ മുഖം വെട്ടിത്തിരിച്ചു. ആ നീലക്കണ്ണുകളിൽ ഇപ്പോൾ സങ്കടമല്ല, വല്ലാത്തൊരു കുസൃതിയും അസൂയയും കലർന്നൊരു കള്ളപ്പരിഭവമായിരുന്നു.

"വലിയ കൂട്ടുകാരി... 'ആദീ' ന്നും വിളിച്ച്, തോളത്തൊക്കെ കൈ വെച്ചിട്ടുള്ള ആ വർത്താനം എനിക്കങ്ങട് ദഹിച്ചില്ല്യ..."

അവൾ ആ തനി പാലക്കാടൻ ശൈലിയിൽ ചുണ്ടുകോട്ടി പറഞ്ഞു.

"ഓഫീസില് ഇവൾക്ക് വല്ല്യ മീറ്റിംഗ് ആണോ അതോ ഇങ്ങനെ തോളത്ത് കേറി ഇരിക്കലാണോ പണി?"

അവളുടെ ആ ഡയലോഗ് കേട്ടതും എനിക്ക് ചിരി അടക്കാൻ കഴിഞ്ഞില്ല. ഞാൻ ഉറക്കെ ചിരിച്ചുപോയി. എന്റെ ചിരി കണ്ടപ്പോൾ അവൾക്ക് വീണ്ടും ദേഷ്യം വന്നു.

"ചിരിക്കണ്ട മനുഷ്യ... എനിക്ക് അതൊന്നും ഇഷ്ടാവൂല പറഞ്ഞേക്കാം..."

അവൾ എന്നെ തട്ടിമാറ്റി നടക്കാൻ നോക്കി.

ഞാൻ അവളുടെ വലതുകയ്യിൽ പിടിച്ചുവലിച്ച് എന്റെ നെഞ്ചിലേക്ക് ചേർത്തുനിർത്തി. നഗരത്തിലെ ആ ചെറിയ ഇടവഴിയിൽ അപ്പോൾ വെളിച്ചം വല്ലാതെ കുറഞ്ഞിരുന്നു. കുറച്ചുനേരം മുൻപത്തെ ആ കുസൃതിയൊക്കെ മാറി അവളിപ്പോൾ എന്റെ നെഞ്ചിടിപ്പ് കേട്ട് ശ്വാസമടക്കിപ്പിടിച്ച് നിൽക്കുകയാണ്.

"എന്താടി പൊട്ടീ... അവൾ എന്റെ ഓഫീസിലെ ഒരു ഫ്രണ്ട് മാത്രമാ. അല്ലാതെ വേറൊന്നുമില്ല,"

ഞാൻ അവളുടെ മുടിയിഴകളെ കാറ്റിൽ നിന്നും ഒതുക്കിവെച്ചുകൊണ്ട് പതുക്കെ പറഞ്ഞു.

"എന്നാലും... ആദിയുടെ ദേഹത്ത് അങ്ങനെ തൊട്ട് സംസാരിക്കാൻ അവളേതാ? അത്... അത് എനിക്ക് മാത്രല്ലേ അവകാശമുള്ളൂ..."

നാണം കാരണം അവളുടെ ശബ്ദം നേർത്തുപോയി. താഴേക്ക് കുനിഞ്ഞ ആ മുഖത്ത് ഇപ്പോൾ വല്ലാത്തൊരു പ്രണയമായിരുന്നു. തന്റേത് മാത്രമായവനെ വേറെ ആരെങ്കിലും സ്വന്തമാക്കുമോ എന്ന പേടിയല്ല, മറിച്ച് തന്റെ അവകാശങ്ങളിലേക്ക് വേറെയാരും കടന്നുവരുന്നത് ഇഷ്ടമില്ലാത്ത ഒരു പെൺകുട്ടിയുടെ ഭ്രാന്തമായ പ്രണയം!

"അതെന്റെ ഈ മണ്ടിക്ക് മാത്രമുള്ള അവകാശമാ…”

ഞാൻ അവളുടെ താടിയിൽ പിടിച്ച് ആ മുഖം എനിക്ക് നേരെ ഉയർത്തി. ആ അസൂയ നിറഞ്ഞ കണ്ണുകളിലേക്ക് നോക്കി ഞാൻ ചിരിയോടെ പറഞ്ഞു.

"ഈ ആദി ജനിച്ചതുതന്നെ എന്റെ ഈ കാട്ടുദേവതയ്ക്ക് വേണ്ടിയല്ലേ. ഈ നെഞ്ചിൽ കുടിയിരിക്കുന്നതും നീ മാത്രമാ പെണ്ണേ..."

അതുകേട്ടപ്പോൾ അതുവരെയുണ്ടായിരുന്ന പരിഭവങ്ങളൊക്കെ അലിഞ്ഞില്ലാതായി അവിടെ ആ പഴയ കുസൃതിച്ചിരി വിടർന്നു. അവൾ എന്റെ കയ്യിലെ പിടി ഒന്നുകൂടി മുറുക്കി, എന്റെ തോളിലേക്ക് പതുക്കെ ചാഞ്ഞു.

"എനിക്കറിയാല്ലോ എന്റെ ആദീനെ... ഞാൻ ചുമ്മാ ഒന്ന് പറഞ്ഞു നോക്കിയതാ,"

അവൾ പതുക്കെ മന്ത്രിച്ചു.

സന്ധ്യാദീപത്തിന്റെ വെളിച്ചത്തിൽ, അവളുടെ നെറുകയിലെ സിന്ദൂരവും മുല്ലപ്പൂക്കളുടെ ഗന്ധവും എന്നിലേക്ക് പടരുമ്പോൾ, അസൂയയും പ്രണയവും നിറഞ്ഞ ആ കള്ളപ്പരിഭവം എന്നിൽ വല്ലാത്തൊരു ലഹരിയുണ്ടാക്കിയിരുന്നു.

പരസ്പരം കൂടുതൽ ചേർന്നുനടന്ന് വീടിന്റെ പടിപ്പുര ലക്ഷ്യമാക്കി ഞങ്ങൾ നടക്കുമ്പോൾ, പൂർണ്ണമായും എന്റേതായി മാറിയ ഒരുവൾ കൂടെയുണ്ടെന്ന വലിയൊരു സമാധാനമായിരുന്നു എന്റെ നെഞ്ചിൽ...

അമ്പലത്തിൽ നിന്നും മടങ്ങുമ്പോൾ പുറത്ത് നല്ല ഇരുട്ട് വീണിരുന്നു. നഗരത്തിലെ വഴിവിളക്കുകളുടെ വെളിച്ചത്തിൽ, അവളുടെ കയ്യിൽ മുറുകെ പിടിച്ച് നടക്കുമ്പോൾ എന്റെയുള്ളിൽ വല്ലാത്തൊരു സമാധാനമായിരുന്നു.

അസൂയയും പരിഭവവുമൊക്കെ മാറി അവൾ വീണ്ടും പഴയ ആ കുസൃതിക്കാരിയായി മാറിയിരുന്നു.

പടിപ്പുര കടന്ന് ഞങ്ങൾ പൂമുഖത്തേക്ക് കയറുമ്പോൾ, ഹാളിൽ ടിവിയും കണ്ട് സോഫയിലിരിക്കുകയായിരുന്നു അനഘ ചേച്ചി. അമ്മ അടുക്കളയിൽ എന്തോ തിരക്കിലുമാണ്. ഞങ്ങളുടെ കാലൊച്ച കേട്ടതും ചേച്ചി ടിവിയുടെ ശബ്ദം കുറച്ച് ഞങ്ങളെ നോക്കി ചിരിച്ചു.

"തൊഴുത് വന്നോ രണ്ടാളും?"

"മ്മ്... ഇതാ ചേച്ചീ പ്രസാദം,"

അവൾ കയ്യിലുണ്ടായിരുന്ന ചന്ദനവും പൂവും ചേച്ചിയുടെ നേരെ നീട്ടി.

ചേച്ചി അത് വാങ്ങി നെറ്റിയിൽ തൊട്ടു. അപ്പോഴേക്കും അമ്മയും അടുക്കളയിൽ നിന്നും കൈ തുടച്ചുകൊണ്ട് അങ്ങോട്ടേക്ക് വന്നു.

"അമ്മേ... ഇതാ,"

അവൾ അമ്മയ്ക്കും പ്രസാദം കൊടുത്തു.

"എന്റെ കുട്ടി പോയി വേഷം മാറി വാ, നമുക്ക് എല്ലാവർക്കും കൂടി ഇരുന്ന് കാപ്പി കുടിക്കാം,"

അമ്മ വാത്സല്യത്തോടെ അവളുടെ കവിളിൽ തൊട്ടുകൊണ്ട് പറഞ്ഞു.

അവൾ വേഗം മുറിയിലേക്ക് പോയി സാരി മാറ്റി ഒരു ചുരിദാറിട്ട് തിരികെ വന്നു. ഞങ്ങൾ നാലുപേരും ആ വലിയ ഹാളിലെ സോഫയിൽ വട്ടത്തിലിരുന്ന് കാപ്പി കുടിക്കാൻ തുടങ്ങി.

ഇന്ദ്രനീലം തറവാട്ടിലെ വിശേഷങ്ങളും, യാത്രക്കിടയിലെ തമാശകളുമൊക്കെ പറഞ്ഞ് ആ ഹാൾ മുഴുവൻ വലിയൊരു ചിരിയിലായിരുന്നു. ചേച്ചിയും അവളും കൂടി നല്ല കൂട്ടായിക്കഴിഞ്ഞിരുന്നു.

എന്നെ കളിയാക്കാൻ അവർ രണ്ടുപേരും വലിയ മത്സരമായിരുന്നു. ഒരുപാട് കാലത്തിന് ശേഷം ആ വീടിന്റെ ചുമരുകൾക്കുള്ളിൽ ഇത്രയും വലിയൊരു സന്തോഷം നിറഞ്ഞുനിൽക്കുന്നത് കണ്ട് അമ്മയുടെ കണ്ണുകളിൽ വല്ലാത്തൊരു തിളക്കമുണ്ടായിരുന്നു.

പെട്ടെന്നാണ് ചിരിയും തമാശയും ഒക്കെ നിർത്തി, ചേച്ചി കുറച്ചൊരു ഗൗരവത്തിൽ എന്നെ നോക്കിയത്.

"എടാ ആദീ... ഞാനൊരു കാര്യം പറയാൻ ഇരിക്കുവായിരുന്നു."

"എന്താ ചേച്ചീ?"

ഞാൻ കാപ്പിക്കപ്പ് ടീപ്പോയിയിൽ വെച്ചുകൊണ്ട് ചോദിച്ചു.

"എനിക്ക് മറ്റന്നാൾ ബാംഗ്ലൂരിലേക്ക് മടങ്ങണം. ലീവ് തീരാറായി,"

ചേച്ചി വല്ലാത്തൊരു സങ്കടത്തോടെ പറഞ്ഞു.

അതുകേട്ടതും അവിടെയുണ്ടായിരുന്ന ചിരിയൊക്കെ പെട്ടെന്ന് മാഞ്ഞു.

എല്ലാവരുടെയും മുഖത്ത് ചെറിയൊരു നിരാശ പടർന്നു.

"അതെന്താ അനഘേ പെട്ടെന്ന്? കല്യാണം കഴിഞ്ഞിട്ട് ഇപ്പോൾ രണ്ടു ദിവസമല്ലേ ആയുള്ളൂ... എല്ലാവരും കൂടി ഒന്ന് സന്തോഷമായിട്ട് ഇരുന്നുവരുമ്പോഴേക്കും..."

അമ്മയുടെ സ്വരത്തിൽ വലിയൊരു പരിഭവമുണ്ടായിരുന്നു.

"കുറച്ചു ദിവസം കൂടി കഴിഞ്ഞിട്ട് പോയാൽ പോരെ നിനക്ക്?"

ഞാൻ എന്തെങ്കിലും പറയുന്നതിന് മുൻപേ, പാർവണ വേഗം ചേച്ചിയുടെ അടുത്തേക്ക് നീങ്ങിയിരുന്ന് ആ കയ്യിൽ മുറുകെ പിടിച്ചു.

അവളുടെ മുഖത്ത് വല്ലാത്തൊരു സങ്കടം വന്നിട്ടുണ്ടായിരുന്നു.

"അതെ ചേച്ചീ... കുറച്ചു ദിവസം കൂടി നിന്നിട്ട് പോയാൽ മതീലോ... ചേച്ചി ഇപ്പഴേ പോവാന്ന് വെച്ചാ എങ്ങന്യാ... ചേച്ചി പോയാൽ ഞാൻ ഇവിടെ ബോറടിച്ച് ചാവും ട്ടോ..."

അവൾ ആ തനി പാലക്കാടൻ ശൈലിയിൽ, സ്വന്തം കൂടപ്പിറപ്പിനോട് പറയുന്ന അതേ സ്വാതന്ത്ര്യത്തോടെ ചേച്ചിയോട് പറഞ്ഞു.

"എനിക്ക് വല്ലാണ്ട് ഒറ്റപ്പെടണ പോലെ തോന്നും ചേച്ചീ... പോവല്ലേ..."

അവളുടെ ആ വാക്കുകളിലെ നിഷ്കളങ്കത കേട്ടപ്പോൾ അമ്മയുടെ മുഖത്ത് വലിയൊരു വാത്സല്യം വിടർന്നു. ഈ വീട്ടിലേക്ക് വന്നിട്ട് മണിക്കൂറുകൾ മാത്രമേ ആയുള്ളൂ എങ്കിലും, അവൾ എന്റെ അമ്മയെയും ചേച്ചിയെയും സ്വന്തം കുടുംബമായി നെഞ്ചിലേറ്റിക്കഴിഞ്ഞു എന്ന് ആ വാക്കുകളിൽ വ്യക്തമായിരുന്നു.

ചേച്ചി ചിരിച്ചുകൊണ്ട് അവളുടെ തോളിലൂടെ കയ്യിട്ട് സ്നേഹത്തോടെ ഒന്നമർത്തിപ്പിടിച്ചു.

"എന്റെ മോളെ, എനിക്ക് പോകാതിരിക്കാൻ പറ്റുമോ? ഓഫീസിൽ ഭയങ്കര വർക്ക് പ്രഷർ ആടീ. കുറെ ദിവസമായില്ലേ ഞാൻ ലീവ് എടുത്തിട്ട്. മാനേജർ ഇന്നലെയും വിളിച്ചിരുന്നു.

എനിക്കും ആഗ്രഹമില്ലാഞ്ഞിട്ടാണോ നിങ്ങളെ ഒക്കെ വിട്ട് പോകാൻ..."

എന്നിട്ട് ചേച്ചി വലിയൊരു കുസൃതിയോടെ എന്നെ നോക്കിക്കൊണ്ട് പാർവണയോട് പറഞ്ഞു.

"പിന്നെ... നിനക്കിവിടെ ഒറ്റപ്പെടും, ബോറടിക്കും എന്നൊക്കെ ഈ ചേച്ചിയോട് മാത്രമേ പറയാവൂ ട്ടോ. ഇവനുള്ളപ്പോൾ നിനക്കിവിടെ സമയം പോകുന്നതേ അറിയില്ല. നിന്നെ ബോറടിപ്പിക്കാൻ ഇവൻ സമ്മതിക്കില്ലല്ലോ!"

ചേച്ചിയുടെ ആ ഡയലോഗ് കേട്ടതും പാർവണയുടെ മുഖത്തെ സങ്കടമൊക്കെ മാറി അവിടെ വല്ലാത്തൊരു നാണം വന്നുനിറഞ്ഞു.

അവൾ വേഗം മുഖം കുനിച്ച് ചേച്ചിയുടെ തോളിലേക്ക് മുഖമൊളിപ്പിച്ചു. അമ്മ അത് കണ്ട് ഉറക്കെ ചിരിച്ചുപോയി. ഞാനും ചമ്മലോടെ തലചൊറിഞ്ഞു.

"എന്നാലും ചേച്ചീ... ഒരു രണ്ടു ദിവസം കൂടി നിന്നിട്ട് പോയാൽ മതി. ഇവൾക്ക് ഈ വീടുമായിട്ടൊക്കെ ഒന്ന് ശരിയായി വരാൻ നീ കൂടെയുള്ളത് വലിയ ആശ്വാസമാ,"

ഞാൻ പറഞ്ഞു.

"അതൊക്കെ ഇവൾ വേഗം സെറ്റ് ആക്കിക്കോളും. പിന്നെ ഞാൻ ഇടയ്ക്ക് ലീവ് കിട്ടുമ്പോഴൊക്കെ ഓടിവരില്ലേ... നിങ്ങളിങ്ങനെ സെന്റി അടിക്കാതെ,"

ചേച്ചി എല്ലാവരെയും സമാധാനിപ്പിക്കാൻ നോക്കി.

"എന്തായാലും നാളത്തെ ദിവസം കൂടി ഉണ്ടല്ലോ... അതുകഴിഞ്ഞ് തീരുമാനിക്കാം,"

അമ്മ ഒത്തുതീർപ്പാക്കുന്ന മട്ടിൽ പറഞ്ഞുകൊണ്ട് എഴുന്നേറ്റു.

"നിങ്ങളിങ്ങനെ വർത്തമാനം പറഞ്ഞിരിക്ക്. ഞാൻ പോയി രാത്രിയിലേക്കുള്ള ഭക്ഷണം ഉണ്ടാക്കട്ടെ."

"ഞാനും വരാം അമ്മേ..."

എന്ന് പറഞ്ഞ് പാർവണയും വേഗം എഴുന്നേറ്റ് അമ്മയുടെ പിന്നാലെ അടുക്കളയിലേക്ക് നടന്നു.

അടുക്കളയിൽ നിന്നും അമ്മയുടെയും അവളുടെയും സംസാരവും ചിരിയും കേൾക്കുമ്പോൾ ഹാളിലിരുന്ന് ഞാനും ചേച്ചിയും പരസ്പരം നോക്കി ചിരിച്ചു...

അത്താഴമെല്ലാം കഴിഞ്ഞ് അമ്മയും പാർവണയും കൂടി അടുക്കളയിലെ പണികൾ ഒതുക്കുന്ന തിരക്കിലായിരുന്നു. ഞാൻ പതുക്കെ ഹാളിൽ നിന്നിറങ്ങി മുകളിലത്തെ നിലയിലുള്ള ഓപ്പൺ ടെറസിലേക്ക് നടന്നു.

നഗരത്തിന്റെ പകൽച്ചൂടൊക്കെ മാറി, നേരിയൊരു കുളിർകാറ്റ് വീശിത്തുടങ്ങിയിട്ടുണ്ടായിരുന്നു.

ആകാശത്ത് വല്ലാത്തൊരു പ്രകാശത്തോടെ പൂർണ്ണചന്ദ്രൻ ഉദിച്ചുനിൽക്കുന്നുണ്ട്. നിലാവുള്ള രാത്രികൾക്ക് എപ്പോഴും വല്ലാത്തൊരു സൗന്ദര്യമാണ്. ടെറസിന്റെ മതിലിൽ ചാരി, ദൂരെ മിന്നിത്തിളങ്ങുന്ന നഗരത്തിന്റെ വെളിച്ചങ്ങളിലേക്കും നോക്കി നിൽക്കുമ്പോൾ, താഴെ മുറ്റത്തെ പവിഴമല്ലിപ്പൂക്കളുടെ നേർത്ത ഗന്ധം കാറ്റിലൂടെ എന്നിലേക്കെത്തി.

ആകാശത്തെ നക്ഷത്രങ്ങളെക്കാൾ തിളക്കമുള്ള എന്റെ സ്വപ്നങ്ങളെല്ലാം പൂവണിഞ്ഞതിന്റെ വല്ലാത്തൊരു സമാധാനമായിരുന്നു അപ്പോൾ ആ കാറ്റിന്. താഴെ, എനിക്കായി മാത്രം കാത്തിരിക്കുന്നവളിലേക്ക് കടന്നുചെല്ലാൻ ഇനിയും കുറച്ചുകൂടി സമയമുണ്ടല്ലോ എന്നോർത്ത് ഞാൻ ആ നിലാവിന്റെ ഭംഗിയിൽ വെറുതെ ലയിച്ചുനിന്നു.

"എന്താടാ...ആദി, നിലാവും നോക്കി വലിയൊരു തപസ്സിലാണല്ലോ?"

പിന്നിൽ നിന്നുള്ള ആ വിളി കേട്ട് ഞാൻ തിരിഞ്ഞുനോക്കി. അനഘ ചേച്ചിയാണ്. ചിന്തകളിൽ മുഴുകി നിന്നതുകൊണ്ട് ചേച്ചി മുകളിലേക്ക് വന്നത് ഞാൻ അറിഞ്ഞിരുന്നില്ല.

"ഏയ്... ഒന്നുല്ല ചേച്ചീ. നല്ല കാറ്റില്ലേ, വെറുതെ അതൊന്ന് കൊള്ളാൻ വന്നതാ,"

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

ചേച്ചി എന്റെ അടുത്തേക്ക് വന്ന് കൈവരിയിൽ ചാരിനിന്നു. ആ മുഖത്ത് എന്നെ കളിയാക്കാനുള്ള വലിയൊരു കള്ളച്ചിരിയുണ്ടായിരുന്നു.

"ഉവ്വ്... കാറ്റുകൊള്ളാൻ വന്നതാത്രേ! നിന്റെ മനസ്സിലിപ്പോ കാറ്റല്ല, വലിയൊരു കൊടുങ്കാറ്റാണെന്ന് എനിക്ക് നന്നായിട്ടറിയാം. താഴെ നിന്റെ പെണ്ണ് നിന്നെയും നോക്കി കാത്തിരിപ്പാണ്...

നീ അധികം കാറ്റുകൊള്ളാതെ വേഗം താഴേക്ക് ചെല്ലാൻ നോക്ക്,"

ചേച്ചി എന്നെ നോക്കി കണ്ണിറുക്കി.

"അത്... ചേച്ചീ..."

ഞാൻ വല്ലാതെ ചമ്മിപ്പോയി.

"അതൊക്കെ പോട്ടെടാ,"

ചേച്ചി പെട്ടെന്ന് സംസാരത്തിന്റെ ട്രാക്ക് മാറ്റി.

ആ മുഖത്തെ കള്ളച്ചിരിയൊക്കെ മാറി അവിടെ വളരെ സ്വാഭാവികമായൊരു പരുങ്ങൽ വന്നു. എപ്പോഴും എന്നെ വഴക്കുപറയുന്ന ചേച്ചിയുടെ മുഖത്ത് വല്ലാത്തൊരു നാണം!

"ഞാനിപ്പോ എന്തായാലും മറ്റന്നാൾ തിരിച്ചുപോവുകയല്ലേ. അതിനുമുൻപ് എനിക്ക് നിന്നോട് മാത്രം ഒരു കാര്യം പറയാനുണ്ടായിരുന്നു."

"എന്താ ചേച്ചീ... എന്തുപറ്റി? മുഖത്തൊരു കള്ളലക്ഷണം ഒക്കെ ഉണ്ടല്ലോ,"

ഞാൻ സംശയത്തോടെ ചോദിച്ചു.

ചേച്ചി ചുറ്റുമൊന്ന് നോക്കി, ആരും കേൾക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം വിരലുകൾ കൂട്ടിയമർത്തി വളരെ പതുക്കെ പറഞ്ഞു.

"എടാ... അത്... എന്റെ ഓഫീസിൽ ഒരു പയ്യനുണ്ട്. പേര് അരവിന്ദ്. ഞങ്ങളുടെ ടീമിൽ തന്നെയാ വർക്ക് ചെയ്യുന്നത്. കുറച്ചു നാളായിട്ട്... ഞങ്ങൾ തമ്മിൽ......!എനിക്ക് അവനെ ഭയങ്കര ഇഷ്ടാടാ."

അത് കേട്ടതും എന്റെ കണ്ണുകൾ വിടർന്നു. ഞാൻ ശരിക്കും ഞെട്ടിപ്പോയി! ഞങ്ങളുടെ കുടുംബത്തിലെ 'ഹിറ്റ്ലർ' എന്ന് ഞാൻ എപ്പോഴും കളിയാക്കുന്ന എന്റെ ചേച്ചിക്ക് ഒരു പ്രണയമോ!

ഒരു നിമിഷത്തെ ഞെട്ടലിന് ശേഷം ഞാൻ ഉറക്കെ ചിരിക്കാൻ തുടങ്ങി.

"എന്താടാ... എന്താ ചിരിക്കാൻ മാത്രം ഇത്ര വലിയ തമാശ?"

ചേച്ചി ദേഷ്യത്തോടെ എന്റെ കയ്യിൽ ശക്തിയായി ഒന്നടിച്ചു.

"അല്ല ചേച്ചീ..."

ഞാൻ ചിരിയമർത്താൻ പാടുപെട്ടുകൊണ്ട് പറഞ്ഞു,

"ആരാ ആ ഹതഭാഗ്യൻ? നിന്റെ ഈ ഹിറ്റ്ലർ സ്വഭാവം ഒന്നും ആ പാവത്തിന് അറിയില്ലേ? സത്യം പറ, ആ പാവം പയ്യനെ നീ ഭീഷണിപ്പെടുത്തി സമ്മതിപ്പിച്ചതല്ലേ?"

"പോടാ ചെക്കാ..."

ചേച്ചി വീണ്ടും എന്റെ തോളിൽ അടിച്ചു. പക്ഷെ ആ മുഖത്തെ നാണം അപ്പോഴും മാറിയിരുന്നില്ല.

"അങ്ങനെയൊന്നുമല്ല... ഭയങ്കര പാവമാടാ കക്ഷി. വളരെ ജെനുവിൻ ആയിട്ടുള്ള ഒരാൾ. എന്നെ കൃത്യമായിട്ട് മനസ്സിലാക്കാൻ അരവിന്ദിന് കഴിയുന്നുണ്ട്."

ചേച്ചി അത് പറയുമ്പോൾ ആ കണ്ണുകളിൽ വലിയൊരു പ്രണയം തിളങ്ങുന്നത് ഞാൻ കണ്ടു.

എപ്പോഴും വീട്ടിലെ കാര്യങ്ങളും എന്റെയും അമ്മയുടെയും ആവശ്യങ്ങളും നോക്കി ഓടിനടക്കുന്ന എന്റെ ചേച്ചിക്കും സ്വന്തമായി ഒരു ലോകം ഉണ്ടായെന്നറിഞ്ഞതിൽ എനിക്ക് ഉള്ളിൽ വലിയൊരു സന്തോഷം തോന്നി.

ഞാൻ കളിയാക്കലൊക്കെ നിർത്തി സ്നേഹത്തോടെ ചേച്ചിയുടെ തോളിലൂടെ കയ്യിട്ടു.

"അമ്മയോട് പറഞ്ഞോ?"

ഞാൻ വളരെ ഗൗരവത്തിൽ ചോദിച്ചു.

"ഇല്ലെടാ... അമ്മയോട് നേരിട്ട് പറയാൻ എനിക്കൊരു പേടി. നീ നിന്റെ പെണ്ണിന്റെ കാര്യം ഇത്രയും ഗംഭീരമായിട്ട് സെറ്റാക്കിയല്ലോ. അതുകൊണ്ട് നിന്റെ ഹണിമൂൺ ഒക്കെ

കഴിഞ്ഞിട്ട്, നീ തന്നെ പതുക്കെ അമ്മയോട് ഈ കാര്യം ഒന്ന് അവതരിപ്പിക്കണം. അതിനുവേണ്ടിയാ ഞാൻ നിന്നോട് ഇപ്പോൾ പറഞ്ഞത്,"

ചേച്ചി എന്റെ മുഖത്തേക്ക് വലിയ പ്രതീക്ഷയോടെ നോക്കി.

"ഓഹോ... അപ്പൊ കാര്യങ്ങൾ അമ്മയോട് അവതരിപ്പിക്കാൻ നിനക്ക് ഈ അനിയനെ വേണം അല്ലെ?"

ഞാൻ വീണ്ടും കുസൃതിയോടെ ചോദിച്ചു.

"അതേടാ... നീ പറഞ്ഞാൽ അമ്മ എന്തായാലും കേൾക്കും. പിന്നെ അരവിന്ദിന് നിന്നെ കാണാൻ ഭയങ്കര ആഗ്രഹമാ. ഞാൻ പറഞ്ഞിട്ടുണ്ട്, ഒറ്റയ്ക്ക് പോയി ഗുണ്ടകളൊക്കെ ഇടിച്ചിട്ട് പെണ്ണിനെയും കൊണ്ട് വന്ന വലിയൊരു ഹീറോയാണ് എന്റെ അനിയൻ എന്ന്.

അവൻ നിന്നെ കാണാൻ ഇത്തിരി പേടിയോടെയാ കാത്തിരിക്കുന്നത്,"

ചേച്ചി ചിരിച്ചുകൊണ്ട് പറഞ്ഞു.

"അവനോട് പേടിക്കണ്ട എന്ന് പറ. നീ പോകുന്നതിന് മുൻപ് അവനെ എനിക്ക് വീഡിയോ കോളിൽ എങ്കിലും ഒന്ന് കാണിച്ചു തരണം,"

ഞാൻ പറഞ്ഞു. എന്നിട്ട് അവളുടെ കണ്ണുകളിലേക്ക് നോക്കി കുറച്ചുകൂടി ആത്മാർത്ഥമായി കൂട്ടിച്ചേർത്തു.

"എനിക്ക് വേറൊന്നും അറിയണ്ട ചേച്ചീ... നിന്നെ എന്നും സങ്കടപ്പെടുത്താതെ പൊന്നുപോലെ നോക്കാൻ അവന് കഴിഞ്ഞാൽ, ഈ ലോകത്ത് ആരെതിർത്താലും നിന്റെ കൂടെ ഈ അനിയൻ ഉണ്ടാകും. നിന്റെ ഇഷ്ടം തന്നെയാണ് എന്റേം ഇഷ്ടം."

എന്റെ ആ വാക്കുകൾ കേട്ടപ്പോൾ ചേച്ചിയുടെ കണ്ണുകൾ നിറഞ്ഞു. എന്നെ ഇറുകെ കെട്ടിപ്പിടിച്ചുകൊണ്ട് ചേച്ചി എന്റെ കവിളിൽ വാത്സല്യത്തോടെ ഒരു ഉമ്മ തന്നു.

"താങ്ക്സ്ടാ... എന്റെ ഏറ്റവും വലിയ ടെൻഷനാണ് നീ ഇപ്പൊ മാറ്റിത്തന്നത്. ഇനി നീ വേഗം ചെല്ല്. നിന്റെ പാർവണ നിന്നെയും നോക്കി കാത്തിരിപ്പായിരിക്കും,"

ചേച്ചി കണ്ണുനീർ തുടച്ചുകൊണ്ട് വീണ്ടും പഴയ കുസൃതിക്കാരിയായി മാറി.

ഞാൻ ചിരിച്ചുകൊണ്ട് താഴേക്ക് നടക്കുമ്പോൾ ആ നിലാവിനേക്കാൾ വലിയൊരു പ്രകാശം എന്റെയുള്ളിൽ നിറഞ്ഞിരുന്നു. എന്റെ ജീവിതം അതിന്റെ ഏറ്റവും മനോഹരമായൊരു തീരത്ത് എത്തിനിൽക്കുമ്പോൾ, എനിക്ക് ജീവനായ എന്റെ ചേച്ചിയുടെ ജീവിതത്തിലേക്കും സ്നേഹം നിറഞ്ഞൊരു വസന്തം വന്നിരിക്കുന്നു....

എന്റെ മുറിയുടെ വാതിൽപ്പടിയിൽ എന്നെയും കാത്ത് നിൽപ്പുണ്ടായിരുന്നു അവൾ. പട്ടുസാരിയുടെയും മുല്ലപ്പൂക്കളുടെയും അലങ്കാരങ്ങളൊന്നുമില്ലാതെ, വളരെ ലളിതമായൊരു ഇളംനീല ചുരിദാറായിരുന്നു അവളുടെ വേഷം.

കഴുത്തിൽ ആ മഞ്ഞച്ചരടിൽ കോർത്ത താലി ചുരിദാറിന്റെ ഇടയിൽകൂടി മുലയിടുക്കിൽ വീണ് കിടപ്പുണ്ടായിരുന്നു.നെറ്റിയിൽ ചുവന്നുതുടുത്ത സിന്ദൂരം. എന്നെ കണ്ടതും ആ ചുവന്ന അധരങ്ങളിൽ നേർത്തൊരു ചിരി വിടർന്നു.

അവളുടെ കണ്ണുകളിലെ നാണവും നെഞ്ചിടിപ്പും എനിക്ക് വ്യക്തമായി കാണാമായിരുന്നു.

ഞാൻ പതുക്കെ അവളുടെ അടുത്തേക്ക് നടന്നുചെന്നു. എന്റെ കണ്ണുകൾ അവളിൽ തന്നെ കുടുങ്ങിക്കിടക്കുകയായിരുന്നു. അവളുടെ വിറയ്ക്കുന്ന വലതുകൈ എന്റെ ഉള്ളംകയ്യിലേക്ക് ചേർത്തുപിടിച്ച് ഞാൻ പതുക്കെ മുറിക്കുള്ളിലേക്ക് കയറി.

വാതിലടച്ച് കുറ്റിയിട്ട ശബ്ദം കേട്ടപ്പോൾ അവളൊന്ന് ഞെട്ടി. അവളുടെ കൈകളിലെ കരിവളകൾ നേരിയ ശബ്ദത്തോടെ കിലുങ്ങി.

മുറിക്കുള്ളിൽ ജനാലയിലൂടെ അരിച്ചെത്തുന്ന നിലാവെളിച്ചം മാത്രമാണുണ്ടായിരുന്നത്. ഞാൻ അവളെ പതുക്കെ കട്ടിലിന്റെ അരികിലേക്ക് കൊണ്ടുപോയി ഇരുത്തി. എന്നിട്ട് അവൾക്കരികിലായി ഞാനും ഇരുന്നു.

ജനാലയിലൂടെ വന്ന നിലാവെളിച്ചത്തിൽ അവളുടെ മൂക്കുത്തിയിലെ ആ വൈരക്കല്ല് നക്ഷത്രം പോലെ തിളങ്ങുന്നുണ്ടായിരുന്നു.

"എന്താ പെണ്ണേ... മുഖം ഉയർത്താത്തത്?"

എന്റെ ശബ്ദം വല്ലാതെ നേർത്തിരുന്നു.

അവൾ പതുക്കെ മുഖമുയർത്തി എന്നെ നോക്കി. കണ്ണിൽ കണ്മഷിയെഴുതിയ ആ ഇളം നീലക്കണ്ണുകളിൽ നാണവും പ്രണയവും ഒരുപോലെ നിറഞ്ഞുനിന്നിരുന്നു. ആ നോട്ടത്തിൽ ഞാൻ എന്നെത്തന്നെ മറന്നുപോയി.

ഞാൻ പതുക്കെ എന്റെ ഇടതുകൈ കൊണ്ട് അവളുടെ കവിളിൽ തലോടി.അവളുടെ ശ്വാസത്താളത്തിൽ ആ കുഞ്ഞിമുലകളുടെ അനക്കം എന്റെ കണ്ണുകളിൽ ഉടക്കി.

"അന്ന്... ആദ്യമായി എന്റെ സ്വപ്നത്തിൽ നീ വന്ന ആ രാത്രി ഓർമ്മയുണ്ടോ നിനക്ക്?"

ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി പതുക്കെ ചോദിച്ചു.

"ചുറ്റും കാടുകൾ കൊണ്ട് നിറഞ്ഞ ആ വഴിത്താരയിൽ, ഇളം നീലക്കണ്ണുകളും കരിവളകളുടെ കിലുക്കവുമായി ഓടിവന്ന എന്റെ ദേവത..."

അവൾ അത്ഭുതത്തോടെ എന്നെ നോക്കി. ഞാൻ തുടർന്നു.

"അന്ന് ആ സ്വപ്നത്തിൽ, എന്റെ മുഖത്തേക്ക് പാറിവീണ മുടിയിഴകൾ മാറ്റിയിട്ട് നീ എന്നോട് ഒരു കാര്യം പറഞ്ഞില്ലേ? 'എപ്പോഴോ എന്നെ കാണാൻ വരുന്നേ... ഞാൻ കാത്തിരിക്കും ട്ടോ...' എന്ന്."

അത് കേട്ടതും അവളുടെ കണ്ണുകൾ നിറഞ്ഞു. ആദ്യമായി ആ വാക്കുകൾ എന്റെ ചുണ്ടുകളിൽ നിന്നും കേട്ടപ്പോൾ, ഈ പ്രപഞ്ചം മുഴുവൻ ഞങ്ങൾക്കുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടതാണെന്ന് അവൾക്കും തോന്നിയിരിക്കണം.

"നിന്റെ ആ കാത്തിരിപ്പ് ഇതാ ഇവിടെ അവസാനിക്കുകയാ പാർവണേ..."

ഞാൻ അവളുടെ വിറയ്ക്കുന്ന ചുണ്ടുകളിൽ വിരൽ വെച്ചുകൊണ്ട് മന്ത്രിച്ചു.

"ദേവന്റെ കത്തിമുനയിൽ നിന്നും എന്റെ ജീവൻ ചോർന്നുപോയപ്പോൾ, നിന്റെ ചോര പകുത്തുനൽകി നീ എന്നെ തിരികെ വാങ്ങിച്ചില്ലേ... ഇപ്പോൾ എന്റെ സിരകളിൽ ഓടുന്നത് നിന്റെ ജീവനാ.

ആ ജീവൻ ഈ ദേഹത്തുള്ള കാലത്തോളം നീ എനിക്ക് സ്വന്തമാ..."

അവളുടെ നിയന്ത്രണം നഷ്ടപ്പെട്ടിരുന്നു. കണ്ണുനീരോടെ അവൾ എന്റെ നെഞ്ചിലേക്ക് വീണു. അവളുടെ ഇരു കൈകളും എന്റെ പുറത്തുകൂടെ വരിഞ്ഞുമുറുകി. അവൾ എന്നെ ഇറുകെ കെട്ടിപ്പിടിച്ചു.

ആ നെഞ്ചിടിപ്പ് അവളുടെ പഞ്ഞിമുലകളുടെ മർദ്ധവും എന്റെ ഹൃദയത്തിൽ വന്ന് പതിക്കുന്നുണ്ടായിരുന്നു.

"എനിക്ക്... എനിക്ക് ആദിയെ അത്രയ്ക്ക് ഇഷ്ടാ..."

എന്റെ നെഞ്ചിൽ മുഖമമർത്തി അവൾ വിതുമ്പി.

ഞാൻ അവളെ പതുക്കെ എന്നിൽ നിന്നുമകറ്റി, ആ കണ്ണുനീർ തുടച്ചുമാറ്റി. അവളുടെ നെറ്റിയിലേക്ക് പാറിവീണ കുറുനിരകളെ ഞാൻ വിരലുകൾ കൊണ്ട് ചെവിക്ക് പിന്നിലേക്ക് ഒതുക്കിവെച്ചു.

എന്റെ വിരലുകൾ അവളുടെ കഴുത്തിലെ ആ മഞ്ഞച്ചരടിൽ കോർത്ത താലിയിൽ സ്പർശിച്ചപ്പോൾ അവൾ കണ്ണുകൾ ഇറുക്കിയടച്ചു.

അവളുടെ നെറ്റിയിലെ ചുവന്ന സിന്ദൂരത്തിൽ ഞാൻ പതുക്കെ ചുണ്ടുകൾ അമർത്തി. ആ ചുംബനത്തിൽ അവളൊന്ന് പിടഞ്ഞു. എന്റെ ചുണ്ടുകൾ അവളുടെ നെറ്റിയിൽ നിന്നും ആ

ഇളം നീലക്കണ്ണുകളിലേക്കും, അവിടെനിന്നും അവളുടെ കവിളുകളിലേക്കും ഇറങ്ങിവന്നു.കഴുത്തിലൂടെ താഴേക്ക് ഇറങ്ങി അവളുടെ പഞ്ഞിമുലകളിൽ എന്റെ മുഖമിട്ടു ഉരച്ചു. ചുണ്ടുകൾ ആ പഞ്ഞികുടത്തിൽ അലക്ഷ്യമായി ഓടിനടന്നു.

ജനാലയിലൂടെ വീശിയ ഇളംകാറ്റിൽ അവളുടെ ചുരിദാറിന്റെ നേർത്ത ഗന്ധം എന്നിൽ വല്ലാത്തൊരു ലഹരി പടർത്തി.

ഞാൻ പതുക്കെ അവളുടെ തോളിൽ കിടന്നിരുന്ന ഷാൾ താഴേക്ക് മാറ്റി. അവളുടെ വിറയ്ക്കുന്ന കൈകൾ എന്റെ ഷർട്ടിന്റെ ബട്ടണുകൾ ഓരോന്നായി തുറന്നു.

ഇത്രയും കാലം ഞങ്ങൾ മനസ്സിൽ കൊണ്ടുനടന്ന അടങ്ങാത്ത പ്രണയത്തിന്റെ ചൂട് ആ മുറിക്കുള്ളിൽ നിറയുകയായിരുന്നു. അവൾ എന്റെ നെഞ്ചിലെ രോമങ്ങളിൽ ചുണ്ടുകളിട്ടുരച്ചപ്പോൾ ഒരു മിന്നൽപ്പിണർ പോലെ എന്തോ ഒന്ന് എന്റെ സിരകളിലൂടെ പാഞ്ഞുപോയി.

എന്റെ അധരങ്ങൾ അവളുടെ കഴുത്തിടുക്കിലേക്ക് അമർന്നപ്പോൾ, അവൾ വല്ലാത്തൊരു ശ്വാസത്തോടെ എന്റെ തലമുടിയിൽ വിരലുകൾ കോർത്തുപിടിച്ചു. എന്റെ ചുണ്ടുകൾ അവളുടെ കഴുത്തിൽ നിന്നും പതുക്കെ ആ ചുവന്ന അധരങ്ങളിലേക്ക് നീണ്ടു.

പാതിവിടർന്ന റോസാപ്പൂവിതൾ പോലെയുള്ള അവളുടെ ചുണ്ടുകളെ ഞാൻ പൂർണ്ണമായും സ്വന്തമാക്കി. ആ ദീർഘമായ ചുംബനത്തിൽ ലോകം മുഴുവൻ നിശ്ചലമായതുപോലെ എനിക്ക് തോന്നി.കാറ്റിന്റെ മൂളലില്ല, പുറത്തെ നഗരത്തിന്റെ ശബ്ദങ്ങളില്ല. ആ മുറിക്കുള്ളിൽ ഞങ്ങളുടെ ശ്വാസനിശ്വാസങ്ങൾ മാത്രം.

ആ ചുംബനത്തിന്റെ ലഹരിയിൽ, ഞാൻ അവളെ പതുക്കെ ആ മെത്തയിലേക്ക് കിടത്തി. നാണം കൊണ്ട് അവൾ മുഖം വെട്ടിത്തിരിച്ച് ആ വലിയ നീലക്കണ്ണുകൾ ഇറുകെയടച്ചു.

നിലാവിന്റെ വെളിച്ചത്തിൽ, പൂത്തുനിൽക്കുന്ന ഒരു കാട്ടുപൂവ് പോലെ അവൾ എനിക്ക് കീഴിൽ കിടന്നു. അവളുടെ മൃദുവായ മുലകളിലേക്ക് ഞാൻ പൂർണ്ണമായും അമർന്നു.

അവളുടെ ഓരോ സ്പർശനത്തിലും, ഓരോ ചുംബനത്തിലും ഒരുപാട് കാലത്തെ കാത്തിരിപ്പിന്റെ വല്ലാത്തൊരു ദാഹമുണ്ടായിരുന്നു. വിറയ്ക്കുന്ന വിരലുകളോടെ അവൾ എന്നെ കൂടുതൽ തന്നിലേക്ക് അടുപ്പിച്ചു.

എന്റെ ചുണ്ടുകൾ അവളുടെ അധരങ്ങളിൽ നിന്നും വിറയ്ക്കുന്ന കഴുത്തിടുക്കുകളിലേക്ക് ഇറങ്ങിച്ചെന്നപ്പോൾ അവളിൽ നിന്നും നേർത്തൊരു മൂളൽ ഉയർന്നുകേട്ടു.

"മ്മ്... ആദീ..."

അവളുടെ ആ ശബ്ദം മുറിക്കുള്ളിലെ നിശബ്ദതയിൽ എനിക്ക് കൂടുതൽ ദാഹം നൽകി.

ഞാൻ പതുക്കെ അവളുടെ ഇളംനീല ചുരിദാറിന്റെ കൊളുത്തുകളിലേക്ക് വിരലുകൾ കൊണ്ടുപോയി. ഒരു നിമിഷം അവൾ നാണം കൊണ്ട് എന്റെ കൈകളിൽ പിടിച്ചെങ്കിലും, എന്റെ കണ്ണുകളിലെ പ്രണയം കണ്ടപ്പോൾ അവൾ ആ പിടിവിട്ട് കണ്ണുകൾ ഇറുകെയടച്ചു.

ആ ചുരിദാർ പതുക്കെ അവളുടെ ശരീരത്തിൽ നിന്നും താഴേക്ക് ഊർന്നു വീണു. നിലാവിന്റെ നേർത്ത വെളിച്ചത്തിൽ, യാതൊരു മറകളുമില്ലാതെ എന്റെ ദേവത എനിക്ക് മുന്നിൽ അനാവൃതമായി.

പാലൊളി വീശുന്ന അവളുടെ ആ വെണ്ണക്കൽ ശിലപോലെയുള്ള ശരീരവും, പാൽപോലുള്ള മൃതുവാർന്ന മേനിയും പൂർണ്ണതയോടെ തുടുത്തുനിൽക്കുന്ന അവളുടെ മുലകളും ആ നിലാവെളിച്ചത്തിൽ എനിക്ക് മുന്നിൽ തിളങ്ങിനിന്നു.

എന്റെ അധരങ്ങൾ ആ മാറിടങ്ങളിലേക്ക് അമർന്നപ്പോൾ അവളുടെ ശരീരമൊന്നാകെ വില്ലുപോലെ വളഞ്ഞു.

"ആഹ്... ആദീ..."

വല്ലാത്തൊരു സുഖത്തോടെ അവൾ എന്റെ തലമുടിയിൽ വിരലുകൾ കോർത്തു വലിച്ചു.

അവളുടെ നഖങ്ങൾ എന്റെ പുറത്ത് പല പല ചിത്രങ്ങൾ കുത്തിവരിച്ചുകൊണ്ടിരുന്നു. ഓരോ ചുംബനത്തിലും എന്റെ പെണ്ണിന്റെ ശരീരത്തിലെ ചൂട് കൂടിക്കൂടി വരികയായിരുന്നു.

അവളുടെ ശരീരത്തിലെ അവസാനത്തെ മറയായ ബ്രായും പാന്റീകളും ഞാൻ നീക്കി. ഒരുപാട് കാലത്തെ കാത്തിരിപ്പിന്റെ ദാഹത്തോടെ എന്റെ അധരങ്ങൾ അവളുടെ നാഭിച്ചുഴിയിലും തുടകളിലും പിന്നെ ആ റോസ് പൂറിതളുകളിലും പ്രണയത്തിന്റെ മുദ്രകൾ ചാർത്തി.

അവളുടെ ചുണ്ടുകളിൽ നിന്നും കാമത്തിന്റെ നേർത്ത ശീൽക്കാരങ്ങൾ ഉയർന്നുകൊണ്ടിരുന്നു.

"മ്മ്മ്... ആഹ്... ആദീ... എനിക്... വല്ലാണ്ട്..."

അവളുടെ വാക്കുകൾ മുറിഞ്ഞുപോയിക്കൊണ്ടിരുന്നു.

രണ്ട് ശരീരങ്ങൾ തമ്മിലുള്ള അകലം പൂർണ്ണമായും ഇല്ലാതാവുകയായിരുന്നു.

ഞാൻ പതിയ അവളുടെ കാലിടുക്കിലേക്ക് ഇഴഞ്ഞുനീങ്ങി എന്റെ കൈകളുടെ ചലനം അവളുടെ സംഗമസ്ഥാനത്തു തറഞ്ഞുനിന്നു.

അത്രയും നേരെത്തെ സുഖത്തിൽ അവളിൽ വലിയൊരു ജലപ്രവാഹം തന്നെ നടത്തികഴിഞ്ഞിരുന്നു. ഞാൻ രണ്ടു വിരലുകൾ അവളുടെ ആ ചെറിയ പൂമേനിയിൽ ആഴത്തിൽ ഇറക്കി.

“ആഹ് ആദി.....അമ്മേ....... “

എന്റെ ആ പ്രവർത്തിയിൽ അവളുടെ ഇടുപ്പുകൾ ഒരടി പൊങ്ങി. ആ പാലക്കാടൻ പെൺകുട്ടിക്ക് അത് ആദ്യ അനുഭവം ആയിരുന്നു.വീണ്ടും ഞാൻ ആ പ്രവർത്തി തുടർന്ന് കൊണ്ടിരുന്നു.എന്റെ ഇടതുകയ്യി അവളുടെ വലുത് മുലഞെട്ടിലും.വലതുകയിലെ രണ്ടുവിരലുകൾ ആ തേൻ നിറഞ്ഞ പൂറിൽ അകത്തോട്ടും പുറത്തോട്ടു ചലിച്ചുകൊണ്ടിരുന്നു.

അഹ്...ആദി....എനി....ക്ക്...ആഹ്ഹ...””

മുറിഞ്ഞുപോയ വാക്കുകൾ കൂട്ടിച്ചേർക്കുമുന്നേ നടു വളച്ച് എന്റെ കയ്യിലും മുഖത്തിലും അവളുടെ ആ കൊഴുത്ത പൂർതേൻ തെറിപ്പിച്ചു. ആ സുഖലാവണ്യത്തിൽ അവൾ വളരെ തളർന്നപോയിരുന്നു.

ആ നീലകണ്ണുകളിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ അവളുടെ കവിളുകളിൽ കൂടി ഒലിച്ചിറങ്ങുന്നത് ഞാൻ താഴെനിന്നും നോക്കി കണ്ടു.ഞാൻ നോക്കുന്നു എന്ന് കണ്ട അവൾ നാണംകാരണം രണ്ടുകയികൊണ്ടും മുഖംപൊത്തി.

താഴെ നിന്നും ഞാൻ അവളുടെ നഗ്നശരീരത്തിലേക്ക് പടർന്നുകയറി. പെട്ടന്ന് അവൾ എന്നെ തള്ളി കിടക്കയിലേക്ക് ഇട്ടു.എന്റെ ഷോർട്സും ജെട്ടിയും അവൾ ഒറ്റവലിയിൽ ഊരിയെടുത്തു.

അവളുടെ ആ പാൽപ്പെടപോലത്തെ ശരീരവും പൂർതേനിന്റെ മാസ്മരിക ഗന്ധവും കൂടികലർന്നപ്പോൾ വല്ലാത്തൊരു അനുഭൂതിയായിരുന്നു അതുകൊണ്ട് കുണ്ണകുട്ടൻ ഒരു മറപോലും ഇല്ലാതെ തനിക്ക് കിട്ടാൻപോകുന്ന സുഖത്തിന്റെ കൊടുമുടിയിൽ അവളെ തുറിച്ചുനോക്കികൊണ്ട് ഇരുന്നു..

“ദേ ആദിയുടെ കുഞ്ഞിക്കുട്ടൻ എന്നെയാ നോക്കുന്നെ കണ്ടോ.... “

അവളുടെ ആ മൃതുവായ കയ്യിക്കുള്ളിൽ മുറുകെ പിടിച്ചുകൊണ്ടു പറഞ്ഞു.ആ കൈയ്യിലെ ചൂടറിഞ്ഞിട്ടാവണം അവൻ ചെറുതായി ഒന്ന് വിറച്ചു.പക്ഷെ എന്നെ ഞെട്ടിച്ചുകൊണ്ട് അവൾ എന്റെ കുണ്ണകുട്ടനെ ആ പവിഴച്ചുണ്ടുകൾക്കിടയിലേക്ക് ഇടിച്ചിറക്കി അവളുടെ ആ ഉമിനീരിന്റെ ചൂട് കുണ്ണയെ ഒന്നുടെ ബലവാനക്കി.

ഒരു നിമിഷം അവളുടെ ആ പ്രവർത്തിയിൽ എന്റെ സിരകളിലെ രക്തയോട്ടം കൂട്ടി.

“അഹ് എന്റെ പൊന്നെ...””

അവളുടെ ആ ഊമ്പലിൽ എന്റെ സകല കണ്ട്രോളും പോകും എന്ന അവസ്ഥയായി.

കുണ്ണകുട്ടൻ അവന്റെ പെണ്ണിന്റെ വായിൽ കിടന്ന് ചുട്ട്പഴുക്കുന്നു AC യുടെ നേരിയ തണുപ്പിനെ ഭേധിച്ചുകൊണ്ട് ഞങ്ങളുടെ ശരീരത്തിലെ കാമചൂട് ആ മുറിയാകെ പരന്നിരുന്നു.ആ ചുണ്ടുകളിൽ ഞെരുങ്ങി അങ്ങോട്ടും ഇങ്ങോട്ടും കുണ്ണകുട്ടനെ ചലിപ്പിക്കുമ്പോൾ അവളുടെ ആ ചെറിയ പല്ലുകൾ ഒരു സൂചികുത്തുന്ന പോലെ കുണ്ണയിൽ കൊള്ളുന്നുണ്ടായിരുന്നു.

“അഹ്..പെണ്ണെ പല്ല് കൊള്ളുന്നു....”

ഞാൻ കൈകൊണ്ട് അവളുടെ തലമുടിയിൽ തടവി പറഞ്ഞു.അവൾ കുണ്ണയെ വായിൽനിന്നും വലിച്ചൂരി അവളുടെ കൊഴുത്ത ഉമിനീരിൽ കുണ്ണകുട്ടൻ കുളിച്ചുനിന്നു.

“അയ്യോ...ന്റെ....ആദിക്ക് വേദനിച്ചോ...ഞാൻ ആദ്യായിട്ട് ......ഇങ്ങനെ....”

അവളുടെ വായിൽ നിന്നും നാണം കാരണം വാക്കുകൾ പുറത്തുവന്നില്ല.മുൻപ് ചെയ്ത് പരിജയം ഇല്ലാത്ത കാര്യത്തിൽ ആർക്കായാലും ഇങ്ങനെ ഒക്കെ സംഭവിക്കാം.

“എന്റെ മോളു ഇങ്ങു വന്നേ..... “

താഴെ കുണ്ണകുട്ടനെ കൈയിൽ പിടിച്ചു ഇരിക്കുന്ന എന്റെ പെണ്ണിനെ ഞാൻ മാടി വിളിച്ചു. അവൾ താഴെ നിന്നും ഊർന്നു വന്നു എന്റെ നെഞ്ചിൽ മുഖം പൂഴുത്തിൽ.

പെണ്ണ് ഭയങ്കര നാണക്കരിയാണ്. ഞാൻ മെല്ലെ അവളുടെ മുഖം എന്റെ നെഞ്ചിൽ നിന്നും ഉയർത്തി.ആ പവിഴ ചുണ്ടിൽ ഞാൻ അമർത്തി ഒന്ന് ചുംബിച്ചു.

ആ ചുംബനത്തിന്റെ ചൂടിൽ അവളുടെ ആ നീക്കണ്ണുകൾ കൂമ്പിയടഞ്ഞു.

ഞാൻ അവളെ അവിടെ കിടക്കയിൽ പിടിച്ചുകിടത്തി കൊണ്ട് പറഞ്ഞു.

“മോളു.. ഇവിടെ കിടന്നേ.. എനിക്ക് താഴെ കുറച്ചു പണിയുണ്ട്....”

ഒരു കള്ള ചിരിയും ചിരിച് ഞാൻ അവളുടെ കാലിന്റെ ഇടയിലേക്ക് ഇറങ്ങി. അപ്പോഴും നാണം കൊണ്ട് അവൾ കണ്ണുകൾ തുറന്നില്ല. ജനലിൽകൂടി അരിച്ചിറങ്ങുന്ന നേർത്ത നിലാവിന്റെ വെളിച്ചത്തിൽ അവളുടെ മുഖം വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു.

താഴെ ഇറങ്ങിയ ഞാൻ അവളുടെ തുടകൾ രണ്ടും പിടിച്ചു അകത്തി ആ പൂമേനിയിൽ മുഖം അടുപ്പിച്ചു ആഞ്ഞു മണത്തു.നേരത്തെ ചുരത്തിയ പൂർതേനിന്റെ രൂക്ഷമായ ഗന്ധം എന്റെ നാസികയിൽ കുടുങ്ങി..

ഞാൻ മുഖം കൂടുതൽ അടിപ്പിച് ആ റോസ് പൂറിന്റെ ഉള്ളറകളിൽ എന്റെ നാവിനെ

കുത്തിനിർത്തി. എന്റെ ആ പ്രവർത്തിയിൽ അവൾ ചെറുതായ് ഒന്ന് വിറച്ചു. ശീൽകാരങ്ങൾ ഉരുവിട്ടുകൊണ്ട് ഇരുന്നു.

""ആഹ്ഹ്..... ആ.. ദി....മ്മ്മ്...""

നടു പൊക്കിയും തഴുത്തിയും അവൾ വിളിച്ചു കൂവി. ഞാൻ ആ പൂവിനെ നക്കിയും കന്തിനെ കടിച്ചൂമ്പിയും പെണ്ണിനെ വികാരത്തിന്റെ കൊടുമുടിയിൽ എടുത്തെറിഞ്ഞു.

"മ്മ്.......ആ....ദി....... എനി ..ക്ക് വരൂ...നൂ..."

അവൾക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞിരുന്നില്ല. നടുവളച്ചുപോക്കി വില്ലുപോലെ നിന്നുകൊണ്ട് പെണ്ണ് കാറികൂവി. ഒരു നിമിഷത്തെ ഇടവേളക്ക് ശേഷം എന്റെ മുഖത്തും വായിലും പെണ്ണിന്റെ കൊഴുത്ത പൂർതേൻ ഒലിച്ചിറങ്ങി.ഞാൻ അത് മുഴുവൻ ഒരു അമൃതം പോലെ കുടിച്ചിറക്കി.

അത് കണ്ട അവൾ എന്റെ മുഖത്തേക്ക് കണ്ണുക്കൂർപ്പിച്ചു നോക്കി..

"അയ്യേ എന്ത് വൃത്തികേടാ ആദി ഈ കാണിച്ചേ അത് കുടിച്ചോ?..... "

ഞാൻ നാവ് നീട്ടി എന്റെ കീഴ്ച്ചുണ്ടിലും മേൽചുണ്ടിലും പറ്റിയെ അവളുടെ തേൻ നക്കി വൃത്തിയാക്കിയിട്ട് അവളെ നോക്കി..

"അതിനിപ്പോ എന്താ.... എന്റെ പെണ്ണിന്റെ അല്ലെ നല്ല രുചിയുണ്ട്....."

ഞാൻ വീണ്ടും നാക്കുകൊണ്ട് നുണയുന്നത് കണ്ട അവൾ നാണംകാരണം മുഖം വെട്ടി

തിരിച്ചു...

നിലാവിന്റെ നീലവെളിച്ചതിൽ ദേഹത്ത് ഒരു തുണ്ട് തുണിപോലും ഇല്ലാതെ പൂർതേനും ഒലിപ്പിച്ചു മലർന്നുകിടക്കുന്നവളെ കണ്ടപ്പോൾ കുണ്ണകുട്ടൻ ഉയർന്നുപോങ്ങി. ആ തറവാട്ടി കുട്ടിയെ പൂർണ്ണമായും ആവാഹിച്ചെടുക്കാൻ അവൻ വെമ്പൽ കൊണ്ട്.

ഞാൻ പതിയെ എന്റെ കുണ്ണകുട്ടനെ കൈകൊണ്ട് ഒന്ന് ഉഴിഞ്ഞിട്ട് അവളുടെ സംഗമസ്ഥാനത്ത് മുട്ടിച്ചു.

"അഹ്..."

ശീൽകാരത്തിന്റെയും ശ്വാസതാളത്തിന്റെയും ശബ്ദങ്ങൾ ആ മുറിയിലാകെ പരന്നു...

കുണ്ണകുട്ടന്റെ തല അവളുടെ പൂറിന്റെ ധ്വരത്തിനുമുന്നിൽ തറഞ്ഞുനിന്നു. ചെറിയ മുറുക്കം ആയതിനാൽ അവനു അകത്തേക്ക് കയറിപോകാൻ അത്ര എളുപ്പമായിരുന്നില്ല. എന്നാലും നേരത്തെ ചുരത്തിയ തേനിന്റെ വഴുവഴുപ്പിൽ അവൻ ചെറുതായി കയറി തുടങ്ങി.

വേദനയുടെയും കാമത്തിന്റെയും സുഖത്തിൽ പെണ്ണ് കിടന്നു മുരളുന്നുണ്ടായിരുന്നു.ഞാൻ കുട്ടനെ ഒന്നുടെ ഊരി ആഞ്ഞു ഒരു തള്ള് കൊടുത്തു അതോടപ്പം ഞാനും അവളുടെ നെഞ്ചിലേക്ക് ഇഴകിച്ചേർന്നു.

എന്റെ ആ തള്ളലിൽ രണ്ട് ശരീരങ്ങൾ തമ്മിലുള്ള അകലം പൂർണ്ണമായും ഇല്ലാതാവുകയായിരുന്നു. എന്റെ പുരുഷത്വം അവളിലേക്ക് ആഴ്ന്നിറങ്ങിയ ആ ആദ്യ നിമിഷത്തിൽ, ഒരു നേർത്ത നോവോടെ അവൾ എന്റെ നെഞ്ചിലേക്ക് ഇറുകെപ്പറ്റി.

"ആഹ്... അമ്മേ....”

വിതുമ്പിക്കൊണ്ട് അവൾ എന്റെ തോളിൽ കടിച്ചുപിടിച്ചു. ആ ചെറിയ വേദനയെ സ്നേഹം നിറഞ്ഞൊരു ചുംബനത്തിലൂടെ ഞാൻ ഇല്ലാതാക്കി. പിന്നെ ആ മുറിക്കുള്ളിൽ പ്രണയത്തിന്റെ വല്ലാത്തൊരു താളമായിരുന്നു.

ജനാലയ്ക്കപ്പുറത്തെ രാത്രിയെ സാക്ഷിയാക്കി, ഇരു ശരീരങ്ങളും ഒന്നായിത്തീരുന്ന ആ വന്യമായ പ്രണയത്തിൽ ഞങ്ങൾ ഞങ്ങളെത്തന്നെ മറന്നു. കുണ്ണകുട്ടൻ പെണ്ണിന്റെ പൂറിതളുകളിൽ ഉരഞ്ഞുകയറുമ്പോൾ അവൾ എന്നിലേക്ക് കൂടുതൽ അലിഞ്ഞുചേരുന്നുണ്ടായിരുന്നു.

കാമത്തിന്റെ മൂർദ്ധന്യത്തിൽ അവളുടെ ശ്വാസോച്ഛ്വാസം വേഗത്തിലായി. മുറിക്കുള്ളിൽ അവളുടെ ശീൽക്കാര ശബ്ദങ്ങൾ മാത്രം മുഴങ്ങിനിന്നു. ഒടുവിൽ, പ്രണയത്തിന്റെ ആ വലിയ കൊടുമുടിയിൽ അവളുടെ പൂമേനിക്കുള്ളിൽ എന്റെ കുണ്ണകുട്ടൻ പലതവണ ശുക്ലകഷ്ണങ്ങൾ തുപ്പിയറിഞ്ഞു അതോടപ്പം അവൾക്കും വെടിപൊട്ടിയിരുന്നു.

അവളുടെ തല എന്റെ നെഞ്ചിലായിരുന്നു കിതപ്പടങ്ങാത്ത അവളുടെ ശ്വാസം എന്റെ നെഞ്ചിനെ പൊള്ളിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരുടെയും ശരീരങ്ങൾ വിയർപ്പിൽ കുളിച്ചിരുന്നു. അവളുടെ പൂർതേനിന്റെ ഗന്ധത്തിനൊപ്പം ഞങ്ങളുടെ വിയർപ്പിന്റെ ഗന്ധവും ആ മുറിയിൽ നിറഞ്ഞുനിന്നു.

കുറച്ചുനേരം അങ്ങനെ തന്നെ കിടന്ന ശേഷം, അവൾ പതുക്കെ തലയുയർത്തി എന്റെ മുഖത്തേക്ക് നോക്കി. ആ നീലക്കണ്ണുകളിൽ അതുവരെയില്ലാത്ത വല്ലാത്തൊരു തിളക്കവും പൂർണ്ണതയുമുണ്ടായിരുന്നു.

വിയർപ്പുകണങ്ങൾ പൊടിഞ്ഞ അവളുടെ നെറ്റിയിലെ കുറുനിരകൾ മാറ്റി ഞാൻ ആ നെറ്റിയിലൊന്ന് ചുംബിച്ചു.

അവൾ എന്റെ നെഞ്ചിലെ വിയർപ്പുതുള്ളികളിൽ വിരൽ തൊട്ട് വരച്ചുകൊണ്ട്, വല്ലാത്തൊരു നാണത്തോടെയും അതിലേറെ സ്നേഹത്തോടെയും പതുക്കെ പറഞ്ഞു.

"ഇപ്പൊ എന്റെ ഈ ശരീരം ആദിയുടേത് മാത്രല്ലേ... ഇനിയൊരിക്കലും... ഈ നെഞ്ചിൽ നിന്ന് എന്നെ താഴെ ഇറക്കില്ലല്ലോ അല്ലെ...”

അവളുടെ ആ ചോദ്യത്തിന് മറുപടിയായി ഞാൻ ആ നെറ്റിയിലെ വിയർപ്പുകണങ്ങളിൽ പതുക്കെ എന്റെ ചുണ്ടുകൾ അമർത്തി.

"ഒരിക്കലുമില്ല പെണ്ണേ... എന്റെ ശ്വാസം നിലയ്ക്കുന്നതുവരെ നീ ഈ നെഞ്ചിൽ തന്നെയുണ്ടാവും,"

ഞാൻ മന്ത്രിച്ചു. ആ വാക്കുകൾ കേട്ടതും വല്ലാത്തൊരു സമാധാനത്തോടെ അവൾ എന്റെ നെഞ്ചിലേക്ക് ഒന്നുകൂടി ഒതുങ്ങിക്കിടന്നു.

പുറത്ത് നിലാവിന്റെ വെളിച്ചം മങ്ങിത്തുടങ്ങിയിരുന്നു. തണുത്ത കാറ്റ് ജനാലയിലൂടെ മുറിക്കുള്ളിലേക്ക് അടിച്ചുകയറിയപ്പോൾ ഞാൻ പുതപ്പെടുത്ത് ഞങ്ങൾ ഇരുവർക്കുമായി പുതച്ചു. എന്റെ നെഞ്ചിടിപ്പും കേട്ട്, ലോകത്തിലെ ഏറ്റവും സുരക്ഷിതമായ ഇടത്താണെന്ന പൂർണ്ണവിശ്വാസത്തോടെ അവൾ ഗാഢമായ ഉറക്കത്തിലേക്ക് വഴുതിവീണു.

അവളെ എന്റെ ഇരു കൈകൾക്കും ഉള്ളിൽ ഭദ്രമായി ഒളിപ്പിച്ച്, എന്റെ പെണ്ണിന്റെ ഗന്ധവും ശ്വസിച്ച് ഞാനും വല്ലാത്തൊരു സ്വസ്ഥതയോടെ ഉറക്കത്തിലേക്ക് വീണു.

കണ്ണുതുറക്കുമ്പോൾ ജനാലയിലൂടെ ഇളംവെയിൽ മുറിക്കുള്ളിലേക്ക് വീണിരുന്നു. കാറ്റിന് ഇപ്പോൾ തേനിന്റെ ഗന്ധമല്ല, പകരം നല്ല ചൂട് ഏലക്കയിട്ട ചായയുടെയും പിന്നെ കുളിച്ചീറൻ മാറിയെത്തിയ എന്റെ

ദേവതയുടെയും സുഗന്ധമാണ്. ഞാൻ പതുക്കെ കണ്ണുകൾ ചിമ്മിത്തുറന്ന് നോക്കി. കട്ടിലിനരികിൽ, എന്റെ മുഖത്തേക്ക് തന്നെ നോക്കി വലിയൊരു കള്ളച്ചിരിയോടെ നിൽക്കുകയാണ് അവൾ! ഒരു കയ്യിൽ ആവി പറക്കുന്ന ചായയുണ്ട്.

അവളെ കണ്ടതും എന്റെ ഉറക്കമെല്ലാം ഒറ്റയടിക്ക് പറന്നുപോയി. കുളിച്ചീറൻ മാറി, ഇളം നീലക്കരയുള്ള ഒരു സെറ്റ് സാരിയായിരുന്നു അവളുടെ വേഷം. വെള്ളത്തുള്ളികൾ ഇറ്റിറ്റുവീഴുന്ന ആ നീണ്ട മുടി കാറ്റിൽ പാറിപ്പറക്കുന്നുണ്ട്.

നെറ്റിയിൽ വലിയൊരു ചന്ദനപ്പൊട്ടും, നെറുകയിൽ ചുവന്നുതുടുത്ത സിന്ദൂരവും. കണ്ണുകളിൽ വീണ്ടും കരിമഷിയെഴുതിയിട്ടുണ്ട്. അവളുടെ ആ വലിയ ഇളം നീലക്കണ്ണുകൾക്ക് ഇപ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്തത്ര ഭംഗിയുണ്ടായിരുന്നു.

"എന്താ മനുഷ്യാ ഈ വായംപൊളിച്ച് നോക്കണേ... ഇതിനുമുൻപ് എന്നെ കണ്ടിട്ടേ ഇല്ല്യാന്ന് തോന്നുല്ലോ..."

ആ തനി പാലക്കാടൻ ഈണത്തിൽ വലിയൊരു കുസൃതിയോടെ അവൾ ചോദിച്ചു.

"കണ്ടിട്ടുണ്ടെടി... പക്ഷെ ഇങ്ങനെ, പൂർണ്ണമായിട്ടും എന്റെ മാത്രമായതിന് ശേഷം ഈ കോലത്തിൽ ഞാൻ ആദ്യമായിട്ടല്ലേ കാണുന്നത്... അതിന്റെയൊരു കൊതിയാടി പെണ്ണേ..."

ഞാൻ കട്ടിലിൽ പതുക്കെ എഴുന്നേറ്റിരുന്നുകൊണ്ട് അവളെത്തന്നെ നോക്കി പറഞ്ഞു.

അതുകേട്ടപ്പോൾ അവളുടെ മുഖത്ത് വല്ലാത്തൊരു നാണം വന്നു. അവൾ ചിരിയമർത്തിക്കൊണ്ട് കട്ടിലിനരികിലെ ടീപ്പോയിയിലേക്ക് ആ ചായ വെച്ചു. എന്നിട്ട് തിരിഞ്ഞ് നടക്കാൻ തുടങ്ങിയതും, ഞാൻ പെട്ടെന്ന് എന്റെ വലംകൈ നീട്ടി ആ സാരിത്തുമ്പിലൂടെ അവളുടെ ഇടുപ്പിൽ വട്ടംപിടിച്ചു ഒറ്റവലി!

"അമ്മേ..!"

ചെറിയൊരു ഞെട്ടലോടെ അവൾ നേരെ വന്ന് എന്റെ നെഞ്ചിലേക്ക് വീണു. അവളുടെ നനഞ്ഞ മുടിയിഴകൾ എന്റെ മുഖത്തേക്ക് പാറിവീണു. ശരീരത്തിൽ നിന്നും സോപ്പിന്റെയും ഈറൻമുടിയിലെ വെളിച്ചെണ്ണയുടെയും വല്ലാത്തൊരു ഗന്ധം എന്നിലേക്ക് പടർന്നു.

അവൾ എന്റെ നെഞ്ചിൽ കിടന്ന് കുതറാൻ ശ്രമിച്ചു. ഞാൻ ഇരുകൈകൾ കൊണ്ടും അവളെ എന്റെ നെഞ്ചിലേക്ക് ഒന്നുകൂടി ഇറുകെ കെട്ടിപ്പിടിച്ചു.

"എന്താ ഈ കാണിക്ക്ണേ... വിട്ടേ ആദീ... താഴെ അമ്മയും ചേച്ചീം ഉണ്ട്... അവരെങ്ങാനും ഇങ്ങട് വരും..."

അവൾ വല്ലാത്തൊരു വെപ്രാളത്തോടെ എന്റെ കയ്യിലെ പിടിവിടുവിക്കാൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു.

"വന്നാലെന്താടി? സ്വന്തം പെണ്ണിനെ ഒന്നു കെട്ടിപ്പിടിക്കാൻ എനിക്കിപ്പോ ആരുടേം പെർമിഷൻ ആവശ്യമില്ലല്ലോ,"

ഞാൻ വലിയൊരു ചിരിയോടെ അവളെ ഒന്നുകൂടി കട്ടിലിലേക്ക് അമർത്തി.

"അവിടെ അമ്മ ഒറ്റക്ക് അടുക്കളേല് കഷ്ടപ്പെട്വാ... എനിക്കങ്ങട് പോണം. വെറുതെ മെനക്കെടുത്താണ്ട് വിട്ടേ ആദീ..."

അവൾ കള്ളപ്പരിഭവത്തോടെ എന്റെ നെഞ്ചിൽ പതുക്കെ ഒന്നടിച്ചു. ആ മുഖം നാണം കൊണ്ട് ചുവന്നിരുന്നു.

അവളുടെ ആ പിടപ്പിൽ സാരിയുടെ മുന്താണി തോളിൽ നിന്നും പതുക്കെ താഴേക്ക് വീണു. ഇന്നലെ രാത്രിയിലെ എന്റെ ചുണ്ടുകൾ വീഴ്ത്തിയ ചുവന്ന പാടുകൾ ആ കഴുത്തിടുക്കിൽ അപ്പോഴും മായാതെ കിടപ്പുണ്ടായിരുന്നു.

എന്റെ നോട്ടം അവിടേക്ക് നീളുന്നത് കണ്ടതും അവൾ വേഗം സാരിത്തുമ്പ് വലിച്ചിട്ട് കഴുത്ത് മറച്ചു.

"ദേ മനുഷ്യാ. ഇനിയും ന്നെ വീട്ടില്ലങ്കിൽ ഞാൻ ഈ ചായേടെ കപ്പ് താഴെത്തിടും പറഞ്ഞേക്കാം... ഇപ്പൊ തന്നെ കഴുത്തില് കാണിച്ച് വെച്ചേക്കണ കണ്ടില്ലേ...

താഴെ ചെല്ലുമ്പോ അമ്മേടെ മുഖത്ത് ഞാൻ എങ്ങനെ നോക്കും ദൈവമേ..."

അവൾ വല്ലാത്തൊരു നാണത്തോടെയും പരിഭവത്തോടെയും എന്നെ തള്ളിമാറ്റി കട്ടിലിൽ നിന്നും വേഗം എഴുന്നേറ്റു.

ഞാൻ ചിരിച്ചുകൊണ്ട് നോക്കുമ്പോൾ, ചമ്മൽ മാറ്റാനായി വേഗം മുടി ഒതുക്കിക്കെട്ടുകയായിരുന്നു അവൾ. അവളുടെ വിറയ്ക്കുന്ന വിരലുകളും കിലുങ്ങുന്ന കരിവളകളും കാണാൻ വലിയ ഭംഗിയായിരുന്നു.

"ആ... വേഗം കുടിച്ചിട്ട് താഴേക്ക് വാ."

അവൾ വാതിൽക്കലേക്ക് നടന്നു.

വാതിൽ തുറക്കുന്നതിന് മുൻപ് അവൾ ഒന്നുകൂടി തിരിഞ്ഞുനോക്കി. കുസൃതിയും പ്രണയവും നിറഞ്ഞ ആ ഇളം നീലക്കണ്ണുകൾ എന്നെ ഒന്നുകൂടി ഉഴിഞ്ഞു. എന്നിട്ട് ആരും കാണാതെ അവൾ എനിക്കൊരു ഫ്ലൈയിങ് കിസ്സ് തന്നിട്ട് വേഗം വാതിലും തുറന്ന് താഴേക്ക് ഓടി.

പടികൾ ഇറങ്ങിപ്പോകുന്ന അവളുടെ പാദസരത്തിന്റെ ശബ്ദം കേട്ട് ഞാൻ ആ ചായ കപ്പിലെടുത്തു. ആ ചൂട് ചായയേക്കാൾ വലിയൊരു ഉന്മേഷം അവളുടെ ആ ഒറ്റ നോട്ടത്തിൽ എനിക്ക് കിട്ടിയിരുന്നു.

എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായൊരു പ്രഭാതമായിരുന്നു അത്. ഒരുപാട് കാലത്തെ എന്റെ കാത്തിരിപ്പുകൾക്കും പ്രാർത്ഥനകൾക്കും ഒടുവിൽ, ഈ ലോകത്ത് എന്റേത് മാത്രമായൊരു വസന്തം എന്നെത്തേടി എത്തിയിരിക്കുന്നു. യഥാർത്ഥ ജീവിതം ഇതാ ഇവിടെ തുടങ്ങുകയാണ്...

മുകളിലെ മുറിയിൽ നിന്നും ആ ചൂട് ചായയും കുടിച്ച് പടികളിറങ്ങി ഞാൻ താഴേക്ക് ചെല്ലുമ്പോൾ, വീടാകെ വല്ലാത്തൊരു ഉണർവ്വിലായിരുന്നു. അടുക്കളയിൽ നിന്നും കടുക് പൊട്ടുന്ന ശബ്ദവും, അമ്മയുടെയും ചേച്ചിയുടെയും സംസാരവും കേൾക്കാം.

ഇടയ്ക്ക് പാർവണയുടെ കുസൃതിച്ചിരിയും ഉയർന്നുകേൾക്കുന്നുണ്ട്. ജനാലയിലൂടെ വരുന്ന ഇളംവെയിലിൽ, ഈ വീടിന്റെ ഓരോ കോണിലും ഇന്നുവരെയില്ലാത്ത വല്ലാത്തൊരു പ്രകാശം നിറഞ്ഞുനിൽക്കുന്നത് പോലെ എനിക്ക് തോന്നി.

ഞാൻ ഹാളിലെ സോഫയിൽ വന്നിരുന്നതും എന്റെ ഫോൺ ശബ്ദിച്ചു. വാട്സ്ആപ്പിൽ സച്ചുച്ചേട്ടന്റെ വീഡിയോ കോൾ ആണ്! അന്ന് ഞങ്ങളെ പാലക്കാട് നിന്നും ട്രെയിൻ കയറ്റി വിട്ടതിന് ശേഷം രാത്രിയിലെ ഫ്ലൈറ്റിൽ തന്നെ ചേട്ടൻ ഗൾഫിലേക്ക് മടങ്ങിയിരുന്നു.

ഞാൻ കോൾ അറ്റൻഡ് ചെയ്തു. സ്ക്രീനിൽ ഗൾഫിലെ തന്റെ റൂമിലിരിക്കുന്ന സച്ചുച്ചേട്ടന്റെ ചിരിക്കുന്ന മുഖം തെളിഞ്ഞു.

"എന്താടാ പുതിയാപ്ലേ... ഉറക്കമൊക്കെ കഴിഞ്ഞോ? നിങ്ങള് എപ്പോ നാട്ടിലെത്തി?"

സച്ചുച്ചേട്ടൻ പതിവുപോലെ വലിയൊരു കുസൃതിയോടെ ചോദിച്ചു.

"ആ ചേട്ടാ... രാവിലെ എത്തി. ഏട്ടൻ എപ്പോഴാ റൂമിൽ എത്തിയത്? യാത്രയൊക്കെ ഓക്കെ സുഖം ആയിരുന്നില്ലേ?"

ഞാൻ ചോദിച്ചു.

"ഞാൻ ഇന്നലെ രാത്രി എത്തിയെടാ. നല്ല ക്ഷീണം കാരണം അപ്പൊ വിളിച്ചില്ല. പിന്നെ ഞാൻ വിളിച്ചത് വേറൊരു കാര്യം പറയാനാ..."

സച്ചുച്ചേട്ടന്റെ മുഖത്ത് ചെറിയൊരു ഗൗരവം വന്നു.

"ഞാൻ വന്നയുടനെ നിന്റെ വിസയുടെ കാര്യം എന്റെ കമ്പനിയിൽ സംസാരിച്ചിട്ടുണ്ട്. എല്ലാം സെറ്റാണ്. അടുത്ത മാസം തന്നെ നിനക്ക് ഇങ്ങോട്ട് വരാനുള്ള വിസ ഞാൻ അയച്ചുതരാം.

നീ പതുക്കെ പാസ്സ്പോർട്ടും കാര്യങ്ങളും ഒക്കെ റെഡിയാക്കി വെച്ചോ."

കല്യാണത്തിന് മുൻപ് ഗൾഫിൽ പോയി സെറ്റിൽ ചെയ്യണം എന്നത് എന്റെ വലിയൊരു ആഗ്രഹമായിരുന്നു. പക്ഷെ, ഇപ്പോൾ ആ വാക്കുകൾ കേട്ടപ്പോൾ എന്റെയുള്ളിൽ ചെറിയൊരു പിടപ്പാണ് ഉണ്ടായത്.

അപ്പോഴാണ് ഹാളിലെ ടേബിളിൽ വെക്കാൻ വെള്ളവുമായി പാർവണ അടുക്കളയിൽ നിന്നും അങ്ങോട്ടേക്ക് വന്നത്. അവൾ പെട്ടെന്ന് നിന്നു. സച്ചുച്ചേട്ടൻ പറഞ്ഞതെല്ലാം അവൾ കേട്ടിരുന്നു.

കല്യാണം കഴിഞ്ഞ് കുറച്ചുദിവസങ്ങൾക്കുള്ളിൽ ഞാൻ അവളെ തനിച്ചാക്കി ഗൾഫിലേക്ക് പോകുമോ എന്ന ചിന്തയിൽ അവളുടെ മുഖത്തെ ആ ചിരിയൊക്കെ പെട്ടെന്ന് മാഞ്ഞു.

അവിടെ വലിയൊരു പേടി വന്ന് നിറയുന്നത് എനിക്ക് കാണാമായിരുന്നു. കൈയിലിരുന്ന വെള്ളം തുളുമ്പാതിരിക്കാൻ അവൾ ഗ്ലാസ്സിലെ പിടി ഒന്നുകൂടി മുറുക്കി.

ഞാൻ പാർവണയെ ഒന്ന് നോക്കിയിട്ട്, വളരെ കാഷ്വലായി, എന്നാൽ വ്യക്തമായി ഫോണിലേക്ക് നോക്കി പറഞ്ഞു.

"സച്ചുച്ചേട്ടാ... ഏട്ടൻ എനിക്കുവേണ്ടി ഈ ബുദ്ധിമുട്ടുന്നതൊക്കെ എനിക്കറിയാം. പക്ഷെ... ഞാനൊരു കാര്യം ആലോചിക്കുവാരുന്നു. ഞാനിപ്പോൾ ഗൾഫിലേക്കില്ല ചേട്ടാ."

"അതെന്താടാ പെട്ടെന്ന്? നീ ആഗ്രഹിച്ചത് അല്ലെ ഗൾഫിൽ വന്നു സെറ്റ് ആകണം എന്ന് “

സച്ചുച്ചേട്ടൻ അത്ഭുതത്തോടെ ചോദിച്ചു.

"അതെ ചേട്ടാ, പക്ഷെ അപ്പൊ എന്റെ സിറ്റുവേഷൻ വേറെയായിരുന്നില്ലേ. ഇപ്പൊ അങ്ങനെയല്ലല്ലോ. അവള് വീടും നാടുമൊക്കെ വിട്ട് എന്നെ മാത്രം വിശ്വസിച്ചാ കൂടെ പോന്നത്.

ഇപ്പൊ കല്യാണവും കഴിഞ്ഞ്, അവളെ ഇവിടെ ഒറ്റക്കാക്കി ഞാൻ അങ്ങോട്ട് വരുന്നത് ശരിയല്ല ചേട്ടാ. അവൾക്കത് ഭയങ്കര സങ്കടമാവും. എനിക്കിവിടെ എന്റെ ആ പഴയ ജോലി തന്നെ മതി.

വലിയ ശമ്പളം ഒന്നും ഇല്ലെങ്കിലും അവളെയും കൂട്ടി ഈ നാട്ടിൽ തന്നെ നിൽക്കാനാ എനിക്കിപ്പൊ ഇഷ്ടം. ചേട്ടനു ഒന്നും തോന്നരുത്."

എന്റെ വാക്കുകൾ കേട്ട് സച്ചുച്ചേട്ടൻ ഒരു നിമിഷം മിണ്ടാതിരുന്നു. പിന്നെ ആ മുഖത്ത് സ്നേഹം നിറഞ്ഞൊരു ചിരി വിടർന്നു.

"ഇതിൽ എനിക്ക് തോന്നാൻ എന്താടാ... നീ പറഞ്ഞതാ ശരി. ഇപ്പൊ നീ വലിയൊരു ഉത്തരവാദിത്തമുള്ള കുടുംബനാഥനായി. നിന്റെ പെണ്ണിന്റെ കൂടെ, നാട്ടിൽ തന്നെ നിൽക്ക്.

അവിടെയായാലും നന്നായിട്ട് ജീവിക്കാൻ നിനക്കറിയാം. ശരിടാ, ഞാൻ പിന്നെ വിളിക്കാം..."

വലിയൊരു ചിരിയോടെ സച്ചുച്ചേട്ടൻ കോൾ കട്ട് ചെയ്തു.

ഫോൺ ടീപ്പോയിയിലേക്ക് വെച്ച് ഞാൻ മുഖമുയർത്തുമ്പോൾ, ഗ്ലാസ്സ് ടേബിളിൽ വെച്ചിട്ട് എന്റെ അടുത്തേക്ക് ഓടിവരികയായിരുന്നു അവൾ. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. എന്റെ അരികിൽ വന്നിരുന്ന അവൾ, എന്റെ വലതുകയ്യിൽ ഇറുകെ പിടിച്ചു.

"എന്താടി പൊട്ടി... എന്തിനാ ഈ കണ്ണൊക്കെ നിറച്ചേക്കുന്നെ?"

ഞാൻ അവളുടെ താടിയിൽ പിടിച്ച് മുഖം ഉയർത്തിക്കൊണ്ട് ചോദിച്ചു.

"ഞാൻ... ഞാൻ ശരിക്കും പേടിച്ചുപോയി ആദീ... എങ്ങാനും എന്നെ വിട്ട്..."

അവളുടെ ശബ്ദം നേർത്തുപോയിരുന്നു.

"നിന്നെ തനിച്ചാക്കി ഞാൻ എങ്ങോട്ടും പോവില്ല എന്റെ പെണ്ണേ... ഇനി ഏത് വലിയ ലോകം എന്റെ മുന്നിൽ കൊണ്ടുവന്നു വെച്ചാലും, എനിക്ക് നീയുള്ള ഈ നാട് മതി,"

ഞാൻ ചിരിച്ചുകൊണ്ട് അവളുടെ നെറ്റിയിൽ എന്റെ നെറ്റി മുട്ടിച്ചു.

അവളുടെ മുഖത്ത് വലിയൊരു ആശ്വാസം വന്ന് നിറഞ്ഞു. നിറകണ്ണുകളോടെ, എന്നാൽ വല്ലാത്തൊരു പ്രണയത്തോടെ അവളെന്നെ നോക്കി ചിരിച്ചു. അവൾക്ക് എന്നോടുള്ള ആ വലിയ വിശ്വാസം ആ നോട്ടത്തിൽ വ്യക്തമായിരുന്നു.

"പാർവണേ... ആ കറിവേപ്പില ഇങ്ങ് എടുത്തേ മോളെ..."

പെട്ടെന്ന് അടുക്കളയിൽ നിന്നും അമ്മയുടെ വിളി വന്നതും അവൾ എന്നിൽ നിന്നും പതിയെ അടർന്നുമാറി. ആ കണ്ണുകളിലെ നനവ് വേഗം സാരിത്തുമ്പുകൊണ്ട് തുടച്ചുമാറ്റി.

എന്നിട്ട് എന്നെ നോക്കി കള്ളച്ചിരിയോടെ ഒന്ന് കണ്ണടച്ച് കാണിച്ചിട്ട് അവൾ വേഗം അടുക്കളയിലേക്ക് ഓടി. അവൾ പോകുന്നതും നോക്കി ആ സോഫയിലിരിക്കുമ്പോൾ എന്റെ മനസ്സിലും വലിയൊരു സമാധാനമായിരുന്നു.

കുറച്ചുകഴിഞ്ഞതും ഡൈനിങ് ടേബിളിൽ പ്രഭാതഭക്ഷണം റെഡിയായി. അടുക്കളയിൽ നിന്നും ചൂട് അപ്പവും മുട്ടക്കറിയുമായി അമ്മയും പാർവണയും ഹാളിലേക്ക് വന്നു. കുളിച്ച് റെഡിയായി അനഘ ചേച്ചിയും അങ്ങോട്ടേക്ക് എത്തി.

ഞങ്ങൾ മൂന്നുപേരും ആ വലിയ ഡൈനിങ് ടേബിളിന് ചുറ്റുമിരുന്നു. പാർവണ വളരെ സ്നേഹത്തോടെ എല്ലാവർക്കും അപ്പം വിളമ്പിക്കൊടുത്തു. എന്റെ പ്ലേറ്റിലേക്ക് കറിയൊഴിച്ചു തരുമ്പോൾ ആരും കാണാതെ അവൾ എനിക്കൊരു കുസൃതിച്ചിരിയും പാസാക്കി.

ആ വലിയ വീട്ടിലെ ഊണുമേശയിൽ ഒരുപാട് കാലത്തിന് ശേഷം സന്തോഷം മാത്രം നിറഞ്ഞുനിൽക്കുന്നൊരു പ്രഭാതമായിരുന്നു അത്.

ഭക്ഷണം കഴിക്കുന്നതിനിടയിൽ, അമ്മ ഇടയ്ക്ക് അനഘ ചേച്ചിയെ വലിയൊരു വാത്സല്യത്തോടെ നോക്കി. ആ നോട്ടത്തിൽ ഒരു അമ്മയുടെ ഉത്തരവാദിത്തം മുഴുവൻ ഉണ്ടായിരുന്നു.

"ഇനിയിപ്പോ ഒരു കാര്യം കൂടിയേ ബാക്കിയുള്ളൂ..."

അമ്മ ചേച്ചിയെ നോക്കി വലിയൊരു നെടുവീർപ്പോടെ പറഞ്ഞു.

"ഇവളെയുംക്കൂടി നല്ലൊരു പയ്യന്റെ കയ്യിൽ ഏൽപ്പിച്ചാലേ എനിക്കൊരു സമാധാനം ആവൂ."

അമ്മയുടെ ആ ഡയലോഗ് കേട്ടതും അപ്പം വായിലേക്ക് വെക്കാൻ പോയ ചേച്ചിയുടെ കൈ പെട്ടെന്നൊന്ന് നിന്നു. ചേച്ചി വല്ലാത്തൊരു പരിഭ്രമത്തോടെ എന്നെ നോക്കി.

അമ്മ അങ്ങനെയൊരു കാര്യം പറഞ്ഞപ്പോൾ, മനസ്സിൽ അരവിന്ദിനെ കൊണ്ടുനടക്കുന്ന ചേച്ചിക്ക് സ്വാഭാവികമായും ഉണ്ടാകുന്ന ആ പേടി ആ മുഖത്തുണ്ടായിരുന്നു.

ചേച്ചിയുടെ ആ നോട്ടം കണ്ട് എനിക്ക് ചിരി വന്നെങ്കിലും ഞാൻ അത് കഷ്ടപ്പെട്ട് അടക്കിപ്പിടിച്ചു. അപ്പോഴാണ് കയ്യിലെ പാത്രവുമായി പാർവണ അവിടേക്ക് കയറി വന്നത്.

"അതെയമ്മേ... ചേച്ചീടെ കല്യാണം നമുക്ക് വല്ല്യേ രീതിയില് തന്ന്യേ നടത്തണം. ഇന്ദ്രനീലത്തില് നിന്ന് എല്ലാവരും വരും. എന്റെ കല്യാണത്തിന് ചേച്ചി ഓടിനടന്ന് പണിയെടുത്തതല്ലേ, ചേച്ചീടെ കല്യാണത്തിന് ഞാൻ മുന്നില് തന്നെ ഉണ്ടാവും. എന്താ അല്ലെ ആദി?"

പാർവണ വളരെ ആവേശത്തോടെ ചോദിച്ചു.

അവൾക്ക് ചേച്ചിയോടുള്ള ആ സ്നേഹം കണ്ടപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. ഞാൻ വീണ്ടും ചിരിയമർത്തിക്കൊണ്ട് ചേച്ചിയെ നോക്കി പറഞ്ഞു.

"പിന്നില്ലാതെ... നല്ല ഗംഭീരമായിട്ട് തന്നെ നമുക്ക് നടത്താം. പയ്യനെയൊക്കെ വൈകാതെ തന്നെ നമുക്ക് കണ്ടുപിടിക്കാം. എന്താ ചേച്ചീ?"

എന്റെ ആ ഡയലോഗ് കേട്ടതും ചേച്ചിയുടെ മുഖം വല്ലാതെ ചുവന്നു. രഹസ്യം അറിയാവുന്ന ഞാൻ അവളെ വെച്ചുകൊണ്ടിരുന്ന് കളിയാക്കുകയാണെന്ന് അവൾക്ക് നന്നായിട്ട് മനസ്സിലായിരുന്നു.

പെട്ടെന്ന് ടേബിളിനടിയിലൂടെ ചേച്ചിയുടെ കാല് വന്ന് എന്റെ കാലിൽ ശക്തിയായി ഒന്ന് ചവിട്ടി! എന്നെക്കൊണ്ട് കൂടുതൽ ഒന്നും പറയിപ്പിക്കാതിരിക്കാൻ ചേച്ചി വേഗം സംസാരത്തിന്റെ വിഷയം മാറ്റി.

"എന്റെ കല്യാണത്തിന്റെ കാര്യം അവിടെ നിൽക്കട്ടെ. ഞാൻ നാളെ രാവിലെ ബാംഗ്ലൂരിലേക്ക് പോവാ. ട്രെയിൻ ടിക്കറ്റ് ഒക്കെ ഇന്നലെ തന്നെ ബുക്ക് ചെയ്തിരുന്നു."

ചേച്ചി വളരെ ഗൗരവത്തിൽ പറഞ്ഞു.

അതുകേട്ടതും പാർവണയുടെ മുഖത്തെ ആവേശമൊക്കെ മാഞ്ഞു. അവൾ സങ്കടത്തോടെ ചേച്ചിയുടെ അടുത്തേക്ക് നീങ്ങി നിന്നു.

"അയ്യോ... നാളത്തന്നെ പോവ്വാണോ ചേച്ചീ? കുറച്ചു ദിവസം കൂടി നിന്നിട്ട് പോയാ മതിയാരുന്ന്...,"

അവൾ വലിയൊരു പരിഭവത്തോടെ പറഞ്ഞു.

"അതെന്നെയാ അനഘേ ഞാനും പറയുന്നേ... അവളിങ്ങോട്ട് വന്നതേയുള്ളൂ. ഒരു രണ്ടാഴ്ച കൂടി നിന്നിട്ട് പോയാൽ പോരെ നിനക്ക്?"

അമ്മയും ചേച്ചിയോട് ചോദിച്ചു.

ചേച്ചി വലിയൊരു നിസ്സഹായതയോടെ പാർവണയുടെ കയ്യിൽ പിടിച്ചു.

"അതെങ്ങനെയാ അമ്മേ... ഇപ്പൊ തന്നെ ഞാൻ കുറെ ദിവസമായി ലീവ് എടുത്തിട്ട്. നാളെ പോയില്ലെങ്കിൽ ചിലപ്പോ പണി പോകും. പുതിയ പ്രൊജക്റ്റ് തുടങ്ങാനുണ്ട്.

പിന്നെ ഞാൻ ഇടയ്ക്ക് ലീവ് കിട്ടുമ്പോഴൊക്കെ ഓടിവരില്ലേ പാർവണേ..."

അതുകേട്ട് പാർവണ സങ്കടത്തോടെ ഒന്നു മൂളി.

"അവൾക്ക് ജോലിത്തിരക്ക് ഉള്ളതുകൊണ്ടല്ലേ അമ്മേ.""

ഞാൻ ഒത്തുതീർപ്പാക്കുന്ന മട്ടിൽ പറഞ്ഞു.

പിന്നെ ചേച്ചിയുടെ മുഖത്തേക്ക് നോക്കി ചെറിയൊരു കള്ളച്ചിരിയോടെ കൂട്ടിച്ചേർത്തു.

"ചേച്ചി വേഗം പോയിട്ട് വരട്ടെ. പോയിട്ട് വേണം വേറെ ചില പ്രധാനപ്പെട്ട കാര്യങ്ങൾക്കൊക്കെ ഒരു തീരുമാനം എടുക്കാൻ... എന്തായാലും അനഘ ചേച്ചിയുടെ കല്യാണം, അതെന്റെയും വലിയൊരു ആഗ്രഹമല്ലേ!"

എന്റെ ആ ഡയലോഗ് കേട്ടതും അമ്മയും പാർവണയും എന്നെ വലിയ സ്നേഹത്തോടെ നോക്കിയപ്പോൾ, ചേച്ചി മാത്രം എന്നെ കൊല്ലാനുള്ള ദേഷ്യത്തിൽ കണ്ണുരുട്ടി പേടിപ്പിക്കുന്നുണ്ടായിരുന്നു.

അവളുടെ ആ നോട്ടവും, എന്റെ പെണ്ണിന്റെ കുസൃതിയും, അമ്മയുടെ വാത്സല്യവുമൊക്കെച്ചേർന്ന് ആ ഊണുമേശയിൽ അപ്പോൾ ജീവിതത്തിന്റെ ഏറ്റവും മനോഹരമായൊരു ചിത്രമാണ് പൂർണ്ണമാകുന്നത് എന്ന് എനിക്ക് തോന്നി....

ആ പകലും രാത്രിയും വല്ലാത്തൊരു വേഗത്തിലാണ് കടന്നുപോയത്. പിറ്റേന്ന് രാവിലെ തന്നെ വീടാകെ ചെറിയൊരു മൗനത്തിലായിരുന്നു. അനഘ ചേച്ചിക്ക് ബാംഗ്ലൂരിലേക്ക് മടങ്ങാനുള്ള സമയമായി.

രാവിലത്തെ ഭക്ഷണമെല്ലാം കഴിഞ്ഞ്, ബാഗും സാധനങ്ങളുമൊക്കെ പായ്ക്ക് ചെയ്ത് ചേച്ചി ഹാളിലേക്ക് ഇറങ്ങിവരുമ്പോൾ അവിടെ അമ്മയും പാർവണയും വല്ലാത്തൊരു സങ്കടത്തോടെ നിൽപ്പുണ്ടായിരുന്നു.

അമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അച്ഛൻ പോയതിന് ശേഷം ഈ കുടുംബത്തിന്റെ വലിയൊരു അത്താണിയായിരുന്നു അവൾ. ചേച്ചി ചെന്ന് അമ്മയെ ചേർത്തുപിടിച്ചു.

"എന്താ അമ്മേ ഇത്... ഞാൻ ഇടയ്ക്ക് ലീവ് കിട്ടുമ്പോ ഓടിവരില്ലേ... അമ്മ വിഷമിക്കാതെ, ദേ ഇവളില്ലേ അമ്മക്ക് കൂട്ടിന്,"

ചേച്ചി ചിരിച്ചുകൊണ്ട് പാർവണയെ ചൂണ്ടി.

പാർവണ വന്ന് ചേച്ചിയുടെ കയ്യിൽ മുറുകെ പിടിച്ചു. ആ ഇളം നീലക്കണ്ണുകളിലും ചെറിയൊരു നനവുണ്ടായിരുന്നു.

"ചേച്ചീ... എന്നാലും കുറച്ചു ദിവസം കൂടി നിന്നിട്ട് പോയാ മതിയാരുന്ന്. ഇനിയിപ്പോ ലീവ് കിട്ടുമ്പോ പെട്ടെന്ന് ഇങ്ങട് വരണേ... ഈ മനുഷ്യൻ ഓഫീസില് പോയാ പിന്നെ ഞാൻ ഒറ്റക്കാവും ട്ടോ,"

അവൾ ആ തനി പാലക്കാടൻ ഈണത്തിൽ പരിഭവിച്ചു.

"ഇടക്ക് ഫോൺ വിളിക്കാൻ ഒന്നും മറക്കണ്ട പറഞ്ഞേക്കാം."

"ഇല്ലെന്റെ മോളെ, ഞാൻ വിളിക്കാം. നീ അമ്മയെ നന്നായി നോക്കണം കേട്ടോ. പിന്നെ ഇവൻ വല്ലാതെ ശല്യം ചെയ്താൽ എന്നോട് പറഞ്ഞാ മതി, ബാക്കി ഞാൻ നോക്കിക്കോളാം,"

ചേച്ചി അവളുടെ കവിളിൽ വാത്സല്യത്തോടെ ഒന്ന് തൊട്ടു. ആ വീട്ടിലേക്ക് വന്നിട്ട് കുറച്ചു ദിവസങ്ങളേ ആയുള്ളൂ എങ്കിലും, ചേച്ചിയുമായി അവൾ വലിയൊരു ആത്മബന്ധം ഉണ്ടാക്കിയെടുത്തിരുന്നു.

ഞങ്ങൾ ബൈക്കിലാണ് റെയിൽവേ സ്റ്റേഷനിലേക്ക് പോയത്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലെ ഒന്നാമത്തെ പ്ലാറ്റ്ഫോമിൽ ട്രെയിൻ കാത്തുനിൽക്കുമ്പോൾ, ചേച്ചിയുടെ മുഖത്ത് വല്ലാത്തൊരു മൗനമുണ്ടായിരുന്നു.

ചുറ്റും യാത്രക്കാരുടെ വലിയ തിരക്കുണ്ടായിട്ടും അവൾ എന്തോ വലിയ ചിന്തയിലായിരുന്നു. ഞാൻ കാന്റീനിൽ നിന്നും രണ്ട് ചായ വാങ്ങി വന്ന് അവൾക്ക് നേരെ നീട്ടി.

"എന്താ ചേച്ചി... വലിയൊരു ആലോചനയിലാണല്ലോ? ബാംഗ്ലൂരിലേക്ക് പോകുന്നതിന്റെ സങ്കടമാണോ അതോ വേറെ വല്ലതുമാണോ?"

ഞാൻ കുസൃതിയോടെ ചോദിച്ചു.

ചായ വാങ്ങി ഒരു സിപ്പ് കുടിച്ചിട്ട് അവൾ വലിയൊരു നെടുവീർപ്പോടെ എന്നെ നോക്കി.

"എടാ ആദീ... ഇന്നലെ അമ്മ ഡൈനിങ് ടേബിളിൽ വെച്ച് എന്റെ കല്യാണത്തിന്റെ കാര്യം പറഞ്ഞില്ലേ. അപ്പൊ തൊട്ട് എനിക്കൊരു സമാധാനവുമില്ലെടാ. അമ്മയോട് ഞാൻ എങ്ങനെയാ അരവിന്ദിന്റെ കാര്യം അവതരിപ്പിക്കുക എന്നോർത്ത് വല്ലാത്തൊരു ടെൻഷൻ."

ചേച്ചിയുടെ ആ പറച്ചിലിൽ ഒരു പെൺകുട്ടിയുടെ നിസ്സഹായത മുഴുവൻ ഉണ്ടായിരുന്നു. സ്വന്തം പ്രണയം വീട്ടിൽ എങ്ങനെ പറയുമെന്ന പേടി. ഞാൻ വളരെ ശാന്തനായി അവളുടെ തോളിലൂടെ കയ്യിട്ട് എന്റെ അടുത്തേക്ക് ചേർത്തുനിർത്തി.

"എന്റെ പൊന്നനഘേ... നീ ഇതിനാണോ ഇങ്ങനെ മുഖം വീർപ്പിച്ചു വെച്ചേക്കുന്നത്? ഞാൻ പറഞ്ഞില്ലേ നിന്നോട്, ഞാനില്ലേ നിനക്ക്?"

ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി വളരെ ഗൗരവത്തിൽ, എന്നാൽ സ്നേഹത്തോടെ പറഞ്ഞു.

"നീ ഒരു ടെൻഷനും ഇല്ലാതെ സമാധാനമായിട്ട് പോ. അവിടെ ചെന്നിട്ട് നീ അരവിന്ദിനോട് സംസാരിക്ക്. അവന്റെ വീട്ടുകാരോട് ഈ കാര്യം അവതരിപ്പിക്കാൻ പറ.

എന്നിട്ട് കാര്യങ്ങളൊക്കെ തീരുമാനിച്ചിട്ട് എന്നോട് പറഞ്ഞാൽ മതി."

അതുകേട്ടതും ചേച്ചിയുടെ മുഖത്തെ ആ പേടിയൊക്കെ മാറി വലിയൊരു അത്ഭുതം നിറഞ്ഞു. ഞാൻ വീണ്ടും തുടർന്നു.

"അവരുടെ ഭാഗത്തുനിന്നും എല്ലാം ഓക്കെയാണെങ്കിൽ, പിന്നെ ഒട്ടും വൈകിപ്പിക്കണ്ട. അപ്പൊ തന്നെ ഞാൻ അമ്മയോട് കാര്യങ്ങൾ സംസാരിച്ച് സമ്മതിപ്പിച്ചോളാം. എന്റെ പെണ്ണിനെ ഞാൻ ഈ വീട്ടിലേക്ക് കൊണ്ടുവന്നത് നീ കൂടി കൂട്ടുനിന്നിട്ടല്ലേ...

അപ്പൊ എന്റെ ചേച്ചീടെ കല്യാണം അവളുടെ ഇഷ്ടത്തിന് തന്നെ ഞാൻ ഗംഭീരമായിട്ട് നടത്തിത്തരും. അതീ അനിയന്റെ വാക്കാ."

എന്റെ ആ ഡയലോഗ് കേട്ടതും ചേച്ചിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. എപ്പോഴും ഒരു ചെറിയ കുട്ടിയെപ്പോലെ മാത്രം എന്നെ കണ്ടിരുന്ന അവളുടെ മുന്നിൽ, വലിയൊരു ഉത്തരവാദിത്തമുള്ള ഗൃഹനാഥനായി ഞാൻ മാറിയതിന്റെ വല്ലാത്തൊരു അഭിമാനവും സന്തോഷവും ആ മുഖത്തുണ്ടായിരുന്നു.

അവൾ ചായയുടെ കപ്പ് തിടുക്കത്തിൽ താഴെ വെച്ച് എന്നെ ഇറുകെ കെട്ടിപ്പിടിച്ചു.

"താങ്ക്സ്ടാ... എനിക്ക് നിന്നോട് എന്ത് പറയണം എന്നറിയില്ല. എന്റെ വലിയൊരു പേടിയാ നീ ഇപ്പൊ മാറ്റിത്തന്നത്..."

സന്തോഷം കൊണ്ട് അവളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു.

"മതി മതി... ആളുകൾ നോക്കുന്നു. ഒരു ഐടി കമ്പനി ഉദ്യോഗസ്ഥ കൊച്ചുകുട്ടികളെപ്പോലെ നിന്ന് കരയുന്നത് കണ്ടാൽ നാണക്കേടാ,"

ഞാൻ ചിരിച്ചുകൊണ്ട് അവളെ സമാധാനിപ്പിച്ചു.

അപ്പോഴേക്കും അനൗൺസ്മെന്റ് വന്നു, വണ്ടി പ്ലാറ്റ്ഫോമിലേക്ക് കടന്നുവരികയായിരുന്നു. അവളുടെ ലഗേജുകൾ എല്ലാം എടുത്ത് സീറ്റിൽ വെച്ചുകൊടുത്ത് ഞാൻ പുറത്തിറങ്ങി. ജനാലയ്ക്കരികിലിരുന്ന് അവൾ എന്നെ നോക്കി നിറകണ്ണുകളോടെ, എന്നാൽ വലിയൊരു സമാധാനത്തോടെ കൈവീശി.

വണ്ടി പതുക്കെ നീങ്ങിത്തുടങ്ങി. അത് കണ്ണിൽ നിന്നും മറയുന്നതുവരെ ഞാൻ ആ പ്ലാറ്റ്ഫോമിൽ തന്നെ നിന്നു. എന്റെ കുടുംബത്തിന്റെ സന്തോഷങ്ങൾ ഒന്നിനുപുറകെ ഒന്നായി പൂവണിയുകയാണ്.

തിരികെ വണ്ടിയിലേക്ക് നടക്കുമ്പോൾ എന്റെ മനസ്സിൽ നിറയെ സ്വന്തം വീട്ടിലെ അടുക്കളയിൽ എനിക്കായി കാത്തിരിക്കുന്ന എന്റെ പെണ്ണിന്റെ കുസൃതി നിറഞ്ഞ ആ ഇളം നീലക്കണ്ണുകൾ മാത്രമായിരുന്നു.

കുറച്ചുനേരം അവളെ കാണാതിരുന്നപ്പോൾത്തന്നെ വല്ലാത്തൊരു ശൂന്യത എന്നെ പൊതിഞ്ഞിരുന്നു.

റെയിൽവേ സ്റ്റേഷനിൽ നിന്നും തിരികെ വീട്ടിലെത്തുമ്പോൾ വല്ലാത്തൊരു നിശബ്ദതയായിരുന്നു. ഗേറ്റ് കടന്ന് മുറ്റത്തേക്ക് കയറുമ്പോൾത്തന്നെ ആ മാറ്റം എനിക്ക് ഫീൽ ചെയ്തു.

ചേച്ചി ഉണ്ടായിരുന്നപ്പോഴുള്ള ആ ഒരു ബഹളവും ചിരിയുമൊക്കെ ഒറ്റയടിക്ക് ഇല്ലാതായിരിക്കുന്നു.

ഞാൻ ചെല്ലുമ്പോൾ അമ്മയും പാർവണയും ഹാളിലെ സോഫയിൽ തന്നെ ഇരിപ്പുണ്ടായിരുന്നു. ചേച്ചി പോയതിന്റെ സങ്കടം അമ്മയുടെ മുഖത്ത് വ്യക്തമായി കാണാമായിരുന്നു. ഞാൻ ചെന്ന് അവർക്കരികിലായി സോഫയിലേക്ക് ഇരുന്നു.

എന്നെ കണ്ടതും അമ്മ വലിയൊരു നെടുവീർപ്പോടെ ശൂന്യതയിലേക്ക് നോക്കി, ആരോടെന്നില്ലാതെ പറഞ്ഞു.

"അവളങ്ങ് പോയതോടെ ഈ വീടാകെ ഉറങ്ങിയ അവസ്ഥയിലായല്ലോ... അല്ലെങ്കിൽ എപ്പോഴും അവളുടെയൊരു കളിയും ചിരിയുമൊക്കെയായിട്ട് ആകെപ്പാടെ ഒരു ബഹളമായിരുന്നു. ഇനിയിപ്പോ ആ കുറുമ്പിയെ കാണണമെങ്കിൽ അവൾക്ക് അടുത്ത ലീവ് കിട്ടണം..."

ആ വാക്കുകളിൽ ഒരു അമ്മയുടെ വലിയൊരു സങ്കടം ഉണ്ടായിരുന്നു. ഞാൻ ചിരിച്ചുകൊണ്ട് അമ്മയുടെ തോളിൽ കയ്യിട്ടു.

"അതിനിപ്പോ സങ്കടപ്പെടാൻ എന്തിനാ അമ്മേ... അവൾക്ക് ലീവ് കിട്ടുമ്പോ ഇങ്ങോട്ട് തന്നെ ഓടിവരില്ലേ. പോരാത്തതിന് ഇനിയിപ്പോ ഞാൻ ഇല്ലേ അമ്മയ്ക്ക് കൂട്ടിന്... ഒപ്പം എന്റെയീ

ദേവതയും."

ഞാൻ പാർവണയെ നോക്കി കണ്ണിറുക്കിക്കൊണ്ട് പറഞ്ഞു.

എന്റെ ആ നോട്ടം കണ്ട് അവൾ ചെറുതായിട്ടൊന്ന് ചിരിച്ചു. വീട്ടിലെ ഈ മൂഡ് ഒന്ന് മാറ്റിയെടുക്കാൻ ഞാൻ പെട്ടെന്നൊരു പ്ലാൻ ഇട്ടു.

"നമുക്ക് ഇന്നിപ്പോ ഒരു കാര്യം ചെയ്താലോ? വൈകുന്നേരം ഒന്ന് പുറത്തുപോവാം. നല്ല സൺസെറ്റ് കാണാൻ കോവളം ബീച്ചിൽ പോയാലോ?."

അതുകേട്ടതും പാർവണയുടെ മുഖം പെട്ടെന്ന് തിളങ്ങി. അവൾ വലിയ ആവേശത്തോടെ അമ്മയുടെ കയ്യിൽ പിടിച്ചുകൊണ്ട് പറഞ്ഞു.

"അതെ അമ്മേ, നമുക്ക് പോവാം... വല്ല്യേ രസാവും ട്ടോ. അവിടെ പോയിട്ട് കുറച്ചു നേരം കാറ്റൊക്കെ കൊള്ളാലോ."

അവളുടെ ആ കൊഞ്ചിക്കൽ കണ്ടപ്പോൾ അമ്മയുടെ മുഖത്ത് അതുവരെയുണ്ടായിരുന്ന സങ്കടം മാറി വലിയൊരു വാത്സല്യം വന്നു നിറഞ്ഞു. അമ്മ ചിരിച്ചുകൊണ്ട് അവളുടെ കവിളിൽ തലോടിയിട്ട്, എന്നെ നോക്കി പറഞ്ഞു.

"മക്കൾ രണ്ടുപേരും കൂടി പോയിട്ട് വാ... ഞാൻ വരുന്നില്ല. എനിക്കെന്തോ ചെറിയൊരു ക്ഷീണം പോലെ. മാത്രമല്ല അടുക്കളയില് കുറച്ചു പണിയുമുണ്ട്."

"അതെന്താ അമ്മേ അങ്ങനെ... അമ്മയും വാ,"

ഞാൻ നിർബന്ധിക്കാൻ ശ്രമിച്ചു.

"ഞാൻ വരുന്നില്ലടാ... നിങ്ങൾ പോയിട്ട് വാ."

ഇത്രയും പറഞ്ഞ് വലിയൊരു അർത്ഥം വെച്ചുള്ള ചിരിയോടെ അമ്മ മെല്ലെ എഴുന്നേറ്റ് അടുക്കളയിലേക്ക് നടന്നു.

അമ്മ പോയതും ഹാളിൽ ഞങ്ങൾ രണ്ടുപേരും മാത്രമായി. ഞാൻ പതുക്കെ സോഫയിൽ അവൾക്കരികിലേക്ക് ഒന്നുകൂടി നീങ്ങിയിരുന്നു. എന്റെ പെട്ടെന്നുള്ള ആ മാറ്റം കണ്ട് അവൾ സംശയത്തോടെ എന്നെ നോക്കി.

ഞാൻ അവളെത്തന്നെ നോക്കി ചെറിയൊരു കള്ളച്ചിരിയോടെ ചോദിച്ചു.

"അമ്മ എന്താ വരാഞ്ഞത് എന്ന് മനസ്സിലായോ നിനക്ക്?"

"ഏയ്... എന്താ? അമ്മയ്ക്ക് ക്ഷീണം ഉണ്ടെന്ന് പറഞ്ഞില്ലേ..."

അവൾ വളരെ നിഷ്കളങ്കമായി ചോദിച്ചു.

"അതൊക്കെയൊരു അടവാടി പൊട്ടിപ്പെണ്ണേ... പുതിയതായിട്ട് കല്യാണം കഴിഞ്ഞ പെണ്ണും ചെറുക്കനും കൂടി ഒന്ന് തനിച്ചു കറങ്ങിക്കോട്ടെ എന്ന് കരുതി അമ്മ മനപ്പൂർവ്വം നമുക്ക് സ്പേസ് തന്ന് മാറിത്തന്നതാ..."

അതുകേട്ടതും അവളുടെ മുഖത്ത് വല്ലാത്തൊരു നാണം വന്ന് നിറഞ്ഞു. ആ വലിയ നീലക്കണ്ണുകൾ പതുക്കെ താഴേക്ക് നീണ്ടു. അവൾ സാരിയുടെ മുന്താണി വിരലുകളിൽ ചുറ്റിപ്പിടിച്ചുകൊണ്ട് പതിയെ പറഞ്ഞു.

"ദേ മനുഷ്യാ... വെറുതെ അമ്മയെക്കൊണ്ട് ഓരോന്ന് പറയിപ്പിക്കാൻ...""

ഇത്രയും പറഞ്ഞ് എന്റെ മുഖത്തേക്ക് പോലും നോക്കാതെ അവൾ സോഫയിൽ നിന്നും എഴുന്നേൽക്കാൻ നോക്കി. പെട്ടെന്ന് ഞാൻ അവളുടെ വലതുകയ്യിൽ കയറിപ്പിടിച്ചു.

അവൾ കുതറാൻ ശ്രമിച്ചെങ്കിലും ഞാൻ ആ പിടി വിട്ടില്ല.

"എവിടേക്ക് പോകുവാ?"

ഞാൻ അവളുടെ മുഖത്തേക്ക് നോക്കി ചോദിച്ചു.

"അമ്മ അവിടെ തനിച്ചല്ലേ ആദീ... വിട്..."

അവൾ അടുക്കളയുടെ ഭാഗത്തേക്ക് നോക്കി വെപ്രാളത്തോടെ പറഞ്ഞു.

"വിടാം... പക്ഷെ വൈകുന്നേരം ബീച്ചിൽ പോകുമ്പോഴേ, നീ ആ ഇളം നീല ചുരിദാർ ഇട്ടാ മതി ട്ടോ. സാരിയും ഉടുത്ത് അവിടെ കടൽക്കാറ്റത്ത് നടക്കാൻ വല്ല്യ പാടാ..."

ഞാൻ അവളെ നോക്കി കണ്ണിറുക്കി.

നാണം കൊണ്ട് ചുവന്ന മുഖത്തോടെ അവൾ പതുക്കെ മൂളി.

"മ്മ്... ഇടാം. ഇനി ഈ കയ്യിന്ന് ഒന്ന് വിട്ടേ..."

ഞാൻ ചിരിച്ചുകൊണ്ട് ആ പിടി വിട്ടതും, അവൾ എന്നെയൊന്ന് കൂർപ്പിച്ചു നോക്കിയിട്ട് വേഗം അടുക്കളയിലേക്ക് ഓടി...

ഉച്ചക്കത്തെ ഊണും കഴിഞ്ഞ് കുറച്ചുനേരം വിശ്രമിച്ച ശേഷം, വൈകുന്നേരം അഞ്ചുമണിയോടെ ഞങ്ങൾ പുറത്തുപോകാൻ തയ്യാറായി. താഴെ ഹാളിൽ കാത്തുനിന്ന എന്റെ അടുത്തേക്ക് പടികളിറങ്ങി വരുന്ന അവളെക്കണ്ട് ഞാൻ ഒരു നിമിഷം കണ്ണെടുക്കാതെ നോക്കിനിന്നുപോയി.

ഞാൻ പറഞ്ഞതുപോലെ ആ ഇളം നീല ചുരിദാറായിരുന്നു അവളുടെ വേഷം. അവളുടെ വെണ്ണക്കൽ ശിലപോലെയുള്ള ശരീരത്തോട് ഒട്ടിനിൽക്കുന്ന ആ ചുരിദാറിൽ അവൾ വല്ലാതെ ഭംഗിയുണ്ടായിരുന്നു.

വിടർന്ന മാറിടങ്ങളും, ഇടുങ്ങിയ അരക്കെട്ടും ആ വേഷത്തിൽ കൂടുതൽ വ്യക്തമായിരുന്നു. നനഞ്ഞ മുടി അഴിച്ചിട്ടിട്ടുണ്ട്. നെറ്റിയിൽ ചെറിയൊരു ചന്ദനപ്പൊട്ടും ആ കുങ്കുമവും.

എന്നെത്തന്നെ നോക്കി വലിയൊരു കള്ളച്ചിരിയോടെ അവൾ എന്റെ അടുത്തേക്ക് വന്നു.

അപ്പോഴേക്കും അമ്മ അടുക്കളയിൽ നിന്നും ഇറങ്ങിവന്നു.

"അമ്മേ, ഞങ്ങൾ ഇറങ്ങുവാ... വരാൻ കുറച്ചു വൈകും. കോവളത്തുനിന്ന് തിരിച്ചു വരുന്നവഴിക്ക് ലുലു മാളിൽ കൂടി ഒന്ന് കയറണം. കുറച്ചു ഷോപ്പിംഗ് ഒക്കെ കഴിഞ്ഞിട്ടേ വരൂ,"

ഞാൻ അമ്മയോടായി പറഞ്ഞു.

"ശരിയെടാ... സൂക്ഷിച്ച് പോയിട്ട് വാ. എന്നാലും അധികം വൈകാതെ വേഗം വരാൻ നോക്ക് ട്ടോ രണ്ടാളും,"

അമ്മ സ്നേഹത്തോടെ പറഞ്ഞു.

അമ്മയോട് യാത്ര പറഞ്ഞ് ഞങ്ങൾ മുറ്റത്തേക്കിറങ്ങി. എന്റെ ബുള്ളറ്റ് സ്റ്റാർട്ട് ചെയ്തതും അവൾ വന്ന് പതിയെ പുറകിലേക്ക് കയറിയിരുന്നു. വണ്ടി മുന്നോട്ട് എടുത്തതും ഒരു നേർത്ത കുളിരോടെ അവളുടെ രണ്ടു കൈകളും എന്റെ വയറിലൂടെ ചുറ്റിപ്പിടിച്ചു.

അവളുടെ മൃദുവായ ശരീരം എന്റെ പുറത്തേക്ക് അമർന്നപ്പോൾ എന്റെ സിരകളിലൂടെ ഒരു മിന്നൽ പാഞ്ഞുപോയി. കാറ്റിൽ പാറിവന്ന അവളുടെ മുടിയിഴകൾ എന്റെ കവിളിൽ തലോടിക്കൊണ്ടിരുന്നു.

കഴക്കൂട്ടം ബൈപ്പാസിലൂടെ എന്റെ വണ്ടി മുന്നോട്ട് കുതിക്കുമ്പോൾ, ഇരുവശത്തുമുള്ള പച്ചപ്പും സായാഹ്നത്തിന്റെ ഇളംവെയിലും ആ യാത്രയെ കൂടുതൽ മനോഹരമാക്കി. എന്നോട് ചേർന്നിരുന്ന് റോഡിലെ കാഴ്ചകൾ കണ്ട് വല്ലാത്തൊരു ആവേശത്തിലായിരുന്നു അവൾ.

അല്പനേരം കഴിഞ്ഞതും ദൂരെ ലുലു മാളിന്റെ വലിയ കെട്ടിടം കണ്ടുതുടങ്ങി. ബൈപ്പാസിൽ അവിടെ അത്യാവശ്യം നല്ല തിരക്കുണ്ടായിരുന്നു. ആദ്യമായിട്ടാണ് പാർവണ ഇത്രയും വലിയൊരു മാൾ കാണുന്നത്.

അതിന്റെ വലിപ്പവും അവിടുത്തെ തിരക്കും കണ്ട് അവൾ അത്ഭുതത്തോടെ എന്റെ തോളിൽ താടി വെച്ചുകൊണ്ട് ചോദിച്ചു.

"അമ്മേ... ഇതെന്താ ആദീ ഇത്ര വലുത്? ഇത്രേം വലിയ കട ഞാൻ ആദ്യായിട്ട് കാണാ ട്ടോ..."

അവളുടെ ആ നിഷ്കളങ്കമായ ചോദ്യം കേട്ട് എനിക്ക് ചിരിവന്നു.

"അതാണ് ഞാൻ പറഞ്ഞ ലുലു മാൾ. ഏഷ്യയിലെ തന്നെ വലിയ മാളുകളിൽ ഒന്നാ ഇത്. കടൽ കണ്ടിട്ട് തിരിച്ചു വരുമ്പോ നമുക്ക് ഇതിന്റെ ഉള്ളിൽ കയറി കാണാം ട്ടോ,"

ഞാൻ വണ്ടി ഓടിക്കുന്നതിനിടയിൽ പറഞ്ഞു.

അതുകേട്ടപ്പോൾ വല്ലാത്തൊരു സന്തോഷത്തോടെ അവൾ എന്നെ ഒന്നുകൂടി ഇറുകെ കെട്ടിപ്പിടിച്ചു.

ബൈപ്പാസിലെ തിരക്കുകളൊക്കെ പിന്നിട്ട് ഞങ്ങൾ കോവളം ബീച്ചിൽ എത്തുമ്പോൾ സമയം ആറുമണിയോട് അടുത്തിരുന്നു. ആകാശം മുഴുവൻ സ്വർണ്ണവർണ്ണം പൂശി സൂര്യൻ അസ്തമിക്കാൻ തയ്യാറെടുക്കുകയായിരുന്നു.

വണ്ടി പാർക്ക് ചെയ്ത് ഞങ്ങൾ ചെരുപ്പുകളൂരി കയ്യിൽ പിടിച്ച് ആ നനഞ്ഞ മണലിലൂടെ നടന്നു. വൈകുന്നേരത്തെ തണുത്ത കടൽക്കാറ്റ് ഞങ്ങളെ പൊതിഞ്ഞു.

തിരമാലകൾ ഞങ്ങളുടെ കാലുകളെ തലോടി തിരികെ പോയിക്കൊണ്ടിരുന്നു. കുറച്ചു ദൂരം നടന്ന ശേഷം, തിരമാലകൾ വന്നിടിക്കുന്ന ഒരു വലിയ പാറക്കൂട്ടത്തിന്റെ മുകളിലായി ഞങ്ങൾ പോയി ഇരുന്നു.

ചുറ്റും വിദേശികൾ ഉൾപ്പെടെയുള്ള ഒരുപാട് ആളുകൾ കടലിന്റെ ഭംഗി ആസ്വദിക്കുന്നുണ്ടായിരുന്നു. പക്ഷെ എന്റെ കണ്ണുകൾ അവളിൽ മാത്രമായിരുന്നു. അസ്തമയസൂര്യന്റെ ചുവന്ന വെളിച്ചം അവളുടെ മുഖത്ത് പതിച്ചപ്പോൾ, ആ ഇളം നീലക്കണ്ണുകൾക്ക് എന്തെന്നില്ലാത്ത ഒരു കാന്തികശക്തിയുള്ളതായി എനിക്ക് തോന്നി.

കടൽക്കാറ്റിൽ പാറിപ്പറക്കുന്ന അവളുടെ മുടിയിഴകളെ ഞാൻ പതുക്കെ ചെവിക്ക് പിന്നിലേക്ക് ഒതുക്കിവെച്ചുകൊടുത്തു.

അവൾ എന്റെ തോളിലേക്ക് ചാരിയിരുന്ന് ആ വലിയ കടലിലേക്ക് തന്നെ നോക്കി പതുക്കെ പറഞ്ഞു.

"എത്ര കണ്ടാലും കൊതി തീരില്ല അല്ലെ ആദീ ഈ കടല് കാണാൻ... എന്റെ നാട്ടില് എങ്ങോട്ട് നോക്കിയാലും മലകളും പാടങ്ങളും മാത്രല്ലേ.

അവിടുന്ന് വന്ന എനിക്കിത്... എനിക്കിത് വല്ലാണ്ട് ഇഷ്ടായി."

"നിന്റെ നാടിന്റെ അത്രയും ഭംഗിയൊന്നും ഈ കടലിനില്ല പെണ്ണേ..”

ഞാൻ അവളുടെ വിരലുകളിൽ കോർത്തുപിടിച്ചുകൊണ്ട് പറഞ്ഞു.

അവൾ മുഖമുയർത്തി എന്നെ നോക്കി.

"പിന്നെ എന്റെ ആദിക്ക് ഏറ്റവും ഭംഗി തോന്നിയത്എന്തിനോട?"

കുസൃതിയോടെ അവൾ ചോദിച്ചു.

"എനിക്കീ ലോകത്ത് ഏറ്റവും ഭംഗിയുള്ളത് ഈ കടലിനെ തോൽപ്പിക്കുന്ന ആഴമുള്ള നിന്റെ ഈ നീലക്കണ്ണുകളാ..."

ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

അതുകേട്ട് വല്ലാത്തൊരു നാണത്തോടെ അവൾ എന്റെ നെഞ്ചിലേക്ക് മുഖമൊളിപ്പിച്ചു. ആ കടൽക്കാറ്റിനെ സാക്ഷിയാക്കി, തിരമാലകളുടെ ശബ്ദങ്ങൾക്കിടയിലൂടെ അവൾ പതുക്കെ മന്ത്രിച്ചു.

"എന്നാ ഈ കടലോളം ഇഷ്ടാ എനിക്ക് എന്റെ ആദിയെ..."

ഞാൻ അവളുടെ കയ്യിലെ പിടി ഒന്നുകൂടി മുറുക്കി. സൂര്യൻ പതുക്കെ കടലിലേക്ക് താഴ്ന്നിറങ്ങുമ്പോൾ, എന്റെ ജീവിതം അതിന്റെ ഏറ്റവും മനോഹരമായ തീരത്ത് എത്തിനിൽക്കുകയാണെന്ന് എനിക്ക് തോന്നി.

ഞങ്ങളെ തഴുകിപ്പോകുന്ന ഓരോ കാറ്റിലും പ്രണയത്തിന്റെ വല്ലാത്തൊരു സുഗന്ധമുണ്ടായിരുന്നു...

കടൽത്തീരത്തെ ആ സായാഹ്നത്തിന് വിടപറയുമ്പോൾ ആകാശം പൂർണ്ണമായും ഇരുണ്ടിരുന്നു. തിരമാലകളുടെ ഇരമ്പൽ പിന്നിലുപേക്ഷിച്ച് ഞങ്ങൾ തിരികെ ബൈക്കിനരികിലേക്ക് നടന്നു. നഗരത്തിലെ രാത്രിവെളിച്ചങ്ങളിലൂടെ തിരികെ ബൈപ്പാസിലേക്ക് കയറുമ്പോൾ, തണുത്ത കാറ്റിൽ നിന്നും രക്ഷനേടാനായി അവൾ എന്റെ പുറത്തേക്ക് മുഖമമർത്തി, എന്നെ ഒന്നുകൂടി ഇറുകെ കെട്ടിപ്പിടിച്ചിരുന്നു.

കുറച്ചു ദൂരം പിന്നിട്ടതും ദൂരെ ലുലു മാളിന്റെ കൂറ്റൻ കെട്ടിടവും അതിലെ കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചവും തെളിഞ്ഞുകണ്ടു. പാർക്കിങ്ങിലേക്ക് വണ്ടി കയറ്റുമ്പോൾത്തന്നെ അവളുടെ കണ്ണുകളിൽ വലിയൊരു അത്ഭുതം നിറഞ്ഞിരുന്നു.

വണ്ടി വെച്ച് ഞങ്ങൾ നടന്ന് ആ മെയിൻ എൻട്രൻസിന് മുന്നിലെത്തി. ഓട്ടോമാറ്റിക് ഗ്ലാസ്സ് ഡോർ തുറന്ന് ആ വലിയ എസി ഹാളിലേക്ക് കയറിയതും, അവൾ പെട്ടെന്ന് നിന്നേടത്തുനിന്നും അനങ്ങാതെയായി.

മുകളിലേക്ക് നോക്കുന്തോറും തീരാത്തത്ര വലിയ നിലകൾ, താഴെ വലിയൊരു ഗ്ലാസ്സ് മേൽക്കൂരയ്ക്ക് താഴെയായി തിങ്ങിനിറഞ്ഞ മനുഷ്യർ, കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചം, ചുറ്റും പല വർണ്ണങ്ങളിലുള്ള കടകൾ...

ഒരു നിമിഷം ശ്വാസം നിലച്ചതുപോലെ അവൾ ചുറ്റും നോക്കി.

പാലക്കാട്ടെ ആ ചെറിയ തറവാടിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിനിന്നിരുന്ന അവൾക്ക്, ഇതിത്രയും വലിയൊരു വിസ്മയമായിരുന്നു.

"എന്റെ ദൈവമേ... ഇതെന്താ ആദീ? ഇത്രേം വല്ല്യേ കടയോ... ഇതൊരു കടയല്ലല്ലോ, വല്ല്യേ ഒരു സിറ്റി തന്ന്യല്ലേ..."

എന്റെ കയ്യിൽ മുറുകെ പിടിച്ചുകൊണ്ട് ആ തനി പാലക്കാടൻ ശൈലിയിൽ അത്ഭുതത്തോടെ അവൾ ചോദിച്ചു.

അവളുടെ ആ നിഷ്കളങ്കമായ നോട്ടവും ചോദ്യവും കേട്ട് എനിക്ക് ചിരിവന്നു. ഞാൻ അവളോട് കൂടുതൽ ചേർന്നുനിന്നുകൊണ്ട് അവളുടെ തോളിലൂടെ കയ്യിട്ടു.

"ഇതാണ് പെണ്ണേ തിരുവനന്തപുരം നഗരം. ഇവിടെ ഇതല്ല ഇതിനപ്പുറവും കാണാനുണ്ട്. വാ..."

ഞാൻ അവളെയും ചേർത്തുപിടിച്ച് മുന്നോട്ട് നടന്നു. എങ്ങാനും എന്റെ കൈവിട്ടുപോയാൽ ആ വലിയ തിരക്കിൽ അവൾ എവിടെയെങ്കിലും വഴിതെറ്റിപ്പോകുമോ എന്നൊരു പേടി അവളുടെ ആ വലിയ നീലക്കണ്ണുകളിൽ ഉണ്ടായിരുന്നു.

എസ്കലേറ്ററിലേക്ക് കയറാൻ നേരം അവൾ വല്ലാതെ പേടിച്ച് എന്റെ കയ്യിലെ പിടി ഒന്നുകൂടി മുറുക്കി. ഞാൻ അവൾക്ക് ധൈര്യം കൊടുത്ത് എന്റെ ചേർത്തുതന്നെ നിർത്തി.

മുകളിലത്തെ നിലകളിലൂടെ നടക്കുമ്പോൾ അവിടെയുള്ള ഓരോ കടകളിലേക്കും വല്ലാത്തൊരു കൗതുകത്തോടെയാണ് അവൾ നോക്കിയിരുന്നത്.

കുറച്ചുനേരം നടന്നതിന് ശേഷം ഞങ്ങൾ താഴത്തെ നിലയിലുള്ള സ്റ്റാർബക്സിൽ കയറി. കോഫി ഓർഡർ ചെയ്ത് ഞങ്ങൾ ആ വലിയ ഗ്ലാസ്സ് ജനാലയ്ക്കരികിലുള്ള ടേബിളിൽ പോയിരുന്നു.

കുറച്ചുകഴിഞ്ഞതും 'പാർവണ' എന്ന് പേരെഴുതിയ ആ കോഫി കപ്പുകൾ ഞങ്ങളുടെ ടേബിളിലേക്ക് വന്നു. സ്വന്തം പേരെഴുതിയ ആ കപ്പ് കണ്ടപ്പോൾ അവളുടെ മുഖത്ത് വലിയൊരു ചിരി വിടർന്നു.

അവൾ അത് വളരെ സൂക്ഷിച്ച് ചുണ്ടോടടുപ്പിച്ച് ഒരു സിപ്പ് കുടിച്ചു.

"എങ്ങനെയുണ്ട്?"

ഞാൻ ചോദിച്ചു.

"മ്മ്... കൊള്ളാം, നല്ല ടേസ്റ്റ് ഇണ്ട്. പക്ഷെ ഇതിനേക്കാളും എനിക്കിഷ്ടം നമ്മുടെ അമ്മേടെ ഏലക്കയിട്ട ആ ചൂട് ചായയാ ട്ടോ,"

കുസൃതിയോടെ എന്നെ നോക്കി കണ്ണിറുക്കിക്കൊണ്ട് അവൾ പറഞ്ഞു.

ഞാൻ വലിയൊരു ചിരിയോടെ ആ കോഫി മുഴുവൻ കുടിച്ചുതീർത്തു.

അവിടുന്ന് ഇറങ്ങി ഞങ്ങൾ നേരെ പോയത് ഡ്രസ്സുകൾ എടുക്കുന്ന വലിയൊരു സെക്ഷനിലേക്കാണ്. ഞാൻ അവൾക്കായി മനോഹരമായ രണ്ട് മൂന്ന് ചുരിദാറുകൾ തിരഞ്ഞെടുത്തു.

പിന്നെ അമ്മയ്ക്ക് വേണ്ടി നല്ല കസവുള്ള രണ്ട് സെറ്റ് സാരികളും. ഞാൻ ഇതൊക്കെ ബില്ലടക്കാൻ വേണ്ടി കൗണ്ടറിലേക്ക് കൊണ്ടുപോകുന്നത് കണ്ടപ്പോൾ അവൾ വേഗം എന്റെ അടുത്തേക്ക് വന്നു.

"ദേ മനുഷ്യാ... എന്തിനാ വെറുതെ ഇതിനൊക്കെ പൈസ കളയണേ? എനിക്കിപ്പൊ ആവശ്യത്തിന് ഡ്രസ്സ് ഒക്കെ ഇല്ലേ. അമ്മയ്ക്ക് മാത്രം എടുത്താൽ പോരായിരുന്നോ...."

അവൾ വലിയൊരു പരിഭവത്തോടെ എന്റെ കയ്യിൽ പിടിച്ചു.

ഞാൻ കൗണ്ടറിലെ ബില്ലിങ് കഴിഞ്ഞു കിട്ടിയ കവറുകൾ വാങ്ങി അവളുടെ കയ്യിലേക്ക് വെച്ചുകൊടുത്തു. എന്നിട്ട് ആ കണ്ണുകളിലേക്ക് നോക്കി വളരെ ശാന്തമായി പറഞ്ഞു.

"എന്റെ പെണ്ണിനും എന്റെ അമ്മയ്ക്കും അല്ലാതെ ഞാൻ പിന്നെ വേറെ ആർക്കാടി എന്റെ പൈസയൊക്കെ ചിലവാക്കുക? എനിക്ക് എന്റെ ജീവനാടി നിങ്ങൾ..."

എന്റെ ആ വാക്കുകൾ കേട്ടതും അവളുടെ കണ്ണുകൾ നിറഞ്ഞു. ഒരുപാട് സ്നേഹം നിറഞ്ഞൊരു നോട്ടത്തോടെ അവൾ എന്നെ നോക്കി. പിന്നെ ആ വലിയ മാളിലെ തിരക്കിനിടയിലും അവൾ പതുക്കെ എന്റെ നെഞ്ചിലേക്ക് ചാരി, എന്റെ ഷർട്ടിന്റെ കോളറിലൊന്ന് പിടിച്ച് വലിയൊരു വിശ്വാസത്തോടെ നിന്നു.

ഷോപ്പിംഗ് കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ സമയം ഒൻപതുമണി കഴിഞ്ഞിരുന്നു. പാർക്കിങ്ങിൽ നിന്നും വണ്ടിയെടുത്ത് റോഡിലേക്ക് ഇറങ്ങുമ്പോൾ നല്ല തണുപ്പുണ്ടായിരുന്നു. നഗരത്തിന്റെ തിരക്കുകളിലൂടെ എന്റെ ബുള്ളറ്റ് മുന്നോട്ട് പോകുമ്പോൾ, ഒരു കയ്യിൽ ആ ഡ്രസ്സുകളുടെ കവറും പിടിച്ച് മറുകൈ കൊണ്ട് അവൾ എന്നെ ഇറുകെ കെട്ടിപ്പിടിച്ചിരുന്നു.

എന്റെ തോളിലേക്ക് മുഖം ചേർത്ത്, ആ നഗരത്തിലെ വെളിച്ചങ്ങളെ നോക്കി അവൾ വല്ലാത്തൊരു സമാധാനത്തോടെ യാത്രയാസ്വദിച്ചു. ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ച നിമിഷങ്ങൾ...

എന്നെ ജീവനുതുല്യം സ്നേഹിക്കുന്ന എന്റെ പെണ്ണ്എനിക്കൊപ്പം, എന്റെ നിഴലായി, എന്റെ പാതിയായി എപ്പോഴും കൂടെയുണ്ട്. വീടിന്റെ ഗേറ്റിലേക്ക് വണ്ടി കയറുമ്പോൾ, ഞങ്ങളെയും കാത്ത് ഉമ്മറത്ത് ലൈറ്റുമിട്ട് ഇരിക്കുന്ന അമ്മയെ ദൂരെനിന്നേ കാണാമായിരുന്നു.

ആ കാഴ്ച എന്റെ നെഞ്ചിൽ പറഞ്ഞറിയിക്കാൻ കഴിയാത്തത്ര പൂർണ്ണതയാണ് നൽകിയത്.

ബുള്ളറ്റിന്റെ ശബ്ദം കേട്ടതും അമ്മ വേഗം

കസേരയിൽ നിന്നെഴുന്നേറ്റു. ഞാൻ വണ്ടി പാർക്ക് ചെയ്ത് പാർവണയോടൊപ്പം തിണ്ണയിലേക്ക് കയറുമ്പോൾ, അമ്മയുടെ മുഖത്ത് വലിയൊരു ഗൗരവം ഉണ്ടായിരുന്നു.

" എത്ര മണിക്കൂറായി ഞാൻ ഈ കോലായിൽ വന്നിരിപ്പ് തുടങ്ങീട്ട്? നിങ്ങൾ ഇത്രേം നേരം എവിടെയായിരുന്നു."

അമ്മയുടെ വാക്കുകളിൽ ദേഷ്യത്തേക്കാൾ കൂടുതൽ, ഞങ്ങളെ കാണാതിരുന്നപ്പോഴുള്ള ആധിയായിരുന്നു.

ചെരുപ്പൂരി തിണ്ണയുടെ അരികിലേക്ക് വെക്കുന്നതിനിടയിൽ ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഞാൻ പോകുമ്പോഴേ പറഞ്ഞതല്ലേ അമ്മേ, തിരിച്ചു വരുമ്പോ ലുലു മാളിൽ കൂടി കയറുമെന്ന്. അവിടെ ഭയങ്കര തിരക്കായിരുന്നു. അതാ ഇത്രയും വൈകിയത്."

അപ്പോഴേക്കും എന്റെ പിന്നിലായി നിന്നിരുന്ന അവൾ പതിയെ മുന്നോട്ടുവന്നു. അവളുടെ കയ്യിലുണ്ടായിരുന്ന ആ കവർ സന്തോഷത്തോടെ അവൾ അമ്മയുടെ നേരെ നീട്ടി.

"ഇതെന്താ മോളെ?"

മുഖത്തെ ഗൗരവം മാറ്റാതെ തന്നെ അമ്മ ചോദിച്ചു.

"അവിടെ പോയപ്പോ ആദി അമ്മക്ക് വേണ്ടി എടുത്തതാ..."

ഒരു കുസൃതി നിറഞ്ഞൊരു ചിരിയോടെ അവൾ പറഞ്ഞു.

അതുകേട്ടതും അമ്മയുടെ മുഖത്തെ ഗൗരവമൊക്കെ ഒറ്റയടിക്ക് മാഞ്ഞു. കവർ കയ്യിൽ വാങ്ങിത്തുറന്ന് നോക്കുമ്പോൾ ആ തിണ്ണയിലെ വെളിച്ചത്തിൽ, സ്വർണ്ണക്കസവുള്ള ആ മനോഹരമായ സാരികൾ തിളങ്ങുന്നുണ്ടായിരുന്നു.

ആ സാരിയിലൊന്ന് തലോടിയിട്ട്, ഒരു വലിയ നെടുവീർപ്പോടെ അമ്മ എന്നെ നോക്കി.

"എന്തിനാ ആദീ വെറുതെ ഇതിനൊക്കെ പൈസ കളയുന്നേ? എനിക്കിവിടെ അലമാരയിൽ തന്നെ ഉടുക്കാത്തത് കുറെ ഇരിപ്പില്ലേ... ഞാൻ അതൊന്നും എടുത്തിടാറുപോലുമില്ല. പിന്നെയാ ഇപ്പൊ പുതിയത്..."

ആ ശാസനയിൽ ഒളിപ്പിച്ചുവെച്ച വലിയൊരു സ്നേഹമുണ്ടായിരുന്നു. സ്വന്തം മകൻ വാങ്ങിത്തന്ന സമ്മാനം കയ്യിൽ പിടിക്കുമ്പോൾ ഏതൊരു അമ്മയ്ക്കും ഉണ്ടാകുന്ന പറഞ്ഞറിയിക്കാൻ കഴിയാത്തൊരു സന്തോഷം.

ഞാൻ അമ്മയുടെ അടുത്തേക്ക് ചെന്ന് ആ താടിയിൽ പതുക്കെ പിടിച്ചൊന്ന് കുലുക്കിക്കൊണ്ട് പറഞ്ഞു.

"അതൊക്കെ അവിടെത്തന്നെ ഇരിക്കട്ടെ അമ്മേ... എന്റെ പെണ്ണിന് ഞാൻ പുതിയ ഡ്രസ്സ് വാങ്ങുമ്പോൾ, അമ്മക്ക് ഞാൻ വാങ്ങാതിരിക്കുമോ?..."

എന്റെ ആ വാക്കുകൾ കേട്ടതും അമ്മയുടെ കണ്ണുകൾ പെട്ടെന്ന് നിറഞ്ഞു. ആ വലിയ സന്തോഷം മറച്ചുവെക്കാൻ വേണ്ടി അമ്മ വേഗം മുഖം കുനിച്ചു.

ഞങ്ങളുടെ ഈ കൊച്ചു പിണക്കങ്ങളും സ്നേഹപ്രകടനങ്ങളും കണ്ട്, എല്ലാം തികഞ്ഞൊരു സമാധാനത്തോടെ വാതിൽക്കൽ വാത്സല്യത്തോടെ നോക്കിനിൽക്കുന്നുണ്ടായിരുന്നു എന്റെ ദേവത.

"ആഹ്... ശരി ശരി. നിങ്ങള് രണ്ടാളും വേഗം പോയി ഡ്രസ്സൊക്കെ മാറ്റി വാ... ഞാൻ അപ്പൊഴേക്കും ഊണ് എടുത്തുവെക്കാം..."

കയ്യിലെ കവറും നെഞ്ചോട് ചേർത്ത് പിടിച്ച് നിറഞ്ഞ ചിരിയോടെ അമ്മ വേഗം അടുക്കളയിലേക്ക് നടന്നു.

ഞാൻ പാർവണയുടെ അടുത്തേക്ക് വന്ന് അവളുടെ തോളിലൂടെ കയ്യിട്ട് പതുക്കെ മുകളിലേക്ക് നടന്നു. വല്ലാത്തൊരു ശാന്തതയായിരുന്നു ആ വീടിനപ്പോൾ. റൂമിലെത്തി വാതിലടച്ചതും, അവൾ കയ്യിലുണ്ടായിരുന്ന ഡ്രസ്സിന്റെ കവറുകൾ കട്ടിലിലേക്ക് വെച്ചിട്ട് അലമാര തുറക്കാൻ പോയി.

ആ ഇളം നീല ചുരിദാറിൽ, പുറംതിരിഞ്ഞു നിൽക്കുന്ന അവളെ കണ്ടപ്പോൾ എന്റെയുള്ളിൽ വീണ്ടും പ്രണയം അലയടിക്കാൻ തുടങ്ങി. ഞാൻ പതുക്കെ പിന്നിലൂടെ ചെന്ന് അവളുടെ ആ ഇടുങ്ങിയ അരക്കെട്ടിലൂടെ എന്റെ ഇരുകൈകളും ചുറ്റി അവളെ എന്റെ നെഞ്ചിലേക്ക് ഇറുകെ ചേർത്തുപിടിച്ചു.

"അമ്മേ..!"

ഒരു ഞെട്ടലോടെ അവൾ പിന്നിലേക്ക് വന്ന് എന്റെ നെഞ്ചിൽ തട്ടിനിന്നുപോയി.

"എന്താ മനുഷ്യാ ഈ കാണിക്ക്ണേ... താഴെ അമ്മ നമ്മളെയും നോക്കി നിക്കണത് ഓർമ്മില്ല്യേ... വിട്ടേ ആദീ..."

അവൾ വല്ലാത്തൊരു നാണത്തോടെ കുതറാൻ ശ്രമിച്ചെങ്കിലും എന്റെ പിടി ഒന്നുകൂടി മുറുകുകയാണ് ചെയ്തത്. എന്റെ മുഖം പതുക്കെ അവളുടെ കഴുത്തിടുക്കിലേക്ക് അമർന്നു.

അവളുടെ കാർമുടിക്കുള്ളിൽ കടൽക്കാറ്റിന്റെയും കുളപ്പുരക്കലെ തുളസിക്കതിരിന്റെയും ഗന്ധം ഇഴചേർന്ന് കിടപ്പുണ്ടായിരുന്നു.

"അമ്മ അവിടെ ചോറെടുത്ത് വെക്കട്ടെടി... അതിന് കുറച്ചു സമയം എടുക്കില്ലേ... അതുവരെ എന്റെ പെണ്ണിനോടൊന്ന് സ്നേഹം കൂടാൻ ഞാനാരുടെ പെർമിഷനാ ചോദിക്കേണ്ടത്?"

എന്റെ ചുണ്ടുകൾ അവളുടെ കഴുത്തിൽ തൊട്ടുതൊട്ടില്ലെന്ന മട്ടിൽ ഉരസിക്കൊണ്ടിരുന്നു.

"മ്മ്... ആദീ... വിട്ടേ..."

അവളുടെ പ്രതിരോധം വല്ലാതെ കുറഞ്ഞിരുന്നു. കാറ്റുപിടിച്ചൊരു ഇലപോലെ അവൾ വിറയ്ക്കുന്നത് എനിക്ക് ഫീൽ ചെയ്യാമായിരുന്നു. അവൾ വല്ലാത്തൊരു സുഖത്തോടെ കണ്ണുകൾ ഇറുകെയടച്ച് എന്റെ കയ്യിലേക്ക് ഒന്നുകൂടി അമർന്നു.

"ഇത്രയും നേരം ബൈക്കിന്റെ പുറകിലിരുന്ന്എന്റെ പുറത്തേക്ക് ഒട്ടിയിരുന്നിട്ട്... ഇപ്പൊ എന്താടി പെട്ടെന്നൊരു നാണം?"

ഞാൻ അവളുടെ കാതിൽ പതുക്കെ മന്ത്രിച്ചു.

പെട്ടെന്ന് അവൾ തിരിഞ്ഞ് എന്റെ നെഞ്ചിലേക്ക് മുഖം ചേർത്തു. അവളുടെ കൈകൾ എന്റെ കഴുത്തിലൂടെ ചുറ്റി എന്നെ ഇറുകെ കെട്ടിപ്പിടിച്ചു. ആ വലിയ നീലക്കണ്ണുകൾ കുസൃതിയോടെ എന്നെ നോക്കി.

"ഓ. എനിക്ക് ഒരു നാണോം ഇല്ല്യ. ആദി എത്ര വേണമെങ്കിലും കെട്ടിപ്പിടിച്ചോ. എന്നാലും അമ്മ താഴെ കാത്ത് നിക്കണല്ലേ... നമ്മക്ക് ചോറുണ്ടിട്ട് വരാം ട്ടോ..."

അവൾ ആ തനി ശൈലിയിൽ വലിയൊരു കുസൃതിയോടെ എന്റെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

ആ കണ്ണുകളിലെ പ്രണയവും അവളുടെ ആ കൊഞ്ചലും കണ്ടപ്പോൾ ഞാൻ പൂർണ്ണമായും അവളിലേക്ക് അലിഞ്ഞുപോവുകയായിരുന്നു. അവളുടെ പാതിവിടർന്ന അധരങ്ങളിൽ ഞാൻ പതുക്കെ ഒരു ചുംബനം നൽകി. എന്നിട്ട് ആ പിടിവിട്ടുകൊണ്ട് പറഞ്ഞു.

"രക്ഷപെട്ടു എന്ന് കരുതി സന്തോഷിക്കണ്ട മോളെ. കഴിച്ചിട്ട് ഇങ്ങോട്ട് തന്നെയാ വരുന്നേ..
"

ഞാൻ ചിരിച്ചുകൊണ്ട് ടവലും എടുത്ത് ബാത്റൂമിലേക്ക് കയറുമ്പോൾ, പിന്നിൽ അവളുടെ ആ കുസൃതിച്ചിരി കേൾക്കാമായിരുന്നു. ഒരുപാട് കാലത്തെ നോവുകൾക്കൊടുവിൽ, സ്നേഹിക്കാൻ മാത്രം അറിയാവുന്ന എന്റെ രണ്ടു പെണ്ണുങ്ങൾക്കിടയിൽ എന്റെ ജീവിതം പൂർണ്ണതയിലെത്തുന്നത് ഞാൻ അറിയുകയായിരുന്നു.

കുളിച്ച് ഫ്രഷ് ആയി താഴേക്ക് വരുമ്പോൾ ഊണുമേശയിൽ അമ്മ ഞങ്ങൾക്കായി കാത്തിരിപ്പുണ്ടായിരുന്നു. രാത്രിയുടെ നേർത്ത തണുപ്പിലേക്ക് വീട് പതിയെ മാറിക്കഴിഞ്ഞിരുന്നു. ചോറും കറികളും മേശപ്പുറത്ത് വിളമ്പിവെച്ചിട്ടുണ്ട്.

ഞാൻ കസേരയിലേക്ക് ഇരുന്നതും പാർവണ വന്ന് എന്റെ പാത്രത്തിലേക്ക് ചോറ് പകർന്നു തന്നു. ഭക്ഷണം കഴിക്കുന്നതിനിടയിൽ, അമ്മ വളരെ വാത്സല്യത്തോടെ എന്നെ നോക്കി ചോദിച്ചു.

"നിന്റെ ലീവ് കഴിയാറായോ ആദീ?"

"ഇന്നും കൂടിയേ ഉണ്ടായിരുന്നുള്ളൂ അമ്മേ... നാളെ മുതൽ ഓഫീസിൽ പോയി തുടങ്ങണം,"

ഞാൻ ചോറുണ്ണുന്നതിനിടയിൽ പറഞ്ഞു.

അതുകേട്ടതും പാർവണയുടെ മുഖത്തെ പ്രസരിപ്പ് ഒറ്റയടിക്ക് മങ്ങി. കറികൾ വിളമ്പാൻ നിന്ന അവളുടെ കൈ പെട്ടെന്നൊന്ന് നിശ്ചലമായി. ആ കണ്ണുകളിൽ പരിഭവം വന്ന് നിറയുന്നത് ഞാൻ കണ്ടു.

"നാളത്തന്നെ പോവ്വാണോ... ഒരൊറ്റ ദിവസം കൂടി ലീവെടുക്കാൻ പറ്റില്ല്യേ ആദീ? ഇവിടെയിപ്പൊ ചേച്ചീം ഇല്ല്യ... ആദി കൂടി ഓഫീസിലേക്ക് പോയാൽ ഞാൻ ആകെ ഒറ്റക്കാവില്ലേ..."

വല്ലാത്തൊരു സങ്കടത്തോടെ, അവളുടെ ആ തനി പാലക്കാടൻ ശൈലിയിൽ അവൾ ചോദിച്ചു.

ആദ്യമായി സ്വന്തം വീടും നാടും വിട്ട് വന്നവളല്ലേ, എന്നെ പിരിയാനുള്ള ആ ചെറിയ പേടി എനിക്ക് നന്നായിട്ട് മനസ്സിലാകുന്നുണ്ടായിരുന്നു. ഞാൻ ചിരിച്ചുകൊണ്ട് അവളെ സമാധാനിപ്പിച്ചു.

"ഇനിയെത്ര ദിവസമാടി ഞാൻ ഇങ്ങനെ ലീവെടുത്ത് വീട്ടിലിരിക്കുക? ഞാൻ വൈകുന്നേരം നേരത്തെ വരാൻ നോക്കാം. പകലൊക്കെ ഇവിടെ അമ്മയില്ലേ നിനക്ക് കൂട്ടിന്."

അവൾ ചെറിയൊരു സങ്കടത്തോടെ തലയാട്ടി എന്റെ അരികിലായി വന്നിരുന്നു. അല്പനേരത്തെ മൗനത്തിന് ശേഷം, മനസ്സിൽ കിടന്ന ആ ചോദ്യം ഞാൻ പതുക്കെ പുറത്തേക്കിട്ടു.

"അമ്മേ... ഞാനൊരു കാര്യം ചോദിക്കാൻ ഇരിക്കുവാരുന്നു..."

അമ്മ മുഖമുയർത്തി എന്നെ നോക്കി.

"രാവിലെ ഡൈനിങ് ടേബിളിൽ വെച്ച് ചേച്ചിയോട് കല്യാണത്തിന്റെ കാര്യങ്ങൾ പറഞ്ഞത്... അത് അമ്മ സീരിയസ് ആയിട്ട് പറഞ്ഞതാണോ?"

പെട്ടെന്ന് അമ്മയുടെ മുഖത്തെ ഭാവം മാറി. അതുവരെയുണ്ടായിരുന്ന ആ വാത്സല്യം മാറി അവിടെ വലിയൊരു ഗൗരവം വന്നുനിറഞ്ഞു. ചോറുരുള വായിലേക്ക് വെക്കാതെ അമ്മ എന്നെ സൂക്ഷിച്ചൊന്ന് നോക്കി.

"എന്താടാ നീ പെട്ടെന്ന് അങ്ങനെ ചോദിച്ചേ? ഞാൻ പറഞ്ഞത് സത്യം തന്നെയാ. അവൾക്കിപ്പോ എന്താ പ്രായം കുറഞ്ഞു വരുകയാണെന്നാണോ വിചാരം? അവളെക്കൂടി നല്ലൊരുത്തന്റെ കയ്യിൽ ഏൽപ്പിക്കേണ്ടത് എന്റെ ഉത്തരവാദിത്തമല്ലേ."

അമ്മയുടെ ആ മാറ്റം കണ്ട് ഞാൻ ചെറുതായിട്ടൊന്ന് പരുങ്ങി.

"ഏയ്... ഒന്നുമില്ല. ഞാനൊന്ന് ചോദിച്ചെന്നേ ഉള്ളൂ..."

അപ്പോഴേക്കും എന്റെ അരികിലിരുന്ന പാർവണ എന്നെ സംശയത്തോടെ നോക്കുന്നുണ്ടായിരുന്നു. അമ്മയോട് ഞാൻ എന്തിനാണ് പെട്ടെന്ന് അങ്ങനെ ചോദിച്ചതെന്ന് അവൾക്ക് തീരെ മനസ്സിലായിരുന്നില്ല.

അനഘ ചേച്ചിയുടെ മനസ്സിൽ അരവിന്ദ് ആണെന്ന സത്യം എനിക്ക് മാത്രമല്ലേ അറിയൂ.

"അല്ല, അവളിപ്പോ കല്യാണം വേണ്ടാന്ന് വല്ലതും നിന്നോട് പറഞ്ഞോ?"

അമ്മ എന്നെ വീണ്ടും സംശയത്തോടെ നോക്കിക്കൊണ്ട് ചോദിച്ചു.

"ഇല്ലമ്മേ... അവളൊന്നും പറഞ്ഞില്ല. ഞാൻ ചുമ്മാ ചോദിച്ചതാ,"

ഞാൻ വേഗം തലയാട്ടി. കൂടുതൽ എന്തെങ്കിലും പറഞ്ഞാൽ ചിലപ്പോൾ കാര്യം വഷളാകുമെന്ന് എനിക്ക് തോന്നി.

ഊണ് കഴിഞ്ഞ് അമ്മയ്ക്ക് ഒരു ഗുഡ്നൈറ്റും പറഞ്ഞ് ഞാൻ പടികൾ കയറി മുകളിലേക്ക് പോയി. റൂമിലെത്തി കട്ടിലിലേക്ക് വീഴുമ്പോഴും എന്റെ മനസ്സിൽ അമ്മയുടെ ആ മുഖമായിരുന്നു.

അമ്മയുടെ മനസ്സിൽ ചേച്ചിക്ക് വേണ്ടി ഏതെങ്കിലും പയ്യനെ കണ്ടുവെച്ചിട്ടുണ്ടോ? അതായിരിക്കുമോ രാവിലെ ചേച്ചിയോട് ഇത്രയും ഉറപ്പിച്ചു സംസാരിച്ചത്? അങ്ങനെ വല്ല ആലോചനകളും അമ്മയുടെ മനസ്സിലുണ്ടെങ്കിൽ അരവിന്ദിന്റെ കാര്യം അമ്മയോട് എങ്ങനെ അവതരിപ്പിക്കും?

ഒരുപാട് ചോദ്യങ്ങൾ എന്റെ മനസ്സിൽ കിടന്ന് തിളച്ചുമറിയുന്നുണ്ടായിരുന്നു.

ചിന്തകളിൽ മുഴുകി കിടക്കുമ്പോഴാണ് മുറിയുടെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടത്.

പാർവണ!.

അവൾ പതുക്കെ അകത്തേക്ക് കയറി വാതിലടച്ചു കുറ്റിയിട്ടു. ഞാൻ കിടക്കുന്നതുകണ്ട് അവൾ ശബ്ദമുണ്ടാക്കാതെ എന്റെ അടുത്തേക്ക് നടന്നു വരികയാണ്. ആ വലിയ മുറിയിലെ നേർത്ത വെളിച്ചത്തിൽ, പാദസരത്തിന്റെ ചിലമ്പലോടെ എന്റെ അടുത്തേക്ക് വരുന്ന അവളെ കണ്ടപ്പോൾ അതുവരെയുണ്ടായിരുന്ന എന്റെ ആധിയൊക്കെ പതുക്കെ എങ്ങോട്ടോ മാഞ്ഞുപോകുന്നതുപോലെ തോന്നി.

അവൾ കട്ടിലിനരികിലേക്ക് വന്ന്, ചെറിയൊരു സംശയത്തോടെ എന്നെ നോക്കി പതുക്കെ ചോദിച്ചു.

"എന്താ ആദീ... ഊണുമേശേൽ വെച്ച് അമ്മയോട് അങ്ങനെയൊക്കെ ചോദിച്ചേ? ചേച്ചീടെ കല്യാണക്കാര്യത്തില് എന്തെങ്കിലും പ്രശ്നമുണ്ടോ?"

അവളുടെ ആ ചോദ്യത്തിൽ എന്നോടുള്ള കരുതലുണ്ടായിരുന്നു. ഇനി ഈ കാര്യം അവളിൽ നിന്ന് മറച്ചുവെക്കുന്നതിൽ അർത്ഥമില്ലെന്ന് എനിക്ക് തോന്നി. ഞാൻ കട്ടിലിൽ എഴുന്നേറ്റിരുന്ന് പതുക്കെ അവളുടെ കൈകളിൽ പിടിച്ചു.

"പാർവണേ..."

ഞാൻ വളരെ ശാന്തമായി പറഞ്ഞു തുടങ്ങി.

"ചേച്ചിയുടെ കാര്യത്തിൽ വേറൊരു പ്രശ്നമുണ്ട്. അത് ഞാൻ നിന്നോട് ഇതുവരെ പറഞ്ഞില്ല."

അവൾ പെട്ടെന്ന് എന്റെ മുഖത്തേക്ക് നോക്കി. ആ നീലക്കണ്ണുകളിൽ ആകാംക്ഷ നിറഞ്ഞു.

"എന്താ ആദീ? എന്തുപറ്റി?"

ഞാൻ ഒരു നെടുവീർപ്പോടെ പറഞ്ഞു.

"ചേച്ചിക്ക് ഒരാളെ ഇഷ്ടമാടി. ബാംഗ്ലൂരിൽ അവളുടെ കൂടെ വർക്ക് ചെയ്യുന്ന പയ്യനാ പേര് അരവിന്ദ്. കുറെ നാളായിട്ടുള്ള ഇഷ്ടമാ. നമ്മുടെ കല്യാണം കഴിഞ്ഞതിന്റെ പിറ്റേന്ന് ആണ് അവളെന്നോട് ഈ കാര്യം പറയുന്നത്.

പക്ഷെ അമ്മയോട് പറയാൻ അവൾക്ക് ഭയങ്കര പേടി..."

എന്റെ വാക്കുകൾ കേട്ട് അവൾ കുറച്ചുനേരം ഒന്നും മിണ്ടാതെ എന്നെത്തന്നെ നോക്കിയിരുന്നു. മുഖത്ത് വലിയൊരു അത്ഭുതമായിരുന്നു. ഞാൻ വീണ്ടും തുടർന്നു.

"അവൻ വീട്ടിൽ വന്ന് സംസാരിക്കാൻ റെഡിയാണ്. എല്ലാം അമ്മയോട് പറഞ്ഞ് ശരിയാക്കിത്തരാം എന്ന് ചേച്ചിക്ക് ഞാൻ വാക്ക് കൊടുത്തിട്ടുണ്ടായിരുന്നു. പക്ഷെ ഇന്ന് അമ്മ പെട്ടെന്ന് വേറെ പയ്യനെ നോക്കുന്ന കാര്യം പറഞ്ഞപ്പോൾ ഞാൻ ശരിക്കും പെട്ടുപോയി.

അമ്മയോട് ഇതെങ്ങനെ അവതരിപ്പിക്കും എന്നോർത്ത് വല്ലാത്തൊരു പേടി..."

ഇത്രയും കേട്ടപ്പോൾ അവളുടെ മുഖത്തെ ആ അത്ഭുതം മാറി അവിടെ വളരെ മനോഹരമായൊരു പുഞ്ചിരി വിടർന്നു.

"അയ്യോ... എന്റെ ചേച്ചിക്ക് ഒരാളോട് ഇഷ്ടാർന്നോ? എന്നിട്ട് എന്നോട് ഇതൊന്നും പറഞ്ഞില്ല്യാലോ കള്ളി..."

അവൾ ചെറിയൊരു പരിഭവത്തോടെ പറഞ്ഞു.

"അവൾക്ക് പേടിയായതുകൊണ്ടല്ലേടി... അമ്മ ഇപ്പൊ ഈ കാര്യം കേൾക്കുമ്പോ എങ്ങനെ റിയാക്ട് ചെയ്യും എന്ന് എനിക്കൊരു പിടിയുമില്ല,"

ഞാൻ എന്റെ ടെൻഷൻ വീണ്ടും പങ്കുവെച്ചു.

അവൾ പതുക്കെ എന്റെ അടുത്തേക്ക് ഒന്നുകൂടി നീങ്ങിയിരുന്ന് എന്റെ മുഖത്തേക്ക് നോക്കി. ആ കണ്ണുകളിൽ ഇപ്പോൾ ഒരു പേടിയുമില്ലായിരുന്നു, പകരം വളരെ പ്രാക്ടിക്കൽ ആയൊരു ഉത്തരമുണ്ടായിരുന്നു.

"ദേ മനുഷ്യാ... ഇതിനാണോ ഇങ്ങനെ കിടന്ന് വെറുതെ ടെൻഷൻ അടിക്കണേ?"

അവൾ എന്റെ വലതുകയ്യിൽ മുറുകെ പിടിച്ചുകൊണ്ട് ചോദിച്ചു.

"സ്വന്തം മോൾക്ക് ഒരാളെ ഇഷ്ടാണെന്ന് കേൾക്കുമ്പൊ ഏത് അമ്മയായാലും ആദ്യമൊന്ന് വിഷമിക്കും. പിന്നെ അതൊക്കെ മാറും. നല്ലൊരു പയ്യനാണെങ്കിൽ അമ്മ എന്തായാലും സമ്മതിക്കും.

പിന്നെ ചേച്ചീടെ സന്തോഷം കാണുമ്പൊ അമ്മയ്ക്ക് വേറൊന്നും പറയാനുണ്ടാവില്ല."

"അതൊക്കെ ശരിയാ... പക്ഷെ ഞാൻ ഒറ്റയ്ക്ക് ചെന്ന് പറഞ്ഞാൽ അത്..."

ഞാൻ പറഞ്ഞു പൂർത്തിയാക്കുന്നതിന് മുൻപേ അവൾ ഇടപെട്ടു.

"ആദി ഒറ്റയ്ക്കല്ലല്ലോ... ഞാനും ഇല്ലേ കൂടെ?"

ആ ചോദ്യത്തിൽ അവൾ എനിക്ക് നൽകിയ ധൈര്യം ചെറുതായിരുന്നില്ല.

"സമയം വരുമ്പൊ നമുക്ക് രണ്ടാൾക്കും കൂടി അമ്മയോട് കാര്യങ്ങൾ പറയാം. എല്ലാം ശരിയാവും. ഇതൊന്നും ഓർത്ത് ആദിയിപ്പൊ വെറുതെ തല പുകയ്ക്കണ്ട..."

ആ ശൈലിയിൽ, വളരെ സ്വാഭാവികമായി അവളത് പറഞ്ഞപ്പോൾ എന്റെ നെഞ്ചിൽ കിടന്ന വലിയൊരു ഭാരമാണ് ഒറ്റയടിക്ക് ഇല്ലാതായത്. ഒരു പ്രശ്നം വരുമ്പോൾ കൂടെ നിൽക്കാൻ, നമ്മളെ ചേർത്തുപിടിച്ച് ധൈര്യം തരാൻ ഒരാളുണ്ടാകുക എന്നത് എത്ര വലിയ ആശ്വാസമാണ്.

അത്രയും നേരം എന്നെ അലട്ടിയിരുന്ന സകല ചിന്തകളും ആ ഒരു നിമിഷം കൊണ്ട് എങ്ങോട്ടോ മാഞ്ഞുപോയി.

ഞാൻ ഒരു ചിരിയോടെ അവളുടെ കൈകളിൽ പിടിച്ച് അവളെ എന്റെ നെഞ്ചിലേക്ക് ചായ്ച്ചു. നെറ്റിയിൽ സ്നേഹത്തോടെ ഒരു ചുംബനം നൽകി.

"നീയിപ്പൊ എന്നെക്കാളും വലിയ പക്വതയുള്ളവളായി മാറിയല്ലോ..."

ഞാൻ വാത്സല്യത്തോടെ അവളുടെ മുടിയിഴകളിൽ തലോടി.

"പിന്നല്ലാണ്ട്... എന്റെ ആദീടെ സങ്കടം മാറ്റേണ്ടത് എന്റെം കൂടി ആവശ്യല്ലേ,"

അവൾ എന്റെ ഷർട്ടിന്റെ കോളറിലൊന്ന് പിടിച്ച് നെഞ്ചിലേക്ക് മുഖമമർത്തിക്കൊണ്ട് പറഞ്ഞു.

"നിന്റെ സങ്കടമൊക്കെ മാറിയോ ഞാൻ നാളെ ഓഫീസിൽ പോകുന്നതിന്റെ?"

ഞാൻ പതുക്കെ ചോദിച്ചു.

"മ്മ്... മാറി. പക്ഷെ ഉച്ചയ്ക്ക് ചോറുണ്ണാൻ നേരം എന്നെ അമ്മയുടെ ഫോണിൽ വിളിക്കാൻ മറക്കണ്ട ട്ടോ..."

അവൾ എന്റെ നെഞ്ചിൽ കിടന്നുകൊണ്ട് തന്നെ പതുക്കെ മന്ത്രിച്ചു.

"ഇല്ലെന്റെ പെണ്ണേ... ഞാൻ വിളിക്കാം."

പൂട്ടിയ ആ വാതിലിനപ്പുറം, ഞങ്ങളുടേത് മാത്രമായ ലോകത്ത്, പരസ്പരം താങ്ങായി മാറുന്നതിന്റെ ഏറ്റവും മനോഹരമായ നിമിഷങ്ങളിലൂടെ ഞങ്ങൾ കടന്നുപോകുകയായിരുന്നു.

"നിക്ക്... ഞാൻ നിനക്കൊരു സാധനം തരാം. നീ കണ്ണൊന്ന് അടച്ചേ..."

ഞാൻ അവളെ കട്ടിലിൽ ഇരുത്തിക്കൊണ്ട് പറഞ്ഞു.

"എന്ത് സാധനമാ ആദീ? കാര്യം പറ..."

അവൾക്ക് വല്ലാത്ത ആകാംക്ഷയായിരുന്നു.

"പറയുന്നതിനേക്കാളും കാണിച്ചു തരുന്നതല്ലേ നല്ലത്? നീ ആ കണ്ണൊന്ന് അടച്ചേ പെണ്ണേ..."

ഞാൻ വീണ്ടും നിർബന്ധിച്ചു.

അവൾ ഒരു കുസൃതിയോടെ എന്നെ നോക്കിയിട്ട് കണ്ണുകൾ ഇറുകെയടച്ചു.

അവൾ കണ്ണടച്ചെന്ന് ഉറപ്പായതും ഞാൻ പതുക്കെ എഴുന്നേറ്റ് റൂമിലെ മേശയുടെ അടുത്തേക്ക് നടന്നു. രാവിലെ ചേച്ചിയെ റെയിൽവേ സ്റ്റേഷനിൽ ആക്കിയിട്ട് തിരിച്ചു വരുന്ന വഴിക്ക് ഞാൻ വാങ്ങിയതായിരുന്നു അത്.

വീട്ടിൽ ആരും കാണാതെ വളരെ രഹസ്യമായി റൂമിലെ മേശയ്ക്കകത്ത് കൊണ്ടുവന്ന് വെച്ചതാണ്. അവൾക്കായി ഞാൻ കരുതിവെച്ച എന്റെ ആദ്യത്തെ സർപ്രൈസ് ഗിഫ്റ്റ്.

മേശയുടെ വലിപ്പ് ശബ്ദമുണ്ടാക്കാതെ തുറന്ന് ഞാൻ ആ കവർ കയ്യിലെടുത്തു. തിരികെ അവളുടെ അടുത്തേക്ക് വന്ന് ഞാൻ അത് അവളുടെ കൈകളിലേക്ക് വെച്ചുകൊടുത്തു.

"കണ്ണ് തുറന്നോ..."

അവൾ പതുക്കെ കണ്ണുകൾ തുറന്ന് കൈയിലിരിക്കുന്ന ആ കവറിലേക്ക് നോക്കി. സംശയത്തോടെ അവൾ അത് തുറന്നു. അതിനകത്തെ സാധനം കണ്ടതും അവൾ ശരിക്കും ഞെട്ടിപ്പോയി.

ആ വലിയ കണ്ണുകൾ അത്ഭുതം കൊണ്ട് വിടർന്നു.

വളരെ മനോഹരമായൊരു പുതിയ സ്മാർട്ട് ഫോൺ! ഇന്ദ്രനീലം തറവാട്ടിൽ സ്വന്തമായി ഒരു ഫോൺ പോലുമില്ലാതെ നടന്നിരുന്നവളാണ്. ലാൻഡ്‌ലൈനിൽ മാത്രം സംസാരിച്ച് ശീലമുള്ളവൾ.

ആ ഫോൺ പെട്ടിയിൽ നിന്നും പുറത്തെടുക്കുമ്പോൾ അവളുടെ വിരലുകൾ നേരിയ തോതിൽ വിറയ്ക്കുന്നുണ്ടായിരുന്നു.

അത്ഭുതം പെട്ടെന്ന് ചെറിയൊരു പരിഭവത്തിന് വഴിമാറി. അവൾ എന്നെ നോക്കി ചോദിച്ചു.

"എന്തിനാ ആദീ എനിക്കിപ്പൊ ഫോൺ ഒക്കെ? ഇതിനൊക്കെ ഇപ്പൊ നല്ല പൈസ ആയിട്ടുണ്ടാവില്ലേ..."

അവളുടെ ആ നിഷ്കളങ്കമായ ചോദ്യം കേട്ട് എനിക്ക് ചിരിവന്നു.

ഞാൻ അവളുടെ അരികിലേക്ക് ചേർന്നിരുന്ന്, ആ ഫോൺ പിടിച്ചിരിക്കുന്ന കൈകളിൽ എന്റെ കൈകൾ ചേർത്തുവെച്ചു. എന്നിട്ട് വളരെ സ്നേഹത്തോടെ അവളുടെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

"എന്റെ പെണ്ണിനെ എനിക്ക് ഓഫീസിലിരിക്കുമ്പോ ഇടക്ക് വിളിക്കണ്ടേടി?

എപ്പോഴും അമ്മയുടെ ഫോണിലേക്ക് വിളിക്കാൻ പറ്റുമോ... അതുകൊണ്ടാ എന്റെ പെണ്ണിനുവേണ്ടി ഞാൻ ഇത് വാങ്ങിയത്..."

എന്റെ ആ വാക്കുകൾ കേട്ടതും അവളുടെ കണ്ണുകൾ നിറഞ്ഞു. ഒരിക്കലും പ്രതീക്ഷിക്കാത്തൊരു സമ്മാനം കിട്ടിയതിന്റെ സന്തോഷം ആ മുഖത്തുണ്ടായിരുന്നു. സ്വന്തമായി ഒരു ഫോൺ കിട്ടിയതിനേക്കാൾ, അവൾക്കുവേണ്ടി ഞാൻ കാണിച്ച ആ കരുതൽ അവളുടെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചിരുന്നു.

"ഇനി ഞാൻ എവിടെപ്പോയാലും നിന്റെയീ ശബ്ദം എന്റെ കൂടെത്തന്നെ ഉണ്ടാവണം..."

ഞാൻ അവളുടെ നെറുകയിൽ സ്നേഹത്തോടെ തലോടി.

മറുപടി പറയാൻ വാക്കുകൾ കിട്ടാതെ, കയ്യിലിരുന്ന ആ ഫോൺ കട്ടിലിലേക്ക് വെച്ചിട്ട് അവൾ പെട്ടെന്ന് എന്റെ കഴുത്തിലൂടെ കൈകളിട്ട് എന്നെ ഇറുകെ കെട്ടിപ്പിടിച്ചു.

അവളുടെ ആ കെട്ടിപ്പിടുത്തത്തിൽ ഈ ലോകത്തെ മുഴുവൻ സ്നേഹവുമുണ്ടായിരുന്നു.

കെട്ടിപ്പിടുത്തത്തിന്റെ ആ വലിയ ചൂടിൽ നിന്നും പതുക്കെ അടർന്നുമാറി അവൾ ആ ഫോണിലേക്ക് തന്നെ വീണ്ടും നോക്കി. വലിയൊരു അത്ഭുതലോകം മുന്നിൽ കിട്ടിയ ചെറിയൊരു കുട്ടിയെപ്പോലെയായിരുന്നു അവളപ്പോൾ.

ഇന്ദ്രനീലത്തിലെ ആ വലിയ തറവാട്ടിൽ മൊബൈൽ ഫോണുകൾക്ക് വലിയ സ്ഥാനമൊന്നും ഉണ്ടായിരുന്നില്ലല്ലോ. ലാൻഡ്‌ലൈനിലെ കറുത്ത റിസീവറിലൂടെ മാത്രം ലോകത്തെ കേട്ടവൾക്ക്, ഈ പുതിയ സ്മാർട്ട് ഫോൺ വലിയൊരു വിസ്മയമായിരുന്നു.

ഞാൻ കട്ടിലിൽ കിടന്ന ആ ഫോൺ എടുത്ത് പതുക്കെ ഓൺ ചെയ്തു. സ്ക്രീനിൽ വെളിച്ചം തെളിഞ്ഞതും അവൾ ഒരു കൗതുകത്തോടെ എന്റെ അടുത്തേക്ക് ഒന്നുകൂടി നീങ്ങിയിരുന്നു.

അവളുടെ ഈറൻമുടിയുടെ തുമ്പിൽ നിന്നും ചെറിയൊരു തണുപ്പ് എന്റെ തോളിലേക്ക് പടരുന്നുണ്ടായിരുന്നു.

"ഇങ്ങോട്ട് നോക്ക് എന്റെ പൊട്ടിപ്പെണ്ണേ... ഞാൻ ഇതിൽ നിനക്ക് അത്യാവശ്യം വേണ്ട നമ്പറുകൾ ഒക്കെ സേവ് ചെയ്തു വെക്കാം,"

ഞാൻ സ്ക്രീനിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു.

അവൾ വളരെ ശ്രദ്ധയോടെ ഞാൻ ചെയ്യുന്നത് നോക്കിയിരുന്നു. ഞാൻ ആദ്യം തന്നെ കോൺടാക്ട്സ് എടുത്ത് എന്റെ നമ്പർ ടൈപ്പ് ചെയ്തു. എന്നിട്ട് പേരിന്റെ സ്ഥാനത്ത് 'Aadhi' എന്നെഴുതി കൂടെ ഒരു ചുവന്ന ഹാർട്ട് സിംബൽ കൂടി വെച്ചു.

അത് കണ്ട് അവൾ എന്റെ തോളിൽ പതുക്കെ ഒന്ന് നുള്ളി.

"ദേ മനുഷ്യാ... ഇതെന്തിനാ ഈ ഹാർട്ട് ഒക്കെ വെക്കണേ? വെറുതെ ആദി എന്ന് മതിയല്ലോ... വീട്ടില് അമ്മയോ വേറെ ആരെങ്കിലുമോക്കെ കണ്ടാൽ കളിയാക്കും ട്ടോ,"

നാണം കൊണ്ട് ചുവന്ന മുഖത്തോടെ അവൾ പറഞ്ഞു.

"അമ്മയൊന്നും കളിയാക്കില്ല. എന്റെ പെണ്ണിന്റെ ഫോണിൽ എന്റെ നമ്പർ ഇങ്ങനെ തന്നെ കിടക്കണം,"

ഞാൻ കുസൃതിയോടെ അവളുടെ കവിളിൽ പതുക്കെ തട്ടി. പിന്നെ ഞാൻ അമ്മയുടെയും അനഘ ചേച്ചിയുടെയും നമ്പറുകൾ കൂടി അതിൽ സേവ് ചെയ്തു.

"ദേ, ഇപ്പൊ നിനക്ക് ആവശ്യമുള്ള മൂന്നുപേരുടെ നമ്പറുകൾ ഇതിലുണ്ട്. ബാക്കിയുള്ളതൊക്കെ ഞാൻ പതിയെ സേവ് ചെയ്തു തരാം."

എന്നിട്ട് ഞാൻ ഫോൺ അവളുടെ കയ്യിലേക്ക് കൊടുത്തു. സ്ക്രീനിൽ തൊടാൻ പോലും അവൾക്ക് വല്ലാത്ത പേടിയായിരുന്നു. എന്തെങ്കിലും അമർന്നുപോയാൽ ഫോൺ കേടാകുമോ എന്നൊരു പേടി ആ ഇളം നീലക്കണ്ണുകളിൽ എനിക്ക് കാണാമായിരുന്നു.

ഞാൻ എന്റെ വലതുകൈ അവളുടെ കൈകളോട് ചേർത്തുവെച്ചു.

"ഇത് ടച്ച് സ്ക്രീനാ പാർവണേ... പഴയ ഫോൺ പോലെ ബട്ടൺ അമർത്തുകയൊന്നും വേണ്ട. ദാ ഇങ്ങനെ വിരലുകൊണ്ട് പതുക്കെ തൊട്ടാൽ മതി."

ഞാൻ അവളുടെ ചൂണ്ടുവിരൽ പിടിച്ച് സ്ക്രീനിൽ പതുക്കെ തൊടുവിച്ചു. മെനു മാറുന്നത് കണ്ട് അവളുടെ മുഖത്ത് വലിയൊരു ചിരി വിടർന്നു.

"ആരെങ്കിലും വിളിക്കുമ്പോ ഈ സ്ക്രീനിൽ അവരുടെ പേര് വരും. ഇപ്പൊ നോക്കിക്കോ..."

ഞാൻ എന്റെ ഫോണിൽ നിന്നും അതിലോട്ടു വിളിച്ചു.

അവളുടെ കയ്യിലിരുന്ന പുതിയ ഫോൺ റിങ് ചെയ്യാൻ തുടങ്ങിയതും അവൾ ചെറിയൊരു ഞെട്ടലോടെ എന്റെ മുഖത്തേക്ക് നോക്കി. സ്ക്രീനിൽ ഹാർട്ട് സിംബലോട് കൂടി എന്റെ പേര് തെളിഞ്ഞുകാണാമായിരുന്നു.

"ദേ... കോൾ വരുമ്പോ ദാ ഈ പച്ച ബട്ടൺ കണ്ടില്ലേ, അതിൽ തൊട്ട് പതുക്കെ മുകളിലേക്ക് ആക്കിയാൽ മതി. അപ്പൊ കോൾ എടുക്കാം.

സംസാരിച്ചു കഴിയുമ്പോ ഈ ചുവന്ന ബട്ടണിൽ തൊട്ടാൽ കോൾ കട്ട് ആവുകയും ചെയ്യും. നീ ആ കോൾ ഒന്നെടുത്തേ..."

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

അവൾ വിറയ്ക്കുന്ന വിരലുകളോടെ ആ പച്ച ബട്ടണിൽ തൊട്ട് മുകളിലേക്ക് നീക്കി. കോൾ കണക്ട് ആയതും അവൾക്ക് വലിയ സന്തോഷമായി. അവൾ ഫോൺ കാതിലേക്ക് വെച്ചു.

"ഹലോ..."

ഞാൻ എന്റെ ഫോണിലൂടെ പതുക്കെ പറഞ്ഞു.

ഫോണിലൂടെ എന്റെ ശബ്ദം കേട്ടതും അവൾ ഒരു കള്ളച്ചിരിയോടെ എന്റെ കണ്ണുകളിലേക്ക് നോക്കി. റൂമിലെ മങ്ങിയ വെളിച്ചത്തിൽ, ആ പുതിയ ഫോണും കാതിൽ വെച്ച് ചിരിക്കുന്ന അവളെ കണ്ടപ്പോൾ ലോകത്തിലെ ഏറ്റവും മനോഹരമായ കാഴ്ചയാണ് ഞാൻ കാണുന്നതെന്ന് എനിക്ക് തോന്നി.

"ഇത് വല്ല്യേ രസാണല്ലോ ആദീ... പക്ഷെ ഞാൻ അറിയാണ്ട് വേറെ വല്ലതും അമർത്തിയാൽ ഇതിലെ കാശൊക്കെ പോവ്വോ?..."

അവൾ ആ തനി ശൈലിയിൽ സംശയത്തോടെ ചോദിച്ചു.

"ഒരു കാശും പോവില്ല മണ്ടീ... ബാക്കിയുള്ളതൊക്കെ ഞാൻ ദിവസവും ഓഫീസിൽ നിന്ന് വന്നിട്ട് നിനക്ക് പതുക്കെ പഠിപ്പിച്ചു തരാം. വാട്സ്ആപ്പും വീഡിയോ കോളും ഒക്കെ ഇതിലുണ്ട്."

ഞാൻ അവളുടെ കയ്യിൽ നിന്നും എന്റെ കോൾ കട്ട് ചെയ്യിപ്പിച്ചു.

അവൾ ഫോൺ വളരെ സൂക്ഷിച്ച് ടീപ്പോയിയുടെ മുകളിലേക്ക് വെച്ചു. പിന്നെ വല്ലാത്തൊരു വാത്സല്യത്തോടെ എന്നെ നോക്കി. ആ നോട്ടത്തിൽ എനിക്കുവേണ്ടി തുടിക്കുന്ന ഒരു പ്രണയമുണ്ടായിരുന്നു.

"നാളെ ഞാൻ ഓഫീസിൽ പോകുമ്പോ, ഉച്ചയ്ക്ക് ചോറുണ്ണാൻ നേരം ഈ ഫോണിലേക്ക് വിളിക്കും. അപ്പൊ കറക്റ്റ് ആയിട്ട് എടുത്ത് സംസാരിക്കണം. കേട്ടല്ലോ എന്റെ പൊട്ടിപ്പെണ്ണേ..."

ഞാൻ അവളുടെ നെറ്റിയിൽ എന്റെ നെറ്റി മുട്ടിച്ചുകൊണ്ട് പറഞ്ഞു.

"മ്മ്... "

അവൾ എന്നെ ഇറുകെ കെട്ടിപ്പിടിച്ചുകൊണ്ട് എന്റെ നെഞ്ചിലേക്ക് ചാഞ്ഞു.

മുറിയിലെ മങ്ങിയ വെളിച്ചത്തിൽ, ജനാലയ്ക്കപ്പുറത്തുനിന്നും വരുന്ന നിലാവിൽ അവളുടെ മുഖം ഒരു പവിഴമല്ലി പോലെ തിളങ്ങുന്നുണ്ടായിരുന്നു.

ഈറൻമാറാത്ത ആ കുറുനിരകളിൽ നിന്നും പടരുന്ന തുളസിക്കതിരിന്റെയും നേർത്ത വെളിച്ചെണ്ണയുടെയും ഗന്ധം എന്നിൽ വീണ്ടും പ്രണയത്തിന്റെ പഴയ ലഹരികൾ ഉണർത്തിക്കൊണ്ടിരുന്നു. ഞാൻ പതുക്കെ എന്റെ വലംകൈ അവളുടെ ഇടുപ്പിലൂടെ ചുറ്റി, അവളെ ഒന്നുകൂടി എന്നിലേക്ക് വലിച്ചടുപ്പിച്ചു.

പെട്ടെന്നുള്ള ആ സ്പർശനത്തിൽ അവളൊന്ന് ഞെട്ടി കണ്ണുകൾ തുറന്നു. എന്റെ കണ്ണുകളിലെ തിളക്കം കണ്ടതും ആ നീലക്കണ്ണുകളിൽ ചെറിയൊരു പരിഭ്രമം ഓടിയെത്തി.

അവൾ കട്ടിലിൽ നിന്നും പതുക്കെ എഴുന്നേൽക്കാൻ ശ്രമിച്ചു. പക്ഷെ ഞാൻ ആ പിടി വിട്ടില്ല. അവളെ ഞാൻ പൂർണ്ണമായും കട്ടിലിലേക്ക് കിടത്തിക്കൊണ്ട് അവൾക്ക് മുകളിലായി വന്നു.

എന്റെ മുഖം അവളുടെ മുലയോട് അടുത്തപ്പോൾ, അവളുടെ ശ്വാസത്തിന്റെ വേഗത കൂടുന്നത് എനിക്ക് അറിയാമായിരുന്നു.

അവൾ വിറയ്ക്കുന്ന കൈകൾ കൊണ്ട് എന്റെ നെഞ്ചിൽ തൊട്ട്പതുക്കെ തടഞ്ഞുനിർത്തി.

"ദേ ആദീ... വേണ്ട ട്ടോ... നാളെ രാവിലെ ഓഫീസില് പോവാനുള്ളതല്ലേ. വേഗം കിടന്നുറങ്ങിക്കേ..."

വലിയൊരു കുസൃതിയോടെ, എന്നാൽ ആ നാണം മറച്ചുപിടിച്ചുകൊണ്ട് അവൾ പറഞ്ഞു.

"ഓഫീസിൽ പോകുന്ന കാര്യം നാളെ അല്ലെ... പക്ഷെ ഈ രാത്രി, അത് എന്റെ പെണ്ണിനുള്ളതാ..."

ഞാൻ അവളുടെ കാതോരം പതുക്കെ മന്ത്രിച്ചു.

എന്റെ വാക്കുകൾ കേട്ടതും അവളുടെ പ്രതിരോധം ഒരു മഞ്ഞുകണം പോലെ അലിഞ്ഞില്ലാതാകുന്നത് ഞാൻ അറിഞ്ഞു. ഞാൻ പതുക്കെ അവളുടെ ചുണ്ടുകളിലേക്ക് എന്റെ ചുണ്ടുകൾ ചേർത്തു.

ആദ്യമൊരു ചെറിയ വിറയൽ അവളുടെ ശരീരത്തിലുണ്ടായിരുന്നെങ്കിലും, എന്റെ ചുംബനത്തിന്റെ ചൂടിൽ അവൾ പൂർണ്ണമായും എന്നിലേക്ക് അലിഞ്ഞുചേർന്നു. അവളുടെ കൈകൾ പതുക്കെ എന്റെ കഴുത്തിലൂടെ ചുറ്റി എന്നെ ഒന്നുകൂടി ഇറുകെ കെട്ടിപ്പിടിച്ചു.

അവളുടെ ആ നീല ചുരിദാറിന്റെ മൃദുവായ തുണിയിലൂടെ എന്റെ വിരലുകൾ താഴേക്ക് ഒഴുകിയപ്പോൾ, കാറ്റുപിടിച്ചൊരു ഇലപോലെ അവൾ വല്ലാതെ വിറച്ചു. എന്റെ മുഖം അവളുടെ ചുണ്ടുകളിൽ നിന്നും പതുക്കെ കഴുത്തിടുക്കിലേക്ക് മാറിയപ്പോൾ, അവളിൽ നിന്നും നേർത്തൊരു ശീൽക്കാരശബ്ദം പുറത്തുവന്നു.

എന്റെ നെഞ്ചിൽ തടഞ്ഞുനിന്നിരുന്ന അവളുടെ വിരലുകൾ പതിയെ എന്റെ ഷർട്ടിന്റെ കോളറിൽ മുറുകെ പിടിച്ചു. അവൾ സുഖത്തോടെ കണ്ണുകൾ ഇറുകെയടച്ചു.

പാലക്കാട്ടെ ആ ഇന്ദ്രനീലത്തിൽ നിന്നും തുടങ്ങിയ ഞങ്ങളുടെ പ്രണയം, അതിന്റെ ഏറ്റവും മനോഹരവും തീവ്രവുമായ തലങ്ങളിലേക്ക് കടക്കുകയായിരുന്നു. വാക്കുകൾക്ക് പ്രസക്തിയില്ലാത്ത, ശ്വാസനിശ്വാസങ്ങൾ മാത്രം സംസാരിക്കുന്ന ലോകം.

കാറ്റിന്റെ കുളിർമയുള്ള അവളുടെ വെണ്ണക്കൽ ശിലപോലെയുള്ള ശരീരത്തിലേക്ക് ഒരു വേനൽമഴപോലെ ഞാൻ പെയ്തിറങ്ങുകയായിരുന്നു. എന്റെ ഓരോ ചുംബനങ്ങളിലും, ഓരോ സ്പർശനത്തിലും അവൾ എന്നിലേക്ക് കൂടുതൽ അലിഞ്ഞുചേർന്നുകൊണ്ടിരുന്നു.

അവളുടെ മൃദുവായ ശരീരത്തിലെ ഓരോ വളവുകളിലും എന്റെ വിരലുകൾ പ്രണയത്തിന്റെ പുതിയൊരു കവിത രചിക്കുകയായിരുന്നു. പുറത്ത് വീശുന്ന തണുത്ത കാറ്റിനുപോലും ആ മുറിക്കുള്ളിലെ പ്രണയത്തിന്റെ ചൂട് കെടുത്താൻ കഴിഞ്ഞില്ല.

അവളുടെ മൃദുവായ ചുണ്ടുകളിൽ നിന്നും കേട്ട നേർത്ത വിതുമ്പലുകൾ എന്റെ സിരകളിലേക്ക് വല്ലാത്തൊരു അഗ്നിയായി പടർന്നു.

പരസ്പരം ജീവനായി മാറിയ രണ്ടുപേർ, സകല അതിർവരമ്പുകളും ഭയങ്ങളും മറന്ന്, പ്രണയത്തിന്റെ ഏറ്റവും വലിയ സ്വർഗ്ഗത്തിലേക്ക് നടന്നുകയറുകയായിരുന്നു.

അവളുടെ കൈകൾ എന്റെ പുറത്ത് വരിഞ്ഞുമുറുകിയപ്പോൾ, ലോകം മുഴുവൻ ആ വലിയ മുറിക്കുള്ളിൽ നിശ്ചലമായതുപോലെ എനിക്ക് തോന്നി. രണ്ട് ശരീരങ്ങൾക്കപ്പുറം

രണ്ട് ആത്മാക്കൾ ഒന്നായി മാറുന്നതിന്റെ ഏറ്റവും മനോഹരമായ കാവ്യം ആ രാത്രി അവിടെ രചിക്കപ്പെടുകയായിരുന്നു.

ഇരുളും നിലാവും സാക്ഷിയായി, പരസ്പരം പൂർണ്ണമായി അലിഞ്ഞുചേർന്ന് ഞങ്ങൾ ആ പ്രണയരാത്രിയുടെ അനന്തമായ ആഴങ്ങളിലേക്ക് ഊളിയിട്ടു...

ജനാലയ്ക്കപ്പുറത്തെ മാവിൻകൊമ്പിലിരുന്ന് ചിലയ്ക്കുന്ന പക്ഷികളുടെ ശബ്ദം കേട്ടാണ് ഞാൻ കണ്ണുകൾ തുറന്നത്. രാത്രി മുഴുവൻ എന്റെ നെഞ്ചിലെ ചൂടുപറ്റി കിടന്നിരുന്നവൾ എപ്പോഴോ എഴുന്നേറ്റു പോയിരിക്കുന്നു.

ഇന്നലെ രാത്രിയിലെ മനോഹരമായ നിമിഷങ്ങളുടെ ഓർമ്മകളിൽ എന്റെ ചുണ്ടിൽ അറിയാതെ ഒരു പുഞ്ചിരി വിടർന്നു. ബെഡ്ഷീറ്റിൽ അപ്പോഴും അവളുടെ ഈറൻമുടിയുടെയും തുളസിക്കതിരിന്റെയും നേർത്ത ഗന്ധം തങ്ങിനിൽപ്പുണ്ടായിരുന്നു.

പെട്ടെന്ന് തന്നെ കുളിച്ച്, ഓഫീസിലേക്ക് പോകാനായി ഇളംനീല ഷർട്ടും കറുത്ത പാന്റും ഇട്ട് ഞാൻ താഴേക്ക് നടന്നു. താഴെ ഹാളിലേക്ക് ചെല്ലുമ്പോൾ അടുക്കളയിൽ അത്യാവശ്യം നല്ല തിരക്കിലായിരുന്നു അമ്മയും പാർവണയും.

ഇളം റോസ് നിറമുള്ളൊരു ചുരിദാറായിരുന്നു അവളുടെ വേഷം. നെറ്റിയിൽ ചുവന്നുതുടുത്ത സിന്ദൂരവും, പിന്നിലേക്ക് ഒതുക്കിക്കെട്ടിയ മുടിയുമായി, അവളുടെ ആ നിൽപ്പ് കാണാൻ നല്ല ഭംഗിയായിരുന്നു.

എന്റെ കാൽപ്പെരുമാറ്റം കേട്ട് അമ്മ തിരിഞ്ഞുനോക്കി. അത്രയും നേരം അവിടെയുണ്ടായിരുന്ന തിരക്കൊന്ന് മാറ്റിവെച്ച് അമ്മ എന്റെ അടുത്തേക്ക് വന്നു.

"ഹാ നിനക്ക് ഇറങ്ങാറായോ? അവളവിടെ ദോശയും ചമ്മന്തിയും എടുത്തു വെച്ചിട്ടുണ്ട്, വേഗം പോയിരിന്നു കഴിക്ക്."

വളരെ സാധാരണയായുള്ള ഒരു അമ്മയുടെ കരുതലോടെ അമ്മ പറഞ്ഞു.

ഞാൻ ചിരിച്ചുകൊണ്ട് ഡൈനിങ് ടേബിളിലെ കസേരയിലേക്ക് ഇരുന്നു.

പാർവണ വാത്സല്യത്തോടെ എനിക്ക് ചൂട് ദോശയും ചമ്മന്തിയും പകർന്നുതന്നു. എന്നെ നോക്കുമ്പോൾ അവളുടെ കണ്ണുകളിൽ ഇന്നലെ രാത്രിയിലെ ആ തീവ്രമായ പ്രണയത്തിന്റെ നാണം അപ്പോഴും ബാക്കിയുണ്ടായിരുന്നു.

അവൾ വിളമ്പിത്തരുന്ന ആ ഭക്ഷണത്തിന് എന്റെ ജീവിതത്തിൽ ഇതുവരെ അനുഭവിക്കാത്തൊരു പ്രത്യേക രുചിയുള്ളതുപോലെ എനിക്ക് തോന്നി. ഭക്ഷണം കഴിക്കുന്നതിനിടയിൽ അമ്മ ഓരോ വീട്ടുകാര്യങ്ങൾ പറയുന്നുണ്ടായിരുന്നുവെങ്കിലും, എന്റെ ശ്രദ്ധ മുഴുവൻ അവളിലായിരുന്നു.

ഊണുകഴിഞ്ഞ് ഞാൻ വണ്ടിയുടെ താക്കോലുമെടുത്ത് ഉമ്മറത്തേക്ക് നടന്നു. പിന്നാലെ ഒരു വലിയ കവറിൽ ഉച്ചക്കത്തേക്കുള്ള ചോറ്റുപാത്രവുമായി അവളും വന്നു. അമ്മ അടുക്കളയിലേക്ക് തിരിഞ്ഞ ആ ഗ്യാപ്പിൽ അവൾ പതിയെ എന്റെ അടുത്തേക്ക് ചേർന്നുനിന്നു.

ആ കവർ എന്റെ കയ്യിലേക്ക് വെച്ചുതരുന്നതിനിടയിൽ, അവളുടെ വിരലുകൾ എന്റെ കൈവെള്ളയിലൊന്ന് തലോടി.

"ദാ... ഉച്ചക്ക് കഴിക്കാൻ ഉള്ളതാ. പണിത്തിരക്കാണെന്നും പറഞ്ഞ് ഊണ് കഴിക്കാൻ വൈകരുത് ട്ടോ..."

അവൾ വളരെ പതുക്കെ പറഞ്ഞു.

പിന്നെ ചുറ്റും നോക്കി അമ്മ അടുത്തില്ലെന്ന് ഉറപ്പുവരുത്തി, കള്ളച്ചിരിയോടെ എന്റെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

"പിന്നെ... ഇന്നലെ പറഞ്ഞ കാര്യം മറക്കണ്ട ട്ടോ. ഉച്ചയ്ക്ക് ചോറുണ്ണാൻ നേരം വിളിക്കണം... ഫോൺ എന്റെ കയ്യിൽ തന്നെ ഇണ്ട്. ഞാൻ കാത്തിരിക്കും."

അവളുടെ ആ കൊഞ്ചൽ കേട്ടതും ഞാൻ അവളുടെ ഇടുപ്പിലൂടെ കയ്യിട്ട് എന്റെ അടുത്തേക്ക് വലിച്ചടുപ്പിച്ചു.

"എന്റെ പെണ്ണ് വിളിക്കാൻ പറഞ്ഞിട്ട് ഞാൻ വിളിക്കാതിരിക്കുമോ? ഉച്ചയ്ക്ക് ഞാൻ വിളിക്കാം,"

ഞാൻ അവളുടെ നെറ്റിയിൽ മൃദുവായി ഒന്ന് ചുംബിച്ചു.

അവൾ നാണത്തോടെ എന്റെ പിടിയിൽ നിന്നും മാറിനിന്നു. ഞാൻ ബുള്ളറ്റ് സ്റ്റാർട്ട് ചെയ്ത് ഗേറ്റ് കടക്കുമ്പോൾ, ഉമ്മറത്തെ തൂണും ചാരി എന്നെത്തന്നെ നോക്കിനിൽക്കുന്നുണ്ടായിരുന്നു അവൾ.

വലിയൊരു സന്തോഷത്തോടെയാണ് ഞാൻ ഓഫീസിലേക്ക് വണ്ടി ഓടിച്ചത്. ദിവസങ്ങൾക്ക് ശേഷമുള്ള ആ ഓഫീസ് യാത്രയിൽ വല്ലാത്തൊരു ഉന്മേഷം തോന്നി. വണ്ടി പാർക്ക് ചെയ്ത് ഓഫീസിലേക്ക് കയറുമ്പോൾത്തന്നെ ഗൗരി അങ്ങോട്ടേക്ക് വന്നു.

എന്നെ കണ്ടതും അവൾ ഒരു ചിരിയോടെ എന്റെ അടുത്തേക്ക് വന്നു.

"ഹലോ മണവാളാ... ഇത്ര പെട്ടെന്ന് ലീവ് കഴിഞ്ഞോ? അന്ന് ക്ഷേത്രത്തിൽ വെച്ച് പാർവണയെ കണ്ടപ്പൊ ഞാൻ വിചാരിച്ചു, ഇനി നീ പെട്ടെന്നൊന്നും ഓഫീസിലേക്ക് വരില്ല എന്ന്..."

ഗൗരി എന്റെ തോളിൽ തട്ടി കളിയാക്കിക്കൊണ്ട് പറഞ്ഞു.

"അങ്ങനെയൊന്നും ഇല്ല ഗൗരി... ലീവ് കഴിഞ്ഞ് വരാൻ ചെറിയൊരു മടിയുണ്ടായിരുന്നു, അത്രേ ഉള്ളൂ,"

ഞാൻ എന്റെ സീറ്റിലേക്ക് ബാഗ് വെച്ചുകൊണ്ട് പറഞ്ഞു.

"അതൊക്കെ അവിടെ നിക്കട്ടെ,"

ഗൗരി പെട്ടെന്ന് സീരിയസ് ആയി.

"ഞങ്ങളുടെ പാർട്ടി എവിടെ? കല്യാണം കഴിഞ്ഞെന്ന് കരുതി യാതൊരു ചിലവും ചെയ്യാതെ ഇങ്ങനെ മുങ്ങാമെന്ന് വിചാരിച്ചോ?"

"അയ്യോ, മുങ്ങിയതൊന്നും അല്ല ഗൗരി. ഈ വീക്കെൻഡിൽ ഓഫീസിലുള്ള എല്ലാവർക്കും എന്റെ വക ഒരുഗ്രൻ ട്രീറ്റ് ഉണ്ട്. അത് ഞാൻ ഗ്യാരന്റി,"

ഞാൻ ചിരിയോടെ അവൾക്ക് വാക്ക് കൊടുത്തു.

"മ്മ്... അങ്ങനെ വഴിക്ക് വാ. എന്നാ ശരി, പോയി പെൻഡിങ് ഉള്ള വർക്കുകൾ ഒക്കെ നോക്കിത്തുടങ്ങിക്കോ. ഇനി ഇപ്പോ കുടുംബസ്ഥനായില്ലേ, വെറുതെയിരിക്കാൻ പറ്റില്ലല്ലോ,"

ഗൗരി എന്നെ വീണ്ടും കളിയാക്കിക്കൊണ്ട് അവളുടെ ക്യാബിനിലേക്ക് നടന്നു.

ലാപ്ടോപ്പ് ഓൺ ചെയ്ത് വർക്കുകളിലേക്ക് കടക്കുമ്പോഴും, എന്റെ മനസ്സിൽ മുഴുവൻ ആ ഉമ്മറപ്പടിയിൽ എന്നെയും നോക്കിനിൽക്കുന്ന എന്റെ പ്രാണന്റെ മുഖമായിരുന്നു.

ലീവ് കഴിഞ്ഞുള്ള ആദ്യത്തെ ദിവസമായതുകൊണ്ട് വിചാരിച്ചതിലും കൂടുതൽ പെൻഡിങ് വർക്കുകൾ ഉണ്ടായിരുന്നു ഓഫീസിൽ. ലാപ്ടോപ്പിലെ ഫയലുകൾക്കിടയിൽ തലപുകഞ്ഞിരുന്ന് സമയം പോയത് ഞാൻ അറിഞ്ഞതേയില്ല.

പെട്ടെന്ന് സിസ്റ്റത്തിലെ ക്ലോക്കിലേക്ക് നോക്കിയപ്പോഴാണ് സമയം രണ്ടര കഴിഞ്ഞെന്ന സത്യം ഞാൻ മനസ്സിലാക്കുന്നത്.

ഉച്ചയ്ക്ക് ചോറുണ്ണാൻ നേരം വിളിക്കാമെന്ന് അവൾക്ക് രാവിലെ വാക്ക് കൊടുത്തതാണ്. അവളാണെങ്കിൽ അവിടെ എന്റെ കോളും കാത്ത് ഫോണും പിടിച്ച് ഇരിപ്പുണ്ടാകും.

ഞാൻ വേഗം സീറ്റിൽ നിന്നെഴുന്നേറ്റ് അവൾ പായ്ക്ക് ചെയ്തുതന്ന ആ ചോറ്റുപാത്രവും ഫോണുമെടുത്ത് ക്യാന്റീനിലേക്ക് നടന്നു.

ക്യാന്റീനിലെ കസേരയിലിരുന്ന് ചോറ്റുപാത്രം തുറക്കുന്നതിനൊപ്പം തന്നെ ഞാൻ അവളുടെ പുതിയ നമ്പറിലേക്ക് ഡയൽ ചെയ്തു. എന്റെ ചുണ്ടിൽ വലിയൊരു ചിരിയുണ്ടായിരുന്നു. ഫോൺ രണ്ടാമത്തെ റിങ് അടിച്ചതും കോൾ കണക്ട് ആയി!

ഒരു നിമിഷം പോലും വൈകാതെയുള്ള അവളുടെ ആ ഫോണെടുക്കൽ കണ്ടപ്പോൾ എനിക്ക് വല്ലാതെ കൗതുകം തോന്നി.

"ഞാൻ വിളിക്കുന്നതും കാത്ത് ഫോണും നോക്കി ഇരിക്കുവായിരുന്നോ പെണ്ണേ നീ? രണ്ട് റിങ് അടിച്ചപ്പോഴേക്കും എടുത്തല്ലോ..."

ഞാൻ ചോറ്റുപാത്രത്തിൽ നിന്നും ഒരുരുള ചോറ് വായിലേക്ക് വെക്കുന്നതിനിടയിൽ കുസൃതിയോടെ ചോദിച്ചു.

"എന്താ ആദീ ഇത്രേം താമസിച്ചേ? ഇപ്പഴാണോ ചോറുണ്ണാൻ പോവണത്?"

അവളുടെ സ്വരത്തിൽ എന്റെ ചോദ്യത്തിനുള്ള നാണത്തേക്കാൾ കൂടുതൽ, ചോറുണ്ണാൻ വൈകിയതിലുള്ള ചെറിയൊരു ദേഷ്യവും പരിഭവവുമായിരുന്നു ഉണ്ടായിരുന്നത്.

"അത്... കുറച്ചു ദിവസം ലീവ് ആയിരുന്നില്ലേടി. അതിന്റെ കുറെ പെൻഡിങ് വർക്കുകൾ തീർക്കാൻ ഉണ്ടായിരുന്നു. അതിന്റെ ഇടയിൽ സമയം പോയത് അറിഞ്ഞില്ല. അതാ ലേറ്റ് ആയത്..."

ഞാൻ പതിയെ കാര്യങ്ങൾ വിശദീകരിക്കാൻ ശ്രമിച്ചു.

"അതൊക്കെ ചോറുണ്ടിട്ട് നോക്കിയാൽ പോരേ ആദീ? പണിണ്ടെന്നും പറഞ്ഞ് ഇങ്ങനെ നേരം തെറ്റി ചോറുണ്ണാൻ പാടുണ്ടോ..."

ആ വാക്കുകളിൽ വല്ലാത്തൊരു അധികാരമുണ്ടായിരുന്നു. ഭർത്താവിന്റെ ആരോഗ്യത്തിൽ ആവലാതിപ്പെടുന്ന, ശാസിക്കാൻ അവകാശമുള്ള ഒരു ഭാര്യയുടെ പരിഭവം. ഇത്രയും കാലം ഞാൻ ഒരു കൊച്ചു കുട്ടിയെപ്പോലെ കണ്ടിരുന്നവളല്ല.

മറിച് എന്റെ കാര്യങ്ങൾ നോക്കാൻ അവകാശമുള്ള എന്റെ സ്വന്തം പാതിയിലേക്കുള്ള അവളുടെ മാറ്റം ആ ചെറിയ വാക്കുകളിൽ എനിക്ക് വ്യക്തമായി കാണാമായിരുന്നു.

അവളുടെ ആ സ്നേഹം നിറഞ്ഞ ശാസന കേട്ട് എന്റെ ഹൃദയം വല്ലാതെ നിറഞ്ഞു. ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ശരി എന്റെ പൊട്ടിപ്പെണ്ണേ... ഇനി ഞാൻ കറക്റ്റ് സമയത്ത് കഴിച്ചോളാം. എന്തായാലും ഞാൻ ഫോൺ വെക്കുവാ. നിന്നോട് സംസാരിച്ചിരുന്നാൽ ബാക്കി വർക്കൊന്നും എനിക്കിവിടെ ചെയ്യാൻ പറ്റില്ല. വൈകുന്നേരം വന്നിട്ട് കാണാം ..."

"മ്മ്... വേഗം വരണം ട്ടോ..."

അവൾ പതുക്കെ മൂളിക്കൊണ്ട് ഫോൺ കട്ട് ചെയ്തു.

ഫോൺ ടേബിളിലേക്ക് വെക്കുമ്പോൾ, അവൾ കൊടുത്തുവിട്ട ആ ഭക്ഷണത്തിന് മധുരമുള്ളതായി എനിക്ക് തോന്നി. ദൂരങ്ങൾക്കപ്പുറത്തുനിന്നും എന്നെ പൊതിഞ്ഞുപിടിക്കുന്ന അവളുടെ ആ കരുതൽ, ബാക്കിയുള്ള വർക്കുകൾ തീർക്കാനുള്ള വലിയൊരു ഊർജ്ജമായി എന്റെ സിരകളിലേക്ക് പടരുകയായിരുന്നു.

വലിയൊരു സമാധാനത്തോടെ ഞാൻ ആ ഭക്ഷണം കഴിച്ചുതീർത്തു...

പിന്നെ വീണ്ടും ലാപ്ടോപ്പിൽ മുഴുകി ഒരു വിധം പെന്റിങ് വർക്ക് ഒക്കെ തീർത്ത് വൈകുന്നേരം അഞ്ചരയോടെയാണ് ഓഫീസിൽ നിന്നും ഞാൻ ഇറങ്ങിയത്.

നഗരം വല്ലാതെ തിരക്കമർന്നിരുന്നു അപ്പോൾ. ടെക്നോപാർക്കിലെയും യു.എസ്.ടിലെയും പടുകൂറ്റൻ ഗ്ലാസ് കെട്ടിടങ്ങളിൽ നിന്നും ജോലി കഴിഞ്ഞ് പുറത്തേക്കിറങ്ങുന്ന ആയിരക്കണക്കിന് ഐ.ടി ജീവനക്കാരുടെ വലിയൊരു ആൾക്കൂട്ടം.

റോഡിലാകെ വാഹനങ്ങളുടെ വലിയ നിരയും ഹോണടി ശബ്ദങ്ങളും. കഴക്കൂട്ടം ബൈപ്പാസിലെയും ജംഗ്ഷനിലെയും ആ വലിയ ട്രാഫിക് ബ്ലോക്കിൽ കിടക്കുമ്പോഴൊക്കെ വല്ലാത്തൊരു ശ്വാസംമുട്ടലായിരുന്നു എനിക്ക്.

എങ്ങനെയെങ്കിലും ആ ഗേറ്റ് കടന്ന് വീടിന്റെ ഉമ്മറത്തേക്ക് എത്താൻ എന്റെ ഹൃദയം

പിടയുന്നുണ്ടായിരുന്നു. രാവിലെ മുതൽ അവളെ കാണാതിരുന്നതിന്റെ ഒരു ശൂന്യത എന്റെ ഉള്ളിലുണ്ടായിരുന്നു.

ട്രാഫിക്കൊക്കെ കഴിഞ്ഞ് വണ്ടി വീട്ടിലെത്തുമ്പോൾ സന്ധ്യ മയങ്ങിത്തുടങ്ങിയിരുന്നു. ഗേറ്റ് കടന്ന് ബുള്ളറ്റ് മുറ്റത്തേക്ക് കയറുമ്പോൾ, ഉമ്മറത്തെ മഞ്ഞവെളിച്ചത്തിൽ എന്നെയും കാത്ത് നിൽപ്പുണ്ടായിരുന്നു എന്റെ പ്രാണൻ.

ഇളം റോസ് നിറമുള്ള ആ ചുരിദാറിൽ, കാറ്റത്ത് പാറിപ്പറക്കുന്ന മുടിയും ഒതുക്കിവെച്ച് അവൾ നിൽക്കുന്ന ആ നിൽപ്പ് കണ്ടപ്പോൾ, വഴിയിലെ ട്രാഫിക്കിൽ എനിക്കുണ്ടായ ക്ഷീണമെല്ലാം ഒറ്റയടിക്ക് എങ്ങോട്ടോ മാഞ്ഞുപോയി.

ഞാൻ വണ്ടി ഓഫ് ചെയ്ത് തിണ്ണയിലേക്ക് കയറി. വീട് വല്ലാതെ നിശബ്ദമായിരുന്നു.

"അമ്മയെവിടെ?"

ഞാൻ ഷൂസ് ഊരിവെക്കുന്നതിനിടയിൽ ചോദിച്ചു.

"അമ്മ എങ്ങോട്ടോ പോയീലോ... ആ രമ്യ എന്ന് പേരുള്ള ഏതോ ഒരാളുടെ വീട്ടിൽ പോകുവാണെന്ന് പറഞ്ഞ് കുറച്ചുമുൻപ് ഇറങ്ങിയതാ,"

അവൾ എന്റെ കയ്യിൽ നിന്നും ഓഫീസ് ബാഗ് വാങ്ങിക്കൊണ്ട് വളരെ സ്വാഭാവികമായി പറഞ്ഞു.

അതുകേട്ടതും എന്റെ ചുണ്ടിൽ ഒരു കള്ളച്ചിരി വിടർന്നു. വീട് മുഴുവൻ ഞങ്ങൾക്കുവേണ്ടി ഒഴിഞ്ഞുകിട്ടിയിരിക്കുകയാണ്. അവൾ ബാഗും പിടിച്ച് ഹാളിലേക്ക് നടന്നു. ഞാൻ വേഗം വാതിലടച്ച് കുറ്റിയിട്ടു.

അവൾ ഹാളിലെ ടീപ്പോയിയുടെ മുകളിലേക്ക് ബാഗ് വെക്കാൻ കുനിയുകയായിരുന്നു. കാൽപ്പെരുമാറ്റം കേൾപ്പിക്കാതെ ഞാൻ പതുക്കെ അവളുടെ പിന്നിലൂടെ ചെന്നു.

രാവിലെ മുതൽ അവളെ കാണാതിരുന്നതിന്റെ ആ വിരഹം എന്നെ വല്ലാതെ പൊള്ളിച്ചിരുന്നു. എന്റെ ഇരുകൈകളും അവളുടെ ഇടുങ്ങിയ അരക്കെട്ടിലൂടെ ചുറ്റി ഞാൻ അവളെ പെട്ടെന്ന് എന്റെ നെഞ്ചിലേക്ക് വലിച്ചടുപ്പിച്ചു.

"ആദി..!"

പ്രതീക്ഷിക്കാത്ത ആ സ്പർശനത്തിൽ അവളൊന്ന് ഞെട്ടി. കയ്യിലിരുന്ന ബാഗ് ടീപ്പോയിയിലേക്ക് വീണു.

അവൾ എന്തെങ്കിലും പറയുന്നതിന് മുൻപ് തന്നെ ഞാൻ അവളെ എന്റെ നേരെ തിരിച്ചുനിർത്തി. വിറയ്ക്കുന്ന ആ ചുണ്ടുകളിലേക്ക് എന്റെ ചുണ്ടുകൾ ഞാൻ ആഴത്തിൽ ചേർത്തു.

പകൽ മുഴുവൻ അടക്കിവെച്ച പ്രണയത്തിന്റെ സകല ഭ്രാന്തും ആ ചുംബനത്തിലുണ്ടായിരുന്നു. പെട്ടെന്നുള്ള എന്റെ ആ ആക്രമണത്തിൽ അവളൊന്ന് പതറിയെങ്കിലും, എന്റെ നെഞ്ചിലെ ചൂടിലേക്ക് അവളും പതുക്കെ അലിഞ്ഞുചേർന്നു.

അവളുടെ മൃദുവായ വിരലുകൾ എന്റെ ഷർട്ടിന്റെ കോളറിൽ മുറുകെ പിടിച്ചു.

ഒരു നിമിഷം ശ്വാസമെടുക്കാനായി ഞാൻ ആ ചുണ്ടുകൾ വിട്ടകന്നു. കിതപ്പോടെ, നാണം കൊണ്ട് ചുവന്നുതുടുത്ത മുഖത്തോടെ അവൾ എന്നെ നോക്കി. ആ ഇളം നീലക്കണ്ണുകളിലെ ലഹരി കണ്ട്, അടങ്ങാത്ത ദാഹത്തോടെ ഞാൻ വീണ്ടും ആ ചുവന്ന അധരങ്ങൾ കടന്നുനുകരാൻ വേണ്ടി അവളുടെ മുഖത്തേക്ക് എന്റെ മുഖം അടുപ്പിച്ചു.

പെട്ടെന്ന് അവൾ എന്റെ നെഞ്ചിൽ കൈവെച്ച് എന്നെ പതുക്കെ പുറകോട്ട് തള്ളിമാറ്റി.

"ദേ ആദീ... വേണ്ട ട്ടോ..."

ഒരു കുസൃതിയോടെ അവൾ പറഞ്ഞു.

"രാവിലെ തൊട്ട് ഓഫീസിൽ പോയി പണിയെടുത്തതിന്റെ വിയർപ്പാ ആദിയുടെ ദേഹം മുഴുവൻ. പോയി വേഗം കുളിച്ച് ഫ്രഷ് ആയിട്ട് വാ. ഞാൻ നല്ല ചൂട് ചായ എടുത്തു വെക്കാം."

ഇത്രയും പറഞ്ഞ് നാണത്തോടെ എന്നെ നോക്കി കണ്ണിറുക്കിയിട്ട് അവൾ വേഗം അടുക്കളയിലേക്ക് ഓടി. അവളുടെ ആ ഓട്ടവും നോക്കി നിൽക്കുമ്പോൾ, എന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ സായാഹ്നങ്ങളിലൂടെയാണ് ഞാൻ കടന്നുപോകുന്നതെന്ന് എനിക്ക് തോന്നി.

വല്ലാത്തൊരു ഉന്മേഷത്തോടെ ഞാൻ ഫ്രഷ് ആവാനായി മുകളിലേക്ക് നടന്നു...

കുളിച്ച് പുതിയൊരു ടീഷർട്ടും ട്രാക്ക് പാന്റും ഇട്ട് ഞാൻ താഴേക്ക് വരുമ്പോൾ, ഹാളിൽ നല്ലൊരു ഏലക്കയിട്ട ചായയുടെ മണം നിറഞ്ഞുനിന്നിരുന്നു. ഓഫീസിലെ സകല ടെൻഷനുകളും ആ കുളിയിൽ ഒഴിഞ്ഞുപോയിരുന്നു.

ഞാൻ പതുക്കെ ചെന്ന് ഹാളിലെ സോഫയിലേക്ക് ഇരുന്നു. തൊട്ടുപിന്നാലെ ആവിപറക്കുന്ന ചായയുമായി അവൾ എത്തി.

ചായ എന്റെ കയ്യിലേക്ക് തന്നിട്ട്, അവൾ എനിക്ക് തൊട്ടരികിലായി, എന്റെ തോളിലേക്ക് പതുക്കെ ചാരിയിരുന്നു. അവളുടെ മുടിയിലെ ആ ഗന്ധം എന്നിലേക്ക് വീണ്ടും പടർന്നു.

ഞാൻ ചൂടുള്ള ആ ചായ പതുക്കെ ഊതിക്കുടിക്കുന്നതിനിടയിൽ, എന്റെ നെഞ്ചിലേക്ക് ഒന്നുകൂടി ഒതുങ്ങിക്കിടന്നുകൊണ്ട് അവൾ വളരെ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

"ആദീ... എന്റെ ഡിഗ്രീടെ റിസൾട്ട് നാളെയെങ്ങാനും വരുംന്നാ ഇപ്പൊ അറിഞ്ഞേ... ആദി നാളെ ഓഫീസിൽ പോയിട്ട് വരുമ്പോ അതൊന്ന് നോക്കിത്തരുമോ? ഞാൻ അഡ്മിഷൻ നമ്പർ എടുത്തുതരാം..."

അതുകേട്ടപ്പോൾ എന്റെ ഓർമ്മകൾ ഒറ്റയടിക്ക് പാലക്കാട്ടേക്ക് പാഞ്ഞു. ഇന്ദ്രനീലത്തിലെ ആ വലിയ കുളപ്പുരക്കൽ വെച്ച് അവൾ ആദ്യമായി എന്നോട് അവളുടെ ഇഷ്ടങ്ങളെക്കുറിച്ച് പറഞ്ഞ ആ മനോഹരമായ നിമിഷം.

ബി.എ ഇംഗ്ലീഷ് കഴിഞ്ഞു നിൽക്കുകയാണെന്നും, റിസൾട്ട് വന്നാൽ പി.ജിക്ക് ചേരണമെന്നും അന്ന് അവൾ എന്നോട് പറഞ്ഞിരുന്നു.

ഞാൻ ചായ ഗ്ലാസ്സ് ടീപ്പോയിയിലേക്ക് വെച്ചിട്ട്, എന്റെ തോളിൽ കിടക്കുന്ന അവളുടെ മുഖത്തേക്ക് നോക്കി. എന്നിട്ട് ആ വിറയ്ക്കുന്ന വിരലുകളെ എന്റെ കൈക്കുള്ളിലാക്കി, വാത്സല്യത്തോടെ പറഞ്ഞു.

"നാളെയോ? അപ്പൊ എന്റെ പെണ്ണിന് ഇനി പി.ജി ഒക്കെ കഴിഞ്ഞ് വേഗം ഒരു സ്കൂൾ ടീച്ചർ ആവാമല്ലോ... ഇന്ദ്രനീലത്തിലെ കുളക്കടവിൽ വെച്ച് നീ എന്നോട് പറഞ്ഞ നിന്റെ

ആഗ്രഹങ്ങളൊന്നും ഈ ആദി മറന്നിട്ടില്ല പെണ്ണേ..."

എന്റെ ആ വാക്കുകൾ കേട്ടതും അവളുടെ ഇളം കണ്ണുകളിൽ വലിയൊരു വിസ്മയം വിടർന്നു. അവൾ പറഞ്ഞ ഓരോ കൊച്ചു കാര്യങ്ങളും എന്റെ ഹൃദയത്തിൽ ഞാൻ ഇത്രത്തോളം സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്ന തിരിച്ചറിവ് അവളെ വല്ലാതെ സന്തോഷിപ്പിച്ചു.

വലിയമ്മാവനെപ്പോലെ കുട്ടികളെ പഠിപ്പിച്ച് അവർക്കൊപ്പം സന്തോഷമായി നടക്കണമെന്ന അവളുടെ ആ കൊച്ചു സ്വപ്നം, ഞാൻ ഇത്രയും കാലത്തിന് ശേഷവും ഓർമ്മിപ്പിച്ചത് അവളിൽ പറഞ്ഞറിയിക്കാൻ കഴിയാത്തൊരു പ്രണയമാണ് നിറച്ചത്.

"ആദി അപ്പൊ അതൊക്കെ അപ്പടി ഓർത്തു വെച്ചിരിക്കുവാർന്നോ..."

അതിയായ സന്തോഷത്തോടെ അവൾ എന്റെ കഴുത്തിലൂടെ കൈകളിട്ട് നെഞ്ചിലേക്ക് ഒന്നുകൂടി മുഖമമർത്തി. ആ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

"പിന്നല്ലാതെ... എന്റെ ദേവത പറയുന്ന ഓരോ കാര്യങ്ങളും എനിക്കീ ജീവനേക്കാളും വലുതല്ലേടി,"

ഞാൻ അവളുടെ നെറുകയിൽ തലോടിക്കൊണ്ട് പറഞ്ഞു.

അവൾ ഒരു സ്നേഹത്തോടെ എന്റെ ഷർട്ടിൽ മുറുകെ പിടിച്ചുകൊണ്ട് പതുക്കെ മന്ത്രിച്ചു.

"എന്റെ കൊച്ചു കൊച്ചു കാര്യങ്ങൾ പോലും ഇത്രക്കും മനസ്സിലാക്കുന്ന എന്റെ പ്രാണന്റെ കൂടെ ഇങ്ങനെ ജീവിക്കണതിനേക്കാളും വലുതൊന്നും എനിക്കിനി ഈ ലോകത്തില്ല്യ ആദീ..."

ആ വാക്കുകളിൽ വലിയൊരു ആശ്വാസവും സമാധാനവും ഉണ്ടായിരുന്നു. പുറത്ത് സന്ധ്യയുടെ ഇരുട്ട് പരക്കുന്നുണ്ടായിരുന്നെങ്കിലും, പരസ്പരം താങ്ങായി മാറിയ ആ നിമിഷത്തിൽ, വലിയൊരു പ്രകാശം ഞങ്ങൾക്ക് ചുറ്റും നിറയുന്നതുപോലെ എനിക്ക് തോന്നി.

ഒരു ചായക്കോപ്പയിലെ ചൂടിനേക്കാൾ ഊഷ്മളത അവളുടെ ആ ചേർന്നിരിപ്പിൽ എനിക്ക് അനുഭവിക്കാൻ കഴിയുന്നുണ്ടായിരുന്നു...

ആ സായാഹ്നത്തിന്റെ സമാധാനത്തിൽ, അവളെയും നെഞ്ചോട് ചേർത്ത് സോഫയിൽ അങ്ങനെ ഇരിക്കുമ്പോഴാണ് ടീപ്പോയിലിരുന്ന എന്റെ ഫോൺ പെട്ടെന്ന് റിങ് ചെയ്തത്. ഞാൻ പതുക്കെ അവളുടെ തോളിൽ നിന്നും കൈയെടുത്ത് ഫോൺ എടുത്തു നോക്കി.

'അനഘ ചേച്ചി'

ഞാൻ കോൾ എടുത്ത് സ്പീക്കറിലിട്ടു.

"ഹലോ ചേച്ചീ... പറയ്,"

ഞാൻ പറഞ്ഞു.

"എടാ ആദീ... നീ എവിടെയാ?"

അങ്ങേത്തലക്കൽ ചേച്ചിയുടെ ശബ്ദത്തിൽ വല്ലാത്തൊരു വെപ്രാളവും പേടിയും ഉണ്ടായിരുന്നു.

"ഞാൻ വീട്ടിലെത്തി ചേച്ചീ. ഓഫീസിൽ നിന്ന് വന്നിട്ട് കുറച്ചു നേരമേ ആയുള്ളൂ. എന്താ ഈ നേരത്ത്? നീ ഓഫീസിൽ നിന്ന് ഇറങ്ങിയോ?"

ഞാൻ സ്വാഭാവികമായി ചോദിച്ചു.

"ഞാൻ റൂമിലെത്തി. എടാ ആദീ... അരവിന്ദിന്റെ കാര്യം... ഞാൻ നിന്നോട് പറഞ്ഞില്ലായിരുന്നോ അവൻ ഈ വീക്കെൻഡിൽ നാട്ടിലേക്ക് വരാമെന്ന്. പക്ഷെ അമ്മ പെട്ടെന്ന് വേറെ ആലോചനയുടെ കാര്യം പറഞ്ഞപ്പോൾ എനിക്ക് വല്ലാത്തൊരു ടെൻഷനാടാ... അമ്മയെങ്ങാനും വേറെ വല്ലതും ഉറപ്പിച്ചാൽ..."

ചേച്ചിയുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു.

സ്വന്തം പ്രണയം വീട്ടിൽ പറയാൻ പേടിക്കുന്ന ഒരു പെൺകുട്ടിയുടെ സകല ആധിയും ആ വാക്കുകളിലുണ്ടായിരുന്നു.

പെട്ടെന്നാണ് എന്റെ നെഞ്ചിലേക്ക് ചാരിയിരുന്ന പാർവണ ഫോണിനടുത്തേക്ക് കുറച്ചുകൂടി നീങ്ങിയിരുന്നത്. അവളുടെ മുഖത്ത് ഒരു കുസൃതിച്ചിരി വിടർന്നിരുന്നു. സ്പീക്കറിലേക്കായി അവൾ പതുക്കെ വിളിച്ചു.

"ഹലോ നാത്തൂനേ..."

അവളുടെ ശബ്ദം കേട്ടതും ചേച്ചി പെട്ടെന്നൊന്ന് ഞെട്ടി. അങ്ങേത്തലക്കൽ പെട്ടെന്നൊരു നിശബ്ദത.

"അയ്യോ... ഈ ചേച്ചീടെ ഒരു കാര്യം! അരവിന്ദേട്ടൻ ഇങ്ങോട്ട് വരാൻ പോക്ണതിന്റെ ടെൻഷനാണോ അതോ സന്തോഷം കൊണ്ടാണോ എന്റെ ചേച്ചിക്ക് ഈ വെപ്രാളം?

എന്തായാലും അരവിന്ദേട്ടൻ വന്നു കഴിഞ്ഞാൽ പിന്നെ ഈ അനിയത്തിയെ ഒന്നും ചേച്ചിക്ക് ഓർമ്മയുണ്ടാവില്ല്യാലോ..."

ആ തനി പാലക്കാടൻ ശൈലിയിൽ, ഒരു കൊഞ്ചലോടെ അവൾ ചേച്ചിയെ കളിയാക്കി.

അതുകേട്ടതും അതുവരെയുണ്ടായിരുന്ന ചേച്ചിയുടെ സകല ടെൻഷനും ഒറ്റയടിക്ക് പൊട്ടിത്തെറിച്ചൊരു ചിരിയായി മാറി.

"ഡി കള്ളി... നീയും അറിഞ്ഞോ ഇത്? ഈ ആദി നിന്നോട് എല്ലാം പറഞ്ഞല്ലേ?"

ചേച്ചിയുടെ ശബ്ദത്തിൽ വലിയൊരു ആശ്വാസം വന്ന് നിറയുന്നത് എനിക്ക് കേൾക്കാമായിരുന്നു.

"പിന്നല്ലാണ്ട്... എന്റെ ആദിക്ക് എന്നിൽ നിന്ന് എന്തെങ്കിലും ഒളിക്കാൻ പറ്റുമോ?"

അവൾ എന്റെ മുഖത്തേക്ക് നോക്കി കണ്ണിറുക്കിക്കൊണ്ട് പറഞ്ഞു.

"ചേച്ചിയൊന്നും കൊണ്ടും പേടിക്കണ്ട. ചേച്ചിക്ക് ഇഷ്ടമുള്ള ആളെക്കൊണ്ട് തന്നെ നമ്മളീ കല്യാണം നടത്തും. അമ്മ ഈ കാര്യം ആദ്യം കേൾക്കുമ്പൊ ചിലപ്പൊ എന്തെങ്കിലും എതിര് പറഞ്ഞാലും, എന്റെ ചേച്ചീടെ കൂടെ കട്ട സപ്പോർട്ട് ആയിട്ട് ഈ പാർവണ ഉണ്ടാവും ട്ടോ..."

അവളുടെ ആ വാക്കുകൾ കേട്ടപ്പോൾ മറുതലക്കൽ ചേച്ചി ശരിക്കും വിതുമ്പിപ്പോയിരുന്നു. സ്വന്തം അനിയത്തിയെപ്പോലെ പാർവണ അവളെ ചേർത്തുപിടിക്കുന്നതിന്റെ സന്തോഷം ആ മൗനത്തിലുണ്ടായിരുന്നു.

"എന്റെ മോളെ... നിങ്ങളെനിക്ക് തരുന്ന ഈ ധൈര്യമുണ്ടല്ലോ... അത് മതിയെനിക്ക്,"

ചേച്ചിയുടെ ശബ്ദം നിറഞ്ഞിരുന്നു.

"നീ വെറുതെ സെന്റി അടിക്കാതെ ചേച്ചീ..."

ഞാൻ ചിരിച്ചുകൊണ്ട് ഇടപെട്ടു.

"നിന്റെ കാര്യത്തിൽ ഇവളിപ്പോ എന്നെക്കാളും വലിയ ആവേശത്തിലാ. നീ ഒന്നും ഓർത്ത് ടെൻഷൻ ആവണ്ട. ഇന്ന് രാത്രി തന്നെ ഞാൻ അമ്മയോട് കാര്യങ്ങൾ സംസാരിക്കുന്നുണ്ട്....

ബാക്കിയൊക്കെ ഞാൻ ഏറ്റു. അമ്മയെ ഞാൻ പറഞ്ഞ് മനസ്സിലാക്കിക്കോളാം."

"ഉം... എങ്ങനെയെങ്കിലും അമ്മയോട് ഒന്ന് പറഞ്ഞ് സമ്മതിപ്പിക്കെടാ..."

ചേച്ചി വലിയൊരു പ്രതീക്ഷയോടെ പറഞ്ഞു.

"എല്ലാം ശരിയാവും. നീ സമാധാനമായിട്ട് ഇരിക്കാൻ നോക്ക്. ബാക്കി ഞാൻ നാളെ വിളിച്ചു പറയാം,"

ഇത്രയും പറഞ്ഞ് ഞാൻ കാൾ കട്ട് ചെയ്തു.

ഫോൺ വെച്ച ശേഷം ഞാൻ പാർവണയെ നോക്കി. എന്റെ മുഖത്തെ ആ ചെറിയൊരു ടെൻഷൻ മനസ്സിലാക്കിയിട്ടാകണം, അവൾ എന്റെ കയ്യിൽ ഒന്നുകൂടി മുറുകെ പിടിച്ചു.

"ഒന്നും പേടിക്കണ്ട ആദീ... അമ്മ വരുമ്പോൾ നമുക്ക് സംസാരിക്കാം...."

അവൾ എന്റെ തോളിലേക്ക് തലവെച്ച് എനിക്ക്ആശ്വാസം തന്നു.

സംസാരം കഴിഞ്ഞ് ഫോൺ മാറ്റിവെക്കുമ്പോഴേക്കും ഗേറ്റ് തുറക്കുന്ന ശബ്ദം കേട്ടു. ഉമ്മറത്തേക്ക് കയറിവരുന്ന അമ്മയെ കണ്ട്, എന്റെ തോളിലേക്ക് ചാരിയിരുന്ന പാർവണ പതുക്കെ ഒന്ന് മാറി കുറച് അകലം പാലിച്ച് ഇരുന്നു.

മുഖത്തെ ആ കുസൃതിച്ചിരിയൊക്കെ മാറ്റി അവൾ പെട്ടെന്ന് വളരെ ഗൗരവത്തിൽ ഇരിക്കുന്നത് കണ്ട് എനിക്ക് ഉള്ളിൽ ചിരിവന്നു.

അമ്മ നേരെ ഹാളിലേക്ക് വന്ന് ഞങ്ങൾക്ക് എതിർവശത്തുള്ള സോഫയിലേക്ക് ഒരു നെടുവീർപ്പോടെ ഇരുന്നു.

"അമ്മ ഇതെവിടെ പോയതാ?"

ഞാൻ ചോദിച്ചു.

"ഞാൻ ദേ ആ രമ്യയുടെ വീടുവരെ ഒന്ന് പോയതാടാ... അവൾ ഇന്നലെ വണ്ടിയിൽ നിന്നൊന്ന് വീണു. അപ്പൊ പോയി ഒന്ന് കണ്ടിട്ട് വരാമെന്ന് കരുതി,"

സാരിയുടെ തുമ്പുകൊണ്ട് മുഖത്തെ വിയർപ്പ് തുടക്കുന്നതിനിടയിൽ അമ്മ എന്നെ നോക്കി ചോദിച്ചു.

"നീ എപ്പൊ എത്തി?"

"ഞാൻ വന്നിട്ട് കുറച്ചുനേരമായി അമ്മേ..."

ഞാൻ പറഞ്ഞു.

അപ്പോഴേക്കും പാർവണ അമ്മയോടായി ചോദിച്ചു.

"അവർക്കിപ്പോ എങ്ങനെയുണ്ട് അമ്മേ? വല്ല്യ കുഴപ്പമൊന്നും ഇല്ല്യാലോ?"

"വലിയ കുഴപ്പമൊന്നുമില്ല മോളെ... കയ്യിന് ചെറിയൊരു പൊട്ടലുണ്ട്, പ്ലാസ്റ്റർ ഇട്ടിരിക്കുവാ. കുറച്ചു ദിവസം റെസ്റ്റ് വേണ്ടിവരും,"

അമ്മ പറഞ്ഞു. എന്നിട്ട് അമ്മ എന്നെയൊന്ന് സൂക്ഷിച്ചു നോക്കി. എന്റെ മുഖത്തെ ആ ചെറിയൊരു ഗൗരവവും ടെൻഷനും അമ്മ ശ്രദ്ധിച്ചിട്ടുണ്ടാവണം.

"നിനക്കെന്താടാ ഒരു ക്ഷീണം? ഓഫീസിലെ പണിത്തിരക്കിന്റെ ക്ഷീണമാണോ അതോ വല്ല പ്രശ്നവുമുണ്ടോ?"

അമ്മയുടെ സ്വരത്തിൽ പതിവില്ലാത്തൊരു വേവലാതിയുണ്ടായിരുന്നു.

ഞാൻ എന്ത് പറയണമെന്നറിയാതെ പാർവണയെ ഒന്ന് പാളിനോക്കി. എന്റെ സകല ടെൻഷനുകളും മാറ്റാൻ പാകത്തിൽ അവൾ കണ്ണുകൾ കൊണ്ട് എനിക്ക് വലിയൊരു ധൈര്യം തന്നു.

തുടങ്ങിക്കോള്ളു എന്നർത്ഥത്തിൽ അവൾ എന്നെ നോക്കി പതുക്കെ തലയാട്ടി.

ഞാൻ അല്പം മുന്നോട്ടാഞ്ഞിരുന്ന് വളരെ ശാന്തമായി പറഞ്ഞു തുടങ്ങി.

"എനിക്ക് ക്ഷീണമൊന്നുമില്ല അമ്മേ... പക്ഷെ എനിക്ക് അമ്മയോട് ഒരു കാര്യം സംസാരിക്കാനുണ്ട്. ഞാൻ പറയാൻ ഇരിക്കുകയായിരുന്നു."

അമ്മയുടെ മുഖത്തെ വേവലാതി ഒന്നുകൂടി കൂടി.

"എന്താടാ കാര്യം? നീ ഇങ്ങനെ മുഖവുര ഇടാതെ എന്താന്ന് വെച്ചാൽ തെളിച്ചു പറ ആദീ."

"അത്... ചേച്ചിയുടെ കാര്യമാ അമ്മേ..."

ഞാൻ ഒന്നു നിർത്തി, അമ്മയുടെ മുഖത്തേക്ക് തന്നെ നോക്കി.

"ചേച്ചിയുടെ കല്യാണക്കാര്യം അമ്മ പറഞ്ഞില്ലേ... അപ്പൊ എനിക്ക് പറയാൻ പറ്റിയില്ല. അമ്മ കേൾക്കുമ്പോ എന്ത് വിചാരിക്കും എന്നോർത്തിട്ടാ ഞാൻ മിണ്ടാതിരുന്നത്. ചേച്ചിക്ക് ഒരാളെ ഇഷ്ടമാ അമ്മേ...

ബാംഗ്ലൂരിൽ കൂടെ വർക്ക് ചെയ്യുന്ന ആളാ പേര് അരവിന്ദ്."

ഇത്രയും പറഞ്ഞപ്പോൾ അമ്മയുടെ മുഖത്തെ ഭാവം പെട്ടെന്നൊന്ന് മാറി. അവിടെ അത്ഭുതമാണോ അതോ ദേഷ്യമാണോ എന്ന് തിരിച്ചറിയാൻ കഴിയാത്തൊരു മരവിപ്പായിരുന്നു. ആ വലിയ ഹാളിൽ നിശബ്ദത പടർന്നു.

എന്തും നേരിടാൻ തയ്യാറായി, എനിക്ക് പൂർണ്ണ പിന്തുണയുമായി എന്റെ തൊട്ടരികിൽ പാർവണയും ശ്വാസമടക്കിപ്പിടിച്ച് ഇരിപ്പുണ്ടായിരുന്നു.

ഹാളിലെ ആ വലിയ നിശബ്ദതയെ കീറിമുറിച്ചുകൊണ്ട് അമ്മ പെട്ടെന്ന് സോഫയിൽ നിന്നും എഴുന്നേറ്റു. ആ മുഖത്ത് ഒരു നിമിഷം കൊണ്ട് ഒരുപാട് ഭാവങ്ങൾ മിന്നിമറയുന്നത് ഞാൻ കണ്ടു.

ദേഷ്യത്തേക്കാൾ ഉപരി, സ്വന്തം മകളെക്കുറിച്ചുള്ള ആധിയായിരുന്നു ആ കണ്ണുകളിൽ.

"എന്താടാ ആദീ നീ ഈ പറയുന്നേ?"

അമ്മയുടെ ശബ്ദം നേരിയ തോതിൽ വിറയ്ക്കുന്നുണ്ടായിരുന്നു.

"ആരാ എന്താ എന്ന് പോലും അറിയാത്ത ഒരാളെക്കൊണ്ട് അവളെ ഞാൻ എങ്ങനെയാ... നാളെയെന്തെങ്കിലും ഒരു പ്രശ്നം വന്നാൽ അവൾക്ക് നമ്മളല്ലേ ഉള്ളൂ.

അവരുടെ കുടുംബം, സ്വഭാവം ഇതൊന്നും അറിയാതെ എന്റെ കുട്ടിയെ ഞാൻ എങ്ങനെയാടാ ഒരു പരിചയവുമില്ലാത്ത ഒരാളുടെ കയ്യിൽ ഏൽപ്പിക്കുക?"

ആ ചോദ്യത്തിൽ ഒരു അമ്മയുടെ സകല പേടിയും സങ്കടവും അടങ്ങിയിട്ടുണ്ടായിരുന്നു. ഞാൻ പതുക്കെ എഴുന്നേറ്റ് അമ്മയുടെ അടുത്തേക്ക് ചെന്നു.

"അമ്മ എന്തിനാ ഇപ്പൊ ഇങ്ങനെ പേടിക്കുന്നത്?"

ഞാൻ അമ്മയുടെ തോളിൽ പിടിച്ചു സമാധാനിപ്പിക്കാൻ ശ്രമിച്ചു.

"വഴിയിൽ കിടക്കുന്ന ആർക്കുമല്ല അമ്മേ... അവൾക്ക് അവനെ നന്നായിട്ട് അറിയാം. ഒരേ കമ്പനിയിലാ വർക്ക് ചെയ്യുന്നത്. അത്രയ്ക്കും ഉറപ്പുള്ളതുകൊണ്ടല്ലേ അവൾ ഈ തീരുമാനം എടുത്തത്.

മാത്രമല്ല, അവൻ അടുത്ത ആഴ്ച നാട്ടിലേക്ക് വരുന്നുണ്ട്. നമുക്ക് അവനോട് നേരിട്ട് സംസാരിക്കാം. സംസാരിച്ചു കഴിയുമ്പോ അവനെക്കുറിച്ച് അമ്മയ്ക്കൊരു ധാരണ കിട്ടുമല്ലോ.

അമ്മയ്ക്ക് അവനെ കണ്ടിട്ട് ഇഷ്ടമായാൽ മാത്രം നമുക്ക് അവരുടെ വീട്ടിൽ പോയി അവന്റെ അച്ഛനോടും അമ്മയോടും കാര്യങ്ങൾ അന്വേഷിക്കാം. അല്ലാതെ ഒറ്റയടിക്ക് അവനു കൊടുക്കാം എന്ന് ഞാൻ പറഞ്ഞില്ലല്ലോ അമ്മേ..."

എന്റെ വാക്കുകൾ കേട്ട് അമ്മ എന്തോ പറയാൻ തുടങ്ങിയെങ്കിലും, ആ ധർമ്മസങ്കടം കണ്ട് അതുവരെ മിണ്ടാതിരുന്ന പാർവണ എന്റെ അടുത്തേക്ക് വന്നു.

അവൾ വളരെ വാത്സല്യത്തോടെ അമ്മയുടെ കൈകളിൽ പിടിച്ചു.

"അമ്മേ..."

വളരെ ശാന്തമായി, എന്നാൽ എല്ലാവർക്കും മനസ്സിലാകുന്ന പക്വതയോടെ അവൾ പറഞ്ഞു തുടങ്ങി.

"ചേച്ചിക്ക് ഒരാളെ ഇഷ്ടാണെന്നുള്ള കാര്യം ഇത്രയും നാളായിട്ടും ചേച്ചി അമ്മയോട് പറയാതിരുന്നത് എന്തുകൊണ്ടാന്ന് അറിയോ? അമ്മയുടെ വാക്കിനെ മറികടന്ന് സ്വന്തമായിട്ടൊരു തീരുമാനം എടുക്കാൻ പേടിച്ചിട്ടാ.

താൻ കാരണം അമ്മയ്ക്ക് വല്ല സങ്കടോം ആവുമോന്ന് വിചാരിച്ചിട്ടാ ചേച്ചി ഇത്രയും നാൾ ഇത് മനസ്സിലിട്ട് കൊണ്ടുനടന്നത്."

അവളുടെ ആ വാക്കുകൾ അമ്മയുടെ ഹൃദയത്തിലേക്കാണ് ചെന്നുകൊണ്ടത്. അമ്മയുടെ കണ്ണുകൾ പതുക്കെ നിറഞ്ഞു.

"അമ്മയ്ക്ക് ഒരു പേടിയും വേണ്ട. ആദി പറഞ്ഞതുപോലെ അവരൊന്ന് ഇങ്ങോട്ട് വരട്ടെ,"

പാർവണ അമ്മയുടെ കയ്യിൽ ഒന്നുകൂടി മുറുകെ പിടിച്ചുകൊണ്ട് തുടർന്നു.

"നമുക്ക് എല്ലാവർക്കും കൂടി ഇരുന്ന് സംസാരിക്കാലോ. അമ്മയ്ക്ക് അവനെ കണ്ടിട്ട് ഇഷ്ടായില്ലെങ്കിൽ നമ്മൾക്ക് ഈ ആലോചന അപ്പൊത്തന്നെ വേണ്ടെന്ന് വെക്കാം. പക്ഷെ നമ്മളായിട്ട് ചേച്ചീടെ ഈ ആഗ്രഹം ആദ്യമേ വേണ്ടെന്ന് വെച്ചാൽ...

അത് ചേച്ചിക്ക് വല്ല്യ സങ്കടാവില്ലേ അമ്മേ? ഒരു പരിചയവുമില്ലാത്ത എന്നെ അമ്മ സ്വന്തം മോളെപ്പോലെ നെഞ്ചോട് ചേർത്തില്ലേ, അതുപോലെ അമ്മയ്ക്കൊരു മരുമകനെ അല്ല, എന്റെ ആദിയെപ്പോലെ വേറൊരു മോനെക്കൂടി കിട്ടുകയല്ലേ..."

വളരെ ലോജിക്കലായി, എന്നാൽ ഒരുപാട് സ്നേഹം നിറച്ച് അവളത് പറഞ്ഞപ്പോൾ അമ്മയ്ക്ക് പിന്നെ മറുത്തൊന്നും പറയാൻ കഴിഞ്ഞില്ല. അമ്മയുടെ മുഖത്തുണ്ടായിരുന്ന ആ ദേഷ്യവും പേടിയുമൊക്കെ പതുക്കെ ഒരു നെടുവീർപ്പിലേക്ക് വഴിമാറുന്നത് ഞാൻ കണ്ടു. അമ്മ പാർവണയുടെ മുഖത്തേക്ക് നോക്കി.

"എനിക്ക്... എനിക്ക് അവളെക്കുറിച്ചോർക്കുമ്പോ ഉള്ള പേടികൊണ്ടാ മോളെ... അല്ലാതെ സ്വന്തം മോളുടെ സന്തോഷം വേണ്ടാന്ന് വെക്കാൻ ഏത് അമ്മയ്ക്കാ കഴിയുക?"

അമ്മ നിറഞ്ഞ കണ്ണുകൾ സാരിത്തുമ്പുകൊണ്ട് തുടച്ചു.

എന്നിട്ട് അമ്മ എന്നെ നോക്കി.

"ശരി... അവൻ അടുത്ത ആഴ്ച വരട്ടെ. നമുക്ക് സംസാരിക്കാം. നേരിട്ട് കണ്ട് സംസാരിച്ച് എനിക്കവനെ ബോധ്യപ്പെട്ടാൽ, നീ പറഞ്ഞതുപോലെ നമുക്ക് അവരുടെ വീട്ടിൽ പോയി കാര്യങ്ങൾ അന്വേഷിക്കാം. അത് കഴിഞ്ഞിട്ട് മതി ബാക്കി തീരുമാനങ്ങൾ."

"അത് മതി അമ്മേ... ബാക്കിയൊക്കെ അവൻ വരുമ്പോ നമുക്ക് തീരുമാനിക്കാം,"

ഞാൻ ആശ്വാസത്തോടെ പറഞ്ഞു.

അമ്മ ഒരു ചെറിയ പുഞ്ചിരിയോടെ അകത്തേക്ക് നടന്നുപോയപ്പോൾ, എന്റെ നെഞ്ചിൽ നിന്നും വലിയൊരു മല ഇറക്കിവെച്ചതുപോലെ എനിക്ക് തോന്നി. ഞാൻ പാർവണയെ നോക്കി.

എന്റെ വലിയൊരു പ്രശ്നം എത്ര നിസ്സാരമായിട്ടാണ് അവൾ പറഞ്ഞു തീർത്തത്. അവൾ എന്നെ നോക്കി കണ്ണിറുക്കിക്കൊണ്ട് ഒരു കള്ളച്ചിരി ചിരിച്ചു. അവളുടെ ആ ചിരിയിൽ, എന്റെ കുടുംബത്തെ മുഴുവൻ നെഞ്ചോട് ചേർത്ത ഒരു പെണ്ണിന്റെ നിറഞ്ഞ സ്നേഹമുണ്ടായിരുന്നു.

വലിയ കൊടുങ്കാറ്റ് ഒഴിഞ്ഞുപോയതിന്റെ സമാധാനത്തിൽ, അത്താഴവും കഴിഞ്ഞ് അമ്മയോട് കുറച്ചുനേരം സംസാരിച്ചിരുന്ന ശേഷം ഞങ്ങൾ റൂമിലേക്ക് വരുമ്പോൾ സമയം പതിനൊന്നിനോട് അടുത്തിരുന്നു.

റൂമിലെത്തി വാതിലടച്ചതും ഞാൻ നേരെ പോയി കട്ടിലിലേക്ക് വീണു. വാതിൽ കുറ്റിയിട്ട്, എന്റെ അടുത്തേക്ക് വന്ന പാർവണ എന്റെ നെഞ്ചിലേക്ക് തലവെച്ച് പതുക്കെ കിടന്നു.

ഞാൻ എന്റെ വലതുകൈ അവളുടെ തോളിലൂടെ ചുറ്റി അവളെ എന്നിലേക്ക് ഒന്നുകൂടി അടുപ്പിച്ചു.

കുറച്ചുനേരത്തെ മൗനത്തിന് ശേഷം, അവളുടെ മുടിയിഴകളിൽ തലോടിക്കൊണ്ട് ഞാൻ പറഞ്ഞു.

"സത്യം പറയാലോ പാർവണേ... എന്റെ ഉള്ളിൽ നല്ല പേടിയുണ്ടായിരുന്നു. അമ്മ ഇത് കേൾക്കുമ്പോ എങ്ങനെ പ്രതികരിക്കുമെന്നോർത്ത് ഞാൻ ശരിക്കും വിറയ്ക്കുകയായിരുന്നു. ഒരു പൊട്ടിത്തെറി ഞാൻ പ്രതീക്ഷിച്ചിരുന്നു.

ഇത്രയും പെട്ടെന്ന് അമ്മ ഇത് സമ്മതിക്കുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും വിചാരിച്ചില്ല."

എന്റെ നെഞ്ചിൽ നിന്നും തലയുയർത്തി അവൾ എന്റെ കണ്ണുകളിലേക്ക് നോക്കി. ആ മുഖത്ത് ഒരു പേടിയുമില്ലായിരുന്നു, പകരം വലിയൊരു ഉറപ്പും പക്വതയുമായിരുന്നു.

"ഞാൻ ആദിയോട് ഇന്നലെയേ പറഞ്ഞില്ലേ... നമ്മൾ പറഞ്ഞാൽ അമ്മ കേൾക്കാതിരിക്കില്ല എന്ന്."

വളരെ ബോൾഡ് ആയ സ്വരത്തിൽ അവൾ പറഞ്ഞു തുടങ്ങി.

"കാര്യങ്ങൾ എങ്ങനെ അവതരിപ്പിക്കുന്നു എന്നതിലല്ലേ ആദീ എല്ലാം ഇരിക്കുന്നത്. അച്ഛനില്ലാത്ത ഒരു പെൺകുട്ടിയുടെ സങ്കടം, അത് ഏറ്റവും കൂടുതൽ മനസ്സിലാകുക പെറ്റ അമ്മയ്ക്ക് തന്ന്യല്ലേ?

നമ്മൾ അത് അമ്മയ്ക്ക് മനസ്സിലാക്കിക്കൊടുത്തു, അമ്മയത് ഉൾക്കൊണ്ടു. അത്രേ ഉള്ളൂ കാര്യം. ഇതിനാണോ എന്റെ ആദി ഇന്നലെ തൊട്ട് കിടന്ന് ഇങ്ങനെ ടെൻഷൻ അടിച്ചത്?"

അവളുടെ ആ ചോദ്യത്തിന് മുന്നിൽ എനിക്ക് ഉത്തരമുണ്ടായിരുന്നില്ല. ഞാൻ വളരെ അത്ഭുതത്തോടെ അവളെത്തന്നെ നോക്കി കിടന്നു. ഇന്ദ്രനീലത്തിലെ ആ വലിയ തറവാട്ടിൽ ജീവിച്ചിരുന്ന ഒരു കൊച്ചു പെൺകുട്ടിയിൽ നിന്നും, ഇന്ന് എന്റെ കുടുംബത്തിന്റെ സകല പ്രശ്നങ്ങളിലും എനിക്ക് താങ്ങായി നിൽക്കുന്ന ഇത്രയും കരുത്തുള്ള ഒരുവളിലേക്കുള്ള അവളുടെ മാറ്റം എന്നെ ശരിക്കും അതിശയിപ്പിക്കുന്നുണ്ടായിരുന്നു.

"എന്താ ആദീ... എന്താ അങ്ങനെ നോക്കണേ?"

അവൾ എന്റെ നെഞ്ചിൽ പതുക്കെ കുത്തിക്കൊണ്ട് ചോദിച്ചു.

"ഒന്നുമില്ല... നീ ഇത്രത്തോളം ബോൾഡ് ആയിട്ട് കാര്യങ്ങൾ ഹാൻഡിൽ ചെയ്യുമെന്ന് ഞാൻ ഒട്ടും പ്രതീക്ഷിച്ചില്ല. നീ സംസാരിച്ച രീതി കണ്ടപ്പോൾ, എന്റെ പെണ്ണിന് ഇത്രയും പക്വത വന്നല്ലോ എന്നോർത്ത് എനിക്ക് ശരിക്കും അത്ഭുതം തോന്നിപ്പോയി,"

ഞാൻ ചിരിച്ചുകൊണ്ട് അവളുടെ കവിളിൽ പതുക്കെ തലോടി.

അതുകേട്ടതും അവൾ ഒരു കള്ളച്ചിരിയോടെ എന്റെ നെഞ്ചിലേക്ക് ഒന്നുകൂടി അമർന്നു കിടന്നു.

"അപ്പൊ ഇത്രെയും നാളും ഒരു പൊട്ടിയായിട്ടാണോ ആദി എന്നെ കണ്ടത്?"

അവൾ കുസൃതിയോടെ ചോദിച്ചു.

"അങ്ങനെയല്ല... എന്റെ കുടുംബത്തെയും എന്റെ ചേച്ചിയെയും നീ ഇത്രത്തോളം നെഞ്ചോട് ചേർത്തത് കണ്ടപ്പോൾ എനിക്കുണ്ടായൊരു സന്തോഷം... അതെന്നെ വല്ലാതെ അത്ഭുതപ്പെടുത്തിക്കളഞ്ഞു."

"ആദീടെ കുടുംബം എന്റേം കൂടി കുടുംബല്ലേ..."

അവൾ എന്റെ ഷർട്ടിന്റെ ബട്ടൺസിൽ വിരലോടിച്ചുകൊണ്ട് പതുക്കെ മന്ത്രിച്ചു.

"ഇനിയീ വീട്ടിൽ എന്ത് പ്രശ്നം വന്നാലും ആദീടെ കൂടെ ഈ പാർവണ ഉണ്ടാവും... ആദീടെ മാത്രം സ്വന്തമായിട്ട്, ഒരു നിഴലുപോലെ..."

ആ വാക്കുകളിൽ അവളുടെ മുഴുവൻ പ്രണയവും അടങ്ങിയിട്ടുണ്ടായിരുന്നു. ഒരു ഭർത്താവിന് ഭാര്യയോട് തോന്നുന്ന സ്നേഹത്തേക്കാൾ വലിയൊരു ബഹുമാനം എനിക്ക് അവളോട് തോന്നിയ നിമിഷമായിരുന്നു അത്.

ഞാൻ അവളുടെ മുഖം പതുക്കെ ഉയർത്തി ആ നെറ്റിയിൽ വളരെ സ്നേഹത്തോടെ ഒരു ചുംബനം നൽകി. ജനാലയ്ക്കപ്പുറം വീശുന്ന തണുത്ത കാറ്റിന് കാതോർത്ത്, എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമാധാനത്തെ നെഞ്ചോട് ചേർത്തുപിടിച്ച് ഞാനും പതുക്കെ ഉറക്കത്തിലേക്ക് വീണു....

ജനാലയ്ക്കപ്പുറം നേരം വെളുത്തുവരുന്നതേയുണ്ടായിരുന്നുള്ളൂ. തണുത്ത കാറ്റേറ്റ് പാർവണയെയും കെട്ടിപ്പിടിച്ച് നല്ല ഉറക്കത്തിലായിരുന്നു ഞാൻ. അപ്പോഴാണ് തലയിണയ്ക്കടിയിൽ കിടന്നിരുന്ന എന്റെ ഫോൺ നിർത്താതെ റിങ് ചെയ്യാൻ തുടങ്ങിയത്.

ആ ശബ്ദം കേട്ട് ചെറിയൊരു ഞെട്ടലോടെയാണ് ഞാൻ കണ്ണുകൾ തുറന്നത്. എന്റെ നെഞ്ചിൽ കിടന്നിരുന്ന പാർവണയും ആ ശബ്ദം കേട്ട് പതുക്കെ തിരിഞ്ഞുകിടന്നു.

കണ്ണു തിരുമ്മി ഫോൺ എടുത്തു നോക്കിയപ്പോൾ സ്ക്രീനിൽ 'അനഘ ചേച്ചി' എന്ന പേര് തെളിഞ്ഞുകാണാമായിരുന്നു. സമയം നോക്കിയപ്പോൾ രാവിലെ ആറര കഴിഞ്ഞിട്ടേയുള്ളൂ.

ഇന്നലെത്തെ കാര്യങ്ങൾ എന്തായി എന്നറിയാനുള്ള വിളിയായിരിക്കുമെന്ന് എനിക്ക് ഉറപ്പായിരുന്നു. ടെൻഷൻ കാരണം പാവം രാത്രി ഉറങ്ങിയിട്ടുണ്ടാവില്ല.

ഞാൻ പതിയെ കട്ടിലിൽ നിന്നെഴുന്നേറ്റ് ഫോണെടുത്ത് കോൾ അറ്റൻഡ് ചെയ്തു. കോൾ എടുത്തതും മറുതലക്കൽ വെപ്രാളത്തോടെ ചേച്ചിയുടെ ശബ്ദം കേട്ടു.

"എടാ ആദീ... എന്തായി കാര്യങ്ങൾ? നീ അമ്മയോട് സംസാരിച്ചോ? എന്തെങ്കിലും പ്രശ്നമുണ്ടായോടാ അവിടെ?"

ശ്വാസം വിടാതെ ഒറ്റയടിക്കായിരുന്നു ചേച്ചിയുടെ ചോദ്യങ്ങൾ. ആ ശബ്ദത്തിൽ ഒരു രാത്രി മുഴുവൻ അനുഭവിച്ച ആധിയുണ്ടായിരുന്നു.

ഞാൻ ചെറുതായൊന്ന് ചിരിച്ചു. എന്നിട്ട് വളരെ ശാന്തമായി പറഞ്ഞു.

"ഒന്നടങ്ങ് ചേച്ചീ... ഇവിടെ ഒരു പ്രശ്നവും ഉണ്ടായില്ല. എല്ലാം നമ്മൾ വിചാരിച്ചതുപോലെ തന്നെ നടന്നു. നീ പേടിക്കുന്നതുപോലെ അമ്മ ഒന്നും പറഞ്ഞില്ല.

അമ്മയ്ക്ക് അരവിന്ദിനെ ഒന്ന് നേരിട്ട് കാണണം എന്ന് പറഞ്ഞിട്ടുണ്ട്. അവനോട് ഇങ്ങോട്ട് വരാൻ പറ..."

"ഹാവൂ..."

വലിയൊരു ഭാരം ഇറക്കിവെച്ചതുപോലെയുള്ള ചേച്ചിയുടെ ആശ്വാസം ഫോണിലൂടെ എനിക്ക് കേൾക്കാമായിരുന്നു.

"സത്യമായിട്ടും അമ്മ വേറെയൊന്നും പറഞ്ഞില്ലല്ലോടാ?"

ചേച്ചിക്ക് അപ്പോഴും ചെറിയൊരു സംശയമുണ്ടായിരുന്നു.

"ഇല്ലെന്റെ ചേച്ചീ... തുടക്കത്തിൽ അമ്മയ്ക്ക് ചെറിയൊരു പേടിയൊക്കെ ഉണ്ടായിരുന്നു. പക്ഷെ പിന്നെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിയപ്പോ അമ്മ ഓക്കെ ആയി. അവനൊന്ന് വരട്ടെ, നേരിട്ട് കണ്ട് സംസാരിച്ച് ഇഷ്ടപ്പെട്ടാൽ പിന്നെ അവരുടെ വീട്ടിൽ പോയി സംസാരിക്കാമെന്നാ അമ്മ പറഞ്ഞത്."

"എടാ ആദീ..."

ചേച്ചിയുടെ സ്വരം പെട്ടെന്ന് വല്ലാതെ സന്തോഷം നിറഞ്ഞതായി മാറി.

"അവൻ അടുത്ത ആഴ്ച നാട്ടിലേക്ക് വരുമ്പോ എന്തായാലും അങ്ങോട്ട് വരാൻ ഞാൻ പറഞ്ഞിട്ടുണ്ട്. അവൻ വരും. അവൻ വരുന്ന ദിവസം ഞാൻ നിന്നെ വിളിച്ചു പറയാം.

അന്ന് നീ എന്തായാലും ഓഫീസിൽ പോവാതെ വീട്ടിൽ നിൽക്കണം ട്ടോ. നീ ഇല്ലാതെ അമ്മയും അവനും കൂടി എങ്ങനെയാ...."

"അതൊക്കെ ഞാൻ നിന്നോളാം ചേച്ചീ, അതിനല്ലേ ഞാൻ ഇവിടെയുള്ളത്. അവൻ വരുന്ന ദിവസം നീ പറഞ്ഞാൽ മതി, ഞാൻ ലീവ് എടുത്തോളാം.

ഇനിയിപ്പൊ ഇതൊക്കെയോർത്ത് നീ വെറുതെ ടെൻഷനടിക്കാതെ സമാധാനമായിട്ട് പോയി ജോലിക്ക് കയറാൻ നോക്ക്,"

ഞാൻ ചേച്ചിക്ക് ധൈര്യം കൊടുത്തു.

"മ്മ്... ശരിയെടാ... പാർവണയോടും കൂടി ഞാൻ അന്വേഷിച്ചു എന്ന് പറ "

വലിയൊരു സന്തോഷത്തോടെ ഇത്രയും പറഞ്ഞ് ചേച്ചി ഫോൺ വെച്ചു.

ഞാൻ തിരികെ വന്ന് കട്ടിലിലേക്ക് ഇരിക്കുമ്പോൾ പാർവണ പകുതി ഉറക്കത്തിൽ കണ്ണുകൾ തിരുമ്മിക്കൊണ്ട് എഴുന്നേൽക്കുകയായിരുന്നു.

"ആരാ ആദീ രാവിലെത്തന്നെ?"

അവൾ ഉറക്കച്ചടവോടെ ചോദിച്ചു.

"ചേച്ചിയാ... വീട്ടിലെ കാര്യങ്ങൾ എന്തായെന്നറിയാൻ ടെൻഷൻ അടിച്ച് വിളിച്ചതാ,"

ഞാൻ ഫോൺ ടീപ്പോയിയിലേക്ക് വെച്ചുകൊണ്ട് പറഞ്ഞു.

അവൾ ഒരു പുഞ്ചിരിയോടെ എന്റെ അടുത്തേക്ക് നീങ്ങിയിരുന്നു.

"എന്നിട്ട് ചേച്ചിയെന്താ പറഞ്ഞത്?"

"അവൻ അടുത്ത ആഴ്ച ഇങ്ങോട്ട് വരുന്നുണ്ടെന്ന്... എന്നോട് വീട്ടിൽ നിൽക്കാൻ പറഞ്ഞു. എന്റെ പെണ്ണിന് ചേച്ചി സ്പെഷ്യൽ അന്വേഷണം പറഞ്ഞിട്ടുണ്ട്,"

ഞാൻ കുസൃതിയോടെ അവളുടെ മൂക്കിലൊന്ന് പിടിച്ചു വലിച്ചു.

അതുകേട്ടപ്പോൾ അവളുടെ മുഖത്ത് സന്തോഷം വിടർന്നു. പുതിയൊരു ദിവസത്തിന്റെ തുടക്കം ഇതിലും മനോഹരമാകാൻ കഴിയില്ലെന്ന വലിയൊരു സമാധാനത്തോടെ, വരാനിരിക്കുന്ന പുതിയ അതിഥിയെ വരവേൽക്കാനുള്ള തയ്യാറെടുപ്പുകളിലേക്ക് ഞങ്ങളുടെ മനസ്സും പതുക്കെ മാറുകയായിരുന്നു.....

രാവിലെ വന്ന ആ ഫോൺകോൾ കാരണം ഉറക്കം പോയതുകൊണ്ടാകണം അവൾ നേരത്തെ തന്നെ എഴുന്നേറ്റു പോയിരുന്നു. അവളുടെ ആ ചൂടിൽ നിന്നും വിട്ടുമാറാൻ കഴിയാതെ കുറച്ചുനേരം കൂടി ഞാൻ ആ കിടപ്പിൽ തന്നെ മയങ്ങി.

പിന്നെ പതിയെ എഴുന്നേറ്റ് ഓഫീസിലേക്ക് പോകാനുള്ള തയ്യാറെടുപ്പുകളൊക്കെ കഴിഞ്ഞ് താഴേക്ക് ചെന്നപ്പോഴേക്കും എനിക്കുള്ള ഭക്ഷണമെല്ലാം അവൾ മേശപ്പുറത്ത് ഒരുക്കിവെച്ചിട്ടുണ്ടായിരുന്നു.

പ്രഭാതഭകഷണവും കഴിഞ്ഞ് ബുള്ളറ്റിന്റെ താക്കോലുമെടുത്ത് ഇറങ്ങാൻ തുടങ്ങുമ്പോഴാണ് പതിവുപോലെ ഉച്ചയ്ക്കുള്ള ചോറ്റുപാത്രവുമായി അവൾ ഉമ്മറത്തേക്ക്

വന്നത്. ആ കവർ എന്റെ കയ്യിലേക്ക് വെച്ചുതരുമ്പോൾ, ഞാൻ പെട്ടെന്ന് അവളെ എന്റെ അടുത്തേക്ക് വലിപ്പിച്ച് ആ ചെഞ്ചുണ്ടുകളിൽ ചൂടുള്ളൊരു ചുംബനം നൽകി.

ഒട്ടും പ്രതീക്ഷിക്കാത്ത ആ സ്പർശനത്തിൽ അവളുടെ കണ്ണുകൾ വിടർന്നു.

അടുക്കളയിലുള്ള അമ്മ ഇത് കണ്ടുകാണുമോ എന്ന പേടിയോടെ അവൾ പെട്ടെന്നൊന്ന് പാളിനോക്കി. എന്നിട്ട് നാണവും കുസൃതിയും കലർന്നൊരു ചിരിയോടെ എന്റെ നെഞ്ചിൽ പതുക്കെയൊന്ന് ഇടിച്ചു.

വീണ്ടും അവളെ എന്റെ നെഞ്ചിലേക്ക് വലിച്ചടുപ്പിക്കാൻ നോക്കിയെങ്കിലും, എന്റെ പിടിയിൽ നിന്നും കുതറിമാറി അവൾ വേഗം അകത്തേക്ക് ഓടി. അവളുടെ ആ പോക്കും നോക്കി നിൽക്കുമ്പോൾ അറിയാതെ എന്റെ ചുണ്ടിൽ ഒരു ചിരി വിടർന്നിരുന്നു.

സമയം കളയാതെ ഞാൻ വേഗം വണ്ടിയെടുത്ത് ഓഫീസിലേക്ക് തിരിച്ചു. തലേദിവസം ബാക്കിവെച്ച പെൻഡിങ് വർക്കുകളെല്ലാം തീർത്ത് ആ ഫയൽ മാനേജറുടെ കയ്യിൽ ഏൽപ്പിച്ചപ്പോഴാണ് എനിക്ക് ശരിക്കും ഒന്നു ശ്വാസം നേരെ വീണത്.

ഇനി അടുത്ത ദിവസങ്ങളിലൊന്നും പുതിയ വർക്കുകൾ വരാൻ സാധ്യതയില്ലെന്നത് വലിയൊരു ആശ്വാസമായിരുന്നു. അപ്പോഴും എന്റെ മനസ്സ് ആ പഴയ ഉമ്മറപ്പടിയിൽ തന്നെയായിരുന്നു.

അവളിൽ നിന്നും കുറച്ചുനേരം മാറിനിൽക്കുമ്പോൾ തന്നെ വല്ലാത്തൊരു ശ്വാസംമുട്ടലായി എനിക്കത് മാറുകയായിരുന്നു. അവളില്ലാതെ എനിക്കിനി ഒരു നിമിഷം പോലും ജീവിക്കാൻ കഴിയില്ലെന്ന് ആ ചെറിയ അകൽച്ചകളിൽ നിന്നും ഞാൻ പതുക്കെ തിരിച്ചറിയുകയായിരുന്നു.

തിരുച്ചുവരുന്നവഴിക്ക് അവൾ പറഞ്ഞത് പോലെ അവളുടെ ഡിഗ്രി റിസൾട്ട് നോക്കാൻ വേണ്ടി ഒരു കമ്പ്യൂട്ടർ സെന്ററിൽ കയറി അഡ്മിഷൻ നമ്പർ കൊടുത്തു ചെക്ക് ചെയ്തു.

വിചാരിച്ചതു പോലെ തന്നെ ഫുൾ മാർക്ക് ഉണ്ട് അവൾക്ക്. വേഗം വീട്ടിലെത്തി ഈ കാര്യം അവളോട് പറയുമ്പോൾ അറിയാതെ അവളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു.

ഇനി അധികം താമസിക്കാതെ തന്നെ അവൾക് പിജി ക്ക് ചേരാല്ലോ...

ദിവസങ്ങളും ആഴ്ചകളും എത്ര പെട്ടെന്നാണ് കടന്നുപോകുന്നത്. ഒരാഴ്ച പോയത് ഞാൻ അറിഞ്ഞതേയില്ല. ഇന്ന് ഞായറാഴ്ചയാണ്. ഓഫീസില്ലാത്ത അവധിദിവസം. ഇന്ന് മുഴുവൻ എന്റെ പെണ്ണിനൊപ്പം ചിലവഴിക്കണം.

ഒരു സിനിമയ്ക്ക് പോകണം, അന്ന് കടൽ കാണാൻ പോയതുപോലെ എവിടെയെങ്കിലുമൊക്കെ ഒന്ന് കറങ്ങിയിട്ട് വരണം, അതായിരുന്നു ഇന്നത്തെ എന്റെ

പ്ലാൻ. വല്ലാത്തൊരു ഉന്മേഷത്തോടെ കട്ടിലിൽ നിന്നും ചാടിയെഴുന്നേറ്റ്, വേഗം ഫ്രഷ് ആയി ഞാൻ താഴെ ഹാളിലേക്ക് വന്നു.

അടുക്കളയിൽ അമ്മയും അവളും വലിയ പണിത്തിരക്കിലാണ്. സത്യത്തിൽ അവൾ വന്നതിന് ശേഷം അമ്മയ്ക്ക് ഇപ്പോൾ വലിയ പണികളൊന്നും ചെയ്യേണ്ടി വരുന്നില്ല. അമ്മയെ ഒന്നിനും അവൾ സമ്മതിക്കുന്നില്ല എന്ന് പറയുന്നതാകും കൂടുതൽ ശരി.

വീട്ടിലെ കാര്യങ്ങളെല്ലാം ഒരാളുടെയും നിർദ്ദേശങ്ങളില്ലാതെ തന്നെ അവൾ കണ്ടറിഞ്ഞ് ചെയ്യുന്നുണ്ടായിരുന്നു.

അവരെ നോക്കി നിൽക്കുമ്പോഴാണ് അവളുടെ കുടുംബത്തെക്കുറിച്ചുള്ള ചിന്ത എന്റെ മനസ്സിലേക്ക് വന്നത്. കഴിഞ്ഞ ദിവസം പാലക്കാട്ടെ ഇന്ദ്രനീലത്തിൽ നിന്നും ഭദ്രമ്മയും അമ്മായിമാരും അമ്മാവൻമാരും ഒക്കെ വിളിച്ചിരുന്നു.

കല്യാണം കഴിഞ്ഞതിന് ശേഷം ഞങ്ങൾ ഇതുവരെ അങ്ങോട്ട് ചെന്നില്ലല്ലോ എന്നതായിരുന്നു എല്ലാവരുടെയും പരാതി. എന്തായാലും അടുത്ത ആഴ്ച തറവാട്ടിലേക്ക്ഒന്ന് പോകണം. എന്റെയൊപ്പം ഈ വീട്ടിൽ അവൾ ഒരുപാട് സന്തോഷത്തിലാണെങ്കിലും, സ്വന്തം നാടും തറവാടും കാണാൻ അവളുടെ മനസ്സിലും വലിയൊരു ആഗ്രഹമുണ്ടാകും.

ആ ആഗ്രഹം സാധിച്ചുകൊടുക്കേണ്ടത് എന്റെ കൂടി ഉത്തരവാദിത്തമാണല്ലോ....

രാവിലത്തെ ബ്രേക്ക്ഫാസ്റ്റ് കഴിഞ്ഞ് ഞാനും അമ്മയും പാർവണയും ഹാളിലെ സോഫയിലിരുന്ന് വെറുതെ നാട്ടുകാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അവൾ എന്റെ തൊട്ടരികിൽ തന്നെ ചേർന്നിരിപ്പുണ്ട്. പെട്ടെന്നാണ് വീടിന്റെ കോളിംഗ് ബെൽ മുഴങ്ങിയത്.

"ആരാത് ഈ രാവിലെത്തന്നെ..."

എന്ന് ചോദിച്ചുകൊണ്ട് അങ്ങോട്ട് പോകാനായി പാർവണ എഴുന്നേൽക്കാൻ തുടങ്ങിയതും, ഞാൻ അവളുടെ കയ്യിൽ പിടിച്ച് അവിടെ ഇരുത്തി.

"നീ ഇരിക്ക്... ഞാൻ പോയി നോക്കാം,"

എന്ന് പറഞ്ഞ് ഞാൻ വാതിൽക്കലേക്ക് നടന്നു.

മുൻവാതിൽ തുറന്നതും ഉമ്മറത്ത് നിൽക്കുന്ന ആളെകണ്ട് ഞാൻ സംശയത്തോടെ നിന്നുപോയി. ഏകദേശം ഇരുപത്തിനാലോ ഇരുപത്തഞ്ചോ വയസ്സ് പ്രായം തോന്നിപ്പിക്കുന്ന ഒരു ചെറുപ്പക്കാരൻ.

ഇളം നീലനിറത്തിലുള്ള ഫുൾസ്ലീവ് ഷർട്ടും കറുത്ത പാന്റും ഇൻ ചെയ്ത് വളരെ ഡീസന്റ് ആയൊരു വേഷം. നന്നായി ചീകിയൊതുക്കിയ മുടിയും, മുഖത്ത് ചെറിയൊരു ടെൻഷൻ കലർന്നൊരു ചിരിയുമുണ്ട്.

ഒറ്റനോട്ടത്തിൽ തന്നെ ആർക്കും ഇഷ്ടം തോന്നുന്ന, നല്ല ഐശ്വര്യമുള്ള ഒരു പ്രകൃതം.

എന്നെ കണ്ടതും ആ ചിരി ഒന്നുകൂടി വിടർന്നു. എന്നിലെ സംശയം മനസ്സിലാക്കിയിട്ടാകണം അവൻ സ്വയം പരിചയപ്പെടുത്തി.

"ഞാൻ അരവിന്ദ്... അനഘയുടെ കൂടെ ബാംഗ്ലൂരിൽ വർക്ക് ചെയ്യുന്നതാ..."

ആ പേര് കേട്ടതും എന്റെ ഓർമ്മകൾ ഒറ്റയടിക്ക് കഴിഞ്ഞ ആഴ്ചയിലേക്ക് പോയി. അവൻ ഈ ആഴ്ച നാട്ടിലേക്ക് വരുമെന്നും ഇങ്ങോട്ട് വരാൻ പറഞ്ഞിട്ടുണ്ടെന്നും ചേച്ചി ഫോണിൽ വിളിച്ച് പറഞ്ഞത് ഞാൻ പെട്ടെന്ന് ഓർത്തു.

ഞാൻ അവനെ അടിമുടി ഒന്നുകൂടി സൂക്ഷിച്ചു നോക്കി.

എന്റെ പെങ്ങളുടെ ഭർത്താവായി ഈ വീട്ടിലേക്ക് കയറിവരാൻ പോകുന്നവനാണ്. ഒരു ഏട്ടന്റെ സകല അധികാരങ്ങളോടെയുമാണ് ഞാൻ അവനെ നോക്കിയത്. കാഴ്ചയിലോ പെരുമാറ്റത്തിലോ യാതൊരു കുറവുകളും എനിക്ക് തോന്നിയില്ല.

"ആഹ്... മനസ്സിലായി. ചേച്ചി പറഞ്ഞിട്ടുണ്ടായിരുന്നു. അകത്തേക്ക് വാ..."

ഞാൻ ചിരിച്ചുകൊണ്ട് അവനെ അകത്തേക്ക് ക്ഷണിച്ചു. അവനെ ഹാളിലേക്ക് കയറ്റി. അപരിചിതനായ ഒരാളെ കണ്ടതിന്റെ ചെറിയൊരു സംശയത്തിൽ സോഫയിലിരിക്കുകയായിരുന്ന അമ്മയും എഴുന്നേറ്റു നിന്നു.

ഞാൻ പോയി പാർവണയുടെ അടുത്തായി ഇരുന്നുകൊണ്ട്, ഞങ്ങൾക്ക് എതിർവശത്തുള്ള സോഫ ചൂണ്ടിക്കൊണ്ട് അവനോട് പറഞ്ഞു.

"അരവിന്ദ്... ഇരിക്ക്."

അവൻ വല്ലാത്തൊരു ഭയത്തോടെ, വലിയൊരു ബഹുമാനത്തോടെ അമ്മയെ ഒന്ന് നോക്കിയിട്ട് ആ സോഫയുടെ ഒരറ്റത്തായി ഇരുന്നു.

കാമുകിയുടെ വീട്ടിലേക്ക് ആദ്യമായി വരുന്നതിന്റെ സകല വിറയലും ആ ഇരിപ്പിലുണ്ടായിരുന്നു.

"അമ്മേ... ഇത് അരവിന്ദാ. ചേച്ചിയുടെ കൂടെ ബാംഗ്ലൂരിൽ വർക്ക് ചെയ്യുന്ന പയ്യനാ..."

ഞാൻ അമ്മയ്ക്ക് അവനെ പരിചയപ്പെടുത്തിക്കൊടുത്തു.

അതുകേട്ടതും അമ്മയുടെ മുഖത്തെ ഭാവം ഒറ്റയടിക്ക് മാറി. ഇത്രയും നാൾ മനസ്സിൽ പേടിയോടെ കൊണ്ടുനടന്ന ആളെയാണ് നേരിട്ട് കാണുന്നത്. അമ്മ അവനെ വളരെ സൂക്ഷിച്ചൊന്ന് നോക്കി.

ആ നോട്ടത്തിൽ ഒരു അമ്മയുടെ സകല ചോദ്യങ്ങളുമുണ്ടായിരുന്നു.

അമ്മ പതുക്കെ സോഫയിലേക്ക് ഇരുന്നുകൊണ്ട് ഗൗരവത്തിൽ ചോദിച്ചു.

"നാട് എവിടെയാ മോനെ?"

"പത്തനംതിട്ടയിലാ അമ്മേ..."

അവൻ വളരെ വിനയത്തോടെ, തല അല്പം കുനിച്ചുപിടിച്ച് മറുപടി പറഞ്ഞു. ആ വിളി അമ്മയുടെ ഉള്ളിലൊന്ന് തട്ടിയെന്ന് അമ്മയുടെ മുഖത്തെ മാറ്റത്തിൽ നിന്നും എനിക്ക് മനസ്സിലായി.

"വീട്ടിൽ ആരൊക്കെയുണ്ട്? അച്ഛനെന്ത് ചെയ്യുവാ?"

അമ്മയുടെ ചോദ്യങ്ങൾ തുടർന്നു.

"അച്ഛൻ ശേഖരൻ. നാട്ടിൽത്തന്നെ കൃഷിയാ അമ്മേ. പിന്നെ അമ്മയുണ്ട് രേവതി. കൂടെപ്പിറപ്പായിട്ട് എനിക്കൊരു ചേച്ചിയാ ഉള്ളത് ആരതി. ചേച്ചീടെ കല്യാണം കഴിഞ്ഞു, അവരിപ്പൊ ഭർത്താവിന്റെ കൂടെ ദുബായിലാ..."

അവൻ യാതൊരു പതർച്ചയുമില്ലാതെ ഓരോന്നിനും വ്യക്തമായി മറുപടി നൽകി.

അവന്റെ ആ സംസാരവും പെരുമാറ്റവും അമ്മയുടെ മനസ്സിലെ പാതിയോളം ഭാരം കുറച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നി. ആ വലിയ വീർപ്പുമുട്ടൽ മാറ്റാനായി, എന്റെ അരികിലിരുന്ന പാർവണ വളരെ സ്നേഹത്തോടെ അവനോടായി ചോദിച്ചു.

"അരവിന്ദേട്ടൻ രാവിലെ എവിടുന്നാ തിരിച്ചത്? വീട്ടിൽ നിന്നാണോ? ബ്രേക്ക്ഫാസ്റ്റ് വല്ലതും കഴിച്ചായിരുന്നോ? ഞാൻ എടുക്കട്ടെ?"

പാർവണയുടെ ആ ചോദ്യം അവന് വലിയൊരു ആശ്വാസമായി. അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"വേണ്ട സിസ്റ്റർ... ഞാൻ രാവിലെ പത്തനംതിട്ടയിൽ നിന്ന് തിരിച്ചതാ. വഴിയിൽ നിന്നൊക്കെ കഴിച്ചു. ഇനിയിപ്പൊ ഒന്നും വേണ്ട..."

"സിസ്റ്ററോ..."

ഞാൻ ചിരിച്ചുകൊണ്ട് ഇടപെട്ടു.

"ചേച്ചി പറഞ്ഞിട്ടുണ്ടാവും അല്ലോ ഇവൾ എന്റെ ഭാര്യ പാർവണ അതുകൊണ്ട് സിസ്റ്റർ ഒന്നും വേണ്ട അനിയത്തി കുട്ടി അങ്ങനെ വിളിച്ചാൽ മതി ..."

എന്റെ ആ ഡയലോഗ് കേട്ടതും അവൻ ചെറിയൊരു ചമ്മലോടെ ചിരിച്ചു. പാർവണ എന്റെ കാലിൽ പതുക്കെയൊന്ന് നുള്ളിയിട്ട് അവന് കുടിക്കാൻ എന്തെങ്കിലും എടുക്കാനായി അടുക്കളയിലേക്ക് പോയി.

അമ്മയുടെ മുഖത്തും അപ്പോഴേക്കും വലിയൊരു സമാധാനം വന്ന് നിറഞ്ഞിരുന്നു. സ്വന്തം മകളുടെ തിരഞ്ഞെടുപ്പ് ഒരിക്കലും തെറ്റിയിട്ടില്ലെന്ന് ആ അമ്മമനസ്സ് പതുക്കെ തിരിച്ചറിയുകയായിരുന്നു.

അവരുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങളെക്കുറിച്ച് ചോദിക്കാൻ അമ്മ കുറച്ചുകൂടി മുന്നോട്ടാഞ്ഞിരുന്നു.

"രണ്ടുപേരും ഒരേ കമ്പനിയിലാണോ മോനെ വർക്ക് ചെയ്യുന്നത്? എത്ര നാളായി പരിചയം?"

അമ്മയുടെ ആ ചോദ്യത്തിൽ പതുക്കെ കാര്യങ്ങൾ ചോദിച്ചറിയാനുള്ള ഒരു താല്പര്യമുണ്ടായിരുന്നു.

"അതെ അമ്മേ, ഞങ്ങൾ ഒരേ ഫീൽഡിൽ കഴിഞ്ഞ മൂന്നു വർഷമായിട്ട് ഒരുമിച്ചാ വർക്ക് ചെയ്യുന്നത് ”

അവൻ വളരെ ശാന്തനായി മറുപടി നൽകി.

അമ്മ ഒന്നു മൂളി. എന്നിട്ട് അല്പം ഗൗരവത്തിൽ, എന്നാൽ ഒരുപാട് വാത്സല്യത്തോടെ പറഞ്ഞു.

"പെട്ടെന്ന് അവൾ ഇങ്ങനെയൊരു കാര്യം പറഞ്ഞപ്പോ എനിക്ക് ആദ്യം വലിയ ടെൻഷനായിരുന്നു. പെൺകുട്ടികളല്ലേ... വല്ല കുരുക്കിലും പോയി ചാടുമോ എന്നൊരു പേടിയുണ്ടായിരുന്നു.

എന്തായാലും അത് മാറിക്കിട്ടി. പിന്നെ, ഈ കാര്യം മോന്റെ വീട്ടിൽ അവതരിപ്പിച്ചിട്ടുണ്ടോ? അവർക്ക് എന്തെങ്കിലും എതിർപ്പുണ്ടോ?"

ഒരു സാധാരണ അമ്മയുടെ ഏറ്റവും വലിയ ചോദ്യമായിരുന്നു അത്. ആ ചോദ്യത്തിന് അവൻ നൽകുന്ന മറുപടിയിലായിരുന്നു ആ കൂടിക്കാഴ്ചയുടെ ബാക്കി ഭാവി ഇരിക്കുന്നത്.

"ഞാൻ വീട്ടിൽ സംസാരിച്ചിട്ടുണ്ട്,"

അവൻ ഒട്ടും പതറാതെ വളരെ കൃത്യമായി പറഞ്ഞു.

"അച്ഛനും അമ്മയ്ക്കും സന്തോഷമേയുള്ളൂ. അമ്മയോട് ഈ കാര്യം പറയാൻ അനഘയ്ക്ക് ചെറിയൊരു പേടിയുണ്ടായിരുന്നു, അതാ ഇത്രയും വൈകിയത്. അമ്മയ്ക്ക് എപ്പോ വേണമെങ്കിലും ഞങ്ങളുടെ വീട്ടിലേക്ക് വരാം.

അച്ഛനോടും അമ്മയോടും സംസാരിച്ച്, കാര്യങ്ങളൊക്കെ അന്വേഷിച്ച് ബോധ്യപ്പെട്ടതിന് ശേഷം മാത്രം മതി ബാക്കി തീരുമാനങ്ങൾ."

വളരെ പക്വതയുള്ള അവന്റെ ആ സംസാരം കേട്ടപ്പോൾ അമ്മയുടെ മുഖത്ത് അതുവരെയുണ്ടായിരുന്ന അവസാനത്തെ സംശയവും മാഞ്ഞുപോയിരുന്നു. സ്വന്തം വീട്ടിലേക്ക് മരുമകനായി കയറിവരാൻ പോകുന്നവന്റെ ആ ഉറപ്പ് അമ്മയുടെ ഹൃദയത്തെ ശരിക്കും സ്പർശിച്ചു.

"എനിക്കിപ്പൊ സമാധാനമായി മോനെ,"

അമ്മയുടെ മുഖത്ത് നല്ലൊരു ചിരി വിടർന്നു.

"നേരിട്ട് കണ്ട് സംസാരിച്ചാലല്ലേ നമുക്കും ഒരാശ്വാസം കിട്ടൂ. എന്തായാലും ഞങ്ങളൊന്ന് അങ്ങോട്ട് വരുന്നുണ്ട്. നിന്റെ അച്ഛനെയും അമ്മയെയും ഒക്കെ ഒന്ന് കണ്ട് സംസാരിക്കണമല്ലോ."

അപ്പോഴേക്കും മൂന്ന്ഗ്ലാസ്സുകളിൽ നല്ല തണുത്ത ജ്യൂസുമായി പാർവണ ഹാളിലേക്ക് വന്നു. ഒരു ഗ്ലാസ്സ് അവന് നേരെ നീട്ടിയിട്ട്, മറ്റേത് എനിക്കും അമ്മയ്ക്കും നേരെ വെച്ചു.

അവൻ ചെറിയൊരു ചിരിയോടെ ആ ഗ്ലാസ്സ് വാങ്ങി.

"എന്തായാലും ഉച്ചയ്ക്ക് ഇവിടെനിന്ന് ഊണ് കഴിച്ചിട്ടേ പോകാൻ പാടുള്ളൂ,"

പാർവണ അവനോട് പറഞ്ഞു.

"അരവിന്ദേട്ടൻ വരുമ്പോ സ്പെഷ്യൽ ആയിട്ട് എന്തെങ്കിലും ഉണ്ടാക്കി കൊടുക്കണം എന്ന് ചേച്ചി പ്രത്യേകം പറഞ്ഞിരുന്നു."

അതുകേട്ടതും അവൻ പെട്ടെന്ന് തലകുനിച്ചു. ആ മുഖത്ത് ഒരു കാമുകന്റെ നാണമുണ്ടായിരുന്നു.

"അതെയതെ... ഉച്ചയ്ക്ക് ഊണ് കഴിച്ചിട്ട് പോയാൽ മതി.?"

അമ്മ പറഞ്ഞു.

"ഞാൻ കുറച്ചു കഴിഞ്ഞ് ഇറങ്ങും. ഉച്ചയ്ക്ക് കഴിക്കാൻ നിൽക്കുന്നില്ല. അടുത്ത തവണ വരുമ്പോൾ എന്തായാലും ഞാൻ ഇവിടെ നിന്നേ കഴിക്കൂ,"

അവൻ വളരെ സ്നേഹത്തോടെ തന്നെ അത് നിരസിച്ചു. ആദ്യമായി വരുന്ന വീട്ടിൽ നിന്ന് കൂടുതൽ സ്വാതന്ത്ര്യമെടുക്കാൻ അവന് ചെറിയൊരു മടിയുള്ളത് എനിക്ക് മനസ്സിലായി.

"അതൊന്നും പറഞ്ഞാൽ പറ്റില്ല. ഊണ് കൊടുക്കാതെ പറഞ്ഞയച്ചതിന് ഞങ്ങൾക്കാവും അവൾടെ വഴക്ക് മുഴുവൻ കിട്ടുക,"

ഞാൻ ചിരിച്ചുകൊണ്ട് ഇടപെട്ടു.

"ഉച്ചയ്ക്ക് നമുക്ക് ഒരുമിച്ച് കഴിക്കാം."

അവൻ ചെറിയൊരു ചിരിയോടെ സമ്മതിച്ചു.

പിന്നീട് ഞങ്ങൾക്കിടയിലുള്ള സംസാരം കുറച്ചുകൂടി സ്വാതന്ത്ര്യമുള്ളതായി മാറി. ബാംഗ്ലൂരിലെ ജോലിയെക്കുറിച്ചും, അവന്റെ കുടുംബത്തെക്കുറിച്ചും ഒക്കെ ഞാൻ ഓരോന്ന് ചോദിച്ചുകൊണ്ടിരുന്നു. എല്ലാം കേട്ട്, പൂർണ്ണമായ തൃപ്തിയോടെ അമ്മയും ഞങ്ങളോടൊപ്പം ഇരുന്നു.

അവളുടെ തിരഞ്ഞെടുപ്പിൽ യാതൊരു തെറ്റുമില്ലെന്ന് എനിക്കും ബോധ്യപ്പെടുന്ന നിമിഷങ്ങളായിരുന്നു അത്. അരവിന്ദിനെപ്പോലൊരു പയ്യന്റെ കയ്യിൽ അവൾ പൂർണ്ണ സുരക്ഷിതയായിരിക്കുമെന്ന് എനിക്ക് ഉറപ്പായി.

ഈ കുടുംബത്തിലേക്ക് പുതിയൊരു അംഗം കൂടി കടന്നുവരുന്നതിന്റെ ആഹ്ലാദം ആ വീടിന്റെ അന്തരീക്ഷത്തിൽ തന്നെ നിറഞ്ഞുനിൽപ്പുണ്ടായിരുന്നു.

ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് വളരെ സന്തോഷത്തോടെയാണ് അരവിന്ദ് മടങ്ങിയത്. വൈകുന്നേരത്തെ ചായയും കുടിച്ച് ഞാനും അമ്മയും പാർവണയും ഹാളിലെ സോഫയിൽ വെറുതെ സംസാരിച്ചിരിക്കുമ്പോഴാണ് എന്റെ ഫോൺ റിങ് ചെയ്തത്.

സ്ക്രീനിൽ 'അനഘ ചേച്ചി' എന്ന പേര് കണ്ടതും എന്റെ ചുണ്ടിലൊരു ചിരി വിടർന്നു. ഞാൻ പ്രതീക്ഷിച്ചതുപോലെ തന്നെ അവളുടെ വിളിയെത്തിയിരിക്കുന്നു.

ഞാൻ ഫോൺ എടുത്തപാടെ, ശ്വാസം വിടാൻ പോലും സമയം കളയാതെ അവൾ വെപ്രാളത്തോടെ സംസാരങ്ങൾ എറിഞ്ഞു തുടങ്ങി.

"എടാ ആദീ... അരവിന്ദ് എന്നെ വിളിച്ചിരുന്നു. അമ്മയോട് സംസാരിച്ചെന്നും അമ്മയ്ക്ക് പൂർണ്ണമായിട്ടും ഓക്കെ ആണെന്നും അവൻ പറഞ്ഞു. എടാ... എനിക്ക് ഒത്തിരി സന്തോഷമായെടാ..."

അവളുടെ ആ വാക്കുകളിൽ, ഒരുപാട് നാളായി മനസ്സിലടക്കിവെച്ച വലിയൊരു ആഗ്രഹത്തിന്റെ സാഫല്യമുണ്ടായിരുന്നു. ആശ്വാസം കൊണ്ടുള്ള ചെറിയൊരു തേങ്ങൽ ആ ശബ്ദത്തിൽ എനിക്ക് കേൾക്കാമായിരുന്നു.

"ഞാൻ നിന്നോട് പറഞ്ഞില്ലേ എന്റെ പൊന്നുചേച്ചീ... അമ്മയെക്കൊണ്ട് ഞാൻ സമ്മതിപ്പിക്കുമെന്ന്. നീ വെറുതെ ഓരോന്നോർത്ത് ടെൻഷനടിച്ചതല്ലേ..."

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

എന്റെ സംസാരം കേട്ട് അരികിലിരുന്ന പാർവണയുടെയും അമ്മയുടെയും മുഖത്ത് സന്തോഷം വിടർന്നിരുന്നു. അമ്മ പെട്ടെന്ന് എന്റെ കയ്യിൽ നിന്നും ഫോൺ വാങ്ങി കാതിലേക്ക് വെച്ചു.

"അനഘേ..."

അമ്മയുടെ സ്വരത്തിൽ വലിയൊരു വാത്സല്യമുണ്ടായിരുന്നു.

"എനിക്ക് ആ കുട്ടിയെ ഒരുപാട് ഇഷ്ടായി. നല്ല അടക്കവും ഒതുക്കവുമുള്ള പയ്യൻ. സംസാരമൊക്കെ കേട്ടപ്പോ എനിക്ക് നല്ല ബോധ്യം വന്നു. ഇനിയിപ്പൊ നമ്മൾക്ക് കാര്യങ്ങൾ നീട്ടിക്കൊണ്ടുപോവണ്ട.

എത്രയും പെട്ടെന്ന് അവരുടെ വീട്ടിൽ പോയി അവന്റെ അച്ഛനെയും അമ്മയെയും കണ്ട് കാര്യങ്ങൾ സംസാരിച്ച് ഉറപ്പിക്കാം. ഞങ്ങൾ പോകുമ്പോ നീയും വരുന്നോ?"

"ഇല്ലമ്മേ..."

ചേച്ചിയുടെ സ്വരം വല്ലാതെ ശാന്തമായിരുന്നു അപ്പോൾ.

"എനിക്കിനി ഈ അടുത്തെങ്ങും ലീവ് കിട്ടില്ല. കഴിഞ്ഞ ആഴ്ചയല്ലേ ഞാൻ ഇങ്ങോട്ട് വന്നത്. അമ്മയും ആദിയും പാർവണയും കൂടി പോയി സംസാരിച്ചാൽ മതി."

അമ്മ ചിരിച്ചുകൊണ്ട് ഫോൺ പാർവണയ്ക്ക് നേരെ നീട്ടി. അവൾ വലിയൊരു ആവേശത്തോടെ ഫോൺ ചെവിയിലേക്ക് ചേർത്തു.

"ഹലോ നാത്തൂനേ..."

അവൾ ആ പഴയ കുസൃതിയോടെ വിളിച്ചു.

"ചേച്ചിയിപ്പൊ അവിടെ ഒറ്റയ്ക്കിരുന്ന് സന്തോഷിച്ച് തുള്ളിച്ചാടുവാണെന്ന് എനിക്കറിയാം. എന്തായാലും ചേച്ചീടെ സെലക്ഷൻ സൂപ്പർ ആട്ടോ... അമ്മയ്ക്കും ആദിക്കും മാത്രമല്ല, എനിക്കും പുതിയ ആളെ നന്നായിട്ട് ബോധിച്ചു."

മറുതലക്കൽ നിന്നും ചേച്ചിയുടെ പൊട്ടിച്ചിരി കേൾക്കാമായിരുന്നു.

"നിനക്കും ബോധിച്ചെങ്കിൽ പിന്നെ എനിക്കൊന്നും നോക്കാനില്ല മോളെ,"

ചേച്ചി സ്നേഹത്തോടെ പറഞ്ഞു.

"ആദിയോട് കാര്യങ്ങളൊക്കെ പറഞ്ഞതിന് ശേഷം വീട്ടിൽ എന്തുനടക്കുമെന്നോർത്ത് എനിക്ക് നല്ല പേടിയുണ്ടായിരുന്നു. അവിടെ അമ്മയെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ നീയും കൂട്ട് നിന്നതുകൊണ്ട് എന്റെ ഈ അനിയത്തിക്കുട്ടിക്ക് സ്പെഷ്യൽ ആയിട്ട് ഞാൻ ഒരു ഉമ്മ തരാം."

"ഉമ്മയൊന്നും പോരാ..."

പാർവണ എന്റെ മുഖത്തേക്ക് നോക്കി കണ്ണിറുക്കിക്കൊണ്ട് പറഞ്ഞു.

"ചേച്ചീടെ കല്യാണത്തിന് എനിക്ക് നല്ല ഒന്നാന്തരം ഒരു പട്ടുസാരി എടുത്തു തരണം."

"അതിനെന്താ... നിനക്ക് ഏറ്റവും നല്ല സാരി തന്നെ ഞാൻ എടുത്തു തരാം."

ചേച്ചി നിറഞ്ഞ മനസ്സോടെ പറഞ്ഞു.

" ശരി എന്നാ വയ്ക്കുവട്ടോ "

പാർവണ ഫോൺ കട്ട് ചെയ്ത് എന്റെ കയ്യിലേക്ക് തിരികെ തന്നു.

ആ വീടിന്റെ ഉമ്മറത്ത് വലിയൊരു സമാധാനം വന്ന് നിറയുന്നതുപോലെ എനിക്ക് തോന്നി. ഒരു വലിയ കടമ്പ കടന്നതിന്റെ ആശ്വാസത്തിൽ കണ്ണുകൾ നിറഞ്ഞ അമ്മയെയും, കൊഞ്ചലോടെ എന്റെ തോളിലേക്ക് ചാരിയിരിക്കുന്ന എന്റെ പെണ്ണിനെയും നോക്കി ഇരിക്കുമ്പോൾ, ജീവിതം അതിന്റെ ഏറ്റവും മനോഹരമായ നിമിഷങ്ങളിലൂടെ കടന്നുപോകുകയാണെന്ന് ഞാൻ തിരിച്ചറിയുകയായിരുന്നു.

പുതിയൊരു കല്യാണത്തിന്റെ ഒരുക്കങ്ങളിലേക്ക് ആ വീട് പതുക്കെ ഉണരുകയായിരുന്നു.

അരവിന്ദ് വന്ന് പോയതുകൊണ്ട് അന്ന് ഞാൻ പ്ലാൻ ചെയ്ത കാര്യങ്ങളൊന്നും നടന്നില്ല. അവളെയും കൊണ്ട് ഒരു സിനിമയ്ക്ക് പോകാനോ, അന്ന് പോയതുപോലെ കടൽ കാണാൻ പോകാനോ കഴിഞ്ഞില്ല.

അതൊക്കെ പിന്നെ മറ്റൊരു ദിവസത്തേക്ക് മാറ്റിവെക്കാമെന്ന് കരുതി അന്ന് വീട്ടിൽ തന്നെ നിന്നു.

പിന്നെ കുറച്ചു ദിവസങ്ങൾ പതിവുപോലെ തന്നെ കടന്നുപോയി. രാവിലെ എഴുന്നേൽക്കുക, ഓഫീസിൽ പോകുക, തിരിച്ചു വീട്ടിൽ വരിക, അമ്മയോടും അവളോടും ഒപ്പം സമയം ചിലവഴിക്കുക...

അങ്ങനെ ദിവസങ്ങളും മാസങ്ങളും കടന്നുപോയത് അറിഞ്ഞതേയില്ല. കല്യാണം കഴിഞ്ഞിട്ട് ഇപ്പോൾ രണ്ടു മാസം കഴിഞ്ഞിരിക്കുന്നു.

ഇതിനിടയ്ക്ക് അവളുടെ തറവാട്ടിൽ നിന്നും ഭദ്രമ്മയും അമ്മായിമാരും ഒക്കെ അങ്ങോട്ട് വിരുന്നിന് വരാൻ പറഞ്ഞ് വിളിക്കുന്നുണ്ടായിരുന്നു. കല്യാണം കഴിഞ്ഞിട്ട് രണ്ടു മാസമായിട്ടും ഇതുവരെ ഞങ്ങൾക്ക് അങ്ങോട്ട് പോകാൻ സാധിച്ചില്ല.

തിരക്കുകൾ കാരണം സമയം കിട്ടിയില്ല എന്ന് വേണം പറയാൻ. അങ്ങനെയിരിക്കെയാണ് കഴിഞ്ഞ ദിവസം ഭദ്രമ്മ വീണ്ടും വിളിച്ചപ്പോൾ, അടുത്ത ദിവസം പുലരുമ്പോൾ ഞാനും അവളും തറവാട്ടിൽ എത്തും എന്ന് ഞാൻ വാക്ക് കൊടുത്തത്.

പിറ്റേന്ന് രാവിലത്തെ ട്രെയിൻ ബുക്ക് ചെയ്ത് ഞാനും അവളും പാലക്കാട്ടെ ഇന്ദ്രനീലത്തിലേക്ക് യാത്ര തിരിച്ചു. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്നും ശബരി എക്സ്പ്രസ്സിലായിരുന്നു ഞങ്ങളുടെ യാത്ര.

ഒരുപാട് നാളുകൾക്ക് ശേഷം സ്വന്തം നാട്ടിലേക്കും തറവാട്ടിലേക്കും പോകുന്നതിന്റെ വലിയൊരു ആവേശത്തിലായിരുന്നു അവൾ.

പാലക്കാട് എത്താറായപ്പോൾ തന്നെ പ്രകൃതിയുടെ ഭാവം മാറിത്തുടങ്ങിയിരുന്നു. ജനാലയിലൂടെ അടിച്ചുവീശുന്ന കാറ്റിന് വല്ലാത്തൊരു ശക്തിയും കുളിർമയുമുണ്ടായിരുന്നു. സഹ്യപർവ്വതത്തിന്റെ മടിത്തട്ടിൽ പച്ചപ്പുതച്ചു കിടക്കുന്ന സുന്ദരമായ ഭൂപ്രകൃതി.

ദൂരെ കോടമഞ്ഞണിഞ്ഞ മലനിരകളും, എങ്ങോട്ട് തിരിഞ്ഞാലും കണ്ണെത്താ ദൂരത്തോളം പരന്നുകിടക്കുന്ന നെൽപ്പാടങ്ങളും കാണാമായിരുന്നു. ആ നെൽച്ചെടികൾക്കിടയിലൂടെ കാറ്റ് കടന്നുപോകുമ്പോൾ ഉണ്ടാകുന്ന നേർത്ത ശബ്ദം ഒരു സംഗീതം പോലെ എനിക്ക് തോന്നി.

കാറ്റത്ത് ഇളകുന്ന ആ കരിമ്പനയോലകൾ കണ്ടപ്പോൾ, അവളെ ആദ്യമായി കാണാനായി ഒരുപാട് പ്രതീക്ഷകളോടെ ഞാൻ ഇതേ ട്രെയിനിൽ വന്ന ആ പഴയ ദിവസം എന്റെ ഓർമ്മകളിലേക്ക് വന്നു.

പഴയ തറവാടുകളുടെ വാസ്തുവിദ്യ പഠിക്കാൻ പോകുന്നവന്റെ കള്ളവുമായി അന്ന് വണ്ടി കയറുമ്പോൾ, എന്റെ മനസ്സിൽ ആ നീലക്കണ്ണുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇന്നവൾ എന്റെ സ്വന്തമായി എന്റെ തൊട്ടരികിൽ തന്നെയുണ്ട്. സന്തോഷത്തോടെ ഞാൻ അവളെത്തന്നെ നോക്കിയിരുന്ന് പോയി.

ജനാലയ്ക്കപ്പുറത്തെ കാഴ്ചകളിൽ നിന്നും കണ്ണെടുക്കാതെ തന്നെ കാറ്റിന്റെ മൂളലിനിടയിലൂടെ അവൾ പെട്ടെന്ന് എന്നോട് ചോദിച്ചു.

"ആദീ... അരവിന്ദേട്ടന്റെ വീട്ടില് പോക്ണത് ഈ വരണ ഞായറാഴ്ച അല്ലെ?"

ഞാൻ അവളുടെ അടുത്തേക്ക് കുറച്ചുകൂടി നീങ്ങിയിരുന്ന് പറഞ്ഞു.

"അതെ... ഈ ഞായറാഴ്ച തന്നെയാ. എന്തെ പെട്ടെന്ന് ഇപ്പൊ അത് ചോദിക്കാൻ?"

"അല്ല... നമ്മളിപ്പൊ ഇന്ദ്രനീലത്തില് പോയിട്ട് എന്നാ തിരിച്ചു വരിക എന്ന് ആലോയിച്ചതാ. ചേച്ചീടെ കല്യാണക്കാര്യം സംസാരിക്കാൻ അങ്ങ്ട് പോവണ്ടേ... അതിന് മുൻപ് നമുക്ക് തിരിച്ച് വീട്ടിൽ എത്തണ്ടേ..."

ആ നാട്ടുഭാഷയുടെ വല്ലാത്തൊരു ഭംഗി അവളുടെ സംസാരത്തിലുണ്ടായിരുന്നു.

"നമ്മൾ രണ്ടു മാസത്തിന് ശേഷം ആദ്യമായിട്ടല്ലേ നിന്റെ തറവാട്ടിലേക്ക് പോകുന്നത്. അവിടെ ചെന്ന് രണ്ടു ദിവസമെങ്കിലും നിൽക്കാതെ എങ്ങനെയാ?"

ഞാൻ അവളുടെ വിരലുകളിൽ കോർത്തുപിടിച്ചുകൊണ്ട് പറഞ്ഞു.

"വ്യാഴാഴ്ചയോ വെള്ളിയാഴ്ചയോ നമുക്ക് തിരിച്ചു പോരാം. ഞായറാഴ്ച അരവിന്ദിന്റെ വീട്ടിൽ പോകാൻ എന്തായാലും നമ്മൾ ഇവിടെ ഉണ്ടാകും. ചേച്ചിക്ക് ലീവ് കിട്ടില്ല എന്ന്

പറഞ്ഞതുകൊണ്ട്, അമ്മയും നമ്മളും കൂടി പോയി അവരുടെ വീട്ടുകാരുമായി സംസാരിച്ച് കാര്യങ്ങൾ ഉറപ്പിക്കാം. അതുകൊണ്ട് എന്റെ പെണ്ണ് അതൊന്നും ഓർത്ത് ടെൻഷനാവണ്ട.

സ്വന്തം നാടും വീടുമൊക്കെ കണ്ട് കൊതിതീരുവോളം അവിടെ നിന്നിട്ട് നമുക്ക് പോരാം."

എന്റെ ആ വാക്കുകൾ കേട്ടപ്പോൾ അവൾക്ക്സ

മാധാനമായി.

"എനിക്കിപ്പൊ വല്ലാത്തൊരു കൊതിയാവ്ണ്ണ്ട് ആദീ, എത്രയും വേഗം ഇന്ദ്രനീലത്തില് എത്താൻ. അമ്മേനേം മുത്തശ്ശനേം മുത്തശ്ശീനേം ഒക്കെ കാണാൻ വല്ലാണ്ട് തോന്ന്വാ..."

അവൾ ആവേശത്തോടെ പറഞ്ഞു.

"അപ്പൊ ഈ ആദിയോടുള്ള സ്നേഹമൊക്കെ കുറഞ്ഞോ എന്റെ ദേവതയ്ക്ക്?"

ഞാൻ ചെറുതായിട്ടൊന്ന് അവളെ കളിയാക്കി.

"ഓ... വല്ലാത്തൊരു കുശുമ്പ് തന്ന്യ..."

അവൾ കള്ളച്ചിരിയോടെ എന്റെ തോളിലേക്ക് പതുക്കെ ചാഞ്ഞു.

"ആദി എന്റെ കൂടെയുള്ളതുകൊണ്ടല്ലേ എനിക്ക് ഈ സന്തോഷമൊക്കെ..."

ആ വാക്കുകളിൽ വലിയൊരു പ്രണയമുണ്ടായിരുന്നു. സഹ്യന്റെ മടിത്തട്ടിലൂടെ പാഞ്ഞുകൊണ്ടിരിക്കുന്ന ആ ട്രെയിനിലിരുന്ന്, അവളുടെ മുടിയിലെ ആ പഴയ ചന്ദനഗന്ധവും ശ്വസിച്ച് കൊല്ലങ്കോട്ടേക്കുള്ള ആ യാത്ര ഞാൻ ശരിക്കും ആസ്വദിക്കുകയായിരുന്നു.

പാലക്കാട് സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങുമ്പോൾ സമയം ഉച്ചയോടടുത്തിരുന്നു. സ്റ്റേഷന് പുറത്തുനിന്നും കൊല്ലങ്കോട്ടേക്ക് ഞങ്ങൾ ഒരു ടാക്സി വിളിച്ചു. ടൗണിന്റെ തിരക്കുകൾ പതിയെ പിന്നിലായി കാർ ഗ്രാമത്തിന്റെ ശാന്തതയിലേക്ക് കടന്നു.

കൊല്ലങ്കോടിന്റെ അതിർത്തിയിലേക്ക് എത്തിയപ്പോൾ പ്രകൃതി അതിന്റെ ഏറ്റവും മനോഹരമായ പച്ചപ്പുടവ അണിഞ്ഞുനിൽക്കുകയായിരുന്നു. കാറിന്റെ ഗ്ലാസ്സ് പതുക്കെ താഴ്ത്തിക്കൊണ്ട് അവൾ ആ പാടവരമ്പുകളെ തഴുകിവരുന്ന കാറ്റിലേക്ക് മുഖം വെച്ചു.

ദൂരെ ആകാശത്തെ തൊട്ടുനിൽക്കുന്ന നെല്ലിയാമ്പതി മലനിരകൾ കോടമഞ്ഞിൽ കുളിച്ചുനിൽക്കുന്നു. വലിയൊരു കോട്ടപോലെ കൊല്ലങ്കോടിന് കാവൽ നിൽക്കുന്ന ആ പർവ്വതനിരകളിൽ തട്ടിത്തിരിച്ചുവരുന്ന കാറ്റിന് വല്ലാത്തൊരു കുളിർമയുണ്ടായിരുന്നു.

റോഡിന് ഇരുവശത്തും കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന പച്ചപ്പണിഞ്ഞ നെൽപ്പാടങ്ങൾ. അതിരുകളിൽ കാവൽക്കാരെപ്പോലെ തലയുയർത്തി നിൽക്കുന്ന കരിമ്പനകൾ. ആ കരിമ്പനയോലകൾ കാറ്റിലുരസുമ്പോഴുണ്ടാകുന്ന ശബ്ദവും, നനഞ്ഞ മണ്ണിന്റെ ഗന്ധവും ആ നാടിന്റെ മാത്രം പ്രത്യേകതയായിരുന്നു.

അവളുടെ വേരുകൾ ഉറങ്ങിക്കിടക്കുന്ന ആ മണ്ണിലൂടെയുള്ള യാത്ര എന്റെ മനസ്സിലും വല്ലാത്തൊരു ശാന്തത നിറച്ചു.

കാർ ഇന്ദ്രനീലത്തിന്റെ വലിയ പടിപ്പുരയ്ക്ക് മുന്നിൽ വന്നു നിന്നു. ഡ്രൈവർക്ക് പൈസ കൊടുത്ത് ബാഗുകളുമെടുത്ത് ഞങ്ങൾ പടിപ്പുര കടന്ന് ആ വലിയ മുറ്റത്തേക്ക് നടന്നു.

മുറ്റവും നടുവിലെ തുളസിത്തറയും പിന്നിട്ട് ഞങ്ങൾ ഉമ്മറത്തേക്ക് കയറുമ്പോൾ, അവിടെ ചാരുപടിയിൽ നരച്ച താടിയും തടവി പുറത്തേക്ക് നോക്കിയിരിപ്പുണ്ടായിരുന്നു മുത്തശ്ശൻ. ഞങ്ങളുടെ കാൽപ്പെരുമാറ്റം കേട്ട് അദ്ദേഹം പതിയെ തിരിഞ്ഞുനോക്കി.

ഞങ്ങളെ കണ്ടതും ആ മുഖത്തെ ഗൗരവമൊക്കെ ഒറ്റയടിക്ക് മാറി അവിടെ വലിയൊരു ചിരി വിടർന്നു.

"ആഹാ... നോക്കിയേതാരാ വന്നിരിക്കുന്നേന്ന്... നമ്മുടെ എഞ്ചിനീയർ കുട്ടിയല്ലേ അത്? കൂടെ തറവാട്ടിലെ തമ്പുരാട്ടിയും ഉണ്ടല്ലോ..."

മുത്തശ്ശൻ ചാരുപടിയിൽ നിന്നും വലിയ സന്തോഷത്തോടെ എഴുന്നേറ്റു.

"ഇങ്ങോട്ടുള്ള വഴി ഈ ആദിക്ക് അങ്ങനെ മറക്കാൻ പറ്റുമോ മുത്തശ്ശാ..."

ഞാൻ ചിരിച്ചുകൊണ്ട് അങ്ങോട്ട് ചെന്ന് ആ കാലുകളിൽ തൊട്ടു വന്ദിച്ചു. പിന്നാലെ എന്റെ പാർവണയും.

മുത്തശ്ശന്റെ ഉച്ചത്തിലുള്ള ആ സംസാരം കേട്ടാണ് അകത്തുനിന്നും അവർ ഓരോരുത്തരായി പുറത്തേക്ക് വന്നത്. ആദ്യം ഓടിവന്നത് ഭദ്രമ്മയായിരുന്നു. പിന്നാലെ സാവിത്രി അമ്മായിയും രമ അമ്മായിയും, ഒരു വടിയും കുത്തിപ്പിടിച്ച് പതിയെ നടന്ന് മുത്തശ്ശിയും ഉമ്മറത്തേക്ക് വന്നു.

രണ്ടു മാസത്തിന് ശേഷം സ്വന്തം മകളെ കാണുന്ന ഒരമ്മയുടെ സകല വിങ്ങലും ഭദ്രമ്മയുടെ മുഖത്തുണ്ടായിരുന്നു. വാക്കുകൾ പുറത്തുവരുന്നതിന് മുൻപേ ഭദ്രമ്മയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

യാതൊരു നിയന്ത്രണവുമില്ലാതെ പാർവണ ഓടിച്ചെന്ന് അമ്മയുടെ നെഞ്ചിലേക്ക് വീണ് ഇറുകെ കെട്ടിപ്പിടിച്ചു. ആ വലിയ തറവാടിന്റെ ഉമ്മറത്ത് രണ്ടുമാസത്തെ വിരഹത്തിന്റെ സകല സങ്കടങ്ങളും സന്തോഷവും ആ അമ്മയും മകളും പങ്കുവെക്കുകയായിരുന്നു.

ഭദ്രമ്മ അവളെ തന്നിലേക്ക് ഒന്നുകൂടി അമർത്തിപ്പിടിച്ച് ആ നെറുകയിൽ തുരുതുരാ ഉമ്മവെച്ചു.

"എന്റെ മോള്... ഈ രണ്ടു മാസം എനിക്ക് രണ്ടു കൊല്ലം പോലെയാർന്നു കുട്ട്യേ..."

ഭദ്രമ്മയുടെ ശബ്ദം തൊണ്ടയിൽ കുരുങ്ങുന്നുണ്ടായിരുന്നു.

"അമ്മേ..."

എന്ന് വിതുമ്പിക്കൊണ്ട് അവൾ അമ്മയുടെ നെഞ്ചിലേക്ക് ഒന്നുകൂടി ഒതുങ്ങി. ആ കണ്ണുനീർ ഭദ്രമ്മയുടെ തോളുകളെ നനയ്ക്കുന്നുണ്ടായിരുന്നു.

അവരുടെ ആ നിൽപ്പ് കണ്ട് സാവിത്രി അമ്മായിയുടെയും രമ അമ്മായിയുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. മുത്തശ്ശി പതിയെ വന്ന് പാർവണയുടെ തലയിൽ വാത്സല്യത്തോടെ തലോടി.

"അതേയ്... കല്യാണം കഴിഞ്ഞ് ആദ്യായിട്ട് വിരുന്നിന് വന്നതാ കുട്ട്യോള്. അപ്പൊത്തന്നെ ഇങ്ങനെ കെട്ടിപ്പിടിച്ച് കരയാൻ നിന്നാ എങ്ങനെയാ ഭദ്രേ? അവരൊന്ന് കേറി ഇരിക്കട്ടെ. നമ്മടെ ആദി എന്ത് വിചാരിക്കും..."

മുത്തശ്ശി സ്നേഹത്തോടെ ഭദ്രമ്മയെ ശാസിച്ചു.

അതുകേട്ട് ഭദ്രമ്മ വേഗം സാരിത്തുമ്പുകൊണ്ട് കണ്ണുതുടച്ച് എന്റെ നേരെ തിരിഞ്ഞു. ആ മുഖത്ത് എന്നോടുള്ള വലിയൊരു വാത്സല്യമുണ്ടായിരുന്നു. സ്വന്തം മകളുടെ ജീവന് കാവലായി നിന്നവനോടുള്ള ഒരമ്മയുടെ സ്നേഹം.

"ആദിക്ക് സുഖല്ലേ മോനേ? ഭാമയ്ക്കും അനഘയ്ക്കും ഒക്കെ സുഖല്ലേ അവിടെ?"

ഭദ്രമ്മ എന്റെ കയ്യിൽ പിടിച്ചുകൊണ്ട് ചോദിച്ചു.

"എല്ലാവർക്കും സുഖാമ്മേ. അമ്മയും ചേച്ചിയുമൊക്കെ എല്ലാവരോടും പ്രത്യേകം അന്വേഷണം പറയാൻ പറഞ്ഞിട്ടുണ്ട്,"

ഞാൻ വലിയൊരു ചിരിയോടെ പറഞ്ഞു.

"കുറച്ചു ദിവസത്തേക്ക് ഇവളെ ഞാൻ ഇങ്ങോട്ട് ഏൽപ്പിക്കുവാ... എന്റെ പെണ്ണിന് സ്വന്തം നാടും വീടും കാണാൻ വല്ലാത്ത കൊതിയായിരുന്നു."

"ഇത്രേം ദൂരം യാത്ര ചെയ്ത് വന്നതല്ലേ രണ്ടാളും. കേറി വാ ആദീ..."

സാവിത്രി അമ്മായി വലിയ സന്തോഷത്തോടെ എന്നെ അകത്തേക്ക് ക്ഷണിച്ചു.

രമ അമ്മായി പാർവണയുടെ കയ്യിൽ പിടിച്ച്,

"വാ മോളെ... രണ്ടാളും പോയി കുളിച്ച് ഫ്രഷ് ആവ്, ഞാൻ കുടിക്കാൻ എന്തെങ്കിലും എടുത്തു വെക്കാം,"

രമ അമ്മായി പറഞ്ഞതുപോലെ കുളിച്ച് ഫ്രഷ് ആവാനായി ഞങ്ങൾ നേരെ മുകളിലത്തെ നിലയിലേക്ക് നടന്നു. എനിക്കായി അന്ന് അവർ തുറന്നുതന്ന അതേ തെക്കിനിയിലെ മുറി!

തടിയിൽ തീർത്ത ഭിത്തികളും വലിയ ജനലുകളുമുള്ള ആ പഴയ മുറിയിലേക്ക് അവൾക്കൊപ്പം കയറുമ്പോൾ എന്റെ മനസ്സിലേക്ക് പഴയ ഓർമ്മകൾ ഓടിയെത്തി. അന്ന്

ഒരു അപരിചിതനെപ്പോലെ ഈ മുറിയിലേക്ക് വന്ന എനിക്ക്, അവൾ ആ ജനലുകൾ തുറന്നിട്ടപ്പോൾ പുറത്തെ കരിമ്പനക്കാടുകളിൽ നിന്നടിച്ച കാറ്റിന് വല്ലാത്തൊരു കുളിർമയുണ്ടായിരുന്നു.

എന്നാൽ ഇന്ന് ആ കാറ്റിനേക്കാൾ വലിയൊരു കുളിർമ എന്റെ നെഞ്ചോട് ചേർന്നുനിൽക്കുന്നവൾക്കാണ്.

യാത്രയുടെ ക്ഷീണം മാറ്റാനായി കുളിയൊക്കെ കഴിഞ്ഞ് ഞങ്ങൾ താഴെ വലിയ ഊണുമുറിയിലേക്ക് ചെന്നു. പണ്ട് വമ്പൻ സദ്യകൾ വിളമ്പിയിരുന്ന ആ വലിയ മരമേശയ്ക്ക് ചുറ്റുമായി ഞങ്ങൾ ഇരുന്നു.

ഞങ്ങൾക്ക് വിളമ്പിക്കൊടുക്കാനുള്ള വലിയ ആവേശത്തിലായിരുന്നു ഭദ്രമ്മയും സാവിത്രി അമ്മായിയും രമ അമ്മായിയും. രണ്ടുമാസത്തിന് ശേഷം മകൾ തിരികെ വന്നതിന്റെ സകല സന്തോഷവും അവരുടെ വിളമ്പലിൽ ഉണ്ടായിരുന്നു.

വിശേഷങ്ങൾ പങ്കുവെക്കുന്നതിനിടയിലാണ് ഭദ്രമ്മ എന്നെ നോക്കി ചോദിച്ചത്.

"അല്ല മോനേ... അനഘ മോളുടെ കാര്യം എന്തായി? ഈ അടുത്ത് തന്നെ കല്യാണം കാണുമോ?"

ഞാൻ എന്തെങ്കിലും പറയുന്നതിന് മുൻപേ, ചോറുണ്ണുന്നതിനിടയിൽ നിന്ന് പാർവണ ആവേശത്തോടെ പറഞ്ഞു തുടങ്ങി.

"അതമ്മേ... ഞങ്ങള് ഈ വരണ ഞായറാഴ്ച അവര്ടെ വീട്ടില് പോയി സംസാരിച്ച് ഉറപ്പിക്കും. ബാക്കി കല്യാണക്കാര്യങ്ങളൊക്കെ അപ്പൊ അവിടുവെച്ച് നമ്മളും അവരും കൂടി അങ്ങ്ട് തീരുമാനിക്കും.

എന്തായാലും നിങ്ങളെല്ലാരും കല്യാണത്തിന്റെ തലേന്ന് തന്നെ അങ്ങ്ട് എത്തണം ട്ടോ..."

ആ പഴയ പാലക്കാടൻ ശൈലിയിൽ അവൾ വലിയ അധികാരത്തോടെ പറഞ്ഞു.

അതുകേട്ട് സാവിത്രി അമ്മായിയും രമ അമ്മായിയും വാത്സല്യത്തോടെ ചിരിച്ചുകൊണ്ട് പറഞ്ഞു.

"പിന്നെന്താ മോളെ... ഞങ്ങളുടെ കുട്ടീടെ നാത്തൂന്റെ കല്യാണമല്ലേ, ഞങ്ങൾ എന്തായാലും തലേന്ന് തന്നെ അങ്ങോട്ടെത്തും."

അപ്പോഴും ഭദ്രമ്മയുടെ മുഖത്ത് ഒരമ്മയുടെ കരുതൽ ബാക്കിയുണ്ടായിരുന്നു.

"പയ്യൻ എങ്ങനെയാ മോനേ?"

ഭദ്രമ്മ ചോദിച്ചു.

"നല്ല പയ്യനാ അമ്മേ. അവൻ വീട്ടിൽ വന്നിരുന്നു. ഞങ്ങൾക്ക് എല്ലാവർക്കും കണ്ടിട്ട് നല്ല ബോധ്യമായി. ചേച്ചിയുടെ സെലക്ഷൻ അല്ലെ അമ്മേ, അത് ഒരിക്കലും മോശമാവില്ലല്ലോ,"

ഞാൻ ചിരിയോടെ മറുപടി കൊടുത്തു.

അതുകേട്ടതോടെ ഭദ്രമ്മയുടെ മുഖത്തും സന്തോഷം വിടർന്നു. പിന്നെ ആ വലിയ ഊണുമുറിയിൽ സംസാരങ്ങളുടെ വലിയൊരു ഘോഷയാത്ര തന്നെയായിരുന്നു. രണ്ടു മാസത്തെ ഞങ്ങളുടെ കുടുംബവിശേഷങ്ങളും, തറവാട്ടിലെ കാര്യങ്ങളും, തമാശകളും പൊട്ടിച്ചിരികളുമായി ആ ഉച്ചയൂണ് ശരിക്കും ഗംഭീരമായി.

ഭക്ഷണം കഴിഞ്ഞ് അല്പനേരം എല്ലാവരുമായി സംസാരിച്ചിരുന്ന ശേഷം, ഒരു ഉച്ചമയക്കത്തിനായി ഞാനും അവളും വീണ്ടും ആ പഴയ തെക്കിനി മുറിയിലേക്ക് തന്നെ നടന്നു.

മുറിയിലെത്തി വാതിലടച്ചതും അവൾ പോയി ജനാലകൾ പതുക്കെ തുറന്നിട്ടു. കരിമ്പനകളെ തഴുകി വന്ന കാറ്റ് ആ മുറിയിലാകെ പരന്നു. എന്റെ ഓർമ്മകൾ വീണ്ടും ആ ആദ്യത്തെ രാത്രിയിലേക്ക് പോയി.

അന്ന് എല്ലാവരും ഉറങ്ങിയെന്ന് കരുതി, എനിക്ക് കുടിക്കാൻ വെള്ളമുള്ള ഒരു ചെറിയ മൺകൂജയുമായി ഈ വാതിൽക്കൽ വന്ന് പതുങ്ങിനിന്നവൾ. മുത്തശ്ശനോട് ഞാൻ പറഞ്ഞ കള്ളം പൊളിയുമെന്ന് പറഞ്ഞ് എന്നെ കള്ളഗൗരവം കാണിച്ച് പേടിപ്പിക്കാൻ ശ്രമിച്ചു പോയവൾ.

ഞാൻ പതുക്കെ പിന്നിലൂടെ ചെന്ന് ജനാലയ്ക്കരികിൽ നിൽക്കുന്ന അവളെ എന്റെ നെഞ്ചിലേക്ക് വലിച്ചടുപ്പിച്ചു.

"എന്താ ആദീ..."

അവൾ കുസൃതിയോടെ ചോദിച്ചു.

"ഒന്നുമില്ല... അന്ന് ആ മൺകൂജയുമായി വന്ന് എന്നെ പേടിപ്പിച്ചു പോയവൾ ഇന്ന് എന്റെ സ്വന്തം ആണല്ലോ എന്നോർത്ത് പോയതാ..."

ഞാൻ അവളുടെ കാതോരം പതുക്കെ പറഞ്ഞു.

അവൾ നാണത്തോടെ എന്റെ നെഞ്ചിലേക്ക് ഒന്നുകൂടി മുഖമമർത്തി. ആ തെക്കിനി മുറിയുടെ തടിഭിത്തികൾക്കുള്ളിൽ, പാലക്കാടൻ കാറ്റിന്റെ നേർത്ത മൂളലിനൊപ്പം, പഴയ ഓർമ്മകളുടെ വലിയൊരു സുഗന്ധത്തിൽ ഞങ്ങൾ പതുക്കെ ഉറക്കത്തിലേക്ക് വീണു..

വൈകുന്നേരം നല്ല ഉറക്കച്ചടവോടെ കണ്ണും തിരുമ്മിയാണ് ഞാൻ എഴുന്നേറ്റത്. കട്ടിലിൽ നിന്നെഴുന്നേറ്റ് നോക്കുമ്പോൾ, കുളിയൊക്കെ കഴിഞ്ഞ് ദാവണിയുടുത്ത് കണ്ണാടിക്ക് മുന്നിൽ നിൽക്കുകയായിരുന്നു പാർവണ.

ഇളം മഞ്ഞ നിറത്തിലുള്ള പാവാടയും അതിന് ചേരുന്ന കസവ് ദാവണിയുമായിരുന്നു അവളുടെ വേഷം. കുളികഴിഞ്ഞ് ഈറൻ മാറാത്ത കാർകൂന്തൽ അവൾ പിന്നിലേക്ക് ഒതുക്കിയിട്ടിരുന്നു.

ആ നനഞ്ഞ മുടിയിഴകളിൽ നിന്നും വെള്ളം ഇറ്റിറ്റ് വീഴുന്നുണ്ടായിരുന്നു. വശ്യമായ ആ അരക്കെട്ടിലൂടെ ചുറ്റിപ്പടർന്നു കിടക്കുന്ന ദാവണിയുടെ കസവ് കരകൾ ജനാലയിലൂടെ വന്ന കാറ്റിൽ നേരിയതായി ഇളകുന്നുണ്ട്.

നെറ്റിയിൽ ചുവന്ന കുങ്കുമപ്പൊട്ടും കണ്ണുകളിൽ കണ്മഷിയും, ഒപ്പം ആ കുഞ്ഞി ജിമിക്കി കമ്മലുകളും അവളെ ശരിക്കുമൊരു ദേവതയെപ്പോലെ സുന്ദരിയാക്കിയിരുന്നു. ആ നിൽപ്പ് കണ്ടപ്പോൾ ഞാൻ അറിയാതെ കുറച്ചുനേരം നോക്കിനിന്നു പോയി.

"നീ ഇതെങ്ങോട്ടാ പെണ്ണേ ഈ സമയത്ത്?"

എന്റെ നോട്ടം കണ്ട് ചമ്മലോടെ നിൽക്കുന്നവളോട് ഞാൻ ചോദിച്ചു.

അവൾ പതുക്കെ എന്റെ അടുത്തേക്ക് വന്ന് കുസൃതിയോടെ എന്റെ തലയിലൊന്ന് പതുക്കെ കിഴുക്കി.

"കാവില് വിളക്ക് വെക്കാൻ... ആദി വരണുണ്ടോ കൂടെ?"

അവൾ ചോദിച്ചു.

"ഇല്ല... ഞാൻ ഫ്രഷ് ആയി വരാൻ കുറച്ച് ടൈം എടുക്കും. നീ പോയിട്ട് വാ,"

ഞാൻ മറുപടി നൽകി.

അതുകേട്ട് അവൾ എന്നെയൊന്ന് നോക്കി ചിരിച്ചിട്ട് വാതിൽ തുറന്ന് പുറത്തേക്ക് പോയി.

ആ ഉറക്കച്ചടവ് മാറ്റാനായി ഞാനും വേഗം പോയി കുളിച്ചു ഫ്രഷ് ആയി. പുതിയൊരു ഷർട്ടും മുണ്ടുമെടുത്ത് ഉടുത്ത് ഞാൻ താഴേക്ക് ചെന്നു.

ഉമ്മറത്തെ ആ വലിയ ചാരുപടിയിൽ ഇരിക്കുകയായിരുന്നു മുത്തശ്ശൻ. അദ്ദേഹത്തെ ശല്യം ചെയ്യാതെ ഞാൻ പതുക്കെ മുറ്റത്തേക്ക് ഇറങ്ങി. ഇന്ദ്രനീലത്തിന്റെ ആ വലിയ മുറ്റത്തുകൂടി ഞാൻ വെറുതെ നടന്നു.

മുറ്റത്തിന്റെ നടുക്കുള്ള തുളസിത്തറയും, അതിനപ്പുറത്ത് നിൽക്കുന്ന ഇലഞ്ഞി മരവും എല്ലാം എന്നിൽ പഴയ ഓർമ്മകൾ നിറച്ചു. അന്ന് രാവിലെ ആ തുളസിതറയുടെ ചുവട്ടിൽ അവൾ കോലം വരച്ചു നിന്നത് എനിക്ക് പെട്ടെന്ന് ഓർമ്മവന്നു.

കാറ്റത്ത് കരിമ്പനയോലകൾ ഉരയുന്ന ശബ്ദത്തിന് ഇപ്പോഴും ആ പഴയ കുളിർമ തന്നെയുണ്ടായിരുന്നു.

അങ്ങനെ മുറ്റത്ത് നിൽക്കുമ്പോഴാണ് ഹരിനാരായണൻ അമ്മാവനും ശ്രീനാരായണൻ അമ്മാവനും ഗേറ്റ് കടന്ന് വരുന്നത് ഞാൻ കണ്ടത്. എന്നെ കണ്ടതും വലിയൊരു സന്തോഷത്തോടെ അവർ ഓടി എന്റെ അടുത്തേക്ക് വന്നു.

"ആഹാ... ഇതെപ്പൊ എത്തി ആദീ?"

ശ്രീനാരായണൻ അമ്മാവൻ എന്റെ തോളിൽ തട്ടിക്കൊണ്ട് ചോദിച്ചു.

"ഞങ്ങൾ ഇന്ന് ഉച്ചയ്ക്ക് എത്തി അമ്മാവാ,"

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"അവളെവിടെ? പാർവണയെ കണ്ടില്ലല്ലോ?”

ഹരിനാരായണൻ അമ്മാവൻ ഉമ്മറത്തേക്ക് നോക്കിക്കൊണ്ട് ചോദിച്ചു.

"അവള് വിളക്ക് വെക്കാൻ കാവിലേക്ക് പോയതാ അമ്മാവാ,"

ഞാൻ പറഞ്ഞു.

അതുകേട്ടതും അമ്മാവൻമാർ പരസ്പരം നോക്കി ചിരിച്ചു.

"അവളിനി ഇപ്പൊ എവിടെ ആയിരുന്നാലും

സന്ധ്യക്ക് ഈ കാവിൽ വന്ന് വിളക്ക് വെച്ചില്ലെങ്കിൽ അവൾക്കൊരു സമാധാനം ഉണ്ടാവില്ല,"

ശ്രീനാരായണൻ അമ്മാവൻ ചിരിയോടെ പറഞ്ഞു.

പിന്നെ എന്നോട് വീട്ടിലെ വിശേഷങ്ങളൊക്കെ ചോദിച്ചുകൊണ്ട് അവർ ഉമ്മറപ്പടി കയറി അകത്തേക്ക് പോയി. അവർ പോയതിന് ശേഷം ഞാൻ വെറുതെ ആ തെക്കേത്തൊടിയിലുള്ള വലിയ കുളപ്പുരയുടെ അടുത്തേക്ക് നടന്നു.

കവുങ്ങിൻതോട്ടങ്ങൾക്കിടയിലൂടെയുള്ള ആ ചെറിയ ഇടവഴി ചെന്നവസാനിക്കുന്നത് വിശാലമായ ആ കരിങ്കൽപ്പടവുകളിലേക്കാണ്. കുളത്തിലെ പച്ചവെള്ളത്തിൽ ഇലഞ്ഞി മരത്തിന്റെയും കാഞ്ഞിരത്തിന്റെയും നിഴലുകൾ വീണുകിടപ്പുണ്ടായിരുന്നു. കുളപ്പുരയുടെ പഴയ ഓടുമേഞ്ഞ മേൽക്കൂരയും ആ പടവുകളും എന്നിൽ അവളോടുള്ള ആദ്യകാല പ്രണയത്തിന്റെ ഓർമ്മകൾ വീണ്ടും കൊണ്ടുവന്നു.

ഞാൻ പതുക്കെ ആ കരിങ്കൽപ്പടവുകളിലേക്ക് ഇരുന്നു. അന്ന് അവൾ വെള്ളത്തിൽ കാലിട്ട് എന്നോട് അവളുടെ ഇഷ്ടങ്ങളെക്കുറിച്ച് സംസാരിച്ച ആ സായാഹ്നം എന്റെ മനസ്സിൽ വീണ്ടും വന്ന് നിറഞ്ഞു.

ആ കുളപ്പുരയുടെ പറഞ്ഞറിയിക്കാൻ കഴിയാത്ത ശാന്തതയിൽ, കാവിലെ വിളക്കുവെച്ച് തിരികെ വരുന്ന എന്റെ പെണ്ണിനെയും കാത്ത് ആ പാലക്കാടൻ കാറ്റും കൊണ്ട് ഞാൻ അങ്ങനെ ഇരുന്നു...

കുളപ്പുരയിലെ ആ മനോഹരമായ സായാഹ്നത്തിന് ശേഷം ഇന്ദ്രനീലത്തിൽ ചിലവഴിച്ച ബാക്കിയുള്ള ദിവസങ്ങൾ വേഗത്തിലാണ് കടന്നുപോയത്.

പ്രിയപ്പെട്ടവർക്കൊപ്പം, ആ പഴയ തറവാടിന്റെ സ്നേഹത്തണലിൽ, പാലക്കാടൻ കാറ്റിന്റെ കുളിർമയേറ്റ് കൊഴിഞ്ഞുപോയ ഓരോ നിമിഷവും ഒരു കാവ്യം പോലെയായിരുന്നു ഞങ്ങൾക്ക്. പഴയ ഓർമ്മകൾ ഉറങ്ങുന്ന ഓരോ ഇടനാഴികളിലൂടെയും അവളോടൊപ്പം നടക്കുമ്പോൾ, സമയം എത്ര പെട്ടെന്നാണ് പോയിമറഞ്ഞതെന്ന് ഞാൻ അറിഞ്ഞതേയില്ല.

അങ്ങനെ വെള്ളിയാഴ്ച പുലർന്നു. തിരികെ തിരുവനന്തപുരത്തേക്ക് പോകാനുള്ള ദിവസമാണ്. രാവിലത്തെ ഭക്ഷണവുമൊക്കെ കഴിഞ്ഞ്, യാത്രയ്ക്കുള്ള ബാഗുകളുമെടുത്ത് ഞങ്ങൾ പടിയിറങ്ങി ഉമ്മറത്തേക്ക് വരുമ്പോൾ ആ വലിയ തറവാട്ടിൽ വല്ലാത്തൊരു മൂകത തളംകെട്ടി നിന്നിരുന്നു.

യാത്ര പറയാൻ ഉമ്മറത്ത് നിൽക്കുന്ന എല്ലാവരുടെയും മുഖത്ത് സങ്കടം നിഴലിച്ചു നിൽപ്പുണ്ട്. രമ അമ്മായിയുടെയും സാവിത്രി അമ്മായിയുടെയും മുഖത്തെ ആ പഴയ ചിരിയൊക്കെ എങ്ങോട്ടോ മാഞ്ഞിരുന്നു. നിറകണ്ണുകളുമായി നിൽക്കുകയായിരുന്നു ഭദ്രമ്മ.

അമ്മയുടെ ആ നിൽപ്പ് കണ്ട് അതുവരെ പിടിച്ചുനിന്ന പാർവണയുടെ നിയന്ത്രണം പൂർണ്ണമായും വിട്ടുപോയി. അവൾ വേഗം എന്റെ കൈവിട്ട് ഓടിച്ചെന്ന് ഭദ്രമ്മയെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു.

ഭദ്രമ്മ അവളെ നെഞ്ചോട് ഇറുകെ ചേർത്ത് ആ നെറുകയിൽ തലോടുമ്പോഴും, ആ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. രണ്ടുമാസത്തെ കാത്തിരിപ്പിനൊടുവിൽ കിട്ടിയ സന്തോഷം പെട്ടെന്ന് തീർന്നുപോയല്ലോ എന്ന സങ്കടം ആ അമ്മയുടെയും മകളുടെയും തേങ്ങലുകളിൽ എനിക്ക് വ്യക്തമായി കേൾക്കാമായിരുന്നു.

ഈ യാത്രയയപ്പ് ഇനിയും നീണ്ടാൽ ഇവളുടെ സങ്കടം ഒന്നുകൂടി കൂടുമെന്ന് എനിക്ക് തോന്നി. ഞാൻ പതുക്കെ അവളുടെ അടുത്തേക്ക് ചെന്ന് ആ തോളിൽ വാത്സല്യത്തോടെ പിടിച്ചു.

"ചേച്ചീടെ കല്യാണത്തിന് നിങ്ങളെല്ലാവരും മറക്കാതെ തലേദിവസം തന്നെ എത്തണം കേട്ടോ... എന്നാ ഇനി നിന്ന് വൈകിക്കുന്നില്ല ഞങ്ങൾ ഇറങ്ങാ ട്ടോ..."

എന്റെ വാക്കുകളിലെ സങ്കടം മറച്ചുപിടിച്ച് ഞാൻ എല്ലാവരെയും നോക്കി ഒരു ചെറിയ ചിരിയോടെ പറഞ്ഞു.

ഭദ്രമ്മ പാർവണയുടെ കണ്ണുനീർ സാരിത്തുമ്പുകൊണ്ട് തുടച്ചുമാറ്റിയിട്ട് നിറഞ്ഞ കണ്ണുകളോടെ എന്റെ നേരെ തിരിഞ്ഞു.

"എന്റെ കുട്ടീനെ ഞാൻ വീണ്ടും നിന്റെ കൈയ്യിൽ ഏൽപ്പിക്കുവാ മോനേ..."

ഭദ്രമ്മ വല്ലാത്തൊരു സ്നേഹത്തോടെ എന്റെ കൈകളിൽ പിടിച്ചു.

"കല്യാണം കഴിഞ്ഞിട്ട് സ്വന്തം വീട് വിട്ടു നിൽക്കുന്നതിന്റെ യാതൊരു സങ്കടവും ഇല്ലാതെ അവളെ പൊന്നുപോലെ നോക്കുന്ന നിന്നെയും നിന്റെ വീട്ടുകാരെയും കാണുമ്പോഴാ ഈ അമ്മയ്ക്ക് ശരിക്കും സമാധാനമാവുന്നത്.

യാത്രാക്ഷീണം ഉണ്ടാവും, അവിടെച്ചെന്നിട്ട് എന്നെ വിളിക്കാൻ മറക്കരുത് ട്ടോ..."

അതുകേട്ട് ഞാൻ ചിരിയോടെ തലകുലുക്കി സമ്മതിച്ചു. അപ്പോഴേക്കും സാവിത്രി അമ്മായിയും രമ അമ്മായിയും പാർവണയുടെ അടുത്തേക്ക് വന്നു.

"കരയാതെ പോയിട്ട് വാ മോളെ. ആദി പറഞ്ഞതുപോലെ അനഘ മോളുടെ കല്യാണത്തിന് തലേന്ന് തന്നെ ഞങ്ങൾ എല്ലാവരും എന്തായാലും അങ്ങോട്ടേക്ക് എത്തും. നിങ്ങൾ രണ്ടാളും സൂക്ഷിച്ച് പോയിട്ട് വാ,"

സാവിത്രി അമ്മായിയും രമ അമ്മായിയും സ്നേഹത്തോടെ അവളെ ചേർത്തുപിടിച്ചു പറഞ്ഞു.

മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കാലുതൊട്ട് അനുഗ്രഹം വാങ്ങി, അമ്മാവൻമാരോടും യാത്രാമൊഴി പറഞ്ഞ് ഞങ്ങൾ പതിയെ പടിപ്പുര കടന്നു. ഗേറ്റിന് പുറത്ത് ഞങ്ങളെയും കാത്ത് ടാക്സി കിടപ്പുണ്ടായിരുന്നു.

ബാഗുകൾ ഡിക്കിയിൽ വെച്ച് വണ്ടിയിൽ കയറി ഇരിക്കുമ്പോഴും അവളുടെ കണ്ണുകൾ ആ പടിപ്പുരയിലും ഉമ്മറത്തും തന്നെയായിരുന്നു. വണ്ടി പതിയെ മുന്നോട്ട് നീങ്ങിത്തുടങ്ങി.

ആ പഴയ തറവാടും പ്രിയപ്പെട്ടവരും കാഴ്ച്ചയിൽ നിന്നും മറയുന്നതുവരെ അവൾ ഗ്ലാസ്സിലൂടെ പുറത്തേക്ക് തന്നെ നോക്കിയിരിപ്പുണ്ടായിരുന്നു.

ഓർമ്മകളുടെ വലിയൊരു സുഗന്ധം ബാക്കിവെച്ച്, പാലക്കാടൻ ഗ്രാമവഴികളിലൂടെ റെയിൽവേ സ്റ്റേഷൻ ലക്ഷ്യമാക്കി ഞങ്ങളുടെ കാർ കുതിക്കുമ്പോൾ, എന്റെ നെഞ്ചോട് ചേർന്നിരുന്ന് വിതുമ്പുന്ന എന്റെ കാട്ടുദേവതയെ ഞാൻ ഒന്നുകൂടി മുറുകെ ചേർത്തുപിടിച്ചു.

വരാനിരിക്കുന്ന പുതിയൊരു മംഗല്യത്തിന്റെ പ്രതീക്ഷകളുമായി ആ തീവണ്ടി യാത്രയ്ക്കായി ഞങ്ങൾ പ്ലാറ്റ്ഫോമിലേക്ക് നടന്നു...

ട്രെയിനിന്റെ ജനാലയ്ക്കരികിൽ ഇരുന്ന് ദൂരേക്ക് നോക്കുമ്പോൾ അവളുടെ കണ്ണുകളിൽ അപ്പോഴും നേരിയൊരു നനവുണ്ടായിരുന്നു. പാലക്കാടൻ കാറ്റും കരിമ്പനക്കാടുകളും പതിയെ പിന്നിലേക്ക് മറയുമ്പോൾ, സ്വന്തം വേരുകളിൽ നിന്നും വീണ്ടും അടർന്നുമാറുന്നതിന്റെ സങ്കടം ആ മുഖത്ത് വ്യക്തമായി കാണാമായിരുന്നു.

ഞാൻ പതുക്കെ അവളുടെ തോളിലൂടെ കയ്യിട്ട് അവളെ എന്റെ നെഞ്ചിലേക്ക് ചേർത്തുപിടിച്ചു. ആ ചേർത്തുപിടിക്കലിൽ അവൾക്ക് വല്ലാത്തൊരു ആശ്വാസം കിട്ടിയതുപോലെ തോന്നി.

ട്രെയിനിന്റെ താളത്തിനൊപ്പം, ജനാലയിലൂടെ വന്ന കാറ്റേറ്റ് അവൾ പതിയെ എന്റെ നെഞ്ചിൽ കിടന്ന് മയങ്ങി.

മണിക്കൂറുകൾ നീണ്ട യാത്രയ്ക്കൊടുവിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ വണ്ടി ഇറങ്ങുമ്പോൾ സന്ധ്യ കഴിഞ്ഞിരുന്നു. സ്റ്റേഷനിൽ നിന്നും ഒരു ഓട്ടോ പിടിച്ച് കഴക്കൂട്ടത്തെ വീട്ടിലേക്ക് പോകുമ്പോൾ നഗരത്തിൽ അത്യാവശ്യം നല്ല തിരക്കുണ്ടായിരുന്നു.

ഓട്ടോയുടെ പിൻസീറ്റിലിരുന്ന് നഗരത്തിലെ വെളിച്ചങ്ങളിലേക്ക് നോക്കുമ്പോൾ അവളുടെ മുഖത്തെ സങ്കടമൊക്കെ പതിയെ മാറി അവിടെ പഴയ സന്തോഷം തിരികെ വന്നിരുന്നു.

ഓട്ടോ വീട്ടിലെത്തി ഗേറ്റിന് മുന്നിൽ നിന്നതും, കാൽപ്പെരുമാറ്റം കേട്ടാകണം അമ്മ വേഗം ഉമ്മറത്തേക്ക് ഇറങ്ങിവന്നു. ഞാൻ പൈസ കൊടുത്ത് ബാഗുകളുമെടുത്ത് ഗേറ്റ് കടക്കുമ്പോൾ, വലിയൊരു സന്തോഷത്തോടെ ഞങ്ങളെയും നോക്കി നിൽക്കുകയായിരുന്നു അമ്മ.

രണ്ടുദിവസം ഞങ്ങളെ കാണാതിരുന്നതിന്റെ സകല പരിഭവവും സ്നേഹവും ആ മുഖത്തുണ്ടായിരുന്നു.

മുറ്റത്തേക്ക് കയറിയ പാടെ പാർവണ ഓടിച്ചെന്ന് അമ്മയെ ഇറുകെ കെട്ടിപ്പിടിച്ചു.

"അമ്മേ..."

സ്നേഹത്തോടെ അവൾ വിളിച്ചു.

"ഞങ്ങൾ ഇല്ലാത്തോണ്ട് അമ്മയ്ക്ക് വല്ലാതെ ബോറടിച്ചോ ഇവിടെ?"

അവളുടെ ആ കൊഞ്ചൽ കേട്ട് അമ്മയുടെ മുഖത്ത് വലിയൊരു ചിരി വിടർന്നു. അമ്മ വളരെ വാത്സല്യത്തോടെ അവളുടെ മുടിയിഴകളിൽ തലോടി.

"ഏയ് ബോർ ഒന്നും അടിച്ചില്ല?..."

അമ്മ വെറുതെ കള്ളപ്പരിഭവം നടിച്ചു.

"എന്തായാലും എന്റെ കുട്ട്യോള് വന്നല്ലോ, അതുമതി."

പിന്നെ എന്റെ നേരെ നോക്കി അമ്മ ചോദിച്ചു.

"മുഖത്തൊക്കെ നല്ല ക്ഷീണമുണ്ടല്ലോടാ. അവിടെ എല്ലാവർക്കും സുഖം തന്നെയല്ലേ? ഭദ്രയ്ക്കും മുത്തശ്ശനും മുത്തശ്ശിക്കും ഒക്കെ..."

"എല്ലാവർക്കും സുഖാ അമ്മേ,"

ഞാൻ ബാഗ് ഉമ്മറത്തെ തിണ്ണയിലേക്ക് വെച്ചുകൊണ്ട് പറഞ്ഞു.

"ട്രെയിനിലിരുന്നതിന്റെ ചെറിയൊരു ക്ഷീണം, അത്രേയുള്ളൂ. പിന്നെ ഭദ്രമ്മയും അമ്മായിമാരും ഒക്കെ അമ്മയോട് പ്രത്യേകം അന്വേഷണം പറഞ്ഞിട്ടുണ്ട്. ചേച്ചീടെ കല്യാണത്തിന് എല്ലാവരും തലേദിവസം തന്നെ ഇങ്ങോട്ടെത്താമെന്ന് പറഞ്ഞിട്ടുണ്ട്."

അതുകേട്ടപ്പോൾ അമ്മയുടെ മുഖത്ത് വലിയൊരു ആശ്വാസം വന്നുനിറഞ്ഞു.

"അത് എന്തായാലും നന്നായി. എല്ലാം നമ്മൾ വിചാരിച്ചതുപോലെ ഭംഗിയായിട്ട് നടക്കും,"

അമ്മ ചിരിയോടെ പറഞ്ഞു.

"ബാക്കി വിശേഷങ്ങളൊക്കെ പിന്നെ പറയാം. രണ്ടാളും വേഗം പോയി കുളിച്ചിട്ട് വാ. ഞാൻ നല്ല ചൂട് കഞ്ഞിയും പയറും പപ്പടവും എടുത്തു വെക്കാം. ഈ യാത്രാക്ഷീണം അത് കുടിക്കുമ്പോഴേക്കും മാറിക്കോളും."

"എന്നാ ഞാൻ വേഗം കുളിച്ചിട്ട് വരാം അമ്മേ..."

എന്ന് പറഞ്ഞ് പാർവണ എന്റെ കയ്യിലിരുന്ന ഒരു ബാഗും വാങ്ങി വലിയൊരു ഉന്മേഷത്തോടെ അകത്തേക്ക് നടന്നു.

അവളുടെ ആ പോക്കും നോക്കി നിൽക്കുമ്പോൾ, എനിക്ക് വല്ലാത്തൊരു അഭിമാനം തോന്നി. പാലക്കാട്ടെ ഇന്ദ്രനീലത്തിൽ നിന്നും എന്റെ കൈപിടിച്ച് ഈ പടിപ്പുര കടന്നുവന്നവൾ, ഇന്ന് ഈ വീടിന്റെയും എന്റെ അമ്മയുടെയും ജീവനായി മാറിയിരിക്കുന്നു. ഞാനും പതിയെ അകത്തേക്ക് നടന്നു.

യാത്രയുടെ മുഴുവൻ ക്ഷീണവും മാറ്റുന്നൊരു കുളിയും കഴിഞ്ഞ് ഫ്രഷ് ആയി ഞാനും പാർവണയും താഴേക്ക് വരുമ്പോൾ, അമ്മ പറഞ്ഞതുപോലെ തന്നെ ഊണുമേശയിൽ ആവി പറക്കുന്ന കഞ്ഞിയും ചെറുപയറും പപ്പടവും ഞങ്ങളെ കാത്തിരിപ്പുണ്ടായിരുന്നു.

നഗരത്തിലെ വലിയ ഹോട്ടലുകളിലെ ഭക്ഷണത്തേക്കാൾ എനിക്കെപ്പോഴും ഇഷ്ടം ഈ ചൂട് കഞ്ഞിയോടായിരുന്നു. വിശപ്പിന്റെ വലിയൊരു വിളിയോടെ ഞാൻ കസേരയിലേക്ക് ഇരുന്നു. എന്റെ തൊട്ടടുത്തായി പാർവണയും, ഞങ്ങൾക്ക് എതിർവശത്തായി അമ്മയും ഇരുന്നു.

കഞ്ഞി കുടിക്കുന്നതിനിടയിൽ, മനസ്സിൽ കിടന്നിരുന്ന ചെറിയൊരു സംശയം അമ്മ ചോദിച്ചു.

"ആദീ... നീ അവരുടെ വീടിന്റെ അഡ്രസ്സ് ഒക്കെ കൃത്യമായിട്ട് വാങ്ങിയിരുന്നോ? അല്ലാതെ നമ്മൾ

എങ്ങനെയാ അങ്ങോട്ട് പോവുക?"

ചൂട് കഞ്ഞി ഒന്ന് ഊതിക്കുടിച്ചുകൊണ്ട് ഞാൻ പറഞ്ഞു.

"അതൊക്കെ ചേച്ചി നേരത്തെ തന്നെ എനിക്ക് അയച്ചു തന്നിട്ടുണ്ട് അമ്മേ. പത്തനംതിട്ടയിൽ റാന്നിയിലാ വീട്. അവിടെ ചെന്നിട്ട് 'ശേഖരന്റെ വീട്' എവിടെയാണെന്ന് ചോദിച്ചാൽ അവിടെയുള്ള ആരും കാണിച്ചുതരുമെന്നാ ചേച്ചി പറഞ്ഞത്.

എന്തായാലും നമുക്ക് പോയി നോക്കാം. വലിയ ബുദ്ധിമുട്ടൊന്നും ഉണ്ടാവില്ല."

"റാന്നിയിലാണോ... അപ്പൊ അത്യാവശ്യം നല്ല ദൂരമുണ്ടല്ലോ”

എന്ന് പറഞ്ഞ് അമ്മ പപ്പടം പൊട്ടിച്ചു കഞ്ഞിയിലേക്കിട്ടു.

അപ്പോഴാണ് എന്റെ മുഖത്തേക്ക് നോക്കി ചെറിയൊരു സംശയത്തോടെ പാർവണ ചോദിച്ചത്.

"അല്ല ആദീ... ഇത്രേം ദൂരം നമ്മളിപ്പൊ എങ്ങനെയാ പോകുന്നേ?"

ഞാൻ അവളെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഞാൻ എന്റെയൊരു ഫ്രണ്ടിന്റെ കാർ ചോദിച്ചിട്ടുണ്ട്. അവൻ നാളെ വൈകുന്നേരത്തോടെ വണ്ടി ഇങ്ങോട്ട് കൊണ്ടുവന്നു തരും. മറ്റന്നാൾ രാവിലെ നമുക്ക് അതിൽത്തന്നെ പോകാം."

അതുകേട്ടപ്പോൾ അമ്മയ്ക്കും അവൾക്കും വലിയ ആശ്വാസമായി. പിന്നെ ഊണുമേശയിലെ സംസാരം മുഴുവൻ വരാനിരിക്കുന്ന ആ യാത്രയെക്കുറിച്ചും, അരവിന്ദിന്റെ കുടുംബത്തെക്കുറിച്ചും ഒക്കെയായിരുന്നു. യാത്രയുടെ ക്ഷീണമുള്ളതുകൊണ്ട് ഭക്ഷണം കഴിഞ്ഞയുടനെ ഞങ്ങൾ ഉറങ്ങാനായി മുറിയിലേക്ക് പോയി.

പാലക്കാടൻ കാറ്റിന്റെ തണുപ്പില്ലായിരുന്നെങ്കിലും, സ്വന്തം വീടിന്റെ വല്ലാത്തൊരു സുരക്ഷിതത്വത്തിൽ അന്ന് നല്ല ഉറക്കം കിട്ടി.

പിറ്റേന്ന് ശനിയാഴ്ചയായിരുന്നു. വലിയ തിരക്കുകളൊന്നുമില്ലാത്ത, വളരെ ശാന്തമായൊരു അവധിദിവസം. പാലക്കാട്ടെ ഇന്ദ്രനീലത്തിൽ നിന്നും തിരികെ വന്നതിന്റെ ചെറിയൊരു ക്ഷീണം ശരീരത്തിലുണ്ടായിരുന്നതുകൊണ്ട് അന്ന് കുറച്ചു വൈകിയാണ് ഞങ്ങൾ എഴുന്നേറ്റത്.

ഞാൻ ഉണരുമ്പോൾ തന്നെ പാർവണ താഴെ അടുക്കളയിൽ അമ്മയ്ക്കൊപ്പം കൂടിയിരുന്നു.

താഴേക്ക് ചെല്ലുമ്പോൾ, ഇന്ദ്രനീലത്തിലെ വിശേഷങ്ങൾ വലിയൊരു ആവേശത്തോടെ അമ്മയോട് പറയുകയായിരുന്നു അവൾ. മുത്തശ്ശനെയും മുത്തശ്ശിയെയും, കുറിച്ചൊക്കെ പറയുമ്പോൾ അവളുടെ കണ്ണുകളിൽ വലിയൊരു തിളക്കമുണ്ടായിരുന്നു.

അമ്മയാകട്ടെ, അതൊക്കെ വലിയ കൗതുകത്തോടെ കേട്ടുനിൽക്കുന്നുമുണ്ട്. രണ്ടുദിവസം ഞങ്ങളെ കാണാതിരുന്നതിന്റെ എല്ലാ പരിഭവവും മാറ്റി, ആ വീട് പഴയതുപോലെ വലിയൊരു സന്തോഷത്തിലേക്ക് തിരികെ വന്നിരുന്നു.

അന്നത്തെ പകൽ ഞങ്ങൾ അധികം പുറത്തേക്കൊന്നും പോയില്ല. നാളത്തെ യാത്രയ്ക്കുള്ള ഒരുക്കങ്ങളിലായിരുന്നു എല്ലാവരും. ഉച്ചകഴിഞ്ഞപ്പോൾ എന്റെ സുഹൃത്ത് വന്ന് കാർ ഉമ്മറത്ത് കൊണ്ടിട്ടുപോയി.

വണ്ടി വന്നതോടെ അമ്മയുടെ നെഞ്ചിടിപ്പ് കൂടാൻ തുടങ്ങിയിരുന്നു. സ്വന്തം മകളുടെ ജീവിതത്തിലേക്ക് കടന്നുവരാൻ പോകുന്നവരെ ആദ്യമായി കാണാൻ പോകുന്നതിന്റെ വലിയൊരു ആകാംക്ഷ ആ അമ്മമനസ്സിൽ വ്യക്തമായി കാണാമായിരുന്നു.

വൈകുന്നേരമായപ്പോഴേക്കും നാളെ ഉടുക്കാനുള്ള വസ്ത്രങ്ങളൊക്കെ തേച്ചൊതുക്കി വെക്കുന്ന തിരക്കിലായിരുന്നു പാർവണ. ഒരു പെങ്ങളുടെ സ്ഥാനത്തുനിന്നുകൊണ്ട്, നാളത്തെ യാത്രയുടെ എല്ലാ കാര്യങ്ങളും അവളാണ് മുന്നിട്ടുനിന്ന് നോക്കിയിരുന്നത്.

അങ്ങനെ ആ ശനിയാഴ്ചയും പതിയെ പടിയിറങ്ങി. പുതിയൊരു ദിവസത്തിനായുള്ള കാത്തിരിപ്പിൽ ആ വീട് ഉറക്കത്തിലേക്ക് വീണു.

ഞായറാഴ്ച പുലർച്ചെ അഞ്ചുമണിക്ക് തന്നെ എന്റെ ഫോണിലെ അലാറം അടിച്ചു. എഴുന്നേൽക്കാൻ ചെറിയൊരു മടിയുണ്ടായിരുന്നെങ്കിലും, ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം ഓർത്ത് ഞാൻ വേഗം എഴുന്നേറ്റു.

എഴുന്നേറ്റ് നോക്കുമ്പോൾ പാർവണ മുറിയിലുണ്ടായിരുന്നില്ല. അവൾ നേരത്തെ തന്നെ എഴുന്നേറ്റ് കുളിയൊക്കെ കഴിഞ്ഞ് താഴെ പോയിട്ടുണ്ടായിരുന്നു.

ഞാൻ വേഗം ഫ്രഷ് ആയി താഴേക്ക് വരുമ്പോൾ, ഇളം നീലനിറത്തിലുള്ള മനോഹരമായൊരു ചുരിദാറണിഞ്ഞ്, മുടിയിൽ കുറച്ചു തുളസിക്കതിരും ചൂടി ഉമ്മറത്ത് നിൽക്കുകയായിരുന്നു അവൾ.

ഒപ്പം നല്ലൊരു കസവ് സാരിയുടുത്ത് പ്രാർത്ഥനയോടെ അമ്മയും തയ്യാറായി നിൽപ്പുണ്ടായിരുന്നു. പുലർകാലത്തെ മഞ്ഞിന്റെ ചെറിയൊരു തണുപ്പ് ആ മുറ്റത്ത് അപ്പോഴും ബാക്കിയുണ്ടായിരുന്നു.

"നീ കാറിന്റെ താക്കോൽ എടുത്തോ ആദീ?"

അമ്മ ഉമ്മറപ്പടിയിൽ നിന്നും മുറ്റത്തേക്ക് ഇറങ്ങിക്കൊണ്ട് ചോദിച്ചു.

"എടുത്തു അമ്മേ...”

ഞാൻ പോക്കറ്റിൽ നിന്നും താക്കോൽ എടുത്ത് കാണിച്ചു.

"എന്നാ വാ, നമുക്ക് അധികം വൈകാതെ ഇറങ്ങാം. ഒരുപാട് ദൂരം പോകേണ്ടത് അല്ലെ എന്തൊക്കെ തടസ്സങ്ങള ഉണ്ടാവുമെന്ന് പറയാൻ പറ്റില്ല്ലോ,"

അമ്മ വല്ലാത്തൊരു വെപ്രാളത്തോടെ പറഞ്ഞു.

"അമ്മേ... അമ്മ വെറുതെ ഓരോന്നോർത്ത് ടെൻഷനടിക്കാതെ ഒന്ന് ഫ്രീ ആയിട്ട് വാ.,"

പാർവണ അമ്മയുടെ തോളിലൂടെ കയ്യിട്ടുകൊണ്ട് വല്ലാത്തൊരു ധൈര്യം പകർന്നു നൽകി.

അവളുടെ ആ വാക്കുകൾ അമ്മയ്ക്ക് വലിയൊരു ആശ്വാസമായി. ഒരുപാട് പ്രതീക്ഷകളോടെയും അതിലേറെ പ്രാർത്ഥനകളോടെയും ഞങ്ങൾ ആ കാറിലേക്ക് കയറി. വണ്ടിയുടെ എഞ്ചിൻ സ്റ്റാർട്ട് ചെയ്തപ്പോൾ, ഉമ്മറത്തെ പവിഴമല്ലി മരത്തിൽ നിന്നും കാറ്റത്ത് കുറച്ചു പൂക്കൾ മുറ്റത്തേക്ക് കൊഴിഞ്ഞുവീണു.

അനഘ ചേച്ചിയുടെ പുതിയൊരു ജീവിതത്തിലേക്കുള്ള ആദ്യത്തെ ചുവടുവെപ്പായി, പത്തനംതിട്ടയിലെ ആ വീട് ലക്ഷ്യമാക്കി ഞങ്ങളുടെ കാർ ഗേറ്റ് കടന്ന് മുന്നോട്ട് കുതിച്ചു.

തിരുവനന്തപുരത്തുനിന്നും തുടങ്ങിയ യാത്ര കൊല്ലം പിന്നിട്ടപ്പോഴേക്കും ഉച്ചയോടടുത്തിരുന്നു. രാവിലെ മുതൽ കാറിലിരുന്നതിന്റെ ചെറിയൊരു ക്ഷീണവും വിശപ്പും എല്ലാവർക്കും ഉണ്ടായിരുന്നതുകൊണ്ട്, വഴിയിലുള്ള നല്ലൊരു ഹോട്ടലിൽ കയറി ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു.

ഭക്ഷണമെല്ലാം കഴിഞ്ഞ് വലിയൊരു ഉന്മേഷത്തോടെ ഞങ്ങൾ വീണ്ടും യാത്ര തുടർന്നു.

പത്തനംതിട്ടയുടെ അതിർത്തികളിലേക്ക് കടക്കുമ്പോൾ തന്നെ പ്രകൃതിയുടെ ഭാവം പാടേ മാറിയിരുന്നു. പാലക്കാടിന്റെ പരന്നുകിടക്കുന്ന നെൽപ്പാടങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു പത്തനംതിട്ടയുടെ സൗന്ദര്യം.

വളഞ്ഞുപുളഞ്ഞു പോകുന്ന പാതകൾക്കിരുവശവും ആകാശം മുട്ടെ വളർന്നുനിൽക്കുന്ന റബ്ബർ മരങ്ങൾ. തണുത്ത കാറ്റിൽ റബ്ബറിലകൾ കൊഴിഞ്ഞുവീഴുന്ന റോഡുകളിലൂടെയുള്ള ആ യാത്ര വല്ലാത്തൊരു അനുഭവം തന്നെയായിരുന്നു.

ദൂരെ കോടമഞ്ഞണിഞ്ഞ മലനിരകളും, അതിനിടയിലൂടെ വെള്ളിനൂലുപോലെ ഒഴുകുന്ന പമ്പാനദിയും ആ നാടിന് വല്ലാത്തൊരു വന്യതയും ശാന്തതയും നൽകിയിരുന്നു.

റാന്നിയിലേക്ക് അടുക്കുന്തോറും പച്ചപ്പിന്റെ കട്ടി കൂടിവന്നു. കയറ്റങ്ങളും ഇറക്കങ്ങളും നിറഞ്ഞ ഗ്രാമവഴികൾ. കാറിനുള്ളിലേക്ക് അടിച്ചുകയറുന്ന കാറ്റിന് കുരുമുളകിന്റെയും കാട്ടുപൂക്കളുടെയും നേർത്ത ഗന്ധമുണ്ടായിരുന്നു.

വെയിൽ താഴ്ന്നുതുടങ്ങിയ ആ സമയത്ത്, മരക്കൂട്ടങ്ങൾക്കിടയിലൂടെ അരിച്ചെത്തുന്ന സൂര്യപ്രകാശം റോഡിൽ സ്വർണ്ണനിറത്തിലുള്ള പാടുകൾ വീഴ്ത്തിയിരുന്നു. പുറത്തെ ആ കാഴ്ചകൾ കണ്ട്, പ്രകൃതിയുടെ ആ ഭംഗി ആസ്വദിച്ച് വലിയൊരു മൗനത്തിലായിരുന്നു പാർവണയും അമ്മയും.

റാന്നിയിലെ ഒരു ചെറിയ കവലയിൽ എത്തിയപ്പോൾ ഞാൻ വണ്ടി ഒതുക്കി നിർത്തി. ഇനി എങ്ങോട്ടാണ് പോകേണ്ടതെന്ന് കൃത്യമായി അറിയണമായിരുന്നു. അവിടെയൊരു പഴയ ചായക്കടയുണ്ടായിരുന്നു.

കാറിൽ നിന്നും പുറത്തിറങ്ങി ഞാൻ ആ കടയുടെ അടുത്തേക്ക് ചെന്നു. വലിയ തിരക്കൊന്നുമില്ലാത്ത ആ കടയിൽ പ്രായമുള്ള ഒരാൾ നിന്ന് ചായ അടിക്കുന്നുണ്ടായിരുന്നു.

"ചേട്ടാ..."

ഞാൻ വളരെ മര്യാദയോടെ വിളിച്ചു.

"ഈ ശേഖരന്റെ വീട് എവിടെയാണെന്ന് അറിയാമോ? ആ വഴിയൊന്ന് പറഞ്ഞുതരാമോ?"

ചായ അടിച്ചുകൊണ്ടിരുന്ന ഗ്ലാസ്സ് താഴെ വെച്ച് അയാൾ എന്നെ ഒന്ന് സൂക്ഷിച്ചുനോക്കി. പിന്നെ ചെറിയൊരു സംശയത്തോടെ ചോദിച്ചു.

"ഏത് ശേഖരൻ? ഈ കൃഷിയൊക്കെ ചെയ്ത് ഹോൾസെയിൽ ആയിട്ട് കൊടുക്കുന്ന ശേഖരൻ ആണോ?"

"അതെ ചേട്ടാ, ആ ശേഖരൻ തന്നെ. അങ്ങോട്ടേക്കുള്ള വഴിയൊന്ന് പറഞ്ഞുതരാവോ,"

ഞാൻ ഒരു ചിരിയോടെ മറുപടി നൽകി.

"അത് ദാ ഈ കാണുന്ന വഴിയിലൂടെ നേരെ പോയാൽ മതി,"

അയാൾ കടയ്ക്ക് മുന്നിലൂടെ പോകുന്ന ചെറിയ ടാർ റോഡിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു.

"ഈ വഴി നേരെ പോകുമ്പോ വലിയൊരു ഇറക്കം കാണാം. ആ ഇറക്കം ഇറങ്ങിച്ചെല്ലുമ്പോൾ വലത്തോട്ടൊരു ചെറിയ വഴിയുണ്ട്. അതിലേ തിരിഞ്ഞ് കുറച്ചു മുന്നോട്ട് പോകുമ്പോ ഒരു ചെറിയ പാലം കാണാം.

ആ പാലം കഴിഞ്ഞാൽ ഇടതുവശത്ത് കാണുന്ന വലിയ ഇരുമ്പ് ഗേറ്റുള്ള വീടാണ് ശേഖരന്റേത്. അവിടെ പോയി ചോദിച്ചാൽ മതി."

"ശരി ചേട്ടാ,"

എന്ന് പറഞ്ഞ് ഞാൻ തിരികെ കാറിലേക്ക് നടന്നു.

ഡ്രൈവിംഗ് സീറ്റിലേക്ക് കയറി ഡോർ അടച്ചപ്പോൾ, ബാക്ക് സീറ്റിലിരുന്ന അമ്മയുടെ മുഖത്ത് ആശ്വാസം പരന്നിരുന്നു.

"എന്തായാലും വീട് കണ്ടുപിടിക്കാൻ വലിയ പാടുണ്ടായില്ലല്ലോ,"

അമ്മ പതുക്കെ പറഞ്ഞു.

"ആളുകളൊക്കെ അറിയുന്ന വീടാണെന്ന് തോന്നുന്നു."

"അതെ അമ്മേ, പുള്ളിക്ക് ഇവിടെ അത്യാവശ്യം നല്ല കൃഷിയും കാര്യങ്ങളും ഒക്കെ ഉണ്ടെന്നല്ലേ അരവിന്ദ് പറഞ്ഞത്. നാട്ടുകാർക്കൊക്കെ അറിയുന്ന ആളായിരിക്കും,"

ഞാൻ കാർ സ്റ്റാർട്ട് ചെയ്തുകൊണ്ട് പറഞ്ഞു.

പാർവണ എന്റെ നേരെ നോക്കി ഒന്ന് പുഞ്ചിരിച്ചു. ചായക്കടക്കാരൻ പറഞ്ഞ ആ ഇറക്കം ഇറങ്ങി, കാർ പതിയെ വലത്തോട്ടുള്ള വഴിയിലേക്ക് തിരിഞ്ഞു.

റബ്ബർ മരങ്ങൾ അതിരിട്ട ആ വഴിയിലൂടെ കുറച്ചുദൂരം മുന്നോട്ട് പോയപ്പോൾ അയാൾ പറഞ്ഞ ആ ചെറിയ പാലം ഞങ്ങളുടെ കാഴ്ച്ചയിലേക്ക് വന്നു.

അത് കടന്നതും, ഇടതുവശത്തായി വലിയൊരു ഇരുമ്പ് ഗേറ്റുള്ള ആ വീട് ഞങ്ങൾ കണ്ടു. ലക്ഷ്യസ്ഥാനത്ത് എത്തിയതിന്റെ വലിയൊരു നെഞ്ചിടിപ്പോടെ, അനഘ ചേച്ചിയുടെ ഭാവി വരന്റെ വീടിന് മുന്നിലായി ഞാൻ കാർ പതുക്കെ ഒതുക്കി നിർത്തി.

കാർ ആ വലിയ മുറ്റത്തേക്ക് കയറി നിന്നതും, വീടിന്റെ വശത്തായുള്ള പറമ്പിൽ നിന്നും ഒരാൾ അങ്ങോട്ടേക്ക് നടന്നു വന്നു. തലയിലൊരു തോർത്തും കെട്ടി, മുണ്ടും മടക്കിക്കുത്തി എന്തോ കൃഷിപ്പണിയിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം.

തികച്ചും ഒരു നാട്ടിൻപുറത്തുകാരന്റെ ലാളിത്യമുള്ള പ്രകൃതം. മുറ്റത്ത് കാർ വന്നുനിന്നത് കണ്ടിട്ട് പണി നിർത്തി വന്നതാണ്.

ഞങ്ങൾ എല്ലാവരും കാറിൽ നിന്നും പുറത്തേക്കിറങ്ങി. ഞാൻ പതുക്കെ അദ്ദേഹത്തിന്റെ അടുത്തേക്ക് നടന്നു ചെന്നു.

"ഇത് ശേഖരൻ എന്ന് പറയുന്ന ആളുടെ വീടാണോ?”

ഞാൻ വളരെ വിനയത്തോടെ ചോദിച്ചു.

അദ്ദേഹം തലയിൽ കെട്ടിയിരുന്ന ആ തോർത്തെടുത്ത് വിയർത്ത മുഖം ഒന്ന് തുടച്ചുകൊണ്ട്, വളരെ ശാന്തമായൊരു ചിരിയോടെ പറഞ്ഞു.

"അതെ... ഞാനാ ശേഖരൻ. നിങ്ങൾ?"

അപ്പോഴേക്കും എന്റെ പിന്നിലായി നിന്നിരുന്ന അമ്മ കുറച്ചുകൂടി മുന്നോട്ടേക്ക് വന്നു. അമ്മയുടെ മുഖത്ത് വലിയൊരു ബഹുമാനവും, മകളുടെ ഭർതൃപിതാവിനെ ആദ്യമായി കാണുന്നതിന്റെ ചെറിയൊരു വെപ്രാളവുമുണ്ടായിരുന്നു.

"ഞങ്ങൾ തിരുവനന്തപുരത്തുനിന്നാ വരുന്നത്..."

അമ്മ വളരെ പതുക്കെ പറഞ്ഞുതുടങ്ങി.

"അരവിന്ദ് വീട്ടിൽ കാര്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ടാകുമല്ലോ. അവന്റെ കൂടെ വർക്ക് ചെയ്യുന്ന അനഘയുടെ അമ്മയാ ഞാൻ, ഭാമ. ഇത് എന്റെ ഇളയ മോൻ ആദിത്യനാഥ്, അത് അവന്റെ ഭാര്യ പാർവണ."

അമ്മ ഓരോരുത്തരെയും പരിചയപ്പെടുത്തി.

അതുകേട്ടതും അങ്ങേരുടെ മുഖത്തെ ആ ചെറിയ സംശയം മാറി അവിടെ വലിയൊരു സന്തോഷം വിടർന്നു. സ്വന്തം മകന്റെ ജീവിതത്തിലേക്ക് കടന്നുവരാൻ പോകുന്ന പെൺകുട്ടിയുടെ വീട്ടുകാരെ നേരിട്ട് കാണുന്നതിന്റെ എല്ലാ ആവേശവും ആ ചിരിയിലുണ്ടായിരുന്നു.

"ആഹാ... മനസ്സിലായി മനസ്സിലായി,"

അദ്ദേഹം വളരെ ഊഷ്മളമായി കൈകൂപ്പി.

"അരവിന്ദ് എല്ലാം പറഞ്ഞിരുന്നു. നിങ്ങളിങ്ങനെ മുറ്റത്ത് നിക്കാതെ ഉമ്മറത്തേക്ക് കേറി ഇരിക്ക്."

അദ്ദേഹം വേഗം ഞങ്ങളെ ഉമ്മറത്തേക്ക് ക്ഷണിച്ചിട്ട്, അകത്തേക്ക് നോക്കി ഉറക്കെ വിളിച്ചു.

"എടിയേ രേവതീ... വേഗം ഇങ്ങോട്ട് വന്നേ. ദേ ആരാ വന്നിരിക്കുന്നേന്ന് നോക്കിയേ..."

ഞങ്ങൾ ആ വലിയ വീടിന്റെ ഉമ്മറപ്പടി കയറി അകത്തേക്ക് ചെന്നു. അത്യാവശ്യം നല്ല സൗകര്യങ്ങളുള്ള, പഴയ പ്രൗഢി ഒട്ടും ചോർന്നുപോകാത്ത മനോഹരമായൊരു വീട്.

ഉമ്മറത്തെയും ഹാളിലെയും തടിപ്പണികളിലൊക്കെ അത്യാവശ്യം നല്ലൊരു സാമ്പത്തികമുള്ള കുടുംബമാണെന്ന് വ്യക്തമായി കാണാമായിരുന്നു.

സ്വീകരണമുറിയിലെ വലിയ സോഫയിലേക്ക് ഞങ്ങൾ ഇരിക്കുമ്പോൾ, അകത്തുനിന്നും അരവിന്ദിന്റെ അമ്മ രേവതി വലിയൊരു ചിരിയോടെയും അതിലേറെ ആകാംക്ഷയോടെയും അങ്ങോട്ടേക്ക് വന്നു. ഒരു സാധാരണ വീട്ടമ്മയുടെ എല്ലാ ഐശ്വര്യവുമുള്ള പ്രകൃതം.

ഞങ്ങളെ കണ്ടതും അവരുടെ മുഖത്തും വലിയൊരു സന്തോഷം നിറഞ്ഞു.

അപരിചിതത്വത്തിന്റെ യാതൊരു മതിലുകളുമില്ലാതെ, വളരെ നാളായി കാത്തിരുന്ന അതിഥികളെ സ്വീകരിക്കുന്നതുപോലെയാണ് ആ കുടുംബം ഞങ്ങളെ വരവേറ്റത്. അമ്മയുടെ മുഖത്തുണ്ടായിരുന്ന വലിയൊരു ആധി അവിടെവെച്ച് തന്നെ അലിഞ്ഞില്ലാതാകുന്നത് എനിക്ക് കാണാമായിരുന്നു.

സ്വന്തം മകൾ ചെന്നുകയറാൻ പോകുന്ന വീടും അവിടുത്തെ ആളുകളും എങ്ങനെയുള്ളവരായിരിക്കുമെന്ന പേടി, ആ വലിയ സ്വീകരണമുറിയിലെ ഊഷ്മളമായ സ്നേഹത്തിന് മുന്നിൽ പതുക്കെ വഴിമാറുകയായിരുന്നു.

അരവിന്ദിന്റെ അമ്മ രേവതി വലിയൊരു ചിരിയോടെ ഞങ്ങൾക്ക് എതിർവശത്തുള്ള സോഫയിലേക്ക് വന്നിരുന്നു. ശേഖരൻ അങ്കിൾ അവർക്കരികിലായി ഇരുന്നു. ആ മുറിയിലാകെ വല്ലാത്തൊരു സമാധാനം നിറഞ്ഞുനിൽപ്പുണ്ടായിരുന്നു.

പരസ്പരം കണ്ടതിന്റെയും പരിചയപ്പെട്ടതിന്റെയും ചെറിയൊരു വെപ്രാളത്തിന് ശേഷം, കാര്യങ്ങൾ സംസാരിക്കാനായി അമ്മ പതിയെ തുടങ്ങി.

"ഞങ്ങൾ ഇപ്പൊ വന്നത് എന്തിനാണെന്ന് നിങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ..."

അമ്മ വളരെ ശാന്തമായി പറഞ്ഞു.

"അരവിന്ദ് ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. അവനോട് സംസാരിച്ചപ്പോൾ തന്നെ കാര്യങ്ങളൊക്കെ മനസിലായി. എനിക്ക് ആ കുട്ടിയെ വലിയ ഇഷ്ടമായി. പിന്നെ ദേ, ഇവർക്കും..."

അമ്മ ഞങ്ങളെ ചൂണ്ടിക്കാണിച്ചു. ഞാനും പാർവണയും അവരെ നോക്കി വളരെ വിനയത്തോടെ ഒന്ന് പുഞ്ചിരിച്ചു.

"അതുകൊണ്ട് ഇനിയിപ്പൊ ബാക്കി കാര്യങ്ങൾ എന്തായാലും സംസാരിച്ച് ഉറപ്പിക്കാമെന്ന് വെച്ചാ ഞങ്ങൾ ഇങ്ങോട്ട് പോന്നത്,"

അമ്മ പറഞ്ഞു നിർത്തി.

അതുകേട്ടപ്പോൾ ശേഖരൻ ചേട്ടൻ വലിയൊരു ചിരിയോടെ മുന്നോട്ടാഞ്ഞിരുന്നു പറഞ്ഞു.

"അവൻ ഈ കാര്യം ആദ്യം ഞങ്ങളോടാ പറഞ്ഞത്... അന്ന് അവൻ പറഞ്ഞപ്പോത്തന്നെ ഞങ്ങൾക്ക് പൂർണ്ണ സമ്മതമായിരുന്നു. പിന്നെ, നിങ്ങൾ ഈ കാര്യം എങ്ങനെയാ എടുക്കുക എന്ന് അറിയാത്തതുകൊണ്ടാ ഞങ്ങൾ ഇതുവരെ അങ്ങോട്ട് വരാതിരുന്നത്.

ഇപ്പൊ നേരിട്ട് വന്നതുകൊണ്ട് ഞങ്ങളുടെ ആ പേടിയും മാറിയല്ലോ. ഇതിപ്പോ ഞങ്ങൾക്കും പൂർണ്ണസമ്മതമാ. എങ്കിൽ പിന്നെ കുട്ട്യോൾടെ കല്യാണം നമുക്ക് എത്രയും വേഗം അങ്ങ് നടത്താം. എന്താ രേവതീ..."

ശേഖരൻ അങ്കിൾ തന്റെ ഭാര്യയുടെ മുഖത്തേക്ക് നോക്കി. അവർ വലിയ സന്തോഷത്തോടെ തലയാട്ടി.

"അതെ ഭാമച്ചേച്ചീ... ഇതിലിനി എന്താ ആലോചിക്കാൻ ഇരിക്കുന്നത്?"

രേവതി ആന്റിയുടെ സ്വരത്തിൽ വല്ലാത്തൊരു ആവേശമുണ്ടായിരുന്നു.

"നമുക്ക് എന്തായാലും നല്ലൊരു ജ്യോത്സ്യനെ കണ്ട് ജാതകപ്പൊരുത്തം ഒന്ന് നോക്കാം. എല്ലാം അനുകൂലമാണെങ്കിൽ, അടുത്തൊരു ശുഭമുഹൂർത്തത്തിൽ തന്നെ നമുക്ക് ഈ കല്യാണം നടത്താം."

അതുകേട്ടപ്പോൾ അമ്മയുടെ മുഖത്ത് ആശ്വാസം വിടർന്നു. അതുവരെ മനസ്സിൽ കൊണ്ടുനടന്ന വലിയൊരു ഭാരം അവിടെ ഇറക്കിവെച്ചതുപോലെ. അമ്മ മെല്ലെ എന്റെയും പാർവണയുടെയും നേരെ തിരിഞ്ഞ് ചോദിച്ചു.

"എന്താ ആദീ... നിങ്ങളുടെ അഭിപ്രായം?"

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"എനിക്കെന്തായാലും സമ്മതമാ അമ്മേ... അതിനല്ലേ നമ്മൾ ഇത്രയും ദൂരം യാത്ര ചെയ്ത് ഇങ്ങോട്ട് വന്നത്."

പാർവണയും അത് ശരിവെച്ചുകൊണ്ട് തലകുലുക്കി. ആ വീടിന്റെ സ്വീകരണമുറിയിൽ പുതിയൊരു ബന്ധം പൂത്തുവിടരുന്നതിന്റെ എല്ലാ മനോഹാരിതയും ഉണ്ടായിരുന്നു. സ്വന്തം മകൾക്ക് ഏറ്റവും അനുയോജ്യമായൊരു വീടും കുടുംബവും തന്നെയാണ് ഇതെന്ന ഉറപ്പ് അമ്മയുടെ കണ്ണുകളിൽ തിളങ്ങുന്നുണ്ടായിരുന്നു.

അപ്പോഴേക്കും ഞങ്ങൾക്ക് കുടിക്കാനായി നല്ല തണുത്ത സംഭാരവുമായി രേവതി ആന്റി അകത്തുനിന്നും വന്നു. ഓരോ ഗ്ലാസ്സും ഞങ്ങൾക്ക് നേരെ നീട്ടുമ്പോൾ, ആ മുഖത്ത് ഒരു അമ്മായിയമ്മയുടെ യാതൊരു ഗൗരവവുമില്ലായിരുന്നു, പകരം മകളെപ്പോലെ സ്നേഹിക്കാൻ പോകുന്നൊരു പെൺകുട്ടിയുടെ കുടുംബത്തോടുള്ള വലിയൊരു വാത്സല്യമായിരുന്നു.

ആ തണുത്ത സംഭാരം കുടിക്കുമ്പോൾ, പത്തനംതിട്ടയുടെ ആ മലയോരഗ്രാമത്തിലെ ശാന്തതയോടൊപ്പം, പുതിയൊരു കുടുംബത്തിന്റെ ഊഷ്മളമായ സ്നേഹവും എന്റെ ഹൃദയത്തിലേക്ക് അരിച്ചിറങ്ങുന്നുണ്ടായിരുന്നു.

ആ തണുത്ത സംഭാരത്തിന്റെ കുളിർമയ്ക്കൊപ്പം ആ വലിയ സ്വീകരണമുറിയിൽ പിന്നീട് നടന്നത് രണ്ട് കുടുംബങ്ങൾ തമ്മിലുള്ള ഹൃദ്യമായ സംസാരങ്ങളായിരുന്നു. ഓരോരോ വിശേഷങ്ങൾ പങ്കുവെക്കുന്നതിനിടയിൽ കല്യാണത്തിന്റെ കാര്യങ്ങളും തീരുമാനിച്ചു.

ജ്യോത്സ്യനെ കണ്ട് മുഹൂർത്തം ശരിയാവുകയാണെങ്കിൽ അടുത്ത മാസം തന്നെ മംഗല്യം നടത്താമെന്ന് രേവതി ആന്റിയും ശേഖരൻ അങ്കിളും ഉറപ്പിച്ചു പറഞ്ഞു.

അതിനിടയിൽ അവിടെവെച്ചുതന്നെ ഞങ്ങൾ അരവിന്ദിനെ ഫോണിൽ വിളിച്ചു. സ്പീക്കറിലിട്ട ആ ഫോൺ കോളിലൂടെ കേട്ട അവന്റെ ശബ്ദത്തിൽ, ഒരുപാട് കാലമായി മനസ്സിൽ കൊണ്ടുനടന്ന ആഗ്രഹം സഫലമായതിന്റെ വല്ലാത്തൊരു സന്തോഷമുണ്ടായിരുന്നു.

താൻ ജീവനുതുല്യം സ്നേഹിക്കുന്ന പെണ്ണിന്റെ വീട്ടുകാർ സ്വന്തം അച്ഛനമ്മമാരോട് സംസാരിച്ച് കല്യാണം ഉറപ്പിച്ചു എന്നറിയുമ്പോഴുള്ള ഒരു കാമുകന്റെ ആഹ്ലാദമായിരുന്നു അത്. ആ ശബ്ദം കേട്ടപ്പോൾ അമ്മയുടെ മുഖത്തും സമാധാനം വിടർന്നു.

നേരം പതിയെ വൈകുന്നേരത്തോട് അടുത്തു തുടങ്ങിയിരുന്നു. ശേഖരൻ അങ്കിളിനോടും രേവതി ആന്റിയോടും ഒരു ദിവസം ഞങ്ങളുടെ വീട്ടിലേക്കും വരണമെന്ന് നിർബന്ധമായി പറഞ്ഞേൽപ്പിച്ചാണ് ഞങ്ങൾ അവിടെ നിന്നും ഇറങ്ങിയത്.

വന്നതിനേക്കാൾ വലിയൊരു സന്തോഷത്തോടെ, സ്വന്തം മകൾക്ക് ഏറ്റവും അനുയോജ്യമായൊരു വീടും കുടുംബവും കണ്ടെത്തിയതിന്റെ തികഞ്ഞ സംതൃപ്തിയോടെ അമ്മ കാറിന്റെ പിൻസീറ്റിലേക്ക് കയറി.

വലിയ ഇരുമ്പ് ഗേറ്റ് കടന്ന് കാർ റോഡിലേക്ക് ഇറങ്ങുമ്പോൾ, മുറ്റത്ത് നിറഞ്ഞ ചിരിയോടെ കൈവീശിക്കാണിക്കുന്ന ആ അച്ഛനെയും അമ്മയെയും എനിക്ക് കാറിന്റെ മിററിലൂടെ കാണാമായിരുന്നു.

മടക്കയാത്രയിൽ പത്തനംതിട്ടയുടെ ഗ്രാമവഴികളിൽ സന്ധ്യ മയങ്ങിത്തുടങ്ങിയിരുന്നു. പകലിന്റെ വെളിച്ചം പതിയെ ഇരുട്ടിന് വഴിമാറിയപ്പോൾ, കാറിലെ നേർത്ത പാട്ടുകൾക്കൊപ്പം പ്രകൃതിയും ഒരു മൗനത്തിലേക്ക് വീണു.

രാവിലെ മുതൽ തുടർച്ചയായി വണ്ടിയോടിച്ചതിന്റെ ക്ഷീണം എനിക്കുണ്ടായിരുന്നെങ്കിലും, മനസ്സിലെ ആഹ്ലാദം അതൊക്കെ മറികടക്കുന്നതായിരുന്നു. അമ്മയും പാർവണയും വല്ലാത്തൊരു സമാധാനത്തിൽ സീറ്റിലേക്ക് ചാരിക്കിടന്ന് മയങ്ങുന്നുണ്ടായിരുന്നു.

വരുന്ന വഴിക്ക് ഹൈവേയിലുള്ളൊരു ഹോട്ടലിൽ വണ്ടി നിർത്തി ഞങ്ങൾ രാത്രിഭക്ഷണം കഴിച്ചു.

വീട്ടിൽ എത്തുമ്പോൾ പാതിരാത്രി കഴിഞ്ഞിരുന്നു. യാത്രയുടെ വല്ലാത്തൊരു ക്ഷീണത്തിലായിരുന്നു എല്ലാവരും. പുറത്തുനിന്ന് ഭക്ഷണം കഴിച്ചതുകൊണ്ട് വേറെയൊന്നും ചെയ്യാൻ നിൽക്കാതെ ഞങ്ങൾ നേരെ ഉറങ്ങാനായി മുറികളിലേക്ക് പോയി.

തുടർച്ചയായുള്ള ഡ്രൈവിങ്ങിന്റെ സകല ക്ഷീണവും എന്റെ ശരീരത്തെ അപ്പോഴേക്കും വല്ലാതെ തളർത്തിയിരുന്നു. യാത്രയുടെ ആയാസം കൊണ്ട് എന്റെ പാർവണയും പകുതി മയക്കത്തിലായിരുന്നു.

വസ്ത്രം മാറി ലൈറ്റണച്ച് കട്ടിലിലേക്ക് വീണതും, ഒരു കൊച്ചുകുട്ടിയെപ്പോലെ അവൾ എന്റെ നെഞ്ചിലേക്ക് ചുരുണ്ടുകൂടി. എന്റെ ഇരുകൈകളും ആ നേർത്ത അരക്കെട്ടിലൂടെ ചുറ്റി അവളെ ഒന്നുകൂടി എന്നിലേക്ക് വലിച്ചടുപ്പിച്ചു.

ആ തണുത്ത രാത്രിയിലും എന്റെ നെഞ്ചിൽ പറ്റിചേർന്നുറങ്ങുന്ന അവളുടെ ശരീരത്തിന് വല്ലാത്തൊരു ചൂടുണ്ടായിരുന്നു. എന്റെ സകല ക്ഷീണങ്ങളെയും അലിയിച്ചുകളയുന്ന അവളുടെ ആ ചൂടിലേക്ക് മുഖമമർത്തി, എന്റെ പെണ്ണിന്റെ മുടിയിലെ നേർത്ത ഗന്ധവും ശ്വസിച്ച് വലിയൊരു സമാധാനത്തോടെ ഞാനും ഉറക്കത്തിലേക്ക് വീണു.

രാവിലത്തെ ഇളംവെയിൽ ജനാലയിലൂടെ മുഖത്ത് വന്ന് വീണപ്പോഴാണ് ഞാൻ ഉണർന്നത്. ഇന്നലത്തെ യാത്രയുടെ ക്ഷീണം കാരണം നല്ല ഉറക്കമായിരുന്നു. കണ്ണുതുറക്കുമ്പോൾ പാർവണ അടുത്തില്ലായിരുന്നു.

അവൾ നേരത്തെ എഴുന്നേറ്റ് കുളിയൊക്കെ കഴിഞ്ഞ് താഴെ പോയിട്ടുണ്ടാകണം. ഞാൻ പതുക്കെ എഴുന്നേറ്റ് ഫ്രഷ് ആയി താഴേക്ക് ചെന്നു.

ഹാളിലെ സോഫയിലിരുന്ന് പത്രം വായിക്കുകയായിരുന്നു അമ്മ. എന്നെ കണ്ടതും പത്രം മടക്കിവെച്ചുകൊണ്ട് അമ്മ ചോദിച്ചു.

"ആദീ... നമ്മൾ ഇന്നലെ അവിടെനിന്ന് ഇറങ്ങിയപ്പോൾ അരവിന്ദിന്റെ ജാതകം അവർ തന്നിരുന്നല്ലോ, അതെവിടെയാ?"

അപ്പോഴാണ് ഞാൻ ആ കാര്യം ഓർക്കുന്നത്.

"അമ്മേ, അത് ഞാൻ ഇന്നലെ കാറിൽ വെച്ച് പാർവണയുടെ കയ്യിലാ കൊടുത്തത്. ഞാൻ അവളോട് ചോദിക്കാം..."

അപ്പോഴേക്കും രണ്ട് കപ്പിൽ ചൂട് ചായയുമായി പാർവണ അടുക്കളയിൽ നിന്നും ഹാളിലേക്ക് വന്നു.

"ജാതകം എന്റെ കയ്യിലുണ്ടമ്മേ... ഇന്നലെ വന്ന പാടെ ഞാൻ അത് എന്റെ ബാഗില് ഭദ്രായിട്ട് വെച്ചിട്ട്ണ്ട്. ഞാൻ ഇപ്പൊത്തന്നെ എടുത്തു തരാം ട്ടോ,"

അവൾ ആ നാട്ടുഭാഷയുടെ കുസൃതിയോടെ ചായ ടീപ്പോയിയിലേക്ക് വെച്ചുകൊണ്ട് പറഞ്ഞു.

"എന്നാ നീ അത് ഇങ്ങോട്ട് എടുത്തുവെച്ചോ മോളെ. ഇന്ന് വൈകുന്നേരം ഞാൻ എന്തായാലും അമ്പലത്തിൽ പോകുന്നുണ്ട്. അപ്പൊ അരവിന്ദിന്റെയും അനഘയുടെയും ജാതകം തിരുമേനിയെ ഏൽപ്പിച്ച് പൊരുത്തം നോക്കിക്കാമല്ലോ. എല്ലാം ഒത്തുവരികയാണെങ്കിൽ പിന്നെ ഒട്ടും വൈകിക്കേണ്ടല്ലോ."

അമ്മയുടെ വാക്കുകളിൽ വലിയൊരു ആവേശമുണ്ടായിരുന്നു.

ചായ കുടിക്കുന്നതിനിടയിൽ ഞാൻ ഫോണെടുത്ത് അനഘ ചേച്ചിയെ വിളിച്ചു. ഒരു റിങ്ങിനുള്ളിൽ തന്നെ കോൾ അറ്റൻഡ് ചെയ്തു.

"ആദീ... എടാ, ഞാൻ നിങ്ങളുടെ കോൾ കാത്തിരിക്കുവാരുന്നു. രാത്രി വിളിച്ചപ്പോൾ നിങ്ങളെല്ലാവരും നല്ല ഉറക്കക്ഷീണത്തിലാണെന്ന് മനസ്സിലായി, അതാ ഞാൻ പിന്നെ വിളിക്കാതെ ഇരുന്നത്. പറയെടാ... എന്തായി കാര്യങ്ങൾ? അവർക്കെന്തെങ്കിലും എതിർപ്പുണ്ടോ?"

ചേച്ചിയുടെ ആ വാക്കുകളിൽ ഒരു രാത്രി മുഴുവൻ ഉറങ്ങാതെ കാത്തിരുന്നതിന്റെ സകല വെപ്രാളവുമുണ്ടായിരുന്നു.

ഞാൻ ചിരിച്ചുകൊണ്ട് ഫോൺ സ്പീക്കറിലിട്ടു. എന്നിട്ട് വളരെ ശാന്തമായി പറഞ്ഞു.

"ഒന്നടങ്ങ് എന്റെ പൊന്നു ചേച്ചീ... നീ വിചാരിക്കുന്ന പോലെ ഒരു പ്രശ്നവുമില്ല അവിടെ.. ശേഖരൻ അങ്കിളിനും രേവതി ആന്റിക്കും ഈ കല്യാണത്തിന് പൂർണ്ണസമ്മതമാ.

എത്രയും പെട്ടെന്ന് കാര്യങ്ങൾ നടത്താമെന്നാ അവര് പറയുന്നേ..."

അതുകേട്ടതും മറുതലക്കൽ വലിയൊരു നിശബ്ദതയായിരുന്നു. പിന്നെ ഒരു വലിയ നെടുവീർപ്പോടെയുള്ള ചെറിയൊരു തേങ്ങൽ എനിക്ക് കേൾക്കാമായിരുന്നു. ഒരുപാട് നാളുകളായി മനസ്സിലടക്കിവെച്ച വലിയൊരു ഭാരം ഒറ്റയടിക്ക് അലിഞ്ഞില്ലാതാകുന്നതിന്റെ സമാധാനമായിരുന്നു ആ കണ്ണീരിൽ.

അമ്മ പെട്ടെന്ന് ഫോൺ എന്റെ കയ്യിൽ നിന്നും വാങ്ങി.

"അനഘേ..."

അമ്മയുടെ സ്വരത്തിൽ വലിയൊരു വാത്സല്യമുണ്ടായിരുന്നു.

"എനിക്ക് മനസിലായി മോളെ. അവര് നല്ല സ്നേഹമുള്ള ആൾക്കാരാ. നിന്റെ തിരഞ്ഞെടുപ്പ് ഒരിക്കലും തെറ്റിയിട്ടില്ല. ഇനിയെന്തായാലും നീ ഓഫീസിൽ പറഞ്ഞ് വേഗം ലീവ് എടുത്ത് ഇങ്ങോട്ട് വരാൻ നോക്ക്.

ഇന്ന് വൈകുന്നേരം ഞാൻ ജാതകം കൂടി നോക്കാൻ കൊടുക്കുന്നുണ്ട്."

"ചേച്ചീ..."

പാർവണയും ഫോണിനടുത്തേക്ക് വന്ന് വലിയ ആവേശത്തോടെ വിളിച്ചു.

"ചേച്ചി വൈകണ്ട വേഗം ലീവും വാങ്ങിച്ച് ഇങ്ങ്ട് പോരെ. രേവതി ആന്റിക്ക് ചേച്ചീനെ കാണണം ന്ന് പ്രത്യേകം പറഞ്ഞിട്ട്ണ്ട് ട്ടോ. എന്റെ നാത്തൂന്റെ സെലക്ഷൻ എന്തായാലും ഉഷാറായിട്ട്ണ്ട്..."

മറുതലക്കൽ ചേച്ചി ആശ്വാസം കൊണ്ട് പൊട്ടിക്കരയുകയായിരുന്നു.

"എനിക്ക്... എനിക്കെന്താ പറയേണ്ടതെന്ന് അറിയില്ല... നിങ്ങളൊക്കെ എന്റെ കൂടെ നിന്നില്ലായിരുന്നെങ്കിൽ..."

ചേച്ചിക്ക് സങ്കടം കൊണ്ട് വാക്കുകൾ കിട്ടുന്നുണ്ടായിരുന്നില്ല.

"നീയിപ്പൊ വെറുതെ സെന്റി അടിക്കാതെ പോയി ഡ്യൂട്ടിക്ക് കയറാൻ നോക്ക്. എന്നിട്ട് വേഗം ലീവും വാങ്ങി നാട്ടിലേക്ക് വരാനുള്ള പരിപാടി നോക്ക്,"

ഞാൻ ചിരിച്ചുകൊണ്ട് ആ സങ്കടം മാറ്റാനായി പറഞ്ഞു.

വലിയൊരു ആശ്വാസത്തോടെയും പറഞ്ഞറിയിക്കാൻ കഴിയാത്തത്ര സന്തോഷത്തോടെയും ചേച്ചി ഫോൺ വെക്കുമ്പോൾ, ആ വീടിന്റെ ഉമ്മറത്ത് പുതിയൊരു കല്യാണത്തിന്റെ ഒരുക്കങ്ങൾ പതിയെ തുടങ്ങി കഴിഞ്ഞിരുന്നു...

പതിവുപോലെ ഓഫീസിലെ അന്നത്തെ തിരക്കുകളൊക്കെ കഴിഞ്ഞ് വൈകുന്നേരം ഞാൻ വീട്ടിലെത്തുമ്പോൾ ഹാളിൽ ആരെയും കണ്ടില്ല. അമ്മയെ അന്വേഷിച്ച് നോക്കിയപ്പോൾ അമ്പലത്തിൽ പോയതാണെന്ന് മനസ്സിലായി.

ബാത്റൂമിൽ നിന്ന് വെള്ളം വീഴുന്ന ശബ്ദം കേട്ടപ്പോൾ പാർവണ കുളിക്കുകയാണെന്ന് ഉറപ്പായി. വല്ലാത്തൊരു ക്ഷീണമുണ്ടായിരുന്നതുകൊണ്ട് ഡ്രസ്സ് പോലും മാറാൻ നിൽക്കാതെ ഞാൻ നേരെ പോയി ഹാളിലെ സോഫയിലേക്ക് തന്നെ ഇരുന്നു.

കുറച്ചുകഴിഞ്ഞതും ഗേറ്റ് തുറക്കുന്ന ശബ്ദം കേട്ട് നോക്കുമ്പോൾ, അമ്പലത്തിൽ പോയിട്ട് തിരികെ വരികയായിരുന്നു അമ്മ. അമ്മയുടെ മുഖത്ത് വലിയൊരു സന്തോഷവും സമാധാനവും ഉണ്ടായിരുന്നു.

എന്നെ കണ്ടപാടെ കയ്യിലിരുന്ന കവർ മേശപ്പുറത്തേക്ക് വെച്ചുകൊണ്ട് അമ്മ ആവേശത്തോടെ പറഞ്ഞുതുടങ്ങി.

"എടാ ആദീ... ഞാൻ തിരുമേനിയെ കണ്ട് ജാതകം നോക്കിച്ചു..."

"എന്നിട്ട് തിരുമേനി എന്താ അമ്മേ പറഞ്ഞത്?"

ഞാൻ ആകാംക്ഷയോടെ ചോദിച്ചു.

"എല്ലാം ഭഗവാന്റെ അനുഗ്രഹം പോലെ തന്നെ നടന്നു മോനെ. പത്തിൽ പത്ത് പൊരുത്തമാ നമ്മുടെ അനഘമോളും അരവിന്ദും തമ്മിൽ. തിരുമേനി ജാതകം നോക്കിയിട്ട് പറഞ്ഞത്, ഇത്രയും നല്ലൊരു പൊരുത്തം ഈയടുത്തെങ്ങും അദ്ദേഹം കണ്ടിട്ടില്ലെന്നാ.

രണ്ടാളും ഒന്നിച്ചുചേർന്നാൽ വലിയ ഐശ്വര്യമാണെന്നും, ദീർഘമാംഗല്യം ഉണ്ടെന്നും കേട്ടപ്പോൾ ഈ അമ്മയുടെ സകല ആധിയും തീർന്നെടാ."

ഒരുപാട് കാലത്തെ പ്രാർത്ഥന ഫലിച്ചതിന്റെ സകല സന്തോഷവും അമ്മയുടെ വാക്കുകളിൽ ഉണ്ടായിരുന്നു.

അമ്മ ഇത്രയും പറഞ്ഞുനിർത്തിയതും, മുകളിൽ നിന്നും കോണിപ്പടികൾ ഇറങ്ങി വരുന്ന പാർവണയെ ആണ് ഞാൻ കണ്ടത്. കുളി കഴിഞ്ഞ് ഈറൻ മാറാത്ത ശരീരത്തോടെ അവൾ പടവുകൾ ഇറങ്ങി വരികയായിരുന്നു.

ഇളം മെറൂൺ നിറത്തിലുള്ള നേർത്തൊരു കോട്ടൺ കുർത്തയായിരുന്നു അവളുടെ വേഷം. നനഞ്ഞ മുടിയിഴകൾ ഒരു ടവ്വൽകൊണ്ട് പിന്നിലേക്ക് കെട്ടിവെച്ചിരുന്നു. കുളികഴിഞ്ഞിറങ്ങിയ അവളുടെ ആ മുഖത്ത് സന്ധ്യാസമയത്തെ വെളിച്ചത്തിൽ വല്ലാത്തൊരു തിളക്കമുണ്ടായിരുന്നു.

ആ കുർത്തി അവളുടെ ശരീരത്തോട് ഒട്ടിനിൽക്കുന്നതുകൊണ്ട്, ആ മുലകളുടെ വടിവുകൾ കൂടുതൽ വ്യക്തമായി എനിക്ക് കാണാമായിരുന്നു. വെള്ളത്തുള്ളികൾ വീണ് നനഞ്ഞ കഴുത്തും, കുർത്തയുടെ കഴുത്തിന്റെ വിടവിലൂടെ ചെറുതായി കാണുന്ന അവളുടെ വെളുത്ത മാറിടത്തിന്റെ വശ്യതയും അൽപ്പനേരത്തേക്ക് എന്റെ കണ്ണുകളെ അവിടെത്തന്നെ തറപ്പിച്ചു നിർത്തി.

നനഞ്ഞൊട്ടിയ ആ വസ്ത്രത്തിനുള്ളിൽ അവളുടെ ശരീരത്തിന്റെ ഓരോ ചലനവും വല്ലാത്തൊരു ഭംഗിയോടെ ഞാൻ നോക്കിയിരുന്നുപോയി.

ടവ്വൽകൊണ്ട് മുടിയൊന്ന് തുവർത്തി, എന്റെ നോട്ടം കണ്ട് ചെറിയൊരു കള്ളച്ചിരിയോടെ അവൾ ഞങ്ങളുടെ അടുത്തേക്ക് വന്നു.

"എന്താ അമ്മേം മോനും കൂടീറ്റ് വല്ല്യൊരു ചർച്ച? ജാതകം നോക്കീട്ട് തിരുമേനി എന്താ പറഞ്ഞേ?"

അവൾ ആകാംക്ഷയോടെ അമ്മയോട് ചോദിച്ചു.

"നമ്മൾ വിചാരിച്ചതിനേക്കാൾ ഗംഭീരമാ മോളെ കാര്യങ്ങൾ. പത്തിൽ പത്ത് പൊരുത്തമാ അവർക്ക്. ഇനിയിപ്പൊ ഒരു തടസ്സവുമില്ല..."

അമ്മ വലിയ ആവേശത്തോടെ അവളോടും കാര്യങ്ങൾ പറഞ്ഞു.

"ഹാവൂ... സമാധാനായി..."

അവൾ വലിയൊരു സന്തോഷത്തോടെ എന്റെ അടുത്തേക്ക് വന്നിരുന്നു.

പെട്ടെന്ന് എന്നിൽ നിന്നും വരുന്ന വിയർപ്പിന്റെ ഗന്ധം അറിഞ്ഞിട്ടാകണം അവൾ കുസൃതിയോടെ മുഖം ചുളിച്ചുകൊണ്ട് എന്നോട് പറഞ്ഞു.

"ആദീ... ചെന്ന് വേഗം കുളിച്ച് ഫ്രഷ് ആയിട്ട് വാ. നല്ല വിയർപ്പ് നാറ്റംണ്ട്. എന്നിട്ട് വേണം നമുക്ക് ചേച്ചീനെ വിളിച്ച് ഈ സന്തോഷം പറയാൻ."

